# ആരാധനയും സമൂഹരൂപീകരണവും:
## പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്
മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**സുചിത്ര ടി.പി**

**മലയാളഗവേഷണവിഭാഗം**
**മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്**

**2023**

**ഡോ. ബിജു ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളഗവേഷണവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട് - 673 001

## സാക്ഷ്യപത്രം

**സുചിത്ര ടി.പി.** കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാള ഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **ആരാധനയും സമൂഹരൂപീകരണവും: പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം** എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും തയ്യാറാക്കിയതാണെന്നും ഇത് മറ്റൊന്നിന്റെ പകർപ്പോ അനുകരണമോ അല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സമർപ്പിക്കുന്ന സി.ഡി. മുമ്പേ സമർപ്പിച്ച പിഎച്ച്.ഡി. തീസിസിന്റെ പകർപ്പാണെന്നും അതിൽ പരിശോധകർ നിർദ്ദേശിച്ചിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

MALABAR CHRISTIAN COLLEGE CALICUT 1

കോഴിക്കോട്

തിയ്യതി:

ഡോ. ബിജു ജോസഫ്
Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

# സത്യപ്രസ്താവന

സുചിത്ര ടി.പി. എന്ന ഞാൻ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **ആരാധനയും സമൂഹരൂപീകരണവും: പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം** എന്ന പ്രബന്ധം ഡോ. ബിജു ജോസഫിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയതാണെന്നും ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ, ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്

തിയ്യതി: 30.06.2023.

**സുചിത്ര ടി.പി.**

# കൃതജ്ഞത

എനിക്ക് ഗവേഷണത്തിനുള്ള അവസരമൊരുക്കി മികച്ചരീതിയിൽ മാർഗ്ഗനിർദ്ദേശം തന്ന ബിജു ജോസഫ് സാറിനോടുള്ള കൃതജ്ഞത ആദ്യമേ രേഖപ്പെടുത്തട്ടെ. അതോടൊപ്പംതന്നെ ഈ ഗവേഷണത്തിന്റെ ഭാഗമായി എനിക്ക് നിർദ്ദേശങ്ങൾ തന്ന ഡോ. കെ.എം. അനിൽ സാറിനോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാൻ കഴിയില്ല. കൂടാതെ മലബാർ ക്രിസ്ത്യൻ കോളേജിലെ അധ്യാപകരേയും എന്റെ ഗവേഷണകാലയളവിൽ മലയാളവിഭാഗം അധ്യാപകനായിരിക്കുകയും അകാലത്തിൽ നമ്മെ വിട്ടുപിരിയുകയും ചെയ്ത ശ്രീജിത്ത് സാറിനേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ ഗവേഷണത്തിന്റെ ഫലപ്രാപ്തിക്ക് നിർദ്ദേശങ്ങൾ തന്നുസഹായിച്ച ഡോ. അനിൽ വള്ളത്തോൾ, ഡോ. രമിളാദേവി, ഡോ. സുരേഷ് പുത്തൻപറമ്പിൽ എന്നിവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി.

ഗവേഷണത്തിന്റെ നീണ്ട കാലയളവിൽ കൂടെ നിന്ന പ്രിയേട്ടനും, ടുട്ടുവിനും അച്ഛനും അമ്മയ്ക്കും എന്റെ കൂട്ടുകാർക്കും, പ്രത്യേകിച്ച് ലേഖക്കും, നാട്ടുകാർക്കും ഉള്ള നന്ദി വാക്കുകളിൽ ഒതുക്കുക വയ്യ. പ്രബന്ധം ഭംഗിയായി പ്രിന്റ് ചെയ്ത് ഒരുക്കിത്തന്ന ബിനാഫോട്ടോസ്റ്റാറ്റിലെ ബാലുവേട്ടനും, പരിമളേച്ചിക്കും, വിനേഷിനും, സുരഭിക്കും അകൈതവമായ നന്ദി. പ്രത്യേകിച്ച് ഫോക്‌ലോർ ലൈബ്രറിയിലെ ദുർഗ്ഗയോടും ക്രിസ്ത്യൻ കോളേജിലെ വിദ്യയോടും അതുപോലെ പുസ്തകങ്ങൾ തന്നു സഹായിച്ച എല്ലാ ലൈബ്രറി ജീവനക്കാരോടും ഉള്ള നന്ദി അറിയിക്കുന്നു.

**സുചിത്ര ടി.പി.**

# ആരാധനയും സമൂഹരൂപീകരണവും: പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം

**ഡോ. ബിജു ജോസഫ്** **സുചിത്ര ടി. പി**

സാമൂഹ്യഘടനയുടെ എല്ലാ തലത്തിലും ജാതിയുടെ പുനരുല്പ്പാദനം സംഭവിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്ന ഒരു പഠനമാണിത്.അമ്മ ദൈവസങ്കല്പവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്ന കടലുണ്ടി പേടിയാട്ട്കാവ് വാവുത്സവവും അതുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളും ചരിത്രപരമായി ഇവിടെ രേഖപ്പെടുത്തുന്നു. ഈ പ്രബന്ധത്തിൽ പ്രാചീന കേരളത്തിൽ നിലനിന്ന അമ്മദൈവസങ്കല്പത്തിന്റെ സവിശേഷതകൾ അന്വേഷിക്കുന്നു.തുടർന്ന് പേടിയാട്ട്കാവ് ഉത്സവവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കിടയിൽ കണ്ടുവരുന്ന മേൽ ജാതി - കീഴ് ജാതി ബന്ധങ്ങളും സാമൂഹ്യ- സാംസ്കാരിക പരിസരങ്ങളും ഈ പഠനത്തിന്റെ ഭാഗമാകുന്നുണ്ട്. ഈ പ്രബന്ധം ആമുഖത്തിനു പുറമെ നാല് അധ്യായങ്ങളായി തിരിക്കുന്നു. കാളീസങ്കല്പം കേരളീയ സംസ്കാരത്തിൽ എന്ന ഒന്നാം അധ്യായത്തിൽ കാളിയെയും ആരാധനയേയും കേരളീയ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നു. 'കടലുണ്ടി ജനതയും സംസ്കാരവും' എന്ന രണ്ടാം അധ്യായത്തിൽ മണ്ണൂർദേശത്തെ ഭൂപ്രകൃതിയും അതുമായി ബന്ധപ്പെട്ട സാംസ്കാരിക വൈവിധ്യങ്ങളും പഠനവിധേയമാക്കുന്നു. 'പേടിയാട്ട് ഭഗവതി: പുരാവൃത്തം, അനുഷ്ഠാനം, ഉത്സവം' എന്ന മൂന്നാം അധ്യായത്തിൽ കടലുണ്ടി ഗ്രാമത്തിലെ പ്രധാന ഉത്സവമായ വാവുത്സവത്തിന്റെ സവിശേഷതകളാണ് വിശദീകരിക്കുന്നത്. 'ഉത്സവത്തിന്റെ സാമൂഹ്യധർമ്മം 'എന്ന നാലാം അധ്യായത്തിൽ കടലുണ്ടി വാവുത്സവം രൂപപ്പെടുത്തിയ സാംസ്കാരിക പരിസരം അന്വേഷിക്കുകയാണ്. കടലുണ്ടിയുടെ സാമൂഹിക ചട്ടക്കൂടിനകത്ത് ജാതി വിഭാഗീയതയെ ഊട്ടിയുറപ്പിക്കുന്നതാണെന്ന് പ്രസ്തുത ആചാരാനുഷ്ഠാനങ്ങളുടെ സൂക്ഷ്മപഠനത്തിൽ നിന്നും വ്യക്തമാകുന്നു.

**കണ്ടെത്തലുകളും നിഗമനങ്ങളും**

- ആരാധനകളെയും ചടങ്ങുകളെയും ഒരു പ്രതീക വ്യവസ്ഥയായി മനസ്സിലാക്കുകയും അതിലൂടെ അതിന്റെ രാഷ്ട്രീയ- സാമൂഹ്യ സൂചനകൾ എന്തെന്ന് കണ്ടെത്തുകയും ചെയ്യുന്നുണ്ട്.തൊഴിൽ വിഭജനവും അതിലൂടെ സ്വാഭാവികമായി സംഭവിച്ച ജാതി വിവേചനവും സാമൂഹിക- സാംസ്കാരിക ഘടനയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

- പേടിയാട്ട്കാവ് ഉത്സവത്തിന്റെ ചടങ്ങുകൾ പഠനവിധേയമാക്കുമ്പോൾ അവ ജാതി ചിന്തയെ പുന:സ്ഥാപിക്കുകയും തുടരുകയും ചെയ്യുന്നുവെന്ന് കണ്ടെത്താനാവും. ഉത്സവച്ചടങ്ങുകളിൽ കണ്ടെത്തുന്ന മധ്യമം, ഉത്തമം എന്ന വേർതിരിവുതന്നെ ജാതിബോധത്തിലെ അസ്പൃശ്യതയെ സൂചിപ്പിക്കുന്നു. പേടിയാട്ട്കാവുമായി ബന്ധപ്പെട്ട് ജാതവൻകോട്ടയിൽ അരങ്ങേറുന്ന അനുഷ്ഠാനകലാരൂപമായ ഐവർകളിയിൽ വൈദേശിക മതത്തിന്റേതായ വിശ്വാസ സങ്കല്പങ്ങളാണുള്ളത്. ഇവിടെ അനുവർത്തിച്ചു പോരുന്ന വിവിധ ആചാരാനുഷ്ഠാനങ്ങളിൽ

MALABAR CHRISTIAN COLLEGE CALICUT-1

Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

ജാതി വ്യവസ്ഥ നിലനിൽക്കുന്നു. ഉത്സവാനന്തരം നടക്കുന്ന പുണ്യാഹകർമ്മത്തിലൂടെ ചാതുർ വർണ്യം മുന്നോട്ടുവെച്ചിട്ടുള്ള ജാതിബന്ധങ്ങളിലെ ശുദ്ധാശുദ്ധസങ്കല്പത്തെ സ്ഥായിയായി നിലനിർത്തുന്നു.

- അയിത്താചാരവുമായി ബന്ധപ്പെട്ടുള്ള ഭ്രഷ്ട് വർഷാവർഷം നടക്കുന്ന ഉത്സവത്തിൽ പേടിയാട്ട് ഭഗവതിയുടെ മകനായ ജാതവനിലൂടെ പുനരാവിഷ്കരിക്കുന്നുണ്ട്.

- കാരകളിക്കുവാൻ കളിക്കാരുടെ ഇടയിലേക്ക് ജാതവൻ ഓടിക്കയറുന്നതിൽ നിന്ന് സഹനത്തിന്റെയും ജാതിക്കോയ്മയുടെയും വിലങ്ങ് പൊട്ടിച്ചെറിയുവാനുള്ള ശ്രമമാണ് കാണുന്നത്.

- കള്ള് നിഷിദ്ധമാക്കുന്നതിലൂടെ അമ്മയും മകനും തമ്മിലുള്ള അനുസരണക്കേടിന്റെ പ്രശ്നം മാത്രമല്ല ജാതീയമായ അരികുവല്ക്കരണംകൂടി ഇതിൽ ഒളിഞ്ഞിരിക്കുന്നു. ജാതീയമായി മേലാളനും കീഴാളനും തമ്മിലുള്ള തൊട്ടുകൂടായ്മയെയും തീണ്ടിക്കൂടായ്മയെയും ഇതിലൂടെ മുന്നോട്ടുവെയ്ക്കുന്നു.

- സഹവർത്തിത്വത്തിന്റെ ഭാഗമായി നിൽക്കുന്ന വിവിധ മതവിഭാഗങ്ങൾക്കിടയിൽപ്പോലും അസ്പൃശ്യതയുടെ മനോഭാവം പ്രതിഫലിക്കുന്നതായി കാണാം.

- ബ്രാഹ്മണനായ ജാതവനെ മേൽജാതിഭവനങ്ങളിൽ പ്രവേശിപ്പിക്കാതിരിക്കുന്നത് ഉത്സവങ്ങളിലൂടെ അയിത്തസങ്കല്പത്തെ പുനരുല്പാദിപ്പിക്കുന്നതായി മനസ്സിലാക്കാം.

- പേടിയാട്ട്കാവിലെ അനുഷ്ഠാനങ്ങളിലെല്ലാം അയിത്താചാരം നിലവിലുണ്ടെങ്കിലും വിവിധ ജാതിമതബന്ധങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സംസ്കാര രൂപീകരണം പേടിയാട്ട്കാവിലെ അമ്മദൈവസങ്കല്പപരിസരത്ത് സാധ്യമാക്കിത്തീർക്കാൻ കഴിഞ്ഞിട്ടുണ്ട്.

- ആരാധനയും സമൂഹരൂപീകരണവും: പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം എന്ന ഗവേഷണത്തിലൂടെ കേരളത്തിലെ അമ്മദൈവസങ്കല്പങ്ങളെയും അവയുടെ കാർഷിക ബന്ധങ്ങളെയും ഉത്തമ-മധ്യമ പിരിച്ചെഴുത്തിലൂടെ സാധ്യമാക്കിത്തീർക്കുന്ന ജാതിബോധത്തെയും മനസ്സിലാക്കാൻ സാധിച്ചു. ഒപ്പം സ്ത്രീയിൽ ദൈവത്തെ ആരോപിച്ചുകൊണ്ട് മഹത്വവല്ക്കരിക്കുകയും എന്നാൽ അസ്പൃശ്യത കല്പിച്ച് സ്ത്രീശാക്തീകരണ സാധ്യതയെ റദ്ദുചെയ്യുന്നതെങ്ങനെയെന്ന് സവിശേഷമായി കണ്ടെത്തുവാനും സാധിച്ചിട്ടുണ്ട്.

MALABAR CHRISTIAN COLLEGE CALICUT-1

Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

# Worship and Community Formation: A Case Study of the Pediyattu Bhagavathi Temple

**Dr. Biju Joseph** **Suchithra T. P**

It is the study about how the reproduction of caste takes place at all levels of the social structure. The Kadalundi Pediyattukavu Vavutsavam, which is associated with the concept of Mother Goddess, and its related rituals are historically documented here.

This thesis explores the characteristics of the Mother Goddess concept that prevailed in ancient Kerala. Then the upper caste-lower caste relations and socio-cultural environments found during the ceremonies related to Pediyattukavu festival are the parts of this study. Apart from the introduction, this thesis is divided into four chapters. The first chapter on Kali Sankalpam in Kerala Culture explains Kali and worship in the Kerala context. In the second chapter, The culture of the people of 'Kadalundi , the topography of “Mannurdesam” and the cultural diversity associated with it are considered. The third chapter deals with the features of vavutsavam, the main festival of Kadalundi Village. 'Pediyat Bhagavathy in connection with its Mythology, Rituals and Festival'. The fourth chapter, 'The Social Role of the Festival', explores the cultural milieu that has shaped the Kadalundi Vavutsavam. It is clear from a close study of the so called rituals that caste discrimination is reinforced within the social framework of Kadalundi.

## FINDINGS AND CONCLUSIONS

Worships and rituals are understood as a symbolic system and through that, what are its political and social implications. The division of labor and the caste discrimination that occurred through it have significantly affected the socio-cultural structure.

- A study of the rituals of Pediyattukavu festival reveals that they re-enact and perpetuate caste thinking.
- The distinction between the medium and the ideal found in festival ceremonies indicates the ambiguity of caste consciousness. Aivarkali, a ritual art form staged in the Jathavan Fort in connection with Pediyattukavu, has religious concepts belonging to foreign religions.
- The caste system exists in various rituals are practiced here. Through the post-festival Punyaha Karma, Chatur Varnyam perpetuates the pure concept of caste relations.

MALABAR CHRISTIAN COLLEGE CALICUT-1

Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

- The concept Brasht, connected with the custom of untouchability is re-enacted through Jathavan, the son of Pediyattu Bhagavathi.
- A great concept of tolerance can be revealed when Jathavan gets into the group of players for playing ‘Karakali’. More over here he tries to break the shackles of caste system prevailed in the society. By banning toddy, not only the disobedience between mother and son, but also the marginalisation as per the casteism can be realised.
- A social evil of untouchability between low caste and upper caste people is intensified through this. It is reflected even among different religious groups who are the parts of coexistence. The festival reproduces this concept, depicting Jathavan, a Brahmin when he is not permitted to get into the houses of upper caste people. A cultural formation by coordinating various caste and religious people has been made possible in the Mother Goddess concept of Pediyattukavu.

Worship and community formation: As a part of this research based on the study about Pediyattu Bhagavathi temple, the concept of Mother Goddess in Kerala and it's agricultural relationship, how the caste consciousness amongst the people made possible by dividing them into upper and lower classes and even if women are glorified by imputing God to them, by asserting untouchability, how much is the empowerment of women hindered by the society have been explored.

MALABAR CHRISTIAN COLLEGE
CALICUT 1

Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് നം. |
| **ഉപോദ്ഘാതം** | | **1 - 8** |
| **അധ്യായം 1** | **കാളീസങ്കല്പം കേരളീയ സംസ്കാരത്തിൽ** | **9 - 66** |
| 1.0 | ആമുഖം | |
| 1.1 | അമ്മ ദൈവസങ്കല്പം | |
| 1.2 | കാളീസങ്കല്പം | |
| 1.2.1. | കാളീപുരാവൃത്തം | |
| 1.2.1.1 | പാഠഭേദം ഒന്ന് | |
| 1.2.1.2 | പാഠഭേദം രണ്ട് | |
| 1.2.1.3 | പാഠഭേദം മൂന്ന് | |
| 1.2.1.4 | പാഠഭേദം നാല് | |
| 1.2.1.5 | പാഠഭേദം അഞ്ച് | |
| 1.2.1.6 | പാഠഭേദം ആറ് | |
| 1.2.1.7 | പാഠഭേദം ഏഴ് | |
| 1.2.1.8 | പാഠഭേദം എട്ട് | |
| 1.2.1.9 | പാഠഭേദം ഒൻപത് | |
| 1.2.1.10 | പാഠഭേദം പത്ത് | |
| 1.2.1.11 | പാഠഭേദം പതിനൊന്ന് | |
| 1.2.1.12 | പാഠഭേദം പന്ത്രണ്ട് | |
| 1.2.2 | പാഠഭേദങ്ങളുടെ സാംഗത്യം | |
| 1.3. | കാളി ആരാധനാലയങ്ങൾ - കേരളത്തിൽ | |
| 1.3.1 | ആറ്റുകാൽ ദേവീക്ഷേത്രം | |
| 1.3.2 | അണിയൂർ ദുർഗ്ഗാക്ഷേത്രം | |
| 1.3.3 | ചെട്ടിക്കുളങ്ങര ഭഗവതിക്ഷേത്രം | |
| 1.3.4 | മലയാലപ്പുഴ ദേവീക്ഷേത്രം | |
| 1.3.5 | ആലംതിരുത്തി ദുർഗ്ഗാക്ഷേത്രം | |
| 1.3.6 | ചക്കുളത്തുകാവ് | |
| 1.3.7 | ആനിക്കാട് ഭഗവതിക്ഷേത്രം | |
| 1.3.8 | കാർത്യായനി ക്ഷേത്രം | |
| 1.3.9 | അഴകിയകാവ് ദേവീക്ഷേത്രം | |
| 1.3.10 | ചോറ്റാനിക്കര ഭഗവതിക്ഷേത്രം | |
| 1.3.11 | എട്ടുകാട്ടുകളരിക്കൽ ഭഗവതിക്ഷേത്രം | |

1.3.12 പാതിരാക്കാട്ടുകാവ് ഭഗവതിക്ഷേത്രം
1.3.13 ഇരിങ്ങോൾകാവ് ദേവീക്ഷേത്രം
1.3.14 മൂകാംബികക്ഷേത്രം (ദക്ഷിണ മൂകാംബിക ക്ഷേത്രം)
1.3.15 കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം
1.3.16 മൂക്കുതലക്കാവ് ഭഗവതിക്ഷേത്രം
1.3.17 കാടാമ്പുഴ ഭഗവതിക്ഷേത്രം
1.3.18 തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രം
1.3.19 അരക്കുറുശ്ശി ഉദയാർകുന്ന് ഭഗവതിക്ഷേത്രം
1.3.20 ലോകനാർകാവ്
1.3.21 അടുക്കത്തു ഭഗവതിക്ഷേത്രം
1.4 അനുഷ്ഠാനങ്ങൾ
1.4.1 പടയണി
1.4.2 മുടിയേറ്റ്
1.4.3 പറണേറ്റ്
1.4.4. പാന
1.4.4.1 പാനത്തോറ്റം
1.4.5 തെയ്യം
1.4.6 തിറ
1.4.6.1 തിറയാട്ടം
1.5 മുക്കുവസമുദായം കേരളത്തിൽ
1.5.1 അരയരുടെ കാളി
1.5.2 ചീരുംബപുരാവൃത്തം
1.5.3 കണ്ണകി എന്ന ദേവീസങ്കല്പം
**അധ്യായം 2 കടലുണ്ടി: ജനതയും സംസ്കാരവും** **67 – 115**
2.0 ആമുഖം
2.1 കടലുണ്ടിയുടെ ചരിത്രം
2.2 ഭൂപ്രകൃതിയും കാലാവസ്ഥയും
2.2.1 പാടശേഖരം
2.2.2 തീരപ്രദേശം
2.2.3 ജലാശയങ്ങൾ
2.2.4 വനങ്ങൾ
2.3 തൊഴിൽ മേഖല
2.3.1 കൃഷി
2.3.2 കയർ പിരിക്കൽ

2.3.3 മറ്റ് തൊഴിലുകൾ

2.4 കടലുണ്ടിയുടെ സാമൂഹ്യഘടന

2.5 ജാതിവ്യവസ്ഥയുടെ ചരിത്രം

2.6 മതം

2.7 സംസ്കാരം

2.7.1 ആചാരാനുഷ്ഠാനങ്ങൾ

2.7.2 പാർപ്പിടം

2.7.3 ഭക്ഷണം

2.7.4 ഭാഷ

2.7.5 വസ്ത്രം

2.8 നൂതന പ്രവണതകൾ

2.8.1 വിദ്യാഭ്യാസം

2.8.2 ലൈബ്രറി (ക്ലബ്ബുകൾ)

2.8.3 ടൂറിസം

2.9 ഭരണചരിത്രം

2.9.1 പ്രസ്ഥാനങ്ങൾ

2.9.1.1. സ്വാതന്ത്ര്യസമരം

2.9.1.2 ജാതിവിരുദ്ധ പ്രസ്ഥാനം

2.9.1.3 കർഷകസംഘം

2.10 സ്മാരകങ്ങൾ

2.10.1 ബ്രിട്ടീഷ് ബംഗ്ലാവ്

2.10.2 ചാലിയം യാറം

2.10.3 ബോൺമിൽ (എല്ല് പൊടിക്കുന്ന കമ്പനി)

2.10.4 പുഴക്കരപ്പള്ളി

2.10.5 പെരിങ്ങോട്ട് കുന്നിലെ ബുദ്ധവിഹാർ

2.10.6 ഖാസിഭവൻ (ഖാസിയാരകം)

2.10.7 ചാലിയം മുല്ലമേൽ കോട്ട

2.10.8 സസ്യസർവസ്വം ഹോർത്തുസ് മലബാറിക്കൂസ്

2.10.9 ആദ്യത്തെ റെയിൽവേ സ്റ്റേഷൻ

2.10.9.1 തീവണ്ടി അപകടം

2.10.10 വണ്ടിക്കിണർ

2.10.11 ലൈറ്റ് ഹൗസ്

2.10.12 ഫോറസ്റ്റ് ഡിപ്പോ

2.10.13 മണ്ണൂർ ഗുഹ

2.10.14 ശാലിയാത്തി ലൈബ്രറി
2.11 ഉത്സവങ്ങൾ
**അധ്യായം 3: പേടിയാട്ട് ഭഗവതി: പുരാവൃത്തം, അനുഷ്ഠാനം, ഉത്സവം 116 - 179**
3.0 ആമുഖം
3.1 പേടിയാട്ട് ഭഗവതിയും ജാതവനും
3.1.1 ആഗമനം : പുരാവൃത്തം
3.1.1.1 പാഠഭേദം ഒന്ന്
3.1.1.2 പാഠഭേദം രണ്ട്
3.1.1.3 പാഠഭേദം മൂന്ന്
3.1.1.4. പാഠഭേദം നാല്
3.1.1.5 പാഠഭേദം അഞ്ച്
3.1.1.6 പാഠഭേദം ആറ്
3.1.1.7 പാഠഭേദം ഏഴ്
3.1.1.8 പാഠഭേദം എട്ട്
3.1.1.9 പാഠഭേദം ഒൻപത്
3.1.1.10 പാഠഭേദം പത്ത്
3.1.1.11 പാഠഭേദം പതിനൊന്ന്
3.1.1.12 പാഠഭേദം പന്ത്രണ്ട്
3.1.1.13 പാഠഭേദം പതിമൂന്ന്
3.1.1.14 പാഠഭേദം പതിനാല്
3.1.1.15 പാഠഭേദം പതിനഞ്ച്
3.1.1.16 പാഠഭേദം പതിനാറ്
3.1.1.17 പാഠഭേദം പതിനേഴ്
3.1.1.18 പാഠഭേദം പതിനെട്ട്
3.1.1.19 പാഠഭേദം പത്തൊൻപത്
3.1.1.20 പാഠഭേദം ഇരുപത്
3.1.1.21 പാഠഭേദം ഇരുപത്തൊന്ന്
3.1.1.22 പാഠഭേദം ഇരുപത്തിരണ്ട്
3.1.1.23 പാഠഭേദം ഇരുപത്തിമൂന്ന്
3.1.1.24 പാഠഭേദം ഇരുപത്തിനാല്
3.1.1.25 പാഠഭേദം ഇരുപത്തിയഞ്ച്
3.1.1.26 പാഠഭേദം ഇരുപത്തിയാറ്
3.1.1.27 പാഠഭേദം ഇരുപത്തിയേഴ്
3.1.1.28 പാഠഭേദം ഇരുപത്തിയെട്ട്

3.1.1.29 പാഠഭേദം ഇരുപത്തിയൊൻപത്
3.11.30 പാഠഭേദം മുപ്പത്
3.2 ഭഗവതിയും സഹോദരിമാരും
3.2.1 കളിയാട്ടക്കാവിലമ്മ - കളിയാട്ടക്കാവ്
3.2.1.1 ഗണപതികോവിൽ
3.2.1.2 കുതിരപ്പിലാവ്
3.2.1.3 കോഴിക്കല്ല്
3.2.2 വളയനാട് ദേവീക്ഷേത്രം
3.2.3 ശോഭപറമ്പ് ശ്രീകുരുംബ ഭഗവതിക്ഷേത്രം
3.2.4 പൂരപ്പറമ്പ് ശ്രീ തണ്ണീർ ഭഗവതിക്ഷേത്രം
3.3 പേടിയാട്ടമ്മയുടെ മറ്റുഭാഗങ്ങൾ
3.3.1 വരയ്ക്കലമ്മ
3.3.2 തൃക്കണ്ടിയൂർ ക്ഷേത്രം
3.3.2.1 ഭണ്ഡാരക്കാവ്
3.4 ഉത്സവം തറവാടുകളും അവകാശങ്ങളും
3.4.1 പനയമഠം നായർ തറവാട്
3.4.2 അമ്പാളി തിയ്യ തറവാട്
3.4.3 കുടിൽ പുരയ്ക്കൽ പെരുവണ്ണാൻ തറവാട്
3.4.4 കുന്നത്ത് നമ്പ്യാർ തറവാട്
3.4.5 മനേഴി മൂസത് തറവാട്
3.4.6 മാരാത്തയിൽ നായർ തറവാട്
3.4.7 പുളിയ്ക്കൽ തിയ്യ തറവാട്
3.4.8 മേലേരി തിയ്യ തറവാട്
3.4.9 പുതുകുളങ്ങര തിയ്യ തറവാട്
3.4.10 വാക്കയിൽ കറുത്തമ്മാട്ടിൽ തിയ്യ തറവാട്
3.4.11 കൊല്ലേരി തിയ്യ തറവാട്
3.4.12 താഴത്തു വീട്ടിൽ ആശാരി തറവാട്
3.4.13 ഓണത്തറ തിയ്യ തറവാട്
3.4.14 തൈക്കൂട്ടത്തിൽ തിയ്യ തറവാട്
3.4.15 പാറ്റയിൽ തിയ്യ തറവാട്
3.4.16 പള്ളിയാട്ടിൽ നായർ തറവാട്
3.4.17 കിഴക്കെപുരയ്ക്കൽ ആശാരി തറവാട്
3.4.18 കക്കാട്ട് പെരുവണ്ണാൻ തറവാട്
3.4.19 പിൻപുറത്ത് തട്ടാൻ തറവാട്

3.4.20 ദേവസ്വംപറമ്പ് നായർ തറവാട്
3.4.21 കുണ്ടിൽ തിയ്യ തറവാട്
3.4.22 ഇല്ലിക്കൽപടിക്കൽ പെരുവണ്ണാൻ തറവാട്
3.4.23 മനമുറ്റത്ത് പടിഞ്ഞാറെപുരയ്ക്കൽ പെരുവണ്ണാൻ തറവാട്
3.4.24 വടക്കേനെല്ലേരി പെരുവണ്ണാൻ തറവാട്
3.4.25 കോലോട്ട് നായർ തറവാട്
3.5 അനുഷ്ഠാനങ്ങൾ
3.5.1 ഉത്സവപൂർവ അനുഷ്ഠാനങ്ങൾ
3.5.1.1 പേടിയാട്ട്കാവിൽ ഉത്സവത്തിന് ഒരു മാസം മുമ്പ്
3.5.1.2 ജാതവൻകോട്ടയിൽ ഉത്സവത്തിന് പതിനാല് ദിവസം മുമ്പ്
3.5.1.2.1 വ്രതാനുഷ്ഠാനം
3.5.1.3 പേടിയാട്ട്കാവിൽ ഉത്സവത്തിന് ഏഴ് ദിവസം മുമ്പ്
3.5.1.3.1 കൊടിയേറ്റം
3.5.1.4 പേടിയാട്ട്കാവിൽ ഉത്സവത്തിന് അഞ്ച് ദിവസംമുമ്പ്
3.5.1.4.1 പൂജ - പേടിയാട്ടും കുന്നത്തും
3.5.1.5 പേടിയാട്ട്കാവിൽ ഉത്സവത്തിന് നാല് ദിവസം മുമ്പ്
3.5.1.6 പേടിയാട്ട്കാവിൽ ഉത്സവത്തിന് മൂന്ന് ദിവസം മുമ്പ്
3.5.1.7 പേടിയാട്ട്കാവിൽ ഉത്സവത്തിന് രണ്ട് ദിവസം മുമ്പ്
3.5.1.8 ജാതവൻകോട്ടയിൽ ഉത്സവത്തിന് രണ്ടു ദിവസം മുമ്പ്
3.5.1.9 പേടിയാട്ട്കാവിൽ ഉത്സവത്തലേന്ന്
3.5.1.10 ജാതവൻകോട്ടയിൽ ഉത്സവത്തലേന്ന്
3.6 ഉത്സവത്തിന്റെ അനുഷ്ഠാനങ്ങൾ
3.6.1 ഉത്സവദിവസം ജാതവൻ
3.6.2 ഉത്സവദിവസം ഭഗവതി
3.6.2.1 പടകാളിത്തല്ല് - കുന്നത്ത്
3.6.2.2. താലപ്പൊലി - പേടിയാട്ടും ശേഷം കോട്ടയിലും
3.7 ഉത്സവാനന്തര അനുഷ്ഠാനങ്ങൾ
3.7.1 പേടിയാട്ട് ഉത്സവപ്പിറ്റേന്ന്
3.7.2 ജാതവൻ കോട്ടയിൽ ഉത്സവപ്പിറ്റേന്ന്
3.7.2.1 ജാതവന്റെ പൊയ്ക്കുതിരയെ അഴിക്കുന്ന ചടങ്ങ്

3.7.2.2 ജാതവൻകോട്ട: ഐവർ കളി
3.7.3 ഉത്സവം കഴിഞ്ഞ് പേടിയാട്ട് ഏഴാം ദിവസം
3.7.3.1 ഏഴാം പുണ്യാഹം
3.7.4 ഉത്സവം കഴിഞ്ഞ് ജാതവൻ കോട്ടയിൽ ഏഴാം ദിവസം
3.7.4.1 ഏഴാം പൂജ
3.8 വാവുത്സവവും കേരളത്തിന്റ സാംസ്കാരിക മണ്ഡലവും
**അധ്യായം 4: ഉത്സവത്തിന്റെ സാമൂഹ്യധർമ്മം** **180 – 214**
4.0 ആമുഖം
4.1 ജാതി
4.1.1 ജാതി എന്ന പ്രത്യയശാസ്ത്രം
4.1.2 ജാതിയുടെ ചരിത്രം
4.1.3 ജാതിവ്യവസ്ഥ
4.1.4 ജാതിയും കുലത്തൊഴിലും
4.2 കേരളത്തിലെ അയിത്താചാരം
4.2.1 ബ്രാഹ്മണർക്കിടയിലെ അസ്പൃശ്യത
4.2.2 കീഴാളർക്കിടയിലെ അസ്പൃശ്യത
4.3 ജാതിവിരുദ്ധമുന്നേറ്റങ്ങൾ
4.3.1 ഭക്തിപ്രസ്ഥാനം
4.3.2 ജാതിയും കൊളോണിയൽ ഭരണവും
4.3.3 നവോത്ഥാനം
4.4 വാവുത്സവവും ജാതിവിഭാഗീയതയും
4.4.1 ഉത്സവത്തിലെ ജാതിസൂചന
4.4.2 സ്ത്രീകളും അയിത്തവും
4.4.3 പുരാവൃത്തത്തിലെ ജാതിസൂചന
4.4.4 പുരാവൃത്തത്തിലെ അയിത്തസൂചന
4.4.5 അനുഷ്ഠാനത്തിലെ ജാതിസൂചന
4.4.5.1 തൊഴിലും ജാതിഘടനയും
4.4.5.2 വ്രതാനുഷ്ഠാനവും അയിത്തസങ്കല്പവും
4.4.5.3 ഉത്സവദിവസം ഭഗവതി എഴുന്നള്ളത്ത്
4.4.5.4 പടകാളിത്തല്ല് (പേടിയാട്ടമ്മയുടെ ഇഷ്ടവിനോദം)
4.4.5.5 ഏഴാം പുണ്യാഹം: ചാതുർവർണ്യത്തിന്റെ പുനരാവിഷ്കാരം
4.4.5.6 ഭഗവതിയുടെ പുറപ്പാട്

4.5 കാരകളിയും ജാതിവ്യവസ്ഥയോടുള്ള കലഹവും
4.6 കാവും അനുഷ്ഠാനങ്ങളുടെ പരിണാമവും
**ഉപസംഹാരം** **215 – 226**
**പരിമിതികളും വിപുലീകരണസാധ്യതകളും** **227 – 228**
**ഗ്രന്ഥസൂചി** **229 – 247**
**ആവേദകസൂചി** **248 – 252**
**അനുബന്ധം** **253 – 423**

## ചുരുക്കെഴുത്തുപട്ടിക

| | | |
|---|---|---|
| 1. | കടലുണ്ടി ഗ്രാമപഞ്ചായത്ത് അന്തിമപദ്ധതി രേഖ | ക. ഗ്രാ. പ. അ. പ. രേ. |
| 2. | കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസനരേഖ | ക. ഗ്രാ. പ. വി. രേ. |
| 3. | കടലുണ്ടി ഗ്രാമപഞ്ചായത്ത് ADM/60 കരട് വികസന രേഖ | ക. ഗ്രാ. പ. ADM/60. ക. വി. രേ. |
| 4. | കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസനസെമിനാർ | ക. ഗ്രാ. പ. വി. സെ. |
| 5. | കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസനരേഖ/പഞ്ചവത്സരപദ്ധതി | ക. ഗ്രാ. പ. വി. രേ. പ. പ. |
| 6. | പഞ്ചായത്ത് വികസനരേഖ | പ. വി. രേ. |
| 7. | കടലുണ്ടി ഗ്രാമപഞ്ചായത്ത് കരട് വികസനരേഖ | ക. ഗ്രാ. പ. ക. വി. രേ. |
| 8. | ഫെയ്സ് സ്നേഹസംഗമം | ഫെ. സ്നേ. |
| 9. | മലയാള മനോരമ ദിനപത്രം | മ. മ. ദി. പ. |
| 10. | മാതൃഭൂമി ദിനപത്രം | മാ. ഭൂ. ദി. പ. |
| 11 | മലബാർ മാന്വൽ ലഘുലേഖ | മ. മാ. ല. ലേ. |

# ഉപോദ്ഘാതം

മനുഷ്യനും പ്രപഞ്ചശക്തികളും തമ്മിലുള്ള പരസ്പരവിനിമയത്തിന് ഉപയോഗിക്കുന്ന ഒരു ഭാഷയാണ് ആരാധന. പഴയതും പുതിയതുമായ ലോകക്രമത്തിൽ മനുഷ്യർ തങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ചും മനോവ്യാപാരങ്ങൾക്കനുസരിച്ചും വിവിധതരത്തിലുള്ള ആരാധനാരീതികൾ സ്വീകരിച്ചുവരുന്നു. അതുകൊണ്ടുതന്നെ കാലത്തിനും ദേശത്തിനും അനുസരിച്ച് മാറ്റംവരുന്ന ഒരു സാംസ്കാരിക പ്രക്രിയയാണ് ഇതെന്നുപറയാം. കേരളത്തിലെ ഹിന്ദുസമുദായത്തിലെത്തന്നെ ആചാരാനുഷ്ഠാനബദ്ധമായ ആരാധനാരീതികൾ കാവാരാധന, ക്ഷേത്രാരാധന എന്നിങ്ങനെ രണ്ട് സമ്പ്രദായങ്ങളിൽ അധിഷ്ഠിതമാണ്. ഇതിൽ ക്ഷേത്രാരാധന വൈദികപാരമ്പര്യത്തിന്റെ തുടർച്ചയാണെങ്കിൽ കാവാരാധന ദ്രാവിഡ പാരമ്പര്യത്തിന്റെ തുടർച്ചയുമാണ്. കൃഷിചെയ്തും വേട്ടയാടിയും ജീവിക്കുന്ന സാധാരണക്കാരന്റെ ജീവിതസമരത്തിന്റെ ആകെത്തുകയാണ് കാവാരാധന. കാവാരാധനയ്ക്ക് ഏകീകൃതമായ നിയമങ്ങളൊന്നുമില്ല. ഭൗതികജീവിതവുമായി അതിന് അഭേദ്യബന്ധവുമുണ്ട്. ആദിമമനുഷ്യരുടെ പിൻതുടർച്ചക്കാരായ ദ്രാവിഡർക്കിടയിൽ പ്രകൃതിശക്തികളെയും വൃക്ഷങ്ങളെയും അമ്മദൈവങ്ങളെയും ആരാധിക്കുന്ന പതിവുണ്ടായിരുന്നു. ഭൂമിയെയും പ്രകൃതിയെയും മാതാവായി കണക്കാക്കി ആരാധിക്കുന്ന രീതി നിലവിൽ വന്നതോടെ അമ്മ സകലദുരിതങ്ങളും അകറ്റുന്ന ആരാധനാമൂർത്തിയായി മാറി. പുരാതനമനുഷ്യന് കഠിനമായ ജീവിതയാഥാർത്ഥ്യങ്ങളോട് പൊരുതി ജീവിക്കേണ്ടിവരുമ്പോൾ ഭയാശങ്കകൾ നീക്കി ശാന്തിയും സമാധാനവുംതേടി എത്താറുള്ളത് അമ്മദൈവങ്ങളുടെ അടുത്തായിരുന്നു. അതുകൊണ്ടുതന്നെ കാവാരാധനയുടെ ഭാഗമായ അമ്മദൈവങ്ങൾ ആ പ്രദേശത്തെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ജീവിതത്തെ വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ കടലുണ്ടിദേശത്തെ ജാതിമതഭേദമെന്യേയുള്ള സാധാരണ ജനങ്ങളുടെ ആശ്രയമായ അമ്മദൈവമാണ് പേടിയാട്ട് ഭഗവതി. ഈ കാവുമായി ബന്ധപ്പെട്ട വാവുത്സവം, കടലുണ്ടിയിൽ ഗ്രാമോത്സവമായി കൊണ്ടാടി

വരുന്നു. പേടിയാട്ട്കാവിലെ വാവുത്സവത്തോടുകൂടിയാണ് മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്. 'പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും' എന്ന ചൊല്ലുതന്നെ ജനങ്ങൾക്കിടയിലുണ്ട്. പേടിയാട്ടമ്മയും മകനായ ജാതവനും തമ്മിലുണ്ടായ പിണക്കത്തിന്റെ കഥയാണ് ഉത്സവത്തിന് നിദാനം. തലമാത്രമുള്ള ദേവിയുടെ പ്രതിഷ്ഠയാണ് പേടിയാട്ട്കാവിലുള്ളത്. ഇവിടെ നടതുറന്ന് നിത്യപൂജ പതിവില്ല. രണ്ട് അമ്പലങ്ങളാണ് ഇവിടെയുള്ളത്. വലിയ അമ്പലത്തിൽ ദേവിയുടെ ദാരുശില്പം സൂക്ഷിച്ചിരിക്കുന്നു. തൊട്ടുമുമ്പിലുള്ള അമ്പലത്തിൽനിന്നും യഥാർത്ഥ ദേവീരൂപം പട്ടിൽപൊതിഞ്ഞെടുത്ത് അവകാശികൾ ഉത്സവദിവസം കടലുണ്ടി വാക്കടവുകടപ്പുറത്ത് നീരാടിക്കാൻ കൊണ്ടുപോകുന്നു. യഥാർത്ഥ വിഗ്രഹം ആരും കാണാൻ പാടില്ലെന്നാണ് വിശ്വാസം. പേടിയാട്ട്കാവിൽ സർപ്പാരാധനയും ഗുരുവാരാധനയും കണ്ടുവരുന്നു. ഭഗവതിക്ക് കാവലായിട്ടാണ് സർപ്പങ്ങൾ എന്നാണ് വിശ്വാസം. ഇങ്ങനെ നിരവധി ഐതിഹ്യകഥകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട സാംസ്കാരികസ്വത്വമാണ് പ്രസ്തുത ആഘോഷത്തിനുള്ളത്.

വ്യത്യസ്ത മതവിഭാഗങ്ങളും ജാതി, ഉപജാതി സമൂഹങ്ങളും അനുവർത്തിച്ചുവരുന്ന വിശ്വാസാധിഷ്ഠിത ജീവിതരീതിയെ ആ സമൂഹത്തിന്റെ സാംസ്കാരിക ഘടന എന്നുപറയുന്നു. ജാതിവ്യവസ്ഥകൾക്കെതിരായി നടന്നിട്ടുള്ള സാംസ്കാരികവിപ്ലവത്തിലൂടെയാണ് ആ സമൂഹത്തെ ജനാധിപത്യസമ്പ്രദായത്തിലേക്ക് മാറ്റിപ്രതിഷ്ഠിച്ചത്. ഇതിലൂടെ സാമൂഹികബന്ധങ്ങളിലും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലും കാതലായ മാറ്റങ്ങൾ സംഭവിച്ചു. കേരളത്തിൽ നിലനിന്നിരുന്ന കാവുസംസ്കാരങ്ങൾക്ക് ആര്യാധിനിവേശംകൊണ്ട് സംഭവിച്ച മാറ്റങ്ങളിൽ പ്രധാനമാണ്, കാവുകൾ ഭൂരിഭാഗവും ക്ഷേത്രങ്ങളായി മാറി എന്നുള്ളത്. വൈദികമതങ്ങളുടെ ആരാധനാസമ്പ്രദായങ്ങൾ കാവുസംസ്കാരങ്ങളിൽ കടത്തിവിടുകയും കാവാരാധനയുടെ പ്രകൃതിബന്ധത്തെ ക്രമേണ ഒഴിവാക്കുകയും ചെയ്തതിന്റെ ഫലമായാണ് ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടത്. കേരളത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായത്തിന്റെ തുടർച്ചതന്നെയായിരുന്നു കടലുണ്ടിദേശത്തും നിലനിന്നിരുന്നത്. പേടിയാട്ട് ഭഗവതിസങ്കല്പവും ആ നിലയ്ക്ക് കാവുസങ്കല്പത്തിൽനിന്ന് വൈദികമതസങ്കല്പങ്ങളിലേക്ക് ചേർത്തുവായിച്ചിട്ടുള്ളതായി കാണാം. 'ഭഗവതി

ക്ഷേത്രം' എന്ന് പറയപ്പെടുന്നുവെങ്കിലും കാവന്തരീക്ഷത്തെ നിലനിർത്തിയിട്ടുള്ള താണ് പ്രസ്തുത ദേവസ്ഥാനം.

പരസ്പരസഹകരണത്തോടെ ജീവിക്കുന്ന ഒരു കൂട്ടം മനുഷ്യരെയാണ് 'സമൂഹം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ജാതി, തൊഴിൽ, മതം, ദേശം, ഭാഷ തുടങ്ങിയ ഘടകങ്ങൾ സമൂഹരൂപീകരണത്തിന് അടിസ്ഥാനമാകുന്നു. ഇതിൽ ജാതിയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട സാമൂഹിക കൂട്ടായ്മകൾ നിരവ ധിയാണ്. കർമ്മത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ജാതിവ്യവസ്ഥ പിന്നീട് പര മ്പരാഗതമായി നിലനിർത്തിപ്പോരുകയാണുണ്ടായത്. ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഉത്സവാഘോഷച്ചടങ്ങുകളിൽ ജാതി തിരിച്ച് അവ കാശങ്ങൾ നിർണ്ണയിച്ചിരുന്നു. ഇത്തരം ചടങ്ങുകൾക്കടിസ്ഥാനം ആ സമൂഹ ത്തിൽ നിലനിന്നുപോന്നിരുന്ന വിശ്വാസങ്ങളും ഐതിഹ്യങ്ങളുമാണ്.

കടലുണ്ടി വാവുത്സവവുമായി ബന്ധപ്പെട്ടും ഇത്തരം നിരവധി ചടങ്ങുകൾ നിലവിലുണ്ട്. ഇവ കടലുണ്ടിയുടെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികഘടക ങ്ങളെ സ്വാധീനിക്കുന്നതോടൊപ്പം നിലവിലുള്ള ജാതിവ്യവസ്ഥയെ കൂടുതൽ ബലപ്പെടുത്തുന്നതിനും കാരണമാകുന്നു. പ്രസ്തുത സമൂഹരൂപീകരണത്തിൽ ജാതി എപ്രകാരമാണ് ഇടപെടുന്നത് എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിന ടിസ്ഥാനം.

**0.1. പഠനലക്ഷ്യം**

പേടിയാട്ട് ഭഗവതിക്കാവിൽ നടക്കുന്ന ഉത്സവത്തിന്റെ സാമൂഹ്യധർമ്മം വിശദീകരിക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. ഒരു കാർഷിക സമ്പദ്വ്യവസ്ഥയിൽ സമൂഹത്തെ ഇണക്കിനിർത്തുന്നതിലും ഭൗതികവും-ഭൗതി കേതരവുമായ സങ്കല്പനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിലും ഇത്തരം ഉത്സ വങ്ങൾ നിർണ്ണായക പങ്കുവഹിക്കുന്നു. അതേസമയം സമൂഹത്തിലെ ജാതി-ലിംഗ പദവികളെ പുനരുൽപ്പാദിപ്പിക്കുന്ന വ്യവഹാരമണ്ഡലമായും ഇത് പ്രവർത്തിക്കു ന്നു. ഇതിന്റെ ചലനാത്മകത വിശദീകരിക്കുക എന്നതാണ് പഠനത്തിന്റെ ലക്ഷ്യം.

## 0.2 പരികല്പന

ഒരു ജനതയുടെ പാരമ്പര്യബോധവും പ്രതീക്ഷകളും ദൈനംദിനജീവിതത്തിലെ ആവശ്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു ചിഹ്നവ്യവസ്ഥയാണ് ഉത്സവം. ഉത്സവത്തിന്റെ സൂക്ഷ്മനിരീക്ഷണത്തിലൂടെ അതിൽ പങ്കാളികളാകുന്ന സമുദായങ്ങളെക്കുറിച്ചും അവരുടെ ലോകബോധത്തെക്കുറിച്ചും ചില നിഗമനങ്ങളിലെത്തിച്ചേരാനാകും എന്ന പരികല്പനയിലാണ് പഠനം മുന്നോട്ടുപോയിട്ടുള്ളത്. കടലുണ്ടി ദേശജനതയുടെ വിശ്വാസസങ്കല്പങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് പേടിയാട്ട്കാവ്. ഇവിടെ ഉത്സവവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളിൽ ജാതി, ഉപജാതി വിഭാഗങ്ങൾക്ക് അവരവരുടേതായ അവകാശങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. കാവിലെ എല്ലാ ഘടകങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ ഇവിടെ ക്ഷേത്രമെന്ന നിലയ്ക്കുള്ള ബ്രാഹ്മണതാൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. പാരമ്പര്യബോധവും സമകാലികജീവിതാവസ്ഥകളും ഉൾച്ചേർന്ന് രൂപപ്പെട്ട ഒരു വ്യവഹാരരൂപമാണ് ഈ ആരാധനാസമ്പ്രദായം.

## 0.3 പഠനത്തിന്റെ പ്രസക്തി

സാമൂഹ്യഘടനയുടെ എല്ലാതലത്തിലും ജാതിയുടെ പുനരുല്പാദനം സംഭവിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്ന പഠനമാണിത്. സംസ്കാരപഠനത്തിൽ ജാതിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള അക്കാദമിക ഗവേഷണങ്ങൾ ശക്തിപ്പെട്ടുവരുന്ന ഇക്കാലത്ത് ഈ ഗവേഷണം ഈ മേഖലയിലെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ-സാംസ്കാരിക പഠനമാവുന്നു. അമ്മദൈവസങ്കല്പവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്ന കടലുണ്ടി പേടിയാട്ട്കാവ് വാവുത്സവവും അതുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങളും ചരിത്രപരമായി ഇവിടെ രേഖപ്പെടുത്തുന്നു.

## 0.4 പ്രബന്ധത്തിന്റെ വ്യാപ്തി

ഈ പ്രബന്ധത്തിൽ ആദ്യം പ്രാചീനകേരളത്തിൽ നിലനിന്ന അമ്മദൈവസങ്കല്പത്തിന്റെ സവിശേഷതകൾ അന്വേഷിക്കുന്നു. തുടർന്ന് പേടിയാട്ട്കാവ് ഉത്സവവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കിടയിൽ കണ്ടുവരുന്ന മേൽജാതി-കീഴ്ജാതി ബന്ധങ്ങളും അവ സ്വാധീനിക്കുന്ന സാമൂഹ്യ-സാംസ്കാരിക പരിസരങ്ങളും ഈ പഠനത്തിന്റെ ഭാഗമാകുന്നുണ്ട്.

## 0.5 പൂർവപഠനങ്ങൾ

ഫോക്‌ലോർ എന്നറിയപ്പെടുന്ന പഠന മേഖലയിലാണ് ഉത്സവത്തെക്കുറിച്ചുള്ള ഈ പ്രബന്ധം ഉൾപ്പെടുന്നത്. ഫോക്‌ലോറിനെ സാമാന്യമായി വിശദീകരിക്കുന്ന കൃതികളിൽ ഉത്സവത്തെ പരിചയപ്പെടുത്തുന്ന വിവരണങ്ങൾ ഉൾച്ചേർത്തു കാണാം. രാഘവൻ പയ്യനാടിന്റെ 'ഫോക്‌ലോർ', എം.വി.വിഷ്ണുനമ്പൂതിരിയുടെ 'നാടോടി വിജ്ഞാനീയം' എന്നീ കൃതികളിൽ ഇത്തരം സാമാന്യ പരാമർശങ്ങളുണ്ട്. ഉത്സവത്തെക്കുറിച്ചുള്ള സാമാന്യം ദീർഘമായ ഒരു പ്രബന്ധം'ആചാരങ്ങൾ ആഘോഷങ്ങൾ' വി.അരവിന്ദാക്ഷൻ രചിച്ചിട്ടുണ്ട്. തൃശ്ശൂർപൂരത്തെ മുൻനിർത്തി കെ.കെ.ശിവദാസ് തയ്യാറാക്കിയ 'തൃശൂർപൂരം പകിട്ടും പെരുമയും' എന്ന ഗവേഷണപ്രബന്ധമാണ് ഈ മേഖലയിലുള്ള ശ്രദ്ധേയമായ ഒരു പഠനം. 'മിഖായേൽ ബക്തി'ന്റെ കാർണിവൽ സംസ്കാരത്തെക്കുറിച്ചുള്ള ആശയങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ പ്രബന്ധത്തിന്റെ വിശകലനം പൂർത്തിയാക്കിയിരിക്കുന്നത്. ഉത്സവത്തെ ആധാരമാക്കി നിർവഹിക്കുന്ന ഏതൊരു പഠനത്തിനും സ്വീകരിക്കാവുന്ന മാതൃകയാണ് ഈ ഗവേഷണപ്രബന്ധത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്സവത്തെക്കുറിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു ഗവേഷണ പ്രബന്ധം നിധിന്യയുടേതാണ്. 2006 ൽ കാലിക്കറ്റ് സർവകലാശാല മലയാള വിഭാഗത്തിൽ എം.എ.ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിച്ച 'കടലുണ്ടി വാവുത്സവം: ചരിത്രവും സ്വഭാവവും' എന്നതാണ് അത്. ഉത്സവത്തെക്കുറിച്ചുള്ള ഒരു വിവരണാത്മക പഠനം എന്നതിൽക്കവിഞ്ഞ് ജനജീവിതത്തിലേക്കോ അതിനാധാരമായ ലോകബോധത്തിലേക്കോ സമൂഹരൂപീകരണപ്രക്രിയയിലേക്കോ പ്രബന്ധം ചെന്നെത്തുന്നില്ല. വിപുലമായ ഫീൽഡ് വർക്കിലൂടെയും പങ്കാളിത്തനിരീക്ഷണത്തിലൂടെയും അത്തരമൊരു ലക്ഷ്യത്തിലെത്താനാണ് ഈ പഠനം ശ്രമിച്ചിട്ടുള്ളത്.

## 0.6 പ്രബന്ധസംവിധാനം

ഈ പ്രബന്ധം ആമുഖത്തിനുപുറമെ നാല് അധ്യായങ്ങളായി തിരിക്കുന്നു. 'കാളീസങ്കല്പം കേരളീയസംസ്കാരത്തിൽ' എന്ന ഒന്നാം അധ്യായത്തിൽ കാളിയെയും ആരാധനയെയും കേരളീയപശ്ചാത്തലത്തിൽ വിശദീകരിക്കുന്നു. തുടർന്ന് അമ്മദൈവാരാധന നിലനിൽക്കുന്ന ആരാധനാലയങ്ങൾ അവിടത്തെ അനുഷ്ഠാനങ്ങൾ തുടങ്ങിയവ സാമാന്യമായി പരാമർശിക്കുന്നു. അമ്മദൈവാരാ

ധനയുടെ ഉത്ഭവവും വളർച്ചയും കണ്ടെത്തുന്നതിനായി ഇതുമായി ബന്ധപ്പെട്ട വടക്കൻ-തെക്കൻ പുരാവൃത്തങ്ങളുടെ പാഠഭേദങ്ങളെ വിശകലനം ചെയ്യുന്നു. കൂടാതെ അമ്മദൈവത്തിന് വലിയ പ്രധാന്യം നൽകിവരുന്ന അരയസമുദായത്തിലെ പ്രസ്തുത ആരാധനാരീതികളെ സവിശേഷമായി ഇവിടെ പരാമർശിക്കുന്നു.

'കടലുണ്ടി ജനതയും സംസ്കാരവും' എന്ന രണ്ടാം അധ്യായത്തിൽ മണ്ണൂർ ദേശത്തെ ഭൂപ്രകൃതിയും അതുമായി ബന്ധപ്പെട്ട സാംസ്കാരികവൈവിധ്യങ്ങളും പഠനവിധേയമാക്കുന്നു. തുടർന്ന് കടലുണ്ടിയുടെ പ്രാദേശികചരിത്രവും സമകാലിക-സാമൂഹിക അവസ്ഥകളും പരാമർശിച്ചശേഷം അവിടുത്തെ സാമൂഹിക പുനർനിർമ്മിതിക്ക് സഹായകമാകുന്ന ചില ഉത്സവങ്ങളെക്കുറിച്ചും പരാമർശിക്കുന്നു.

'പേടിയാട്ട് ഭഗവതി: പുരാവൃത്തം, അനുഷ്ഠാനം, ഉത്സവം' എന്ന മൂന്നാം അധ്യായത്തിൽ കടലുണ്ടി ഗ്രാമത്തിലെ പ്രധാന ഉത്സവമായ വാവുത്സവത്തിന്റെ സവിശേഷതകളാണ് വിശദീകരിക്കുന്നത്. പാഠഭേദങ്ങളായി നിലനിൽക്കുന്ന പുരാവൃത്തങ്ങളാണ് അവിടുത്തെ ചടങ്ങുകളുടെ അടിസ്ഥാനം. ഈ പാഠഭേദങ്ങളിലൂടെ രൂപപ്പെട്ടുവന്ന ഉത്സവരീതികൾ അവിടുത്തെ സാമാന്യജനങ്ങളുടെ പൊതുവിശ്വാസമാവുന്നതും ഈ അധ്യായത്തിൽ അന്വേഷിക്കുന്നുണ്ട്.

'ഉത്സവത്തിന്റെ സാമൂഹ്യധർമ്മം' എന്ന നാലാം അധ്യായത്തിൽ കടലുണ്ടി വാവുത്സവം രൂപപ്പെടുത്തിയ സാംസ്കാരികപരിസരം അന്വേഷിക്കുകയാണ്. കടലുണ്ടിയുടെ സാമൂഹികചട്ടക്കൂടിനകത്ത് ജാതിവിഭാഗീയതയെ ഊട്ടിയുറപ്പിക്കുന്നതാണെന്ന് പ്രസ്തുത ആചാരാനുഷ്ഠാനങ്ങളുടെ സൂക്ഷ്മപഠനത്തിൽനിന്നും വ്യക്തമാകുന്നു. എങ്കിലും ഈ ഉത്സവുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ അവിടുത്തുകാരുടെ പൊതുവിശ്വാസത്തിന്റെ ഉപോൽപ്പന്നമാകുന്നു. സാമൂഹികപ്രതിരോധത്തിന്റെ ഉത്പന്നമാണ് ഏതൊരു ഫോക്‌ലോർ രൂപവും എന്നിരിക്കെ ഇത്തരം ഉത്സവാഘോഷങ്ങൾക്ക് പ്രസക്തിയേറുന്നു എന്ന് കണ്ടെത്തുകയാണ് ഈ അധ്യായം.

### 0.7 പഠനത്തിന്റെ രീതിശാസ്ത്രം

ഈ പ്രബന്ധത്തിന്റെ ആകരസാമഗ്രികളായ ഫീൽഡ്‌വർക്ക്, പങ്കാളിത്ത നിരീക്ഷണം, അഭിമുഖങ്ങൾ, ആർക്കൈവൽ ശേഖരങ്ങൾ എന്നിവയിലൂടെ വിവര ശേഖരണം നടത്തി ഫീൽഡ്‌വർക്കിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഓഡിയോ, വീഡിയോ റിക്കാർഡിങ്ങിലൂടെ രേഖപ്പെടുത്തി. കൂടാതെ, ഫീൽഡ്‌വർക്കിന്റെ സൂക്ഷ്മവിവരങ്ങൾ ഉൾപ്പെടുന്ന ഫീൽഡ് ഡയറി, ഫീൽഡ് നോട്ട് എന്നിവയും പ്രബന്ധത്തിന്റെ ഭാഗമാണ്. ഇതിൽ ദത്തമായി സ്വീകരിച്ചിരിക്കുന്നത് പേടി യാട്ട്കാവിലെ ആരാധനാക്രമങ്ങളും സമ്പ്രദായങ്ങളുമാണ്. വിവരശേഖരണ ത്തിന്റെ ഭാഗമായി നൂറ്റമ്പതോളം ആളുകളെ കാണുകയും അവരുടെ വാമൊഴി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ആരാധനാക്രമത്തെ ഒരു പ്രതീകരൂപമായി മന സ്സിലാക്കി ആ പ്രതീകരൂപത്തെ ചരിത്രപരമായും സാംസ്കാരികമായും വിശക ലനംചെയ്യുകയും പ്രാദേശിക ജനവിഭാഗങ്ങളുടെ വിശ്വാസങ്ങളെയും അവയുടെ അനുഷ്ഠാനങ്ങളെയും സമഗ്രമായി പഠിക്കുകയുംചെയ്യുന്ന ഒരു രീതിശാസ്ത്ര മാണ് ഈ പ്രബന്ധത്തിൽ പിൻതുടർന്നിട്ടുള്ളത്.

### 0.8 പഠനത്തിന്റെ പരിമിതികൾ, വിപുലീകരണസാധ്യതകൾ

കടലുണ്ടിവാവുത്സവവുമായി ബന്ധപ്പെട്ട ദത്തശേഖരണത്തിനായി പ്രദേശ വാസികളെ അന്വേഷിക്കുമ്പോൾ വിവരങ്ങൾ വ്യക്തമായി നൽകാൻ പറ്റിയതര ത്തിലുള്ള പ്രായമായ വ്യക്തികൾ അപൂർവമാണ്. ആചാരാനുഷ്ഠാനുങ്ങളുമായി ബന്ധപ്പെട്ട ലിഖിതപരാമർശങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെ പാഠഭേദങ്ങൾ നിരവ ധിയാണ്. കാലക്രമത്തിൽ വന്ന മാറ്റങ്ങളും പരിഗണിക്കേണ്ടിവരുന്നു. ഫോക്‌ലോർ രൂപം എന്ന നിലയിൽ നിലനിൽക്കുന്ന തനതു രീതികളിൽനിന്നും എന്തൊക്കെ പരിണാമങ്ങളാണ് ഉണ്ടായതെന്ന് നിർണ്ണയിക്കാനും സാധ്യമല്ല.

പേടിയാട്ട് ഭഗവതിയുടെ സഹോദരിമാരായ അമ്മാഞ്ചേരിയമ്മ, കളിയാട്ട ക്കാവിലമ്മ, പൂരപ്പറമ്പിലമ്മ, ശോഭപറമ്പിലമ്മ എന്നീ സഹോദരസങ്കല്പത്തിലുള്ള ക്ഷേത്രങ്ങളെക്കുറിച്ചും അവയ്ക്ക് കടലുണ്ടി പേടിയാട്ട്ഭഗവതിയുമായുള്ള ബന്ധ ത്തെക്കുറിച്ചും പഠനവിധേയമാക്കാവുന്നതാണ്. കടലുണ്ടി പേടിയാട്ട്ഭഗവതിയു മായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ ഉൾക്കൊള്ളുന്ന വരയ്ക്കലമ്മ, ഭണ്ഡാരക്കാവി ലമ്മ, എന്നീ ക്ഷേത്രങ്ങളെക്കുറിച്ചും പഠിക്കാവുന്നതാണ്.

പരപ്പനാട് രാജവംശത്തിന്റെ ഭാഗമായ കടലുണ്ടിയിൽ സ്ഥിതിചെയ്യുന്ന പേടിയാട്ട്കാവിന് രാജവംശവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അന്വേഷണവിധേയമാക്കേണ്ടതുണ്ട്. ഈ പ്രദേശത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഭഗവതി ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പഠിക്കുകയും അവയ്ക്ക് പ്രസ്തുത കാവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യാവുന്നതുമാണ്. സമയപരിമിതിമൂലവും ചില സാങ്കേതികബുദ്ധിമുട്ടുകൾമൂലവും പ്രസ്തുതപഠനം വിപുലീകരിക്കാൻ ഇവിടെ സാധ്യമായിട്ടില്ല.

# അധ്യായം 1

# കാളീസങ്കല്പം കേരളീയ സംസ്കാരത്തിൽ

### 1.0 ആമുഖം

ഇന്ന് നിലനിൽക്കുന്ന ദൈവസങ്കല്പങ്ങളിൽ പ്രമുഖസ്ഥാനമാണ് അമ്മ ദൈവസങ്കല്പത്തിനുള്ളത്. മനുഷ്യോൽപ്പത്തിയോളം പഴക്കമുള്ളതാണ് അമ്മദൈവസങ്കല്പം. മനുഷ്യന്റെ അതിജീവനപ്രക്രിയയിൽ അമ്മദൈവത്തിനുള്ള സ്ഥാനം എന്താണെന്നും കേരളീയസംസ്കാരചരിത്രത്തിൽ അതെങ്ങനെ പ്രതിഫലിക്കുന്നുവെന്നും കണ്ടെത്താൻ ശ്രമിക്കുന്നതാണ് ഈ അധ്യായം. അമ്മദൈവാരാധനയുമായി ബന്ധപ്പെട്ട കാളീസങ്കല്പത്തിന്റെ സവിശേഷതകളിലേക്ക് ഇറങ്ങിച്ചെന്ന് അത് കേരളത്തിന്റെ സാംസ്കാരികജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നുവെന്ന് അന്വേഷിക്കുന്നു. കാളീസങ്കല്പത്തിലുള്ള വിവിധ കാവുകളെക്കുറിച്ചും പ്രസ്തുത സങ്കല്പവുമായി ബന്ധപ്പെട്ട അനുഷ്ഠാനകലകളെക്കുറിച്ചും സാമാന്യമായി പരാമർശിക്കുന്നു.

അമ്മദൈവസങ്കല്പങ്ങളിൽ അധിഷ്ഠിതമാണ് കാവാചാരങ്ങൾ. അവിടെ ജാതിബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ആചാരനുഷ്ഠാനങ്ങൾ പൂർവകാല കാവിടങ്ങളെ പഠിക്കുമ്പോൾ കാണാൻ കഴിയുന്നില്ല. ശുദ്ധിസങ്കല്പങ്ങളിലൂടെ ജാതിശരീരങ്ങളെ സൃഷ്ടിച്ച് മനുഷ്യരെ തട്ടുകളായി മാറ്റിനിർത്താൻ ഇടയായ ബ്രാഹ്മണികമായ കടന്നുകയറ്റം കാവിടങ്ങളിൽ സാധ്യമായത് എങ്ങനെയെന്ന് ആചാരനുഷ്ഠാനങ്ങളുടെ വിശകലനത്തിലൂടെ മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിന്റെ പ്രധാന ലക്ഷ്യം.

കാളി-ദാരിക സംഘട്ടനമെന്ന ഐതിഹ്യകഥയിലൂടെ രൂപങ്ങളില്ലാതിരുന്ന അമ്മദൈവത്തെ പുനവതരിപ്പിച്ചുകൊണ്ടാണ് വൈദികമതം പ്രബലമായത്. ഇത് പിന്നീട് ജനങ്ങളെ ആചാരപരമായ അനാചാരങ്ങളിൽ തളച്ചിടുകയും അതിന്റെ ഏല്ലാ കഷ്ടതകളും അനുഭവിച്ച് മുമ്പോട്ടുപോകാൻ അവർ വിധിക്കപ്പെടുകയും ചെയ്തു. ദൈവഭയത്തെ മുൻനിർത്തി ജാതിവരമ്പുകൾ സൃഷ്ടിക്കുകയും

മേൽക്കോയ്മാമനോഭാവം ശക്തിപ്പെടുകയും ചെയ്തു എന്നതാണ് ഇതിലെ ഒരു നേർക്കാഴ്ച. ബ്രാഹ്മണാധികാരം സ്ഥാപിച്ചെടുക്കാൻ ആചാരാനുഷ്ടാനങ്ങൾകൊണ്ട് എങ്ങനെ സാധിച്ചുവെന്നത് അവയുടെ വിശകലനത്തിലൂടെ ബോധ്യപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ കാതലായ ഭാഗം.

നവോത്ഥാനപ്രവർത്തനങ്ങളിലൂടെ ജാതി മേൽക്കോയ്മകളെ വളരെ ചെറിയ അനുപാതത്തിൽ മാത്രമേ തടഞ്ഞു നിർത്താൻ കഴിഞ്ഞിട്ടുള്ളൂ. നാഗരിക സംസ്കാരത്തിനകത്തും ജാതിവ്യവസ്ഥ വളരെ നിഗൂഢമായി പ്രവർത്തിക്കുന്നുണ്ട് എന്ന യഥാർത്ഥ്യം തുറന്നു പറയാനാണ് ഈ രചനയിലൂടെ ശ്രമിക്കുന്നത്.

ഹിംസാത്മകമായ ബ്രാഹ്മണ്യത്തെ ജാതി ഉന്മൂലനം കൊണ്ടല്ലാതെ നിരാകരിക്കാൻ കഴിയില്ല എന്ന് സമർത്ഥിക്കുകയും ഇതിന്റെ ലക്ഷ്യമാണ്. കീഴാളബോധത്തിൽ അടിച്ചേൽപ്പിക്കുന്ന കുലത്തൊഴിൽ അവർണ്ണാധികാരത്തെ തടഞ്ഞു നിർത്താനും സാമ്പത്തിക മേൽക്കൈ നേടാതിരിക്കാനുമുള്ള കുറുക്കുവഴിയായി ഉത്സവനാളിൽ ജാതിവിഭാഗക്കാർ നടത്തുന്ന തൊഴിലവകാശങ്ങളിലൂടെ പറയാൻ ശ്രമിക്കുന്നത്.

പേടിയാട്ട് ഭഗവതിയുടെ പുരാവൃത്തങ്ങളിൽ ജാതിബന്ധങ്ങളും ശുദ്ധാശുദ്ധ സങ്കല്പങ്ങളും അസ്പൃശ്യതയും സമർത്ഥമായി പ്രതിപാദിക്കുന്നുണ്ടെന്നുള്ള ശരിയായ വീക്ഷണത്തിലൂന്നിയാണ് ഈ പഠനം നിർവഹിക്കപ്പെട്ടിരിക്കുന്നത്.

ജാതിമതവിഭാഗീയതകൾക്കിടയിലും അമ്മദൈവങ്ങൾ സഹായവുമായി എത്തുമെന്ന വിശ്വാസം ഇന്നും നിലനിൽക്കുന്നു. ഏതൊരു സാംസ്കാരികപരിസരത്തിലും ഇത്തരം ദൈവസങ്കല്പങ്ങൾ സാധാരണ ജനജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. തീരദേശങ്ങളിൽ കടലമ്മയായും കാർഷികമേഖലകളിൽ കൃഷിയുടെ സംരക്ഷകയായും കാടുകളിൽ വനദേവതയായും ഈ മാതൃദേവത നിലകൊള്ളുന്നു. കടലോരസംസ്കാരത്തിൽ ഈ അമ്മദൈവത്തിന്റെ പ്രധാന്യവും ഈ അധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്.

### 1.1. അമ്മദൈവസങ്കല്പം

കാർഷികസംസ്കാരം പിന്തുടരുന്ന ഭാരതത്തിലെ കീഴാളവർഗ്ഗങ്ങൾ മാതൃദായക്രമത്തിൽ അധിഷ്ഠിതമായ ജീവിതരീതികളാണ് പിന്തുടർന്നിരുന്നത്. ലോകസംസ്കാരത്തിലെ സ്ത്രീകേന്ദ്രിതമായ ആദ്യകാലഗോത്രജീവിതത്തിന്റെ തുടർച്ചയാണിത്. ഭൂമിയുടെ ഉത്പാദനവും സ്ത്രീയുടെ പ്രജനനശേഷിയും ഭൂമിയേയും സ്ത്രീയേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ബിംബകൽപ്പനകൾക്ക് അടിസ്ഥാനമാക്കി. ഈയർത്ഥത്തിൽ കുടുംബത്തിന്റേയും സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും അടിത്തറ ആരംഭിക്കുന്നത് സ്ത്രീയിൽനിന്നാണ്.

ഗോത്രവ്യവസ്ഥയിൽ ആണും പെണ്ണും സാമൂഹികമായും ലിംഗപരമായും അതിർവരമ്പുകളില്ലാതെ സ്വതന്ത്രരായിരുന്നു. ഒരു തരത്തിലുമുള്ള ആണധികാരവും സ്ത്രീകൾക്കുമേൽ ഉണ്ടായിരുന്നില്ല (സോമൻ, 2003: 11). അന്ന് കൃഷിയും കൈവേലകളും സ്ത്രീനിർമ്മിതമായിരുന്നു. കാർഷികോത്പാദനം, ആഹാരത്തിനായുള്ള വിളവെടുപ്പ്, അത് പാകംചെയ്യാനുള്ള കാട്ടുവിറകിന്റെ ശേഖരണം, ഉൽപ്പന്നങ്ങളുടെ സമ്പാദനം ഇവയെല്ലാം സ്ത്രീകളായിരുന്നു ചെയ്തിരുന്നത്. കാർഷികവൃത്തിക്കാവശ്യമായ പണിയായുധങ്ങൾ കണ്ടുപിടിച്ചത് സ്ത്രീകൾ തന്നെയായിരുന്നു. കാർഷികസമൂഹം ആരംഭിച്ച കാലത്തുതന്നെ മനുഷ്യരുടെ ആചാരാനുഷ്ഠാനങ്ങളും ദായക്രമങ്ങളും സ്ത്രീകളോട് ചേർത്തുവച്ചിട്ടുള്ളതാണ്. ഇത്തരം സാംസ്കാരിക പശ്ചാത്തലത്തിൽനിന്നാണ് അമ്മദൈവങ്ങളുടെ ഉദയം ഉണ്ടായിട്ടുള്ളത്. സ്ത്രീയെ സമൂഹത്തിന്റെ അത്താണിയായി കരുതിയിരുന്ന പ്രാചീനസമൂഹം അമ്മദൈവത്തെ ആരാധിച്ചുപോരുന്നത് വളരെ സ്വാഭാവികമാണ്. അമ്മദൈവത്തെ അമ്മയായും കന്യകയായും പ്രാചീനകാലത്തെ ജനങ്ങൾ ആരാധിച്ചുപോന്നിരുന്നു. സുമേറിയ, ഈജിപ്ത്, ഇന്ത്യ എന്നിവിടങ്ങളിലെ പ്രാചീനസംസ്കാരങ്ങൾ അമ്മദൈവത്തെ അമ്മരൂപത്തിലും നിത്യകന്യകാരൂപത്തിലുമാണ് ആരാധിച്ചുവന്നിരുന്നതെന്ന് പി. സോമൻ കണ്ടെത്തുന്നു (സോമൻ, 2003: 33).

പ്രാകൃതഗോത്രസമുദായങ്ങൾക്കിടയിൽ ദേവീ ആരാധന പ്രചുരപ്രചാരത്തിലുണ്ടായിരുന്നു. നവീനശിലായുഗത്തിലേക്കെത്തുകയും കാർഷികവൃത്തിയിൽ ഏർപ്പെടുകയും ചെയ്തപ്പോൾ അമ്മദൈവാരാധനയുടെ പ്രാധാന്യം വർദ്ധിച്ചു.

ഫലപുഷ്ഠിയുടെയും സന്താനോത്പാദനശേഷിയുടെയും സമൃദ്ധിയുടെയും ദൈവമായിട്ടാണ് മനുഷ്യർ അമ്മദൈവത്തെ സങ്കല്പിച്ചുവന്നത്. കാർഷികവൃത്തിയിലധിഷ്ഠിതമായ മാതൃദായസംസ്കാരവും ഗ്രാമീണസമൂഹങ്ങളും അവരുടെ അമ്മദൈവാരാധനകളുമാണ് കേരളത്തിൽ കണ്ടുവന്നിരുന്നത്. ''ബുദ്ധജൈനതാന്ത്രികമതങ്ങളുടെയും വൈഷ്ണവശൈവവിഭാഗങ്ങളുടെയും അധിനിവേശത്തിനു മുമ്പ് ദക്ഷിണേന്ത്യൻ ഗ്രാമങ്ങളിലുടനീളം നിലനിന്നിരുന്ന 'അമ്മൻ' ആരാധനയുടെ ഭാഗമായിരുന്നു കേരളത്തിലെയും അമ്മദൈവങ്ങൾ'' (സോമൻ, 2003: 70).

തമിഴ്സാഹിത്യത്തിലും അമ്മദൈവത്തെക്കുറിച്ച് വിശദമായ പരാമർശങ്ങളുണ്ട്. സംഘകൃതിയായ അകനാനൂറിൽ 'കടൽ കെഴുസെൽവി' എന്ന പേരിലും മണിമേഖലയിൽ 'കാടമർ സെൽവി' എന്ന പേരിലും ചിലപ്പതികാരത്തിൽ 'കൊടേവൈ' എന്ന പേരിലും അമ്മദൈവം അറിയപ്പെടുന്നു. തമിഴിലെ ആദ്യത്തെ നിഘണ്ടുവായ ദിവാകരനിഘണ്ടുവിൽ അമ്മദൈവത്തെ കാടുകാൾ, കാളി, കൊറ്റവൈ എന്നിങ്ങനെ വിഭജിച്ചുകാണുന്നു. ആദിമാതൃഭാവമായും കാർഷികവിജയത്തിന്റെ ദേവതയായും സ്ത്രീ അവരോധിക്കപ്പെട്ടുതുടങ്ങിയതോടെ കൃഷിയനുഷ്ഠാനങ്ങളും അമ്മദൈവസങ്കല്പനങ്ങളും പരസ്പരബന്ധിതങ്ങളായിത്തീർന്നു. മാതൃദായകുടുംബപശ്ചാത്തലത്തിൽനിന്നും പിറവികൊണ്ട അനിഷേധ്യമായ അമ്മയുടെ സാന്നിധ്യം അമ്മദൈവാരാധനയിലേക്ക് വികാസം പ്രാപിച്ചതാണെന്ന് എംഗൽസിനെപ്പോലുള്ള നരവംശശാസ്ത്രജ്ഞരിൽ പലരും രേഖപ്പെടുത്തിയിട്ടുണ്ട് (സോമൻ, 2003: 17). എല്ലാ ദൈവങ്ങൾക്കും മീതെയായി ഒരു മാതൃദേവതയെ മനുഷ്യർ പ്രതിഷ്ഠിച്ചു. കാലാന്തരത്തിൽ മതാധിഷ്ഠിതവും സാംസ്കാരിക പൈതൃകത്തിന്റെ അടയാളമായും അമ്മദൈവം പരിവർത്തിക്കപ്പെട്ടു. സൂര്യനെയും വൃക്ഷങ്ങളെയും ഭൂമിയെയും ചിലപ്പോൾ പ്രകൃതിയെ ആകെത്തന്നെയും വ്യത്യസ്ത ബിംബങ്ങളിലേക്ക് അവരോധിച്ച് ആരാധിച്ചുതുടങ്ങി.

സൂര്യനെയും ചന്ദ്രനെയും മഴയെയും പ്രകൃതിയുടെ എല്ലാ സവിശേഷതകളെയും ആകാശത്തോടുചേർത്തുവെച്ചുകൊണ്ട് ഭൂമിയെ ആകാശത്തിന്റെ ഇണയായി പ്രഖ്യാപിക്കുകയുംചെയ്തു. ഇത് ആകാശവും ഭൂമിയും തമ്മിലുള്ള സഹവർത്തിത്വത്തെ പ്രതീകവൽക്കരിക്കുന്നു. വിഗ്രഹവൽക്കരിക്കാത്ത കാനനപ്രകൃതികളായിരുന്നു ആദിമനുഷ്യന്റെ അമ്മദൈവസങ്കല്പങ്ങൾക്കുണ്ടായിരുന്നത്.

ഈയടുത്തകാലംവരെ അമ്മദൈവങ്ങൾക്ക് ബിംബങ്ങളോ ക്ഷേത്ര ങ്ങളോ ഉണ്ടായിരുന്നില്ല. പാടശേഖരങ്ങളുടെ ചുറ്റുമുള്ള മരച്ചുവടോ വള്ളിപ്പടർപ്പു കളുള്ള വൃക്ഷക്കൂട്ടങ്ങളോ ആണ് അമ്മദൈവങ്ങളുടെ കേന്ദ്രമായിട്ടുള്ളത്. കാടി നെയും മലകളെയും സംരക്ഷിച്ചു പരിപാലിച്ചു പോരുന്ന രക്ഷകയായാണ് മനു ഷ്യൻ അമ്മദൈവത്തെ സങ്കല്പിച്ച് പ്രീതിപ്പെടുത്തിയിട്ടുള്ളത്. പല അമ്മദൈവ ക്കാവുകളിലും വടക്കുഭാഗത്ത് (കാളിയുടെ സ്ഥാനം) പാലച്ചുവട്ടിലും വിശിഷ്ട മായ ആരാധാനാസ്ഥലത്തും ചുണ്ണാമ്പും മഞ്ഞളും ചാലിച്ച് കുരുതിയായും തളി ക്കുന്നു (രാജഗോപാലൻ, 2004: 85). വിഗ്രഹങ്ങളില്ലാതെ പ്രകൃതിയുടെ നേർക്കാ ഴ്ചകളായിരുന്നു കാവുകൾ. ജൈവവൈവിധ്യങ്ങളുടെ ഇടമായ കാവുകളിൽ ആരാധനാമൂർത്തിയെ കണ്ടെത്തിയിരുന്ന മനുഷ്യർ അവിടെ ആചാരങ്ങളെ രൂപ പ്പെടുത്തിയെടുത്തു. അമ്മദൈവങ്ങൾക്കുപുറമെ ഗുളികനും സർപ്പദൈവങ്ങളും അവിടെ സ്ഥാനം പിടിച്ചു.

കാട്ടുകനികൾ ഭക്ഷിക്കാൻ പലയിനം പക്ഷികൾ കാവിലെത്തുന്നു. പക്ഷി കളുടെ കോലാഹലങ്ങളാണ് കാവുത്സവങ്ങളിലെ ആർപ്പുവിളികളായി കാണുന്നത് ചെറൂള, മുക്കുറ്റി, പൂവാംകുറുന്നില, നിലപ്പന, വിഷ്ണുക്രാന്തി, കറുക, മുയൽച്ചെ വി, കഞ്ഞുണ്ണി, ഉഴിഞ്ഞ, തിരുതാളി തുടങ്ങിയ ദശപുഷ്പങ്ങളും ചെത്തിയും കേര ളത്തിലെ കാളിയമ്മയുടെ മുഖത്തും കഴുത്തിലും കിരീടത്തിലും പ്രതീകാത്മക മായി അണിയുന്നു. വിത്തുകൾ കാട്ടിൽനിന്ന് നാട്ടിലേക്കും അവിടെനിന്ന് കാട്ടി ലേക്കും വിതറിയത് പക്ഷികളാണ്. ദാരികാവധത്തിനായി പുറപ്പെടുന്ന മകളായ കാളിക്ക് ശിവൻ ഏഴരവട്ടി പൊൻവിത്തുകൂടി കൊടുക്കുന്നു. കാവിലെ കോമരം കൽപ്പിച്ചരുളി വിതറുന്ന വിത്തുകളെ ഈ പൊൻവിത്തിനോട് ചേർത്തുവയ്ക്കു കയും കാർഷിക ഉർവരതയായി കണക്കാക്കുകയും ചെയ്യുന്നു.

ബ്രാഹ്മണദൈവങ്ങളെ ആരാധിക്കാനോ ക്ഷേത്രദർശനത്തിനോ അനുമതി യില്ലാതിരുന്ന കീഴ്ജാതിക്കാരായ കർഷകജനതയുടെ ദൈവങ്ങളായിരുന്നു അമ്മൻദൈവങ്ങളും ഗോത്രദൈവങ്ങളും. ദക്ഷിണേന്ത്യൻ മേഖലകളിൽ കണ്ടുവ രുന്ന വനദുർഗ്ഗ, മൂലദുർഗ്ഗ, കാർത്ത്യായനി, ശൈലപുത്രി, മഹിഷാസുരമർദ്ദിനി, കാളരാത്രി, കൊററവൈ, കാമാക്ഷി, മീനാക്ഷി തുടങ്ങിയ അമ്മദൈവങ്ങൾ കേരള ത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ നിലനിൽക്കുന്നില്ല. മരക്കൂട്ടങ്ങളെ കാവ് എന്ന പദം കൊണ്ടാണ് സൂചിപ്പിക്കുന്നത്. ശൈവതാന്ത്രിക മതവിഭാഗങ്ങളുടെ വളർച്ചയോടു

കൂടിയാണ് അമ്മൻകോവിലുകൾ നിർമ്മിച്ചുതുടങ്ങിയത്. ഇതിൽ കല്ല്, അല്ലെങ്കിൽ വാളായിരുന്നു അമ്മദൈവപ്രതിഷ്ഠ.

ഏതൊരു മനുഷ്യന്റെയും ആത്യന്തികമായ ജീവിതാവശ്യം വിശപ്പടക്കുക എന്നതുതന്നെയാണ്. വേടനായി ജീവിച്ചിരിക്കുമ്പോൾ തന്നെ മൃഗങ്ങൾക്ക് ദൈവ പരിവേഷം നൽകി, കാർഷിക പരിസ്ഥിതിയിൽ പ്രതിഷ്ഠിച്ചിരുന്നു. ഗോത്രജനവിഭാഗങ്ങൾ ജൈവികപരിണാമത്തിനിടയിൽ ജീവനോപാധിയായി രൂപപ്പെട്ടതാണ് പഴയ കൃഷിസമ്പ്രദായം. കൃഷി അഭിവൃദ്ധിപ്രാപിച്ചതോടെ ഗോത്രസമ്പ്രദായം ഇല്ലാതാവുകയും കർഷകജനതയായി മാറുകയും ചെയ്തു. അതോടൊപ്പം അവരുടെ വിശ്വാസസങ്കല്പങ്ങൾക്ക് മാറ്റമുണ്ടായി. വിശപ്പകറ്റാനുള്ള വിഭവങ്ങൾ തരുന്നത് അമ്മദൈവങ്ങളാണെന്ന മനുഷ്യന്റെ ചിന്തകളാണ് അമ്മ ദൈവാരാധനയായി മാറിയത്. കൃഷിയിടങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട അമ്മദൈവങ്ങൾ തറവാട്ടിലുണ്ടായിരുന്ന മുത്തശ്ശിയിൽ വരെ ആരോപിച്ചിട്ടുണ്ട്. ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലും ഈ സങ്കല്പങ്ങൾക്ക് പ്രചാരമുണ്ട്. ഇതര സംസ്ഥാനങ്ങളിലെ ദേവതാരൂപങ്ങൾക്ക് മാറ്റമുണ്ടെങ്കിലും പൊതുവിൽ അമ്മദൈവത്തിൽ ഊന്നിയ വിശ്വാസമാണ് അവിടങ്ങളിലെല്ലാം നിലനിൽക്കുന്നത്.

കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവർ അമ്മയെ ആരാധിച്ചിരുന്നത് അന്നദാതാവെന്ന സങ്കല്പത്തെ അടിസ്ഥാനമാക്കിയാണ്. എന്നാൽ രാജഭരണത്തിന് കീഴിലെ സൈനികർ ശക്തിദേവതാസങ്കല്പത്തിലായിരുന്നു. പുരാതന കേരളത്തിലെ കൃഷിവ്യവസ്ഥയുടെ സമഗ്രമേഖലകളിൽ അമ്മദൈവത്തിന് കാവിലമ്മ എന്ന പരിവേഷമാണുള്ളത്. സ്വേച്ഛാധിപത്യഭരണകാലത്ത് കാവിലമ്മയുടെ അധീശത്വസാമീപ്യം ഉണ്ടായിരുന്ന കാവുകളിലെ അമ്മയുടെ ഇടങ്ങളായിരുന്നു ഭരണസിരാകേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നത്. രാജഭരണത്തിൻകീഴിലുള്ള ഒരു രാജ്യത്തിന്റെ മുഴുവൻ ഗ്രാമങ്ങളിലും കൃഷിയിടങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് കാവിലമ്മമാർ ഉണ്ടാകും. ഈ അമ്മമാർക്ക് മുകളിലായി ഒരു വലിയമ്മയായ മഹാമാതാവ് ഉണ്ടെന്ന സങ്കല്പം നിലനിന്നിരുന്നു. മഹാമാതാവെന്ന ആരാധനാമൂർത്തി രാജാവിന്റെ അധികാരത്തിനുകീഴിൽ രാജാവിന്റെ കുടുംബദൈവമായി ആരാധിക്കുകയും ചെയ്തിരുന്നു. മഹാമാതാക്കളായി സങ്കൽപ്പിച്ചിരുന്ന തിരുവളയനാട്ടുകാവിലമ്മയും തിരുമാന്ധാംകുന്നിലമ്മയും ഇതിന് ഉദാഹരണമാണ്.

പണ്ട് മുതൽ ദ്രാവിഡ ജനവിഭാഗങ്ങൾ ആരാധിച്ചുപോന്നിരുന്ന അമ്മദൈവങ്ങളാണ് പിൽക്കാലത്ത് പല മാറ്റങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളുടെ വ്യത്യസ്തതയിലൂടെയും പുനഃപ്രതിഷ്ഠിച്ചത്. വൈദേശിക കൈകടത്തലുകളാണ് ഇതിനുപിറകിൽ. വിഗ്രഹരഹിത അമ്മദൈവസങ്കല്പത്തിൽ നിന്ന് വിഗ്രഹരൂപത്തിലേക്കുള്ള പരിണാമദശയിലും തുടർന്ന് ദ്രാവിഡമായ ചിന്തകളിലും ആദിമമനുഷ്യന്റെ സ്വത്വത്തെത്തന്നെയാണ് അമ്മദൈവസങ്കല്പങ്ങളിൽ ദർശിക്കാൻകഴിയുന്നത്. ആര്യവൽക്കരണം സാധ്യമായതോടെ ദേവതാസങ്കല്പങ്ങൾക്ക് പുതിയ മാനങ്ങൾ കൈവരികയുംചെയ്തു. എന്നാലത് സംഘർഷാത്മകമാവുകയാണുണ്ടായത്. ദ്രാവിഡസങ്കല്പങ്ങളോട് സമരസപ്പെട്ടുപോകുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ടതോടെ ചില മാറ്റങ്ങൾവരുത്തുകയും എന്നാൽ ദേവതാസങ്കല്പങ്ങൾക്ക് ബ്രാഹ്മണ്യമുദ്രകൾ ചാർത്തപ്പെടുകയുംചെയ്തു. ഇത്തരം ബ്രാഹ്മണതന്ത്രങ്ങൾ ആദിമനുഷ്യന്റെ അമ്മദൈവമായ മറുതയിൽ പ്രതിഫലിച്ചുകാണുന്നു.

ഓരോ സാംസ്കാരികകടന്നുകയറ്റവും അതാതുദേശങ്ങളിൽ നിലനിൽക്കുന്ന സാംസ്കാരികചിഹ്നങ്ങളെ ചോദ്യംചെയ്യുകയോ തകർക്കുകയോ ചെയ്തേക്കാം. അധിനിവേശകരുടെ ചിഹ്നങ്ങളെ പ്രതിഷ്ഠിക്കാൻ നിലവിലുള്ള വിശ്വാസം, ശക്തി സങ്കല്പങ്ങളെ പൂർണ്ണമായും നീക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ കഴിയാതെ വരുന്ന ഘട്ടങ്ങളിൽ അധിനിവേശചിന്താധാരകൾക്കനുസരിച്ച് പരിഷ്കരിക്കുകയും അവരുടെ ചിഹ്നങ്ങളുമായി ഇണക്കിനിർത്തുകയുംചെയ്യുന്നു. മറുതയിൽനിന്ന് കാളിയിലേക്കുള്ള മാറ്റം മേൽപ്പറഞ്ഞ സമീപനരീതികളെയാണ് പ്രതിഫലിപ്പിക്കുന്നത്. വസൂരിദേവതയായ 'മറുത' പിൻനിരയിലേക്ക് മാറ്റി പ്രതിഷ്ഠിക്കാനുണ്ടായ കാരണം, അധിനിവേശസങ്കല്പങ്ങളെ ചടുലനീക്കങ്ങളിലൂടെ കാളിയുടെ അധീശത്വം സ്ഥാപിച്ചതിനാലാണ്. സദ്ഗുണങ്ങൾ കാളിയിലും ചീത്ത മറുതയിലും ആരോപിച്ചുകൊണ്ടാണ് ഇത് സ്ഥാപിച്ചെടുത്തത്.

വൈദികമല്ലാത്ത ഇതര ചിന്താധാരയിലെ ദേവതാസങ്കല്പത്തിലുള്ള അമ്മദൈവമാണ് ഭഗവതി, ദേവി, കാളി , അച്ചി തുടങ്ങിയവർ ഇങ്ങനെ തുടങ്ങുന്ന പേരുകളിലെ ദേവതകളിൽ ഭൂരിഭാഗവും അമ്മദൈവങ്ങളാണ്. പുരാതന കാലത്തുതന്നെ നൈൽനദീതടം മുതൽ സിന്ധുനദീതീരം വരെ ഉണ്ടായിരുന്ന ഒരു ആരാ

ധനാക്രമമായിരുന്നു അമാനുഷികശക്തിയുള്ള 'മാതൃദേവതാപൂജ' (worship of the divine mother). വൈദികകാലത്തും ഈ സമ്പ്രദായം ഉണ്ടായിരുന്നു.

പൃഥ്വി, പ്രകൃതി, ദുർഗ്ഗ, കാളി തുടങ്ങിയ വൈദികകാഴ്ചപ്പാടുകൾക്കെല്ലാം ആധാരം അമാനുഷ മാതൃദേവതാപൂജയാണ്. ഈ ആരാധനാരീതിയാണ് പിൽക്കാലത്ത് ശക്തിയാരാധനയായി പരിണമിച്ചത്. മാതൃദേവതാപൂജയിൽ കണ്ടുവരുന്ന ഒരു ആരാധനാസമ്പ്രദായമാണ് കാളീസേവ. ഭഗവതിയും ഭദ്രകാളിയും ചാമുണ്ഡിയും ഈശ്വരിയും ദേവിയും അച്ചിയുമൊക്ക മലയാളക്കരയെ സംബന്ധിച്ചിടത്തോളം കാളീസങ്കല്പത്തിലുള്ള മാതാക്കളാണ് (വിഷ്ണു നമ്പൂതിരി, 2012:81). ഇന്ന് പേരുകേട്ട എല്ലാ ശൈവ വൈഷ്ണവക്ഷേത്രങ്ങളും അമ്മയുടെ ഇടമായിരുന്നു. അത്തരം ക്ഷേത്രങ്ങളുടെ ഉള്ളിലോ പുറത്തോ അമ്മദൈവം ഉണ്ടെന്നാണ് വിശ്വാസം. തിരുവനന്തപുരം പത്മനാഭസ്വാമീക്ഷേത്രത്തിൽ ഉത്സവം ആരംഭിക്കുന്നതിന് ഒരു മലയൻ കൊണ്ടുവരുന്ന തീ വേണമെന്ന ഒരാചാരം നിലവിലുണ്ട്. ചരിത്രപ്രസിദ്ധമായ തിരുനാവായ ക്ഷേത്രത്തിൽ ഒരു ചെറുമി നൽകുന്ന തെച്ചിമാലയ്ക്ക് രാജാക്കൻമാരുടെ മാല്യങ്ങളേക്കാൾ പ്രാധാന്യമുണ്ടായിരുന്നു (അച്യുതമേനോൻ, 2015: 33).

ഒരു വിഗ്രഹമുള്ള ഭൂരിഭാഗം കാവുകളുടെയും ഉത്ഭവകഥ ഒരു ചെറുമിയോട് ബന്ധപ്പെട്ടുകാണുന്നു. ചെറുമിപ്പെണ്ണ് പുല്ലുവെട്ടുമ്പോൾ അരിവാൾ കല്ലിൽ തട്ടും. അല്ലെങ്കിൽ ആ കല്ലിൽ മൂർച്ചകൂട്ടാൻ ചെറുമി അരിവാൾ രാകുമ്പോൾ കല്ലിൽ ചോര കാണുന്നു. ഉടൻ അയൽപക്കത്തുള്ള ബ്രാഹ്മണർ ഇതറിയുന്നു. ഒട്ടും സമയംകളയാതെ കല്ലും പരിസരവും ശുദ്ധംചെയ്ത് മാഹാത്മ്യമുള്ള ഇടമായി പ്രചരിപ്പിക്കുന്നു. ആരാധനയും നിവേദ്യങ്ങളും ആരംഭിക്കുന്നു. കാലങ്ങൾക്കുശേഷം അമ്മദൈവത്തെ കുടിയിരുത്തുന്നു. ചെറുമി മരിക്കുവോളം അവൾക്കും ഒരു സ്ഥാനം കൊടുക്കുന്നു. ചിറയ്ക്കൽ, ചോറ്റാനിക്കര, ചേർത്തല തുടങ്ങിയ ദേശത്തും പരിസരപ്രദേശങ്ങളിലും ഉള്ള കാവുകൾക്ക് ഇത്തരം കഥകളാണ് പൊതുവെയുള്ളത്. ബിംബങ്ങൾ വെച്ചതിനുശേഷം അമ്മ ഉണ്ടായിരുന്ന സ്ഥലവും രേഖപ്പെടുത്തുന്നു. ഇതിനെ ശ്രീമൂലസ്ഥാനം എന്നാണ് പറഞ്ഞുവരുന്നത്.

ഫലഭൂയിഷ്ഠമായ മണ്ണിന്റെയും സന്തുഷ്ടകുടുംബങ്ങളുടെയും അതിലൂടെ സത്ഭാവനകൾ പ്രതിഫലിക്കുന്ന തലമുറകളുടെയും രക്ഷയ്ക്കുമായിട്ടാണ് മാതൃ ദേവതകളെ കാവുകളിൽ സങ്കല്പിച്ചത്. വിവിധ തൊഴിലുകൾക്കനുഗുണമായി അമ്മദൈവങ്ങളെ സങ്കല്പിച്ചിരുന്നു. ഏതിലും ജീവിതോർവരതയായിരുന്നു ലക്ഷ്യംവെച്ചിരുന്നത്. ഇത് ജൈവികതയിലൂന്നിയ ദൈവസങ്കല്പമായിരുന്നു. സാംസ്കാരികജീവിതത്തിന്റെ സമസ്തമേഖലകളിലും അമ്മ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നു. കാർഷികഉർവരതയിൽ ഉപജീവനത്തെ കണ്ടെത്തിയ മനുഷ്യരിൽ നേതൃപരമായി സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനത്തെ തമസ്കരിക്കാതെ പിൻതുട രുന്നതിന്റെ ഉദാഹരണമാണ് അമ്മദൈവ ഉത്സവങ്ങൾ.

മേൽക്കൂരകളില്ലാത്ത അമ്മ ദേവതാകേന്ദ്രങ്ങൾ പിന്നീട് മേൽക്കൂരകളുള്ള അമ്പലങ്ങളായി മാറ്റപ്പെടുകയാണുണ്ടായത്. വൈഷ്ണവ ജൈനമതങ്ങളുടെയും ആര്യാധിനിവേശമാണ് ഇതിനു കാരണം ദ്രാവിഡന്റെ സ്വത്വബോധത്തിൽ വ്യാജ ചിന്തകളെ തിരുകിക്കയറ്റുകയാണ് അവർ ചെയ്തത്. പല ദ്രാവിഡദേവതകളും തുല്യരീതിയിൽ ആര്യദേവതകളായി പരിണാമം നേടി കാളിയോ ദുർഗ്ഗയോ ശക്തി യോ പാർവതിയോ ഒക്കെയായി മാറി. കേരളത്തിൽ ഇന്നറിയപ്പെടുന്ന ഭഗവതിക ളൊക്കെയും ഈ മാറ്റങ്ങൾക്ക് വിധേയമായവരാണ്. ആര്യവൽക്കരണമാണ് ഇതിന് കാരണം. പഴയ ദ്രാവിഡ കാവുകൾ അപൂർവമായി ഇന്നും നിലവിലുണ്ട്.

ആദികാലങ്ങളിൽ മാതൃദായക്കാരായ ദ്രാവിഡരുടേയും പിൽക്കാലത്ത് ശക്തേയരുടെയും ഒടുവിൽ ഹിന്ദുക്കളുടെയും ആരാധനാ മൂർത്തിയായിത്തീർന്ന മാതൃദേവതയാണ് ദുർഗ്ഗ. ശാക്തേയസമ്പ്രദായമനുസരിച്ച് ആദിപരാശക്തിയുടെ മൂർത്തരൂപമായാണ് ദുർഗ്ഗയെ കാണുന്നത്. ശൈവവിശ്വാസമനുസരിച്ച് പാർവ തിയുടെ മൂലരൂപമായ ദുർഗ്ഗ മഹിഷാസുരനെ വധിക്കാൻവേണ്ടി അവതാര മെടുത്തതാണ് എന്നാണ് വിശ്വാസം. സ്ത്രീയാണ് സൃഷ്ടിയുടെ അടിസ്ഥാനമെന്ന സങ്കല്പത്തിൽനിന്നാണ് ശാക്തേയർ പരാശക്തിയെ ആരാധിച്ചതെങ്കിലും ശൈവ മതത്തിന്റെ വളർച്ചയോടെ അത് പാർവതിയുടെ പര്യായമാക്കിത്തീർക്കുകയായിരു ന്നു. ജൈനരുടെ ദേവതകളായ മംഗളാദേവിയും അംബികയും പലയിടങ്ങളിൽ കാളിയായും ദുർഗ്ഗയായും ആരാധിക്കുന്നു. വൈദികകാലത്ത് (ഋഗ്വേദം) ആര്യന്മാർക്ക് ദേവീക്ഷേത്രങ്ങൾ ഉണ്ടായിരുന്നില്ല. ദേവീഭാഗവതം, ദേവീമാഹാ ത്മ്യം എന്നീ ഐതിഹ്യങ്ങളിൽ ദേവി, ദുർഗ്ഗ തുടങ്ങിയ അവതാരങ്ങൾ പൂണ്ട്

അസുരന്മാരെ വധിച്ചു. വിവിധ മാഹാത്മ്യങ്ങളായിരുന്നു ഈ അവതാരങ്ങളുടെ പ്രത്യേകത. ആയതിനാൽ വ്യത്യസ്തങ്ങളായ ആരാധനകളും ബലപ്പെട്ടിരുന്നുവെന്നും പറയുന്നു. രാഷ്ട്രീയസാമുദായിക വിഷയങ്ങളിൽ ഉണ്ടായ സംഘർഷങ്ങൾ തെക്കൻ മേഖലകളിലും പ്രശ്നങ്ങളുണ്ടാക്കി.

കാളീദാരികകഥകൾ ശക്തമായി പ്രചരിച്ചിരുന്നതിനാൽ അവയെ മാറ്റി പ്രതിഫലിപ്പിക്കുവാനുള്ള ശക്തി ഒരു കഥകൾക്കും ഉണ്ടായിരുന്നില്ല. എങ്കിലും ചില കാവുകൾ ദുർഗ്ഗയുടെതായിത്തന്നെ നിലകൊണ്ടു. ബ്രാഹ്മണർക്ക് സമാധാനം വേണമെങ്കിൽ ഈ മാറ്റങ്ങൾ അംഗീകരിക്കേണ്ടിവന്നു (അച്യുതമേനോൻ, 2015: 95).

കൃഷി നിഷിദ്ധമായിട്ടാണ് ക്ഷത്രിയനും ബ്രാഹ്മണനും കണ്ടിരുന്നത്. ഋഗ്വേദംപോലുള്ള വൈദിക ഗ്രന്ഥങ്ങളിലൊന്നും കാർഷികദേവതയായ അമ്മദൈവത്തെ സംബന്ധിക്കുന്ന ആരാധനാനുഷ്ഠാനങ്ങൾ പരാമർശിച്ചുകാണുന്നില്ല. ആയതിനാൽ ഇന്ത്യയിലെ അമ്മദൈവങ്ങൾ അവൈദികമാണ്. ഈ അമ്മദൈവങ്ങളുടെ പേരുകൾ തീർത്തും പ്രാദേശികമാണ്. മാതൃദായ ക്രമത്തിലെ മുത്തശ്ശിയോ ധീരവനിതകളോ ആണധികാരത്തിൽ തകർന്നുപോയ സ്ത്രീകളോ അമ്മദൈവങ്ങളായി അവതരിക്കുന്നു. ഇന്ത്യയിലെ സാമ്രാജ്യശക്തികളുടെ ഊർജ്ജം കൃഷിയായിരുന്നു രാജവാഴ്ചക്കാലത്തെ തുടർച്ചയായ യുദ്ധങ്ങൾ സാമ്രാജ്യങ്ങളുടെ അതിരുകൾ വർദ്ധിപ്പിച്ചു. കാർഷികോർവരതയ്ക്കായി സങ്കല്പിച്ചിരുന്ന ദുർഗ്ഗയെ യുദ്ധദേവതയായി പുനരവതരിപ്പിച്ചത് രാജവാഴ്ചയാണ് (സോമൻ, 2003: 50).

### 1.2 കാളീസങ്കല്പം

അമ്മദൈവസങ്കല്പത്തിൽ ആരാധിച്ചുപോരുന്നത് കാളിയെയാണ്. അസുരനായ ദാരികനെ വധിക്കാൻ ശംഭുവിന്റെ തൃക്കണ്ണിൽനിന്ന് പിറന്ന അവതാരമാണ് കാളി എന്നാണ് വിശ്വാസം. തിന്മയെ ഉന്മൂലനംചെയ്യാൻ ജന്മമെടുത്ത ഈ അമ്മദൈവം നിരാലംബർക്ക് ആശ്രയമായി വർത്തിക്കുന്നു. കേരളത്തിലെ ദേവതാചിന്തകളിൽ വളരെ സജീവമായിട്ടുള്ളതും ഒരുപാട് സവിശേഷതകൾ നിറഞ്ഞതുമായ ആരാധനാ രീതിയാണ് കാളിയുടേത്. 'ഭദ്രകാളി' എന്ന പേരിൽ കേരളീയർ ആരാധിക്കുന്നത് ദാരികനെ നിഗ്രഹിച്ച കാളിയെയാണ്. വസൂരിപോലുള്ള രോഗങ്ങൾക്കുമേൽ അവർക്ക് ആധിപത്യമുണ്ടെന്ന് കരുതപ്പെടുന്നു. കാളീപൂജയ്ക്ക്

ഏറ്റവും പ്രസിദ്ധമായ സ്ഥലം പശ്ചിമബംഗാളാണ്. ബംഗാളികളുടെ സങ്കല്പ ത്തിൽ കാളിയ്ക്ക് ഉഗ്രരൂപമാണുള്ളത്. ദേവീയാരാധനയുടെ പ്രാമാണികഗ്രന്ഥ മായി കരുതുന്ന 'ദുർഗ്ഗാ സപ്തശതി'യിൽ യുദ്ധദേവതയായ ദുർഗ്ഗയുടെ ഉഗ്രഭാവ ത്തെയാണ് ഭദ്രകാളി എന്ന് വിശേഷിപ്പിക്കുന്നത്. മഹാകാളിക്ക് കാളി, താര, ഭൈര വി, ഭുവനേശ്വരി, ഛിന്ന, മസ്ത, ധൂമാവതി, ബഗല, മാതംഗി, കമല എന്നീ പത്ത് രൂപങ്ങളാണ് ഉള്ളതെന്നാണ് സങ്കല്പം. പുരാണങ്ങൾ പ്രകാരം മധുകൈടഭന്മാർ, ചണ്ഡമുണ്ഡന്മാർ, രക്തബീജൻ, ദാരികൻ, രുരു തുടങ്ങിയവരെ വധിക്കാൻ ജന്മമെ ടുത്ത ഉഗ്രരൂപമാണ് കാളിക. കാളുന്നവൾ, കറുത്തവൾ, രാത്രി എന്നിവ കാളിയുടെ നാനാർത്ഥങ്ങളാണ്.

താന്ത്രിക വിശ്വാസങ്ങളിൽ അന്ധകാരത്തെ ഇല്ലാതാക്കി പ്രഭ ചൊരിയുന്ന വളായാണ് കാളിയെ സങ്കല്പിക്കുന്നത്. കാലത്തിന്റെ ഭഗവതിയാണ് കാളി എന്നും പറയുന്നു. ഭദ്രകാളി ഭദ്രമായ കാലത്തെ വിഭാവനം ചെയ്യുന്നവൾ എന്നാണ് അർത്ഥമാക്കുന്നത്. ജീവജാലങ്ങളെ സംരക്ഷിക്കുകയും സംഹരിക്കുകയും ചെയ്യുന്ന പ്രകൃതിയെ കാളി എന്ന് ഉപാസകർ പറയുന്നു. കൊടുങ്ങല്ലൂരിലെ ശ്രീ കുരുംബഭഗവതിക്ഷേത്രം കേരളത്തിലെ ആദ്യകാളീക്ഷേത്രവും മൂലകേന്ദ്രവും എന്ന നിലയിലാണ് കണ്ടുവരുന്നത്. ഏറ്റവും വലിയ കാളീപ്രതിഷ്ഠ മലപ്പുറം ജില്ല യിലെ തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലാണ്.

കറുത്ത വർണ്ണമുള്ള എന്ന അർത്ഥമാണ് 'കാളി' എന്ന ശബ്ദത്തിന്റെ പ്രയോഗം. ചാമുണ്ഡി, കാളിക, കണ്ഠേകാളി എന്നിങ്ങനെയുള്ള പല പേരുക ളിലും കാളിയെ പൂജിക്കുന്നു. ചേദിരാജനായ ഉപരിചരവസുവിന്റെ ശുക്ലം ഭുജിച്ചതിന്റെ ശാപത്താൽ മത്സ്യമായി രൂപമെടുത്ത 'അദ്രിക' എന്ന അപ്സരസ്സിന് ജനിച്ച പെൺകുട്ടിയാണ് 'സത്യവതി' (മത്സ്യഗന്ധി അഥവാ കാളി). സത്യവതി വളർന്നത് ഒരു മുക്കുവക്കുടിലിലാണ്. മനുഷ്യക്കുട്ടികൾക്ക് ജന്മം നൽകിയാൽ ശാപമോക്ഷം ലഭിക്കുമെന്നതിനാൽ അദ്രിക ദേവലോകത്തേക്ക് തിരികെ യാത്രയാ യി. കുട്ടിയുടെ വർണ്ണം കറുപ്പായതിനാൽ മുക്കുവൻ 'കാളി' എന്ന പേരാണ് കുഞ്ഞിനു നൽകിയത്. പാർവതിയുടെ മറ്റൊരു നാമം ഹിമവാന്റെയും മേനകയു ടെയും പുത്രിയായ സതി കാളിയെന്ന പേരിൽ അവതരിക്കുന്നുണ്ട് (ബാലകൃ ഷ്ണൻ, ലീലാദേവി, 2012: 268).

കേരളത്തിലെ കാളീസങ്കല്പം തെക്കൻകഥകളായും വടക്കൻകഥകളായും വ്യത്യാസപ്പെട്ടിരിക്കുന്നു. തെക്കൻ മേഖലകളിൽ കളമെഴുത്തുപാട്ടിൽ ഭഗവതിക്കും കാളിക്കും രണ്ട് തരത്തിലാണ് കളമെഴുത്ത് നടത്തുന്നത്. കാളിയും ഭദ്രകാളിയും വെവ്വേറെ സ്വരൂപങ്ങളായാണ് സങ്കല്പിക്കുന്നത്. കാളിയെ വടക്കൻ കേരളത്തിലെ കാളിയായും ഭദ്രകാളിയെ കണ്ണകിയുമായാണ് പ്രതിഷ്ഠിക്കുന്നത്. കഥയുടെ ഇതി വൃത്തം വ്യത്യസ്തങ്ങളാണ്. പരമേശ്വരൻ നാരദമുനിയുടെ അഭ്യർത്ഥനപ്രകാരമല്ല ഭദ്രകാളിക്ക് ജന്മം നൽകുന്നത്. ദാരികന്റെ ഹോമകുണ്ഡത്തിൽനിന്ന് വരുന്ന പുക പരമശിവനെ പ്രയാസത്തിലകപ്പെടുത്തുന്ന സന്ദർഭത്തിൽ വിഷ്ണു കടന്നുവരു ന്നു. പ്രശ്നപരിഹാരത്തിന് ഭദ്രകാളിയെ ജനിപ്പിക്കാൻ വിഷ്ണു ഉപദേശിക്കുകയും അതു പ്രകാരം ശിവൻ ഭദ്രകാളിയെ ജനിപ്പിക്കുന്നു. ഇവിടെ ദാരികന്റെ പൂർവക ഥയോ ദേവാസുരയുദ്ധമോ പരാമർശിക്കുന്നില്ല. എന്നാൽ ദാരികൻ തപസ്സിലൂടെ വരം ചോദിക്കുകയും ശിവൻ അത് നൽകുകയും ചെയ്യുന്നു. ബ്രഹ്മാവിൽ നിന്നല്ല ദാരികൻ വരംനേടുന്നത്. ദാരികൻ ശൈവനാണെന്നാണ് പാട്ടിലെ പരാമർശം. ദാരി കന്റെ വരശക്തിയും മന്ത്രശക്തിയും കാരണം അയാളെ വധിക്കാൻ കഴിയാതെ യുദ്ധത്തിൽ തോൽക്കുമെന്ന് കണ്ട് പിന്മാറാൻ ശ്രമിക്കുന്ന കാളിയെ സഹായിക്കു ന്നത് വിഷ്ണുവാണ്. ദാരികന് ലഭിച്ച മന്ത്രം അപഹരിച്ചുകൊണ്ടാണ് ഇത് സാധ്യ മാക്കുന്നത്. പടയിൽ തോറ്റു പിന്മാറാൻ ശ്രമിക്കുന്ന ദാരികൻ ഒളിച്ചിരിക്കുന്നത് പാതാളത്തിലുമല്ല, പാലാഴിയിലാണ്. കാളി ദാരികനിഗ്രഹം കഴിഞ്ഞ് പടയുമായി കൈലാസത്തിലേക്കുള്ള മടക്കത്തിലാണ് വേതാളത്തെ കൂട്ടുപിടിക്കുന്നത്. ദാരിക പത്നിയായ മനോദരിയുടെ സ്ഥാനത്ത് ഒരു 'വനമുറയാളി'നെയാണ് ഈ പാട്ടിൽ പ്രതിപാദിക്കുന്നത് (അച്യുതമേനോൻ, 2015, 92).

ഭഗവതിസങ്കല്പങ്ങളിൽ ബഹുഭൂരിഭാഗവും ഗ്രാമീണദേവതകളാണ്. ചോറ്റാനിക്കര ഭഗവതി, പാടാർക്കുളങ്ങര ഭഗവതി, പള്ളിപ്പുറത്ത് ഭഗവതി, ആഴൂർ ഭഗവതി, കുമരനല്ലൂർ ഭഗവതി, പഴഞ്ഞണ്ണൂർ ഭഗവതി, കുന്നത്തു ഭഗവതി, മുരികല്ലി ങ്ങൽ ഭഗവതി, പൂളക്കച്ചിറ ഭഗവതി എന്നീ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ടുവ രുന്ന ദേവതാനാമങ്ങൾ വിരളമല്ല. കാളി എന്ന വിഭാഗത്തിൽപ്പെടുന്ന വീരർകാളി, ഭദ്രകാളി, കരിങ്കാളി, കൊടുങ്കാളി, പറക്കാളി, ചുടലഭദ്രകാളി എന്നിങ്ങനെ പല വിധം കാളികൾ ഉണ്ട്. മടയിൽ ചാമുണ്ഡി, മൂവാഴംകുഴി ചാമുണ്ഡി, രക്തചാമു ണ്ഡി, കുട്ടിക്കര ചാമുണ്ഡി, പെരിയാട്ട് ചാമുണ്ഡി ഇങ്ങനെ ചാമുണ്ഡി വിഭാഗ

ത്തിൽ അനേകം ചാമുണ്ഡിമാരുണ്ട്. വീരശൂരപരാക്രമികളായ ദുഷ്ടശക്തികളെ നിഷ്കാസനം ചെയ്യുവാൻ അവതരിച്ച രുതിര ദേവതകളാണ് അംഗക്കുളങ്ങര ഭഗ വതി, രക്തചാമുണ്ഡി, ചൂളീയാർ ഭഗവതി, ഒറവങ്കര ഭഗവതി, വിഷ്ണു മൂർത്തി, പടവീരൻ, പടക്കത്തി ഭഗവതി, വേട്ടക്കൊരു മകൻ, ക്ഷേത്രപാലൻ, വൈരജാതൻ മുതലായവർ. പലതരം രോഗങ്ങളുടെ ശമനത്തിനായി അവതരിച്ച ദേവതാസങ്കല്പ ത്തിൽ ചീരുംബമാർ (മൂത്തവൾ, ഇളയവൾ) കണ്ഠാകർണ്ണൻ, ദണ്ഠദേവൻ, വസൂ രിമാല, പുതിയ ഭഗവതി എന്നീ ഭഗവതിമാർ ആ വിഭാഗത്തിൽപ്പെടുന്നു. ആര്യപ്പൂ ങ്കന്നി, ചുഴലി ഭഗവതി, ചെറുകുന്നമ്മ, ആരിയപ്പൂമാല തുടങ്ങിയ ചില ദേവതകൾ മരക്കലമേന്തി ആടിക്കളിച്ചവരായിരുന്നു. ആയതുകൊണ്ടാണ് ഈ ദേവതമാരെ മര ക്കലദേവതമാർ എന്നു വിളിച്ചിരുന്നത്.

കേരളത്തിൽ കാളിയോടൊപ്പം ആരാധിക്കുന്ന അമ്മദൈവങ്ങൾ ധാരാളമു ണ്ട്. ആ ദൈവങ്ങളെയെല്ലാം പലവിധത്തിലാണ് ആരാധിച്ചു വരുന്നത്. വിവിധ സങ്കല്പങ്ങൾക്കനുസരിച്ച് സവിശേഷമായ ആരാധനാരീതി പിന്തുടർന്നു വരുന്ന ചില ക്ഷേത്രങ്ങളെ സാമാന്യമായി ഇവിടെ സൂചിപ്പിക്കാം.

- കണികാട്ടി ഭഗവതി - ശ്രീമഹാദേവന്റെ ഹോമകുണ്ഡത്തിൽ നിന്നുത്ഭവിച്ച ദേവതയാണ്. വേലന്മാരുടെ കാലചാമുണ്ഡി തോറ്റത്തിൽ ഈ ദേവതയെ ക്കുറിച്ചുള്ള പരാമർശമുണ്ട്.

- ആര്യപ്പൂങ്കന്നി - ഈ ദേവത വൈദികേതര സങ്കല്പത്തിലുള്ളതാണ്.

- ആയിരംതെങ്ങിൽ ഭഗവതി - അന്നപൂർണ്ണേശ്വരിയോടൊത്ത് ആയിരം തെങ്ങ് എന്ന സ്ഥലത്ത് മരക്കലത്തിൽ വന്നതെന്ന് വിശ്വാസം. വണ്ണാൻമാർ ഭഗവതിയുടെ തെയ്യക്കോലം കെട്ടിയാടാറുണ്ട്.

- ആരിയപ്പൂമാല - വടക്കൻ കേരളത്തിലെ ചില കഴകങ്ങളിലും, പൂമാലക്കാ വുകളിലും ആരാധിക്കുന്നു.

- ആരിയ ഭഗവതി - അന്നപൂർണ്ണേശ്വരിയോടൊത്ത് ആരിയർ നാട്ടിൽനിന്ന് മലനാട്ടിൽ എത്തിച്ചേർന്ന മരക്കലദേവതയാണ് ആരിയ ഭഗവതി.

- ആലാട ഭഗവതി - ആലമാടഭഗവതിയാണ് ആലാടഭഗവതിയായി ആരാധിക്കപ്പെടുന്നത്. ഈ ഭഗവതിയുടെ തെയ്യക്കോലം 'മാവിലർ' കെട്ടിയാടാറുണ്ട്.

- കാനക്കര ഭഗവതി - ഗ്രാമീണദേവതയാണ് കാനക്കര ഭഗവതി. വണ്ണാൻമാർ ഈ ഭഗവതിയുടെ കോലം കെട്ടിയാടുന്നു.

- കാനഞ്ചേരി ഭഗവതി - വലിയ ഭഗവതി സങ്കല്പമാണ് ഈ ദേവതയ്ക്കുള്ളത്. ആശാരിമാരുടെ ആരാധനാമൂർത്തിയാണ്

- കാപ്പാട്ട് ഭഗവതി - തായ്പരദേവതാ സങ്കല്പത്തിലുള്ളതാണ് ഈ ദേവത. മണിയാണിമാരുടെ നാല് മുഖ്യകഴകങ്ങളിലൊന്നാണ് പയ്യന്നൂരിലെ കാപ്പാട്ട് കഴകം. കോലം കെട്ടിയാടുന്നത് വണ്ണാൻമാരാണ്.

- കാതിയോട്ട് ഭഗവതി - തൃക്കരിപ്പൂരിന് അടുത്താണ് കാതിയോട്ടു ഭഗവതിയുടെ സ്ഥാനം. തായിപ്പരദേവതയുടെ സങ്കല്പമാണ് ഈ ഗ്രാമദേവതയ്ക്കുള്ളത്. വണ്ണാൻമാർ ഭഗവതിയുടെ തെയ്യം കെട്ടി ആടാറുണ്ട്.

- മമ്പള്ളി ഭഗവതി - കക്കരഭഗവതി സങ്കല്പത്തിൽ ആരാധിക്കുന്ന ഒരു ഗ്രാമദേവത. വണ്ണാൻ സമുദായത്തിൽപ്പെട്ടവർ ഈ ദേവതയുടെ തെയ്യക്കോലം കെട്ടിയാടാറുണ്ട്.

- ആലങ്ങാട്ടുഭഗവതി - ശാക്തേയ സങ്കല്പത്തിൽ ഈ ദേവത ആരാധിക്കപ്പെടുന്നു. മുന്നൂറ്റാൻമാർ ഭഗവതിയുടെ കോലം കെട്ടിയാടാറുണ്ട്.

- ആലംകുളങ്ങര ഭഗവതി - ശ്രീമഹാദേവനാൽ തോറ്റിച്ചമയ്ക്കപ്പെട്ട ഗ്രാമദേവതയാണ് ആലംകുളങ്ങര ഭഗവതി. ഈ ദേവതയുടെ വട്ടമുടിവെച്ച തെയ്യക്കോലം വണ്ണാന്മാർ കെട്ടിയാടുന്നു.

- ആര്യക്കര ഭഗവതി - ഒരു മരക്കല ദേവത. ആര്യക്കരയിൽ നിന്ന് മലനാട്ടിൽ എത്തി എന്ന് വിശ്വസിക്കുന്നു. വണ്ണാന്മാർ, പുലയ സമുദായക്കാർ ഈ ദേവതയുടെ തെയ്യം കെട്ടിയാടുന്നു.

- കുളത്തൂ ഭഗവതി - ഈ ദേവിയുടെ തെയ്യക്കോലം കാഞ്ഞരങ്ങാട് ശിവ ക്ഷേത്രനടയിൽ വട്ടമുടി അണിഞ്ഞ് കെട്ടിയാടാറുണ്ട്. ഈ ഭഗവതി പുറ പ്പെട്ടാൽ കുളത്തിന്റെ നേർക്കുനോക്കി അട്ടഹസിക്കുന്നു.

- കളരിയാൽ ഭഗവതി - വലിയ ഭഗവതി സങ്കല്പത്തിലുള്ള കളരിയുടെ അധിദേവതയാണ്. വളപട്ടണത്തുള്ള കളരിവാതുക്കൽ എന്ന ക്ഷേത്ര ത്തിലെ മുഖ്യദേവത. വണ്ണാൻ സമുദായക്കാർ ഈ ഭഗവതിയുടെ തെയ്യ ക്കോലം കെട്ടിയാടാറുണ്ട്.

- നാഗച്ചേരി ഭഗവതി - ഈ ഭഗവതിക്ക് തായ്പ്പരദേവതാ സങ്കല്പമാണുള്ള ത്. തെയ്യക്കോലം കെട്ടിയാടുന്നത് വണ്ണാന്മാരാണ്.

- നാഗഭഗവതി - നാഗദേവതാസങ്കല്പത്തിലുള്ള ഈ ഭഗവതിയുടെ തിറ പാണന്മാർ കെട്ടിയാടുന്നു. ശ്രീ മഹാദേവന്റെയും ശ്രീമൂല ശക്തിയുടേയും മകളാണെന്ന് തോറ്റം പാട്ട് പുരാവൃത്തത്തിൽ പരാമർശിക്കുന്നു.

- ചുഴലി ഭഗവതി - അഗ്രശാല മാതാവിന്റെ സഹോദരിയാണ് ചുഴലി ഭഗവ തിയെന്ന് വിശ്വസിക്കുന്നു. ഈ ഭഗവതി ചുഴലി സ്വരൂപക്കാരുടെ പരദേവ തയാണ്. മുഖ്യ ആരാധനാകേന്ദ്രം ചുഴലിക്ഷേത്രമാണ്.

- കായ ഭഗവതി - രൗദ്രഭാവത്തിലുള്ള ദേവതയാണ്.

- മുച്ചിലോട്ടു ഭഗവതി - മുച്ചിലോട്ട് കാവുകളിലെ മുഖ്യദേവത. ഇത് വാണി യരുടെ കുലദൈവമായി ആരാധിച്ചുപോരുന്നു.

ഇതൊക്കെയാണ് കാളിയോടൊപ്പം ആരാധിക്കുന്ന ചില അമ്മ ദൈവങ്ങൾ

### 1.2.1 കാളീപുരാവൃത്തം

അക്ഷരജ്ഞാനംകൊണ്ടും ലോകജ്ഞാനംകൊണ്ടും വളരെയധികം പിന്നി ലായിരുന്ന സാധുക്കളായിരുന്നു ഗ്രാമീണ ജനത. ഈ ജനതതിയുടെ നിഷ്കളങ്ക മായ നാടൻസങ്കല്പങ്ങളും വിശ്വാസപ്രമാണങ്ങളുമാണ് നാട്ടുപുരാവൃത്തങ്ങൾക്ക് അവലംബമായി വരുന്നത്. അതുകൊണ്ടുതന്നെ അവ എല്ലാകാലത്തും ആ മനു

ഷ്യരുടെ വൈജ്ഞാനികവും സൗന്ദര്യബോധത്തിലധിഷ്ഠിതവുമായി പ്രതിഫലിക്കുന്നു. ഒരു ജനവിഭാഗത്തിന്റെ സാംസ്കാരിക പശ്ചാത്തലം, സാമ്പത്തിക പരിതസ്ഥിതി, ഘടനാപരമായ സാമൂഹികബന്ധം, മതം, ജീവിതാനുഷ്ഠാനങ്ങൾ മുതലായ അനവധി ഘടകങ്ങൾ നാടൻ പുരാവൃത്തങ്ങളുടെ അന്വേഷണത്തിൽനിന്നും അതിന്റെ അപഗ്രഥനത്തിൽ നിന്നും പഠിക്കാൻ കഴിയും.

പുരാവൃത്തങ്ങളെ ഉച്ചപുരാവൃത്തമെന്നും അവചപുരാവൃത്തമെന്നും രണ്ടായി തിരിക്കാം. ഒരു ജാതിക്കോ സമൂഹത്തിനോ വർഗ്ഗത്തിനോ തനതായ പുരാവൃത്തസഞ്ചയങ്ങൾ ഉണ്ടാകും. ഈ പുരാവൃത്തത്തിന് ഇതരസമൂഹത്തിൽ നിലനിൽക്കുന്ന പുരാവൃത്തവുമായി സാമ്യമുണ്ടായിരിക്കില്ല. മറ്റു സമുദായത്തിലുള്ളവർ ഇതിനെ ശ്രേഷ്ഠമായി കരുതണമെന്നുമില്ല. അത് ആ സമൂഹത്തിന്റെ മാത്രം പുരാവൃത്തങ്ങളായിരിക്കും. ഇതിനെ അവചപുരാവൃത്തമെന്ന് വിളിക്കുന്നു. എന്നാൽ വിവിധ സമൂഹങ്ങളെ ഒരേ തരത്തിൽ സ്വാധീനിക്കുന്ന പൊതുവായ ഒരു പുരാവൃത്തം കണ്ടേക്കാം. ഇതിനെ ഉച്ചപുരാവൃത്തമെന്ന് പറയുന്നു (രാഘവൻ പയ്യനാട്, 2012: 179).

ചരിത്രകാരന്മാരും പണ്ഡിതന്മാരും ഗഹനമായ വിശകലനങ്ങൾക്കും പഠനങ്ങൾക്കും തെരഞ്ഞെടുത്തിട്ടുള്ള നാടോടിസാഹിത്യമാണ് പുരാവൃത്തം. പ്രപഞ്ചോല്പത്തി, മനുഷ്യോല്പത്തി, വർഗ്ഗോല്പത്തി, ദേവതോല്പത്തി, പാപോല്പത്തി എന്നിങ്ങനെ സൃഷ്ടിയെ സംബന്ധിക്കുന്ന പുരാസങ്കല്പങ്ങളെല്ലാം ഉല്പത്തീപുരാവൃത്തത്തിലാണ് ഉൾപ്പെടുന്നത്.

ഒരു വർഗ്ഗത്തിന്റെയോ വിഭാഗത്തിന്റെയോ ദേശത്തിന്റെയോ പ്രകൃതി പ്രതിഭാസങ്ങളെ വിവരിക്കുന്നതും അലൗകിക ഘടകങ്ങൾ അടങ്ങുന്നതുമായ പാരമ്പര്യകഥ എന്നാണ് പുരാവൃത്തത്തെ സംബന്ധിച്ച് 'എം.വി. വിഷ്ണുനമ്പൂതിരി' അഭിപ്രായപ്പെടുന്നത് (വിഷ്ണുനമ്പൂതിരി, 2010: 13). ഓരോ ജനതയുടെ മനസ്സിലും ചിന്തകളിലും കണ്ടും കേട്ടും അറിഞ്ഞതായിട്ടുള്ള നാടൻകഥകളുടെയും പാട്ടുകളുടെയും പുത്തൻ വിശകലനങ്ങൾ നടക്കുന്നുണ്ട്. പാരമ്പര്യമായി കിട്ടിയ നാടോടിക്കഥകളായിരിക്കാമെങ്കിലും ഓരോ ജനവിഭാഗവും അവരവരുടെ ചിന്തകൾക്കും ബോധ്യത്തിനുമനുസരിച്ച് പുനഃരവതരിപ്പിക്കുന്നു. യോജിപ്പിന്റെയും വിയോജിപ്പിന്റെയും വർത്തമാനകാല വിശകലനങ്ങൾക്കുശേഷമാണ് ഇതിന്റെ അവതരണം.

പാരമ്പര്യകഥാസാരങ്ങളാണ് നാട്ടറിവിലൂടെ ലഭ്യമായിട്ടുള്ള പുരാവൃത്തങ്ങൾ. മുൻകാലങ്ങളിൽ എപ്പോഴോ നടന്ന പ്രാചീന മനുഷ്യന്റെ അന്വേഷണാത്മക ചിന്ത കളായിട്ടാണ് പുരാവൃത്തങ്ങളെ കണ്ടുവരുന്നത്. ഇത് പുനഃരാവിഷ്കരിക്കുമ്പോൾ മാറിയ കാലത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലാണ് കഥ നടക്കുന്നതെന്ന് കേൾവിക്കാരന് തോന്നും. ഏതെങ്കിലും വിഷയത്തിന്റെ ഉല്പത്തിയെക്കുറിക്കുന്ന കഥ മാത്രമാണ് ഫോക്‌ലോറിനെ സംബന്ധിച്ച് പുരാവൃത്തമായി പരിഗണി ക്കാറുള്ളൂ. ഉല്പത്തിയെ പരാമർശിക്കാത്ത കഥകൾ ശരിയാണെങ്കിലും പുരാവൃ ത്തമായി പരിഗണിക്കാറില്ല.

പാർശ്വവൽക്കരിക്കപ്പെട്ട ഏതെങ്കിലും ഒരു ജനതയുടെ ജീവിതത്തിലെ കഥപറച്ചിലുകളാണ് നാടോടിക്കഥകൾക്ക് വിഷയമാകുന്നത്. ഇത്തരം കഥകളി ലേക്ക് അഭൗമ ശക്തികളെ പ്രവേശിപ്പിച്ച് അതിസാഹസിക സന്ദർഭങ്ങൾ സൃഷ്ടി ക്കുന്നു. ഇത് പിന്നീട് ദേവീദേവപുരാവൃത്തങ്ങളായി പരിണമിക്കുന്നു. ''ഏതെങ്കിലും രീതിയിലുള്ള സംഘർഷത്തിന്റെ പരിഹാരത്തിനുള്ള യുക്തിസഹ മായ ഒരു ഉപാധിയായിരിക്കും ഏതു പുരാവൃത്തവും'' എന്ന് ലെവിസ്ട്രോസ് പറ യുന്നത് രാഘവൻ പയ്യനാട് 'ഫോക്‌ലോർ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തു ന്നുണ്ട് (രാഘവൻ പയ്യനാട്, 2012: 186).

വളരെ പ്രാചീനമായ ഒരു കാലഘട്ടത്തിന്റെ സൃഷ്ടികളാണ് മറിച്ച് ചരിത്രസത്യങ്ങളല്ല പുരാവൃത്തങ്ങൾ. മാനവചരിത്രത്തെ പൊലിമയോടെ അവതരി പ്പിക്കാനുള്ള മനഃശാസ്ത്രനിഗമനങ്ങളായിട്ടാണ് പുരാവൃത്തത്തെ കാണാൻ കഴി യുന്നത്. എഴുത്തുകാർക്കും കവികൾക്കും ആശയങ്ങളെ രൂപപ്പെടുത്തുവാൻ പുരാവൃത്തങ്ങൾ ഉപകാരപ്പെടുന്നു. പ്രാദേശികചരിത്രത്തിന്റെ രചനയ്ക്കും പുരാ വൃത്തങ്ങൾ വിലപ്പെട്ടതാണ്. ഓരോ ജനതയ്ക്കും ദേശത്തിനും തനതായ പുരാ വൃത്തസഞ്ചയങ്ങൾ ഉണ്ട്. ഇന്ത്യ, ഗ്രീക്ക്, റോം, ബാബിലോണിയ, സുമേറിയ, ഈജിപ്ത്, പേർഷ്യ. ചൈന, ജപ്പാൻ എന്നിവിടങ്ങളിലെല്ലാം പുരാതന സാംസ്കാ രിക മേഖലയുടെ ഭാഗമായാണ് മിത്തുകൾ രൂപമെടുത്തത്. ഏതെങ്കിലും ഒരു മത ത്തിന്റെയോ, സമൂഹത്തിന്റെയോ പൗരാണിക സങ്കല്പങ്ങളെ മൊത്തമായി പറ ഞ്ഞുവെയ്ക്കുന്നതാണ് മിത്തുകൾ. ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം, ജൈന ബുദ്ധമതങ്ങൾ ഇവയ്ക്കെല്ലാം സ്വന്തമായ പുരാവൃത്തങ്ങളുണ്ട് (വിഷ്ണുനമ്പൂ തിരി, 2010:13).

പൂർവകാലങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളെയോ ജീവിച്ചിരുന്ന മനുഷ്യരെയോ, സ്ഥലനാമങ്ങളെക്കുറിച്ചോ ചരിത്രാവശിഷ്ടങ്ങളെക്കുറിച്ചോ പ്രചരിച്ച കഥകൾ സത്യത്തിന് നിരക്കാത്തതായി തോന്നാം. ഇവയിൽ പലതും വാമൊഴിയായി പ്രചരിച്ചിട്ടുള്ളതുമാകാം. എന്നാൽ വെറും പുരാണക്കാരന്റെ വർത്തമാനമായും ഉൽപ്പന്നമായും മാറാതെ ചിലത് നിലനിൽക്കുകയും കൈമാറ്റപ്പെടുകയും ചെയ്യുന്നുണ്ട്. ഏതൊരു സമൂഹത്തിലും ഒന്നോ അതിലധികമോ പുരാവൃത്തങ്ങൾ പ്രചരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു.

പുരാവൃത്തത്തിലെ കഥകളും ഉപകഥകളും മനുഷ്യർക്ക് നേരിട്ട് ബന്ധമുള്ള വസ്തുതയെയോ ചരിത്രപരതയെയോ വലയം ചെയ്യുന്നതോ സാക്ഷ്യപ്പെടുത്തുന്നതോ ആയിരിക്കണമെന്നില്ല. ചില പുരാവൃത്തങ്ങൾ മാന്ത്രികകഥകൾ പോലെയും അപസർപ്പകകഥകൾ പോലെയും വരാം. എന്നിരുന്നാലും ഈ കഥകളെ എല്ലാവരും വിശ്വസിക്കുന്നു. ഇതിൽനിന്നും പുരാവൃത്തങ്ങളിൽ മനുഷ്യർക്ക് വിശ്വസനീയമായതെന്തോ സത്യമായി നിലനിൽക്കുന്നു. ഇത് ആവാസവ്യവസ്ഥയ്ക്ക് അനുകൂലമെങ്കിൽ തുടർന്നും സംരക്ഷിക്കപ്പെടുന്നു. പുരാവൃത്തങ്ങളുടെ ആവിർഭാവകാലത്തെയോ ദേശത്തെയോ കുറിച്ച് സൂചിപ്പിക്കുന്ന തെളിവുകളൊന്നും ലഭ്യമല്ല. അവ ആര് തുടങ്ങിയെന്നോ ഏത് കഥയാണ് ആദ്യം തുടങ്ങിയതെന്നോ ഗവേഷണങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. പക്ഷേ പുരാതനകാലം മുതലേ എല്ലാ നാടുകളിലും രാഷ്ട്രാതിരുകൾക്കപ്പുറത്തും പുരാവൃത്തങ്ങളുണ്ട്. അവയുടെയൊക്കെതന്നെ കഥാതന്തുക്കൾ വ്യത്യസ്തങ്ങളായിരിക്കും. കാലങ്ങൾ എത്ര കഴിഞ്ഞാലും വാമൊഴിയായി പ്രചരിച്ചിട്ടുള്ള ഇത്തരം കഥകൾ മാറ്റങ്ങൾക്കനുസരിച്ച് പല കൂടിച്ചേരലുകൾക്കും മറ്റും വിധേയമായിട്ടുണ്ട്. ഇത് അതിന്റെ ഒരു പ്രത്യേകതയാണ്. നിലവിലുള്ള സന്ദർഭങ്ങൾ ആവശ്യപ്പെടുന്നതെന്തോ അതാണ് ഈ കഥകളിലേക്ക് കടന്നുവരുന്നത്. അത് വ്യക്തമായി പ്രകടമാവുകയും ചെയ്യുന്നുണ്ട്. പക്ഷേ അങ്ങനെയൊക്കെയാണെങ്കിൽപോലും മൂലകഥയിൽ എന്താണോ ഉദ്ദേശിച്ചിരിക്കുന്നത് അതിന്റെ തനിമ ചോർന്നുപോകാതെ അത് അതേപടി നിലനിൽക്കുകയും ചെയ്യുന്നു.

പുരാവൃത്തത്തിന്റെ ധാർമ്മികമായ സാധ്യതയെക്കുറിച്ച് പല അഭിപ്രായങ്ങളും നിഗമനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും തർക്കം ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. വ്യക്തമായ ധാരണയിലെത്താൻ ആർക്കും ഇതുവരെ കഴിഞ്ഞിട്ടുമില്ല. പുരാവൃത്ത

ങ്ങളെക്കുറിച്ച് 19-ാം നൂറ്റാണ്ടിന്റെ ഏതാണ്ട് പകുതി മുതൽ വിശകലനങ്ങൾ നടക്കുന്നുണ്ട്. അവ്യക്തതകളും തർക്കങ്ങളും നിലനിൽക്കുന്നുണ്ട് എങ്കിൽപോലും സാമൂഹിക സൗഹാർദ്ദം ഊട്ടി ഉറപ്പിക്കുന്നതിൽ ആചാരപരവും അനുഷ്ഠാനപരവുമായ ഇത്തരം പുരാവൃത്തങ്ങൾ അനിഷേധ്യമായ പങ്ക് വഹിക്കുന്നുണ്ട്.

പുരാവൃത്തത്തിന്റെ ഭാഷ എന്തെന്ന് ഇതുവരെ നിർവചിക്കാൻ കഴിഞ്ഞിട്ടില്ല. ലോകത്തെ സംബന്ധിച്ച മുഴുവൻ കാര്യങ്ങളും ഭാഷയുടെ പിൻബലത്തിൽ പ്രചരിച്ചതല്ല. അനിതരസാധാരണമായ ഭാവനകളിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതും ചരിത്രബന്ധിതമായി നിലനിന്നിട്ടുള്ളതുമാണ് പുരാവൃത്തങ്ങൾ. ഇത് വാമൊഴിയായി തലമുറകളിലേക്ക് പകർന്നുകൊടുക്കുന്നതിനാൽ കഥാതന്തുവിനാണ് പ്രാധാന്യം. അതിനാൽ ഭാഷയ്ക്ക് പ്രസക്തിയില്ല. ''ഭാവനകൊണ്ട് ഭാഷയ്ക്കുണ്ടാവുന്ന രോഗം'' എന്ന് മാക്സ്മുള്ളറും ''പുരാവൃത്തത്തിന് കാവ്യഭാവനയുമായി മാത്രമല്ല സാധാരണ ഭാഷയുമായും ബന്ധമില്ല'' എന്ന് ലെവിസ്ട്രോസും പറയുന്നത് രാഘവൻ പയ്യനാട് പഠനവിധേയമാക്കുന്നുണ്ട് (രാഘവൻ പയ്യനാട്, 2012: 178).

യുക്തിഭദ്രമല്ലാത്തതും തമ്മിൽ പൊരുത്തപ്പെടാത്തതും സമൂഹം ഉൾക്കൊള്ളാത്തതുമായ പലതും പുരാവൃത്തങ്ങളിൽ കാണുന്നു. കുടവയറോടുകൂടിയ മനുഷ്യന്റെ ഉടലും ആനയുടെ തലയും ഉള്ള ഗണപതി, പത്ത് തലയുള്ള രാവണൻ, അമ്മയെ ഭാര്യയാക്കുന്ന മകൻ ഇതൊക്കെ യുക്തിക്ക് അരോചകമാണ്. പുരാവൃത്തങ്ങളിലെ പ്രതിപാദ്യങ്ങൾ ഇങ്ങനെയൊക്കെയാണ്. ഇന്നത്തെ നിലയ്ക്ക് ഇത് അവിശ്വസനീയമാണ്. എന്നാൽ പണ്ടുനടന്നത് എന്ന് ഇന്നുള്ളവർ വിശ്വസിക്കുന്നു.

കാളീപുരാവൃത്തങ്ങൾക്ക് ഗ്രാമീണ കഥകളിലെ കാളിയും പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കാളീകഥകളുമായും തമ്മിൽ വ്യത്യാസമുണ്ട്. പുരാസങ്കല്പങ്ങളിൽ ശ്രീമഹാദേവന്റെ തൃക്കണ്ണിൽനിന്ന് ജനിച്ച ആറുപേരിൽ ഇളയ സന്തതിയായി പിറവികൊണ്ടവളാണ് കാളി എന്നാണ് ഒരു സങ്കല്പം. ജഗതാത്മാവായ അംബികയുടെ അമ്പേറ്റ് ഒരു അസുരവീരന്റെ നിണം വീഴുകയും ആ അസുരയോദ്ധാവിന് സമാനരായി ഇറ്റിവീണ ചോരയിൽ നിന്ന് അനേകായിരം അസുരപ്പടകൾ ഉണ്ടാകുവാൻ തുടങ്ങിയെന്നും ഇതിൽ കോപാകുലയായിത്തീർന്ന അംബികയുടെ തിരുമിഴിയിൽനിന്ന് കാളി/ചാമുണ്ഡി പിറന്നുവെന്നുമാണ് മറ്റൊരു സങ്കല്പം.

മറ്റൊരു പുരാവൃത്തത്തിൽ ശ്രീ മഹാദേവൻ പാൽക്കടലിൽ ഇറങ്ങി കുളിക ഴിച്ച് കൈലാസത്തിൽ മടങ്ങി എത്തുകയും നടനമാരംഭിച്ച് വിയർത്തപ്പോൾ വിയർപ്പെല്ലാം ഒരു വെള്ളി വട്ടകയിൽ ശേഖരിച്ച് ഹോമകുണ്ഡത്തിലേക്കെറിയു കയും ചെയ്തു. ആ ഹോമകുണ്ഡത്തിൽ നിന്നുണ്ടായിത്തീർന്ന ആറ് മക്കളിൽ ബലവീരമുള്ള പെൺമകളാണ് കാളി.

ദാരികനെ വധിച്ച കാളി എന്ന സങ്കല്പത്തിന് വളരെ പ്രചാരമുള്ളതു പോലെ പാഠഭേദങ്ങളും ഏറെയുണ്ട്. സ്ത്രീകളൊഴിച്ച് മറ്റാരാലും മൃത്യു സംഭവി ക്കില്ലെന്ന വരം ബ്രഹ്മാവിൽനിന്ന് നേടിയ ദാരികാസുരന് രണ്ട് മന്ത്രോപദേ ശവുംകൂടി ലഭിച്ചിരുന്നു. ആ മന്ത്രം ദാരികനും സഹധർമ്മിണിയും അല്ലാതെ മറ്റുവ ല്ലവരും അറിയാൻ ഇടവന്നാൽ ദാരികന് മൃത്യുസംഭവിക്കുമെന്ന് ബ്രഹ്മാവ് മുന്നറി യിപ്പു നിൽകി. ത്രിലോകം അടക്കിവാഴുന്ന നീചനും നികൃഷ്ടനുമായ ദാരികനെ വധിക്കുകയെന്നതായിരുന്നു കാളിയുടെ അവതാരലക്ഷ്യം. ശ്രീ മഹാദേവൻ പതി നെട്ടായുധം കാളിക്ക് വരമായി നൽകി. യാത്രയ്ക്ക് വാഹനമായി ആദി കൈലാസ വേതാളത്തെയും അയച്ചു. കാളിയെ കണ്ടാൽ വേതാളവും, വേതാളത്തെ കണ്ടാൽ കാളിയും ഭയപ്പെടുന്നത് പോലെയായിരുന്നു അവരുടെ രൂപങ്ങൾ. തുടർന്ന് കാളി യുദ്ധകാഹളം മുഴക്കി സൈന്യത്തെ നയിച്ചുകൊണ്ട് ദാരികാപുരിയിൽ പ്രവേശിച്ചു (ദേശവാസിനിയായി പൊക്കണവും ചൂരക്കോലും ചൂടി എന്ന് പാഠഭേദം). കോട്ടയ്ക്കകത്ത് പ്രവേശിക്കുകയും ദാരികനോട് ഭിക്ഷ ആവശ്യപ്പെടുകയും ചെയ്തു. അകത്ത് പ്രവേശിക്കാനും കാലകേയി പൊൻമകളോട് ചോദിച്ചാൽ കിട്ടുമെന്ന് ദാരികൻ അരുൾ ചെയ്യുകയുണ്ടായി. കാർത്യായനിയാകട്ടെ കാലകേയി യോട് ഭിക്ഷയ്ക്കുപകരം തന്ത്രത്തിൽ മന്ത്രോപദേശമാണ് ആവശ്യപ്പെട്ടത്. ബ്രഹ്മാവ് നൽകിയ മന്ത്രോപദേശം പ്രിയപത്നിയിൽനിന്ന് നഷ്ടപ്പെട്ടതോടുകൂടി ദാരികന് നാശം സംഭവിക്കുമെന്ന് ഉറപ്പായി (വിഷ്ണുനമ്പൂതിരി, 2010: 124).

ഏഴ് ദിനരാത്രങ്ങൾ കാളിയും ദാരികനും ഉഗ്രമായി പടപൊരുതി. ദാരി കന്റെ ബലവീര്യങ്ങളെല്ലാം ക്ഷയിച്ചു ദാരികസൈന്യം തോറ്റു. ഒടുവിൽ എട്ടാം നാൾ സന്ധ്യാനേരത്ത് കാളി ദാരികനെ വേതാളത്തിന്റെ നാവിൽവെച്ച് കൈകൾകൊണ്ട് കീറി രക്തം കുടിച്ചു. പച്ചയിറച്ചി വെട്ടി ഭൂതഗണങ്ങൾക്ക് കൊടു ത്തു. ദാരികന്റെ തല പിതാവായ ശിവഭാഗവാന്റെ സമക്ഷത്തിൽ കാഴ്ച വെക്കു കയും ചെയ്തു. ശ്രീ മഹാദേവന്റെ തൃക്കണ്ണിൽനിന്നും ഉത്ഭവിച്ച കാളി

വിശ്വമോഹിനി വേഷമെടുത്ത ശ്രീനാരായണനാണെന്ന് തീയാട്ടുണ്ണികൾ പാടാറുള്ള ദാരികാവധം പാട്ടിൽ (4:96) പറയുന്നു. മഹാവിഷ്ണുവിന്റെ ഉപദേശപ്രകാരം ദുർഗ്ഗാദേവിയാണ് വേഷം മാറിച്ചെന്ന് മനോദരിയിൽനിന്നും മന്ത്രോപദേശം ഗ്രഹിച്ചതും നാഗരൂപത്തിൽച്ചെന്ന് കാളിയെ ഉപദേശിച്ചതെന്നും അതേ പാട്ടിൽ കാണുന്നു.

ലൗകികജീവിതബന്ധമുള്ള വീരനായികയാണ് കാളിയെന്ന് ഗ്രാമങ്ങളിൽ പ്രചാരത്തിലുള്ള പുരാവൃത്തങ്ങൾ വ്യക്തമാക്കുന്നു. ഭദ്രകാളി ഋതുമതിയായപ്പോൾ ശ്രീമഹാദേവന്റെ നിർദ്ദേശമനുസരിച്ച് ആര്യക്കര പെരുവണ്ണാത്തിയോട് മാറ്റിന്ന് ആവശ്യപ്പെട്ടു. കാട്ടുകൂളിയ്ക്ക് മാറ്റ് തരില്ലെന്ന് പറഞ്ഞ് ഇകഴ്ത്തിയ വണ്ണാത്തിയുടെ തലയറുക്കാൻ കാളി ഒട്ടും മടിച്ചില്ല. ദൈവകന്യാവ് വണ്ണാത്തിയുടെ കുടൽമാല പുറത്തെടുത്ത് ദേഹത്തണിയുകയും തലയെടുത്ത് അമ്മാനമാടുകയുംചെയ്തു.

പിന്നീട് ഭദ്രകാളി ഏരച്ചൂരത്തലയിൽ കയറി അവിടെയുള്ള ആയിരം കോൽ ആഴമുള്ള മണിക്കിണറിലെ ഏഴ് തലയുള്ള നാഗത്തിന്റെ തോല് ഉരിഞ്ഞെടുത്ത് പാലയോടും കൈതയോടും ചേർത്ത് ഊഞ്ഞാൽ കെട്ടി പാട്ട് പാടി ആടുകയുണ്ടായി. ഈ സമയം ഊഞ്ഞാൽ തകർന്നു ഭദ്രകാളി കടലിൽ തെറിച്ചുവീണു. രക്തവർണ്ണമായി കടലിൽ തിരമാലകളിളകി. മലവെള്ളപ്പാച്ചിലിൽ നീന്തിത്തുടിക്കുന്ന മുതലയുടെ പുറത്ത് യാത്ര ചെയ്താണ് വെള്ളിയാങ്കല്ലിലെത്തിയത്. അവിടെനിന്ന് ആര്യക്കര പുഞ്ചവയലിലെത്തി ഏലവും ചന്ദനവും കെട്ടിപ്പോകുന്ന പന്ത്രണ്ട് ആര്യന്മാരെ ഭദ്രകാളി കാണുകയും കടത്തുചുങ്കത്തെച്ചൊല്ലി അവരും കാളിയും തമ്മിൽ തർക്കത്തിലേർപ്പെടുകയും ചെയ്തു. ചുങ്കം നൽകാത്തതിനാൽ കോപിഷ്ഠയായ ഭദ്രകാളി ആര്യന്മാരുടെ തലയരിഞ്ഞ് മാലകോർത്ത് തിരുമാറിൽ ചാർത്തുകയും ചെയ്തു.

ശേഷം കോട്ടക്കൽ മരക്കാരുടെ ഭവനത്തിൽ കാളി ചെല്ലുകയും കളിക്കുവാൻ ഒരു കപ്പൽ ആവശ്യപ്പെടുകയുമുണ്ടായി. മരക്കാർ കൊടുത്ത കപ്പലിൽ കയറി തിരമാലകൾ കീറിമുറിച്ചുകൊണ്ട് പാഞ്ഞുപോയി. ആ കപ്പൽ തകർന്ന് ഭദ്രകാളി കടലിൽ വീണു. പിന്നീട് ഒരു മുതലയുടെ പുറത്ത് കയറിയാണ് ഭദ്രകാളി കരയ്ക്കടുത്തത്. മുതലപ്പുറത്തും മരക്കലത്തിലും കയറി സഞ്ചരിക്കുക, പാമ്പിന്റെ

തോൽപൊളിച്ച് ഊഞ്ഞാൽ കെട്ടുക എന്നിങ്ങനെയുള്ള പരാമർശങ്ങൾ പാടിപുകഴ്ത്തപ്പെടുന്ന വീരാപദാനപരമായ ദേവതാപുരാണങ്ങളുടെ സവിശേഷതകളാണ്.

കാളി, ഭദ്രകാളി, ഭഗവതി, ദേവി, തായി തുടങ്ങി പല നാമങ്ങളാൽ അറിയപ്പെടുന്ന സ്ത്രീദേവതകൾ പൊതുവെ നിത്യകന്യകമാരാണെന്നാണ് പുരാവൃത്തസങ്കല്പത്തിലുള്ളത്. പക്ഷേ ഭക്തർക്ക് അവരുടെ മാതാവുമാണ്. ഈ വൈരുദ്ധ്യം ആശയക്കുഴപ്പത്തിലെത്തിക്കുന്നു. ദേവിമാരെല്ലാം അമ്മമാരാണെങ്കിലും അവിവാഹിതകളാണ് എന്ന അഭിപ്രായമാണുള്ളത്. വിവാഹിതകളാണെന്ന സങ്കല്പം വളരെ വിരളമായി കണ്ടുവരുന്നുണ്ടെങ്കിലും ഭാര്യാഭർതൃബന്ധത്തോടെയുള്ള ഒരു കുടുംബജീവിതം കണ്ടെത്തുവാൻ പ്രയാസമുണ്ട്. ഭദ്രകാളിയെ സംബന്ധിച്ച് പാണന്മാർ പാടിനടക്കുന്ന ബലിക്കളതോറ്റംപാട്ടിൽ ഭദ്രകാളി സ്വന്തം ഭർത്താവിന്റെ തലയറുത്തതായി പരാമർശിക്കുന്നുണ്ട്. ദേവി ഭർത്താവിന്റെ തിരുമുമ്പിൽച്ചെന്ന് ഈറൻമാറാൻ ഒരു ചേല ആവശ്യപ്പെട്ടു. സഹധർമ്മിണിക്ക് ചേല കൊടുക്കുവാൻ ഭർത്താവിന്കഴിയാതെ വന്നതിൽ കലിപൂണ്ട കാളി ഭർത്താവിന്റെ തലതന്നെ വെട്ടിയെടുത്ത് അമ്മാനമാടുകയും ചെയ്യുന്നു (വിഷ്ണുനമ്പൂതിരി, 2010: 125)

ഒരു പുരാവൃത്തപാഠഭേദം അതിന്റെ ദേശകാലങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. രൗദ്രമൂർത്തിയായ കാളിയെ പരമശിവൻ നന്മവരുത്തുന്നവളായ ഭദ്രകാളിയാക്കി ഭൂമിയിലേക്കയക്കുന്നു. ഈ പുരാവൃത്തത്തിൽ കാലോചിതമായ ചില മാറ്റങ്ങൾ കാണുന്നു. ബ്രാഹ്മണർ ജാതിഘടനയിലെ വിവിധവിഭാഗങ്ങളിലെ അനുഷ്ഠാനങ്ങൾക്ക് വിധേയമാണ് ഈ പുരാവൃത്തം. എന്നാൽ ജാതി സമ്പ്രദായത്തിലെ എല്ലാ വിഭാഗത്തിന്റെയും അനുഷ്ഠാനങ്ങളിൽ വന്നിട്ടുള്ള പരിവർത്തനങ്ങളിൽ പ്രധാനപ്പെട്ട ദാരികാവധം അതിന്റെ സാരാംശം ചോർന്നുപോകാതെതന്നെയാണ് അവതരിപ്പിക്കപ്പെടുന്നത്.

#### 1.2.1.1 പാഠഭേദം ഒന്ന്

ദാരികന്റെ ദീർഘായുസ്സിന് കാരണമായ മന്ത്രങ്ങൾ നഷ്ടപ്പെട്ടതിനുശേഷം പ്രിയതമനെ കാളിയിൽനിന്ന് മോചിപ്പിക്കാൻ മനോദരി ശിവസമക്ഷം പ്രാർത്ഥനാനിരതയായി. കഠിനമായ തപസ്സിലായിരുന്നു ഭഗവാൻ. കാർത്യായനിയെ മനോദരി കാര്യങ്ങൾ പറഞ്ഞ് ബോധിപ്പിച്ചു. ഇരുവരും പരമശിവനെ തപസ്സിൽനിന്ന്

ഉണർത്താൻ ശ്രമിച്ചുവെങ്കിലും സാധിക്കുന്നില്ല. കാർത്യായനി മനോദരിയെ സമാശ്വസിപ്പിച്ചുകൊണ്ട് ഭഗവാന്റെ വിയർപ്പ് ഒരു കുടത്തിൽ ശേഖരിച്ച് നൽകി. അത് കാളിയുടെ ശരീരത്തിൽ തളിക്കാൻ പറയുന്നു. എങ്കിൽ കാളി വസൂരി പിടിപെട്ട് മൃതിയടയും എന്ന് ബോധിപ്പിച്ചു. കുടവുമായി യുദ്ധക്കളത്തിലെത്തിയ മനോദരി ദാരികൻ വധിക്കപ്പെട്ടതറിഞ്ഞ് ഞെട്ടി. കോപിഷ്ഠയായ മനോദരി വിയർപ്പ് കാളിയുടെ ദേഹത്ത് തളിക്കുകയും കാളി വസൂരി ബാധിതയായി നിലംപതിക്കുകയും ചെയ്തു. വേദനയാൽ പിടഞ്ഞ കാളി ശിവനെ ധ്യാനിച്ചു. ശിവൻ കർണ്ണമലത്തിൽ കണ്ഠാകർണ്ണനെ ജനിപ്പിച്ചു. ശിവന്റെ ആജ്ഞപ്രകാരം കാളിയുടെ ശരീരത്തിലുള്ള വസൂരിക്കുമിളകൾ നക്കിത്തുടച്ച് രോഗശമനമുണ്ടാക്കി. എന്നാൽ മുഖത്തെത്തിയപ്പോൾ സഹോദരനായി പിറന്ന കണ്ഠാകർണ്ണൻ മുഖം നക്കുന്നത് കാളി വേണ്ടെന്നു വെച്ചു. അതിനാലാണ് വസൂരിക്കലകൾ കാളീമുഖത്ത് മായാതെ കിടക്കുന്നത്. ശേഷം കാളി മനോദരിയെ ശപിച്ച് കാലും കണ്ണും ഇല്ലാതാക്കി.

#### 1.2.1.2 പാഠഭേദം രണ്ട്

ദിനവതി, ദാനവതി, ബനക, മനിഷക തുടങ്ങി നാല് അസുര സ്ത്രീകൾ പാതാളത്തിൽ മറഞ്ഞിരുന്നു. ഇതിൽ ഒരുവൾക്ക് ദാരികൻ, കാരുകൻ എന്നീ രണ്ടു പുത്രന്മാർ പിറന്നു. ഇതിൽ കാരുകൻ സൂര്യനെ പ്രാപിക്കുവാനുള്ള യത്നത്തിൽ മൃതിയടഞ്ഞു. തനിച്ചായ ദാരികൻ ശക്തി സംഭരിക്കാനായി ബ്രഹ്മാവിനെ തപസ്സനുഷ്ഠിച്ച് വരം കരസ്ഥമാക്കി. വരം നേടി തെല്ലൊരഹങ്കാരത്തോടെ പോകുന്ന ദാരികനെ കാർത്യായനീദേവിയും വേതാളവും മാർഗ്ഗമദ്ധ്യേ കാണാൻ ഇടയാകുന്നു. തങ്ങളിൽനിന്ന് വരം ചോദിക്കാത്തതെന്താണെന്ന് അവർ ആരാഞ്ഞു. ദാരികൻ പരിഹാസഭാവത്തോടെ പ്രതികരിച്ചതിനാൽ ഇതിന് പ്രതികാരം ചെയ്യുമെന്ന് അവർ ദാരികനോട് പറഞ്ഞു. അഗതിയായ ബ്രാഹ്മണിയുടെ വേഷം ധരിച്ച് കാർത്യായനി ദേവിയാണ്, ഈ കഥയിൽ മനോദരിയിൽനിന്ന് മന്ത്രം കരസ്ഥമാക്കാൻ എത്തുന്നത്. ദാരികവധത്തിനുശേഷം കാളിയുടെ ക്രോധം ശമിപ്പിക്കുവാൻ വീരഭദ്രനെയും ക്ഷേത്രപാലനെയുമാണ് ശിവൻ പറഞ്ഞയക്കുന്നത് (ബാലചന്ദ്രൻ കീഴോത്ത്, 2005, 32). അവർ പിഞ്ചുപൈതങ്ങളായി കരഞ്ഞു. കുട്ടികളോടുള്ള ദയയാൽ അവരെ കോരിയെടുത്ത് കാളി മുലയൂട്ടി; കാളിയുടെ കോപം ശമിക്കുന്നില്ലെന്ന് മനസ്സിലാക്കിയ ശിവൻ കൈലാസത്തിൽ മത്തവിലാസം കൂത്ത് നടത്താൻ

കല്പിച്ചു. ശിവൻ നഗ്നനായി കൂത്തിൽ അവതരിക്കുന്നു. സ്വന്തം അച്ഛന്റെ നഗ്നത കാണാൻ ഇടയായ കാളിയുടെ കോപം ശമിക്കുന്നു.

#### 1.2.1.3 പാഠഭേദം മൂന്ന്

'ദാരികൻ തോറ്റം പാട്ട്' എന്ന കൃതിയിലെ പുരാവൃത്തം പറയുന്നതിങ്ങനെ, വിശ്വാർമണി, ശിഖാമണി, എന്നിങ്ങനെ രണ്ട് മന്ത്രം ബ്രഹ്മാവ് ദാരികനെ ഉപദേശിക്കുന്നു. വരം കരസ്ഥമാക്കി യാത്രയായ ദാരികനെ വേതാളം ശപിക്കുന്നു. കാളി ദാരികനെ വധിക്കാനുള്ള പുറപ്പാടിൽ കൂടെ പോരാൻ ക്ഷണിച്ചത് തൃശ്ശിവപേരൂർ ക്ഷേത്രത്തിന് വടക്കേ അതിരിലുള്ള ഭൂതത്താനെയാണ്. ബ്രാഹ്മി, മഹേശ്വരി, കൗമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡി എന്നീ സപ്തമാതാക്കളെ ഇതിൽ രേഖപ്പെടുത്തുന്നില്ല. അഗതിയുടെ രൂപത്തിൽ വേഷപ്രച്ഛന്നയായി കാളിതന്നെയാണ് മനോദരിയിൽനിന്ന് സൂത്രത്തിൽ മന്ത്രം ചോദിച്ചറിയാൻ ചെല്ലുന്നത്. കാലും നഖവും ഉപയോഗിച്ചാണ് കാളി ദാരികനെ വധിക്കുന്നത്.

#### 1.2.1.4 പാഠഭേദം നാല്

കശ്യപമഹർഷിയുടെ ശാപത്താൽ ഭൂമിയിൽ ജീവിക്കാൻ വിധിക്കപ്പെട്ട രാജാവാണ് ദാരികൻ. ശാപമോക്ഷം കിട്ടുന്നതിനുവേണ്ടി ദാരികൻ കാളിയുമായി (തിരുവർക്കാട്ട് ഭഗവതി) വഴക്കുകൂടിയതിനാൽ തന്റെ വിരലനക്കി കാളി ദാരികനെ വധിക്കുന്നു.

#### 1.2.1.5 പാഠഭേദം അഞ്ച്

ദാരികനെ വധിച്ചതിനുശേഷം രക്തം പാനംചെയ്യാൻ വിറച്ചുതുള്ളി ചെന്ന കാളിയെ വർഷാവർഷങ്ങളിൽ രക്തം നൽകി സംപ്രീതയാക്കാമെന്ന് ജനങ്ങൾ ഉറപ്പുകൊടുക്കുന്നു. ആയതിനാൽ കാളി ശാന്തസ്വരൂപിയായി മാറുന്നു.

#### 1.2.1.6 പാഠഭേദം ആറ്

മാറിയ സാഹചര്യങ്ങൾക്കനുസൃതമായി പറഞ്ഞുവരുന്ന മറ്റൊരു പുരാവൃത്തരൂപത്തിൽ ദാരികാവധം കഴിഞ്ഞ് സംഹാരതാണ്ഡവമാടുന്ന കാളിയുടെ കോപമടക്കാൻ ദേവൻമാർ എല്ലാ വഴികളും പരീക്ഷിച്ചു. വഴങ്ങാതെ വന്നപ്പോൾ പരമശിവനെത്തന്നെ അഭയം പ്രാപിച്ചു. രക്തം ധാരധാരയായി കുടിച്ചിട്ടും കാളിയുടെ

കോപവും ദാഹവും അടങ്ങിയില്ല. ഒടുവിൽ ശിവോപദേശം സ്വീകരിച്ച് സ്വന്തം കൈ തന്നെ മുറിച്ചുകൊണ്ട് രക്തം പാനംചെയ്തപ്പോൾ കാളിയുടെ കോപവും ദാഹവും അടങ്ങി. ശേഷം കാളി ശാന്തഭാവത്തിലായി.

#### 1.2.1.7 പാഠഭേദം ഏഴ്

ദാഹം മാറാതെ ക്രുദ്ധയായി നിൽക്കുന്ന കാളിയുടെ സവിധത്തിലേക്ക് മഹാവിഷ്ണുവിന്റെ നിർദ്ദേശപ്രകാരം ഗരുഡനെ പറഞ്ഞയക്കുകയും കാളിയുടെ സമീപമെത്തിയ ഗരുഡൻ നൃത്തംചെയ്യുകയും ചെയ്യുന്നു. ഗരുഡരക്തം ഏതാനും തുള്ളി കുടിച്ചപ്പോൾ കാളി സൗമ്യയായി മാറുന്നു.

#### 1.2.1.8 പാഠഭേദം എട്ട്

മതിയാകുവോളം രക്തം കുടിക്കാൻ ലഭിക്കാത്തതിനാൽ കാളിയോട് ശണ്ഠ കൂടുന്ന വേതാളം ഗരുഡന്റെ മുതുകിൽ നഖം താഴ്ത്തി രക്തം കുടിക്കുന്നതും പുരാവൃത്ത പാഠഭേദങ്ങളിൽ കാണുന്നു.

#### 1.2.1.9 പാഠഭേദം ഒൻപത്

ശിവനിർദ്ദേശമനുസരിച്ച് സുബ്രഹ്മണ്യൻ പഞ്ചവർണ്ണപ്പൊടി ഉപയോഗിച്ച് കാളിയുടെ രൂപം വരയ്ക്കുകയും പ്രതിരൂപം കണ്ട മാത്രയിൽ കാളി അടങ്ങുകയും ചെയ്യുന്നു.

#### 1.2.1.10 പാഠഭേദം പത്ത്

ഉഗ്രരൂപിണിയായ കാളിയുടെ മുന്നിൽ ശിവൻ പിഞ്ചുകുഞ്ഞിന്റെ രൂപത്തിൽ കിടന്നു. രക്തപാനത്തിനായി ദാഹാർത്ഥയായ കാളി കുഞ്ഞിന്റെ ദേഹത്ത് കാൽവ യ്ക്കുകയും പെട്ടെന്ന് സ്വരൂപം പൂണ്ട ശിവനെ കണ്ടതും അറിയാതെ പിതാവിനെ ചവിട്ടിയതിൽ മനംനൊന്ത കാളി ശാന്തയാവുകയും ചെയ്യുന്നു.

#### 1.2.1.11 പാഠഭേദം പതിനൊന്ന്

ദാരികാവധത്തിനുശേഷം കോപമടക്കാൻ കഴിയാതെ കലിതുള്ളി ഉറയുന്ന കാളിയെക്കണ്ട് ഭയന്നുവിറച്ച ദേവന്മാർ കാളിയെ ശാന്തമാക്കാൻ പോംവഴിക്കായി ശിവഭഗവാനെ സമീപിക്കുന്നു. ശിവഭഗവാനോട് നാരദമുനി കാര്യങ്ങൾ ബോധിപ്പി

ക്കുന്നു. ശിവഭഗവാൻ പഞ്ചവർണ്ണപ്പൊടികൊണ്ട് കോപാകുലയായി നിൽക്കുന്ന കാളീസ്വരൂപം വരച്ച് കാളിയെ കാണിച്ചു. നിലത്തു വരച്ച തന്റെ തന്നെ സ്വരൂപം കണ്ടപ്പോൾ കാളി മനോനില വീണ്ടെടുത്തു.

#### 1.2.1.12 പാഠഭേദം പന്ത്രണ്ട്

ദാരികാവധം കഴിഞ്ഞ് കൈലാസത്തിലേക്ക് യാത്രയായ കാളിയുടെ മാർഗ്ഗ മദ്ധ്യേ ശിവൻ ശിശുവിന്റെ രൂപത്തിൽ കിടന്നു. ഘോരമായി ആർത്തുവിളിച്ച് മുന്നോട്ടു കുതിച്ച കാളി കുഞ്ഞിന്റെ ശരീരത്തിൽ ചവിട്ടി. ഉടനെ ശിവൻ സ്വരൂപ ത്തിൽ പ്രത്യക്ഷപ്പെട്ടു. മനസ്സറിയാതെ പിതാവിനെ ചവിട്ടിയതിൽ കാളിക്ക് ഖേദമു ണ്ടാകുകയും കോപം ശമിക്കുകയും ചെയ്യുന്നു.

സാധാരണ ആശയകൈമാറ്റങ്ങൾക്കായ് അനുവർത്തിച്ചുപോകുന്ന ഭാഷയോ സാമാന്യശൈലിയോ അല്ല പുരാവൃത്തങ്ങളുടേത്. ഇവയുടെ സാരാംശ ങ്ങൾക്ക് അതിവിദൂരമായ കാലത്തോളം തലമുറകൾക്ക് പകർന്നുകൊടുക്കാൻ പാകത്തിലുള്ള മാനവസംസ്കാരത്തിന്റെയും ജീവിതത്തിന്റെത്തന്നെയും ഒരു പ്രതീകാത്മകതയുണ്ട്. അതുതന്നെയാണ് ഇതിന്റെ പ്രസക്തിയും (ബാലചന്ദ്രൻ കീഴോത്ത്, 2005: 35).

### 1.2.2 പാഠഭേദങ്ങളുടെ സാംഗത്യം

കേരളത്തിന്റെ ഗ്രാമാന്തരീക്ഷത്തിൽ പുരാവൃത്തത്തിന് വിവിധ ഭേദങ്ങൾ ഉണ്ടെന്നുള്ളത് വ്യക്തമായി. അവ മുഴുവനും പുരാവൃത്തത്തിന്റെ കേന്ദ്ര ബിന്ദുവായി നിൽക്കുന്ന ആശയങ്ങളാണ്. ഇവ പരസ്പരപൂരകങ്ങളാണെന്നുള്ളത് ഇതിന്റെ സവിശേഷ പ്രത്യേകതയാണ്. കാളിയും കണ്ഠാകർണ്ണനും സഹോദരീസ ഹോദരബന്ധത്തിന്റെ മൂർത്തമായ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു. സഹോദ രിയെ ശുശ്രൂഷിക്കുമ്പോൾ മുഖത്ത് സ്പർശിക്കുന്നത് നിഷേധിക്കുന്നത് അതുകൊ ണ്ടാണ്. അതുപോലെത്തന്നെ പിതാവിന്റെ നഗ്നത കണ്ട് കോപം അടങ്ങുന്ന കാളി പിതൃപുത്രീബന്ധത്തിന്റെ വിശുദ്ധിയും ദാരികന്റെ ജീവനുവേണ്ടി യാചി ക്കുന്ന മനോദരിയിൽ ലൗകിക ജീവിതത്തിന്റെ അന്തസത്തയും, കുഞ്ഞിനെ കാണുമ്പോൾ മുലയൂട്ടുകയും കോപം ശമിക്കുകയും ചെയ്യുന്ന കാളിയിൽ തലമുറ കൾക്ക് വേണ്ടിയുള്ള കരുതലും കരുണയും നമുക്ക് ദർശിക്കാവുന്നതാണ്.

പുരാവൃത്തങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ അതതു ദേശത്തിന്റെയും സംസ്കാരത്തിന്റെയും അവിടുത്തെ ജീവിതസാഹചര്യങ്ങളുടേയും അവസ്ഥ കൾക്കനുസരിച്ചുള്ളതായിരിക്കും. ഇത് അവരുടെ സാമൂഹിക ജീവിതത്തിന്റെ സുരക്ഷയ്ക്കും അടുക്കും ചിട്ടകൾക്കും വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ലോക ത്തിന്റെ പ്രധാന മതങ്ങളായ ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാംമതം തുടങ്ങിവയ്ക്കെല്ലാം ഇന്ത്യയിലും തനതായ പുരാവൃത്തങ്ങൾ ഉണ്ട്. ഭാഷയോ, രാജ്യമോ, മതമോ എന്തുമായിക്കൊള്ളട്ടെ ദ്വന്ദ്വകല്പനകളായ നന്മയും തിന്മയും പ്രതിപാദിക്കുന്ന സന്ദർഭോചിതമായ അവസ്ഥയെ പ്രതിഫലിപ്പിക്കുന്ന തായിരിക്കും എല്ലാം. കേരളത്തിൽ ക്ഷേത്രങ്ങളുടെയും കാവുകളുടെയും പുരാവൃ ത്തങ്ങളും അനുഷ്ഠാനങ്ങളും ഇഴുകിച്ചേർന്ന് ഒരു സാംസ്കാരികപശ്ചാത്തലമാണ് രൂപപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ വൈദേശികവും പ്രാദേശികവുമായ വിശ്വാ സസങ്കല്പങ്ങൾ ഇവ വ്യാപിക്കാൻ ഇടയായിട്ടുണ്ട്. ഇത്തരം കണ്ടെത്തലുകൾക്ക് നിദാനമായിട്ടുള്ള ചില ക്ഷേത്രങ്ങളെയും കാവുകളെയും പഠനവിധേയമാക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമായിരിക്കും.

## 1.3 കാളി ആരാധനാലയങ്ങൾ – കേരളത്തിൽ

കാവുകളായും ക്ഷേത്രങ്ങളായും കേരളത്തിൽ നിരവധി കാളീയാരാധനാല യങ്ങൾ സ്ഥിതിചെയ്യുന്നു. അതിൽ ചില ക്ഷേത്രങ്ങളെയും കാവുകളെയുംക്കുറിച്ച് സൂചിപ്പിക്കുന്നു.

### 1.3.1 ആറ്റുകാൽ ദേവീക്ഷേത്രം

ആറ്റുകാൽ ദേവീക്ഷേത്രം തിരുവനന്തപുരം ജില്ലയിലാണ്. കിള്ളിയാറ്റിൻ കരയിൽ വടക്കുദർശനമായി സ്ഥിതിചെയ്യുന്നു. ഭഗവതിയാണ് പ്രതിഷ്ഠ. ആറ്റു കാൽദേവി കണ്ണകിയാണെന്ന് വിശ്വസിക്കുന്നു. വർഷത്തിലൊരിക്കൽ ആറ്റുകാല മ്മയ്ക്ക് പൊങ്കാലയിടുന്നത് ഒരു ആഘോഷമാണ്.

### 1.3.2 അണിയൂർ ദുർഗ്ഗാക്ഷേത്രം

അണിയൂർ ദുർഗ്ഗാക്ഷേത്രം തിരുവനന്തപുരം ജില്ലയിലാണ്. ശ്രീകാര്യം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പ്രധാനമൂർത്തി ബാലദുർഗ്ഗ, ശിവൻ, ശാസ്താവ്, ഗണപതി, വിഷ്ണു, ചാമുണ്ഡേശ്വരി, നാഗം ഉപദേവതകൾ. തോട്ടത്തിൽ മഠ

ത്തിലെ ബ്രാഹ്മണൻ സന്താനലബ്ധിക്കുവേണ്ടി ഇവിടെ വന്നിരുന്ന് സന്താനഗോപാലമന്ത്രം ജപിച്ച് സിദ്ധിവരുത്തി ദേവിയെ പ്രത്യക്ഷപ്പെടുത്തി പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം.

### 1.3.3 ചെട്ടിക്കുളങ്ങര ഭഗവതിക്ഷേത്രം

ചെട്ടികുളങ്ങര ഭഗവതീക്ഷേത്രം ആലപ്പുഴ ജില്ലയിൽ ചെട്ടിക്കുളങ്ങര ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു. ഭഗവതിയാണ് പ്രതിഷ്ഠ. അഷ്ടലക്ഷ്മിയും അഷ്ട ദുർഗ്ഗയും അഷ്ട സരസ്വതിയും ചേർന്ന ആദിപരാശക്തിയായ ഭഗവതിയാണെന്ന് ഐതിഹ്യം. കൊടുങ്ങല്ലൂർ ഭഗവതിയുടെ അംശമായി ഭഗവതിയെ വിശ്വസിച്ചുപോരുന്നു.

### 1.3.4 മലയാലപ്പുഴ ദേവീക്ഷേത്രം

മലയാലപ്പുഴ ദേവീക്ഷേത്രം പത്തനംതിട്ടയിലെ മലയാലപ്പുഴയിൽ സ്ഥിതി ചെയ്യുന്നു. ഭദ്രകാളിയാണ് പ്രധാന പ്രതിഷ്ഠ. കേരളത്തിലെ നൂറ്റിയെട്ട് ദുർഗ്ഗാലയങ്ങളിൽ ഒന്നാണ് ഇത്. കന്നിമൂലയിൽ വിഘ്നേശ്വരപ്രതിഷ്ഠയും ശിവലിംഗപ്രതിഷ്ഠയും ഉണ്ട്. പ്രധാന പ്രതിഷ്ഠയ്ക്കു മുന്നിലായി അഭിഷേകബിംബവും ശീവേലിബിംബവും പഞ്ചലോഹത്തിൽ തീർത്ത് വെച്ചിരിക്കുന്നു.

മൂകാംബികയിൽ ദർശനംകഴിഞ്ഞ് വരുമ്പോൾ ഒരു നമ്പൂതിരി അദ്ദേഹത്തിന്റെ തേവാരവിഗ്രഹത്തിൽ അമ്മയെ ആവാഹിച്ചുകൊണ്ടുവന്ന് അഞ്ച് മലദൈവങ്ങളുടെ മധ്യത്തിലായി ഒരു മലയിൽ പ്രതിഷ്ഠിച്ചു എന്ന് ഐതിഹ്യം. മൂലപ്രതിഷ്ഠ ഇപ്പോഴും മലമുകളിലുണ്ട്.

### 1.3.5 ആലംതുരുത്തി ദുർഗ്ഗാക്ഷേത്രം

ആലംതുരുത്തി ദുർഗ്ഗാക്ഷേത്രം പത്തനംതിട്ട ജില്ലയിലാണ്. ചങ്ങനാശ്ശേരി വഴിയിൽ ഇഴിഞ്ഞില്ലം ചിറയ്ക്കടുത്ത് സ്ഥിതിചെയ്യുന്നു. പ്രധാന പ്രതിഷ്ഠ ദുർഗ്ഗയും ഉപദേവത ശാസ്താവുമാണ്. മാതംഗമഹർഷി പ്രതിഷ്ഠിച്ചു എന്ന് ഐതിഹ്യം.

### 1.3.6 ചക്കുളത്ത് കാവ്

ചക്കുളത്തുകാവ് ആലപ്പുഴ ജില്ലയിലാണ്. തലവടിഗ്രാമത്തിൽ നീരേറ്റുപുറം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. ഹനുമാൻ പ്രതിഷ്ഠയും ഉണ്ട്. വേടന്റെ മഴുകൊണ്ട് സർപ്പത്തിന് മുറിവേൽക്കുന്നു. സർപ്പം കയറിയ പുറ്റിൽനിന്ന് വന ദുർഗ്ഗയുടെ ബിംബം ലഭിക്കുകയും ഒരു ബ്രാഹ്മണൻ പൂജകൾ ചെയ്ത് ബിംബത്തെ പ്രതിഷ്ഠ നടത്തി എന്നുമാണ് ഐതിഹ്യം.

### 1.3.7 ആനിക്കാട് ഭഗവതിക്ഷേത്രം

ആനിക്കാട് ഭഗവതിക്ഷേത്രം കോട്ടയം ജില്ലയിലാണ്. പള്ളിക്കത്തോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പ്രധാനമൂർത്തി ഭദ്രകാളിയും ശിവൻ, മുരുകൻ, ഗണപതി, ശാസ്താവ് തുടങ്ങിയവർ ഉപദേവതകളുമാണ്. കൊടുങ്ങല്ലൂരിൽനിന്നും ആവാഹിച്ചു കൊണ്ടുവന്ന് തെക്കുന്തല ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച ഭഗവതിയെ ക്ഷേത്രത്തിലെ ഗരുഡൻതൂക്കത്തെ ചൊല്ലി അഭിപ്രായവ്യത്യാസമുണ്ടായ തിനെത്തുടർന്ന് അവിടത്തെ ഭരണാധികാരിയായിരുന്ന അമ്പഴത്തുങ്കൽ കർത്താവ് ആനിക്കാട് ഭഗവതിക്ഷേത്രം പണിതു എന്നതാണ് വിശ്വാസം.

### 1.3.8 കാർത്യായനീക്ഷേത്രം

കാർത്യായനീക്ഷേത്രം ആലപ്പുഴ ജില്ലയിൽ ചേർത്തല ടൗണിലാണ് സ്ഥിതി ചെയ്യുന്നത്. ഭഗവതിയാണ് പ്രതിഷ്ഠ. വില്ലമംഗലം സ്വാമിയാണ് പ്രതിഷ്ഠ നടത്തി യത് എന്ന് ഐതിഹ്യം. ചേറ് നിറഞ്ഞ കുളത്തിൽ പണിത കരിങ്കൽത്തറയിൽ കിഴക്ക് ദർശനമായി ഭഗവതിയുടെ തലമാത്രമാണ് പ്രതിഷ്ഠ.

### 1.3.9 അഴകിയകാവ് ദേവീക്ഷേത്രം

അഴകിയകാവ് ദേവീക്ഷേത്രം എറണാകുളം ജില്ലയിലെ പള്ളുരുത്തി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഭഗവതിയാണ് പ്രധാനപ്രതിഷ്ഠ. ശിവൻ, ശാസ്താ വ്, ഗണപതി, യക്ഷി, നാഗം എന്നിവരാണ് ഉപദേവതകൾ. കൊടുങ്ങല്ലൂർ ക്ഷേത്ര ത്തിൽ പോകുന്നവരെ തടയാൻ കൊച്ചിരാജാവ് നിർമ്മിച്ചതാണ് അഴകിയ കാവ് ദേവീക്ഷേത്രമെന്ന് പോർത്തുഗീസുപാതിരി ഫാ: 'ജേക്കബ് ഫെനീഷ്യോ' രേഖപ്പെ ടുത്തുന്നു.

### 1.3.10 ചോറ്റാനിക്കര ഭഗവതിക്ഷേത്രം

ചോറ്റാനിക്കര ഭഗവതീക്ഷേത്രം എറണാകുളം ജില്ലയിലാണ്. ചോറ്റാനിക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. മേൽക്കാവിൽ ഭഗവതിയും കീഴ്കാവിൽ ഭഗവതിയുമാണ് പ്രധാന പ്രതിഷ്ഠകൾ. രുദ്രാക്ഷശിലയിലുള്ളതാണ് മേൽക്കാവിൽ ഭഗവതിയുടെ പ്രതിഷ്ഠ. നാരായണന്റെ വിഗ്രഹവുമുണ്ട്. കൃഷ്ണശിലയിലാണ് കീഴ്ക്കാവിൽ ഭഗവതിയുടെ പ്രതിഷ്ഠ. ശ്രീകോവിലിനുള്ളിൽ മഹാവിഷ്ണു, ശിവൻ, ബ്രഹ്മാവ്, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ് എന്നീ ഉപപ്രതിഷ്ഠകളാണുള്ളത്.

### 1.3.11 എട്ടുകാട്ടുകളരിക്കൽ ഭഗവതിക്ഷേത്രം

എട്ടുകാട്ട് ഭഗവതീക്ഷേത്രം എറണാകുളം ജില്ലയിലാണ്. കലൂരിൽ എളമക്കരയിൽ സ്ഥിതിചെയ്യുന്നു. ഭദ്രകാളിയാണ് പ്രതിഷ്ഠ. ചാമുണ്ഡീദേവിയെ പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നു. കളരിയും കാവലിന് ബ്രഹ്മരക്ഷസ്സുമുള്ള എട്ടുകാട്ട് കുടുംബക്ഷേത്രമായിരുന്നു എന്ന് ഐതിഹ്യം. ഗണപതി, ഭുവനേശ്വരി, കണ്ഠാകർണ്ണൻ, ബ്രഹ്മരക്ഷസ്സ് എന്നീ ഉപദേവതാപ്രതിഷ്ഠകളും ഉണ്ട്.

### 1.3.12 പാതിരാക്കാട്ടുകാവ് ഭഗവതിക്ഷേത്രം

പാതിരിക്കാട്ട് ഭഗവതീക്ഷേത്രം എറണാകുളത്ത് കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്നു. വനദുർഗ്ഗാദേവിയാണ് പ്രതിഷ്ഠ. നാലകത്തിന് വെളിയിൽ ഉള്ള ഇലവ് വൃക്ഷച്ചുവട്ടിലെ യക്ഷിയമ്മയ്ക്കാണ് ഇവിടെ പ്രാധാന്യം. വടയക്ഷിയെയാണ് ഭക്തർ ആശ്രയിക്കുന്നത്. വെറ്റിലയും അടക്കയുമാണ് നേർച്ച. ക്ഷേത്രത്തിന് പുറത്ത് പടിഞ്ഞാറ് ദർശനമായി ശിവനും, നരസിംഹ അവതാരരൂപത്തിൽ വിഷ്ണുവും ഉപദേവതകളാണ്.

### 1.3.13 ഇരിങ്ങോൾക്കാവ് ദേവീക്ഷേത്രം

ഇരിങ്ങോൾക്കാവ് ദേവീക്ഷേത്രം എറണാകുളം ജില്ലയിലാണ്. പെരുമ്പാവൂരിനടുത്ത് ഇരിങ്ങോൾ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. പരാശക്തി ഭൂലോകവാസിയായി വനമധ്യത്തിൽ ഇരുന്നവർ എന്നും, ഇവിടുത്തെ തീർത്ഥക്കുളത്തിന് തെക്കുമാറി യാഗവേദിയിലെ ശിലാരൂപത്തിൽ ദേവി കാർത്ത്യായനി ശക്തിസ്വരൂപി

ണിയായി ഉപവിഷ്ടയാണെന്നും, നൂറ്റാണ്ടുകൾക്കു മുമ്പ് തപസ്സനുഷ്ടിച്ചിരുന്ന ഋഷിമാരാണ് കാവിനകത്തെ വൻമരങ്ങളെന്നുമാണ് ഐതിഹ്യം. ദേവിയാണ് പ്രധാന പ്രതിഷ്ഠ.

### 1.3.14 മൂകാംബിക ക്ഷേത്രം (ദക്ഷിണമൂകാംബിക ക്ഷേത്രം)

മൂകാംബികാക്ഷേത്രം എറണാകുളം ജില്ലയിലാണ്. പറവൂർ ടൗണിൽ സ്ഥിതി ചെയ്യുന്നു. ദക്ഷിണ മൂകാംബികാക്ഷേത്രം എന്നും അറിയപ്പെടുന്നു. സരസ്വതീദേവി താമരയിൽ വസിക്കുന്നു എന്ന സങ്കല്പത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഏക ദേവീക്ഷേത്രമാണ് ഇത്. ക്ഷേത്രത്തിന് അകത്തും പുറത്തുമായി ഗണപതി, സുബ്രഹ്മണ്യൻ, വിഷ്ണു, വീരഭദ്രൻ, ഹനുമാൻ, യക്ഷി തുടങ്ങിയ ഉപദേവതകൾ. പറവൂർ തമ്പുരാക്കന്മാരിൽ ഒരാൾ കർണ്ണാടകയിലെ മൂകാംബികയിൽ ദർശനം നടത്തിവന്നിരുന്നു. തുടർന്ന് പോകാൻ കഴിയാതെയിരുന്നതിനാൽ വരാൻ കഴിയില്ലെന്ന് ദേവിയോട് പ്രാർത്ഥിച്ചു. തിരിച്ച് കൊട്ടാരത്തിലെത്തിയ തമ്പുരാനോട് സ്വപ്നദർശനത്തിലൂടെ ഞാൻ ഇവിടെ എത്തിയെന്നും എന്നെ പ്രതിഷ്ഠിച്ച് പൂജനടത്തിക്കോളൂ എന്നും അതിൻപ്രകാരം തമ്പുരാൻ കോട്ടപ്പുറത്ത് മൂകാംബികാക്ഷേത്രം പണികഴിപ്പിച്ചു എന്നുമാണ് ഐതിഹ്യം (രാജേന്ദ്രൻ, 2001: 1001).

### 1.3.15 കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം

കൊടുങ്ങല്ലൂർ ഭഗവതീക്ഷേത്രം തൃശൂർ ജില്ലയിലാണ്. ഇത് കൊടുങ്ങല്ലൂരാണ് സ്ഥിതിചെയ്യുന്നത്. പരശുരാമൻ സ്ഥാപിച്ച ദേവീക്ഷേത്രങ്ങളിൽ ഒന്നായ ലോകാംബികാക്ഷേത്രമാണെന്ന് ഐതിഹ്യം. ഭഗവതിയാണ് പ്രതിഷ്ഠ. ഉത്സവം ഭരണി നാളിലാണ്. ദാരികാവധം അറിഞ്ഞ ജനം ആഹ്ലാദത്തിൽ സന്നിധാനത്ത് വിളക്കാചാരം ചെയ്യുന്നതാണ് രേവതി വിളക്കിന്നാധാരം. കൊടുങ്ങല്ലൂർ നാലമ്പലത്തിന്റെ വെളിയിലാണ് വസൂരിമാല കുടിയിരിക്കുന്നത് എന്നാണ് ഐതിഹ്യം (ശോഭാ ബാബു, 2012: 145)

### 1.3.16 മൂക്കുതലക്കാവ് ഭഗവതിക്ഷേത്രം

മുക്കോലക്കാവ് ഭഗവതിക്ഷേത്രം മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ നന്നമുക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ചെറുമിയുടെ അരിവാൾ പുല്ലിൽ മറഞ്ഞിരുന്ന ഭഗവതീസാദൃശ്യമുള്ള ഒരു കല്ലിൽ തട്ടി മൂക്കിന്റെ തലമുറി

ഞ്ഞെന്നും, കാലങ്ങൾക്കുശേഷം അവിടെ ഒരു ക്ഷേത്രം ഉണ്ടായെന്നുമാണ് ഐതി ഹ്യം.

### 1.3.17 കാടാമ്പുഴ ഭഗവതിക്ഷേത്രം

കാടാമ്പുഴ ഭഗവതീക്ഷേത്രം മലപ്പുറം ജില്ലയിലെ വെട്ടിച്ചിറക്കടുത്ത് സ്ഥിതി ചെയ്യുന്നു. ശ്രീപാർവതി അധിഷ്ഠാനപ്രതിഷ്ഠ. കുറച്ചകലെയായി ശിവപ്രതി ഷ്ഠയുമുണ്ട്. കൂടാതെ നരസിംഹമൂർത്തിയും സുദർശനമൂർത്തിയും ഉപപ്രതിഷ്ഠ യായുണ്ട്. ശങ്കരാചാര്യർ ഇവിടെ വന്ന സമയം ദിവ്യതേജസ്സ് കാണാൻ ഇടയാ കുന്നു. ദുർശമനമൂർത്തിയേയും നരസിംഹമൂർത്തിയേയും സ്വാമി ഭജിച്ചുവരുത്തി. വൈഷ്ണവശക്തികൾക്ക് മുമ്പിൽ നമിച്ചുകൊണ്ട്, ദിവ്യതേജസ്സ് ഭൂമിയിൽ വിലയം പ്രാപിച്ചു. കിരാതിയായ പാർവതിയാണെന്ന് മനസ്സിലാക്കിയ സ്വാമി പാർവതിയെ പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം (ശോഭാ ബാബു, 2012, 159).

### 1.3.18 തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രം

തിരുമാന്ധാംകുന്ന് ഭഗവതീക്ഷേത്രം മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറ ത്താണ് സ്ഥിതിചെയ്യുന്നത്. ശ്രീമൂലസ്ഥാനത്ത് ശിവലിംഗമാണെങ്കിലും ഭഗവതി യുടെ നാമത്തിലാണ് ഈ ക്ഷേത്രം അറിയപ്പെടുന്നത്. സൂര്യവംശരാജാവായ മാന്ധാതി രാജാവ് ശിവനെ പൂജിക്കാൻ ശിവലിംഗം വേണമെന്ന് ഭഗവാനോട് ആവ ശ്യപ്പെട്ടു. ശിവൻ അതു നൽകി. പാർവതിയുടെ പൂജാബിംബമായിരുന്നു ശിവലിം ഗം. രാജാവ് കുന്നിൻ മുകളിൽവെച്ച് പൂജിച്ചു. ഇതറിഞ്ഞ പാർവതി ഭദ്രകാളി യെയും കൂട്ടി കുന്നിൻ മുകളിലെത്തി. രാജാവിന്റെ തപോബലത്താൽ തിരിച്ചുവാ ങ്ങാനാവാതെ പാർവതിയും മകളും വിഗ്രഹത്തിൽ ലയിച്ചു എന്നാണ് ഐതിഹ്യം. പാർവ്വതിയുടേയും, പരമേശ്വരന്റെയും ഉണ്ണിഗണപതിയുടേയും സാന്നിദ്ധ്യം ശ്രീമൂ ലസ്ഥാനത്ത് ഉണ്ടെന്ന് വിശ്വസിക്കുന്നു.

### 1.3.19 അരക്കുറുശ്ശി ഉദയാർകുന്ന് ഭഗവതിക്ഷേത്രം

അരക്കുറുശ്ശി ഉദയാർകുന്ന് ഭഗവതിക്ഷേത്രം പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് സ്ഥിതിചെയ്യുന്നു. പ്രധാന പ്രതിഷ്ഠ ഭഗവതിയും ശിവൻ, ഭദ്രകാളി, അയ്യപ്പൻ, ഗണപതി എന്നിവർ ഉപദേവതകളുമാണ്. ഉദയാർകുന്ന് ഭഗവതി തിരു മാന്ധാംകുന്നിലമ്മയുടെ അനുജത്തിയാണെന്നും വൈദേശികരായ വൈശ്യവിഭാഗ

ക്കാരായ ചെട്ടിയാന്മാരുടെ ക്ഷേത്രമായിരുന്നു ഇതെന്നും ഐതിഹ്യമുണ്ട്.

### 1.3.20 ലോകനാർകാവ്

ലോകനാർകാവ് കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്ത് കടത്തനാട്ടാണ് സ്ഥിതി ചെയ്യുന്നത്. ഭഗവതിയാണ് ഇവിടുത്തെ പ്രതിഷ്ഠ. തച്ചോളി ഒതേനന്റെ പരദേവതയായ ലോകനാർ ഭഗവതി, പിഷാരിക്കാവ് ഭഗവതിയുടെ സഹോദരിയാണെന്നാണ് സങ്കല്പം. ചുറ്റുമതിലിനുള്ളിൽ ഭഗവതിയെയും ക്ഷേത്രത്തിനകത്ത് വടക്കുപടിഞ്ഞാറെ മൂലയിൽ ശിവഭൂതത്തെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ക്ഷേത്രസമുച്ചയത്തിൽ പഴക്കമുള്ള ഒരു വിഷ്ണുക്ഷേത്രമുണ്ട്. പരശുരാമനാണ് ഇത് പ്രതിഷ്ഠിച്ചതെന്നാണ് ഐതിഹ്യം.

### 1.3.21 അടുക്കത്തു ഭഗവതിക്ഷേത്രം

അടുക്കത്തു ഭഗവതീക്ഷേത്രം കാസർഗോഡ് ജില്ലയിലാണ്. ബീബുങ്കലിനടുത്ത് - പൊയ്നാച്ചി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. അടുക്കത്തു മേലോം എന്നാണ് ഇത് അറിയപ്പെടുന്നത്. മഹിഷാസുരമർദ്ദിനിയാണ് പ്രധാന പ്രതിഷ്ഠ. ഉപദേവത സരസ്വതിയാണ്. കാമലം നായർ എന്ന അടുക്കത്ത് യശമാനന്മാരുടെ ക്ഷേത്രം എന്ന് ഐതിഹ്യം (രാജേന്ദ്രൻ, 2001: 30).

ഈ ക്ഷേത്രങ്ങളിലും കാവുകളിലുമൊക്കെ വ്യത്യസ്തതരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തിപ്പോരുന്നുണ്ട്.

## 1.4 അനുഷ്ഠാനങ്ങൾ

പൂർവികർ പകർന്നുതന്ന വിശ്വാസം അനുസരിച്ചോ കർമ്മശാസ്ത്രപരമായോ അനുഷ്ഠിക്കുന്ന കർമ്മങ്ങളെ പൊതുവെ അനുഷ്ഠാനങ്ങൾ എന്നു പറയുന്നു. സാമൂഹിക വിശ്വാസസന്ദർഭങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയിട്ടുള്ള അനുഷ്ഠാനങ്ങൾക്ക് ജീവിതത്തിൽ വിലപ്പെട്ട സ്ഥാനമാണ് കൽപ്പിച്ചുപോരുന്നത്. മനുഷ്യന്റെ ഈശ്വരചിന്തകളുടെയും സങ്കല്പങ്ങളുടെയും മൂർത്തമായ അവതരണമാണ് അനുഷ്ഠാനങ്ങൾക്ക് ആധാരമായിട്ടുള്ളത്. ഇതിൽ ഏതെങ്കിലും ഒരു കർമ്മം ചെയ്തുകൊണ്ട് ലക്ഷ്യം നേടിക്കഴിഞ്ഞാൽ ആ അനുഷ്ഠാനത്തിന് സ്ഥിരത കൈവരുന്നു. അത് തുടർന്ന് ചെയ്യുവാനും മറ്റുള്ളവരിലേക്ക് പകർന്നു

നൽകുവാനും മനുഷ്യൻ സ്വമേധയാ തയ്യാറാവുന്നു. പിൽക്കാല മതാചാരങ്ങളുമായി ഇത്തരം അനുഷ്ഠാനങ്ങൾ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയും മരണാനന്തരവും ഈശ്വരാരാധനയിൽ അധിഷ്ഠിതമായ പല കർമ്മങ്ങളും അനുഷ്ഠാനമായി ചെയ്തുപോരുന്നു. ഇത് സാംസ്കാരികതലത്തിൽ കലകളിലും വ്യത്യസ്ത വിനോദോപാധികളിലും അനുഷ്ഠാനങ്ങളുടെ സാന്നിദ്ധ്യം ഉള്ളതായി കാണാം. മനുഷ്യന്റെ സാമൂഹിക വ്യവസ്ഥയ്ക്ക് നിശ്ചിതമായി ക്രമവും രൂപവും ക്രമപ്പെടുത്തി വ്യക്തികളെ സാമൂഹികധാരയിൽ നിലയുറപ്പിക്കുവാനും അനുഷ്ഠാനങ്ങൾകൊണ്ട് സാധ്യമാകുന്നു. ഇത്തരം അനുഷ്ഠാനങ്ങൾക്ക് ഭൗതികവും ആത്മീയവുമായ വിശുദ്ധി അനിവാര്യമായതിനാൽ വ്രതമെടുക്കുക പതിവാണ്. മാനവജീവിതത്തിന്റെ ദർശനവും ജീവിതത്തോടുള്ള അവന്റെ മനോനിലയും സ്വപ്നങ്ങളും അനുഷ്ഠാനകർമ്മങ്ങളിലൂടെ തുറക്കപ്പെടുന്നു. വർത്തമാനപരിതസ്ഥിതിയിൽനിന്നും വരും കാലജീവിതത്തിന്റെ സങ്കല്പലോകത്തിലേക്കുള്ള പരിവർത്തനമാണ് അനുഷ്ഠാനങ്ങളിൽ ഉള്ളതെന്ന് കാണുന്നു. സാമൂഹികബന്ധങ്ങളുടെ അരക്കിട്ടുറപ്പിക്കുക എന്ന ധർമ്മം അനുഷ്ഠാനങ്ങൾക്കുണ്ട്.

ഒരു ഗോത്രമോ സമൂഹമോ അതിന്റെ സുരക്ഷിതത്വവും സ്ഥിരതയും ഉറപ്പുവരുത്തുന്നത് അതിൽ ഉൾക്കൊണ്ടിട്ടുള്ള മനുഷ്യരുടെ മനോഭാവവും പാരസ്പര്യതയും വികാരവിചാരങ്ങളും ഒന്നിക്കുമ്പോൾ മാത്രമാണെന്നുകാണാം. അത്തരം ആലോചനകളുടെ ആവിഷ്കരണം അനുഷ്ഠാനങ്ങളായി രൂപമെടുക്കുന്നു. (സുമ, 2016: 81).

ആത്മീയമായ സാംരാംശം ഉൾക്കൊണ്ടിട്ടുള്ള ഒന്നാണ് അനുഷ്ഠാനം. ഏത് മതത്തിന്റേതായാലും അതാത് മതത്തിന്റെ വിശ്വാസപ്രമാണങ്ങളോട് ചേർന്നാണ് അനുഷ്ഠാനങ്ങൾ നിലനിൽക്കുന്നത്. ഇത് പൂർവികരിൽനിന്ന് പരമ്പരാഗതമായി പകർന്ന് കിട്ടിയതാണ്. വിശ്വാസവും പുരാവൃത്തവും അനുഷ്ഠാനങ്ങൾക്ക് പ്രചോദനമേകുന്നു. ആധുനികകാലത്ത് ശാസ്ത്രപുരോഗതിക്കനുസരിച്ച് അനുഷ്ഠാനങ്ങളിൽ പരിവർത്തനങ്ങൾ സംഭവിക്കുന്നു.

ആദിമമനുഷ്യന്റെ ചരിത്രപശ്ചാത്തലം പഠിക്കുമ്പോൾ അനുഷ്ഠാനങ്ങളെ കണ്ടെടുക്കുന്നുണ്ട്. പുരാവൃത്തങ്ങൾ ഇവയുടെ വിശദീകരണമായാണ് കാണാൻ

കഴിയുന്നത്. വ്യക്തികളുടേതല്ലാതെ സമൂഹത്തിന്റേതായ വിശേഷനാളുകൾക്കായി മാറ്റിവെച്ചിട്ടുള്ള അനുഷ്ഠാനങ്ങളുണ്ട്. ഇവയ്ക്കനുസൃതമായി ചിട്ടപ്പെടുത്തിയിട്ടുള്ള കലാരൂപങ്ങളെയാണ് അനുഷ്ഠാനകലകൾ എന്നു പറയുന്നത്. പറണേറ്റ്, മുടിയേറ്റ്, പടയണി, തെയ്യം, തിറ, കാളിയൂട്ട് തുടങ്ങി ഒട്ടേറെ അനുഷ്ഠാനകലകളുണ്ട്. കൃഷിയുടെ ഉയർച്ചയ്ക്ക്, തൊഴിലിന്റെ മേന്മയ്ക്ക്, രോഗശാന്തി, സന്താന ഭാഗ്യം ഇങ്ങനെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളും നിലനിൽക്കുന്നു. ഇതെല്ലാം തന്നെ ഇന്ദ്രിയാതീതശക്തികളെ സംപ്രീതയാക്കുവാൻ അതിലൂടെ മനുഷ്യരുടെ നല്ലനാളെയെ കാംക്ഷിച്ചുമാണ് നടത്തിപ്പോരുന്നത്. സുവ്യക്തമായ ആത്മീയബോധത്തിലധിഷ്ഠിതമായ അർത്ഥതലം അനുഷ്ഠാനങ്ങൾക്കുണ്ട്.

നാശകാരികളായ സകലതിനെയും കരിയിച്ചുകളയുന്ന അഗ്നി, പുത്തൻ ഉണർവിന്റെ പ്രകാശകിരണങ്ങളായി പ്രാചീന മനുഷ്യർ വിശ്വസിച്ചു. കഠിന വേനലിൽ കൃഷികൾ കരിഞ്ഞ് വരൾച്ചയിൽ ജനം പൊറുതിമുട്ടുമ്പോൾ യാഗം എന്ന അനുഷ്ഠാനത്തിലൂടെ മഴ പെയ്യിക്കാൻ ശ്രമിക്കുന്നു. കാർഷികാഭിവൃദ്ധിക്കുവേണ്ടിയാണ് ഇത്തരം അനുഷ്ഠാനങ്ങൾ അനുവർത്തിച്ചത്.

ഭഗവതിയെ കുടിയിരുത്തിയിട്ടുള്ള സ്ഥാനങ്ങളിൽ പ്രീതിക്കുവേണ്ടി പൂരം, വേല, താലപ്പൊലി എന്നീ ആഘോഷങ്ങൾ നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അനുഷ്ഠാനകലാരൂപങ്ങൾ അരങ്ങേറുന്നത്. ഊരായ്മക്കാരും കരക്കാരും ചേർന്നാണ് ഉത്സവങ്ങൾക്ക് തിയ്യതി നിശ്ചയിക്കുന്നത്. ചൊവ്വ, വെള്ളി, ഞായർ എന്നീ ദിവസങ്ങളാണ് ഇതിന് തെരഞ്ഞെടുക്കുന്നത്. മകരച്ചൊവ്വ, കുംഭഭരണി, മീനഭരണി എന്നീ നാളുകളും ഭഗവതിക്ക് വിശേഷപ്പെട്ടവയാണെന്ന വിശ്വാസം നിലനിൽക്കുന്നു. കളമെഴുത്തുപാട്ട്, ഭഗവതിയാട്ട്, തിറയാട്ടം, കലങ്കരി, പാന, പൂതം കളി, തിരിഉഴിച്ചിൽ, കാളകളി, എന്നീ അനുഷ്ഠാന കലകളും ഈ അവസരത്തിൽ അവതരിപ്പിക്കാറുണ്ട്.

കാളീസങ്കല്പത്തിലെ വിശ്വാസസംഹിതയെ ദൃശ്യവൽക്കരിക്കുന്ന ചില കലാരൂപങ്ങളാണ് മുടിയേറ്റ്, പറണേറ്റ്, പടയണി തുടങ്ങിയവ. മലയാളിയുടെ കലാസാംസ്കാരിക ഇടങ്ങളിൽ അനുഷ്ഠാനകലാരൂപങ്ങളുടെ സ്വാധീനം കാതലായ വ്യതിയാനങ്ങളൊന്നും ഇല്ലാതെയും അന്യംനിന്നു പോകാതെയും ഇന്നും നില

നിൽക്കുന്നുണ്ട്. ഇത് കേരളത്തിന്റെ പുരാതന സംസ്കാരത്തിന്റെ പ്രതീകങ്ങളിൽ ഒന്നാണ്.

### 1.4.1 പടയണി

ദേവീക്ഷേത്രങ്ങളിൽ അരങ്ങേറുന്ന അനുഷ്ഠാനകലയാണ് പടയണി. നാടകരൂപത്തിലുള്ള ഈ കലയെ പടേനി എന്നും പറയുന്നു. കാർഷിക വിളവെടുപ്പിന്റെ സമയത്താണ് ഇത് നടത്തിവരുന്നത്. ഓരോ ഗ്രാമത്തിലേയും മുഴുവൻ ജനങ്ങളും വസൂരി രോഗത്തിൽനിന്നും രക്ഷ പ്രാപിക്കുവാനായാണ് ഇത് നടത്തിയിരുന്നത് എന്നതിനാൽ എല്ലാ ജാതിമതവിഭാഗക്കാരും ഇതിൽ പങ്കുകൊള്ളുന്നു.

കമുകിൻ പാളകളാൽ നിർമ്മിച്ച ചെറുതും വലുതുമായ ധാരാളം കോലങ്ങളേന്തി, തപ്പ്, കൈമണി, ചെണ്ട തുടങ്ങിയ വാദ്യമേളങ്ങൾക്കിടയിൽ തീച്ചൂട്ട് പന്തങ്ങളുടെ വെളിച്ചത്തിൽ തുള്ളിയുറയുന്നതാണ് ഇതിന്റെ അവതരണം. ഭദ്രകാളീക്ഷേത്രങ്ങൾ, കാവുകൾ മുതലായ ഇടങ്ങളിലാണ് പടയണി അരങ്ങേറുന്നത്. പ്രധാനമായും പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ മുതലായ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഗ്രാമങ്ങളിൽ പടയണി നടത്താറുണ്ട്. കേരളത്തിലെ പ്രധാന പടയണി പരിശീലനകേന്ദ്രമാണ് കടമ്മനിട്ട പടയണി ഗ്രാമം. ഉത്തരമലബാറിലെ തെയ്യക്കോലങ്ങളുമായി ഇതിന് സാമ്യമുണ്ട്.

മറുതക്കോലം വസൂരിപോലുള്ള മഹാമാരികളിൽനിന്നുള്ള രക്ഷയ്ക്കും, ഇഷ്ടസന്താനം ലഭിക്കുവാൻ കാലാരിക്കോലവും രാത്രിസമയങ്ങളിലെ പേടി മൂലം ഉണ്ടായിത്തീരുന്ന രോഗശാന്തിയ്ക്കായി മാടൻകോലവും കെട്ടുന്നു. സൈനികവിന്യാസത്തെക്കുറിക്കുന്ന പടശ്രേണി എന്ന പദത്തിൽനിന്നും ഉണ്ടായതാണ് പടണി അഥവാ പടേണി (രവികുമാർ, 2010: 13).

### 1.4.2 മുടിയേറ്റ്

മദ്ധ്യകേരളത്തിലെ കാളിക്കാവുകളിൽ അരങ്ങേറിവരുന്ന അനുഷ്ഠാനകലാരൂപമാണ് മുടിയേറ്റ്. കുറുപ്പ്, മാരാർ എന്നീ സമുദായത്തിൽപ്പെട്ടവർ അവതരിപ്പിക്കുന്ന കലയാണിത്. ദാരികാവധമാണ് പ്രമേയം. പന്ത്രണ്ട് മുതൽ ഇരുപതുവരെ ആളുകൾ ചേർന്ന് ഈ കലാരൂപം അവതരിപ്പിക്കുന്നു. തിരിയുഴിച്ചിൽ കളമെഴുത്ത്, പ്രതിഷ്ഠാപൂജ, കളംമായ്ക്കൽ, താലപ്പൊലി മുതലായവയാണ് മുടിയേ

റ്റിലെ മുഖ്യചടങ്ങുകൾ. അരങ്ങുകേളി, അരങ്ങുവാഴ്ത്തൽ, കാളിയുടേയും ദാരിക ന്റേയും പുറപ്പാട്, കാളീദാരികയുദ്ധം ഇതാണ് മുടിയേറ്റിലുള്ളത്. കൊച്ചിയും, തിരുവിതാംകൂറുമാണ് മുടിയേറ്റിന്റെ പ്രധാന കേന്ദ്രങ്ങൾ. മുടിയേറ്റിലെ ചില ഭാഗ ങ്ങൾക്ക് ചാക്യാർകൂത്തിനോടും കഥകളിയോടും സാമ്യമുണ്ട്. ഏറ്റുമാനൂരിൽ നീണ്ടൂരിനടുത്തുള്ള ശ്രീ മൂഴിക്കുളങ്ങര ഭഗവതിക്ഷേത്രത്തിലാണ് മുടിയേറ്റ് വഴി പാട് കൂടുതലായി നടത്തുന്നത്. മരമോ ലോഹമോ കൊണ്ട് നിർമ്മിച്ച കിരീടം (മു ടി) കാളി തലയിലണിയുന്നു. ഇതാണ് മുടിയേറ്റ് എന്ന പേരിന്റെ അടിസ്ഥാനം (ശ്രീകുമാർ, 2013: 3).

### 1.4.3 പറണേറ്റ്

മുടിയേറ്റിനോട് സാദൃശ്യമുള്ളതാണ് പറണേറ്റ്. നിശ്ചിതമായ ഏകമുഖരൂ പവും ശാസ്ത്രീയ നാടകവേദിയുടെ എതിർരീതിയുമാണ് പറണേറ്റിനുള്ളത്. വിശാ ലമായതും ബഹുമുഖവുമായ രംഗ-ഭാവാഭിനയ പഠനങ്ങൾ ഉൾക്കൊള്ളുന്നതു മാണ് ഇത്. അനുഷ്ഠാനപരതയും ഉത്സവപരതയും ഈ കലാരൂപത്തിനുണ്ട്. ചില ഭദ്രകാളീക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ച് അരങ്ങേറുന്ന ദാരികാവധ മെന്ന ചടങ്ങിൽ കാളിയും ദാരികനും ഉയർത്തികെട്ടിയ പരണുകളിൽ കെട്ടിയാടു ന്നു. ഭദ്രകാളീവിശ്വാസത്തിൽ അന്തർലീനമായി കിടക്കുന്ന പറണേറ്റിലെ കാളി-ദാ രിക ഇതിഹാസ ചരിത്രാംശം എന്നപോലെ അവതരിപ്പിക്കുന്ന ദ്വന്ദ്വാശയ സംഘർഷമാണ് പരണുകളിൽ നടക്കുന്നത്. അതായത് തിന്മയ്ക്കുമീതെ നന്മ യുടെ അധീശത്വം സ്ഥാപിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

തെങ്ങിൻതടി മണ്ണിൽ കുഴിച്ചുനിർത്തി അതിന്റെ ഉയരത്തിലായി മാവിൻ തടി ക്രമത്തിൽ മുറിച്ച് നിർമ്മിക്കുന്ന ഒരു ഉയർന്ന തട്ടാണ് പറണ്. ഈ തട്ടിൽ കയറുന്നതിനെയാണ് പറണേറ്റ് എന്നു പറയുന്നത് (സുമേഷ്, 2008: 3).

### 1.4.4 പാന

ഹൈന്ദവവിശ്വാസവുമായി ബന്ധപ്പെട്ട് പുരുഷൻമാർ ആചരിക്കുന്ന അനു ഷ്ഠാനകലയാണ് പാന. അമ്മയെ വൃക്ഷത്തോട് ചേർത്തുവെച്ച ഒരു സങ്കല്പ മാണ് പാനയ്ക്കുള്ളത്. ഭദ്രകാളിക്കാവുകളിൽ താൽക്കാലികമായി നിർമ്മിക്കുന്ന പന്തലിൽ വെച്ചാണ് പാന അരങ്ങേറുന്നത്. പന്തലിന്റെ നടുവിലായി ഭദ്രകാളി

തട്ടകം ഒരുക്കിയിരിക്കും. കൃത്യമായ വ്രതാനുഷ്ഠാനങ്ങൾക്ക് ഒടുവിലാണ് പാന ആചരിക്കുന്നത്. ചെണ്ട, മദ്ദളം, ഇലത്താളം, കുഴൽ, കൊമ്പ്, പറ മുതലായ വാദ്യോപകരണങ്ങൾ ഉപയോഗിക്കുകയും പാലക്കൊമ്പ് മുറിച്ച് പന്തലിലെ തട്ടക ത്തിലേക്കെത്തിക്കുകയും ചെയ്യുന്നു. പൂജയും കുരുതിതർപ്പണവും കഴിഞ്ഞ് തിരി യുഴിച്ചിൽ എന്ന ചടങ്ങും ഉണ്ട്. പത്തോ അതിലധികമോ ആളുകൾ കൈകളിൽ തീപ്പന്തമുയർത്തി നടത്തുന്ന ഒരു സമൂഹനൃത്തരൂപമാണ് തിരി ഉഴിച്ചിൽ. തുടർന്ന് പാലക്കൊമ്പും പൂക്കുലയും കൈകളിലേന്തിയുള്ള നൃത്തത്തെ പാനപിടുത്തം എന്നു വിശേഷിപ്പിക്കുന്നു. ശേഷം തോറ്റംപാട്ടുകൾ ആലപിക്കുന്നു. പിന്നീട് കോമരം പ്രത്യക്ഷപ്പെടുകയും അരുളപ്പാടുകൾ പറയുകയും ചെയ്യുന്നു. പാന അവ സാനിക്കുന്നതോടുകൂടി 'കനൽച്ചാട്ടം'[1] എന്ന ആചാരവും നടക്കുന്നു. ഉത്രാളി ക്കാവ് ഉത്സവത്തിന്റെ മുന്നോടിയായി തട്ടകദേശമായ എങ്കക്കാട് ദേശത്ത് എല്ലാ വർഷവും മകരത്തിൽ പാന ആഘോഷിക്കുന്നു. രണ്ട് തരത്തിൽ പാന നടത്തിയി രുന്നു. ഒരു പകലുകൊണ്ട് അവസാനിക്കുന്നതാണെങ്കിൽ അതിനെ കളിപ്പാന എന്നും രാത്രിയും പകലും വേണ്ടിവരുന്നതിനെ പള്ളിപ്പാന എന്നും പറയുന്നു.

മലപ്പുറത്ത് പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, താലൂക്കുകളിലും പാല ക്കാട് ജില്ലയിൽ ഒറ്റപ്പാലം, പട്ടാമ്പി, മണ്ണാർക്കാട്, ആലത്തൂർ താലൂക്കുകളിലും തൃശൂർ ജില്ലയിൽ തലപ്പിള്ളി, കുന്നംകുളം, ചാവക്കാട് താലൂക്കുകളുമാണ് പാന അരങ്ങേറുന്ന ദേശങ്ങൾ.

#### 1.4.4.1 പാനത്തോറ്റം

ഭദ്രകാളിയുടെ ആരാധനാക്രമത്തിൽ എന്തുകൊണ്ടും എടുത്തുപറയാവു ന്നതും വളരെ പഴക്കമുള്ളതുമായ ഒരിനമാണ് പാന. 'പാനയ്ക്കൊരുക്കിയത് പന്ത ലിൽ കഴിഞ്ഞു' എന്ന പഴമൊഴി അനുസരിച്ച് പന്തൽജോലി തുടങ്ങി പാനയുടെ വിഷയത്തിൽവരെ കൃത്യമായ അച്ചടക്കം വേണമെന്നുണ്ട്.

ഭദ്രകാളിക്കു മാത്രമല്ല ചാത്തൻ കരിംകുട്ടി എന്നീ ദൈവങ്ങൾക്കും 'പാന പൂജ' ചെയ്യാറുണ്ട്. ശ്രേഷ്ഠബ്രാഹ്മണരുടെ ഉല്ലാസമായിട്ടാണ് പാനയും കളിയും ഉള്ളത്. അവിടെ കുരുതിയോ തർപ്പണമോ ഇല്ല. പാനീയവും പാനയുമായിട്ടാണ്

[1] പ്ലാവിന്റെ വിറക് കത്തിച്ചുണ്ടാക്കിയ കുന്നുകൂടിയ കനലിലേക്ക് പാനക്കാരും വെളിച്ചപ്പാടും ചാടുന്നതിനെയാണ് കനൽച്ചാട്ടം എന്നുപറയുന്നത്.

ബന്ധമുള്ളതെന്ന് പലരും വിശ്വസിക്കുന്നു. ഒരു മലയാളവാക്കായി 'പാന' എന്ന പദത്തെ കുറിക്കാം. വ്യത്യസ്ത വിഭവങ്ങളോടുചേർത്ത് നിർവഹിക്കുന്ന ആരാധന എന്ന തലത്തിലാണ് ഈ പദം പ്രയോഗിക്കുന്നത്. പാനത്തോറ്റം, പാനപ്പാട്ട്, പാനപിടിക്കൽ തുടങ്ങിയ പ്രയോഗങ്ങളിൽ നിന്ന് പഴക്കവും പ്രാമാണ്യവും പാനയ്ക്കുണ്ടെന്ന് പറയേണ്ടതില്ല. ധാരാളം ദ്രാവിഡശബ്ദങ്ങളുടെ വ്യുൽപ്പത്തിപോലെ ഇതിന്റെ ശബ്ദവും അജ്ഞാതമാണ്.

### 1.4.5 തെയ്യം

ഉത്തരകേരളത്തിൽ വളരെ പ്രചാരത്തിലുള്ള അനുഷ്ഠാനകലകളിൽ പ്രധാനപ്പെട്ടതാണ് തെയ്യം. ആര്യാധിനിവേശത്തിനു വഴങ്ങാത്ത സ്വത്വം നിലനിർത്തിപ്പോരുന്ന ദ്രാവിഡപ്പഴമയാണ് 'തെയ്യ'ങ്ങൾ എന്നു പറഞ്ഞുവരുന്നു. പഴയങ്ങാടി മുതൽ വളപട്ടണം വരെയുള്ള ദേശങ്ങളിൽ തെയ്യം എന്നും പഴയങ്ങാടി പുഴയ്ക്ക് വടക്കോട്ട് കളിയാട്ടം എന്നും ഇതിനെ പറയുന്നു. എന്നാൽ ഇതിന് കാതലായ മാറ്റങ്ങൾ ഒന്നും തന്നെയില്ല.

തെയ്യത്തിന് നൃത്തംചെയ്യുന്ന ദേവതാസങ്കല്പമാണ് ഉള്ളത്. ഈ നടനത്തെ തെയ്യാട്ടമെന്നും വേഷത്തെ തെയ്യക്കോലമെന്നും പറയുന്നു. മന്ത്രം, തന്ത്രം, കർമ്മം, വ്രതം തുടങ്ങിയ അനുഷ്ഠാനരൂപങ്ങൾ ഇടകലർന്നിരിക്കുന്നു. അമ്മദൈവങ്ങളെയും വീരൻമാരെയും തെയ്യക്കോലങ്ങളാക്കാറുണ്ട്. അഞ്ഞൂറിൽപരം തെയ്യങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ നൂറിൽപ്പരം തെയ്യങ്ങളാണ് നിലവിലുള്ളത്. 'ദൈവം' എന്ന പദത്തിൽനിന്നാണ് തെയ്യത്തിന്റെ ഉൽപ്പത്തി എന്ന ഹെർമൻഗുണ്ടർട്ടിന്റെ അഭിപ്രായം പരിശോധിച്ച് ചേലനാട്ട് അച്യുതമേനോൻ തെയ്യത്തിന്റെ ആട്ടമോ തീകൊണ്ടുള്ള ആട്ടമോ ആവാമെന്ന് അഭിപ്രായപ്പെടുന്നു. 'തൈവം' എന്ന ശാസ്ത്രരൂപമാണ് തമിഴിൽ ഉള്ളത് (അച്യുതമേനോൻ, 2015: 65).

കാവുകളിലും തറവാട്ടുമുറ്റങ്ങളിലുമാണ് തെയ്യാട്ടം നടക്കുന്നത്. തുലാം 10 മുതൽ മിഥുനം വരെയുള്ള കാലയളവാണ് തെയ്യത്തിന്റേത്. മനുഷ്യൻ ദേവതാരൂപംപൂണ്ട് ഉറഞ്ഞുതുള്ളുകയും ദേവതയെ സംപ്രീതയാക്കുകയും പകരം ദേവത സമൂഹത്തിന് ക്ഷേമവും സമാധാനവും വിഭാവനംചെയ്യുന്നുവെന്ന വിശ്വാസ സങ്കല്പമാണ് തെയ്യത്തിന്റേത്. അമ്മദൈവങ്ങൾ, ഇതിഹാസകഥാപാത്രങ്ങൾ, വനദേ

വതകൾ, വീരൻമാർ, നാഗകന്യകകൾ, സാമൂഹിക അധർമ്മത്തിനെതിരെ പടപൊരുതി രക്തസാക്ഷികളായവർ ഇവരെല്ലാം തെയ്യങ്ങളായി അരങ്ങിലെത്തുന്നു. മലയൻ, മാവിലൻ, വണ്ണാൻ, വേലൻ, അഞ്ഞൂറ്റാൻ, മൂന്നൂറ്റാൻ, പുലയർ, കോപ്പാളർ മുതലായവരാണ് തെയ്യക്കോലങ്ങളാടുന്നത്. വൈവിദ്ധ്യങ്ങളാണ് തെയ്യത്തിന്റെ പ്രത്യേകത. തെയ്യക്കോലം കെട്ടുന്ന ആൾ ഒന്നു മുതൽ ഏഴു ദിവസം വരെ വ്രതമെടുക്കുന്നു. തെയ്യാട്ടത്തിനുമുൻപായി തോറ്റം പാട്ടുണ്ടാവാറുണ്ട്. തെയ്യത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചാണ് ഇതിൽ പ്രതിപാദിക്കുന്നത്. ചെണ്ട, വീക്കുചെണ്ട, ഇലത്താളം, കുഴൽ, മുതലായവ ഇതിന്റെ പ്രധാന സംഗീതോപകരണമാണ്.

തോറ്റവും വെള്ളാട്ടവും കഴിഞ്ഞാണ് മുഖമെഴുത്തും ആടയാഭരണങ്ങളും മുടിയുംവെച്ച് പൂർണ്ണ പ്രകൃതത്തിലുള്ള തെയ്യപുറപ്പാട്. പ്രകൃതിയോട് ചേർന്നു നിൽക്കുന്ന വിവിധ നിറങ്ങളാണ് മുഖമെഴുത്തിന് ഉപയോഗിക്കുന്നത്. ചായില്യം, കരിമഷി, അരിപ്പൊടി, മനയോല മുതലായ വർണ്ണങ്ങളായുമുപയോഗിക്കുന്നു. കൊല്ലത്തിലൊരിക്കലാണ് കാവുകളിലും തറവാട്ടുമുറ്റങ്ങളിലും തെയ്യാട്ടം നടത്തുന്നത്. കുറേ കാലങ്ങൾക്ക് ശേഷമാണ് നടത്തുന്നതെങ്കിൽ ഇതിനെ പെരുംകളിയാട്ടം എന്നും പറയുന്നു.

വൈദേശികമതങ്ങൾ കേരളത്തിൽ ചുവടുറപ്പിച്ച കാലത്ത് ആ മതത്തിന്റെ ആശയാദർശനന്മകളുടെ അംശങ്ങൾ സ്വായത്തമാക്കാൻ കേരളീയ ജനത സന്നദ്ധമായിരുന്നു. അതുപോലെ ഇസ്ലാംമതവിശ്വാസികളും അവരുടെ വിശ്വാസാദർശങ്ങളിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്നു. അതിനാൽതന്നെ ഹൈന്ദവവിശ്വാസങ്ങളിൽ ഇസ്ലാമിനും ഇസ്ലാമികവിശ്വാസത്തിൽ ഹൈന്ദവർക്കും പ്രവേശനം ലഭിച്ചു. ഉത്തരകേരളത്തിലെ തെയ്യങ്ങളിൽ ഇത്തരം വിശ്വാസ വൈവിധ്യങ്ങൾ പ്രകടമാണ്.

മാപ്പിളത്തെയ്യങ്ങൾ കാവുകളിലും ക്ഷേത്രങ്ങളിലും കെട്ടിയാടുന്നു. തെയ്യങ്ങൾക്ക് കാണിക്ക വയ്ക്കാനും അതിനെ പ്രതിഷ്ഠിക്കാനും മുസ്ലീങ്ങൾ തയ്യാറായിട്ടുണ്ട്. മുസ്ലീംദിവ്യൻമാർ മൂർത്തികളായി മാപ്പിളത്തെയ്യങ്ങളായി കെട്ടിയാടാറുണ്ട്. ബ്രാഹ്മണൻ, തിയ്യൻ, നായർ, പട്ടർ, പൊതുവാൾ തുടങ്ങിയ വിഭാഗക്കാരിൽ പരേതാരാധന, വീരാരാധന, പൂർവികാരാധന എന്നിങ്ങനെ നിലനിൽക്കുന്നു. ഇതിൽ മുസ്ലീങ്ങളെയും ഹിന്ദുക്കൾ ഉൾപ്പെടുത്തി. തുടർന്നാണ് മാപ്പിളത്തെയ്യങ്ങൾ രൂപം കൊള്ളുന്നത്. ഉത്തരകേരളത്തിൽ ഹിന്ദുക്കളുടെ ആരാധനാമൂർത്തികളായ ആലി

ത്തെയ്യവും തലയിൽ തട്ടമിട്ട ഉമ്മത്തെയ്യവും പാരസ്പര്യത്തിന്റെ നല്ല ഉദാഹരണങ്ങളാണ് (മുഹമ്മദ് അഹമ്മദ്, 2015: 105).

### 1.4.6 തിറ

കാവുകളിൽ അരങ്ങേറുന്ന അനുഷ്ഠാനങ്ങളിലൊന്നാണ് തിറ. മലയൻ, മുന്നൂറ്റാൻ, പെരുവണ്ണാൻ തുടങ്ങി താഴ്ന്ന ജാതിക്കാരാണ് തിറയ്ക്ക് കോലങ്ങൾ കെട്ടുന്നത്. ഉർവരദേവതയായ ഒരു ഭഗവതി മാത്രമാണ് തിറയിലുള്ളത്. വേഷവിധാനത്തിൽ വർണ്ണപ്പൊലിമയോ ആർഭാടമോ ഇല്ല എന്നത് തിറയെ തെയ്യത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ആദ്യാവസാനംവരെ നൃത്തപ്രാധാന്യമുള്ള ചുവടുവയ്പ്പുകളാണ് തിറയിൽ കാണുന്നത്. ഇതിന്റെ എടുത്തുപറയാൻ കഴിയുന്ന ഒരു പ്രത്യേകതയാണ് ചാന്തുകോലം (അനിൽ, 2004: 59).

#### 1.4.6.1 തിറയാട്ടം

കേരളത്തിൽ തെക്കൻമലബാറിലെ കാവുകളിലും തറവാട്ടു സ്ഥാനങ്ങളിലും വർഷംതോറും നടത്തിവരുന്ന ഒരു അനുഷ്ഠാനകലാരൂപമാണ് തിറയാട്ടം. തിറയാട്ടത്തിന്റെ പ്രാരംഭകാലത്തെപ്പറ്റി തെളിവുകൾ ലഭ്യമല്ല. തോറ്റങ്ങളും അഞ്ചടികളും വിശകലനംചെയ്താൽ പുരാതന ജനതയെപ്പറ്റിയും രാജാക്കൻമാരെപ്പറ്റിയും പരാമർശങ്ങൾ കാണുന്നു. ഇതിലെ ഗീതങ്ങളെല്ലാം വാമൊഴിയായി പകർന്നു വന്നിട്ടുള്ളതാണ്. ഇവിടെ നിലനിന്നിരുന്ന പുരാതന ഗോത്ര സംസ്കാരത്തിന്റെ ഭാഗമായുള്ള അനുഷ്ഠാനക്രമങ്ങൾ തിറയാട്ടത്തിലും കാവാചാരങ്ങളിലും ഇന്നും ദൃശ്യമാണ്. ദാരികാവധമാണ് തിറയുടെ ഇതിവൃത്തം

തിറയാട്ടത്തിലെ പ്രധാന കോലങ്ങൾക്കെല്ലാം പുരാവൃത്തങ്ങളുണ്ട്. പ്രധാനകോലമായ ഭഗവതി-ദാരികാവധം ഇതിവൃത്തമാക്കിയാണ് ഇത് കെട്ടിയാടുന്നത്. ഗോത്രകലയായ തിറയാട്ടത്തിൽ അനുഷ്ഠാനങ്ങൾക്ക് വലിയ ധർമ്മമാണ് ഉള്ളത്. ഇരുന്നുപുറപ്പാട്, കാവിൽ കയറൽ, പൂവും നീരും, കൈയ്യിഷ്ഠമെടുക്കൽ, വില്ലികളെ കൊട്ടൽ, വെട്ടുവെളിച്ചപ്പാട്, ഊണാശാരം, ഊൺതട്ട്, കാവുണർത്തൽ, ഓടകുഴിയ്ക്കൽ, തിരുനെറ്റിപതിക്കൽ, എഴുന്നള്ളത്ത്, കലശാട്ടം, ഗുരുതിതർപ്പണം, ചാന്താട്ടം, കൊടികൂട്ടൽ എന്നിവ കാവുകളിലെ പ്രധാന അനുഷ്ഠാനങ്ങളാണ്.

ദേവപ്രീതിക്കായി കോലംകെട്ടിയാടുന്ന വർണ്ണാഭവും ചടുലതാളവും ചേർന്ന ഭക്തിനിർഭരമായ ഗോത്രകലാരൂപമാണ് തിറയാട്ടം. നൃത്തം, അഭിനയം, ഗീതം, വാദ്യഘോഷങ്ങൾ, മെയ്യെഴുത്ത്, മുഖമെഴുത്ത്, ആയോധനകല തുടങ്ങി അനുഷ്ഠാനങ്ങളെ സമഞ്ജസമായി ഒന്നിക്കുന്ന ചടുലമായ കലയാണ് ഇത്. സ്ഥായിയായ ആചാരാനുഷ്ഠാനങ്ങളും കലാരൂപങ്ങളും വേഷങ്ങളും ഈ അനുഷ്ഠാനകലയെ മറ്റു കലകളിൽനിന്ന് വേറിട്ടതാക്കുന്നു. കാവുമുറ്റങ്ങൾ ചെണ്ട മേളത്തിന്റെയും ചൂട്ടുവെട്ടത്തിന്റെയും പിൻബലത്തോടെ നടത്തിപ്പോരുന്നു. പ്രാചീന കാലത്തിന്റെ സാമൂഹിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന വേഷവിധാനങ്ങളും ആചാരാനുഷ്ഠാനങ്ങളുമാണ് ഇതിലുള്ളത്. തെയ്യം മലബാറിന്റെയും പടയണി തിരുവിതാംകൂറിന്റെയും തുളുനാട്ടിലെ 'കോള' മുതലായ അനുഷ്ഠാന കലാരൂപങ്ങളോട് ചില സാദൃശ്യങ്ങൾ തിറയാട്ടത്തിൽ കാണുന്നു. വള്ളുവനാട് പ്രദേശങ്ങളിൽ കണ്ടു വരുന്ന പൂതനും തിറയും എന്ന കലാരൂപത്തിന് തിറയാട്ടവുമായി ബന്ധമില്ല.

ജനുവരി മുതൽ ഏപ്രിൽ വരെയാണ് തിറയാട്ടം നാളുകൾ. ആര്യാധിനിവേശത്തിനുശേഷം ഉണ്ടായ ആര്യദ്രാവിഡസംസ്കാരസങ്കലനം തിറയാട്ടത്തിലും കാവാചാരങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. വൃക്ഷാരാധന, സർപ്പാരാധന, വീരാരാധന, പ്രകൃത്യാരാധന, മലദൈവങ്ങൾ, പ്രാദേശികദൈവസങ്കല്പങ്ങൾ ഇത്യാദി പ്രാചീന ആചാരങ്ങൾ കാവുകളിലും തിറയാട്ടത്തിലും കാണുന്നു. അടിയാളരുടെ സ്വത്വബോധത്തെ കത്തിച്ചുനിർത്തുവാനും ആത്മാവിഷ്കാരവും സാമൂഹ്യവിമർശനവും തൊടുത്തുവിടാനുള്ള വേദിയായി തിറയാട്ടം അരങ്ങേറുന്ന കാവുകൾ നിലകൊണ്ടു. പണ്ട് പൗരോഹിത്യവും ജാതിവ്യവസ്ഥയും കൊടികുത്തിവാഴുന്ന കാലമായിരുന്നപ്പോൾ പോലും ഈ വിരൽ ചൂണ്ടൽ സാധ്യമായിരുന്നു. പെരുമണ്ണാൻ സമുദായക്കാർക്കാണ് തിറകെട്ടിനുള്ള അവകാശം കാലങ്ങളായി സിദ്ധിച്ചത്.

ഈ കലാരൂപം അവതരിപ്പിക്കുന്നത് പുരുഷൻമാരാണ്. വെള്ളാട്ട്, തിറ, ചാന്ത്തിറ ഇങ്ങനെ മൂന്നായി തിരിക്കുന്നു. പകലിൽ വെള്ളാട്ടും രാത്രിയിൽ തിറക്കോലങ്ങളും നൃത്തംവെയ്ക്കുന്നു. മൂർത്തികളുടെ ബാല്യത്തിന് വെള്ളാട്ടും തിറ യൗവ്വനത്തെയും ചാന്ത്തിറ വാർദ്ധക്യത്തെയും സൂചിപ്പിക്കുന്നു. പുരാവൃത്തങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ദേവതകൾക്കും പ്രാദേശികദേവതകൾക്കും തിറ കെട്ടാറുണ്ട്. വെള്ളാട്ടിന്റെ ചമയങ്ങൾ ലളിതമാണ്. രണ്ട് കൈയ്യിലും കൊളുത്തിയ ചൂട്ടു

കളുമായി മേളത്തിനൊപ്പം താളാത്മകമായി നൃത്തംചവിട്ടുകയും കളരിപ്പയറ്റിലെ മുറകൾ പ്രദർശിപ്പിക്കുന്നതുമാണ് ചൂട്ടുകളി. തിറയാട്ടത്തിന് കെട്ടിയാട്ടക്കാർ, ചമയക്കാർ, വാദ്യക്കാർ, കോമരങ്ങൾ, അനുഷ്ഠാനവിദ്വാൻമാർ, സഹായികൾ അടങ്ങിയ തിറയാട്ട സമിതികളുമുണ്ട്. ഭദ്രകാളി, നീലഭട്ടാരി, നാഗക്കാളി, തീചാമുണ്ഡി തുടങ്ങി ദേവീഭാവങ്ങളും കരുമകൻ, കരിയാത്തൻ, കരിവില്ലി, തലശിലവൻ,പുലവൻ, കണ്ഠാകർണ്ണൻ, ഭൈരവൻ, മുണ്ഡ്യൻ, വീരഭദ്രൻ, കുട്ടിച്ചാത്തൻ തുടങ്ങി ദേവഭാവങ്ങളും ഗുരുമൂർത്തി, മുത്തപ്പൻ, ചെട്ടിമൂർത്തി, പെരുമണ്ണാൻ മൂർത്തി, ശിവമൂർത്തി, ശീമൂർത്തി, ധർമ്മദൈവം തുടങ്ങി കുടിയിരുത്തിയ മൂർത്തിക്കോലങ്ങളും തിറയാട്ടത്തിലുണ്ട്. കേരളത്തിന്റെ തെക്കുമുതൽ വടക്കുവരെയുള്ള പ്രദേശങ്ങളിൽ അമ്മദൈവങ്ങളുടെ സ്വാധീനം പരിശോധിക്കുമ്പോൾ തീരദേശങ്ങളിൽ കടലുമായി ബന്ധപ്പെട്ടുകിടക്കുന്ന തൊഴിലുകളും വിശ്വാസസങ്കല്പങ്ങളും കാണാൻ കഴിയും. അമ്മദൈവങ്ങൾ അവരുടെ ജീവിത ചാക്രികത്തെ ചലിപ്പിക്കുന്നത് എങ്ങനെയെന്നുള്ളത് വളരെ പ്രസക്തിയുള്ളതാണ്. കാരണം കടൽ സമ്പത്തിന്റെ കലവറയാണ് (ശശിധരൻ, 2004: 29).

### 1.5 മുക്കുവസമുദായം കേരളത്തിൽ

മുക്കുവസമുദായം പൂർവകാലം മുതലേ കേരളത്തിൽ ജീവിച്ചിരുന്നവരാണോ ഇതരദേശങ്ങളിൽനിന്ന് കുടിയേറിയവരാണോ എന്ന വിഷയത്തിൽ ഒരേ അഭിപ്രായമല്ല ഉള്ളത്. കേരളത്തിലെ ആദിമസമുദായമാണ് മുക്കുവർ എന്ന് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കേരളോല്പത്തിപോലുള്ള ഗ്രന്ഥങ്ങളിൽ മുക്കുവൻ ഉണ്ടായിരുന്നു എന്നതിന്റെ ചില പ്രസ്താവനകൾ കാണുന്നു. സ്കന്ദപുരാണത്തിലെ പരാമർശത്തിൽ ബ്രാഹ്മണർ വരുന്നതിനുമുൻപ് ഈ സമുദായക്കാർ ഇവിടെ ഉണ്ടെന്നുള്ള സൂചനയാണ് പരശുരാമൻ മുക്കുവരെ ബ്രാഹ്മണരാക്കിയെന്ന പരാമർശം. പ്രദേശവാസികളിൽ കുറച്ചുപേർക്ക് 'യജ്ഞോപവീതം' (പുണൂൽ) അണിയിച്ച് ബ്രാഹ്മണ്യം നൽകിയെന്ന കഥ മഹാരാഷ്ട്രയിൽ പ്രചാരത്തിലുണ്ട്.

മലയരയൻ, കാണിക്കാർ, കരിമ്പാലർ മുതലായ പൂർവനിവാസികൾക്കിടയിലെ നാടോടിക്കഥകളിൽ മുക്കുവ വിഭാഗത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഒരമ്മയുടെ രണ്ട് മക്കളിൽ ചേട്ടത്തി മക്കൾ 'തേൻതിരിതേടി' മാംസം കഴിച്ചു

കൊണ്ട് മലരാജാക്കൻമാരായി (മലയരയൻമാരായ്) ജീവിച്ചുവെന്നും അനുജത്തി മക്കൾ കടൽത്തീരംനോക്കി മീൻ തേടി കടലോരത്ത് കൂരകൾ കെട്ടി കടലരയൻമാരായി മീൻ ഭക്ഷിച്ച് കഴിഞ്ഞുവെന്നും കണ്ണൂർ ജില്ലയിലെ കരിമ്പാലർക്കിടയിൽ ഒരു വിശ്വാസം നിലവിലുണ്ട്. മുക്കുവരുടെ ആരാധനാമൂർത്തിയായ ചീരുംബയെ കരിമ്പാലർക്കിടയിലെ ചില കേന്ദ്രങ്ങളിൽ ആരാധിക്കുന്നു. ഇത് അവർ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ഒരു പിതാവിന്റെ നാല് പുത്രന്മാരിൽ ഒരുവൻ കാട്ടിൽ തേനെടുത്ത് ഉപജീവനം നടത്തുകയും രണ്ടാമൻ കടലിൽനിന്ന് മീൻപിടിക്കാനും മൂന്നാമൻ കലമുണ്ടാക്കി വിറ്റ് ജീവിക്കാനും, നാലാമൻ നാട്ടുകാര്യം നടത്തുവാനും തുടങ്ങിയെന്നും അവരുടെ പിൻഗാമികൾ ക്രമത്തിൽ കാട്ടരയൻ (മലയരയൻ), കടലരയൻ, ഓട്ടരയൻ, നാട്ടരയൻ എന്നിവരായി എന്നും വ്യക്തമാക്കുന്ന നാടോടി വിശ്വാസം പ്രചാരത്തിലുണ്ട്.

കേരളത്തിലെ കുടിയേറ്റക്കാരാണ് മുക്കുവർ എന്ന അഭിപ്രായവും നിലനിൽക്കുന്നു. ഈഴവരെപ്പോലെ ദേശാന്തരാഗമനം വഴി വന്നുചേർന്നവരാണ് മുക്കുവർ എന്ന് 'ഹെർമൻ ഗുണ്ടർട്ട്' രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ കടലോരവാസികൾക്കും മോഹൻജദാരോയിലെ 'മീൻവർ' ക്കും സാമ്യതകളുണ്ടെന്ന് മോഹൻജദാരോ സംസ്കാരത്തെക്കുറിച്ച് ഗവേഷണം ചെയ്ത റവ: ഫ. ഹീരാസ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ കടലോരമേഖലയിൽ പ്രാചീനകാലത്തുതന്നെ മത്സ്യബന്ധനവുമായി ബന്ധമുള്ള ജാതി സമൂഹങ്ങൾ വസിച്ചിരുന്നു. കേരളത്തിലെ പ്രാചീനമനുഷ്യരുടെ ഗോത്രാചാരങ്ങൾ, വിശ്വാസങ്ങൾ, ആരാധനാക്രമങ്ങൾ മുതലായവയെല്ലാം പിൻപറ്റുന്ന മുക്കുവർക്ക് കേരളതീരപ്രദേശങ്ങളിൽ പുരാതനകാലം മുതലെയുള്ള കൃത്യമായ സംസ്കാര പാരമ്പര്യമുണ്ട്. വിവിധ ദേശങ്ങളിൽനിന്നും കുടിയേറിയവരിൽ സ്വഭാവപ്പൊരുത്തമുള്ള ജനങ്ങൾ കേരളസംസ്കാരവുമായി ലയിച്ചുചേർന്നിരിക്കാനാണ് സാധ്യത (പത്മനാഭൻ, 2016: 41).

മുസ്ലിംസമുദായത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾ മുക്കുവരുടെ ശ്രീകുരുംബക്കാവുകളിൽ നേർച്ചകളും 'മൗലൂദ്' കർമ്മങ്ങളും ചെയ്യുന്ന പതിവ് ഇന്നും നിലനിൽക്കുന്നു. ഉത്തരകേരളത്തിലെ ധർമ്മടം, മുഴുപ്പിലങ്ങാട്, എട്ടിക്കുളം, വലിയപറമ്പ, പടന്ന കടപ്പുറം തുടങ്ങിയ മേഖലകളിൽ തിയ്യസമുദായത്തിൽപ്പെടുന്നവർ

മുക്കുവരായിട്ടുണ്ട്. തീരദേശത്ത് താമസിക്കുന്നതിനാലാണ് ഇവർ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നത്. പുലയവിഭാഗത്തിൽപെടുന്നവരും മീൻപിടുത്തം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മത്സ്യദൗർലഭ്യം നേരിടുമ്പോൾ കൃഷിപ്പണി, കച്ചവടം തുടങ്ങിയ സാധാരണ ജോലിയും, ഇവർ ചെയ്യുന്നുണ്ട്. ഉത്തരകേരളത്തിലെ മുക്കുവവിഭാഗത്തിൽപ്പെടുന്നവർ മത്സ്യബന്ധനം ഇല്ലാത്ത സന്ദർഭങ്ങളിൽ ഇതരതൊഴിലുകളിൽ ഏർപ്പെടാറില്ല. അന്നദാതാവായ കടലമ്മ രക്ഷിക്കും എന്ന വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നവരാണ് ഈ വിഭാഗം.

മുക്കുവകേന്ദ്രങ്ങളിലെല്ലാം പല വിധത്തിലുള്ള പുരാവൃത്തങ്ങളും പ്രചാരത്തിലുണ്ട്. അനുഷ്ഠാനങ്ങളിലും ഉത്സവാഘോഷങ്ങളിലും പാടാറുള്ള ഗാനങ്ങളിൽ പരാമർശിക്കുന്നത് കൂടാതെ ഓരോ ദേശത്തേയും മനുഷ്യരുടെ വാമൊഴിയായി പ്രചരിപ്പിക്കപ്പെടുന്ന പുരാവൃത്തങ്ങളും ഉണ്ട്. പല ജനവിഭാഗങ്ങളിലും കണ്ടുവരുന്നത് പോലെ മുക്കുവരുടെ പാട്ടുകളിലും മിത്തുകളുടെ ഭാഗമായ 'വീരാപദാനഗാനങ്ങൾ' കണ്ടു വരുന്നു. കേരളത്തിന്റെ കടലോരമേഖലകളിൽ സമുദ്രോല്പന്നങ്ങളെ ആശ്രയിച്ച് ഒരുപാടു മനുഷ്യർ പണ്ടു മുതലേ ജീവിച്ചിരുന്നെന്ന് 'നറ്റിണൈ', 'പതിറ്റുപത്ത്', 'അകനാനൂറ്' 'ചിലപ്പതികാരം' മുതലായ സംഘകൃതികളിൽ പരാമർശമുണ്ട്. അരയൻ, വാലൻ, നുളയൻ, മരക്കാൻ, മുക്കുവൻ, മുകയൻ, ബോബി മുകയൻ, മുകവീരൻ, പരതർ, അരയവാത്തി തുടങ്ങി പല നാമങ്ങളിൽ അവർ അറിയപ്പെട്ടിരുന്നു. ജീവിതസാഹചര്യങ്ങളും പ്രാദേശികവേർതിരിവുകളും അടിസ്ഥാനമാക്കിയാണ് ഈ പേരുകൾ ലഭിച്ചത്.

കൊച്ചിയിൽ മത്സ്യബന്ധനവുമായി ജീവിക്കുന്നവരെ മുക്കുവൻ, മരക്കാൻ, വാലൻ, അരയൻ/ കടലരയൻ തുടങ്ങിയ നാല് വിഭാഗങ്ങളായി (അനന്തകൃഷ്ണയ്യർ) തരം തിരിച്ചിരിക്കുന്നു. ഉത്തരകേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ മുക്കുവരെന്നറിയപ്പെടുന്നവർക്ക് വളരെ പ്രധാന്യമുണ്ട്. പ്രാചീനജനങ്ങളിൽ ഒരു വിഭാഗം എന്ന നിലയിലും, സാംസ്കാരികവും അനുഷ്ഠാനപരവുമായി വേറിട്ടു നിൽക്കുന്നതായും സാമൂഹിക ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

### 1.5.1 അരയരുടെ കാളി

അന്നദാതാവായ അമ്മയാണ് കടൽ എന്ന ദൈവബോധമാണ് മുക്കുവരിലുള്ളത്. അതിനാൽ മുക്കുവർ കടലിനെ അമ്മദൈവമായി ആരാധിക്കുന്നു. കടലമ്മയെ മതപരമായ അനുഷ്ഠാനങ്ങൾ ആചരിച്ച് തൃപ്തിപ്പെടുത്തേണ്ടതില്ല. എങ്കിലും കടലമ്മയെ തൊട്ടുവണങ്ങി പ്രാർത്ഥിച്ചുകൊണ്ടാണ് മുക്കുവർ കടലിലേയ്ക്ക് പോകുന്നത്. ഭഗവതിയാരാധന മുക്കുവവിഭാഗങ്ങളുടെ എല്ലാ കേന്ദ്രങ്ങളിലും ഉണ്ട്. മത്സ്യബന്ധനം പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് തീരദേശങ്ങളിൽ വസിക്കുന്ന മുക്കുവർ അമ്മദൈവമായി ആരാധിക്കുന്നത് കാളിയെയാണ്. ആരാധനയ്ക്കായി കടലോരങ്ങളിൽ ഭദ്രകാളീക്ഷേത്രങ്ങളുണ്ട്. വംശപരവും സാമുദായികവും ഘടനാപരവുമായ ഒട്ടേറെ വ്യത്യസ്തകളുള്ളവരാണ് മുക്കുവസമുദായം. ഇവരുടെ പ്രധാന ആരാധനാമൂർത്തി ചീരുംബയാണ്. നാല് ദേവതാകൂട്ടങ്ങൾ എന്ന നിലയിൽ ചീരുംബ നാലുപേർ എന്നു വിളിക്കുന്നു. ഐതിഹ്യങ്ങൾ പഠനവിധേയമാക്കുമ്പോൾ ചീരുംബ മുക്കുവരുടെ കാളീസങ്കല്പത്തിലുള്ള പ്രാർത്ഥനാദൈവം തന്നെയാണ്. ശ്രീകുരുംമ്പയെപ്പോലുള്ള കാളീസങ്കല്പമാണ് കടലോരസമുദായങ്ങൾക്കിടയിൽ കുടിയിരുത്തിയിട്ടുള്ളതും വിശ്വസിച്ചാരാധിച്ചുപോരുന്നതും. ചീരുംബയെ വിവിധ സങ്കല്പങ്ങളിലൂന്നിയാണ് മുക്കുവർ ആരാധിക്കുന്നത്.

മുക്കുവരുടെ ചില ചീരുംബസ്ഥാനങ്ങളിൽ സാധാരണപ്രചാരത്തിലുള്ള കാളീസങ്കല്പത്തിൽ നിന്നും വ്യത്യസ്തമായ പുരാവൃത്തങ്ങൾ ഉൾക്കൊള്ളുന്ന 'ചിലമ്പുവാണിഭം' കൂടി പാടുന്നുണ്ട്. ഇതിലെ മരക്കലപ്പാട്ടിലും ദാരികവധത്തിലും സൂചിതമാകുന്ന ചീരുംബയുടെ പുരാവൃത്തം ഒന്നല്ല എന്ന് കാണുന്നു. ബംഗാളിലെ ശീതളാദേവി ശീതളാഷ്ടകമെന്ന കൃതിയിലൂടെയും മറ്റും കേരളത്തിൽ അറിയപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ വസൂരിനിർമ്മാർജ്ജനത്തിനായി പൂജിക്കപ്പെടുന്നത്, കൊടുങ്ങല്ലൂർ ശ്രീ ഭദ്രകാളിയും തുല്യസങ്കല്പത്തിലുള്ള ശ്രീകുരുംമ്പ, ചീരുമ്പ തുടങ്ങിയ മാതൃദേവതകളാണ്. മുക്കുവക്കുടികളിൽ മരണാനന്തരചടങ്ങുകളിൽപ്പോലും കാളീസംബന്ധമായ വിശ്വാസപ്രമാണങ്ങൾ കണ്ടുവരുന്നുണ്ട്. മുക്കുവരുടെ സ്ഥാനകം പാടുന്ന ദാരികാവധത്തിൽ മണിയും പൂജാപാത്രവും കൈവശപ്പെടുത്താനും വേദസൂക്തങ്ങൾ സ്വായത്തമാക്കാനും കാളി വേഷ

പ്രച്ഛന്നയായി പോകുന്നു എന്ന് പ്രതിപാദിക്കുന്നുണ്ട്. ഇത് കാളിയമ്മയും മുക്കുവരും തമ്മിലുള്ള ബന്ധത്തെ ശബ്ദസാന്നിദ്ധ്യം കൊണ്ട് ഉറപ്പിക്കുന്നു.

വ്യക്തമായ സമുദായഘടനയും വംശീയമായ വേർതിരിവുമുള്ള ജനവിഭാഗമാണ് മുക്കുവർ. സ്ഥാനങ്ങളിലെ ആചാരക്കാർക്ക് സാമുദായികമായും സാമൂഹികമായും പ്രാധാന്യം കൽപ്പിക്കപ്പെട്ടിരുന്നതുകൊണ്ട് മൊത്തം ജീവിതക്രമങ്ങൾ തന്നെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടുനിന്നിരുന്നു. മുക്കുവരുടെ പ്രധാന ആരാധനാമൂർത്തി ചീരുംബയാണ്. മൂത്തഭഗവതി, ഇളയഭഗവതി, ദണ്ഠൻ, കണ്ഠാകർണ്ണൻ എന്നീ നാലു ദേവതകളുടെ സമുച്ചയമെന്ന നിലയിൽ ചീരുംബ നാൽവർ എന്ന് വ്യവഹരിക്കാറുണ്ട്. ശ്രീകുരുംബയുടെ രൂപഭേദമുള്ള പദമായാണ് ചീരുംബയും, ചീർമ്മയും പൊതുവെ അറിയപ്പെടുന്നത്. മുക്കുവർ ആരാധിക്കുന്ന ചീരുംബ കാളീസങ്കല്പത്തിലുള്ള ആരാധനാമൂർത്തിയാണെന്ന് പുരാവൃത്തങ്ങളുടെ വ്യവച്ഛേദപഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

പുരാവൃത്തങ്ങൾക്ക് അത് രൂപപ്പെടുന്ന ജനസമൂഹങ്ങളുടെ സംസ്കാരവുമായി ബന്ധമുണ്ട്. അസുരവധവുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങൾക്ക് വൈവിധ്യം കാണാം. അസുരന്റെ ശല്യം സഹിക്കവയ്യാതെ എതിരിടാനായി ആറ് മടമങ്കമാരെ സൃഷ്ടിക്കുന്നതായി പ്രഖ്യാതപുരാവൃത്തങ്ങളിലും മുക്കുവരുടെ ഇടയിൽ പ്രചാരത്തിലുള്ള ദാരികാവധത്തിലും പറയുന്നുണ്ട്. പ്രഖ്യാതപുരാവൃത്തത്തിൽ അവരെല്ലാം കൈലാസപർവതത്തിന് സമീപത്തുള്ള വള്ളിക്കുടിലിൽ ഓടിക്കളിക്കുന്നതായാണ് പരാമർശം. മുക്കുവരുടെ സ്ഥാനത്തിൽ പാടുന്ന ദാരികാവധത്തിൽ തടവിലാക്കുന്ന മടമങ്കമാരെ പരമേശ്വരന്റെ ആഗ്രഹമനുസരിച്ച് കാളി മോചിപ്പിക്കുന്നതാണ് വർണ്ണിക്കുന്നത്.

അപരിഷ്കൃതരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം ആരാധനാനുഷ്ഠാന സങ്കല്പങ്ങൾ ദൈനംദിന ജീവിതവുമായി ഇഴച്ചേർന്നിരിക്കുന്നു. പാരമ്പര്യമായി കൈമാറിയ രീതികളുമാണവ. ഇതര ജനവിഭാഗവുമായുള്ള സഹവർത്തിത്ത്വം കൊണ്ട് അവർക്കിടയിലുള്ള പുരാവൃത്തങ്ങളെ സ്വീകരിക്കാറുമുണ്ട്. അമ്മദൈവം, രോഗദേവത, ഉർവരദേവത, കണ്ണകി എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ കാളിയെ പ്രതിഷ്ഠിക്കുന്നുണ്ട്. കടൽ മുക്കുവർക്ക് അന്നദാതാവായ അമ്മയാണ്. അനുഷ്ഠാനങ്ങളുമായി ബന്ധപ്പെടുമ്പോൾ കാളിയെ അമ്മയെന്ന്

അഭിസംബോധന ചെയ്യുന്നു. വസൂരി, കോളറപോലുള്ള സാംക്രമികരോഗങ്ങളെ ബന്ധപ്പെടുത്തി പ്രാചീനകാലംമുതൽ കാളീസങ്കല്പത്തിലുള്ള ദേവതകളെ ആരാധിച്ചുപോന്നിരുന്നു. സാംക്രമികരോഗങ്ങളാൽ വലയുമ്പോൾ കാളീസങ്കല്പങ്ങളിലെ ദേവതകളായ, മാരിയമ്മ, സുഖജമ്മ, ശീതളമ്മ, പോളമ്മ, ദുർഗ്ഗമ്മ, പൈതലമ്മ, ഭൂതലമ്മ എന്നീ ദേവതകളെ ആരാധിച്ച് ശാന്തി കണ്ടെത്തുന്നു.

കേരളം ഉണ്ടായി എന്ന് പറയപ്പെടുന്ന കാലത്തോളം പുരാതനമായി അമ്മദൈവത്തെ ഇതരസമുദായക്കാർ സ്വീകരിച്ചത് ആദിമനുഷ്യരിൽനിന്നാണ് എന്നതിന്റെ നേർസാക്ഷ്യമാണ് കടമ്മനിട്ടക്കാവിലെ കുറവനായ ഊരാളി. അതിപ്രാചീനകാലംമുതലേ അമ്മദൈവത്തെ ആരാധിക്കുന്നവർ മാത്രമേ കേരളീയ ഗ്രാമങ്ങളിൽ ജീവിച്ചിരുന്നുള്ളൂ. ക്ഷേത്രങ്ങളും വിഗ്രഹങ്ങളും വന്നുചേർന്നവരിലൂടെ നിർമ്മിക്കപ്പെട്ടതാണ്. വിഗ്രഹം പ്രതിഷ്ഠിച്ച കാവുകളുടെ ഭൂരിഭാഗം കഥയിലും ഒരു ചെറുമി പ്രത്യക്ഷപ്പെടുന്നുണ്ട്. പത്മനാഭസ്വാമി ചെറുമിയുടെ മുമ്പിലാണ് പ്രത്യക്ഷപ്പെടുന്നത്.

മുക്കുവർ അവരുടെ തൊഴിൽ വിജയത്തിന്റെ പ്രതീകമായി കാണുന്നത് ചീരുംബ നാൽവരിൽ ഒരു ദേവതയായ ദണ്ഡദേവനെയാണ്. ദണ്ഡന്റെ അനുഗ്രഹമുണ്ടെങ്കിൽ തൊഴിലിൽ പുരോഗതിയും കടലിൽ 'ചാകര'യും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. വടക്കൻമലബാറിലെ തീരപ്രദേശങ്ങളിൽ അരയൻമാർക്കിടയിൽ ഉർവരതാനുഷ്ഠാനത്തിന് ദണ്ഡനുകൊടുക്കൽ ചടങ്ങ്, ദേവീപ്രീതിക്കായി നടത്തുന്നു. മുക്കുവർക്കിടയിൽ കടപ്പുറത്ത് ബലികർമ്മങ്ങളും നിലനിൽക്കുന്നു. ദണ്ഡനുകൊടുക്കൽ ചടങ്ങും, തെക്കൻകൊല്ലത്തെ കരുനാഗപ്പള്ളിയിൽ മാടനു തെങ്ങ് നിവേദിക്കലും പരസ്പരബന്ധമുണ്ട്. മുക്കുവരുടെ ഉത്സവകേന്ദ്രങ്ങളിൽ തിടമ്പ് വാണിഭംപോലെ ചിലപ്പതികാരത്തിലെ കണ്ണകിയെ സംബന്ധിച്ച പാട്ടുകൾ പാടാറുണ്ട്. മുക്കുവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഗാനശാഖകളിൽ കണ്ണകീപരാമർശം മുൻപ് ഉണ്ടായിരുന്നില്ല. മുക്കുവതറവാടുകളിൽ മലബാറിലെ തെയ്യക്കോലങ്ങളായ 'ഒന്ന് കുറനാല്പത്' തെയ്യങ്ങളെ കെട്ടിയാടാറുണ്ട്. ചാമുണ്ഡി സങ്കല്പത്തിലുള്ള തെയ്യക്കോലവും ഇവർക്കിടയിൽ പതിവുണ്ട്. വ്യത്യസ്ത ആരാധനാദേവതകൾ തമ്മിൽ സങ്കല്പസാമ്യം ഉത്തരേന്ത്യയിലെ ദേവീസങ്കല്പപുരാവൃത്തങ്ങളിൽ കാണാം. മുക്കുവരുടെ ശ്രീകുരുംബയ്ക്കും കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ

മൂർത്തിയ്ക്കും സാമ്യതകൾ ഉണ്ട്. ചീരുംബയുടെ സവിശേഷമായ ആചാരങ്ങൾ ചീരുംബ പുരാവൃത്തവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

### 1.5.2 ചീരുംബപുരാവൃത്തം

ചിലമ്പിന് മണിനാദം ഉണ്ടാക്കാൻ രത്നക്കല്ലുകൾ തേടി ദേവലോകത്തു നിന്ന് ഭൂമിയിൽ വന്ന് നാഗത്താനെ കാണാൻ ചീരുംബ ശ്രമിക്കുന്നു. അതിന് ഏഴു കടൽ കടക്കേണ്ടതുണ്ട്. 'ആറ്ററികെ കടലരികെ' യാത്രചെയ്യുന്ന ദേവിയ്ക്ക് സമുദ്രയാത്രയ്ക്ക് വേണ്ടി ഒരു തച്ചൻ 'ആര്യമരക്കപ്പൽ' പണികഴിപ്പിച്ചു. കപ്പൽ നിർമ്മാണത്തിനായ് നൂറ്റിയിരുപത് വയസ്സായ തച്ചനെ ദേവി പതിനാറുകാരനാക്കുന്നു. പതിനാറുവർഷംകൊണ്ട് തീർക്കാമെന്ന് പറഞ്ഞ കപ്പൽ മൂന്ന് ദിവസംകൊണ്ട് പണിതീർക്കുകയും ചെയ്തു. ശേഷം ഏഴ് സമുദ്രവും കടന്ന് കാരദേവനെ ചെന്നു കണ്ടു. ഇരേഴുപതിനാല് രത്നകല്ലുകളും കരസ്ഥമാക്കി മടങ്ങുമ്പോൾ കപ്പൽ അപകടത്തിലായി. ഈ സമയം മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന കൊട്ടികുളത്തെ ശംഖുപാലൻ മുക്കുവന്റെ സഹായത്താൽ ദേവികൾ പിന്നെയും യാത്രതുടർന്നു. കരയിലടുത്ത ദേവിമാർ വടക്ക് തൃക്കണ്യാവ് കൊടിമരം കയറുന്നു. അവിടെവെച്ച് ശിവന്റെ സൃഷ്ടിയായ 'പുതിയ ഭഗവതി'യുമായി പോരാടുന്നു. ഒടുവിൽ അവർ ഒത്തുതീർപ്പിലെത്തുന്നു. കരാർപ്രകാരം 'ഭണ്ഡാരപ്പൊന്ന്' ചീരുംബക്കും 'പടിപ്പൊന്ന്' നാട്ട് പരദേവതയായ പുതിയ ഭഗവതിക്കെന്നും തീർപ്പാക്കുന്നു. 'ആറ്ററികെ കടലരികെ' ചീരുംബയും 'മലയരികെ' പുതിയ ഭഗവതിയും പുറപ്പെട്ടു. തുടർന്ന് ചീരുംബ മുക്കുവപ്പള്ളിയിലെത്തുകയും 'മുക്കുവപ്പള്ളി'യിൽനിന്ന് മേലൂർ കോട്ടയിലേക്ക് പുറപ്പെടുന്നതിനിടയിൽ ദേഹികൾ ദാഹമടക്കാനായ് കനകത്തൂർ കൈകോളരുടെ തെങ്ങ് കയറുന്ന 'ഇയ്യനാടൻ കണ്ണനെന്ന' തിയ്യനിൽനിന്ന് ഇളനീർ വാങ്ങിക്കുടിക്കുന്നു.. ഇളനീർ ദാനംചെയ്ത കണ്ണനെ കോപാകുലനായ ജന്മി കഴുകിലേറ്റുന്നു. അതിന്റെ ശാപമെന്നോണം ജന്മിക്കും കുടുംബത്തിനും വസൂരി പിടിപെടുന്നു. ഈയ്യനാടൻ കണ്ണന് ദേവിമാർ പുതുജീവൻ കൊടുത്ത് 'ആയത്താൻ' സ്ഥാനം നൽകുന്നു. കഴുവേറ്റി വെട്ടികഷണങ്ങളാക്കിയ മാംസതുണ്ടുകൾ കാക്കകൊത്തി വിഴുങ്ങിയതുകൊണ്ട് ഒരു കണ്ണ് നഷ്ടമായതിനാൽ 'ഒറ്റക്കണ്ണൻ ആയത്താൻ' എന്നറിയപ്പെട്ടു. ആയതിനാൽ ദേവിയുടെ പ്രതിപുരുഷനാണ് ആയത്താൻ എന്നാണ് ചീരുംബയെ പൂജിക്കുന്ന സമുദായക്കാർ വിശ്വസിക്കുന്നത് (പത്മനാഭൻ,. 2016: 75).

ഇതിൽനിന്ന് ചീരുംബയെ ആദ്യം ആരാധിച്ചിരുന്നവർ മുക്കുവരാണെന്ന് മനസ്സിലാക്കാം. മുക്കുവ പള്ളിയിൽനിന്ന് മേലൂർ കോട്ടയിലേക്കുള്ള യാത്രയുടെ പുരാവൃത്തം ഇതാണ് സൂചിപ്പിക്കുന്നത്. മലബാറിലെ മുക്കുവ തുറകളിൽ പുതിയ ഭഗവതിയെ ആരാധിക്കാറുണ്ട്. കാസർഗോട്, കോട്ടിക്കുളം, ബേക്കലം എന്നീ പ്രദേശങ്ങളിൽ പുതിയ ഭഗവതിയെ ആരാധിക്കുവാനുള്ള തറവാട്ട് സ്ഥാനങ്ങൾ ഉണ്ട്. ചീരുംബയൊഴിച്ച് മിക്ക ദേവതകൾക്കും മലബാറിൽ തെയ്യക്കോലങ്ങളുണ്ട്. തെക്കൻകേരളത്തിൽ ചില ദേശങ്ങളിൽ ക്രിസ്തുമതവിശ്വാസികളായ ലാറ്റിൻ കത്തോലിക്കരായ മത്സ്യതൊഴിലാളികൾ 'മുക്കുവർ' എന്നാണ് ഇപ്പോഴും അറിയപ്പെടുന്നത്. കടൽ പ്രക്ഷുബ്ധമാകുന്ന അവസ്ഥയിലും കടലിൽ പോകാൻ മിടുക്ക് കാട്ടുന്നവരാണ് അവർ. വടക്കുള്ള മുസ്ലീംവിഭാഗത്തിൽപ്പെട്ടവരുടെ മീൻപിടുത്തരീതി പരമ്പരാഗത മത്സ്യബന്ധനക്കാരായ മുക്കുവരുടെ രീതിയുമായി സാമ്യമുണ്ട്. കാഞ്ഞങ്ങാട്, പടന്ന, എട്ടിക്കുളം, മാട്ടുമ്മൽ, ആയിക്കര, തലശ്ശേരി, മാട്ടൂൽ, മഞ്ചേശ്വരം തുടങ്ങിയ മേഖലകളിൽ മുസ്ലീം മത്സ്യത്തൊഴിലാളികളുണ്ട്. 'പൂയിസ്ലാന്മാർ' എന്നായിരുന്നു വടക്കേമലബാറിൽ മാപ്പിള മത്സ്യതൊഴിലാളികൾ അറിയപ്പെട്ടിരുന്നത്. മുക്കുവർക്കിടയിലെ വിശ്വാസസങ്കല്പങ്ങളിൽ പലതും മീൻപിടുത്തക്കാരായ മാപ്പിളത്തൊഴിലാളികൾക്കിടയിലും ഉണ്ടായിരുന്നു. സാമൂഹികമായി പിന്നോക്കാവസ്ഥയിലായിരുന്നു ഇവർ. പണ്ടുള്ള അവസ്ഥയിൽനിന്ന് വളരെ മെച്ചപ്പെട്ട അവസ്ഥയാണ് ഇന്ന് അവർക്കുള്ളത്.

അവരുടെ സാമൂഹിക സാഹചര്യത്തിലുണ്ടായിരുന്ന തരംതാഴ്ത്തലുകൾക്ക് സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പ്രധാന കാരണമായിട്ടുണ്ട്. ഇന്നത്തെ മാറിയ സാഹചര്യത്തിൽ കാര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. പകർച്ചവ്യാധിപോലുള്ള രോഗങ്ങളെ ബന്ധപ്പെടുത്തി അമ്മദൈവങ്ങളെ ആരാധിക്കുന്ന രീതി ആദികാലംമുതൽതന്നെ ഉണ്ടായിരുന്നു. ഉദാഹരണത്തിന് തെക്കേ ഇന്ത്യയിൽ 'സുഖജമ്മ' വസൂരിയുടെയും 'മാരമ്മ' തൊണ്ടമുഴയുടേയും ദേവതമാരായാണ് ആരാധിക്കപ്പെടുന്നത്. ശീതളാദേവിയെ രോഗകാരിയായും, രോഗം ശമിപ്പിക്കുന്നവൾ എന്നും രണ്ടവസ്ഥയിൽ കണ്ടുപോരുന്നു. എന്നാൽ വിവിധ സങ്കല്പങ്ങളിൽ ഒരു ദേവിയെ തന്നെ ആരാധിച്ചുവരുന്ന വിഭാഗക്കാരും ഉണ്ട്. കോളറയുടെ ദേവിയായി മാരിയമ്മയെ ആരാധിക്കുമ്പോൾത്തന്നെ മറ്റ് ദേശങ്ങളിൽ വസൂരിദേവതയായും ആരാധിക്കുന്നു. കർണാടകത്തിൽ 'ചാമുണ്ഡിയെ'

മരണദേവതയായി ആരാധിക്കുന്നു. ശീതളമ്മയെ വസൂരിയുമായി ബന്ധപ്പെടുത്തി ബംഗാളികൾ ആരാധിക്കുന്നു. 'ജ്വാരസുര'യെ പനിയുടെയും 'ഓലബീബി' കോളറയുടെയും ദേവതയായി അവിടങ്ങളിലുള്ളവർ ആരാധിക്കുന്നു.

ഭുവനേശ്വറിലുള്ള ധീബർ മത്സ്യതൊഴിലാളികളായ 'ജാലരികൾ' ദേവിമാർ മാരകരോഗങ്ങളിൽനിന്നും പ്രകൃതി ദുരന്തങ്ങളിൽനിന്നും സംരക്ഷിക്കുമെന്ന് വിശ്വസിക്കുന്നു. മലബാറിലെ മുക്കുവരും മുകളിൽ പരാമർശിച്ച അതേ രോഗകാരണ ദേവതകളായി 'പോളമ്മ' 'ദുർഗ്ഗമ്മ' 'പൈതലമ്മ' 'ഭൂതലമ്മ' എന്നീ ദേവതകളെ ആരാധിക്കുന്നു

മുക്കുവരുടെ ചീരുംബസങ്കല്പം തന്നെയാണ് ശീതളമ്മയ്ക്കുള്ളത്. ഇവിടെ രോഗകാരിണിയും രോഗം ശമിപ്പിക്കുന്നവളുമാണ് ചീരുംബ. 'ചീരുംബ ഇരുവർ' എന്ന സങ്കല്പത്തിൽ ആരാധിക്കപ്പെടുന്ന ദേവിമാർ വസൂരിയുടെ വിത്ത് വിതയ്ക്കുന്നവരാണ് രോഗം സുഖപ്പെടുത്തുവാൻ 'കണ്ഠാകർണ്ണൻ' ജന്മമെടുത്തു. വിഷ്ണുമൂർത്തിയേയും, ഗുളികനേയും ആരാധിക്കുന്ന മുക്കുവ സ്ഥാനങ്ങൾ മലബാറിലെ തീരദേശമേഖലയിൽ ഉണ്ട്. ഈ അമ്മദൈവങ്ങളെ പ്രതിനിധീകരിക്കുന്ന ആചാരസ്ഥാനക്കാരും ഉണ്ട്. 'പൊട്ടൻ'തെയ്യത്തെ കോട്ടികുളത്തെ തറവാട്ടുകാർ പൂജിക്കുന്നു. 'ഒന്ന് കുറ നാല്പത്' തെയ്യങ്ങളെയും പൂജിക്കുന്ന തറവാടുകളും കാണാം .. അനുഷ്ഠാനപരമായ ഗാനശകലങ്ങളാണ് വടക്കൻ കേരളത്തിലെ മുക്കുവ വിഭാഗക്കാർക്കിടയിലുള്ളത്. ഇത് ഭഗവതിപ്പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നു. കാളീപുരാവൃത്തം 'മരക്കല' പാട്ടിലും പാടുന്നു. 'ചിലമ്പു വാണിഭം' എന്ന പാട്ടും പാടാറുണ്ട്.

കാളീചരിതവും, ദാരികാവധവും ഉൾക്കൊള്ളുന്ന ഭഗവതിപ്പാട്ടുകൾ തീരദേശങ്ങളിലെ മുക്കുവരുടെ ആരാധനാസ്ഥാനങ്ങളിൽ പാടാറുണ്ട്. മുഖ്യമായും ഈ പാട്ടുകൾ പൂരോത്സവത്തിനാണ് പാടാറുള്ളത്. മുക്കുവസമുദായത്തിലെ ആചാരപ്പെട്ടവർ മരിച്ചാൽ മൂന്നുനാൾ അവരുടെ വീടുകളിലും, നാൽപ്പത്തിയൊന്ന് അടിയന്തിരം നടക്കുമ്പോൾ ആചാരസ്ഥാനങ്ങളിലും ഭഗവതിപ്പാട്ടുപാടുന്നു. മേൽലോകത്തുനിന്നും കീഴ്ലോകത്തേക്കുള്ള ശ്രീകുരുമ്പയുടെ യാത്രയെ സ്മരിക്കുന്ന പുരാവൃത്തത്തെ 'കീക്കൽപ്പാട്ട്' എന്ന് പറയുന്നു. ദേവീസാമീപ്യം ഉണ്ടെന്നു പ്രസ്താവിക്കുന്ന ചടങ്ങാണ് പാട്ടുത്സവം എന്ന് അറിയപ്പെടുന്നത്. 'വടക്കുഞ്ചർ കാരണവ

ന്മാർ' നാല്വർ ഭഗവതിയുടെ മംഗല്യത്തിന് രാശി നോക്കി മുഹൂർത്തം കുറിക്കുന്നു. കേളീയുത്സവത്തിന് പന്തലിന്റെ പൊൻമകളായ കാളിയുടെ കല്ല്യാണോത്സവത്തിന് പാലമരംവെട്ടി പന്തൽ നിർമ്മിക്കാൻ പറയുന്നു. പാലമുറിച്ച് വയലിലെ പുത്തൻകാവിൽ പന്തലൊരുക്കാൻ നാലുദിക്കിൽ എട്ടുകുറ്റി ചിത്രപീഠവും പണികഴിപ്പിച്ചു. പന്തൽശുദ്ധി വരുത്തി ശംഖും പീഠവും പണി കഴിപ്പിച്ചു. പന്തൽ ശുദ്ധിവരുത്തി ശംഖും പീഠവും അടുപ്പിച്ചിട്ടു.

ശ്രീപരമേശ്വരന്റെ അനുഗ്രഹം വാങ്ങിയ ദേവി സൂര്യദേവനോട് രണ്ട് 'കനകത്തേർ' ആവശ്യപ്പെട്ടു. വേഷഭൂഷാദികൾ ധരിച്ച് കനകത്തേരിൽ കയറി കണ്ഠാകർണ്ണനും ദണ്ഡനും പരിവാരങ്ങളുമായി ഭൂമിയിലേക്ക് പുറപ്പെട്ടു. ഭൂമിയിലുള്ളവർ താലവും കൈവിളക്കും വാദ്യാഘോഷങ്ങളുമായി കാവിൽ സ്വീകരിച്ചാനയിക്കുന്നു. വലതുവശം കണ്ഠാകർണ്ണനും, ഇടതുവശം ദണ്ഡനും ചേർന്ന് കാവിലേക്ക് കടക്കുന്നു. ശേഷം പരിവാരങ്ങളൊത്ത് നൃത്തം വെയ്ക്കുന്നു (പത്മനാഭൻ, 2016: 151).

### 1.5.3 കണ്ണകി എന്ന ദേവീസങ്കല്പം

ഇളങ്കോവടികളുടെ 'ചിലപ്പതികാരം' എന്ന മഹാകാവ്യത്തിലെ കണ്ണകി കൊടുങ്ങല്ലൂരമ്മയാണെന്നാണ് വിശ്വാസം. 'കാവേരിപൂമ്പട്ടണം' ചോളന്മാരുടെ രാജധാനിയായിരുന്നു. അവിടെ 'പെരുങ്കുടി' വൈശ്യകുലത്തിൽ 'കണ്ണകി' എന്നൊരു പെൺകുഞ്ഞ് ജനിക്കുന്നു. പിന്നീട് അവൾ കോവലന്റെ സഹധർമ്മിണിയായി. ഈ ദമ്പതികൾ യഥാസുഖം വാഴുന്നകാലം രാജസന്നിധിയിൽ 'ഗണിക' വിഭാഗത്തിൽപ്പെട്ട 'മാധവി' എന്നുപേരായ ഒരു സ്ത്രീ നൃത്തത്തിനെത്തി. കോവലൻ അവളിൽ ഭ്രമിക്കുകയും അവളോടൊത്ത് ജീവിക്കുകയും ചെയ്യുന്നു (പ്രിയദർശൻലാൽ, 2004: 91). തുടർന്ന് ധനസ്ഥിതി തകർന്നപ്പോൾ മാധവിയിൽനിന്ന് പിരിയുന്നു. പതിവ്രതയായ ഭാര്യ കണ്ണകിയുടെ അടുക്കലേക്ക് തന്നെ മടങ്ങുന്നു. പുകാറിൽ (കാവേരിപ്പൂമ്പട്ടണം) മാനഹാനിയോടെ ജീവിതം സാധ്യമല്ലെന്ന് മനസ്സിലാക്കിയ അവർ പാണ്ഡ്യതലസ്ഥാനമായ മധുരയിലേക്ക് യാത്രയാകുന്നു. യാത്രാവേളയിൽ 'പത്തിനിക്കടവുൾ' ആണ് കണ്ണകിയെന്ന് പ്രവചിച്ചു.

ധനം നശിച്ചുപോയ കോവലൻ കണ്ണകിയുടെ ബാക്കിവന്ന സ്വത്തായ രണ്ട് ചിലമ്പുകളിൽ ഒന്ന് വിറ്റ് വ്യാപാരത്തിനുള്ള പണം കണ്ടെത്താൻ തീരുമാനിക്കുന്നു. ചിലമ്പുമായി പൊൻതട്ടാന്റെ അടുക്കൽ എത്തിയപ്പോൾ കള്ളനായ തട്ടാൻ

പാണ്ഡ്യമഹാരാജ്ഞിയായ 'പെരുതേവി'ക്കുവേണ്ടി പണിയാൻ നൽകിയിരുന്ന ചിലമ്പുകളിലൊരെണ്ണം കളവുപോയെന്ന് തെറ്റിദ്ധരിപ്പിച്ച് ഒളിച്ചുവെച്ചിരിക്കുകയായിരുന്നു. കോവലനെ തന്ത്രപൂർവം തന്റെ വീട്ടിൽ ഇരുത്തിയിട്ട് അയാൾ കൊട്ടാരത്തിൽ ചെന്ന് രാജ്ഞിയുടെ ചിലമ്പ് മോഷ്ടിച്ച കള്ളൻ തന്റെ വീട്ടിൽ ഉണ്ടെന്നും അത് വിൽപ്പനക്കായി കൊണ്ടുവന്നതാണെന്നും അവനെ വീട്ടിൽ തങ്ങാൻ അനുവദിച്ചാണ് താൻ വന്നതെന്നും ബോധിപ്പിക്കുന്നു. പാണ്ഡ്യരാജാവ് സത്യാവസ്ഥ മനസ്സിലാക്കാതെ വിചാരണകൂടാതെ അവനെ വധിക്കാൻ കൽപ്പിക്കുന്നു. രാജഭടന്മാർ കോവലന്റെ തല വെട്ടിയിട്ട് ചിലമ്പ് കൊട്ടാരത്തിൽ ഏൽപ്പിക്കുന്നു. സാത്വികയായ കണ്ണകി കോവലന് വന്നുചേർന്ന ആപത്ത് മനസ്സിലാക്കി, കൊലപ്പറമ്പിലേക്ക് ചെല്ലുന്നു. കഴുത്തറ്റ നിലയിലാണ് പ്രിയതമനെ കാണുന്നത്. കണ്ണകി ഇനി സ്വർഗ്ഗത്തിൽ വെച്ച് കാണാമെന്ന് കോവലനോട് പറയുന്നു. രാജധാനിയിലെത്തിയ കണ്ണകി പാണ്ഡ്യരാജനെ വധിക്കുന്നു. കോപംപൂണ്ട കണ്ണകി ഒരു മാല പറിച്ചെറിഞ്ഞ് മധുരാപുരിയെ അഗ്നിക്കിരയാക്കുന്നു. ശേഷം സഹ്യാദ്രിയും കടന്ന് ചെംകുറ്റൂർ എന്ന പർവതത്തിലെത്തിയപ്പോൾ സ്വർഗ്ഗവാസികൾ കണ്ണകിയെ ദിവ്യരഥത്തിലേറ്റി സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നു. മലങ്കുറവർ അവരുടെ ഭരണാധികാരി ചേരം ചെങ്കുട്ടവനോടും ഇളങ്കോവടികളോടും കാര്യം ബോധിപ്പിക്കുന്നു. ശേഷം കണ്ണകിയിൽ ദേവീശക്തി മനസ്സിലാക്കി കൊടുങ്ങല്ലൂർ ക്ഷേത്രം പണി കഴിപ്പിക്കുന്നു. ഈ കഥ അടിസ്ഥാനമാക്കിയാണ് ഇളങ്കോവടികൾ ചിലപ്പതികാരം രചിക്കുന്നത്.

കണ്ണകിയുടെ തെക്കൻ പുരാവൃത്തത്തിൽ തെക്കൻ കൊല്ലത്ത് താമസിച്ചിരുന്ന നാരായണർ(മാരായർ)ക്കും മാരുതി ദമ്പതികൾക്കും സന്താനങ്ങളില്ലാത്തതിനാൽ ശ്രീ മഹാദേവൻ തന്റെ പൊൻമകളെ (കാളിയെ) വളർത്തുമകളായി നാരായണരെ ഏൽപ്പിച്ചു. ചിലമ്പും കൊടുത്ത് കന്നിയെ യാത്രയാക്കി. തെക്കൻ കൊല്ലത്തെ നല്ലച്ഛൻ അവളെ വളർത്തി.

വടക്കും കൊല്ലത്തെ മാരായർക്കും മാരുതിക്കും സന്താനഭാഗ്യം ഇല്ലായിരുന്നതിനാൽ ശ്രീ മഹാദേവന് സ്വർണ്ണപ്പാൽക്കുടം കാഴ്ചവെയ്ക്കാൻ പാൽക്കുടം തേടി മാരായർ യാത്രയായി. ദേവന്മാരുടെ തടസ്സം കാരണം വടക്കുംകൊല്ലത്തെ നല്ലച്ഛൻ നരകക്കുളത്തിൽ വീഴുകയും ശ്രീ മഹാദേവൻ അയാളെ രക്ഷിക്കുകയും ചെയ്തു. അങ്ങനെ മാരായർ കൈലാസത്തിൽ പാൽക്കുടം കാഴ്ചവെച്ചു. നല്ലച്ഛന്

പുത്രനില്ലാത്ത ദുഃഖമാണെന്ന് ചിത്രഗുപ്തൻ കണക്കുനോക്കിപ്പറയുകയും അതു പ്രകാരം ശ്രീ മഹാദേവൻ ഒരു കനിപ്പഴം കൊണ്ടുവരാൻ മാരായരോട് ആവശ്യപ്പെടുകയും ചെയ്തു. കദളിവനം കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞില്ല. കാരണം ബോധ്യപ്പെട്ട മാരായർ മഹാദേവനെ ധ്യാനിക്കുകയും കനിപ്പഴം കരസ്ഥമാക്കി ദേവന് നൽകുകയും ചെയ്തു. ചിത്രഗുപ്തനെക്കൊണ്ട് കനിപ്പഴത്തിൽ വിധിയെഴുതിച്ച് മാരുതിക്ക് നൽകാൻ മാരായരെ ഏൽപ്പിച്ചു. അങ്ങനെ പാലകൻ എന്ന കുട്ടി അവർക്കു പിറന്നു. അഭ്യാസങ്ങളെല്ലാം സ്വായത്തമാക്കി അവൻ വളർന്നു. പതിനാലാം വയസ്സിൽ പാലകന് വധുവിനെ കണ്ടെത്താൻ നല്ലച്ഛൻ പുറപ്പെട്ടു. ആ സമയം പൊൻമകൾക്ക് മാലതേടി തെക്കുംകൊല്ലം നല്ലച്ഛനും യാത്ര പുറപ്പെട്ടിരുന്നു. ഒരു കാട്ടകത്തുള്ള കാവിൽവെച്ച് അവർ പരസ്പരം സന്ധിക്കുന്നു. കണ്ണകിയും പാലകനും തമ്മിലുള്ള വിവാഹം നിശ്ചയിക്കുകയും ചെയ്തു. വിവാഹ ശേഷം മണിക്കപ്പലേറി കണ്ണകി വടക്കുംകൊല്ലത്തേക്കു പോകുന്നു. എന്നാൽ (ദൈവക്കന്നി) കൂടെ പാലകൻ പോകുകയുണ്ടായില്ല. കുറച്ചു കാലങ്ങൾക്കു ശേഷം പാലകൻ കണ്ണകിയുടെ അടുക്കൽ ചെന്നപ്പോൾ ചിലമ്പുകൊടുക്കുകയും വിറ്റുവന്നാൽ അതിന്റെ ലാഭംകൊണ്ട് ശേഷകാലം ജീവിക്കാമെന്നു പറയുകയും ചെയ്യുന്നു.

ഇഷ്ടമല്ലെങ്കിലും ചിലമ്പുമായി പാലകൻ പുറപ്പെട്ടപ്പോൾ നിമിത്തദോഷങ്ങൾ കാണുന്നു. മധുരയിലെ തെരുവുവേശ്യകൾക്ക് പൊൻപണിയെടുത്തുകൊണ്ടിരുന്ന പാണ്ഡിത്തട്ടാൻ പാലകനെ വശത്താക്കി ചിലമ്പ് കരസ്ഥമാക്കുന്നു. രാജ്ഞിയുടെ ചിലമ്പ് കട്ട കള്ളനെന്ന് പാണ്ഡിരാജ്യനോട് കളവു പറയുന്നു. തന്റെ ചിലമ്പല്ലെന്ന് രാജ്ഞി പറഞ്ഞിട്ടും ഇരുവരും കൂടി പാലകനെ കഴുകിലേറ്റാൻ തച്ചനെ വരുത്തിക്കുന്നു. പാലകന്റെ നിർദ്ദേശപ്രകാരം തച്ചൻ പാലകന്റെ കഴുത്തിൽ മഴുകൊണ്ടു വെട്ടുന്നു. എന്നാൽ പാലകനെ വധിച്ചതിൽ തച്ചൻ ദുഃഖിതനായി ഏഴുനാളുകൾക്കുള്ളിൽ പാലകനെ തോറ്റിയെടുത്തല്ലാതെ ഭക്ഷണം കഴിക്കുകയില്ലെന്ന് ശപഥം ചെയ്യുന്നു. ശേഷം ചെറുമണ്ണാനെ കൊലനിലത്തിന് കാവൽ നിർത്തി സ്വഭവനത്തിലേക്ക് യാത്രയാകുന്നു.

പാലകൻ തിരിച്ചുവരാഞ്ഞതിൽ വിഷമിച്ച് കണ്ണകി തേച്ചുകുളിച്ച് പാലമൃത് കഴിച്ചുകിടന്നപ്പോൾ സംഭവങ്ങൾ സ്വപ്നത്തിൽ ദൃശ്യമാകുന്നു. ഒടുവിൽ കിഴവിയായ മാരിയമ്മയുടെ വേഷത്തിൽ ദൈവക്കന്നി പുറപ്പെടുന്നു. കാര്യങ്ങൾ മനസ്സി

ലാക്കിയ ശ്രീപരമേശ്വരിയമ്മ സംഭവസ്ഥലത്തുനിന്ന് ഭർത്താവിന്റെ ശവമെടുത്ത് ശുദ്ധി വരുത്തി വെള്ളപ്പനനാട്ടിലെ പുളിമൂട്ടിൽ ഇരുത്തിയശേഷം ഏഴ് പെട്ടി മായ പ്പൊന്നുമായി തട്ടാനെത്തേടി യാത്രയായി. പൊന്നുംബലിക്കല്ല് തീർക്കുവാനാണ് മാരിയമ്മ വന്നതെന്നു കരുതി ഒളിച്ചിരുന്ന തട്ടാൻ വെളിയിലിറങ്ങുന്നു. ശ്രീ പരമേ ശ്വരി അമ്മ വേഷം പകർന്ന് ഉഗ്രരൂപിണിയായി തട്ടാൻ പെരുമ്പടയെ മുഴുവൻ കൊന്നൊടുക്കുന്നു. പാണ്ഡിത്തട്ടാന്റെ തൊലി പൊളിച്ച് മണിയാട ചാർത്തുന്നു മാതാവും കൂളികളും പാണ്ഡിയൻ രാജനെ തൃശൂലത്തിൽ കുത്തിയെടുത്ത് ശിരസ്സ റുത്ത് ശരീരം തുണ്ടമാക്കി കൂളികൾക്ക് കൊടുക്കുന്നു. ശിരസ്സ് അച്ഛന്റെ മുമ്പിൽ കാഴ്ചവെയ്ക്കുന്നു. ശേഷം അരയാലിൻ കൊമ്പത്ത്/ ദാരികാശ്ശിരസ് തൂക്കിയ തിന്റെ ഇടതുഭാഗത്തായി മഹാദേവന് തൃക്കാഴ്ച കാണുന്നതിന് പരമേശ്വരി അമ്മ രാജശിരസ്സ് തൂക്കിയിടുകയും ചെയ്യുന്നു (വിഷ്ണുനമ്പൂതിരി, 2010: 141).

കണ്ണകിയാണ് കൊടുങ്ങല്ലൂരമ്മ എന്ന വാദം ശരിയല്ല എന്ന അഭിപ്രായവും നിലനിൽക്കുന്നുണ്ട്. ചിലപ്പതികാരത്തിലെ കണ്ണകി-കോവലൻ കഥയിലെ നായ കൻ കോവലന് ഒൻപത് തലമുറ മുമ്പ് ഒരേ വംശത്തിൽ ജീവിച്ചിരുന്ന വേറൊരു കോവലൻ ഉണ്ട്. അദ്ദേഹം വഞ്ചിമാനഗര(കൊടുങ്ങല്ലൂർ)ത്തിനു അടുത്തുള്ള മല യിൽ ഒരു ബുദ്ധവിഹാരം പണിയിച്ചു (അജു കെ. നാരായണൻ, 2014: 30).

കൊടുങ്ങല്ലൂർ ക്ഷേത്രം ബുദ്ധവിഹാരമായിരുന്നുവെന്നും 'പത്തി നിക്കടവുൾ' ബുദ്ധമതദേവതയായിരുന്നെന്നും ബുദ്ധസന്യാസിനികളെ ഒഴിവാ ക്കാൻ ഹിന്ദുക്കൾ പാടിയ തെറിപ്പാട്ടാണ് ഭരണിപ്പാട്ടെന്നുമുള്ള അഭിപ്രായത്തെ ഡോ. എം.കെ. പ്രിയദർശൻലാൽ ഫോക്‌ലോറിന്റെ കൈവഴികൾ എന്ന പുസ്തക ത്തിൽ നിരാകരിക്കുന്നു. ഇതിന്റെ കാരണമായി അദ്ദേഹം സമർത്ഥിക്കുന്നത് ബുദ്ധ മതത്തിൽ ഒരു കാലത്തും 'പത്തിനി' എന്നോ 'പത്മവതി' എന്ന പേരിലോ ഒരു ദേവതയെ ആരാധിച്ചിരുന്നില്ല. ബുദ്ധമതം നിലവിൽ വരുന്നതിനുമുമ്പ് തന്നെ അശ്ലീലവാക്കും പ്രവൃത്തിയും നിലനിന്നിരുന്നുവെന്നും രേഖപ്പെടുത്തുന്നു. ശാക്തേയാചാരപ്രകാരം 'പഞ്ചമകാര'ങ്ങളിലെ 'മൈഥുന'ത്തിന്റെ ഭാഷാരൂപമാണ് ഭരണിപ്പാട്ടും പൂരപ്പാട്ടും. പത്നി എന്ന പദം 'പത്തിനി' എന്നായതിനാൽ പതിവ്ര തയായ കൊടുങ്ങല്ലൂരമ്മ കണ്ണകിയാണെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത് (പ്രിയദർശൻലാൽ, 2004: 93).

കേസരി ബാലകൃഷ്ണപ്പിള്ള രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെ, ബുദ്ധന്റെ പര്യായശബ്ദമാണ് 'ജിനൻ'. ഈ വാക്കിൽ നിന്നുണ്ടായതാണ് 'ജൈന' എന്ന പദം. എന്നാൽ ജൈനമതമെന്ന് ഇതിന് അർത്ഥമില്ല.

''സർവ്വജ്ഞ: ബുദ്ധോഘർമ്മരാജസ്തതഥാഗതഃ

സമന്തഭദ്രോ ഭഗവാൻ മാരജില്ലോകജിത് ജിനഃ'' (1994: 239)

ഇങ്ങനെയാണ് ബുദ്ധന്റെ പര്യായങ്ങൾ അമരകോശത്തിൽ വിവരിച്ചിരിക്കുന്നത് (അജു കെ. നാരായണൻ, 2012: 27).

കൊടുങ്ങല്ലൂരമ്മ കന്യകയായതുകൊണ്ടാണ് ലൈംഗികതയെക്കുറിച്ച് പാടുന്ന തെറിപ്പാട്ട് ഇഷ്ടമാകുന്നതെന്നാണ് വിശ്വാസം. കൊടുങ്ങല്ലൂർ ഭരണിക്ക് പാടുന്ന തെറിപ്പാട്ടുപോലെത്തന്നെ ചേർത്തലപ്പൂരത്തിനും ഒറ്റപ്പാലത്തിനടുത്തുള്ള ചെനക്കത്തൂര് കാവിലും ഈ ആചാരം നിലനിൽക്കുന്നു. 'ചെനക്കത്തൂര് പൂരം തനിക്കൊത്തവണ്ണം' എന്ന പഴഞ്ചൊല്ലും ഉണ്ട്. കൂടാതെ ശിവക്ഷേത്രമായിട്ടുള്ള കൊട്ടിയൂർ ക്ഷേത്രത്തിലും വർഷത്തിലൊരിക്കൽ നടക്കുന്ന ആഘോഷത്തിലും തെറിപ്പാട്ട് പാടുന്നുണ്ട്. അമ്മക്കാവുകളിൽ മാത്രമല്ല തെറിപ്പാട്ടു ഉള്ളതെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. കേരളത്തിൽ കാളിയും തമിഴ്നാട്ടിൽ കണ്ണകിയും വസിക്കുന്നപോലെ മഹിഷാസുരമർദ്ദിനി മൈസൂരിലും ദാക്ഷായണി ഉത്തരേന്ത്യയിലും കുടിയിരിക്കുന്നു. ദക്ഷയാഗത്തിൽ ജീവൻ വെടിഞ്ഞ സതീദേവിയുടെ മൃതദേഹം പരമേശ്വരൻ എടുത്തുകൊണ്ടുപോയെന്നും പോകുന്ന വഴിയിൽ വിഷ്ണു മൃതദേഹത്തിന്റെ ശരീരഭാഗങ്ങൾ പല കഷണങ്ങളായി മുറിക്കുകയും അവയവം പതിച്ച സ്ഥലങ്ങളിൽ ഓരോ കാളീക്ഷേത്രങ്ങളായി മാറിയെന്നുമാണ് ഉത്തരേന്ത്യയിലെ പ്രധാന പുരാവൃത്തം.

കളമെഴുത്തിൽ ഗണപതികൈ അടയാളപ്പെടുത്തുന്നത് കാവുകളുടെ പൂർവരൂപങ്ങളിൽ നിന്ന് വിഗ്രഹവൽക്കരണത്തോടുകൂടി സങ്കല്പങ്ങളും പ്രതിഷ്ഠകളും മാറിയതിന്റെ സൂചനയാണ്. അമ്മദൈവങ്ങളുടെ കാര്യത്തിൽ ബ്രഹ്മണർ ഇടപെട്ടതിനാലാണ് അമ്മയ്ക്ക് രൂപങ്ങൾ ഉണ്ടായത്. ആദ്യകാലത്ത് ജനങ്ങളുടെ മനസ്സിലാണ് അമ്മയ്ക്ക് സ്ഥാനം. രൂപഭേദങ്ങളുണ്ടാക്കിയപ്പോഴും ആചാരങ്ങൾക്ക് മാറ്റമൊന്നും ഉണ്ടായില്ല. എന്നാൽ കാവിനകത്തുള്ള കാര്യങ്ങൾ ബ്രഹ്മണർ കൈവശ

പ്പെടുത്തി. പൂരം പോലുള്ള പുറംവേലകൾ നാട്ടുകാർക്കും കിട്ടി (അച്യുതമേനോൻ, 2015, 80).

കേരളത്തിലെ മുക്കുവരിൽ ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ വിഭാഗക്കാരുണ്ട്. അതുകൊണ്ടുതന്നെ ഹിന്ദുദൈവമായ അമ്മദൈവങ്ങൾ ചില വിഭാഗങ്ങളുടെ മാത്രം ആശ്രയകേന്ദ്രമാണ്. കടലുണ്ടി ദേശത്തെ അമ്മദൈവമാണ് പ്രബന്ധവിഷയം എന്നിരുന്നാലും ഹിന്ദുമുസ്ലിംക്രിസ്ത്യൻ വിഭാഗങ്ങൾ ഇടകലർന്നുകാണുന്ന കടലുണ്ടിപോലുള്ള ഒരു ദേശത്തിന്റെ സാംസ്കാരികചരിത്രം, ഹൈന്ദവ-ക്രിസ്തു-മുസ്ലീം ജനതയുടെ സഹവർത്തിത്വത്തിന്റെ പഠനമാകുന്നു.

ഏതൊരു സാംസ്കാരികപരിസരത്തിലും ദൈവസങ്കല്പങ്ങൾ സാധാരണ ജനജീവിതത്തെ സാരമായി ബാധിക്കുന്നു. വൈദികമല്ലാത്ത ആരാധനാസമ്പ്രദായങ്ങളിൽ ഭൂരിഭാഗവും അമ്മ ദൈവങ്ങളാണ്. അമ്മദൈവത്തിൽ പ്രധാനമായും ആരാധിച്ചുപോരുന്നത് കാളിയെയാണ്. ദുർഗ്ഗ, ചാമുണ്ഡി തുടങ്ങിയ ദൈവങ്ങൾ അമ്മദൈവങ്ങളാണ്. ശ്രീകുരുംബയെപ്പോലുള്ള കാളീസങ്കല്പമാണ് കടലോരസമുദായങ്ങളിൽ നിലനിൽക്കുന്നത്. കേരളത്തിൽ ക്ഷേത്രങ്ങളുടെയും കാവുകളുടെയും പുരാവൃത്തങ്ങളും അനുഷ്ഠാനങ്ങളും ഇഴുകിച്ചേർന്ന് ഒരു സാംസ്കാരിക പശ്ചാത്തലമാണ് രൂപപ്പെട്ടിട്ടുള്ളത്.

പുരാതനഗോത്രവിഭാഗങ്ങൾ ദേവീസങ്കല്പത്തിൽ ആരാധന നടത്തിയിരുന്നു. നാഗരികസമൂഹമായി പരിവർത്തിക്കപ്പെടുകയും ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുകയും ചെയ്തപ്പോൾ അമ്മദൈവരാധാനയുടെ പ്രസക്തി വർദ്ധിച്ചു. കാർഷിക ഉർവരതയുടെ ദേവിയായി അമ്മദൈവത്തെ കാണുകയും ചെയ്തു. ഭൂരിഭാഗം വരുന്ന ക്ഷേത്രങ്ങളുടെ പൂർവചരിത്രം പുല്ലുവെട്ടുന്ന ചെറുമികളോട് ചേർത്തുവായിക്കപ്പെടുന്നു.

ആദിദ്രാവിഡന്റെ അമ്മദൈവമാണ് പിന്നീട് ശാക്തേയരുടെയും ഹിന്ദുക്കളുടെയും ദുർഗ്ഗാദേവിയായി പരിണമിച്ചിട്ടുള്ളത്. തീർത്തും അവൈദികമായിട്ടുള്ളതാണ് അമ്മദൈവം. കാർഷികദേവതയാണ് അമ്മ ദൈവമെന്നിരിക്കെ കൃഷി നിഷിദ്ധമാണ്. ബ്രാഹ്മണനും, ക്ഷത്രിയനും, ദുർഗ്ഗാദേവിയെ രാജവാഴ്ചക്കാലത്ത് യുദ്ധദേവതയായാണ് അവതരിപ്പിച്ചത്. ശിവൻ ഭദ്രകാളിയെ ജനിപ്പിക്കുകയും കാളി ദാരികനെ വധിക്കുകയും ചെയ്യുന്ന കഥയിലൂടെയാണ് അമ്മദൈവം യുദ്ധദേവ

യായി മാറുന്നത്. തെക്കൻ കഥകളായും വടക്കൻ കഥകളായുമാണ് ഈ ദേവതാ സങ്കല്പം കേരളത്തിൽ പ്രചാരത്തിലുള്ളത്. പന്ത്രണ്ടോളം പാഠഭേദങ്ങളിലൂടെ ഇത് കേരളത്തിന്റെ സാംസ്കാരിക പരിസരത്ത് ഇന്നും നിലനിൽക്കുന്നു.

പടയണി, മുടിയേറ്റ്, പറണേറ്റ്, പാന, പാനത്തോററം, തെയ്യം, തിറ, തിറ യാട്ടം മുതലായ അനുഷ്ഠാന കലാരൂപങ്ങളിലൂടെ അമ്മദൈവസങ്കല്പത്തെ കേര ളത്തിലെ ദേവീക്ഷേത്രങ്ങളിൽ പുനഃക്രമീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അതി പുരാതനകാലം മുതലെ കേരളീയജനത അമ്മദൈവത്തെ ആരാധിച്ചുപോന്നിരു ന്നു. ഇത്തരത്തിലുള്ള അമ്മദൈവസങ്കല്പമാണ് കോഴിക്കോട് ജില്ലയിലെ കട ലുണ്ടി ദേശത്തെ പേടിയാട്ട്കാവിലും ഉള്ളത്.

# അധ്യായം 2

# കടലുണ്ടി: ജനതയും സംസ്കാരവും

## 2.0 ആമുഖം

കടലുണ്ടിയുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തെ പൂർവകാലചരിത്രത്തിൽനിന്നും മനസ്സിലാക്കുകയും പരിണാമങ്ങൾക്ക് വിധേയമായി അത് പുതിയകാലപരിസരത്തെ എങ്ങനെ സൃഷ്ടിച്ചുവെന്ന് കണ്ടെത്താൻ ശ്രമിക്കുകയുമാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്. കടലുണ്ടിയിൽ നിലനിന്നിരുന്ന വിവിധ ജാതി-മത ആചാരാനുഷ്ഠാനങ്ങളും ജാതിഘടനയും സമഗ്രമായി മനസ്സിലാക്കാനും അവ ഈ നാടിന്റെ സാംസ്കാരിക-സാമൂഹികമേഖലയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും ഇവിടെ അന്വേഷിക്കുന്നു.

മത്സ്യബന്ധനവും കൃഷിയും ചകിരിത്തൊഴിലുംകൊണ്ട് ഉപജീവനം നടത്തിപ്പോരുന്നവരായിരുന്നു കടലുണ്ടി ദേശനിവാസികൾ. കടലുണ്ടിയുടെ സാംസ്കാരിക പൈതൃകവും വ്യാപാരബന്ധങ്ങളും കോഴിക്കോടിന്റെ ചരിത്രവുമായി കൂടുതൽ ഇഴചേരുന്നുണ്ട്. സാമൂതിരിയുമായുള്ള അറബിക്കച്ചവടത്തിന്റെ കേന്ദ്രമായ കോഴിക്കോട് ലോകഭൂപടത്തിൽ തന്നെ ഇന്ത്യയുടെ യശസ്സ് ഉയർത്തിയിരുന്നു. മതാതീതവീണത്തിലധിഷ്ഠിതമായ സാമൂഹ്യബന്ധമാണ് ഇതിന് കാരണമായതെന്ന് ഈ പ്രബന്ധത്തിൽ മനസ്സിലാക്കാം. ഡച്ചുകാരുടെയും പോർച്ചുഗീസുകാരുടെയും അധിനിവേശ താൽപര്യങ്ങൾ രാജ്യത്തിന് അനുഗുണമല്ലാതെ വരികയും തുടർന്ന് സാമൂതിരിയും, കുഞ്ഞാലിമരക്കാരും സംയുക്തമായി രാജ്യത്തിന്റെ സമുദ്രാതിർത്തി സംരക്ഷിച്ചതും കടലുണ്ടി ഒരു തുറമുഖപട്ടണമായിരിന്നുവെന്നതും ഈ പ്രബന്ധത്തിൽ പ്രതിപാദിക്കുന്നുണ്ട്.

സോളമൻ ചക്രവർത്തിയുടെ കാലം മുതൽ വ്യാപാരത്തിലധിഷ്ഠിതമായ വിദേശബന്ധം നിലനിന്നിരുന്ന 'തുണ്ടീസ്' എന്ന ചരിത്രഗ്രാമമാണ് കടലുണ്ടിയെന്ന നിരീക്ഷണം ചരിത്രപഠനത്തിലൂടെ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ചാലിയവും ബേപ്പൂരും കടലുണ്ടിയുടെ ചരിത്രവുമായി ചേർന്നു നിൽക്കുന്നു. ചേരവം

ശാധിപത്യം തകർന്ന് നാടുവാഴിത്ത സമ്പ്രദായത്തിലേക്ക് ഭരണക്രമം മാറിയ സാഹചര്യത്തിൽ ഭൂവുടമാവകാശം ജന്മിമാർക്ക് ചാർത്തിക്കൊടുത്തു. തുടർന്നുള്ള ജന്മികുടിയാൻ പ്രശ്നങ്ങൾ കടലുണ്ടിയിലും നിലനിന്നിരുന്നു. അതിന്റെ തിക്താനുഭവങ്ങൾ കടലുണ്ടിയിലെ കീഴാള ജനവിഭാഗത്തെ സാരമായി ബാധിച്ചിരുന്നു. അത്തരം ചരിത്രസാഹചര്യങ്ങളെക്കുറിച്ചുള്ള അന്വേഷണവും കൂടിയാണ് ഇവിടെ നിർവഹിക്കുന്നത് (മ.മാ.ല.ലേ; 30 മാർച്ച് 2009).

എല്ലാവിധ ജാത്യാചാരങ്ങൾ നിലനിൽക്കുകയും അതിന്റെ തിക്താനുഭവങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്തിട്ടുള്ളവരാണ് കടലുണ്ടി ദേശക്കാരിൽ ചിലരെങ്കിലും പരസ്പരസഹവർത്തിത്വത്തിന്റെ ഭാഷ ഇവർക്ക് അന്യമായിരുന്നില്ല. പുത്തൻ രാഷ്ട്രീയ-സാമുദായിക-നവോത്ഥാന ഉണർവുകളും കൃഷിയിലും വാണിജ്യത്തിലും വിദ്യാഭ്യാസമേഖലയിലും ഉണ്ടായ പുരോഗതിയും സാമ്പത്തികമായി അഭിവൃദ്ധിയിലേക്ക് ഇവരെ നയിച്ചു. ഇതിൽ സ്ത്രീപങ്കാളിത്തവും ശാക്തീകരണവും എത്രകണ്ട് സ്വാധീനംചെലുത്തിയെന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്നു. ഇത് കടലുണ്ടി-മണ്ണൂർ ദേശത്തെ എങ്ങനെയാണ് നവോത്ഥാന പാതയിലേക്ക് നയിച്ചതെന്നും അന്വേഷിക്കുന്നു. ദേശചരിത്ര സ്മൃതികളിൽനിന്ന് മറഞ്ഞുപോയതും നിലനിൽക്കുന്നതുമായ സാംസ്കാരിക പൈതൃകങ്ങളെ മിനുക്കിയെടുത്ത് പുതിയ കാലത്തേക്ക് ഗുണപാഠങ്ങളാക്കുവാനുള്ള ഒരു എളിയ ശ്രമവും ഇതിലുണ്ട്. കടലുണ്ടി ദേശത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, വ്യാവസായിക വളർച്ച, ജനകീയ കൂട്ടായ്മ മുതലായവയെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് ഈ അധ്യായം.

### 2.1 കടലുണ്ടിയുടെ ചരിത്രം

ക്രിസ്തുവിനുമുമ്പ് ആയിരാമാണ്ട് സോളമൻ ചക്രവർത്തിയുടെ കാലഘട്ടം മുതൽ തെക്കേ വിദേശീയരും മലബാറുമായുള്ള വ്യാപാരബന്ധം നിലനിന്നിരുന്നു. ബൈബിളിന്റെ സൂചനയിൽ സോളമൻ ചക്രവർത്തിയുടെ കാലത്ത് വെള്ളിക്ക് യാതൊരു വിലയും കൽപ്പിച്ചിരുന്നില്ല. എല്ലാം സ്വർണ്ണത്തിന്റെ രൂപത്തിൽ ആയിരുന്നു കാണപ്പെട്ടത്. രാജാവിന്റെ, ഹിരാവിന്റെ നാവികവ്യൂഹത്തോടൊപ്പം'താർഷിഷിന്റെ' കപ്പൽവ്യൂഹവും സമുദ്രവ്യാപാരം നടത്താൻ ലഭ്യമായി. മൂന്ന് കൊല്ലത്തിലൊരിക്കൽ 'താർഷിഷിന്റെ' നാവികസേനാവ്യൂഹം സ്വർണ്ണവും വെള്ളിയും ആനക്കൊമ്പും കുരങ്ങുകളും മയിലുകളുമായി മലബാറിലേക്ക് വന്നിരുന്നു. വെള്ളി

ഒഴികെ എല്ലാ വസ്തുക്കളും മലബാർ തീരത്തെ ഉൽപ്പന്നങ്ങളാണ്. സോളമന് സ്വർണ്ണം തന്നത് 'ഓഫീർ' എന്ന നാട്ടിൽനിന്നാണെന്നു പറയപ്പെടുന്നു. ക്രിസ്താബ്ദം ആദ്യനൂറ്റാണ്ടുകളിൽ 'പെരിപ്ലസ്മാർ ഇറിത്ത്' കർത്താവ് സൂചിപ്പി ക്കുന്ന സമുദ്രതീരത്ത് പേരുകേട്ട ഗ്രാമം 'തുണ്ടീസ്' ബേപ്പൂർ പുഴയുടെ തെക്കേതീ രത്ത് സ്ഥിതിചെയ്തിരുന്നു. ആ ചരിത്രഗ്രാമമാണ് കടലുണ്ടി. തുറമുഖ പട്ടണമായി രുന്ന തൊണ്ടി പിന്നീട് കടലുണ്ടി തുറമുഖമായും നഗരം കടലുണ്ടി നഗരമായും പരിണമിച്ചു. 'വില്യം ലോഗന്റെ' മലബാർ മാന്വലിൽ കടൽ+തുണ്ടി 'കടലിന്റെ നാഭി' എന്ന അർത്ഥത്തിലാണ് പ്രതിപാദിച്ചിരിക്കുന്നത്. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശത്തിൽ പരാമർശിച്ചിട്ടുള്ള വല്ലിയാർ നദി കടലുണ്ടിപ്പുഴയാണെന്ന് പറയപ്പെടുന്നു (മ.മാ.ല.ലേ; 30 മാർച്ച് 2009). സൈലന്റ് വാലിയിലെ നീലഗിരിയിൽ നിന്നുത്ഭവിച്ച് 180 കി.മീ ഒഴുകി കടലുണ്ടിപ്പുഴ (വല്ലിയാർ) അറബിക്കടലിൽ ചേരു ന്നത് വള്ളിക്കുന്നിൽ വെച്ചാണ്. വല്ലിയാറിനാൽ വലയംചെയ്ത് കിടക്കുന്ന കുന്നാണ് വള്ളിക്കുന്ന് ദേശം. കുടവായിൽ കീരത്തനാർ പാടിയ 'നെയ്താൽ' പാട്ടിലും അമ്മുവിനാർ എഴുതിയ 'നെയ്താൽ' പാട്ടിലും ആറാം ശതകത്തിൽ ജീവിച്ചിരുന്ന കുറുങ്കോഴിയൂരിന്റെ കൃതിയിലുമെല്ലാം കടലുണ്ടി ഗ്രാമത്തെ പരാ മർശിക്കുന്നുണ്ട്. ഇതെല്ലാം ഈ ഗ്രാമത്തിന്റെ പൗരാണിക പാരമ്പര്യത്തിലേക്ക് വെളിച്ചം വീശുന്നു.

കടലുണ്ടി ഒരു തുറമുഖപട്ടണമായിരുന്നു എന്ന് രണ്ടാംനൂറ്റാണ്ടിൽ ഏതോ ഒരു അജ്ഞാതനാമാവിനാൽ രചിക്കപ്പെട്ട പെരിപ്ലസ്സിന്റെ 'എരിത്രിയൻ കടൽയാത്ര' (എരിത്രേയിയൻ കടൽയാത്ര) എന്ന ഗ്രന്ഥത്തിൽ പറയുന്നു. ചേരരാ ജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായി അറിയപ്പെട്ടിരുന്ന തിണ്ടിസ് (തൊണ്ടി) എന്ന രാജ്യമാണ് കടലുണ്ടിയായി പരിണമിച്ചതെന്ന് സംഘകൃതികളിൽ കാണുന്നു (ഷാഫി കടലുണ്ടി, 2012: 12). പന്തലായനിക്ക് രണ്ടുമൈൽ (മൂന്നു കിലോമീറ്റർ തെക്കോട്ടായി സ്ഥിതിചെയ്യുന്ന 'കൊയിലാണ്ടി'യാണ് തുണ്ടീസ് (തൊണ്ടി) പെരിപ്ലസിന്റെ കാലത്ത് (എ.ഡി.80-ൽ) തുണ്ടീസ് ചേരതലസ്ഥാനമായി രുന്നില്ലെന്നും പേരെടുത്ത ഒരു ഗ്രാമം മാത്രമായിരുന്നുവെന്നും പി.കെ. ഗോപാല കൃഷ്ണൻ അഭിപ്രായപ്പെടുന്നു (ഗോപാലകൃഷ്ണൻ, 2008: 156).

തൊണ്ടിപ്പൂക്കളാൽ സമൃദ്ധമായ വയലേലകളാൽ ചുറ്റപ്പെട്ട പ്രദേശം എന്ന താണ് 'തിണ്ടിസ്' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്നും ഒരഭിപ്രായമുണ്ട്

(ഷാഫി കടലുണ്ടി, 2011:12). റോമിൽനിന്നും അറേബ്യയിൽനിന്നും ചെറുകച്ചവട സംഘങ്ങൾക്ക് കേരളത്തിൽ കോഴിക്കോട് തീരവുമായി ശക്തമായ വ്യാപാര ബന്ധം ഉണ്ടായിരുന്നു. അക്കാലത്തുതന്നെ ഡച്ചുകാർ, പോർച്ചുഗീസുകാർ തുട ങ്ങിയവരുമായുള്ള വ്യാപാരബന്ധങ്ങളിൽ കടലുണ്ടിക്കും സുപ്രധാന ഇടമാണുള്ള ത്. ഇതരവിദേശ രാജ്യങ്ങളുമായുള്ള കച്ചവടബന്ധം ഈ നാടിന്റെ സാമ്പത്തിക മേഖലയെയും സാംസ്കാരിക മേഖലയെയും പുഷ്ടിപ്പെടുത്തി. മലബാർമേഖല യിലെ വനവിഭാഗങ്ങളും സുഗന്ധദ്രവ്യങ്ങളും (കുരുമുളക്, കറുവപ്പട്ട, ഏലം) പട്ടു വസ്ത്രങ്ങളും കയറുല്പന്നങ്ങളും വിദേശവിപണികളിലേക്ക് ധാരാളമായി കയറ്റി അയച്ചിരുന്നു. ബേപ്പൂർ തുറമുഖം കേന്ദ്രീകരിച്ച് കോഴിക്കോടിന്റെ കച്ചവടബന്ധ ങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ചാലിയവും കടലുണ്ടിയും അഭിവൃദ്ധി പ്രാപിക്കുക യുണ്ടായി. കടലുണ്ടി അഴിമുഖം വിശ്വവിശാലമായ ഒരു സംസ്കാരത്തിന്റെ കേന്ദ്ര മായി ഉയരുവാൻ നാടിനെ സഹായിച്ചിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങ ളിൽനിന്നുള്ള സാംസ്കാരികധാരകൾ ഈ നാടിനെ അഭിവൃദ്ധിയിലെത്തിച്ചു. അതിൽനിന്നും പുതിയ സാംസ്കാരികതലങ്ങൾ പിറവികൊണ്ടു. കരയിൽ നായൻമാരുടെ നായകത്വവും കടലിൽ മരയ്ക്കാൻമാരുടെ മേൽക്കോയ്മയും തമ്മിൽ കൈകോർത്തു പിടിച്ചുകൊണ്ടാണ് ഈ നാടിന്റെ വിജയം സാധ്യമായത്. ആ സൗഹൃദത്തിന്റെ സൂത്രധാരന്മാരായിരുന്നു സാമൂതിരിമാർ. വിവിധരാജ്യ ക്കാരും മതക്കാരും ഭാഷക്കാരും തോളോടുതോൾ ചേർന്ന് ശാന്തിയും സമാധാന വുംകൊണ്ട് പ്രമുഖ വ്യാപാരനഗരമായി ഇത് വളർന്നു. മൈസൂർ സുൽത്താന്മാ രുടെ കാലത്താണ് ഭരണപരിഷ്കാരവും കാർഷികപരിഷ്കാരവും നടപ്പിലാക്കിയ ത്. അവരുടെ പ്രധാനലക്ഷ്യവും അതായിരുന്നു. ഇതിന്റെ ഭാഗമായി ചില സാമൂ ഹ്യപരിഷ്കാരങ്ങൾക്കും അവർ ശ്രമിച്ചു (ഗോപാലകൃഷ്ണൻ, 2008: 419).

കോഴിക്കോട്, കാപ്പാട്, ചാലിയം, കടലുണ്ടി മുതലായ ദേശങ്ങൾ വൈദേശി കബന്ധത്തിന്റെ നേർസാക്ഷ്യങ്ങളായുള്ള അവശേഷിപ്പുകളാൽ ചിരപ്ര തിഷ്ഠനേടിയ ഇടങ്ങളാണ്. ഇവിടുത്തെ ഭൂപ്രകൃതിയുടെ അനുകൂലാവസ്ഥ വിദേ ശികൾ നന്നായി മനസ്സിലാക്കിയിരുന്നു.

സത്യസന്ധതയും സാമർത്ഥ്യവും കൈമുതലായുള്ള ഒരു രാജാവിന്റെ നാട്ടിലെ തുറമുഖം എല്ലാ വ്യാപാരികളുടെയും ആഗ്രഹമായിരുന്നു. അങ്ങനെ ഒന്നുണ്ടെങ്കിൽ കടലിൽവെച്ച് ചരക്കുകൾ കരയ്ക്കിറക്കുകയും പണ്ടകശാലകളിൽ

സൂക്ഷിക്കുകയും കച്ചവടം ചെയ്യുകയുംചെയ്യാം. അത്തരം ഒരു സാഹചര്യത്തിൽനിന്നാണ് സാമൂതിരിയും അറബികളും നാനൂറ് വർഷത്തോളം നീണ്ടുനിന്ന ബന്ധം ഉണ്ടായത് (നാരായണൻ, 2017: 27).

ക്രിസ്തുവർഷം 1200 മുതൽ 300 വർഷക്കാലം സാമൂതിരിയുമായുള്ള അറബിക്കച്ചവടബന്ധങ്ങളുടെ സുവർണ്ണ കാലമായിരുന്നു. എല്ലാ മതവിഭാഗങ്ങളെയും ഉൾക്കൊണ്ടുള്ള മതാതീതവീക്ഷണമായിരുന്നു. ആധുനിക ഭാരതത്തിന്റെ ബൗദ്ധികരാഷ്ട്രദർശനത്തിന് അടിത്തറപാകിയത്. ഉൽപ്പന്നങ്ങളുടെ ക്രയവിക്രയം നീതിപൂർവമാകുന്ന രാജ്യത്തിന്റെ ഉയർച്ച സ്വാഭാവികമാണ്. അതുതന്നെയായിരുന്നു കോഴിക്കോടിന്റെ പ്രത്യേകതയും. ഖാസിയും മുസ്ല്യാരും തുറമരക്കാരും സാബന്ത്രകോയമാരും അറബിക്കപ്പലിനും ചരക്കുകൾക്കും വിവിധ ജോലികളിലൂടെ സുരക്ഷാവലയം തീർത്തിരുന്നു. ഇത് വിശ്വസ്തനായ രാജാവുമായും അവരുടെ പ്രജകളുമായുള്ള അന്താരാഷ്ട്ര-വ്യാപാരബന്ധങ്ങളെ ഊട്ടിയുറപ്പിക്കുകയും ചെയ്തു (നാരായണൻ, 2017:39).

ജാതിഭേദമില്ലാതെ വിശാലവും സത്യസന്ധവുമായ വിജയനഗരങ്ങൾ എങ്ങനെ നിലകൊള്ളുന്നുവെന്നും വൈവിദ്ധ്യങ്ങളിലൂടെ എങ്ങനെ സൃഷ്ടിക്കാമെന്നും തകർക്കപ്പെടാമെന്നും കോഴിക്കോട് നമ്മെ പഠിപ്പിക്കുന്നു. സവർണ്ണ ഹിന്ദുക്കളും മുസ്ലീങ്ങളും വിദേശ കച്ചവടക്കാരും പരസ്പര സഹായത്തോടെയും സഹവർത്തിത്വത്തോടെയും കഴിഞ്ഞതിലൂടെ സാമൂതിരിമാർ അവരുടെ വിജയത്തിന് അടിത്തറ പാകി. അറബിക്കച്ചവടം ഇല്ലാതാക്കാൻ ശ്രമിച്ച പോർച്ചുഗീസുകാരായിരുന്നു ആ വിജയത്തിന്റെ സന്തുലനംതെറ്റിച്ച് നാമാവശേഷമാക്കിയത്.

കോഴിക്കോടിന്റെ അഭിവൃദ്ധിയോടുകൂടി 'നെടിയിരുപ്പ് സ്വരൂപ' [1] ത്തിന്റെ സ്ഥാനമാനങ്ങൾ ഉയരുകയും 'സ്വാമിനമ്പ്യാതിരി തിരുമുൽപ്പാട്' എന്ന പദവി സ്വീകരിക്കുകയുംചെയ്തു. ഈ പദവിയുടെ ലഘുരൂപമാണ് സാമൂതിരി എന്ന് സമർത്ഥിക്കാം (ഗോപാലകൃഷ്ണൻ, 2008: 369). കിഴക്കുപടിഞ്ഞാറുനിന്നുള്ള പാതകളുടെ സംഗമസ്ഥാനം എന്ന പദവിയാൽ കോഴിക്കോട് പ്രസിദ്ധമായിത്തീർന്നു.

---

[1] സാമൂതിരി വംശത്തിന്റെ മൂലസ്ഥാനം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നെടിയിരുപ്പായിരുന്നു. അതുകൊണ്ട് സാമൂതിരിമാരെ നെടിയിരുപ്പ് മൂപ്പ് എന്നും ഈ വംശത്തെ നെടിയിരുപ്പ് സ്വരൂപം എന്നും വിളിക്കുന്നു. കോഴിക്കോടാണ് നെടിയിരുപ്പ് സ്വരൂപം എന്നറിയപ്പെട്ടിരുന്ന നാട്ടുരാജ്യം.

മദ്ധ്യേഷ്യയിൽനിന്ന് ഇസ്ലാമിന്റെ സത്യബോധനത്തിനായി വന്ന സന്ദേശവാഹകരെ പശ്ചിമതീരത്തേക്ക് സ്വാഗതംചെയ്ത കടലോരദേശമാണ് ചാലിയം. നെയ്ത്തുശാലകളുടെ പ്രവർത്തനംകൊണ്ട് ശബ്ദമുഖരിതമായിരുന്നു ഇവിടം. സ്വയം പര്യാപ്തമായ ദേശം എന്ന സാമൂതിരിയുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ ഉത്തരവും കൂടിയാണ് ഇവിടം. ആയതിനാൽ വിവിധ തൊഴിലുകളിൽ വൈദഗ്ധ്യം നേടിയ ജനങ്ങൾ നാട്ടിലുണ്ടാവണമെന്ന നിർബന്ധം ഉള്ളതിനാൽ മറുനാടുകളിൽ നിന്നുള്ള പലവിധ തൊഴിലാളികളെ നാട്ടിലേക്ക് ക്ഷണിച്ചുവരുത്തി. വന്നവരിൽ പ്രബലരാണ് 'ശാലിയർ' സമുദായത്തിൽപ്പെട്ട നെയ്ത്തുകാർ. അവർ ഇവിടെ തൊഴിലിടങ്ങൾ ആരംഭിക്കുകയും ദേശക്കാരിലേക്ക് അത് പകർന്നുനൽകുകയുംചെയ്തു. ശാലിയൻ സുദായക്കാരുടെ കുലത്തൊഴിലായിരുന്നു നെയ്ത്തുവേല. വളരെ മനോഹരവും ഉറപ്പും വിശേഷപ്പെട്ടതും മേന്മയുള്ളതുമായ തുണിത്തരങ്ങൾ ലോകപ്രശസ്തി നേടിയിരുന്നു. ഇവരുടെ ശാലിയൻ എന്ന വിളിപ്പേര് മലബാറിൽ ചാലിയൻ എന്നാവുകയും ചാലിയന്മാർ തിങ്ങിപ്പാർക്കുന്ന ദേശത്തിന് ചാലിയം എന്ന വിളിപ്പേരുണ്ടാവുകയും ചെയ്തു (ഷാഫി കടലുണ്ടി, 2011: 14).

### 2.2 ഭൂപ്രകൃതിയും കാലാവസ്ഥയും

കോഴിക്കോട് ജില്ലയുമായി അതിർത്തിപങ്കിടുന്ന ഭൂപ്രദേശമാണ് കടലുണ്ടി ഗ്രാമപഞ്ചായത്ത്. കടലുണ്ടി ദേശത്തിന്റെ താലൂക്കും ബ്ലോക്ക് പഞ്ചായത്തും സ്ഥാപിതമായത് കോഴിക്കോട് ജില്ലയിലാണ്. ഏറനാട് താലൂക്കിലാണ് കടലുണ്ടി സ്ഥിതിചെയ്യുന്നത്. കടലുണ്ടിയുടെ പടിഞ്ഞാറുഭാഗത്ത് അറബിക്കടലും കിഴക്ക് കടലുണ്ടിപ്പുഴയുടെ കൈവഴിയായൊഴുകുന്ന കാനോലിത്തോടും ചേലേമ്പ്ര പഞ്ചായത്തും വടക്ക് വടക്കുമ്പാട് പുഴയും ഫറോക്ക് മുനിസിപ്പാലിറ്റിയും തെക്കു ഭാഗത്തായി കടലുണ്ടിപ്പുഴയും വള്ളിക്കുന്ന് പഞ്ചായത്തും സ്ഥിതിചെയ്യുന്നു. പുഴകളാൽ ചുറ്റപ്പെട്ട ഗ്രാമപ്രദേശം ഈ നാടിന്റെ പ്രത്യേകതയാണ്. കിഴക്ക് മാറി സ്ഥാപിതമായ മണ്ണൂർ വില്ലേജും പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്തിരുന്ന കടലുണ്ടി വില്ലേജും സംയോജിപ്പിച്ചാണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 1165 ഹെക്ടർ (11.83 ച.കി.മീ) ആണ്. പീഠഭൂമിയും ഉയർന്ന കുന്നിൻപ്രദേശങ്ങളും സമതലങ്ങളും തീരദേശവും ഉൾപ്പെടുന്നതാണ് കടലുണ്ടിയുടെ ഭൂപ്രകൃതി (ക.ഗ്രാ.പ.അ.പ.രേ; 2019-2020: 7).

ഇവിടുത്തെ സമതലപ്രദേശം വലുതും ചെറുതുമായ കുന്നിൻചെരുവുകളും ചതുപ്പുനിലങ്ങളും കൃഷിയിടങ്ങളുമാണ്. മടമ്പാടി, ചാലിമുദിയം, കാക്കത്തോട്, കുണ്ടൻപാടം, പുഞ്ചപ്പാടം, കുന്നപ്പള്ളിപ്പാടം എന്നീ മേഖലകളുടെ ഭൂപ്രകൃതിയിൽനിന്ന് ഇതിലൂടെ ഒരിക്കൽ പുഴ ഒഴുകിയിരുന്നതായി മനസ്സിലാക്കുന്നു. നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി കുഴിവെട്ടുമ്പോൾ വൻമരങ്ങളുടെ അവശിഷ്ടങ്ങളും കക്കത്തോടുകളും ലഭിക്കുന്നതിനാൽ മുൻകാലങ്ങളിൽ ഇവിടം തിങ്ങിനിറഞ്ഞ വനമേഖലയായിരുന്നു എന്ന് മനസ്സിലാക്കാം. ഇപ്പോൾ ഇവിടം ജനവാസകേന്ദ്രങ്ങളായതിനാൽ വനമേഖല ഏറെക്കുറെ ഇല്ലാതാവുകയും ചെയ്തു.

ഈ പഞ്ചായത്തിനോട് അരികുപറ്റി മൂന്നു തുരുത്തുകളും ഏട്ട് തോടുകളും എട്ട് ചെറിയ കുന്നുകളും വയലുകളും തീരപ്രദേശങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രകൃതി. കടലുണ്ടി പുഴയോടു ചേർന്നുള്ള ചെറുതുരുത്ത് ചക്രായി, പട്ടർമാട് എന്നീ തുരുത്തുകൾ ജനവാസയോഗ്യമാണ്. മലനാട്, ഇടനാട്, തീരപ്രദേശം എന്നീ കേരളത്തിന്റെ പൊതുവായ പ്രകൃതിഘടനയാണ് കടലുണ്ടി പഞ്ചായത്തിനുള്ളത്. വടക്കുമ്പാട്, കല്ലമ്പാറ നീർത്തടം, മുരികല്ലിങ്ങൽ നീർത്തടം, കടലുണ്ടി നീർത്തടം എന്നീ നീർത്തടങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശം ജലസമൃദ്ധി കൊണ്ട് ശ്രേഷ്ഠമാണ്. സംസ്ഥാനത്ത് ഒഴുകുന്ന നദികളിൽ നീളംകൊണ്ട് ആറാം സ്ഥാനമാണ് കടലുണ്ടിപ്പുഴയ്ക്കുള്ളത്. ആയതിനാൽ ജീവിക്കാൻ അനുയോജ്യമായ പ്രകൃതിയും അന്തരീക്ഷവും ഒത്തിണങ്ങിയ പ്രദേശമാണ് കടലുണ്ടി (ക.ഗ്രാ.പ.വി.രേ; 2015-2020: 20). പകുതിയിൽ താഴെ ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. മൂന്നിലൊന്ന് പ്രദേശത്തു മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളൂ. ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്ന പുതിയ പദ്ധതികളിലൂടെ ഈ ആവശ്യം പരിഹരിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതി ഇതിന്റെ ഭാഗമായാണ് നടപ്പിൽ വന്നത്. കേരളം ജലലഭ്യതയിൽ മുന്നിട്ടുനിൽക്കുന്നു. അതുകൊണ്ടുതന്നെ വനമേഖലകളും നാട്ടുമരങ്ങളും ധാരാളമായി കാണുന്നു.

പശ്ചിമഘട്ട സാനുക്കളിൽനിന്ന് ഉത്ഭവിച്ച് മലപ്പുറം ജില്ലയിലൂടെ പടിഞ്ഞാറോട്ടൊഴുകുന്നു കടലുണ്ടിപ്പുഴ. മണ്ണൊലിപ്പിനെ തടയുന്ന കണ്ടൽവനങ്ങൾക്കും ഇവിടെ വസിക്കുന്ന സകല ജീവജാലങ്ങൾക്കും നീരുറവ നൽകിക്കൊണ്ട് കടലിൽച്ചേരുന്നതിനുമുമ്പ് ഇരുകൈവഴികളായിപ്പിരിഞ്ഞ് ഒന്ന് വടക്കുമ്പാട് ഗ്രാമത്തിലൂടെ വടക്കുമ്പാട് പുഴയെന്ന പേരിലൊഴുകി ചാലിയാറിൽലയിച്ച് ബേപ്പൂർ അഴിമു

ഖത്തും രണ്ടാമത്തേത് കടലുണ്ടിപ്പുഴ എന്ന പേരിലും കടലുണ്ടിക്കടവ് അഴിമുഖത്തും എത്തിച്ചേരുന്നു. ഈ രണ്ട് നദികൾക്കുമിടയിൽ ഒരു ചെറുദ്വീപുപോലെ സ്ഥിതിചെയ്യുകയാണ് ഈ ഗ്രാമം (ക.ഗ്രാ.പ.ADM/60. ക.വി.രേ., 2017: 6).

സസ്യങ്ങളുടെയും ഇതരജീവികളുടെയും നിലനിൽപ്പിന് ആവശ്യമായ വായു, ജലം, മണ്ണ് ഇവയുടെ സന്തുലിതത്വംകൊണ്ട് പൂർണ്ണമാണ് കടലുണ്ടി-മണ്ണൂർ ദേശം. സമൃദ്ധമായി വളർന്നുനിൽക്കുന്ന സസ്യലതാദികളും വൃക്ഷങ്ങളും തെങ്ങിൻതോപ്പുകളുംകൊണ്ട് ഇടതൂർന്ന ഭൂപ്രദേശമാണ് മണ്ണൂർ ദേശം. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ മണ്ണിന്റെ ഊര് തന്നെയാണിവിടം. മൂന്ന് തരം മണ്ണാണ് ഈ ദേശത്ത് കണ്ടുവരുന്നത്.

1. വെട്ടുകൽ മണ്ണ്: കുന്നിൻ പ്രദേശങ്ങളിലാണ് ഈ മണ്ണ് കണ്ടുവരുന്നത്. ഇത് കശുമാവ്, മാവ്, പ്ലാവ് എന്നീ വിളകൾക്ക് അനുയോജ്യമാണ്.

2. പശിമരാശിമണ്ണ്: വയൽമണ്ണാണ് ഇത്, നെല്ല്, പച്ചക്കറി മുതലായ കൃഷികൾക്ക് അനുയോജ്യമായ മണ്ണാണിത്.

3. മണൽമണ്ണ്: പുഴയോരവും കടലോരവും ഉള്ളതിനാൽ തെങ്ങും കണ്ടലും സമൃദ്ധമായി വളരുന്നു (ക.ഗ്രാ.പ.വി.രേ; 2012-2017: 24).

പുഴകളും നീർത്തടങ്ങളും വിവിധയിനം കണ്ടൽവനങ്ങളും കൂടാതെ ഇടതൂർന്ന് വളരുന്ന വൃക്ഷങ്ങളും അനുബന്ധ സസ്യജാലങ്ങളും സമൃദ്ധമായി ഉള്ളതിനാൽ കഠിനമായ ചൂട് ഇവിടങ്ങളിൽ നിയന്ത്രിക്കപ്പെടുന്നുണ്ട്. ഇതുകൊണ്ടുതന്നെ എല്ലാ ജീവജാലങ്ങൾക്കും അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെയുള്ളത്. സ്വയം നിലനിൽക്കുകയും മറ്റുള്ളവയെ നിലനിൽക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് പ്രകൃതിയുടെ ധർമ്മം. മലനിരകളാലും താഴ്വരകളാലും നദികളാലും കായലുകളാലും സമ്പന്നമാണ് കേരളം. ഇതിൽ സവിശേഷപ്രാധാന്യമാണ് കടലുണ്ടിക്കുള്ളത്.

കടലുണ്ടിയുടെ നദീതീരങ്ങൾ കണ്ടൽക്കാടുകളാൽ ചുറ്റപ്പെട്ടതാണ്. ഇന്ത്യയിൽ ആകെയുള്ള അൻപത്തിയൊന്ന് ഇനം കണ്ടൽചെടികളിൽ പതിനഞ്ച് ഇനമാണ് കേരളത്തിൽ കാണപ്പെടുന്നത്. അതിൽ എട്ട് ഇനങ്ങൾ കടലുണ്ടിയിൽ

കാണപ്പെടുന്നുണ്ട്. മണ്ണൊലിപ്പ് തടയുന്നതിന് കണ്ടൽവനങ്ങൾ ഏറെ ഫലപ്രദ മാണ് (ഷാഫി കടലുണ്ടി, 2011: 38).

കൂടാതെ പക്ഷികളെക്കൊണ്ട് കടലുണ്ടി തീരദേശം മനോഹരമായിരുന്നു. സ്വദേശീയ പക്ഷികൾ കൂടാതെ വിദേശങ്ങളിൽനിന്ന് വന്നെത്തുന്ന ദേശാടനക്കിളി കളും കടലുണ്ടിയുടെ പ്രത്യേകതയാണ്. ഇവയിൽ അപൂർവങ്ങളും വംശനാശഭീ ഷണി നേരിടുന്നവയും ഉണ്ടെന്ന് പക്ഷിശാസ്ത്രജ്ഞരായ ഡോ. സലിംഅലി, പ്രൊ:നീലകണ്ഠൻ എന്നിവരുടെ നിരീക്ഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പതി നൊന്ന് ഇനം വിദേശപക്ഷികളാണ് പ്രധാനമായും കടലുണ്ടിയിൽ എത്തുന്നത്. പക്ഷിസങ്കേതങ്ങൾ കൂടാതെ കടലുണ്ടി ചാലിയം കടലോരപ്രദേശങ്ങളിൽ ഒലിവ്, റെഡ്‌ലി, ടർട്ടിൽ വംശത്തിൽപ്പെട്ട മൂന്ന് ഇനം ആമകൾ ഇവിടെ പ്രജനനത്തിനായി എത്തുന്നു. സെപ്തംബർ മുതൽ ഫെബ്രുവരി കാലയളവിലാണ് ഇവയുടെ വരവ്. മുട്ടകൾ വനംവകുപ്പിന്റെ സംരക്ഷണത്തിൽ വിരിയിച്ച് കുഞ്ഞുങ്ങളെ കടലി ലേക്കുതന്നെ വിടുകയുംചെയ്യുന്നു (ക.ഗ്രാ.പ.വി.സെ; 2017: 25).

കടലുണ്ടി പ്രദേശത്തെ പാടശേഖരം, തീരപ്രദേശം, ജലാശയങ്ങൾ, വന ങ്ങൾ എന്നിങ്ങനെ വിഭജിക്കാം.

### 2.2.1 പാടശേഖരം

കടലുണ്ടി-മണ്ണൂർ മേഖല വിശാലമായ വയലുകളായിരുന്നു. നല്ല മഴ ലഭി ക്കുന്ന ഇടങ്ങളാണ് കൃഷിക്കനുയോജ്യം. മലഞ്ചെരുവുകൾ ഉൾപ്പെടെ ഏതാണ്ട് എല്ലാ മേഖലകളിലും നെല്ല് കൃഷി ചെയ്തിരുന്നു. കടലുണ്ടിയിലെ നീർത്തടങ്ങ ളായ കയനിപ്പാടം, നമ്പീശൻപാടം, ഇടച്ചിറ, ഒറ്റത്തെങ്ങ്, മുള്ളമ്പലം, ചാലിപ്പാടം തുടങ്ങിയ നിരവധി വിശാലമായ പാടശേഖരങ്ങളായിരുന്നു ഇവിടം.

### 2.2.2 തീരപ്രദേശം

ആറ് കിലോമീറ്റർ നീളത്തിൽ സ്ഥിതിചെയ്യുന്ന വിശാലമായ കടൽത്തീര മാണ് കടലുണ്ടിയ്ക്കുള്ളത്. തീരദേശവിഭവങ്ങളെ ആശ്രയിച്ചായിരുന്നു ഈ പ്രദേ ശത്തെ ജനങ്ങൾ ഉപജീവനം നടത്തിയിരുന്നത്. അന്നത്തെ വിഭവസാധ്യതകൾ കുറഞ്ഞെങ്കിലും പുതിയ കാലത്തെ രീതിയനുസരിച്ച് തീരങ്ങളിൽ കല്ലുമ്മക്കായ

(കടുക്ക) വിത്ത് നിക്ഷേപിച്ച് വിളവ് കാലമാകുമ്പോൾ അവ ശേഖരിച്ച് ഇവിടെ വിപണി നിലനിർത്തുകയും ചെയ്തുവരുന്നുണ്ട്.

### 2.2.3 ജലാശയങ്ങൾ

കടലുണ്ടിയുടെ വടക്കും കിഴക്കും തെക്കും ഭാഗങ്ങളിൽ കടലുണ്ടിപ്പുഴയും വടക്കുമ്പാട് പുഴയുമാണുള്ളത്. കുന്നിൻ താഴ്‌വരകളിലെ നീർക്കെട്ടിൽനിന്ന് ഉത്ഭവിക്കുന്ന തോടുകൾ (മാട്ടുമ്മൻതോട്, ചെമ്പൈതോട്, പൂളക്കച്ചിറതോട്, ഇടച്ചിറ തോട്, ചാത്തൻ കൈത്തോട്. കൊടപ്പുറം തോട്, ചാലിക്കടവ്) പുഴയിൽ വന്ന് ചേരുന്നു. വലുതും ചെറുതുമായ മുപ്പതോളം കുളങ്ങളും കടലുണ്ടിയിലുണ്ട് (ക. ഗ്രാ.പ., ADM/60. ക.വി.രേ., 2017: 9).

### 2.2.4 വനങ്ങൾ

കുന്നത്തുകാവ്, പേടിയാട്ട്കാവ്, കോഴിശ്ശേരികാവ് തുടങ്ങി അനേകം കാവുകൾ വിവിധയിനം വൻമരങ്ങളാലും സസ്യങ്ങളാലും വളർന്ന് പന്തലിച്ച് അനേകം ജന്തുജാലങ്ങളുടെ ആവാസകേന്ദ്രമായി ജൈവവൈവിധ്യങ്ങളോടെ നിലകൊള്ളുന്നു. ഭൂപ്രകൃതിയും കാലാവസ്ഥയും അനുസരിച്ച് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ് കടലുണ്ടിയിലെ ജനങ്ങൾ.

## 2.3 തൊഴിൽമേഖല

ഞണ്ടുപിടുത്തം, മണൽവാരൽ, ഇത്തിൾവാരൽ, കൃഷിപ്പണി, തെങ്ങുകയറ്റം, ആശാരിപ്പണി, മത്സ്യബന്ധനം, തട്ടാൻപണി, ഓലമെടയൽ, കൊപ്രപ്പണി, തടിമിൽ ജോലി, കാളപൂട്ട്, കക്കവാരൽ, കല്ലുമ്മക്കായ പറിയ്ക്കൽ, പുരമേയൽ, മൺപാത്രനിർമ്മാണം, കല്ലുവെട്ട്, കൈതോലപ്പായ നിർമ്മാണം, ചെത്തുതൊഴിൽ തുടങ്ങി വിവിധങ്ങളായ തൊഴിൽമേഖലകളിൽ മണ്ണൂർ-കടലുണ്ടി ദേശത്തെ ജനങ്ങൾ വ്യാപൃതരായിരുന്നു. കൂടാതെ കേരളത്തിലെ ആദ്യത്തെ റെയിൽവെ ചാലിയം കടലുണ്ടി-തിരൂർ റൂട്ടിൽ സ്ഥാപിതമായതിനാൽ പ്രദേശവാസികൾക്ക് റെയിൽവേയിൽ വിവിധ തസ്തികകളിലേക്ക് തൊഴിലും ലഭിച്ചു. ഇതര സർക്കാർജോലികളിലും ഈ മേഖലയിലുള്ളവർക്ക് നിയമനം ലഭിച്ചിരുന്നു. ചാലിയാർതീരത്ത് പ്രവർത്തിച്ചിരുന്ന മലബാർ ഫിഷറീസ് എന്ന കമ്പനി വിവിധതരം

മത്സ്യങ്ങളും പഴങ്ങളും സംസ്കരിച്ച് ടിന്നുകളിലാക്കി (canned fishes and fruits) വിദേശവിപണിയിലേക്ക് കയറ്റുമതി ചെയ്തിരുന്നു. എല്ലുപൊടിക്കുന്ന ഒരു കമ്പനിയും കടലുണ്ടിയിൽ നിലനിന്നിരുന്നു. കൂടാതെ കടലുണ്ടിപ്പുഴയുടെ അരികിൽ അരിയല്ലൂർ ഫിഷ് ഓയിൽ എന്ന സ്ഥാപനവും പ്രവർത്തിച്ചിരുന്നു. സ്റ്റീൽപാത്രങ്ങളുടെ നിർമ്മാണവും ഇവിടെ നടന്നിരുന്നു. അതുകൊണ്ടുതന്നെ പ്രാദേശികരായ ധാരാളം ആളുകൾക്ക് തൊഴിലും ലഭിച്ചു (അബ്ദുൾ വാഹിദ്, 2020: 24).

കൃഷിയുടെ വിപണനകേന്ദ്രം കോഴിക്കോടായിരുന്നു. തോണിമാർഗ്ഗം കൊണ്ടുപോയി നേരിട്ടും ഇടനിലക്കാർ വഴിയും ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുൻപ് വിദേശികൾ സ്ഥാപിച്ചിരുന്ന ചാലിയം ഫിഷറീസ് കമ്പനിയാണ് കടലുണ്ടി പഞ്ചായത്തിലെ ആദ്യത്തെ വ്യവസായസ്ഥാപനം. സ്ത്രീകൾ വലനെയ്ത്ത്, കുട്ടയുണ്ടാക്കൽ, പായനെയ്ത്ത്, അവിലുണ്ടാക്കൽ, ബീഡിതെറുപ്പ് തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടിരുന്നു.

### 2.3.1 കൃഷി

നെല്ല്, തെങ്ങ് പച്ചക്കറികളായ വെള്ളരി, പയർ, വെണ്ട, മുരിങ്ങ, ചേന, ഇഞ്ചി, വഴുതന, തക്കാളി, കുമ്പളങ്ങ, ഇളവൻ, മത്തൻ, വിവിധതരം മുളകുകൾ, പയർവർഗ്ഗങ്ങളായ വൻപയർ, ചെറുപയർ, ഉഴുന്ന്, കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേമ്പ്, മധുരക്കിഴങ്ങ്, കാച്ചിൽ, വിവിധയിനം വാഴകൾ, എള്ള്, പഴവർഗ്ഗങ്ങളായ പപ്പായ, വത്തക്ക, കൈതച്ചക്ക, സപ്പോട്ട തുടങ്ങിയവയും നട്ടുവളർത്തിയിരുന്നു.

എല്ലാ വർഷവും കന്നിമാസത്തിലെ മകം നക്ഷത്രം നെല്ലിന്റെ പിറന്നാളായി കർഷകർ കരുതുന്നു. അതുകൊണ്ടുതന്നെ കർഷകർ പിറന്നാൾ ആഘോഷപൂർവം കൊണ്ടാടിയിരുന്നു. കാലവർഷം തുടങ്ങുന്നതിനുമുമ്പ് മേടമാസമാരംഭിക്കുന്ന വിരിപ്പുകൃഷി ചിങ്ങം-കന്നിയോടെ കൊയ്തെടുക്കുന്നു. മുണ്ടകനും, പുഞ്ചയും ആഴംകൂടിയ പാടങ്ങളിലാണ് ചെയ്തുവന്നിരുന്നത്. വിരിപ്പുകൃഷി വിതയ്ക്കുകയാണ് ചെയ്യുന്നത്. എന്നാൽ ചിലയിടങ്ങളിൽ ഞാറുപറിച്ചും നടാറുണ്ട്. വിരിപ്പ് കൊയ്ത്തിന് കന്നിക്കൊയ്ത്തെന്നും പറയാറുണ്ട്. പൊതുവെ മൂന്ന് രീതിയിലുള്ള കൃഷിരീതികളാണ് ഉള്ളത്. കൂട്ടായി, ആര്യൻ, ചെറിയാര്യൻ, ജ്യോതി, ത്രിവേണി, ഐ.ആർ.എട്ട് മുതലായ വിത്തുകളായിരുന്നു ഈ പാടശേഖരങ്ങളിൽ

വിതച്ചിരുന്നത്. നിലത്തിന്റെ നിരപ്പ് ഒരുപോലെയാക്കി നിർത്തി എല്ലാ സ്ഥലത്തും ഒരേ അളവിൽ വെള്ളം കിട്ടുമെന്ന് ഉറപ്പാക്കിയാണ് കൃഷി ചെയ്യുന്നത്.

നിലംതയ്യാറാക്കൽ ഉഴവുമാടുകളെക്കൊണ്ട് വലിപ്പിക്കുന്ന കലപ്പകളും ഉപയോഗിച്ചിരുന്നു. വർഷത്തിലൊരു പ്രാവശ്യം മാത്രം വിളവെടുത്തിരുന്ന നെല്ലിനമായി 'കൂട്ടായി'യാണ് ഈ മേഖലകളിൽ കൃഷിചെയ്തിരുന്നത്. ജലലഭ്യത ധാരാളമായി ഉള്ള ഇടങ്ങളിലാണ് ഈ വിത്തിനത്തിന് സമൃദ്ധമായി വളരാൻ കഴിയുക. ഒരാളുടെ പൊക്കത്തിൽ വളരുന്ന ലവണ പ്രതിരോധശേഷിയുള്ള ചുകന്നുതുടുത്ത നല്ലയിനം നെല്ലാണ് ഇത്. ഈ വിത്ത് കൃഷിചെയ്യുന്ന പാടശേഖരത്തെ പൊക്കാളിപ്പാടമെന്നാണ് പറയുന്നത്. പൊക്കത്തിൽ ആളി നിൽക്കുന്നത് എന്നാണ് ഇത് അർത്ഥമാക്കുന്നത്. വേനലിൽ വിതയ്ക്കുകയും സാധാരണയിൽനിന്ന് ഉയരത്തിൽ വളരുന്നതിനാലും അധികജലം ഇതിനെ ദോഷകരമായി ബാധിക്കാറില്ല. വിത്ത് വിതയ്ക്കുന്നതിനു മുമ്പായി കുറച്ചു വിത്ത് എണ്ണിത്തിട്ടപ്പെടുത്തി ചിരട്ടയിൽ മുളപ്പിക്കുന്നു. മുളയ്ക്കുന്ന വിത്തിന്റെ എണ്ണം അനുസരിച്ചാണ് ഇതിന്റെ ഉൽപാദനലഭ്യത കണക്കാക്കുന്നത്. ശേഷം വിത്ത് വിതയ്ക്കുന്നു.

ആര്യൻ, ചെറിയാര്യൻ തുടങ്ങിയ നാടൻ വിത്തുകളുടെയും പിന്നീട് വന്ന ജ്യോതി, ത്രിവേണി, ഐ.ആർ.എട്ട് തുടങ്ങിയവയുടെയും വിളവെടുപ്പുകാലം വർഷത്തിൽ രണ്ട് തവണയാണ്. കൊയ്ത്തു കഴിഞ്ഞതിനുശേഷം അടുത്ത വർഷത്തേക്കുള്ള വിത്തുകൾ ശേഖരിക്കുന്നതിന് പ്രത്യേക രീതികളുണ്ട്. നല്ലയിനം വിത്തുകൾ സ്വരൂപിച്ച് ചാണകം മെഴുകിയ തറയിൽ നിരത്തി നിലാവെളിച്ചത്തിൽ ഉണക്കുന്നു. പാകമായതിനു ശേഷം വൈക്കോലിൽ പൊതിഞ്ഞുകെട്ടി പത്തായത്തിൽ സൂക്ഷിക്കുന്നു.

കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നത് ഭൂരിഭാഗവും ദലിത് വിഭാഗങ്ങളായിരുന്നു. സ്ത്രീകളായിരുന്നു പാടങ്ങളിൽ കൂടുതലായി പണിയെടുത്തിരുന്നത്. വിതയ്ക്കുന്നതു മുതൽ കൊയ്യുന്നതുവരെയും ശേഷമുള്ള മറ്റുകാര്യങ്ങളിലും സ്ത്രീസാന്നിധ്യം അനിഷേധ്യമായിരുന്നു. കാർഷിക ഉർവരതയ്ക്ക് അമ്മദൈവസങ്കല്പത്തെ പ്രതിഷ്ഠിക്കാനുള്ള കാരണവും അതുതന്നെയാണ്.

വളരെ ഈണത്തിലും താളത്തിലും പൂർവികർ പകർന്ന കൃഷിസങ്കല്പങ്ങൾ കോർത്തിണക്കിയ നാട്ടിപ്പാട്ടോടുകൂടി നാടും പാടവും ഉണരുന്നു. ശേഷം

കൃഷിയുടെ പരിരക്ഷയുമായി ബന്ധപ്പെട്ട മറ്റു ജോലികളിലൂടെ തുടർന്നു കൊയ്ത്തുനാളുകളിലെത്തുന്നു. നാട്ടിലും ജന്മികുടിയാൻ വീടുകളിലെല്ലാം തന്നെ ഉത്സവ പ്രതീതിയായിരിക്കും. ഓരോ ജന്മിയുടെയും കുടിയാന്മാരായിട്ടുള്ള ആളുകളായിരിക്കും അതാത് പാടങ്ങളിൽ പണിയെടുത്തിരുന്നത്. ആയതിനാൽ അടിയാൻ കുടുംബങ്ങളിൽ സംഭവിക്കുന്ന മരണംപോലുള്ള അടിയന്തിരങ്ങളിൽ അതാത് ജന്മിമാരാണ് അതിന്റെ കർമ്മങ്ങൾക്കുവേണ്ട ചിലവുകൾ വഹിച്ചിരുന്നത്. കാർഷിക സമൃദ്ധിയുടെ ആഴവും പരപ്പുമുള്ള ഒരുകാലം ഈ നാടിനുണ്ടായിരുന്നു. കൃഷിയിലും അതിനോട് അനുബന്ധിച്ച മറ്റു പല തൊഴിലുകളിലും ഇവിടുത്തെ ജനങ്ങൾ ഏർപ്പെട്ടിരുന്നു. കൊയ്ത്തുകഴിഞ്ഞാൽ പത്തുപറയ്ക്ക് ഒരു പറ നെല്ല് കൂലിയായും നൽകിയിരുന്നു. കൂലിയിനത്തിൽ പുരുഷന്മാർക്ക് നാലു രൂപയും സ്ത്രീകൾക്ക് രണ്ടു രൂപയുമായിരുന്നു. 1960-65 കാലഘട്ടങ്ങളിൽ ഇത് മനസ്സിലാക്കിത്തരുന്നു.

കോൾനിലങ്ങൾ കേരളത്തിന്റെ പ്രധാന നെല്ലുല്പാദന മേഖലയാണ്, എന്നതുപോലെത്തന്നെ കടലുണ്ടി മണ്ണൂർ ദേശത്തിനും ആ ഭൂമിശാസ്ത്രം തന്നെയാണ് കാണാൻ കഴിയുന്നത്. മലനിരകളിൽനിന്നും മഴവെള്ളത്തോടൊപ്പം ഒഴുകി വരുന്ന ഫലഭൂയിഷ്ഠമായ മണ്ണ് ഇവിടെ അടിഞ്ഞുകൂടുകയും കൃഷിയ്ക്ക് അനുയോജ്യമാവുകയും ചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്നും താഴ്ന്നു സ്ഥിതിചെയ്യുന്ന ഇവിടം മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കാൻ ഇടയാകുന്നു. മഴക്കാലത്തിനുശേഷം പാടത്ത് കെട്ടിക്കിടക്കുന്ന വെള്ളം പുറത്തേക്ക് ഒഴുക്കിക്കളയാൻ പൽചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള തേവുയന്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. ഇപ്പോൾ തേവ് യന്ത്രങ്ങൾക്ക് പകരം മോട്ടോറുകൾ ഉപയോഗിക്കുന്നു. വിവിധോദ്ദേശ്യപരമായ യന്ത്രങ്ങളുടെ കടന്നുവരവോടുകൂടി കൃഷിപ്പണിയിലും മറ്റു ഇതര തൊഴിലിടങ്ങളിലും തൊഴിൽ നഷ്ടമാകുന്ന സ്ഥിതിവിശേഷം കടലുണ്ടിയിൽ സംജാതമായി.

കടലുണ്ടി-മണ്ണൂർ ദേശങ്ങളിലും ചാലിയത്തിന്റെ തീരപ്രദേശങ്ങളിലും തെങ്ങുകൃഷി വ്യാപകമാണ്. ഉപ്പ് ജലത്തിന്റെ സാമീപ്യവും ഉപ്പുകാറ്റും തെങ്ങിന് വളരാൻ പറ്റിയ അന്തരീക്ഷമൊരുക്കുന്നു. ഇളകിയ മണൽ ചേർന്ന പശിമരാശി മണ്ണാണ് തെങ്ങിന് സമൃദ്ധമായി വളരാനുള്ള സാഹചര്യം ഒരുക്കുന്നത്. ഉയരംകൂടിയ തെങ്ങുകൾ അഞ്ചോ ആറോ വർഷങ്ങൾക്കുശേഷവും പൂക്കാൻ തുടങ്ങുന്നു. ഇതിന് രണ്ട് വർഷക്കാലംകൊണ്ടേ പൂർണ്ണവളർച്ച ഉണ്ടാവുകയുള്ളു. വിളവെടുത്ത

തേങ്ങ തണലുള്ള ഭാഗങ്ങളിൽ കൂട്ടിയിടുന്നത് പൊളിച്ചെടുക്കുന്നതിലും ഗുണനില വാരമുള്ള കൊപ്ര ലഭിക്കുന്നതിനും ഉപകരിക്കുന്നു. തെങ്ങുകൃഷിയുമായി ബന്ധ പ്പെട്ട് തെങ്ങുകയറ്റത്തൊഴിലാളികൾക്കും കൊപ്ര ആട്ടുന്നവർക്കും ഓലമെടയൽ, പുരപ്പണിക്കാർ, കയർത്തൊഴിലാളികൾ തുടങ്ങി വ്യത്യസ്ത തൊഴിലാളികൾക്കും ഉപജീവനത്തിനായുള്ള മാർഗ്ഗം തേടാൻ കഴിഞ്ഞിരുന്നു. കള്ള് വ്യവസായം തഴച്ചു വളരാനും ഇത് കാരണമായി. ചെത്തുതൊഴിലാളികൾ ഇതിന്റെ ഭാഗമായി മാറി. കേരളത്തിൽ പൊതുവെ എന്നപോലെ ഈ ദേശത്തും ഓലമെടഞ്ഞ വീടുകളായി രുന്നു കൂടുതൽ. ഇതിന്റെ നിർമ്മാണത്തിലും തെങ്ങിൻ തടികളായിരുന്നു ധാരാള മായി ഉപയോഗിച്ചിരുന്നത്. ഇന്ന് പരിഷ്കൃത കാലത്തിന്റെ സുഖസൗകര്യങ്ങൾ ഇവിടെയും കടന്നെത്തിയതിനാൽ ഓലപ്പുരകളും അതുമായി ബന്ധപ്പെട്ട തൊഴിലു കളും ഇന്ന് കാണാൻ കഴിയുന്നില്ല.

തെങ്ങും നെല്ലും കൂടാതെ തേക്ക്, കമുക്, മാവ്, പ്ലാവ്, ചീനി, വീട്ടി, പുളി, പറങ്കിമാവ്, നെല്ലി, താന്നി, ഇലഞ്ഞി, പാല, കൊന്ന, ആര്യവേപ്പ്, ജാതി, കൊക്കോ, പന, കാഞ്ഞിരം തുടങ്ങി വിവിധയിനം വൃക്ഷങ്ങളും റോസ്, ചെട്ടി, ജമന്തി, മല്ലി, മുല്ല, മന്ദാരം, കോളാമ്പിപ്പൂ, കാക്കപ്പൂ തുടങ്ങിയ പുഷ്പച്ചെടികളും വ്യത്യസ്ത നിറങ്ങളോടുകൂടിയ ഇലച്ചെടികളും തുളസി, കഞ്ഞിക്കൂർക്കൽ, കൂവളം, തഴുതാമ, കിയാർനെല്ലി, കരിനെച്ചിപോലുള്ള ഔഷധസസ്യങ്ങളും ദശപുഷ്പങ്ങളും ധാരാള മായി ഈ പ്രദേശങ്ങളിൽ വളരുന്നു.

### 2.3.2 കയർപിരിയ്ക്കൽ

കേരളത്തിൽ ആലപ്പുഴ എന്നപോലെ കടലുണ്ടിയ്ക്കും കയർ നിർമ്മാണ ത്തിൽ പ്രബലസ്ഥാനം ഉണ്ടായിരുന്നു. കിഴക്കിന്റെ വെനീസിൽ കയർ മേഖലയും വടക്കേ മലബാറിലെ ബീഡിവ്യവസായംപോലെ കടലുണ്ടിയിലെ ചകിരിത്തൊഴി ലാളികൾക്ക് പറയാൻ ഒരു കഥയുണ്ട്. ഒരുകാലത്ത് കേരളത്തിലെ തീരദേശമേഖല യിലെ ഭൂരിഭാഗം വില്ലേജുകളിലെയും ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നു കയർവ്യവസായം. കടലുണ്ടിയിലെയും ചാലിയത്തെയും ജനങ്ങളുടെ ചരിത്രം വ്യത്യസ്തമല്ല. പാശ്ചാത്യരും അറബ്ദേശക്കാരും ഇവിടെ നിർമ്മിക്കുന്ന കയർ ഉൽപ്പന്നങ്ങൾ അതാത് ദേശങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോകുമായിരുന്നു. കൂടാതെ മദിരാശിയിലേക്കും കയറ്റുമതി ഉണ്ടായിരുന്നു. പച്ചത്തൊണ്ട് കായലിലിട്ട്

മാസങ്ങളോളം അഴുകിയശേഷം തൊഴിലാളികൾ അത് തല്ലി ചകിരിയാക്കുന്നത് കടലുണ്ടിയിലേയും ചാലിയത്തെയും നിത്യ കാഴ്ചകളായിരുന്നു. കേരളത്തെ മൊത്തമെടുത്താൽ അനേകായിരം പേർക്ക് ഉപജീവനമായിരുന്നു ഈ വ്യവസായം. അന്നന്നത്തെ വരുമാനംകൊണ്ട് ജീവിക്കുന്നവരാണ് ഈ ദേശക്കാർ. സമ്പാദ്യശീലം വളരെ കുറഞ്ഞവരുമായിരുന്നു അവർ. തേങ്ങയുടെ പുറംതോടിലെ നാരായ ചകിരി പാകപ്പെടുത്തിയ ശേഷം കൈകൊണ്ടോ യന്ത്രസഹായത്താലോ പിരിച്ചുണ്ടാക്കുന്ന ബലമുള്ള ചരടാണ് കയർ. ചെറിയ കനമുള്ള കയർ മുതൽ കപ്പലുകൾ കെട്ടിവലിക്കാവുന്നത്ര വലിപ്പമുള്ള വടങ്ങൾ വരെ ഈ നാരുകൾ ഉപയോഗിച്ചാണ് ഉണ്ടാക്കുന്നത്.

കയർ നിർമ്മാണം വളരെ പുരാതനമായ ഒരു തൊഴിലാണ്. ഇവിടെ നിന്നുള്ള കയർ കയറ്റിക്കൊണ്ടുപോയിട്ടാണ് അറബികൾ വഞ്ചികളുടെ പലകകൾ കൂട്ടിത്തുന്നുന്നത്. കടലിലെ ഉപ്പുവെള്ളവുമായി സമ്പർക്കത്തിൽവന്നാലും കയറിന് പ്രതിരോധശേഷി കൂടുതലായതിനാൽ പഴയകാല കപ്പലുകൾ കയറിനെ പ്രയോജനപ്പെടുത്തിയിരുന്നു. പ്ലാസ്റ്റിക് കയറിന്റെ ഉപയോഗത്തേക്കാൾ ചകിരിയുടെ ഉപയോഗത്തിനാണ് കൂടുതൽ വിപണനസാധ്യതയുള്ളത്. കടലുണ്ടി-ചാലിയം-മണ്ണൂർ മേഖലകൾ കയർനിർമ്മാണത്തിൽ പേരെടുത്തിരുന്നു. ചകിരിവ്യവസായവുമായി ബന്ധപ്പെട്ട് കടലുണ്ടി കോട്ടക്കുന്നിൽ കമ്പനി പ്രവർത്തിച്ചുവരുന്നു. വെള്ളത്തിൽ തറയ്ക്കുന്ന കുറ്റികളിലും മീൻപിടിക്കുന്ന വലകളിലും കയർ ഉപയോഗിച്ചിരുന്നു. പലതരത്തിലുള്ള കെട്ടുകൾക്കും അലങ്കാരങ്ങൾക്കും കയർ ഉപയോഗിക്കാറുണ്ട്. ഉരുക്കളിലെ പലകകൾ തമ്മിൽ ബന്ധിപ്പിക്കാനും കയർ ആവശ്യമായിരുന്നു. എന്നാൽ മെടയാത്ത കയർ അഥവാ ചകിരി ഇതിന്റെ ഉപയോഗങ്ങൾ വിവിധ മേഖലകളിൽ വ്യാപിച്ചുവരുന്നു. കാർപ്പറ്റുകൾ, പെയിന്റുബ്രഷുകൾ, മാറാല നീക്കാനുള്ള ഉപകരണങ്ങൾ ഇങ്ങനെ പല രീതിയിലുള്ള വീട്ടാവശ്യങ്ങൾക്കും കയർ ഉപയോഗിക്കുന്നു. 1980-നു ശേഷം കേരളത്തിന്റെ കയർ മേഖല തകർന്നു. ഈ അവസ്ഥ കടലുണ്ടിയേയും ബാധിച്ചു.

നാലായിരത്തിൽപരം ജനങ്ങൾ ഈ കയർ വ്യവസായമേഖലയിലെ ജോലിയിൽ ഏർപ്പെട്ടിരുന്നു. വ്യവസായമേഖലയിലെ യന്ത്രവൽക്കരണവും വൈവിദ്ധ്യവൽക്കരണവും ഉൾക്കൊള്ളാനാവാതെ കയർമേഖല തകർന്നു. തൊണ്ടുശേഖരിക്കാൻ കേന്ദ്രീകൃത സംവിധാനം ഇല്ലാത്തതും തൊണ്ടിന്റെ ലഭ്യതക്കുറവും ചകിരി

ആക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും കയർവ്യവസായത്തെ സാരമായി ബാധിച്ചു. ഇത് തൊഴിലില്ലായ്മ രൂക്ഷമാക്കി. തൊഴിലാളികളിൽ പലർക്കും തൊഴിൽ ഉപേക്ഷിക്കേണ്ടിവന്നു. അധ്വാനത്തിനനുസരിച്ച് വേതനം കിട്ടാത്തതും സ്ഥിരംതൊഴിൽ ഇല്ലാത്തതും ഈ മേഖലയെ അനാകർഷകമാക്കി. ചില മേഖലകളിൽ ഇത് പൂർണ്ണമായും നിലച്ചു. കടലുണ്ടിപ്പുഴ, ബാലാതുരുത്ത്, ചെറുതുരുത്ത്, സി.പി.തുരുത്ത് തുടങ്ങിയ മേഖലകളിലായിരുന്നു ചകിരിത്തൊണ്ട് കൂടുതലായി പൂഴ്ത്തിയിരുന്നത്. എന്നാൽ കണ്ടൽവനങ്ങളുടെ സമൃദ്ധമായ വളർച്ചയെ ലക്ഷ്യമിട്ട് നടന്ന വനവൽക്കരണത്തിന്റെ ഭാഗമായി ഈ മേഖലയിലെ ചകിരിത്തൊണ്ട് പൂഴ്ത്തൽ നിർത്തൽചെയ്തു. ഇത് കയർ വ്യവസായത്തെ ദോഷ കരമായി ബാധിക്കുകയും കടലുണ്ടിയിലെ കയർവ്യവസായം തകരുന്നതിന് ഇത് ഒരു കാരണമായി.

### 2.3.3 മറ്റ് തൊഴിലുകൾ

തീരക്കടൽ, ആഴക്കടൽ കേന്ദ്രീകരിച്ചുള്ള മത്സ്യബന്ധനവും ഉൾനാടൻ ശുദ്ധജല മത്സ്യബന്ധനവും ഈ നാടിന്റെ സാമ്പത്തിക മേഖലയിൽ കൃത്യമായ സ്വാധീനം ചെലുത്തിയിരുന്നു. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ മത്സ്യ ത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന ഇടമാണ് കടലുണ്ടി. 2500-ൽ പരം കുടും ബങ്ങൾ മത്സ്യബന്ധനത്തിലേർപ്പെട്ടു ജീവിക്കുന്നു.

ഇതുപോലെ കക്ക ലഭ്യത കുറഞ്ഞതോടെ ഈ മേഖലയിലെ തൊഴിലാളി കളുടെ ജീവിതം ദുരിതപൂർണ്ണമായി. കടലുണ്ടി, ചാലിയം മേഖലകളിലായിരുന്നു കക്ക വാരൽ സജീവമായിരുന്നത്. ഇവിടെനിന്നും ഇതരദേശങ്ങളിലേയ്ക്കും, വിദേ ശരാജ്യങ്ങളിലേയ്ക്കും കക്ക കയറ്റി അയയ്ക്കുമായിരുന്നു. വെള്ള കക്ക, കറുത്ത കക്ക എന്നിങ്ങനെ രണ്ടുതരം കക്കകളാണുള്ളത്. കുമ്മായത്തിന് ഏറ്റവും കൂടു തൽ ഉപയോഗിച്ചിരുന്നത് വെള്ള കക്കയാണ്. എന്നാൽ ചുമരുകൾ വെള്ള പൂശു ന്നതിന് ആധുനിക ഉൽപ്പന്നങ്ങൾ വിപണിയിൽ വന്നതോടെ കുമ്മായത്തിന്റെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. ഇതും കക്കത്തൊഴിലാളികളെ സാരമായി ബാധിച്ചു. കക്ക വാരാൻ പുഴയിലേക്ക് പോകുന്ന ഓരോ വള്ളത്തിലും രണ്ടുപേർ വീതമുണ്ടാകും. കരയിൽ ഇത് ശേഖരിക്കാനും അനുബന്ധ ജോലിക്കുമായി ധാരാളം സ്ത്രീകൾ ഉണ്ടായിരുന്നു. പുഴയിൽനിന്ന് പൂഴിവാരൽ തൊഴിലായി സ്വീക

രിച്ചവരും കടലുണ്ടി ഭാഗത്ത് സജീവമായിരുന്നു. എന്നാൽ പൂഴിവാരുന്ന ഇടയിൽ വലിയ കുഴികൾ രൂപപ്പെടുകയും ഇതിന്റെ ഫലമായി കര ഇടിയുകയും ചെയ്യുന്നത് കക്കയുടെ പ്രജനനത്തെയും വളർച്ചയെയും സാരമായി ബാധിച്ചു. ഇവിടങ്ങളിൽനിന്ന് മുരുവും ധാരാളമായി ലഭിച്ചിരുന്നു. ഇതുകൂടാതെ ഇവിടെ കല്ലുമ്മക്കായ (കടുക്ക)യും സുലഭമായി ഉണ്ടായിരുന്നു. കല്ലുമ്മക്കായ കൃഷിക്കാവശ്യമായ വിത്തുകൾ മംഗലാപുരം, തൃശ്ശൂർ മേഖലകളിൽനിന്ന് എത്തിച്ച് പുഴയിൽ നിക്ഷേപിച്ചുകൊണ്ട് തൊഴിൽലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അൻപതിനായിരം രൂപമുടക്കി വിത്തിറക്കിയാൽ നാലുലക്ഷം രൂപവരെ വിപണിയിൽ കിട്ടുന്ന തരത്തിൽ ഇതിന്റെ വിളവെടുപ്പ് നടത്തുന്നു.

പുഴയിലെ അഴുക്കുവെള്ളം ഒഴുകിയെത്തിയാൽ ഈ കൃഷിയുടെ മേന്മയെ സാരമായി ബാധിക്കാറുണ്ട്. ഈ അഴുക്കുവെള്ളത്തിന്റെ വരവിനെ പ്രദേശവാസികൾ 'നീറുമാറി' എന്നാണ് പറയുക. ഈ ജോലികളിലെല്ലാം, സ്ത്രീകളും പുരുഷന്മാരും സജീവമായി ഏർപ്പെട്ടിരുന്നു. കല്ലുമ്മക്കായ കൃഷി കൂടാതെ ചെമ്മീൻ കൃഷിയും ധാരാളമായി ചെയ്തുവരുന്നുണ്ട്. കൂടാതെ ഇവിടങ്ങളിൽനിന്ന് ലഭിക്കുന്ന ഞണ്ട്, ചെമ്പല്ലി, കരിമീൻ, കോര, മാലാൻ, തിരുത, പരൽമീൻ, കോലിമീൻ, ഏട്ട, പൂമീൻ, പാരമീൻ, ഏരി, മാന്തൾ, വെട്ടൻ, പൂയ്യാൻ, തിരണ്ടി, കരിങ്കണ്ണാൻ തുടങ്ങി ഒട്ടേറെ മത്സ്യങ്ങൾ മലേഷ്യപോലുള്ള വിദേശനാടുകളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. ഇതുപോലെ ഒട്ടേറെ മത്സ്യങ്ങൾ കടലുണ്ടിപ്പുഴയിൽനിന്ന് ലഭിക്കുന്നു. ഏറു ചൂണ്ട, പറച്ചൂണ്ട, വല, റിങ്ങ്, കുത്തൂട് തുടങ്ങിയവ ഉപയോഗിച്ചാണ് പുഴയിൽ മത്സ്യബന്ധനം നടത്തുന്നത്.

കൃഷിയിടങ്ങളിൽ പല മാറ്റങ്ങൾ സംഭവിക്കുകയും കൃഷി നഷ്ടത്തിൽ ചെയ്യേണ്ടിവരുന്നതും കാലാവസ്ഥാവ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശവും കൊണ്ട് വളരെ പരിമിതമായേ നെല്ലുൽപ്പാദനം നടക്കുന്നുള്ളൂ. നാളികേരത്തിന്റെ വിലത്തകർച്ച കേരകർഷകരെ വിഷമവൃത്തത്തിലാക്കുകയും ചെയ്തു. മത്സ്യമേഖലയെടുത്താലും ഏതാണ്ട് ഇതുതന്നെയാണ് അവസ്ഥ. മത്സ്യത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനോ സാമ്പത്തികനിലയിൽ പുരോഗതി ഉണ്ടാക്കുവാനോ കഴിഞ്ഞില്ല (ക.ഗ്രാ.പ.വി.രേ.പ.പ., 2012-2017: 31). കടലുണ്ടി, മണ്ണൂർ, ചാലിയം ദേശത്തെ തൊഴിലാളികളിൽ ഇന്ന് പ്രധാനമായും ആശ്രയിക്കുന്നത് നിർമ്മാണമേഖലയെയാണ്. ധാരാളം മത്സ്യത്തൊഴിലാളികളും ഉണ്ട്.

സർക്കാർ അർദ്ധസർക്കാർ ജീവനക്കാർ സഹകരണസ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ ഇവരെല്ലാം ചേർന്നതാണ് ഇന്നത്തെ തൊഴിൽമേഖല.

തനതായ ഗ്രാമീണസംസ്കാരത്തെ മുറുകെപ്പിടിക്കുന്ന പ്രദേശങ്ങളിൽ മുഖ്യമായും പിൻതുടരുന്നത് കൃഷിയും പരമ്പരാഗത വ്യവസായങ്ങളുമാണ്. കൃഷിയിടങ്ങൾ നികത്തി ഭൂമികളായി പരിവർത്തിക്കപ്പെടുമ്പോൾ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവർ മാത്രമല്ല അപകടത്തിൽപ്പെടുന്നത്. അതുപോലെ മത്സ്യബന്ധനവുമായി ജീവിക്കുന്ന തൊഴിലാളികളുടെയും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കമ്പനികളുടെ തകർച്ചയും എല്ലാംതന്നെ ഒരു രാജ്യത്തിന്റെ ജീവിത ആവാസസ്ഥിതിയെ എങ്ങനെയെല്ലാം ബാധിക്കുന്നുവോ അങ്ങനെയെല്ലാം കേരളത്തിൽ മത്സ്യഗ്രാമമെന്നറിയപ്പെടുന്ന കടലുണ്ടിയ്ക്കും ഈ തകർച്ച അനുഭവപ്പെട്ടിട്ടുണ്ട് (ക.ഗ്രാ.പ.വി/പ; 2012–2017: 22)

### 2.4 കടലുണ്ടിയുടെ സാമൂഹ്യഘടന

വിദേശരാജ്യങ്ങളുമായുള്ള വാണിജ്യബന്ധം ഈ ഗ്രാമത്തിന്റെ സാംസ്കാരിക പരിവർത്തനത്തിന് വലിയ പങ്കുവഹിച്ചിട്ടുണ്ട്. ജാതി-ജന്മി-നാടുവാഴിത്ത കാലഘട്ടത്തിലും ബ്രിട്ടീഷ് വാഴ്ചയിലും ഈ ഗ്രാമത്തിലെ ഭൂരിപക്ഷം വരുന്ന കീഴാളർ വിധിവിശ്വാസത്തിനടിമപ്പെട്ട മേലാളവർഗ്ഗത്തിന്റെ ചൂഷണത്തിന് വിധേയരായി കഴിയുകയായിരുന്നു. കേരളത്തിലാകെ ജന്മിത്തത്തിനും ജാതീയതയ്ക്കുമെതിരെ ഉയർന്നുവന്ന രാഷ്ട്രീയനവോത്ഥാനപ്രസ്ഥാനങ്ങളുടെ അലയൊലികൾ കടലുണ്ടിയിലും ചലനങ്ങളുണ്ടാക്കി. ഇത് ജനങ്ങളിൽ സ്വത്വബോധമുണർത്തുകയും ഭൂവുടമാബന്ധങ്ങളിലും സാംസ്കാരികമേഖലയിലും ഗുണപരമായ പരിവർത്തനങ്ങളുണ്ടാക്കി. പുറത്തുനിന്നുനോക്കുമ്പോൾ മതപരമായ സ്പർദ്ധയോ ജാതീയമായ ഉച്ചനീചത്വമോ ഇല്ലാത്ത എല്ലാ മതവിഭാഗങ്ങളുടെയും സൗഹാർദ്ദാന്തരീക്ഷംപുലരുന്ന ഒരു സാമൂഹ്യഘടനയാണ് കടലുണ്ടിയിലുള്ളത്(ക.ഗ്രാ.പ.ADM/60.ക.വി.രേ., 2017: 144).

### 2.5 ജാതിവ്യവസ്ഥയുടെ ചരിത്രം

ചേരസാമ്രാജ്യത്തിന്റ തകർച്ചയോടുകൂടി നമ്പൂതിരിമാർ അധീശത്വശക്തിയാവുകയും കേരളത്തിൽ ജാതിവ്യവസ്ഥ നടപ്പിലാക്കുകയും ചെയ്തു. സവർണ്ണ

രും, അവർണ്ണരും എന്ന വർണ്ണവ്യവസ്ഥയും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ജാതിനിർണ്ണയത്തിൽ പ്രതിഫലിക്കുകയുണ്ടായി. ഓരോരുത്തർ വസിക്കുന്ന സ്ഥലനാമത്തെയും അവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലിനെയും സൂചിപ്പിക്കുന്ന തരത്തിൽ ജാതിപ്പേരുകൾ ചാർത്തപ്പെട്ടു. തിയ്യർ, കണിയാൻ, കമ്മാളർ, ബില്ലവ, നാടാർ, കൊല്ലൻ, ചെറുമർ, പറയർ, പുലയർ, പെരുവണ്ണാൻ, പാണർ, പെരുംകൊല്ലൻ, മലയർ, മാരാർ, മുക്കുവർ, ശാലിയർ, ഉള്ളാടർ തുടങ്ങി അറുപതോളം ജാതി സമൂഹങ്ങൾ കേരളത്തിൽ നിലനിൽക്കുന്നു.

ഭൂമിയ്ക്കുമേലുള്ള അവർണ്ണരുടെ അവകാശങ്ങളെ മേൽജാതിക്കാർ വിലക്കി. ആചാരപരമായി അയിത്തക്കാരാക്കുകയും ബുദ്ധിപരമായി എല്ലാവിധ വിജ്ഞാനസമ്പാദന മാർഗ്ഗങ്ങളും കൊട്ടിയടയ്ക്കുകയും ചെയ്തു. ചാതുർവർണ്ണ്യം നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ ജന്മിത്തസമ്പ്രദായവും ശക്തമായിരുന്നു. ജാതിവ്യവസ്ഥയിൽ വിശ്വസിച്ചിരുന്ന ഉന്നതകുലജാതരായ വ്യക്തികൾ ജന്മിമാരും താഴ്ന്ന ജാതിക്കാർ അവരുടെ കുടിയാന്മാരുമായിരുന്നു. കേരളത്തിന്റെ പൊതുവിലുള്ള ഇത്തരം വിവേചനങ്ങൾ തന്നെയായിരുന്നു കടലുണ്ടിയിലും ഉണ്ടായിരുന്നത്. ജന്മിമാർ തൊഴിലാളികളെ അടിമകളെപ്പോലെയായിരുന്നു പരിഗണിച്ചിരുന്നത്. ഈഴവർ, നാടാർ, പറയർ, പുലയർ, കുറവർ, കമ്മാളർ തുടങ്ങിയ കീഴാളർ കടലുണ്ടിയിലെ മനേഴി, അമ്പാളി, അമ്പാളിപ്പറമ്പ്, കൂർമന്തറ, പുതിയകത്ത്, കൊറാത്ത്, കായക്കത്തറ, കോഴിക്കോട് തുടങ്ങിയ ജന്മിമാരുടെ കൃഷിയിടങ്ങളിലെ പണിക്കാരായിരുന്നു.

### 2.6 മതം

കടലുണ്ടി-മണ്ണൂർ-ചാലിയം ദേശത്ത് ജനസംഖ്യാനുപാതികമായി കൂടുതൽ ഹൈന്ദവ ജനവിഭാഗങ്ങളും തൊട്ടുതാഴെ മുസ്ലീം വിഭാഗങ്ങളും മൂന്നാമതായി ക്രിസ്തീയമതസ്ഥരും വസിക്കുന്നു. സാമൂതിരിയുടെ കാലഘട്ടത്തിൽ ബുദ്ധമതവിശ്വാസികളും മണ്ണൂർ ദേശത്ത് വസിച്ചിരുന്നു.

### 2.7 സംസ്കാരം

മനുഷ്യരും സസ്യലതാദികളും ഉൾക്കൊള്ളുന്ന എല്ലാ ജീവിവർഗ്ഗങ്ങളുടെയും ജീവിതത്തിന് ആവശ്യമായ ഭൂമി, വായു, ജലം മുതലായ എല്ലാ ഘടകങ്ങ

ളുടെയും സന്തുലിതാവസ്ഥയാണ് പരിസ്ഥിതി. പ്രകൃതിക്കുണ്ടാകുന്ന ഏതുതരം വ്യതിയാനവും പരിസ്ഥിതിയെ തകരാറിലാക്കുന്നു. ആവാസവ്യവസ്ഥയിലുണ്ടാക്കുന്ന പരിവർത്തനം മനുഷ്യജന്തു ജീവികളുടെയും സസ്യങ്ങളുടെയും വംശീയ ഉന്മൂലനത്തിനുതന്നെ അത് കാരണമാകുന്നു. ദേശീയവും പ്രാദേശികവുമായി മനുഷ്യൻ ജീവിച്ചുപോരുന്ന വേറിട്ട സാംസ്കാരികപൈതൃകങ്ങൾക്ക് മുതൽക്കൂട്ടാവേണ്ടതാണ് പരിസ്ഥിതി. സംസ്കാരത്തിന്റെ രൂപപ്പെടലിന് പ്രകൃതിയിലെ എല്ലാ ഘടകങ്ങളും ആവശ്യമാണ്.

പരിസ്ഥിതിയും മനുഷ്യനുൾപ്പെടുന്ന എല്ലാ ജീവിവർഗ്ഗങ്ങളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. പൂർവകാലകേരളത്തിലെ ഗ്രാമീണ ജനവിഭാഗത്തിന്റെ മൊത്തത്തിലുള്ള ഭക്ഷ്യോത്പാദനമായിരുന്നത് നെൽകൃഷിയാണ്. ഒന്ന് ഒന്നിനോട് ബന്ധപ്പെട്ടിരിക്കുന്ന രീതിയിൽ ജാതിഘടന ക്രമപ്പെട്ടിരിക്കുന്നതായി കാണാം. പുലയൻ കൃഷിപ്പണിക്കാരനും നായർ പണി ചെയ്യിപ്പിക്കുന്നവനും നമ്പൂതിരി കൃഷിയിടത്തിന്റെ ഉടയോനും എന്ന ക്രമത്തിലായിരുന്നു. കടലുണ്ടി ദേശത്തും ഈയൊരു സമ്പ്രദായം തന്നെയാണ് നിലനിന്നിരുന്നത്. തൊഴിൽ, ഭക്ഷണം, ഭൂപരിസ്ഥിതി, ഭാഷ, ഋതുക്കൾ, ആരാധനാകേന്ദ്രങ്ങൾ സംസ്കാരത്തിന്റെ രൂപപ്പെടലിനെ സ്വാധീനിക്കുന്നുണ്ട്. അതുപോലെ രൂപപ്പെട്ട ഒരു സാംസ്കാരികപൈതൃകമുള്ള പ്രദേശങ്ങളാണ് കടലുണ്ടി, മണ്ണൂർ, ചാലിയം ദേശങ്ങൾ (ബാലകൃഷ്ണൻ, 2008: 265).

ഒരു സമൂഹത്തിന്റെ സ്വഭാവരീതികൾ, ജീവിതരീതികൾ, കലാചാതുര്യം, വസ്ത്രധാരണം, ഭാഷ, ആചാരങ്ങൾ, വിനോദങ്ങൾ, വിശ്വാസരീതികൾ തുടങ്ങിയവയെല്ലാത്തിന്റെയും ആകെത്തുകയെ ആ പ്രത്യേക സമൂഹത്തിന്റെ സംസ്കാരം എന്നു പറയുന്നു. ഓരോ പ്രദേശങ്ങളിലെയും ജനങ്ങളുടെ സംസ്കാരം ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയോടും ആവാസവ്യവസ്ഥയോടും രാഷ്ട്രീയപരവും ചരിത്രപരവുമായ സംഭവവികാസങ്ങളോടും ഗോത്രങ്ങളോടും അഭേദ്യമായ ബന്ധം പുലർത്തുന്നു. രാജ്യത്തിന്റെ പുരോഗതി വികസനം ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റം വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികസ്ഥിതി എന്നിവയൊക്കെ സംസ്കാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ആദിമമനുഷ്യവർഗ്ഗത്തിന്റെ ജനനവും ജീവിതവും സാംസ്കാരികമായ ഉണർവ് കൈവരിക്കുകയും ജീവിതപ്രയാസങ്ങൾ മറികടന്ന് ഉർവരത കൈവരിച്ച് വികാസം പ്രാപിക്കുകയുംചെയ്തു. ഇത് സാധ്യമായത് ജലസമൃദ്ധമായ നദീതട ങ്ങളിലും അവയ്ക്കനുബന്ധമായി നിലകൊണ്ടിരുന്ന ഘടകങ്ങളിലുമാണ്. ജീവന്റെ തുടിപ്പിനും പരിണാമപ്രക്രിയയിലൂടെയുള്ള വളർച്ചയ്ക്കും ജലസ്രോതസ്സുകളുടെ സ്വാധീനം വളരെ വലുതാണ്. നദീതീരങ്ങളിലും ആരണ്യകങ്ങളിലും തനിച്ചും സംഘമായും ജീവിതം മുന്നോട്ട് കൊണ്ടുപോയ ആദിമനുഷ്യൻ പ്രകൃതിയെയാണ് ആശ്രയിച്ചിരുന്നത്. മുഴുവൻ ജീവജാലങ്ങളുടെയും പ്രാഥമികമായ വിശപ്പെന്ന വികാരമാണ് അതിനു കാരണം. മനുഷ്യനും പ്രകൃതിയും പൊക്കിൾക്കൊടിബന്ധം പോലുള്ള ഒരു ആത്മബന്ധവും പാരസ്പര്യവും ഉണ്ട്. അതിനുവേണ്ട എല്ലാവിധ അനുകൂല സാഹചര്യങ്ങളും മനുഷ്യൻ ജീവൻ വെടിയുന്നതുവരെ പ്രകൃതി ഒരു ക്കിക്കൊടുക്കുന്നു.

വൈവിദ്ധ്യങ്ങളിലൂടെയാണ് ഭാരതീയസംസ്കാരം പ്രബലമായി നിലകൊ ള്ളുന്നത്. ഭാരതത്തിന്റെ ജൈവസങ്കല്പങ്ങളും ആരാധനകളും ലോകജനതയെ വിസ്മയിപ്പിക്കുന്ന വിധമാണുള്ളത് (സുരേഷ്കുമാർ, 2008: 192). ചെറിയ കൂട്ടങ്ങ ളായി ഭാരതത്തിന്റെ കിഴക്കൻ നദീതീരം വരെ തെക്കൻ മേഖലയിലേക്കുള്ള കുടി യേറ്റം തലമുറകളായി നടന്നതാണ്. ഇന്ന് കേരളീയരായിട്ടുള്ള തമിഴ് ബ്രാഹ്മണരും പരദേശികളായിട്ടുള്ള ബ്രാഹ്മണരും ഈ രൂപത്തിൽ കടന്നുകയറിയവരുടെ വിഭാഗ ത്തിൽ ഉൾപ്പെട്ടവരാണ്. കേരളത്തിന്റേതായ ഒരു സാംസ്കാരിക പശ്ചാത്തലം ഉണ്ടായിവന്നതിൽ അവരുടെ പങ്കിനെ നിഷേധിക്കാൻ കഴിയില്ല (അച്യുതവാര്യർ, 2019,109).

ഒന്ന് മറ്റൊന്നിൽനിന്ന് വേറിട്ടു നിൽക്കുന്നുവെങ്കിലും ഓരോ മതവും ജാതി ഘടനകളും അപരസംസ്കാരങ്ങളുമായി യോജിക്കുന്നു. സാംസ്കാരികമായ പങ്കു വെക്കൽ ധാരാളമായി നടക്കുന്നു. വിരുദ്ധപരിസരങ്ങളിൽ നിൽക്കുന്നു എന്നു തോന്നുന്ന എല്ലാ അംശങ്ങളെയും കൂട്ടിയോജിപ്പിക്കാൻ ഭാഷാദേശീയതയെ മാറ്റി നിർത്തി പ്രാദേശിക സംസ്കാരങ്ങളെ നോക്കിക്കാണേണ്ടതുണ്ട്. നാനാത്വംകുടി കൊള്ളുന്നത് പ്രാദേശിക സംസ്കൃതികളിലാണ്. അങ്ങനെയുള്ള ഒരു പ്രാദേശിക സംസ്കാരത്തെക്കുറിച്ച് കൃത്യമായി അപഗ്രഥിക്കുക എന്നത് ശ്രമകരമാണ്. വർത്തമാനകാല ഇന്ത്യൻ സാമൂഹിക പശ്ചാത്തലത്തിൽ വളരെയേറെ പ്രാധാന്യം

അർഹിക്കുന്ന ഒന്നാണ് ഇത്. അപഗ്രഥനത്തിനായുള്ള ഉല്പന്നങ്ങൾ കേരളപരിസരത്ത് തിരയുമ്പോൾ ചരിത്രത്തിന് അത് ഒരു പുതുവെളിച്ചമാകുകയും ചെയ്യുന്നു. ജാതിയോ മതമോ ഇല്ലാതിരുന്ന ദ്രാവിഡസംസ്കാരത്തിന്റെ പൊതുധാരയിൽ ദീർഘകാലംകൊണ്ട് വൈദേശിക സംസ്കാരത്തിന്റെ ഇഴചേരൽ ഉണ്ടായിട്ടുണ്ട്. തൊഴിലിനെയും ജീവിക്കുന്ന സ്ഥലത്തിന്റേതുമാത്രമായ വേറിടൽ മാത്രമേ ദ്രാവിഡമായിട്ട് ഉണ്ടായിരുന്നുള്ളൂ (അച്യുതവാര്യർ, 2019: 40).

ഓരോ നാടിനും അതിന്റേതായ ഒരു സംസ്കാരം ഉണ്ട്. സംസ്കാരത്തിന് ചില സാമ്യതകൾ മറ്റൊരു ദേശീയ സംസ്കാരത്തെ മനസ്സിലാക്കുമ്പോൾ കണ്ടെന്നുവരാം. എന്നാൽ പല കാര്യങ്ങളിലും വേറിട്ടു നിൽക്കുന്നതായി കാണപ്പെടുന്നു. നൃത്തം, നാടകം, പാട്ട് ഇത്യാദികലകളൊക്കെ സംസ്കാരത്തിന്റെ ഭാഗമാണ്. കേരളത്തിലെ ഗ്രാമീണകലകൾക്ക് മറുദേശങ്ങളിലെ നാടൻകലകളിൽ ഇല്ലാത്ത പ്രത്യേകതകൾ ധാരാളമുണ്ട്. ഓരോ ഘട്ടങ്ങളിലും അവയുടെ അവതരണശൈലിയിലും അംഗചലനങ്ങളിലും നിറച്ചാർത്തുകളിലും താളവാദ്യപ്രയോഗങ്ങളിലും ഈണങ്ങളിലും ഒക്കെത്തന്നെ തുല്യതയില്ലാത്ത സവിശേഷതകൾ ദർശിക്കാൻ കഴിയും. ഒരു നാടിന്റെ ഭൂഘടനാപരമായും പ്രകൃതിയുടെ സവിശേഷതയും ഋതുഭേദവുമായ പ്രത്യേകതകൾ ആ ദേശത്തിന്റെ കലകളുടെ തനിമയെ സ്വാധീനിച്ചതായി കാണാം. നാടകം, സംഗീതം, നാടൻപാട്ടുകൾ തീഷ്ണമായ ജീവിതവ്യഥകളിൽനിന്ന് എഴുതപ്പെടുന്ന കവിതകൾ എല്ലാംതന്നെ ഒരു സംസ്കാരത്തിന്റെ ആത്മസത്തയായിരിക്കും.

ഓരോ ജാതിയും അതാതിന്റെ ജാതിനിയമങ്ങൾക്കും ആചാരങ്ങൾക്കുമൊത്ത് അവരുടെ കൂട്ടായ്മയ്ക്കകത്ത് ജീവിച്ചുപോരുന്നു (നാരായണൻ, 2017: 55). അങ്ങനെയിരിക്കുമ്പോൾ തന്നെ തദ്ദേശീയരായ ഇതര ജാതിവിഭാഗങ്ങളും വൈദേശികരായി വന്നെത്തിയ അറബികളും ഇംഗ്ലീഷുകാരും പരസ്പരം അറിഞ്ഞും മനസ്സിലാക്കിയും വിഭവങ്ങൾ പങ്കിട്ടും പുരോഗതി നേടിയ രാജ്യങ്ങളും ഗ്രാമങ്ങളും സാംസ്കാരികമായി ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരികപരിസരത്ത് ഇങ്ങനെ ഉയർന്നുവന്നതായി എഴുതിച്ചേർക്കാവുന്ന ഒരു സ്ഥാനമാണ് കടലുണ്ടിയ്ക്കുള്ളത്. സംസ്കാരത്തിലെ ഒരു പാഠത്തേയും ഒരു പ്രാദേശികസംസ്കൃതിയിലേക്ക് ചുരുക്കാനും സാർവലൗകികമായ അമൂർത്തതയിലേക്ക് വ്യാപിപ്പിക്കുവാനും സാധ്യമല്ല. സംസ്കാരത്തിന്റെ പഠനത്തിൽ അതിനകത്ത് അന്തർലീനമായി

രിക്കുന്ന പൊതുവായ ഒരു തത്വസംഹിത പുറത്തുവരുന്നതായി കാണാം. മനുഷ്യർ അവരുടെ സ്വത്വതാത്പര്യങ്ങളെ ജീവനോപാധിയുമായി ബന്ധിപ്പിച്ചുനിർത്തുമ്പോൾ ഏതുതരം തൊഴിലിലാണ് വ്യാപൃതമാകേണ്ടിവരുന്നത്, അതുമായി ബന്ധപ്പെട്ട് രൂപീകൃതമാകുന്ന ശാരീരികവും മാനസികവുമായ ഉത്കൃഷ്ടത, ആത്മവിശ്വാസം, കായബലം, സൗന്ദര്യം, ശബ്ദം എന്നിങ്ങനെ വിവിധ മാനങ്ങൾ തേടുന്നതാണ് സംസ്കാരം. ഭാഷയും ദൈവസങ്കല്പവും അതിന് അനുഗുണമാകുന്ന തരത്തിൽ പ്രതിഫലിപ്പിക്കാനും മനുഷ്യർ ശ്രമിക്കുന്നു. ആചാരങ്ങളിലധിഷ്ഠിതമായ വിശ്വാസങ്ങളും ദിനചര്യകളും നാട്ടുമര്യാദകളുമൊക്കെ അതിനു രൂപംനൽകുന്ന വിവിധ ഘടകങ്ങളാണ്. സാമൂഹികമായി കൊണ്ടാടുന്ന ആചാരങ്ങൾ, ഉത്സവങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ആരാധനാകാര്യങ്ങൾ, അനുഷ്ഠാനങ്ങൾ, സംസ്കാരചടങ്ങുകൾ, മന്ത്രവാദം, ആചാരക്രിയകൾ എന്നിത്യാദി ഘടകങ്ങളെല്ലാം സാമൂഹ്യസംസ്കാരത്തിൽ വരുന്നു. വീട്, ഗ്രാമം, ക്ഷേത്രം, പള്ളികൾ, സിനഗോഗുകൾ (ജൂതദേവാലയം) കാവുകൾ തുടങ്ങിയവ അതിന്റെ കേന്ദ്രങ്ങളായി വർത്തിക്കുന്നു. അനവധി വർഷങ്ങളിലൂടെ ഉടലെടുത്ത ആവാസവ്യവസ്ഥയാണ് കാടുകൾക്കുള്ളത്. സസ്യങ്ങളും, മനുഷ്യരും പാരിസ്ഥിതികമായി ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ഒന്ന് മറ്റൊന്നിനെ ആശ്രയിച്ച് ജീവിക്കുന്നു. കാടുകൾ ആവാസവ്യവസ്ഥയിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ്. വന്യജീവികളും, പക്ഷികളും മറ്റു ജന്തുജാലങ്ങളും മനുഷ്യരും കൂടിച്ചേർന്നാണ് സംസ്കാരത്തിന് രൂപം കൊടുക്കുന്നത്. ആയതിനാൽത്തന്നെ ഭൂപ്രകൃതിക്കും ഇതിൽ വ്യക്തമായ പങ്കുണ്ട്. ഭൂപ്രകൃതിയുടെ സവിശേഷതകൾ അതാതു നാടിന്റെ സാംസ്കാരികവും കലാകായികവുമായ ജീവിതശൈലിയെയും ചിന്തകളെയും പരിവർത്തനത്തിന് വിധേയമാക്കുന്നതിൽ ശക്തമായ യോജിപ്പുകളുണ്ട്. സമുദ്രതീരങ്ങൾ, മലയോരങ്ങൾ, താഴ്വാരങ്ങൾ, ഉൾഗ്രാമങ്ങൾ, പുഴയോരങ്ങൾ തുടങ്ങിയവയുമായി ചേർത്തുവെയ്ക്കുന്ന ജീവിതത്തെയും അവരുടെ സംസ്കാരത്തെയും പഠനവിഷയമാക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ദിനചര്യ, ഭക്ഷണം, വസ്ത്രം, തൊഴിൽ, ആചാരം, ആരാധനാക്രമങ്ങൾ മുതലായ ദൈനംദിന ജീവനമാർഗ്ഗങ്ങളിലെല്ലാം വേറിട്ട രീതികൾ പ്രകടമാകുന്നതായി കാണാം. പ്രകൃതിയ്ക്കനുയോജ്യമായാണ് മനുഷ്യർ ജീവിക്കുന്നത്. ധാരാളമായി ഈ പ്രദേശത്തുനിന്ന് കണ്ടെടുക്കുന്ന പ്രകൃതിവിഭവങ്ങൾ കേരളത്തിന്റെ നാടൻകലകളിൽ ഉപയോഗിച്ചുവരുന്നു. തെങ്ങിൻപൂക്കുല, കമുകിൻ

പൂക്കുല, നാളികേരം, നാരങ്ങ, വെറ്റില തുടങ്ങിയവ ഉപയോഗിക്കാത്ത കലാരൂപങ്ങൾ കുറവാണ്. സമൂഹത്തിന്റെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളിൽനിന്ന് ഉണ്ടായിവരുന്ന സംസ്കാരമാണ് സാമൂഹികസംസ്കാരം.

സംസ്കാരത്തിൽ ഏതെങ്കിലും തരത്തിൽ ഉൾച്ചേർന്നിട്ടുള്ള ആന്തരികമായ ഘടകങ്ങളെയും, ആ ഘടകങ്ങൾ വന്നുചേർന്നിട്ടുള്ളത് ഏത് ദേശത്തുനിന്നാണോ ആ ദേശത്തിന്റെ ഗ്രാമഭാഷയേയും കീഴ്വഴക്കങ്ങളേയും വിശകലനംചെയ്യുമ്പോൾ ഉണ്ടാകുന്ന സങ്കീർണ്ണതകൾക്കപ്പുറത്ത് കണ്ടെത്താൻ സാധ്യമല്ലാത്ത മറ്റു പ്രശ്നങ്ങളെയൊന്നും കാണാൻ കഴിയില്ല. എന്നിരുന്നാലും ചിലതൊക്കെ സാമ്യതകൾകൊണ്ട് ഊഹങ്ങളായി പറഞ്ഞുവയ്ക്കാനേ കഴിയുകയുള്ളു. പൂർവകാല സംസ്കാരത്തിൽ ചില സങ്കീർണ്ണതകൾ ഉണ്ടായിരുന്നു. വ്യത്യസ്ത മേഖലകളിൽ ജീവിക്കുന്ന മനുഷ്യർ അതാതിടങ്ങൾക്ക് അനുയോജ്യമായ ദൈവങ്ങളെ പ്രതിഷ്ഠിക്കുന്നു. ഉദാഹരണത്തിന് കടലാണെങ്കിൽ കടലമ്മ (ജലദേവത) കൃഷിക്കാർ വയൽദൈവങ്ങൾ, മലമേടുകളിൽ ജീവിക്കുന്നവർ മുത്തപ്പൻ അങ്ങനെ ദൈവസങ്കല്പങ്ങൾക്ക് വ്യത്യസ്ത മുഖങ്ങളുണ്ടെന്ന കാര്യം വ്യക്തമാകുന്നു. വനമേഖലകളുമായി ഇഴുകി ജീവിച്ച മനുഷ്യർ ഇലകൾകൊണ്ട് നഗ്നത മറച്ച് ജീവിച്ചു.

ഭാഷയ്ക്ക് പ്രാദേശികമായി ചില ശൈലീമാറ്റങ്ങൾ ഉണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഓരോ ജില്ലകളിലും സംസാരരീതിയിലും പദങ്ങളുടെ പ്രയോഗത്തിലും പലരീതിയിലുള്ള മാറ്റങ്ങൾ കാണാം. ഇജ്ജ്, അനക്ക്, ചങ്ങായീ, വെള്ളങ്ങള് മുതലായ അനവധി പ്രയോഗങ്ങളുണ്ട്. ഇത് അച്ചടിഭാഷ വരുന്നതിനു മുമ്പ് തന്നെ ആദിസമൂഹങ്ങളിൽ നിലനിന്നിരുന്ന പ്രയോഗങ്ങളാണ്. പുതിയ സാംസ്കാരികഘടനയിൽ അത്തരം ശൈലികൾ പൂർണമായും ഇല്ലാതായിട്ടില്ല.

### 2.7.1 ആചാരാനുഷ്ഠാനങ്ങൾ

പൂർവകാലത്തിന്റെ ചില സ്മരണകൾ അടയാളപ്പെടുത്തുന്നതാണ് നമ്മുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും. ഇത് വിശ്വാസങ്ങളുമായി ഇഴചേർന്നിരിക്കുന്നു. വയലുകളിലും ഇതര തൊഴിലിടങ്ങളിലും ആരണ്യകങ്ങളിലും പ്രതിഷ്ഠിക്കപ്പെട്ട മനുഷ്യരുടെ ജീവിതവഴികളിലൂടെ പിറവികൊണ്ടതാണ് നമ്മുടെ സംസ്കാരം. വിവിധ മതവിഭാഗങ്ങളായിരിക്കുമ്പോൾ തന്നെ വളരെ ഹൃദ്യവും നിഷ്കളങ്കവു

മായി മനുഷ്യസൗഹാർദ്ദം നൂറ്റാണ്ടുകളായി കടലുണ്ടിയിൽ നിലനിന്നിരുന്നു. നാട്ടിലെ നേർച്ചകളുടെയും ഉത്സവങ്ങളുടെയും പെരുന്നാളിന്റെ സന്ദർഭങ്ങളിലും ഇത് കാണുവാൻ സാധിക്കുന്നു.

### 2.7.2 പാർപ്പിടം

മനുഷ്യപുരോഗതിയുടെ വിവിധഘട്ടങ്ങൾ അനുസരിച്ച് അതാത് കാലഘട്ട ങ്ങളിലെ ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ വിഭാഗത്തിൽപ്പെട്ട സമൂഹത്തി ന്റെയോ ഗോത്രങ്ങളുടെയോ രീതിയ്ക്കനുസരിച്ച് രൂപകല്പന ചെയ്ത ചെറു പാർപ്പിടങ്ങൾ ആണ് ആദ്യകാലഘട്ടങ്ങളിലെ വീടുകൾ. മാറുന്ന കാലഘട്ടങ്ങൾക്ക നുസരിച്ച് രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ വരുത്തി ഇന്ന് കാണുന്നതരം വീടു കൾ രൂപകല്പന ചെയ്തു.

വൈക്കോൽ കൊണ്ടോ, തെങ്ങിന്റെയോ, പനയുടെയോ ഓല ഉപയോ ഗിച്ചോ നിർമ്മിക്കുന്ന വീടുകൾ കേരളത്തിലെ ഗ്രാമങ്ങളിലെന്നപോലെ കടലുണ്ടി യിലും സാധാരണ കാഴ്ചയായിരുന്നു. ചെറ്റപ്പുര, ചെറ്റവീട് എന്നും ഇതിനെ പറ യാറുണ്ട്. കേരളത്തിന്റെ തീരദേശങ്ങളിലും മലയോരമേഖലകളിലുമെന്നപോലെ കടലുണ്ടിയിലെ സ്ഥിതിയും മറിച്ചായിരുന്നില്ല. പിന്നീട് ഓടിട്ട വീടുകളിലേയ്ക്കും ഇന്ന് കാണുന്ന കോൺക്രീറ്റ് നിർമ്മിത വീടുകളിലേക്കും മാറ്റപ്പെട്ടു. പാർപ്പിട നിർമ്മാർണം ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികൾ കടലുണ്ടിയിൽ നടന്നുവരു ന്നുണ്ട്. 2009-ൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ കടലുണ്ടി പഞ്ചായ ത്തിൽ ജനറൽ വിഭാഗത്തിൽ ഇരുനൂറ്റി എൺപത്തിയാറ് ഭവനരഹിതരും ഇരുനൂറ്റി തൊണ്ണൂറ്റിയൊന്ന് ഭൂരഹിത കുടുംബങ്ങളുമുണ്ടായിരുന്നു. ഇ.എം.എസ്സ് ഭവനപ ദ്ധതി അനുസരിച്ച് നൂറ്റിയഞ്ച് കുടുംബങ്ങൾ ജനറൽ വിഭാഗത്തിലും മുപ്പത്തിയഞ്ച് കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും ഭവനനിർമ്മാണം നടത്തിയിട്ടുണ്ട് (ക.ഗ്രാ.പ.വി.രേ., 2012-2017: 34).

### 2.7.3 ഭക്ഷണം

ഉന്നതകുലജാതിക്കാരായ ജന്മിമാരും ഭൂപ്രഭുക്കളും അവരുടെ പദവിയ്ക്കനു സരിച്ചായിരുന്നു ഭക്ഷണരീതി നിശ്ചയിച്ചിരുന്നത്. രാവിലെ ശർക്കരപ്പൊടി ചേർത്ത കട്ടൻചായയോ, കട്ടൻകാപ്പിയോ കഴിച്ചതിനുശേഷം പുട്ട്, പഴം തുടങ്ങിയവയും

പത്തുമണിക്ക് നെല്ലുകുത്തരി കഞ്ഞിയും കഴിച്ചു. മൂന്നുമണിക്ക് ചോറും കറിയും വൈകുന്നേരങ്ങളിൽ അവിൽ കുഴച്ചതോ, അടയോ, രാത്രികളിൽ ചോറും കറിയും ആയിരുന്നു അവരുടെ പതിവ് ഭക്ഷണം.

കുടിയാന്മാരും അല്ലാത്തവരുമായ കീഴാളജനത കപ്പ, ചമ്മന്തി, കഞ്ഞി, വാഴക്കിഴങ്ങ്, മത്സ്യം, കക്ക, മധുരക്കിഴങ്ങ്, തവിട് കൊണ്ടുള്ള പത്തിരി, അട, കപ്പ പ്പുട്ട്, ചേമ്പുതാള് കറി, പനകൊണ്ടുള്ള പത്തിരി, പുട്ട്, കുവ വിരകിയത് തുടങ്ങി വിവിധയിനം ഭക്ഷണങ്ങളായിരുന്നു ആദ്യകാലങ്ങളിൽ കഴിച്ചിരുന്നത്. മേൽജാതി, കീഴ്ജാതി തരംതിരിച്ചുള്ള ഭക്ഷണക്രമത്തിൽ ഫ്യൂഡൽ വ്യവസ്ഥിതി പ്രതിഫലിച്ചി രുന്നു.

### 2.7.4 ഭാഷ

ഭാഷാപരമായ വളർച്ചയ്ക്കുമുമ്പുള്ള ഒരു കാലഘട്ടത്തിലേതുപോലെ കേര ളത്തിന്റെ പൊതുപരിസരത്തിൽ പ്രാദേശികമായി നിലനിന്നിരുന്ന ഗ്രാമീണഭാഷ തന്നെയായിരുന്നു കടലുണ്ടി-മണ്ണൂർ ദേശങ്ങളിൽ ഉണ്ടായിരുന്നത്. പോയിനി, ഇജ്, ഞമ്മൾ, ചെയ്തിനി തുടങ്ങിയവ ഉദാഹരണമായെടുക്കാം. ഭാഷയുടെ പരിണാമദി ശയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഇവിടെയും പ്രകടമാണ്. വിദ്യാഭ്യാസ സാംസ്കാ രിക മുന്നേറ്റങ്ങളിലൂടെ പൊതുഭാഷാസമ്പ്രദായം പരുവപ്പെടുകയുമുണ്ടായി.

### 2.7.5 വസ്ത്രം

വസ്ത്രധാരണത്തിലുമുണ്ടായിരുന്നു മേൽജാതി, കീഴ്ജാതി സമ്പ്രദായ ങ്ങൾ. ഇതിൽ മുസ്ലിങ്ങളും ക്രിസ്ത്യാനികളും അവരുടേതായ പൊതുസമ്പ്രദായം തുല്യരീതിയിൽ തന്നെയായിരുന്നു. മേൽജാതിക്കാർ സിൽക്ക്, പോളിസ്റ്റർ പോലുള്ള വിലകൂടിയ വസ്ത്രങ്ങളും, കീഴാളർ കോട്ടൻ (കോറത്തുണി) നിർമ്മിത വസ്ത്രങ്ങളുമായിരുന്നു ധരിച്ചിരുന്നത്. പുരുഷന്മാർ തോർത്ത്, കൈമുണ്ട്, ബനി യൻ തുടങ്ങിയവയും സ്ത്രീകൾ താറുടുക്കുകയും അരമുണ്ട് ചുറ്റുകയും ചെയ്തി രുന്നു. മാറു മറയ്ക്കൽ നിയമം വന്നതിനുശേഷം ബ്ലൗസ് ധരിക്കുകയും ചെയ്തിരു ന്നു. മേൽജാതി പെൺകുട്ടികൾ പാവാടയും ജെമ്പറും ആയിരുന്നു ധരിച്ചിരുന്നത്. മുസ്ലീം സ്ത്രീകൾ ഞൊറിയിട്ട കാച്ചിമുണ്ടും നീളംകൂടിയ കുപ്പായവുമാണ് ധരിച്ചി

രുന്നത്. ക്രിസ്ത്യാനികളായ സ്ത്രീകളുടെ വേഷം ചട്ടയും മുണ്ടുമായിരുന്നു. ഇന്ന് ആഢംബര വസ്ത്രധാരണത്തിലേക്ക് കടലുണ്ടിദേശം മാറിക്കഴിഞ്ഞിരിക്കുന്നു.

## 2.8 നൂതനപ്രവണതകൾ

കലാകായിക സാംസ്കാരിക രംഗത്തും തനതായ ശൈലിയും കൂട്ടായ്മയും ഉണ്ടാക്കുന്നതിൽ വിജയിച്ചിട്ടുള്ള ഗ്രാമം കൂടിയാണ് കടലുണ്ടി. സമൂഹത്തിന്റെ ഏറ്റവും താഴ്ന്ന ഇടങ്ങളിലുള്ള ആളുകൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുവാനുള്ള ശ്രമങ്ങളും ഇവിടെ നടക്കുന്നുണ്ട്. വിദ്യാഭ്യാസ പുരോഗതിക്കനുസൃതമായി പ്രദേശവാസികളിൽ പലരും അധ്യാപകരായും ഡോക്ടർമാരായും ഉയർന്ന തസ്തികയിലുള്ള സർക്കാർ ഉദ്യോഗസ്ഥരായും ജോലിനോക്കുന്നു. കൂടുതൽ സൗകര്യങ്ങളോടുകൂടിയ ആശുപത്രികൾ, വ്യവസായസ്ഥാപനങ്ങൾ കൂടാതെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സാമ്പത്തികസഹായങ്ങൾ സന്നദ്ധസംഘടനകൾ വഴി നൽകുന്നുണ്ട്. സാമൂഹിക ഉന്നമനത്തിനായുള്ള കർമ്മപദ്ധതികൾ മണ്ണൂർ, കടലുണ്ടി മേഖലകളിൽ നടക്കുന്നുണ്ട്. ആരോഗ്യം, തൊഴിൽ, സാമ്പത്തികം തുടങ്ങിയവയുടെ അഭിവൃദ്ധിക്കുവേണ്ടിയുമുള്ള ശ്രമങ്ങളിൽ വ്യാപൃതമാണ്, നാട്ടുകൂട്ടങ്ങളും ക്ലബ്ബുകൾ പോലുള്ള അനുബന്ധസ്ഥാപനങ്ങളും.

വളരെ ആശാവഹമായ ഒന്നാണ് കടലുണ്ടിയിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ എന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം. കാൻസർ രോഗികൾ വൃക്കരോഗികൾ, ഓട്ടിസം ബാധിച്ചവർ, മറവിരോഗമുള്ളവർ, കിടപ്പുരോഗികൾ, മനോരോഗികൾ കൂടാതെ വാർദ്ധക്യത്തിന്റെ ക്ലേശങ്ങൾ അനുഭവിക്കുന്നവർ മുതലായ പാലിയേറ്റീവ് കെയറിന് അർഹരായിട്ടുള്ളവർക്കെല്ലാം ചികിത്സയും ശുശ്രൂഷയും നൽകിപ്പോരുന്നു. പരിഹരിക്കാനാവുമായിരുന്ന വേദനയിലും ദുരിതത്തിലും ഒരാളെ ഉപേക്ഷിച്ച് പോകുന്നത് ഗുരുതരമായ മനുഷ്യാവകാശ ലംഘനമായി കണക്കാക്കുന്നു. മനുഷ്യദുരിതത്തെക്കുറിച്ചുള്ള ഒരു സാമൂഹിക അവബോധമാണ് ഇത് ഉണ്ടാക്കിയിട്ടുള്ളത് (പ.വ.രേ., 2019:208). എന്നാൽ നൂതന നൈപുണ്യങ്ങൾ സ്വായത്തമാക്കി പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കാൻ കൂടുതലായൊന്നും കടലുണ്ടിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതിനെ മറികടക്കാൻ ഉൽപ്പാദന വിതരണ മേഖലയിൽ കമ്പോളത്തിന്റെ പ്രാധാന്യവും പ്രസക്തിയും അംഗീകരിച്ചുകൊണ്ട് സാമൂഹിക

ലക്ഷ്യങ്ങളും താൽപര്യങ്ങളും ശക്തമായി മുന്നോട്ടുവയ്ക്കുന്ന പുതിയ നയങ്ങൾ നടപ്പാക്കിവരുന്നു.

### 2.8.1 വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിനുവേണ്ട യാതൊരു മാർഗ്ഗവും ഇല്ലാതിരുന്ന കാലഘട്ടത്തിൽ സാമൂഹിക ഉന്നമനത്തിന് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നതിനാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ചാലിയത്തും പരിസരപ്രദേശങ്ങളിലും പള്ളിക്കൂടങ്ങൾ ഉയർന്നുവന്നു. നാട്ടിലെ പ്രമുഖരും ദീർഘവീക്ഷണശാലികളും ഇതിനു മുന്നിട്ടറങ്ങി. 1917-ൽ കീഴാളർക്കായി, ആദി-ദ്രാവിഡ-പഞ്ചമസ്ക്കൂൾ ഇന്നത്തെ ചാലിയം ജി.എൽ.പി. സ്കൂളിന്നടുത്ത് നിർമ്മിച്ചു. ഇന്നത് വട്ടപ്പറമ്പിൽ സ്ഥിതിചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിലെ വിദ്യാഭ്യാസപുരോഗതിക്കായി 1919-ൽ ഫിഷറീസ് എൽ.പി.സ്കൂൾ നിലവിൽ വന്നു. ഇന്നത്തെ ചാലിയം ജി.എൽ.പി.സ്കൂൾ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ 1927 ജൂലൈ 1-ന് സ്ഥാപിതമായി. അതേ വർഷം തന്നെ സ്ഥാപിതമായ മദ്രസത്തുൽ മനാർ എലിമെന്ററി സ്കൂളാണ് ഇന്നത്തെ ഉമ്പിച്ചിഹാജി ഹയർ സെക്കണ്ടറി സ്കൂളായി മാറിയത്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി മുരികല്ലിങ്ങലിൽ സ്ഥിതിചെയ്യുന്ന മാണിക്യം ഗേൾസ് എലിമെന്ററി സ്കൂൾ 1941-ൽ സ്ഥാപിതമായി (സദ്ദാം ചാലിയം, 2013,124).

പഴയകാലത്ത് പെൺകുട്ടികൾക്ക് ജാതിമത വിലക്കുകളാൽ വിദ്യാഭ്യാസം ആർജ്ജിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ മാറിയ കാലത്ത് എല്ലാവർക്കും വിദ്യാഭ്യാസപരമായും തൊഴിൽപരമായും മേൽക്കൈനേടാൻ സാധിച്ചിട്ടുണ്ട്.

### 2.8.2 ലൈബ്രറി/ക്ലബ്ബുകൾ

സമൂഹമധ്യത്തിൽ യാഥാർത്ഥ്യങ്ങൾ പറയാൻ ചില കലാസാഹിത്യരൂപങ്ങൾ അതിന്റെ നേരിൽ ഉറച്ചുനിന്ന് അവതരിക്കപ്പെടുന്നു. അതിന് ചിലപ്പോൾ തീവ്രതയുടെ ശൈലി രൂപം കൊണ്ടെന്നുവരാം. ഈ ശൈലീമാറ്റം സാംസ്കാരിക സംഘർഷത്തിൽ നിന്ന് ലഭിച്ച ശരിയുടെ അടിസ്ഥാനത്തിലുള്ളതായിരിക്കും.

സാമ്പത്തികസ്ഥിതിയുടെ പ്രതിഫലനം സാംസ്കാരിക വളർച്ചയിലും പ്രകടമാകുന്നു. അങ്ങനെ ചിന്തിക്കുകയാണെങ്കിൽ കലാസാംസ്കാരിക മേഖലകളിൽ

ഒത്തിരി മുന്നേറ്റങ്ങൾ കടലുണ്ടിയിൽ ഉണ്ടായിട്ടുണ്ട്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടതും പ്രവർത്തന പരിചയമുള്ളതുമായ സർവോദയ, പ്രബോധിനി, ജ്ഞാനോദയം, നവദീപ്തി, ശബ്ദം സാംസ്കാരിക നിലയം, കടലുണ്ടി പബ്ലിക് ലൈബ്രറി പഠനഗവേഷണകേന്ദ്രം തുടങ്ങി വായനശാലകളും ഫ്രണ്ട്സ് ആർട്സ് ആന്റ് സ്പോട്സ് തുടങ്ങി നിരവധി ക്ലബ്ബുകളും ഇവിടെയുണ്ട്. ശാസ്ത്രീയസംഗീതം, നൃത്തസംഗീതം, ഉപകരണസംഗീതം എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരും ദീർഘസമയം തബലവാദനത്തിലൂടെ ഗിന്നസ് ബുക്കിലിടം നേടിയ സുധീർ കടലുണ്ടിയും ഈ നാടിന്റെ പൊതുസമ്പത്താണ്. കൂടാതെ ഒട്ടേറെ ഡോക്ടർമാർ, നഴ്സുമാർ, അധ്യാപകർ, എഴുത്തുകാർ, വക്കീലന്മാർ, പൈലറ്റ്, വിവിധ മേഖലകളിലെ കലാകാരന്മാർ തുടങ്ങി ഒട്ടേറെ പേരെ കടലുണ്ടി സംഭാവന ചെയ്തിട്ടുണ്ട്. ദീർഘവീക്ഷണവും പ്രവർത്തന സന്നദ്ധതയുമുള്ള ശക്തരായ രാഷ്ട്രീയനേതൃത്വം വളർന്നുവന്നിട്ടുള്ള ദേശമാണ് കടലുണ്ടി. വിവിധ രാഷ്ട്രീയപ്പാർട്ടികളുടെ ഓഫീസുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു (ക.ഗ്രാ.പ. വി.രേ., 2012-2017: 21).

ആധുനിക നാടകവേദിക്കും മറ്റു കലാസാംസ്കാരിക പുരോഗതിയ്ക്കും ഉണർവേകിക്കൊണ്ടുള്ള പുത്തൻ പ്രവർത്തനങ്ങളാണ് കടലുണ്ടിയിൽ നടന്നുവരുന്നത്. നീന്തൽമത്സരത്തിൽ ഗിന്നസ്ബുക്കിൽ ഇടം നേടിയ ആദിൽ എന്ന കുട്ടി കടലുണ്ടിക്കാരനാണ്. മറ്റൊന്ന് എടുത്തുപറയാനായിട്ടുള്ളത് ഉഷ്ണനാളുകളിൽ കൊയ്ത്തൊഴിഞ്ഞ പാടങ്ങൾ വിവിധ കായികവിനോദങ്ങളുടെ ഇടങ്ങളാകുകയും അവിടെനിന്ന് ഓരോ പ്രതിഭകൾ ഉദയംകൊള്ളുകയും അവരെ പ്രാദേശികവും ദേശീയവുമായ വേദികളിൽ പരിചയപ്പെടുത്തുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഇവിടെ നടന്നുവരുന്നു. ഓരോ ദേശത്തും കലയോടും കായിക വിനോദങ്ങളോടും അഭിരുചിയുള്ളവർ ഉണ്ടായിരിക്കും. പൊള്ളുന്ന വേനൽകാലങ്ങളിൽ നാട്ടിൻപുറങ്ങളിലെ മരച്ചുവടുകളിൽ സൗഹൃദങ്ങൾക്കുവേണ്ടി ഒത്തുകൂടുന്നു. കഥപറച്ചിലിനും സംവാദങ്ങൾക്കും ഒടുവിൽ കൂട്ടായ്മയെക്കുറിച്ചും വിനോദങ്ങളെക്കുറിച്ചും ചിന്തിച്ചുതുടങ്ങുന്നു. മണ്ണൂരിന്റെയും കടലുണ്ടിയുടെയും ദേശവഴികളിൽ ഇത് ഇന്നും പതിവാണ് (ഫെ.സ്നേ., 12മാർച്ച് 2020).

### 2.8.3 ടൂറിസം

പക്ഷികൾ ധാരാളം വന്നിരുന്ന അനുഗ്രഹീത തീരദേശമാണ് കടലുണ്ടി. തദ്ദേശീയ പക്ഷികൾ മാത്രമല്ല വിദൂരദേശങ്ങളായ നൈജീരിയ, സൈബീരിയ, അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ ഇടങ്ങളിൽനിന്നുള്ള ദേശാടനക്കിളികളുടെ ഒരു പറുദീസയായിരുന്നു കടലുണ്ടി. തീറ്റപ്പാടങ്ങളും പ്രജനനകേന്ദ്രങ്ങളും കൂടി ച്ചേർന്ന ദേശമാണ് ഇവിടം. 135-ലധികം പക്ഷികൾ ഈ മേഖലയിൽ വന്നുപോയി രുന്നതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. അതിൽ ചിലതാണ് ആള, ചെറിയ കടൽകാക്ക, തവിട്ടുതലയൻ കടൽകാക്ക, ചോരക്കാലി, പച്ചക്കാലി, പൊൻമ ണൽകോഴി, പാമീർ മണൽകോഴി, തെറ്റികൊക്കൻ, വാൾകൊക്കൻ, ചേരാകൊ ക്കൻ, കരണ്ടികൊക്കൻ, തിരക്കാട, വലിയ കടൽകാക്ക, ഞണ്ടുണ്ണി, പുള്ളിക്കാട കൊക്ക്, ചാരമണൽകോഴി, പട്ടവാലൻ ഗോഡ്വിറ്റ്, വരവാലൻ ഗോഡ്വിറ്റ്, ഞാറ, നീർക്കാട മുതലായവ. ഇന്ന് സൈബീരിയ പോലുള്ള വിദേശനാടുകളിൽനിന്ന് എത്തിയിരുന്ന ദേശാടനക്കിളികളുടെ വരവ് വളരെയധികം ചുരുങ്ങി. അതിന് കാരണം ചകിരിത്തൊണ്ട് പൂഴ്ത്തിവെയ്ക്കപ്പെടുന്ന ഇടങ്ങളിൽ ധാരാളം മണ്ണിര, കയ്യേര തുടങ്ങിയ പല പുഴുക്കളും ചെറുപ്രാണികളും മത്സ്യക്കുഞ്ഞുങ്ങളും പക്ഷി കൾക്ക് ധാരാളമായി ലഭിച്ചിരുന്നു. എന്നാൽ ഇന്ന് കയർ വ്യവസായം കുറഞ്ഞതു കൊണ്ട് പക്ഷികൾക്ക് ഭക്ഷണം ലഭ്യമല്ലാതായി.

കൂടാതെ കണ്ടലിന്റെ ഉൾവശത്തേക്ക് കയറി ഭക്ഷണംകഴിക്കാനും കിളി കൾക്ക് പ്രയാസം നേരിട്ടു. പ്രാദേശിക ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് ദേശാടനക്കിളികളുടെ സാന്നിധ്യം ആവശ്യമാണ്. ഋതുഭേദങ്ങൾക്കനുസൃതമാ യാണ് ദേശാടനപക്ഷികളുടെ ഗമനം. ചൂട് അസഹ്യമാവുമ്പോഴേക്കും കുളിരുതേ ടിയും തണുപ്പ് കഠിനമാകുമ്പോഴേയ്ക്കും വാസയോഗ്യദേശങ്ങൾ തേടിയും കിളി കൾ വീണ്ടും പറക്കുന്നു. കൂടാതെ നീർനായ്ക്കളും വ്യത്യസ്ത ഇനം മത്സ്യങ്ങളും കടലുണ്ടിയുടെ കായൽ വിസ്മയത്തിന് മാറ്റുകൂട്ടുന്നു. മുപ്പത്തിയെട്ട് ഇനം ചിത്രശ ലഭങ്ങളും, ഓന്തും, അരണയും ഉൾപ്പെടുന്ന ജന്തു വൈവിധ്യവും കടലുണ്ടിയുടെ ഹരിതഭംഗിക്ക് കൂടുതൽ മാറ്റുകൂട്ടുന്നു. അലങ്കാരസസ്യങ്ങൾ മുതൽ വിവിധയിനം സസ്യവൈവിധ്യങ്ങളുടെ കലവറ തന്നെയാണ് കടലുണ്ടി.

കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി റിസർവായ ഒരു ഗ്രാമവും കൂടിയാണ് കടലുണ്ടി. വന്യമൃഗസംരക്ഷണ കേന്ദ്രമോ സംരക്ഷണ റിസർവോ അല്ലാത്ത സ്ഥലങ്ങളിലെ സസ്യജന്തുജാലങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തിയിട്ടുള്ള ദേശവും കൂടിയാണിത്. പരമ്പരാഗതവും സാംസ്കാരികവുമായ പൈതൃകങ്ങളെയും മൂല്യങ്ങളെയും അവയുടെ തനതു സ്വരൂപത്തോടുകൂടി സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. 1972-ലെ വന്യജീവി സംരക്ഷണനിയമത്തിലെ സെഷൻ 36 (C) പ്രകാരം കമ്മ്യൂണിറ്റി റിസർവായി കടലുണ്ടിയെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ രണ്ടാമത്തെ കമ്മ്യൂണിറ്റി റിസർവ് എന്ന ബഹുമതി കൂടി കടലുണ്ടിക്കുണ്ട് (ഷാഫി കടലുണ്ടി, 2011, 38).

കടലുണ്ടിയുടെ നദീമുഖപ്രദേശം കണ്ടൽക്കാടുകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. 300 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന മനോഹരമായ നദീതടവും കണ്ടൽക്കാടുകളും അതിനിടയിലൂടെ കടന്നുപോകുന്ന കൈവഴികളും പക്ഷിസങ്കേതങ്ങളും സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട അനുഭവമാണ്. നദിയിലൂടെയുള്ള ബോട്ട് യാത്രകൾ, കണ്ടൽക്കാടുകൾ നിറഞ്ഞ കൊച്ചുദ്വീപുകളായ ബാലാതുരുത്ത്, ചെറുതുരുത്ത്, സി.പി.തുരുത്ത് എന്നിവിടങ്ങളിൽ എത്തിച്ചേരുന്നു. ഈ യാത്രയിൽ അന്തരീക്ഷം വളരെ തണുപ്പുള്ളതായി അനുഭവപ്പെടുന്നു. നദിക്കിരുവശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന തെങ്ങിൻതോപ്പുകൾ ഇവിടെ ധാരാളമായി കാണപ്പെടുന്നു. കമ്മ്യൂണിറ്റി റിസർവ് മുതൽ കടലുണ്ടിക്കടവ് വരെ നടപ്പാതയുടെ പണിയും നടന്നുകൊണ്ടിരിക്കുന്നു. വിദേശികളും സ്വദേശികളുമായ ധാരാളം വിനോദസഞ്ചാരികൾ സെപ്തംബർ മുതൽ ജനുവരിവരെയുള്ള മാസങ്ങളിൽ ഇവിടെയെത്തിച്ചേരുന്നു.

**2.9 ഭരണചരിത്രം**

പന്ത്രണ്ടാംനൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ രണ്ടാം ചേരവംശാധിപത്യം തകർന്നതോടെ നാടുവാഴിത്തഭരണസമ്പ്രദായം തുടരുകയും ഗ്രാമത്തിന്റെ ഭരണാധികാരം പരപ്പനാട് വലിയ പുതിയ കോവിലകക്കാരുടെ കൈയ്യിലമരുകയും ചെയ്തു. പരപ്പനാട് രാജവംശക്ഷേത്രങ്ങൾ കേന്ദ്രീകൃതമായുള്ള തറക്കൂട്ടങ്ങളിലൂടെയാണ് ഭരണനിർവഹണം നടത്തിയിരുന്നത്. കടലുണ്ടിയെ(മണ്ണൂർ ശിവക്ഷേത്രം) കടലുണ്ടി (പഴഞ്ചണ്ണൂർ ശിവക്ഷേത്രം) എന്നിങ്ങനെ രണ്ട് തുറകളായി ഭാഗി

ച്ചാണ് അവർ ഭരണം നടപ്പിലാക്കിയത്. ഈ ഭരണവ്യവസ്ഥയിൽ ദേവസ്വ ത്തിന്റെകീഴിൽ ഭൂമി കൈവശം വയ്ക്കുവാനും കൃഷിചെയ്ത് അനുഭവിച്ച് പോരു വാനും കീഴ്പാട്ടത്തിന് കൊടുക്കുവാനുമുള്ള അവകാശം ജന്മിമാർക്ക് ചാർത്തി ക്കൊടുത്തിരുന്നു (ക.ഗ്രാ.പ.ADM/60 ക.വി.രേ., 2017: 5)

കഴിഞ്ഞനൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഭൂമിയുടെ ഉടമാവകാശം പെരുമ്പ റമ്പ് (മണ്ണൂർ ശിവക്ഷേത്രം), മനേഴി, കായക്കത്തറ, കുന്നത്ത്, പുന്നോളി കൊറാ ത്ത്, അമ്പാളി, കൂർമന്തറ പുതിയകത്ത് എന്നീ ജന്മിത്തറവാട്ടുകാർക്കുമായിരുന്നു. ഏതാണ്ട് പത്തൊൻപതാംനൂറ്റാണ്ടിന്റെ പകുതിയായപ്പോൾ രാജവംശക്കാരിൽനിന്ന് ബ്രിട്ടീഷ് അധിനിവേശകർ ഭരണംപിടിച്ചെടുത്തെങ്കിലും ഭൂവുടമബന്ധത്തിന് സാര മായ മാറ്റങ്ങളൊന്നും ഉണ്ടായില്ല. ജന്മിത്തത്തിന്റേയും, നാടുവാഴിത്തസമ്പ്രദായത്തി ന്റെയും എല്ലാവിധ അധർമ്മങ്ങളും അസമത്വങ്ങളും, അടിച്ചമർത്തലുകളുംകൊണ്ട് ദുരിതം അനുഭവിച്ച അടിസ്ഥാനജനവിഭാഗങ്ങൾ സാമൂഹികപരിവർത്തനത്തിന്റെ ഒരു കാലഘട്ടമായപ്പോൾ ചരിത്രനിയോഗംപോലെ ഉയിർത്തെഴുന്നേൽക്കുകയു ണ്ടായി. എന്നാൽ ദേശീയസ്വാതന്ത്ര്യത്തിന്റെ ചരിത്രത്താളുകളിൽ ഇടംപിടിക്കുമാ റുള്ള കാൽവയ്പുകളൊന്നും തദ്ദേശീയരായിട്ടുള്ളവർ നടത്തിയിട്ടില്ലെങ്കിലും കട ലുണ്ടി മണ്ണൂർ ദേശത്തെ ഏതാനും ചിലരെക്കുറിച്ച് ചരിത്രം പറഞ്ഞുപോകുന്നു ണ്ട്.

1940-ൽ തിരൂരങ്ങാടി ഫർക്കാകമ്മിറ്റിയുടെ കീഴിൽ രൂപംകൊണ്ട കമ്മ്യൂ ണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ സെക്രട്ടറിയായി പി.കെ. വാസുദേവമേനോനെ തെരഞ്ഞെടുത്തു. എ.കെ. പള്ളത്ത്, കെ.പി.യാക്കൂബ്, പി.കെ.കണാരൻ, വെള ക്കേരി വേലായുധൻ, ചോഴക്കാട് ശങ്കരൻ വൈദ്യർ എന്നിവർ ഉൾപ്പെടുന്ന പ്രവർത്തകർ രാഷ്ട്രീയപ്രവർത്തനവുമായി മുന്നോട്ടു പോയി. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടപ്പോൾ ഇ.എം.എസ്, സി.എച്ച്. കണാരൻ, ഉണ്ണിരാജ, കെ.എ.കേര ളീയൻ തുടങ്ങിയവർ ഇവിടെ ഒളിവിൽ കഴിഞ്ഞിരുന്നു.

ജാതിയുടെയും മതത്തിന്റെയും പേരിലുള്ള പറയപ്പേടി, പുലയപ്പേടി, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ പോലുള്ള അനാചാരങ്ങൾ നിലനിന്നിരുന്ന കാല ഘട്ടത്തിലൂടെ കടന്നുപോകുമ്പോഴും സമാധാനത്തിന്റെയും സഹവർത്തിത്വത്തി ന്റെയും പാതയിലായിരുന്നു ഏറെക്കുറെ മണ്ണൂർ ദേശം. വൈദേശിക ആധിപത്യ

ത്തിനെതിരായ പ്രക്ഷോഭചരിത്രത്തിലെ സുപ്രധാന സംഭവമാണ് മലബാർ കലാപം. കലാപാനന്തരം സംഘടിത കർഷകപ്രസ്ഥാനത്തിനും ദേശീയ സ്വാതന്ത്ര്യസമരത്തിനും പ്രചോദനാത്മകമായ ഊർജ്ജം മലബാർ വിപ്ലവം പകർന്നു കൊടുത്തു.

1930 കാലഘട്ടങ്ങളിലാണ് കടലുണ്ടി മണ്ണൂർ ദേശത്ത് കോൺഗ്രസ് ഒരു സംഘടനാരൂപം കൈക്കൊള്ളുന്നത്. 1935-42 കാലത്ത് ഖാദി വസ്ത്രപ്രചാരണത്തിലും മദ്യബഹിഷ്കരണ പ്രക്ഷോഭത്തിലുമായിരുന്നു അവരുടെ ശ്രദ്ധ. ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തവരായിരുന്നു കൊറാത്ത് ദാമോദരമേനോൻ, ഓണത്തറ ചക്കപ്പൻ, ആലമ്പറ്റ് സാമി, കെ. കുട്ടിശങ്കരൻ നായർ, പി.കെ. നാരായണൻകുട്ടി മേനോൻ, എ.പി. കണ്ടക്കുട്ടി, എൻ.വി. ബിച്ചമ്മദ്, ചാലിയം കുരിക്കൾ മുഹമ്മദ്, സാമി വൈദ്യർ, കെ. രാമുമാസ്റ്റർ, പി.പി. രാമദാസ്, വാസുദേവമേനോൻ, വിശ്വനാഥൻ പെരിങ്ങോട്ട്, സി. പത്മനാഭൻ, പട്ടയിൽ രാഘവൻ തുടങ്ങിയവർ.

കാർഷികമേഖലയുമായി ബന്ധപ്പെട്ട് ധാരാളം സമരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് കർഷകരെ കൃഷിയിടങ്ങളിൽനിന്നും ഇല്ലാതാക്കുന്ന അതിസങ്കീർണ്ണമായ ഒരവസ്ഥാവിശേഷം നിലനിന്നിരുന്നു. ഈ ദുഷ്പ്രവണതകൾക്കെതിരെ 1953-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ സംഘടിക്കുകയും സമരം നയിക്കുകയും ചെയ്തിരുന്നു. 1970-72 നാളുകളിൽ കർഷകസംഘം മുൻനിരയിൽനിന്ന് നയിച്ച ഇതിഹാസതുല്യമായ കുടികിടപ്പുസമരം ഈ ദേശത്തും സജീവമായിരുന്നു. ഭൂപരിഷ്കരണനിയമം പ്രാവർത്തികമായി നിലവിൽ വന്നതോടുകൂടി ബഹുഭൂരിഭാഗം വരുന്ന ദരിദ്രജനവിഭാഗങ്ങൾക്ക് ഭൂമി സ്വന്തമാവുകയും അത് സാമൂഹിക ജീവിതാന്തരീക്ഷത്തിൽ സന്തോഷവും സമാധാനവും വരുത്തുകയും ചെയ്തു. ഈ ചരിത്രബോധത്തെ മുൻനിർത്തിയുള്ള ഒരു സംസ്കൃതി ഈ നാട്ടിൽ രൂപപ്പെട്ടതായി കാണുന്നു. മനുഷ്യന്റെ സാംസ്കാരികവളർച്ച സവർണ്ണമോ, അവർണ്ണമോ ആയെന്നുവരാം. അതിനെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുന്നതോടുകൂടി മാത്രമേ കൃത്യമായ ഒരു നിഗമനത്തിലെത്താൻ കഴിയൂ. അത്തരമൊരു സാധ്യതാപാഠനങ്ങൾ ചരിത്രത്തെക്കുറിച്ചും, സംസ്ക്കാരത്തെക്കുറിച്ചും കടലുണ്ടി പഞ്ചായത്തധികൃതരിലും തദ്ദേശീയരിലും ഉണ്ടാകുന്നു എന്നുള്ളതുതന്നെ കടലുണ്ടി മണ്ണൂർ ദേശത്തെക്കുറിച്ച് പ്രതീക്ഷകൾ

നൽകുന്നു. കടലുണ്ടിയുടെ സാംസ്കാരികകർതൃത്ത്വത്തെ രൂപപ്പെടുത്തുന്നതിൽ പല കൂട്ടായ്മകൾക്കും പങ്കുണ്ട്. അത് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

#### 2.9.1 പ്രസ്ഥാനങ്ങൾ

ബ്രിട്ടീഷ്‌വിരുദ്ധ ഇന്ത്യൻസ്വാതന്ത്ര്യസമരകാലത്തെ തീഷ്ണമായ സമരങ്ങൾക്കൊന്നും സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് കടലുണ്ടിഗ്രാമത്തിൽ വേരോട്ടം ലഭിച്ചിരുന്നില്ല. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി കോൺഗ്രസ്സും അടിസ്ഥാന വർഗ്ഗത്തിന്റെ അവകാശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയും ഇവിടെ ഉദയംകൊണ്ടത്. നിലവിൽ കടലുണ്ടി പഞ്ചായത്തിൽ കോൺഗ്രസ് (ഐ.), എൻ.സി.പി, സി.പി.ഐ (എം), സി.പി.ഐ, മുസ്ലിംലീഗ്, ജനതാദൾ, ബി.ജെ.പി, ഐ.എൻ.എൽ. പുതുതായി രൂപംകൊണ്ട എസ്.ഡി.പി.ഐ തുടങ്ങിയ രാഷ്ട്രീയ കക്ഷികളും അവയുടെ യുവജന വിദ്യാർത്ഥിപ്രസ്ഥാനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

#### 2.9.1.1 സ്വാതന്ത്ര്യസമരം

ജാതീയഅസമത്വങ്ങൾക്കെതിരെ പോരാട്ടംനയിച്ചുകൊണ്ട് വളർന്നുവന്ന ഒരു പരിഷ്കർത്താവായിരുന്നു മഹാത്മാ അയ്യങ്കാളി. ഇതര കീഴ്ജാതി ജനവിഭാഗങ്ങൾക്കിടയിൽ സ്വാതന്ത്ര്യബോധം ഉടലെടുക്കുകയും ജന്മികുടിയാൻ ബന്ധങ്ങളിൽ അസ്വാരസ്യങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്തു. അതിന്റെ ഫലമായി വിവിധ സമരങ്ങൾ അരങ്ങേറുകയുണ്ടായി. സമൂഹത്തിലെ അധഃസ്ഥിതവിഭാഗത്തിൽപ്പെട്ടവരുടെ സാംസ്കാരിക-സാമൂഹിക-സാമ്പത്തിക ഉന്നമനവും വിദ്യാഭ്യാസ-ആരോഗ്യ മുന്നേറ്റങ്ങളും ലക്ഷ്യം വെച്ചുകൊണ്ട് 'മഹാത്മാ അയ്യങ്കാളി ചാരിറ്റബിൾ ട്രസ്റ്റ്' എന്നപേരിൽ ഒരു കൂട്ടായ്മ കടലുണ്ടിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതുപോലെത്തന്നെ കടലുണ്ടിദേശത്ത് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാവുകയും ചെയ്തിരുന്നു. കടലുണ്ടിയിലെ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു ചെറാട്ട് വാസു.

### 2.9.1.2 ജാതിവിരുദ്ധപ്രസ്ഥാനം

20-ാം നൂറ്റാണ്ടിലുണ്ടായ നവോത്ഥാനപ്രസ്ഥാനങ്ങൾ കേരളത്തിലെ ജന്മിത്വവ്യവസ്ഥിതിയ്ക്ക് ഒരു പരിധിവരെ അന്ത്യംകുറിച്ചു. 1888-ൽ അരുവിപ്പുറത്ത് ശ്രീനാരായണഗുരു ഒരു ശിലാഖണ്ഡമെടുത്ത് ശിവലിംഗമായി പ്രതിഷ്ഠിച്ചത് ജാതിക്കെതിരായ ഒരു വിപ്ലവമായിരുന്നു. 1903-ൽ എസ്.എൻ.ഡി.പി. യോഗം രൂപീകൃതമായി. അതിന്റെ തുടർചലനങ്ങൾ കടലുണ്ടി-മണ്ണൂർ ദേശങ്ങളെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ ഫലമെന്നോണം കീഴാളന് അടിമപ്പണിയിൽനിന്നും ഏറെക്കുറെ മോചനം ലഭിക്കുകയുണ്ടായി.

### 2.9.1.3 കർഷകസംഘം

കടലുണ്ടിപഞ്ചായത്തിന്റെ സാമ്പത്തികവ്യവസ്ഥയിലെ മുഖ്യഘടകം എന്നത് കാർഷികമേഖലയാണ്. വേനൽപച്ച സമഗ്രകാർഷികവികസന പരിപാടിയുടെ ഭാഗമായി തെങ്ങ്, നെല്ല്, പച്ചക്കറി, വാഴ, കുറ്റികുരുമുളക്, ഫലവൃക്ഷതൈകൾ, ടെറസ്സ് പച്ചക്കറി കൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കാർഷിക പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2014-15 വർഷത്തിൽ കൃഷിവകുപ്പിന്റെ ധനസഹായത്തോടെ രൂപീകരിച്ച കാർഷിക കർമ്മസേനയും, കുടുംബശ്രീ, കർഷകസമിതികൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവ കാർഷിക ഉന്നതി ലക്ഷ്യംവെച്ചുകൊണ്ട് പ്രവർത്തിക്കുന്നത്. കേരളകർഷകസംഘം, ക്ഷീരകർഷകസംഘം തുടങ്ങിയ പ്രസ്ഥാനങ്ങൾ കടലുണ്ടിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കടലുണ്ടിയുടെ സാംസ്കാരിക പശ്ചാത്തലത്തിലേക്ക് വെളിച്ചം വീശുന്ന നിരവധി ചരിത്രസ്മാരകങ്ങൾ ചാലിയത്ത് ഇന്നും സ്ഥിതിചെയ്യുന്നു.

## 2.10 സ്മാരകങ്ങൾ

കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളിൽ ഭൂതകാലത്തിന്റെ ശേഷിപ്പുകളായ നിരവധി സാംസ്കാരിക പൈതൃകകേന്ദ്രങ്ങൾ ഉണ്ട്. അവയിൽ ചിലതാണ് ചാലിയം മുല്ല, ചാലിയത്തെ ഇട്ടി അച്യുതൻ സ്മാരക ഹോർത്തൂസ് മലബാറിക്കൂസ് സസ്യസർവസ്വം, മണ്ണൂർ ഗുഹ, വണ്ടിക്കിണർ, ലൈറ്റ്ഹൗസ്, റെയിൽവെസ്റ്റേഷൻ, ബുദ്ധവിഹാർ തുടങ്ങി ഇതെല്ലാം പൂർവസംസ്കാരത്തിന്റെ സൃഷ്ടിപ്പുകളായി നിലനിൽക്കുന്നു. മനുഷ്യന്റെ പരിണാമദശയിൽ തലമുറകൾക്ക്

കൈമാറ്റംചെയ്യപ്പെടേണ്ട പൂർവികന്റെ ചിന്തകളും നിശ്ചയദാർഢ്യവും ധൈര്യവും കലയും എല്ലാം ഇതിലുണ്ട്. വിശാലമായ സൗഹൃദബുദ്ധിയുടെ ചൈതന്യം നാനാ മതങ്ങളുടെയും സംഗമസ്ഥാനമായി നിലകൊള്ളാൻ കടലുണ്ടിക്കു കഴിഞ്ഞു.

സ്വാതന്ത്ര്യസമരത്തിന്റെയും വൈദേശികആധിപത്യത്തിന്റെയും ചരിത്രമൂഹൂർത്തങ്ങളിലൂടെ കടന്നുപോയിട്ടുള്ള അതിപ്രധാനമായ ഒരു ദേശത്തിന്റെ കഥ ഈ പൈതൃകകേന്ദ്രങ്ങൾ പറഞ്ഞുതരുന്നു. ലോകചരിത്രത്തിനും ദേശരാഷ്ട്രചരിത്രത്തിനും പ്രാധാന്യം കുറഞ്ഞുവരികയും പ്രാദേശികചരിത്രത്തിനും താല്പര്യ നിർമ്മിത ചരിത്രത്തിനും പ്രാധാന്യം കൂടിവരുന്നതുമായ ഈ കാലത്ത് പൗരാണിക പ്രാധാന്യമുള്ള കേന്ദ്രങ്ങളെക്കുറിച്ചുള്ള പഠനത്തിന് പ്രാധാന്യം ഏറെയാണ്. ഈ നാടിന്റെ സാംസ്കാരികചരിത്രത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത വലിയൊരു പങ്കിനെക്കുറിച്ച് പഠിക്കേണ്ടതുണ്ട്.

### 2.10.1 ബ്രിട്ടീഷ് ബംഗ്ലാവ്

ചാലിയം റെയിൽവെ കിണറിന്റെ പടിഞ്ഞാറുഭാഗത്താണ് ബ്രിട്ടീഷ് ബംഗ്ലാവ് ഉണ്ടായിരുന്നത്. കോളറ ബാധിച്ച പട്ടാളക്കാരുടെ പുനരധിവാസകേന്ദ്രമായിട്ടാണ് ഇത് ഉപയോഗിച്ചിരുന്നത്. മലബാർ കളക്ടറായിരുന്ന വില്യം ലോഗന്റെ ശുപാർശപ്രകാരം 1888-ൽ കോഴിക്കോട് റെയിൽവെസ്റ്റേഷൻ സ്ഥാപിതമായതോടെ ചാലിയം ഭാഗത്തേക്കുള്ള ട്രെയിൻ ഗതാഗതം ഉപേക്ഷിക്കപ്പെട്ടു. തുടർന്ന് ചാലിയം റെയിൽവെസ്റ്റേഷൻ ആദ്യം ഉപ്പ് ഗോഡൗണായി. പിന്നീടാണ് ഇത് കോളറ ബാധിച്ച പട്ടാളക്കാരുടെ പുനരധിവാസകേന്ദ്രമായിമാറിയത്. ഇപ്പോൾ ഈ പ്രദേശം കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ തടി ഡിപ്പോയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ചാലിയം റെയിൽവേ സ്റ്റേഷനിലെത്തിച്ചേരുന്ന കൽക്കരി വണ്ടികൾക്കാവശ്യമായ വെള്ളം നിറയ്ക്കാനും എഞ്ചിൻ തിരിക്കാനും ഉപയോഗിച്ച കിണർ (വല്ലിയാർ) ഇവിടെയുണ്ട്. അതോടുകൂടി വ്യാപാരബന്ധം നഷ്ടപ്പെട്ടു. ഒരു സുവർണ്ണകാലഘട്ടം ചരിത്രശേഷിപ്പുകളായി കിണറും ഫോറസ്റ്റ് ഡിപ്പോയും ഇന്നും നിലകൊള്ളുന്നു.

### 2.10.2 ചാലിയം യാറം

ചാലിയത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്ത് ചാലിയാർ സ്ഥിതിചെയ്യുന്നു. ഇതിന് നാനൂറ്റിനാൽപത് വർഷങ്ങളുടെ പഴക്കമുണ്ട്. നൂറുദ്ദീൻ ഷെയ്ഖിനാൽ പണികഴിപ്പിച്ച ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണം നിർവഹിച്ചത് താഴത്തകത്ത് പുതിയകത്ത് കമ്മത്തുകുട്ടി മരയ്ക്കാർ എന്ന ബാവഹാജിയാണ്. പള്ളിയുടെ നട ത്തിപ്പിനായി വലിയൊരു തെങ്ങിൻതോട്ടം ഉണ്ട്. ഇത് നൂറുദ്ദീൻ ഷെയ്ഖിന്റെ കബ റിടമാണ്. 1620-ൽ അദ്ദേഹത്തിന്റെ പൗത്രനായ കമാലുദ്ദീൻ ഷെയ്ഖ് ആണ് ഈ യാറം പണികഴിപ്പിച്ചത്.[2] മലബാറിലെ പ്രധാന മുസ്ലീം തീർത്ഥാടന കേന്ദ്രങ്ങളി ലൊന്നാണ് ഇത്. പഴയകാലത്ത് ആനയും അമ്പാരിയും വലിയ വരവുമൊക്കെ യായി ഉത്സവം നടത്തിയിരുന്നു. ഉത്സവത്തിന് വാണിജ്യം പ്രധാനമായിരുന്നു. തട്ടാ ന്മാരുടെ വീട്ടിൽനിന്നുള്ള വരവും ഉണ്ടായിരുന്നു. ഇവിടുത്തെ നേർച്ചയ്ക്ക് പണ്ട് ചന്ദനക്കുടം എന്നായിരുന്നു പറയപ്പെട്ടിരുന്നത്.

### 2.10.3 ബോൺമിൽ (എല്ല് പൊടിക്കുന്ന കമ്പനി)

1920-കളിലാണ് ഈ കമ്പനി പ്രവർത്തിച്ചിരുന്നത്. പ്രധാനമായും മൂരി, പോത്ത് എന്നിവയുടെ എല്ലുകളായിരുന്നു ഇവിടെ പൊടിച്ചിരുന്നത്. നല്ല അളവിൽ ഫോസ്ഫറസ് അടങ്ങിയതിനാൽ എല്ലുപൊടി എല്ലാതരം കൃഷികൾക്കും ഉപയോ ഗിച്ചിരുന്നു. അക്കാലത്ത് ഇന്ത്യയിൽ ഇതിന് കാര്യമായ വിപണി ഉണ്ടായിരുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിലേക്കാണ് പ്രധാനമായും ഇവിടുത്തെ ഉത്പന്നങ്ങൾ കയറ്റു മതി ചെയ്തിരുന്നത്. കൊച്ചിയിൽ കമ്പനിക്ക് യാർഡുക്കൾ ഉണ്ടായിരുന്നതിനാൽ ഉത്പന്നങ്ങൾ കടലുണ്ടിയിൽനിന്ന് പായക്കപ്പലിൽ കൊച്ചിയിലെ യാർഡുകളിലെ ത്തിച്ച് അവിടെനിന്നും കപ്പൽമാർഗ്ഗം വിദേശങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്തിരുന്നത്.[3] കമ്പനിക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കൊണ്ടുവരാൻ പ്രത്യേക റെയിൽ സംവിധാനംതന്നെ കടലുണ്ടിയിലെ കമ്പനിയിൽ ഉണ്ടായിരുന്നു. ജനറേറ്റർ ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന ഈ കമ്പനിക്ക് ചാർട്ടേർഡ് ബാങ്ക്,

---

2 മഹാന്മാരായ ആളുകൾ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തെയാണ് യാറം എന്നു പറയു ന്നത്. നുറുദ്ദീൻ ഷെയ്ഖിന്റെ മൃതശരീരം മറവുചെയ്യപ്പെട്ട സ്ഥലമാണ് ചാലിയം യാറം.

3 സാധനസാമഗ്രികൾ ശേഖരിച്ചുവെക്കുന്ന കേന്ദ്രങ്ങളെയാണ് യാഡുകൾ എന്നു വിളിക്കുന്ന ത്.

ഇംപീരിയൽ ബാങ്ക്, മലയാളി ബാങ്ക് എന്നീ മൂന്ന് ബാങ്കുകളിൽ നിക്ഷേപം ഉണ്ടായിരുന്നു.

### 2.10.4 പുഴക്കരപ്പള്ളി

കേരളത്തിലെ ഇസ്ലാംമതപ്രബോധകനായ മാലിക്ദിനാറിന്റെ ശിഷ്യൻ മാലിക്ബിൻ ഹബീബ് കേരളത്തിൽ നിർമ്മിച്ച പത്ത് പള്ളികളിൽ ഒന്നാണ് ചാലിയത്തെ പുഴക്കരപ്പള്ളി. ചാലിയം കോട്ടയുടെ നിർമ്മിതിയ്ക്കായി പറങ്കികൾ തകർത്ത ഈ പള്ളി പുനർനിർമ്മിച്ചത് കോഴിക്കോട് സാമൂതിരി മഹാരാജാവിന്റെ സഹായത്തോടുകൂടിയായിരുന്നു. ഈ പുരാതന മുസ്ലീം ആരാധനാലയത്തിനു മുന്നിലായി നമസ്ക്കാരസമയം മനസ്സിലാക്കുവാൻ ഉപയോഗിച്ചിരുന്ന ഒരു സമയസൂചികയും ഗതകാലസ്മരണയായി നിലനിൽക്കുന്നുണ്ട്.

### 2.10.5 പെരിങ്ങോട്ട് കുന്നിലെ ബുദ്ധവിഹാർ

ബുദ്ധമതപ്രചരണാർത്ഥം മലബാറിലെത്തിയ ഒരു സംഘം ബുദ്ധസന്യാസിമാർ കോഴിക്കോട് പ്രശസ്തമായ ഒരു ബുദ്ധവിഹാരം സ്ഥാപിച്ച് അതിന്റെ ഒരു ശാഖ എന്നനിലയ്ക്ക് കടലുണ്ടിയിൽ സ്ഥാപിക്കുകയും പ്രബോധനകർമ്മങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇസ്ലാം-ഹൈന്ദവമതങ്ങളുടെ ശക്തമായ പ്രാതിനിധ്യവും അന്നത്തെ രാഷ്ട്രീയസാമൂഹികസാഹചര്യങ്ങളും ബുദ്ധമതം ഈ പ്രദേശത്ത് വേരൂന്നി എടുക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചു. ഇതേത്തുടർന്ന് ഇവിടെ താമസിച്ചിരുന്ന ബുദ്ധകുടുംബങ്ങൾ പെരിങ്ങോട്ടുകുന്നിനെ ഉപേക്ഷിക്കുകയായിരുന്നു. ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്ന മാർബിളിൽത്തീർത്ത കൂറ്റൻ ബുദ്ധപ്രതിമയും മറ്റു രേഖകളും കോഴിക്കോട് ബുദ്ധവിഹാറിലേക്ക് മാറ്റി സ്ഥാപിച്ചെങ്കിലും തങ്ങളുടെ സാന്നിധ്യം ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നു എന്നതിന് തെളിവായി അന്നത്തെ ബുദ്ധവിഹാറിന്റെ അവശിഷ്ടങ്ങൾ ഇവിടെ കാണാവുന്നതാണ്.

### 2.10.6 ഖാസി ഭവൻ (ഖാസിയാരകം)

കോഴിക്കോട്ടെ മുസ്ലിങ്ങളുടെ ആസ്ഥാനമായിരുന്നു ചാലിയം. നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കോഴിക്കോട്ടെ നിരവധി ഖാസിമാർ താമസിച്ചിരുന്ന ഭവനമായിരുന്നു ഖാസി ഭവൻ. സൈനുദ്ദീൻ മുസ്ല്യാർ ആയിരുന്നു അവസാനമായി ഇവിടെ താമസിച്ച ഖാസി. റമസാൻ ശവ്വാൽ മാസപ്പിറവികണ്ടാൽ ഇവിടെനിന്നായിരുന്നു

ഖാസിമാർ അത് ഉറപ്പിച്ചിരുന്നത്. ഇതനുസരിച്ചായിരുന്നു വ്രതവും പെരുന്നാളും ആഘോഷിച്ചിരുന്നത്. ഇരുപത് വർഷക്കാലത്തിലധികമായി ഖാസി ഭവൻ കാടു മൂടി കിടക്കുകയാണ്.

**2.10.7 ചാലിയം മുല്ലമേൽ കോട്ട**

പോർച്ചുഗീസുകാർക്ക് കച്ചവടാവശ്യാർത്ഥം 1531-ൽ ചാലിയത്ത് സ്ഥലം കൊടുക്കുകയും അവിടെ അവർ കോട്ട പണിയുകയും ചെയ്തു. ഈ കോട്ടയുടെ പേര് 'സാൻതാമറിയാദോ കാസ്റ്റേലോ' എന്നായിരുന്നു (കെ.കെ.എൻ.കുറുപ്പ്) ചാലിയത്തെ ജുമാഅത്ത് പള്ളി (പുഴക്കരപ്പള്ളി) തകർത്തുകൊണ്ടാണ് മുല്ല മേൽകോട്ട പണിതുയർത്തിയത്. മുസ്ലിങ്ങളെയും മുസ്ലീം ആരാധനാലയങ്ങളെയും നിഷ്ഠൂരമായി ആക്രമിക്കാൻ താവളമാക്കുകയായിരുന്നു ഈ കോട്ട. ചാലിയം പുഴ ക്കരപ്പള്ളിയുടെ കല്ലുകൾ ഉപയോഗിച്ചാണ് 'മുല്ലമേൽ കോട്ട' പണിതതെന്ന് 'തുഹ്ഫത്തുൽ മുജാഹിദ്ദീൻ' എന്ന ചരിത്രഗ്രന്ഥത്തിൽ പറയുന്നു (മ.മ.ദി.പ., 16.02.2021).

കോട്ട സ്ഥാപിച്ചതിനുശേഷം തുടർന്നുള്ള നാളുകളിൽ പോർച്ചുഗീസുകാ രുടെ ക്രൂരതകൾ അസഹനീയമായി. പോർച്ചുഗീസുകാർ ചാലിയം ബേപ്പൂർ മേഖ ലകളിലെ കുട്ടികളെ ആട്ടുകല്ലും അമ്മിക്കല്ലുംകൊണ്ട് ചതച്ചുകൊല്ലാൻ ക്യാപ്റ്റൻ 'അസ്വാഡോ' അമ്മമാരെ നിർബന്ധിക്കുകയും കുട്ടികളുടെ തലയറുക്കുകയും കുന്തമുനയിൽ കുത്തിയെടുക്കുകയും അവരുടെ ദയനീയകരച്ചിലിൽ പോർച്ചുഗ ലിലെ ഒരു പക്ഷിയുടെ കരച്ചിലായി ആസ്വദിക്കുകയും ചെയ്തുവന്നു. ശ്രീലങ്ക യിലെ 'മൽവാന' പാലത്തിൽനിന്നും ആളുകളെ വെള്ളത്തിലേക്കുതള്ളിയിട്ട് മുതല കൾ കടിച്ചുതിന്നുന്നത് അവർ കണ്ടാസ്വദിക്കുകയും ചെയ്യുമായിരുന്നു. സാമൂതിരി പ്പാടിന്റെ രാജ്യത്തിനുവേണ്ടി ഉയർന്ന ഏറ്റവും വലിയ കൊളോണിയൻ ഭീഷണി യായിരുന്നു ചാലിയം കോട്ട. സാമൂതിരിയുടെ ചങ്കിനുനേരെ ചൂണ്ടിയ കൈത്തോക്ക് എന്നാണ് സർദാർ കെ.എം.പണിക്കർ ചാലിയം കോട്ടയെ വിശേഷി പ്പിച്ചത് (ഖാദി മുഹമ്മദ്, 2013:64). അത്രയ്ക്ക് തന്ത്രപ്രാധാന്യം ചാലിയംകോ ട്ടയ്ക്കുണ്ടായിരുന്നു. പോർച്ചുഗീസ് അതിക്രമങ്ങളെ ഇല്ലായ്മചെയ്യാനും കോട്ട പിടിച്ചടക്കുവാനും സാമൂതിരിയ്ക്ക് കഠിനമായി പ്രവർത്തിക്കേണ്ടിവന്നു. കോട്ട പിടിച്ചടക്കാനുള്ള യുദ്ധത്തിൽ സൈനികർ പരാജയപ്പെട്ടപ്പോൾ സാമൂതിരിപ്പാട്

നേരിട്ട് എഴുന്നള്ളുകയും കോട്ട പിടിച്ചടക്കാതെ താനിനി ഭക്ഷണം കഴിക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുകയുമുണ്ടായി. ഉടനെ മന്ത്രിമാരോട് തന്റെ മുന്നിൽ ഹാജ രാവാൻ കല്പിക്കുകയും ഈ ഭക്ഷ്യപദാർത്ഥങ്ങൾ കോട്ടയ്ക്കുമുന്നിൽ അവശേ ഷിക്കുന്നിടത്തോളം കാലം താൻ ആഹാരം കഴിക്കുകയില്ലെന്ന് അദ്ദേഹം ശപഥം ചെയ്യുകയും ചെയ്തു. ഒരുപക്ഷേ രാഷ്ട്രീയലക്ഷ്യത്തിനുവേണ്ടി നിരാഹാരസമരം ആരംഭിച്ച ആദ്യരാജാവ് സാമൂതിരിപ്പാടായിരിക്കും. ഈ സങ്കീർണ്ണമായ പ്രതിസ ന്ധിഘട്ടത്തിലാണ് സാമൂതിരിപ്പാടിനെ നിരാഹാരവ്രതത്തിൽനിന്ന് മോചിപ്പി ക്കാനും കോട്ട കീഴടക്കാനുംവേണ്ടി ഖുത്തുബ(പ്രസംഗം)യിലൂടെ ഖാദിമുഹമ്മദ് ഏറ്റവും വിലപ്പെട്ട ആഹ്വാനം നടത്തിയത്.

രാജ്യതാൽത്പര്യം മുൻനിർത്തി അമുസ്ലീമായ രാജാവിനെ അധികാരത്തിലി രുത്തുന്നതിനുവേണ്ടി മുസ്ലിങ്ങൾ ഒന്നടങ്കം ആത്മത്യാഗം ചെയ്യണമെന്ന് ആഹ്വാന മുണ്ടായി. രാഷ്ട്രതന്ത്രജ്ഞതയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ പ്രത്യുല്പന്നമ തിത്വം ഇവിടെ വെളിവാകുന്നുണ്ട്. നിർണ്ണായകവും സങ്കീർണവുമായ ഘട്ടത്തിൽ മാത്രമേ ഒരു ഖാദി ശഹാദത്തിനുവേണ്ടി തന്റെ അനുയായികളെ പ്രേരിപ്പിക്കുമായി രുന്നില്ല. ചാലിയംകോട്ട പിടിച്ചെടുക്കാൻ നിർണ്ണായകഘട്ടമായി അദ്ദേഹം വിലയി രുത്തി (ഖാദിമുഹമ്മദ്, 2013:18). തുടർന്ന് മുസ്ലീംസൈന്യം ഖുർ-ആൻ തൊട്ട് സത്യം ചെയ്യുകയും ചെയ്തു.

ശത്രുവിനെതിരെ പോരാടി ആദ്യം ഞങ്ങൾ മരിക്കും എന്നാണ് നായർ പട യാളികൾ പറഞ്ഞത്. നിങ്ങൾ അംഗസംഖ്യയിൽ കുറവാണെന്നും, ഈ ഘോരയു ദ്ധം നടത്താൻ നിങ്ങളെ ഞങ്ങൾ ഒറ്റയ്ക്ക് വിടില്ല എന്നും നമുക്ക് ഒറ്റക്കെട്ടായി കോട്ടയിലേക്ക് മുന്നേറാമെന്നും പറഞ്ഞപ്പോൾ എല്ലാവരും ഈ തീരുമാനം അംഗീ കരിച്ചു. മുസ്ലീം പോരാളികളും നായർ പോരാളികളും കോട്ട ആക്രമിക്കാൻ ഒരു ങ്ങുന്ന വിവരം സാമൂതിരി അറിയുകയും അസ്വസ്ഥനാകുകയും ചെയ്തു. ഒരു പ്രാവശ്യം ആയിരം പേർ രക്തസാക്ഷികളായാലും സാരമില്ല എന്ന പോരാളിക ളുടെ പ്രതിജ്ഞയാണ് സാമൂതിരിയെ കൂടുതൽ വേദനിപ്പിച്ചത്. ഈ വിധത്തിലുള്ള കോട്ടയാക്രമണം ആയിരം ആപത്ത് സൃഷ്ടിക്കുമോ എന്നദ്ദേഹം ഭയന്നു. തന്റെ സൈന്യത്തിലെ ഒരു ഭടന്റെ മരണം നെഞ്ചിലേറ്റ അമ്പിനേക്കാൾ വേദനാജനകവും ഒരു മുസ്ലീംഭടന്റെ മരണം സാമൂതിരിക്ക് മറ്റു പത്ത് മരണങ്ങളേക്കാൾ ക്ലേശവു മായിരുന്നു. തുടർന്ന് സാമൂതിരി സ്ഥലത്തെത്തുകയും അഡ്മിറലായിരുന്ന

കുഞ്ഞാലിമരയ്ക്കാരുടെ നേതൃത്വത്തിലുള്ള നാവികസേന കോട്ട വളയുകയും കിടങ്ങുകൾ നിർമ്മിച്ച് പ്രതിരോധംതീർക്കുകയും ചെയ്തു. ഭക്ഷ്യവിതരണശൃംഖല തടസ്സപ്പെട്ടതോടുകൂടി പട്ടിണിയിലായ പോർച്ചുഗീസ് സേന കീഴടങ്ങുകയും 1571 നവംബറിൽ സാമൂതിരിയുടെ സേന കോട്ട പൊളിക്കുകയും ചെയ്തു. കോട്ട പൊളിച്ചതിന്റെ അവശിഷ്ടങ്ങളായ കല്ല് പുഴയ്ക്കരപ്പള്ളിയ്ക്കും മര ഉരുപ്പടികൾ കുറ്റിച്ചിറ മിസ്കാൽപള്ളിയ്ക്കും പുനർനിർമ്മിയ്ക്കാൻ നല്കുകയാണ് സാമൂതിരി ചെയ്തത്. പുഴക്കരപ്പള്ളിയിൽ ഇന്നും അവശേഷിപ്പായി സമയസൂചിക കാണുന്നു. ഏഷ്യയിൽ പോർച്ചുഗീസ് പതനത്തിന് നാന്ദികുറിച്ചത് ചാലിയം യുദ്ധമാണെന്നത് ചരിത്രം പറയുന്നു (കെ.കെ.എൻ. കുറുപ്പ്) (ഖാദി മുഹമ്മദ്, 2013:5). ചാലിയത്ത് ദിശാസൂചകമായി ബ്രിട്ടീഷുകാർ സ്ഥാപിച്ച ലൈറ്റ്ഹൗസും സ്ഥിതിചെയ്യുന്നു.

### 2.10.8 സസ്യസർവ്വസ്വം ഹോർത്തൂസ് മലബാറിക്കൂസ്

മലബാറിലെ ഔഷധസസ്യങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് വനംവകുപ്പ് ചാലിയത്തൊരുക്കിയ 'ഹോർത്തൂസ് മലബാറിക്കൂസ്' സസ്യസർവസ്വത്തിലെ ഉദ്യാനത്തിൽ അന്യംനിന്നുപോകുന്ന അനേകം ഔഷധച്ചെടികൾ നട്ടുവളർത്തി പരിപാലിച്ചുപോന്നിരുന്നു. ഔഷധസസ്യങ്ങളെക്കുറിച്ച് പഠിക്കാൻ ഇന്റർപ്രട്ടേഷൻ സെന്റർ, മത്സ്യക്കുളം, പാമ്പ് സംരക്ഷണകേന്ദ്രം, നഴ്സറി എന്നിവയും സജ്ജമാക്കിയിരുന്നു. ഡച്ചു ഗവർണറായിരുന്ന ഹെന്റിക് ആൻട്രിയാൻ വാന്റീഡ് മലബാറിലെ ഔഷധസസ്യങ്ങളെക്കുറിച്ച് രചിച്ച 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ഔഷധച്ചെടികളാണ് ഉദ്യാനത്തിൽ ഉണ്ടായിരുന്നത്. ഗ്രന്ഥത്തിലെ എഴുനൂറ്റി നാൽപത്തിരണ്ട് ഇനം സസ്യജാലങ്ങളിൽ അറുനൂറോളം ഇനങ്ങൾ ഇവിടെ നട്ടുവളർത്തിയിരിക്കുന്നു. ശക്തമായ ഉപ്പുകാറ്റുണ്ടാകുന്ന ചാലിയത്ത് സസ്യങ്ങൾ വളർത്തിയെടുക്കുക ശ്രമകരമാണെങ്കിലും തത്പരരായ വനംവകുപ്പ് ജീവനക്കാർ സൂക്ഷ്മതയോടെ അവയ്ക്ക് വളരുവാൻ വേണ്ടിയുള്ള ആവാസവ്യവസ്ഥ ഒരുക്കിയാണ് പരിപാലിച്ചുപോന്നിരുന്നത്. അനുയോജ്യമായ മണ്ണ്, സൂര്യപ്രകാശ ലഭ്യത, സ്വാഭാവികാന്തരീക്ഷം എന്നിവ ഒരുക്കിയിട്ടുണ്ടെങ്കിലും നനയ്ക്കുന്നതിനുള്ള വെള്ളത്തിന്റെ ക്ഷാമവും വേണ്ടത്ര വളപ്രയോഗം നടത്താനാവാതെ വരുന്നതും നിലവിലെ ജോലിക്കാരുടെ അഭാവവും സസ്യസർവസ്വം നശിച്ചുകൊണ്ടിരിക്കുന്നു (മാ.ഭൂ.ദി.പ.;04.06.2021).

### 2.10.9 ആദ്യത്തെ റെയിൽവെസ്റ്റേഷൻ

1861 മാർച്ച് 12-ന് ബ്രിട്ടീഷ് ഭരണത്തിന്റെ സംഭാവനകളിൽ ഏറ്റവും വലിയ ഒന്നായിരുന്നു റെയിൽവെ. ഇത് ചാലിയത്തായിരുന്നു സ്ഥിതിചെയ്തിരുന്നത്. ഇന്നത്തെ കേരളത്തിന്റെ ഭാഗമായ ബ്രിട്ടീഷുകാർ മലബാറിൽ ആദ്യമായി എത്തിയത് അന്നായിരുന്നു. ഏറ്റവും വലിയ തുറമുഖമായ ബേപ്പൂരിൽനിന്ന് പിൽക്കാലത്ത് തിരൂരിലേയ്ക്കായിരുന്നു ആ ചരിത്ര ഓട്ടം. അതും പാതകളിൽ ഒന്നാം സ്ഥാനത്തുള്ള ബ്രോഡ്ഗേജിൽ തന്നെയായിരുന്നു. വിദേശ മനഃശാസ്ത്രം വളരെ ലളിതമായിരുന്നു. കേരളത്തിന്റെ ഏറ്റവും വലിയ പട്ടണമായിരുന്ന കോഴിക്കോടിനെ മദ്രാസുമായി ബന്ധിപ്പിച്ചാൽ കേരളത്തിൽനിന്നുള്ള കയറ്റിറക്കുമതികൾക്കു ഏറെ സൗകര്യമാണെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി.

ബ്രിട്ടീഷുകാർ കൊണ്ടുവന്ന തീവണ്ടിയുടെ യന്ത്രസാമഗ്രികൾ പത്തേമാരികളിലേക്ക് മാറ്റി ചാലിയത്തുവെച്ച് ബന്ധിപ്പിക്കുകയും ഏറ്റവും പ്രിയപ്പെട്ട പൊതുവാഹനമായി തീവണ്ടി മാറുകയുംചെയ്തു. ചാലിയം മുതൽ കടലുണ്ടിവഴി തിരൂർ വരെയുള്ള 30.5 കി.മീ ദൂരത്തിൽ കേരളത്തിന്റെ ആദ്യതീവണ്ടി ഓടിത്തുടങ്ങി. തിരൂർ-ചാലിയം റൂട്ടിൽ സർവീസ് നടത്തിയിരുന്ന ആ ഒന്നാം നമ്പർ വണ്ടി പിന്നീട് മദ്രാസിലേക്കും വടക്കോട്ട് മംഗലാപുരത്തേക്കും നീട്ടിയതാണ് ഇപ്പോൾ കാണുന്ന ചെന്നൈ-മംഗലാപുരം വൺമെയിൽ. ഇന്ന് അഞ്ചക്കത്തിലേക്ക് മാറിയെങ്കിലും 'വൺ' എന്നു മാത്രമായിരുന്നു അന്ന് വണ്ടിയുടെ നമ്പർ. തിരിച്ചുള്ള വണ്ടിയുടേത് നമ്പർ 'രണ്ട്' എന്നുമാണ്. ഇപ്പോഴും അവസാനത്തെ അക്കമായി അന്നത്തെ ഒന്നും രണ്ടും അതേപടി നിലനിർത്താൻ റെയിൽവെ ശ്രമിക്കുന്നുണ്ട്. വർഷങ്ങൾക്കുശേഷം ഇതേ ട്രെയിനാണ് കടലുണ്ടിയിൽ അപകടത്തിൽപ്പെട്ടത്. ഈ ട്രെയിൻ ആദ്യമായി ഓടിയ ചാലിയം-തിരൂർ റൂട്ടിനിടയിലാണ് ആ ദുരന്തമെന്നത് മറ്റൊരു വിധി.

#### 2.10.9.1 തീവണ്ടി അപകടം

2001 ജൂൺ 22-ന് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ട്രെയിൻ ദുരന്തമായി കടലുണ്ടി മാറി. മാതൃകാപരമായ ഇടപെടലുകൾകൊണ്ട് മരണം അൻപത്തിരണ്ടിൽ ഒതുങ്ങി എന്നത് വലിയ നേട്ടം തന്നെയായിരുന്നു. ചകിരിത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും നാട്ടുകാരും ഒന്നടങ്കം പ്രവർത്തിച്ചു. വൈകു

ന്നേരം അഞ്ചരമണിയ്ക്കാണ് ചെന്നൈ മെയിലിന്റെ നടുഭാഗം കടലുണ്ടി ചെറിയ പാലം കഴിഞ്ഞ് വലിയ പാലത്തിലേക്ക് കടക്കുമ്പോൾ വെള്ളത്തിലേക്ക് വീഴുന്നത്. പിഷാരിക്കാവും മസ്ജിദുൽ ഹുദ-ഫിറോസ് നഗർ പള്ളിയും സേവനരംഗത്ത് പ്രവർത്തിച്ച ആരാധനാലയങ്ങളായിരുന്നു. അമ്പലങ്ങളിലേക്കും പള്ളികളിലേക്കും അന്യമതസ്തർക്ക് പ്രവേശനമില്ല എന്നിടത്ത് മതമൈത്രിയെ ഓർമ്മപ്പെടുത്തുന്നതായിരുന്നു ഇത്. അപകടം നടന്നപ്പോൾ പള്ളിയിൽനിന്നായിരുന്നു പുറംലോകം അറിഞ്ഞതെന്നത് ഇന്നും ഓർത്തുവയ്ക്കാവുന്നതാണ്. കിടക്കാനും ഇരിക്കാനും അമ്പലവും പള്ളിയും ഒരുപോലെ ഒരുങ്ങിയിരുന്നു. രണ്ടുമാസക്കാലം ഗതാഗതം നിലച്ച ഈ ദുരന്തം മലബാർ ട്രെയിൻദുരന്തമായി മാറി. ഈ ദുരന്തത്തിന്റെ അനുസ്മരണം ഇന്നും നടന്നുകൊണ്ടിരിക്കുന്നു.  പാലം പുനർനിർമ്മിച്ചത് ആന്ധ്രയിലെ വിജയ് നിർമ്മാൺ കമ്പനിയായിരുന്നു. പിഷാരിക്കാവിനും പള്ളിക്കും അവർ ഒരു തുക അനുവദിച്ചു നൽകി.

ചാലിയം-തിരൂർ റൂട്ടിലോടിയ ആദ്യ തീവണ്ടിയ്ക്ക് നാട്ടുകാരിൽനിന്ന് നല്ല സ്വീകരണമൊന്നും ലഭിച്ചിരുന്നില്ല. യാഥാസ്ഥിതികരും ദരിദ്രരുമായ മുസ്ലീങ്ങളും, ദലിത് ജനവിഭാഗങ്ങളും ജിന്നിന്റെ വരവായിട്ടാണ് വണ്ടിയുടെ ശബ്ദത്തെ കണ്ടത്. പിന്നീട് കൗതുകമായി മാറുകയും ചെയ്തു. ശേഷം യാഥാർത്ഥ്യബോധത്തിലേക്കു വന്നു. പിന്നീട് ബ്രിട്ടീഷ് സർക്കാറിന്റെ നീക്കങ്ങൾ വളരെ വേഗത്തിലായിരുന്നു. തിരൂരിൽനിന്ന് കുറ്റിപ്പുറത്തേയ്ക്ക് മെയ് ഒന്നിനും, കുറ്റിപ്പുറത്തുനിന്ന് പട്ടാമ്പിവരെ സെപ്തംബർ ഇരുപത്തിയെട്ടിനും വണ്ടി ഓടിത്തുടങ്ങി. 1862-ൽ ഏപ്രിൽ പതിനാലിന് പട്ടാമ്പി പോത്തനൂർ പാത തുറന്ന്. ഒരു മാസത്തിനകം മെയ് പന്ത്രണ്ടിന് മദിരാശിയിൽനിന്നും ചാലിയത്തേക്ക് വൺമെയിൽ ഓടിത്തുടങ്ങി. കോഴിക്കോട്ടെ കയറ്റുമതികളിലേറെയും ബേപ്പൂരിൽനിന്നായതുകൊണ്ടാവാം പാത ചാലിയത്തുനിന്ന് വടക്കോട്ടു നീങ്ങാൻ പിന്നീട് ഇരുപത്തിയാറ് വർഷം എടുത്തത്. പാളവും വണ്ടിയുമില്ലെങ്കിലും ഫറോക്കിലും കല്ലായിലും സ്റ്റേഷനുകൾ ആദ്യമേ സ്ഥാപിച്ചിരുന്നു. 1888 ജനുവരി 2-ന് കോഴിക്കോടുവരെ പാത പൂർത്തിയാക്കി. ഇപ്പോൾ ഫറോക്ക്പുഴയ്ക്ക് കുറുകെ കാണുന്ന പാലവും കോഴിക്കോട് സ്റ്റേഷനിലെ 3-ാം നമ്പർ പ്ലാറ്റ്ഫോമും 19-ാം നൂറ്റാണ്ടിന്റെ ശേഷിപ്പുകളാണ്. കോഴിക്കോട് പ്രവർത്തനക്ഷമമായതോടെ ചാലിയം വിസ്മൃതിയിലായി. കേരളത്തിലെ ടെർമിനലിലേയ്ക്ക് കടലുണ്ടിയിൽനിന്ന് ഉണ്ടായിരുന്ന പാത അതോടെ ഉപേക്ഷിക്കപ്പെട്ടു.

ആവിവണ്ടിയിൽനിന്ന് കരിവണ്ടിയിലൂടെ ഡീസൽ എഞ്ചിനിലെത്തി ഒടുവിൽ വൈദ്യുതി എഞ്ചിനിൽ ബന്ധിച്ച് 160 വർഷത്തിനു ശേഷവും വണ്ടി ഓടിക്കൊണ്ടി രിക്കുന്നു (മ.മ.ദി.പ., 06.03.2011).

#### 2.10.10 വണ്ടിക്കിണർ

സ്മാരകത്തിന്റെ അവശേഷിപ്പുമായി തീവണ്ടിയിൽ വെള്ളം നിറ യ്ക്കുന്നതിനും എഞ്ചിൻ തിരിക്കുന്നതിനുള്ള സ്ഥാനമായും ഒരു കിണർ (വണ്ടിക്കി ണർ) ചാലിയത്ത് ഇന്നും അവശേഷിക്കുന്നു. ജങ്കാർ സർവീസും ഉരുനിർമ്മാണശാ ലയും ചാലിയത്ത് പ്രവർത്തിക്കുന്നു.

#### 2.10.11 ലൈറ്റ്ഹൗസ്

കടലിലൂടെ സഞ്ചരിക്കുന്ന ബോട്ടുകൾക്കും കപ്പലുകൾക്കും ശരിയായ ദിശാസൂചകമായി 1977-ൽ സ്ഥാപിതമായതാണ് ചാലിയം ലൈറ്റ്ഹൗസ്.

#### 2.10.12 ഫോറസ്റ്റ് ഡിപ്പോ

ബ്രിട്ടീഷ് ഭരണകാലത്തിന്റെ ചരിത്രശേഷിപ്പുകളിലൊന്നായി ഫോറസ്റ്റ് ഡിപ്പോ ഇന്നും നിലകൊള്ളുന്നു.

#### 2.10.13 മണ്ണൂർ ഗുഹ

കാരകളിപ്പറമ്പിൽ മണ്ണൂർ ശിവക്ഷേത്രത്തിനു സമീപം ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് നിർമ്മിക്കപ്പെട്ട ഗുഹ മണ്ണൂർ ഗുഹ എന്ന പേരിൽ അറിയപ്പെ ടുന്നു. തികച്ചും പ്രസിദ്ധമായ രീതിയിൽ ഭൂമി തുരന്ന് നിർമ്മിച്ച ഗുഹയുടെ അറ്റം കോട്ടക്കടവിൽ കടലുണ്ടിപ്പുഴയുടെ തീരത്താണ് ചെന്നെത്തുന്നത്. 'ജിന്നറ' എന്നാണ് പഴമക്കാർ ഇതിനെ വിളിച്ചിരുന്നത്.

#### 2.10.14 ശാലിയാത്തി ലൈബ്രറി

ഹൈദരാബാദ് സുൽത്താന്റെ ആസ്ഥാന മജിസ്ട്രേറ്റും മുഫ്ത്തിയുമായി രുന്ന ഷിഹാബുദ്ദീൻ അഹമ്മദ്കോയ ശാലിയാത്തി ചാലിയത്ത് പൂതാറംമ്പത്ത് നിർമ്മിച്ചതാണ് ശാലിയാത്തി ലൈബ്രറി. പത്ത് അലമാരകളിലായി പ്രകാശിതരച

നകളേക്കാൾ അപ്രകാശിത രചനകളാണ് (എഴുത്തുരചനകൾ) ഇവിടെയുണ്ടായിരുന്നത്. 1946-ലാണ് പ്രശസ്ത ഗ്രന്ഥാലയം സ്ഥാപിതമായത്.

11-ാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച അറേബ്യൻ സഞ്ചാരി അൽബറൂണിയുടെ കിതാബുൽഹിന്ദ്, ക്രിസ്തുമതപ്രചാരകനായ സെന്റ് തോമസ് എഴുതിയ ഗ്രന്ഥം, ചന്ദ്രഗുപ്തവിക്രമാദിത്യന്റെ ഭരണകാലത്ത് ഇന്ത്യ സന്ദർശിച്ച ചൈനീസ് ബുദ്ധമത പണ്ഡിതനായിരുന്ന 'ഹുയാങ്സാങിന്റെ'കൃതികൾ, ഹിബ്രുഭാഷയിൽ രചിക്കപ്പെട്ട തൗറാത്തിന്റെയും ബൈബിളിന്റെയും പ്രതികൾ, ഉപനിഷത്തുക്കൾ, മഹാഭാരതം, രാമായണം, ഗോളശാസ്ത്രഗ്രന്ഥങ്ങൾ, ജ്യോതിശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയ അമൂല്യഗ്രന്ഥങ്ങളുടെ ശേഖരവും. വായനശാലയുടെ സ്ഥാപകൻ തന്നെ സ്വയം തയ്യാറാക്കിയ ഗോളശാസ്ത്രഉപകരണങ്ങളും ഇവിടെയുണ്ട്. വൈദേശികപണ്ഡിതന്മാരും കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിദ്യാർത്ഥികളിൽ പലരും പഠനഗവേഷണം നടത്താൻ ഈ ലൈബ്രറി ഉപയോഗിക്കുന്നു. പള്ളിയുടെ അരികിലായി ശാലിയാത്തിയുടെ കബറിടവും സ്ഥിതിചെയ്യുന്നു. 1921-ലെ മലബാർ സമരനായകനായിരുന്ന ആലി മുസ്ല്യാരുടെ ശിഷ്യനായിരുന്നു ഇദ്ദേഹം. കടലുണ്ടി ദേശത്തെ സാംസ്കാരികജീവിതത്തെ സ്വാധീനിക്കുന്ന നിരവധി ഉത്സവങ്ങൾ ഇവിടെ കൊണ്ടാടുന്നുണ്ട്.

### 2.11 ഉത്സവങ്ങൾ

നമ്മൾ ജീവിക്കുന്ന സാമൂഹികവും പാരിസ്ഥിതികവും സാംസ്കാരികവുമായ ജീവിതയാഥാർത്ഥ്യത്തെക്കുറിച്ചറിയുവാൻ ഉത്സവാഘോഷങ്ങളും പള്ളിപ്പെരുന്നാളുകളും വളരെയധികം പ്രയോജനപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കാം. വിവിധതര ആഘോഷങ്ങളുടെ പിന്നിൽ പൗരാണികവും മതത്തിലധിഷ്ഠിതവുമായ വിശ്വാസ സങ്കല്പങ്ങളും. ഇതിന്റെയെല്ലാം ആഗമനത്തെ സംബന്ധിച്ച സങ്കല്പങ്ങളും ഐതിഹ്യകഥകളും പൊതുജനങ്ങളുടെ ചിന്തകളിൽ വേരുറച്ചതായി കാണാം. പ്രാക്തനമനുഷ്യന്റെ വിശ്വാസപ്രമാണങ്ങളെയും സങ്കല്പങ്ങളെയും മാത്രമല്ല ദൈനംദിന ജീവിതപ്രശ്നങ്ങളുടെ പൂർണ്ണതയെത്തന്നെ മനസ്സിലാക്കുവാൻ ഉത്സവാഘോഷപഠനങ്ങൾ പ്രയോജനകരമാകും. ജനതയുടെ സുഖസന്തോഷാദികാര്യങ്ങളെയും ഭക്തിയിലധിഷ്ഠിതമായ വിശ്വാസങ്ങളെയും അവ പഠിപ്പിക്കുന്നു. ദേശകാലഭേദങ്ങൾക്കനുസൃതമായി എല്ലായിടത്തും ആഘോഷങ്ങളും ഉത്സവങ്ങളും

നടക്കുന്നതായി കാണാം. മതാധിഷ്ഠിത ആരാധനകൾ നടക്കുന്ന ഇടങ്ങളുമായി ചേർന്നാണ് ഉത്സവങ്ങൾ ഭൂരിഭാഗവും നടക്കുന്നത്. കാർഷികജീവിതവുമായി ബന്ധപ്പെട്ട ഉത്സവങ്ങളും വിരളമല്ല. മനുഷ്യർക്ക് സന്തോഷിക്കുവാനും മനസ്സിനെ വിശാലമായി പ്രതിഫലിപ്പിക്കാനുമുള്ള ഇടങ്ങൾ എല്ലാ ഋതുഭേദങ്ങളിലുമുണ്ട്. എല്ലാ ആഘോഷങ്ങളും മനുഷ്യന്റെ സാംസ്കാരികത്തെളിമയെ കൂടുതലായി പ്രശോഭിപ്പിക്കുന്നു.

അനുവർത്തിക്കുന്ന ആചാരങ്ങളിൽ മിക്കവയും ആഘോഷരൂപേണ കൊണ്ടാടുന്നവയാണ്. സംവത്സരങ്ങളുടെ വിവിധഘട്ടങ്ങളെ ചേർക്കുകയോ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കുകയോ ആണ് ഋതോത്സവങ്ങൾ ചെയ്യുന്നത് (സോമൻ, 2003: 83). കേരളത്തിൽ ഋതുകാലങ്ങൾ പ്രകടമായി വരുന്നില്ല, എങ്കിലും, എല്ലാ ഉത്സവാഘോഷ പരിപാടികളിലും മനുഷ്യരെ പരസ്പരം ഒന്നിപ്പിക്കുന്നതോടൊപ്പം സവിശേഷമായ സാമൂഹിക പ്രത്യേകതകൾക്ക് കൃത്യമായ സ്വത്വം ചാർത്തിക്കൊടുക്കുക കൂടി ചെയ്യുന്നതായി കാണാം.

നിർവഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്ന് എല്ലാ വിഭാഗങ്ങൾക്കും വെവ്വേറെ പറഞ്ഞുവെച്ചിട്ടുണ്ട്. വടക്കൻ കേരളത്തിൽ അവിടുത്തെ സാമൂഹികവ്യവസ്ഥയുടെ കടിഞ്ഞാണായി 'കഴകങ്ങൾ' നിലനിന്നിരുന്നു. എല്ലാ മതസ്ഥരെയും ജാതിക്കാരെയും ഒന്നിപ്പിച്ച് നിർത്തുവാനുള്ള ശ്രമങ്ങൾ ഇന്നും തുടർന്നു കൊണ്ടുപോരുന്നു. അത് ഏതെങ്കിലും പ്രത്യേക വിഭാഗങ്ങളുടെ കാവുകളെ കേന്ദ്രീകരിച്ചുള്ള ഉത്സവാഘോഷങ്ങളാണെങ്കിൽ പോലും എല്ലാ മതവിഭാഗത്തിനും പ്രാധാന്യം കൽപ്പിക്കുന്നുണ്ട്.

പുരാതനമനുഷ്യന്റെ ഒത്തുചേരലിനെ സമർത്ഥമായി മുന്നോട്ടു കൊണ്ടുപോകുന്നത് അവരുടെ കൂട്ടായ ഭക്ഷണക്രമമായിരുന്നു. ഇത് ഉത്സവങ്ങൾ നടക്കുന്ന ക്ഷേത്രങ്ങളിലേയും കാവുകളിലേയും സമൂഹസദ്യകളിലെയും ഇടങ്ങളിൽ കാണുന്നുണ്ട്. സാമുദായികമായ എല്ലാ അതിർവരമ്പുകളും ഇല്ലാതാക്കാൻ മിശ്രഭോജനവും ഒരുവേള മിശ്രവിവാഹങ്ങളുംവരെ കാരണമായിട്ടുണ്ട്. ആദിമകൃഷിസമ്പ്രദായങ്ങളിലെ എല്ലാ മനുഷ്യരും ഒന്നാണെന്ന സമത്വചിന്തയാണ് ഓണംപോലുള്ള ഉത്സവവേളകളിൽ നിന്ന് ദർശിക്കാൻ കഴിയുന്നത്.

ഭാരതീയരുടെ സാമൂഹികക്രമത്തിൽ കാലഭേദങ്ങളനുസരിച്ച് എല്ലാ മനുഷ്യരുടെയും സുഖസന്തോഷങ്ങളെ പ്രതിഫലിപ്പിക്കുന്ന ആഘോഷങ്ങളിൽ മദനോത്സവം, ഹോളി, വസന്തോത്സവം, മഹാനവമി, പൊങ്കൽ, മിത്രസപ്തമിപോലുള്ള ഉത്സവങ്ങളെല്ലാം തന്നെ അമ്മദൈവസങ്കല്പത്തിലധിഷ്ഠിതമാണ്. മാതൃദായക്രമത്തിലെ എല്ലാ ഒത്തുചേരലും നിയതവും മൗലികമായ ബോധത്തിന്റെ പ്രതിഫലനങ്ങളാണ്. കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള സമൂഹഭക്ഷണം ധാന്യങ്ങളും കൃഷിഫലങ്ങളും അമ്മദൈവങ്ങൾക്കും ദേവന്മാർക്കും സമർപ്പിക്കുന്നുണ്ട്. ആചാരപ്രകാരം ക്ഷേത്രങ്ങളിലോ കാവുകളിലോ ഉണ്ടാക്കുന്ന ആഹാരം ക്ഷേത്രപന്തിയിൽത്തന്നെ കഴിക്കണമെന്നാണ് (സോമൻ, 2003: 83).

കടലുണ്ടി-മണ്ണൂർ ദേശത്തെ ക്ഷേത്രങ്ങളിലും, പൊതുഇടങ്ങളിലുള്ള കാവുകളിലും തറവാട്ടുകാവുകളിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള അതാതു നാളുകളിൽ ഉത്സവാഘോഷങ്ങൾ നടന്നുവരുന്നു. കുന്നത്തുകാവ് - മുരുകല്ലിങ്ങൽ, മനസ്ഥാനത്ത് ഭഗവതി ക്ഷേത്രം - വട്ടപ്പറമ്പ്, പൂളക്കച്ചിറ ഭഗവതി - മുരികല്ലിങ്ങൽ, കരിങ്കാളി ക്ഷേത്രം - മണ്ണൂർ, വീട്ടുകാവിൽ ഭഗവതി - ഇടച്ചിറ, പുളിക്കൽ ഭഗവതി - പേടിയാട്ട്കുന്ന്, മടവമ്പാട്ട് ഭഗവതി - ബാലാതിരുത്ത്, പച്ചാട്ടുകാവ് - കടലുണ്ടി, വടയിൽ കാവ് ഭഗവതി - കടലുണ്ടി, അണ്ടിപ്പറ്റ് ഭഗവതിക്ഷേത്രം - കടലുണ്ടി, കോഴിശ്ശേരിക്കാവ് - ഇടച്ചിറ, അമ്പാളിപ്പറമ്പ് ഭഗവതി - കടലുണ്ടി, തൈക്കൂട്ടത്തിൽ കാവ് - കടലുണ്ടി, നിറേപ്പുറത്ത്കാവ് - കടലുണ്ടി, അമ്പാളിത്തറവാട്ടുകാവ് - കടലുണ്ടി, പൊന്നാറമ്പത്ത്കാവ് - വട്ടപ്പറമ്പ്, പടിഞ്ഞാറേപ്പുരയ്ക്കൽകാവ് - കടലുണ്ടി, കിഴക്കേപുരയ്ക്കൽകാവ് - കടലുണ്ടി, നല്ലാട്ട് ഭഗവതിക്കാവ് - കടലുണ്ടി തുടങ്ങിയ ക്ഷേത്രങ്ങളിലും കാവുകളിലും ഉത്സവാഘോഷങ്ങൾ നടക്കുന്നു. കൂടാതെ തപസ്യ കടലുണ്ടിപോലുള്ള സാംസ്കാരികസംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവയുടെ നേതൃത്വത്തിൽ സംഗീതോത്സവങ്ങളും മത്സരനാടകങ്ങൾ പോലുള്ള സാംസ്കാരികോത്സവങ്ങളും നടന്നുവരുന്നു. കൂടാതെ മണ്ഡലകാലങ്ങളിൽ അയ്യപ്പൻ വിളക്ക് മഹോത്സവങ്ങളും വളരെ വിപുലമായ രീതിയിൽ അരങ്ങേറുന്നു. വിവിധ കലാസാംസ്കാരിക നായകന്മാർ സംബന്ധിക്കുന്ന സാംസ്കാരിക സമ്മേളനങ്ങളും കടലുണ്ടിയിൽ കാണാൻ സാധിക്കുന്നു.

കാലാവസ്ഥയും പ്രകൃതിയും എന്നപോലെത്തന്നെ ആകർഷകമാണ് ഇവിടുത്തെ കലാസാംസ്കാരിക പാരമ്പര്യങ്ങളും ഉത്സവങ്ങളും പള്ളിപ്പെരുന്നാളും

നേർച്ചകളും. ഇതുപോലുള്ള മനോഹരമായ വൈവിധ്യങ്ങളുടെ പ്രകൃതിപരമായ ഏകോപനമാണ് കടലുണ്ടിയിൽ കാണാൻ കഴിയുന്നത്. ഇവിടുത്തെ ക്ഷേത്രോത്സ വങ്ങളിലും മുസ്ലീംപള്ളികളിലെ നേർച്ചകളിലും ക്രിസ്ത്യൻ പള്ളിപ്പെരുന്നാളുക ളിലും നാനാജാതിമതസ്ഥർ പരസ്പരം സഹകരിച്ചുപോരുന്നു. ചാലിയത്തുള്ള നൂറുദ്ദീൻ ഷെയ്ഖിന്റെ 'മഖ്ബറയിൽ' പ്രാർത്ഥനാസന്ദർശനത്തിനായി എല്ലാ മത വിഭാഗക്കാരും വന്നിരുന്നു. അത് ഇന്നും തുടർന്നുപോരുന്നു. നാൽപത് വർഷ ങ്ങൾക്ക്പിന്നോട്ടുപോകുമ്പോൾ ഉത്സവപ്രതീതി നിലനിർത്തിക്കൊണ്ട് ആനയുടെ അകമ്പടിയോടെയുള്ള വലിയ നേർച്ചയായിരുന്നു ഇവിടെ കൊണ്ടാടിയിരുന്നത്. നേർച്ച നടക്കുന്ന 'മഖ്ബറ'യുടെ പരിസരപ്രദേശങ്ങളിൽ ചെറിയ ഷെഡ്ഡുകൾ കെട്ടി വിവിധ ദേശങ്ങളിൽനിന്നുള്ള കച്ചവടക്കാരും സർക്കസ് കൂടാരവും ഗ്രാമീണ കലാപരിപാടികളും നേർച്ചനാളുകളിൽ അരങ്ങേറുമായിരുന്നു.

കേരളീയ ആചാരങ്ങളും വഴിപാടുകളും നാടോടിക്കഥകളും കലകളും സൗഹൃദങ്ങളും വീണ്ടും ആവർത്തിക്കുന്ന ഇടമായി ഉത്സവപ്പറമ്പുകൾ മാറുന്നു.

ജാത്യാചാരങ്ങളുടെ തിക്താനുഭവങ്ങൾ നിലനില്ക്കുമ്പോഴും പരസ്പര സഹവർത്തിത്വത്തിന്റെ ഭാഷ അറിയുന്നവരാണ് കടലുണ്ടിദേശക്കാർ. രാഷ്ട്രീയ-സാമുദായിക-സാമ്പത്തിക മേഖലകളിലുണ്ടായ പുരോഗതി കടലുണ്ടിയെ അഭിവൃ ദ്ധിയിലേക്ക് നയിച്ചു. കോഴിക്കോട്, കാപ്പാട്, ചാലിയം, കടലുണ്ടി മുതലായ ദേശ ങ്ങൾ വൈദേശികബന്ധങ്ങളാൽ ചിരപ്രതിഷ്ഠ നേടിയിരുന്നു. വൈവിധ്യമാർന്ന സസ്യങ്ങളുടേയും ജീവികളുടേയും നിലനിൽപ്പിനാവശ്യമായ വായു, ജലം, മണ്ണ് ഇവയുടെ സന്തുലിതാവസ്ഥ കടലുണ്ടി-മണ്ണൂർ ദേശത്തെ സാംസ്കാരികവൈവി ധ്യത്തിന് വഴിയൊരുക്കി. കയർ പിരിക്കൽ, കൃഷി, മീൻപ്പിടുത്തം, തുടങ്ങിയവ യാണ് ഇവിടുത്ത പ്രധാന തൊഴിൽമാർഗ്ഗം.

മദ്ധ്യേഷ്യയിൽ നിന്ന് വന്ന ഇസ്ലാമികരായ അറബികളെ സ്വാഗതം ചെയ്ത ദേശമാണ് കടലുണ്ടിക്കടുത്തുള്ള ചാലിയം. അറബികളുടെ ആഗമനവും സാമൂതി രിയുടെ സങ്കല്പങ്ങളും ഒത്തുചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി പുതിയ തൊഴിൽ മേഖലകൾ ഇവിടെ ഉണ്ടായി. ശാലിയർ പോലുള്ള അധഃസ്ഥിത ജനവി ഭാഗങ്ങൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. നെയ്ത്തുശാലകൾ, കയർ നിർമ്മാണം തുടങ്ങി അനവധി തൊഴിലുകളിൽ ജനങ്ങൾ വ്യാപൃതരായി. അദ്ധ്വാ

നത്തെ കേന്ദ്രമാക്കി വളർന്നുവന്നതായിരുന്നു കടലുണ്ടിയുടെ സാമ്പത്തികവും, സാംസ്കാരികവുമായ പുരോഗതി. സാമ്പത്തിക, രാഷ്ട്രീയ, താത്വികമണ്ഡലങ്ങളിൽ ശരാശരി സാമൂഹ്യബോധം പ്രവർത്തിച്ചിരുന്നതായി കടലുണ്ടിയുടെ ചരിത്രം ബോധ്യപ്പെടുത്തുന്നു. കീഴാളനവോത്ഥാനത്തിന്റെ ഊർജ്ജത്തിന്റെ ഒരു പങ്ക് കടലുണ്ടി ദേശനിവാസികൾക്കും അവകാശപ്പെട്ടതാണ്. തീരപ്രദേശം, പാടശേഖരങ്ങൾ, ജലാശയങ്ങൾ, വനങ്ങൾ, കണ്ടൽക്കാടുകൾ ഇവയെല്ലാം ചേരുന്ന ഒരു സവിശേഷ പ്രാധാന്യം കേരളഭൂപടത്തിൽ കടലുണ്ടിക്കുണ്ട്.

പുറമെനിന്നു നോക്കുമ്പോൾ മതപരമായ സ്പർദ്ധയോ ജാതി-മതവിഭാഗീയതയോ ഇല്ലാത്ത സൗഹൃദാന്തരീക്ഷമാണ് കടലുണ്ടിയിലുള്ളത്. ഇവിടുത്തെ ക്ഷേത്രോത്സവങ്ങളിൽ നാനാജാതിമതവിഭാഗക്കാരും ഒന്നിച്ചെത്തുന്നു. കേരളീയമായ ആചാരങ്ങളും വഴിപാടുകളും നാടോടിക്കഥകളും കലകളും സൗഹൃദങ്ങളും ഇഴചേർന്ന സമീപനമാണ് ഇവിടുത്തെ ഉത്സവപ്പറമ്പുകളിൽ കാണുന്നത്. ഇവിടുത്തെ അമ്മദൈവസങ്കല്പങ്ങളിൽ ഏറ്റവും മുന്നിൽനിൽക്കുന്ന ഒന്നാണ് പേടിയാട്ട് ഭഗവതി.

## അധ്യായം 3

# പേടിയാട്ട് ഭഗവതി: പുരാവൃത്തം, അനുഷ്ഠാനം, ഉത്സവം

### 3.0 ആമുഖം

പ്രാചീനകാലം മുതലേ മനുഷ്യൻ പിൻതുടർന്നുപോന്നിരുന്ന ദൈവസങ്കല്പങ്ങളിൽ പ്രമുഖസ്ഥാനം അമ്മദൈവങ്ങൾക്കാണ് നൽകിയിരുന്നത്. ഉർവരതയുടെ ദേവതയായി അമ്മയെ പ്രതിഷ്ഠിച്ചു. ഇതിഹാസങ്ങളുണ്ടായി, നായകരും പ്രതിനായകരും ഇതിഹാസങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പ്രശ്നപരിഹാരത്തിലേക്കുള്ള വഴികളെ മനുഷ്യൻ അന്വേഷിച്ചു. ആ അന്വേഷണത്തിനിടയിൽ കാളിയും ദാരികനും അവതരിക്കപ്പെട്ട് തിന്മയെ അകറ്റി നന്മ പ്രദാനം ചെയ്യുന്ന അമ്മയായി. കാളീസങ്കല്പം കഥകളായും നാടോടിപ്പാട്ടുകളായും പല രൂപത്തിലും ഭാവത്തിലും ഭൂമിയിൽ പരന്നു.

ഈയൊരു പശ്ചാത്തലത്തിൽനിന്നുകൊണ്ട് കോഴിക്കോട് ജില്ലയിലെ കടലുണ്ടി ദേശത്തെ പേടിയാട്ട് ഭഗവതിക്കാവിനെക്കുറിച്ച് ഒരു പുനർവായനയാണ് ഈ അധ്യായത്തിൽ നിർവഹിക്കുന്നത്. പേടിയാട്ട് ഭഗവതിയും മകനായ ജാതവനും തമ്മിലുള്ള അന്തഃസംഘർഷങ്ങളും അമ്മയുടെ സഹോദരീസ്ഥാനീയ ബന്ധങ്ങളും ഇവിടെ വിശദീകരിക്കുന്നുണ്ട്. ദേശജനതയ്ക്ക് എന്തു സന്ദേശമാണ് അമ്മയുടെ പുരാവൃത്തംകൊണ്ട് നൽകപ്പെടുന്നത് എന്ന് കണ്ടെത്തുവാനുള്ള ഒരു എളിയ ശ്രമമാണ് ഇതിൽ നടത്തിയിരിക്കുന്നത്.

കോഴിക്കോട് മലപ്പുറം ജില്ലയുടെ അതിർത്തി പ്രദേശമായ മണ്ണൂർദേശത്താണ് പേടിയാട്ട് ഭഗവതിക്കാവ് സ്ഥിതിചെയ്യുന്നത്. കോഴിക്കോട് ജില്ലയിൽ കടലുണ്ടി റെയിൽവെ സ്റ്റേഷനിൽനിന്ന് ഒരു കിലോമീറ്റർ അകലെ പേടിയാട്ട്കുന്നിൽ തെക്ക് ഭാഗത്തായിട്ടാണ് ഭഗവതി കുടികൊള്ളുന്നത്. കടലുണ്ടി വാവുത്സവത്തോടനുബന്ധമായി വരുന്ന രണ്ട് അമ്പലങ്ങളാണ് പേടിയാട്ട്കാവും ജാതവൻകോട്ടയും. പേടിയാട്ടമ്പലത്തിൽ സർപ്പാരാധനയും ഗുരുവാരാധനയുമാണുള്ളത്. ഭഗവതിക്ക് കാവലായിട്ടാണ് സർപ്പങ്ങൾ എന്ന് വിശ്വസിക്കപ്പെടുന്നു. ദേവിയുടെ തല

മാത്രമുള്ള പ്രതിഷ്ഠയാണ് എന്നത് പേടിയാട്ട്കാവിന്റെ പ്രത്യേകതയാണ്. നടതുറന്നുള്ള നിത്യപൂജ ഇവിടെ പതിവില്ല. ഉത്സവദിവസം മാത്രമാണ് നടതുറന്ന് ദേവിയെ പുറത്തെടുക്കുന്നതും ഭക്തജനങ്ങൾക്ക് ദർശിക്കുവാനുള്ള അവസരം ലഭിക്കുന്നതും. അമ്പലത്തിൽ പ്രദക്ഷിണം വെയ്ക്കാറില്ല. ദേവീവിഗ്രഹം കാണുവാനുള്ള അവകാശം ലഭിച്ചിരിക്കുന്നത് ക്ഷേത്രനട തുറക്കാൻ അവകാശപ്പെട്ട പെരുവണ്ണാൻമാർക്കും മണ്ണൂർ ശിവക്ഷേത്രത്തിലെ ശാന്തിക്കാരനും മാത്രമാണ്. ഉത്സവത്തിന് അഞ്ചുദിവസത്തിനുമുമ്പ് അഞ്ചാം പുണ്യാഹത്തിനും ഉത്സവദിവസവും ഉത്സവശേഷം ഏഴാം പുണ്യാഹത്തിനും വഴിപാടായുള്ള പുണ്യാഹങ്ങൾക്കുമാത്രമാണ് നട തുറക്കുന്നത്. പേടിയാട്ട് വലിയ അമ്പലത്തിൽ ദേവിയുടെ മുഖത്തിന്റെ ദാരുശില്പം സൂക്ഷിച്ചിട്ടുണ്ട്.

പേടിയാട്ട്കാവ് തികച്ചും ഒരു കാടന്തരീക്ഷത്തിലാണ് സ്ഥിതിചെയ്യുന്നത്. അത്തി, ഇലഞ്ഞി, ഏഴിലം പാല, ഈട്ടി, അരയാൽ, തേക്ക് തുടങ്ങി വൻവൃക്ഷങ്ങൾ ഇടതൂർന്ന് വളർന്ന് നിൽക്കുന്നു. കാട്ടുമുല്ല, തെറ്റി, തുളസി തുടങ്ങിയ ഔഷധസസ്യങ്ങളും ഇഴപിരിഞ്ഞ് പടർന്ന് പന്തലിച്ച വള്ളിച്ചെടികളും കാവന്തരീക്ഷത്തെ തീർത്തിരിക്കുന്നു. കൊറ്റി, കരിംകുയിൽ, ഉപ്പൻ, പരുന്ത്, കുയിൽ തുടങ്ങി ഇതരപക്ഷി ജന്തുജാലങ്ങളും അവരുടെ ആവാസസ്ഥലത്ത് പരസ്പരാശ്രിതത്വത്തിൽ ജീവിക്കുന്ന ഒരു ആരണ്യകം തന്നെ ഇവിടെ കാണാം.

പേടിയാട്ട്കാവിൽ അമ്പലത്തിനു പുറത്ത് മതിലിനു ചുറ്റുമായി എല്ലാ ദിവസവും കൽവിളക്കുകൾ ചിരാതുകളും കൊളുത്താറുണ്ട്. അഞ്ച് ലിറ്റർ വെളിച്ചെണ്ണയാണ് ഓരോ ദിവസവും ഇതിനാവശ്യമായി വരുന്നത്. എന്നാൽ ജാതവൻകോട്ട ദിവസവും തുറന്നു വിളക്കു വയ്ക്കുന്നു. കാരണവരായ മൂത്ത പെരുവണ്ണാനോ അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിൽ അടുത്ത അവകാശികളോ ആണ് വിളക്കു കൊളുത്തുന്നത്. പൂജചെയ്യാനുള്ള അവകാശം മൂത്ത കാരണവർക്ക് മാത്രമാണ്. കോട്ടയിലെ പ്രസാദമായി മഞ്ഞളും, ചന്ദനവും, മലരും, തണ്ണീരാമൃതം എന്ന അപ്പവുമാണ് നൽകുന്നത്.

എല്ലാ വർഷവും തുലാമാസത്തിലെ കറുത്തവാവിന് പേടിയാട്ടമ്മയുടെ മകനായ ജാതവൻ കടലുണ്ടിയിൽനിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള കാരകളിപ്പറമ്പിലെ ജാതവൻ കോട്ടയിൽനിന്ന് അമ്മയെ കാണുവാനായി എഴുന്നള്ളുന്നു.

ഇതിനെ ജാതവൻ പുറപ്പാട് എന്നാണ് പറയുന്നത്. അമ്മയും മകനും കണ്ടുമുട്ടുന്ന ആ ദിവസമാണ് ഉത്സവം. കടലുണ്ടിയിൽ ഇത് ഒരു ഗ്രാമോത്സവമായാണ് കൊണ്ടാടാറുള്ളത്. നാനാജാതിമതസ്ഥരും ഒത്തൊരുമിച്ച് നടത്തുന്നതും ഉത്തരമലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നതും കടലുണ്ടി വാവുത്സവ മായതിനാൽ ഇതിന് പ്രാധാന്യം ഏറെയുണ്ട്. വിശുദ്ധി കാത്തു സൂക്ഷിക്കുന്ന പേടിയാട്ടമ്മയും മകനായ ജാതവനും തമ്മിലുള്ള പിണക്കത്തിന്റെ കഥയാണ് ഉത്സ വത്തിന് നിദാനമാകുന്നത്.

കടലുണ്ടിയെന്ന ഗ്രാമത്തിലെ സാംസ്കാരികതയ്ക്കും മതസാഹോദര്യ ത്തിനും സഹവർത്തിത്വത്തിനും എത്രകണ്ട് സ്വാധീനം ചെലുത്താൻ കഴി ഞ്ഞിട്ടുണ്ട് പേടിയാട്ട് ഉത്സവത്തിന് എന്ന് മനസ്സിലാക്കുവാനുമുള്ള ഒരു ശ്രമവും പ്രബന്ധത്തിൽ നടത്തിയിട്ടുണ്ട്. പേടിയാട്ടമ്മ, ഭഗവതി, നീലവട്ടാരിയമ്മ എന്നീ നാമങ്ങളിൽ അമ്മയെ വിശേഷിപ്പിക്കുന്നു. കാവിനു കിഴക്കോട്ട് ദർശനമായാണ് ദേവിയുടെ പ്രതിഷ്ഠയുള്ളത്. പ്രതിഷ്ഠയുടെ തെക്കുഭാഗത്തായി ഗുരുസ്ഥാനവും കിഴക്ക് നാഗത്താൻ കോട്ടയുമാണുള്ളത്. പേടിയാട്ടമ്മയുടെ ഐതിഹ്യത്തെ ചൂഴ്ന്നുനിൽക്കുന്ന പുരാവൃത്തങ്ങളുടെ പാഠഭേദങ്ങളാണ് തുടർന്ന് പ്രതിപാദിക്കു ന്നത്. പേടിയാട്ടമ്മയുടെ പുരാവൃത്തം പാഠഭേദങ്ങളിലൂടെയും അനുഭവകഥകളിലൂ ടെയുമാണ് പറയപ്പെടുന്നത്. ഇതിൽ ജാതിവ്യവസ്ഥയുടെ അടിസ്ഥാനമായ അസ്പൃശ്യത എന്ന സങ്കല്പവും, അയിത്തവും പ്രതിപാദിക്കുന്നുണ്ട്. അസ്പൃശ്യ തയും അയിത്ത സങ്കല്പവും സമൂഹത്തിൽ നിലനിർത്തുക എന്ന മേലാള താൽപര്യം പേടിയാട്ടമ്മയുടെ ഐതിഹ്യത്തിലൂടെ സ്ഥാപിക്കപ്പെടുന്നതായിക്കാ ണുന്നു. സ്വയം ഉൾവലിഞ്ഞും കള്ള് തൊട്ടശുദ്ധമായതിന്റെ പേരിൽ മകനായ ജാതവന് സ്പർശനവും കാഴ്ചയും നിഷേധിക്കപ്പെടുമ്പോൾ ഉയർന്ന ജാതിബോധ ത്തിന്റെ അധീശത്വപരമായ ഒരു നിർബന്ധബുദ്ധി ഇവിടെ പ്രവർത്തിക്കുന്നതായി ഈ പ്രബന്ധം നിരീക്ഷിക്കുന്നുണ്ട്.

### 3.1 പേടിയാട്ട് ഭഗവതിയും ജാതവനും

പേടിയാട്ട്കാവിൽ അമ്മദൈവസങ്കല്പത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവി യാണ് പേടിയാട്ട് ഭഗവതി. പേടിയാട്ട് ഭഗവതിക്ക് നല്ലച്ഛനായ ശിവനിൽ ജനിച്ച താണ് ജാതവൻ. അമ്മയായ പേടിയാട്ട് ഭഗവതിയും മകൻ ജാതവനും തമ്മിലുള്ള

അന്തഃസംഘർഷങ്ങളും വിലക്കുകളും വിരഹവുമാണ് പേടിയാട്ട് ഉത്സവത്തിനടിസ്ഥാനം. ഇതിൽ ജാതിബന്ധങ്ങളും അയിത്തസങ്കല്പങ്ങളും വളരെ കാർക്കശ്യത്തോടെ നിലനിർത്താൻ ശ്രമിക്കുന്നുണ്ട്. ഒരു വർഷത്തെ വിരഹത്തിനുശേഷം അമ്മയെ കാണുവാനായി ജാതവൻ കോട്ടയിൽനിന്നും ജാതവൻ പുറപ്പെടുന്നു. മുമ്പ് അമ്മ പോയിരുന്ന വീടുകളിലെല്ലാം ഉത്സവം അറിയിച്ചുകൊണ്ടാണ് ജാതവൻ പുറപ്പെടുന്നത്. അമ്മയുടെ എഴുന്നള്ളത്തിനും നീരാട്ടിനും ആയോധനകലയിൽ നിപുണനായ ജാതവൻ അമ്മക്ക് സുരക്ഷയൊരുക്കി അനുഗമിക്കുകയും ചെയ്യുന്നു. ഈ ഐതിഹ്യത്തോട് ബന്ധപ്പെട്ട് മറ്റൊരു വിശ്വാസവും നിലനിന്നിരുന്നു. ആളുകളുടെ ദുഃഖശാന്തിക്കായി ചരട് ജപിച്ചുകൊടുക്കൽ, ബാധയൊഴിപ്പിക്കൽ തുടങ്ങി വിവിധ കർമ്മങ്ങളും ഇവിടെ സാധാരണമായിരുന്നു. ഇന്നും മന്ത്രവാദച്ചടങ്ങുകൾ നടന്നുവരുന്നുണ്ട്.

### 3.1.1 ആഗമനം : പുരാവൃത്തം

പേടിയാട്ട് ഭഗവതിയുടെയും, ജാതവന്റെയും ആഗമനം വ്യത്യസ്ത പാഠഭേദങ്ങളിലൂടെ പരാമർശിച്ചിരിക്കുന്നു. പുരാവൃത്തങ്ങളിൽ പലതും അമ്മയുടെയും മകന്റെയും നിഷ്കളങ്കമായ സ്നേഹത്തിന്റെയും ശാസനയുടെയും പിണക്കത്തിന്റെയും ഐതിഹ്യകഥകളുടെ പുനരാവിഷ്കാരമായി നടത്തപ്പെടുന്ന ഉത്സവത്തെക്കുറിച്ചാണ്.

#### 3.1.1.1 പാഠഭേദം ഒന്ന്

ഈശ്വരചൈതന്യംകൊണ്ട് തേജസ്വിയായ ധാരാളം വൈചിത്ര്യങ്ങളുള്ള ഒരു സ്ത്രീയായിരുന്നത്രേ പിൽക്കാലത്ത് പേടിയാട്ട് ഭഗവതിയായി കുടിയിരുത്തപ്പെട്ട തമ്പുരാട്ടി. ദേവിയുടെ ചൈതന്യം ആദ്യം കുടിയിരുന്നത് കടലുണ്ടിറെയിൽവെ ഗേറ്റിനും ഇടച്ചിറയ്ക്കും നടുവിലായി സ്ഥിതിചെയ്യുന്ന കുന്നത്തുനമ്പ്യാൻമാരുടെ തറവാട്ടുവീട്ടിലായിരുന്നെന്ന് പറയപ്പെടുന്നു. ആദ്യകാലങ്ങളിൽ ഇത് മനേഴി മൂസതിന്റെ അധീനതയിലായിരുന്നു. അവിടെ മച്ചിൽ ദേവി കുടിയിരുന്നെന്ന് വിശ്വസിക്കപ്പെടുന്ന ഒരു പീഠമുണ്ട്. കുന്നത്തെ നമ്പ്യാൻമാർ ദേവീ ഉപാസകരായ അവകാശികളാണ്. കടലിൽ വച്ചുണ്ടായ അജ്ഞാതപകടത്തിൽ തമ്പുരാട്ടി കടലിൽ താണുപോകുകയും പിന്നീട് ശരീരാവയവങ്ങൾ പലതായി മുറിഞ്ഞ് പല ദിക്കുകളിൽ അടിഞ്ഞെന്നുമാണ് പറയപ്പെടുന്നത്. കടലുണ്ടിക്കരയിലാണ് തമ്പുരാ

ട്ടിയുടെ തലഭാഗം പ്രത്യക്ഷപ്പെട്ടത്. ഉപ്പ് കുറുക്കുന്ന തൊഴിലിലേർപ്പെട്ടവരാണ് ആദ്യമായി കാണുന്നത്. ആളുകൾ  തമ്പുരാട്ടിയുടെ ശിരസ്സുമായി കറുത്തങ്ങാട്ട് തിരുമേനിയുടെ അടുത്തുചെന്നു. തിരുമേനി ശിരസ്സുകണ്ട് അസഹിഷ്ണുതയോടെ ഇവിടെ വേണ്ടെന്നും വേഗം ഇവിടെനിന്ന് കൊണ്ടുപോകണമെന്ന്  പറയുകയും അത് തിരികെ കൊണ്ടുപോരുകയും ചെയ്തു. ആ സംഭവത്തിനുശേഷം കറുത്ത ങ്ങാട്ട് ഇല്ലം കത്തിപ്പോയി എന്നുമാണ് ഐതിഹ്യം. ഈ ഇല്ലം ഉണ്ടായിരുന്നതായി പറയപ്പെടുന്ന സ്ഥലത്ത് മേൽക്കൂരയില്ലാത്ത മൂന്നുഭാഗം ചുമരുമായി തകർന്ന ടിഞ്ഞ ഒരു തറയും മാത്രമാണുള്ളത്. ദേവിയുടെ ശിരസ്സുമായി തിരികെ പോന്ന ആളുകൾ നാടുവാഴിയുടെ അടുത്തുചെന്ന് വിവരം ഉണർത്തിച്ചപ്പോൾ നാടുവാഴി പെരുമ്പറമ്പ് ഇല്ലക്കാർക്കും പെരിങ്ങോട്ട് ഇല്ലക്കാർക്കുമായി ദേവിയുടെ ചുമതല ഏൽപ്പിച്ചു ഉൽസവനടത്തിപ്പിനും മറ്റുമായി കുന്നത്തുതറവാട്ടുകാരെ ചുമതലപ്പെടു ത്തി പിന്നീട് പേടിയാട്ട് അമ്പലം പണിത് ദേവിയെ കുടിയിരുത്തുകയും ചെയ്തു (അനു: 1.4, 1.43).

#### 3.1.1.2 പാഠഭേദം രണ്ട്

കടലുണ്ടിയിലെ വാക്കടവിൽ തോണിയിൽ ഉപവിഷ്ടയായിരിക്കുന്ന തേജ സ്വിനിയായ ഒരു സ്ത്രീയെ ഉപ്പുകുറുക്കുന്നവർ കാണുന്നു. ഉപ്പുവാങ്ങാൻ വന്ന ആളുകൾക്കിടയിൽ ഋതുമതിയായ ഒരു സ്ത്രീയും ഉണ്ടായിരുന്നു. ആ സ്ത്രീ അശുദ്ധമെന്നു കണ്ടതിനാൽ തോണിയിൽ ഉണ്ടായിരുന്ന സ്ത്രീ വെള്ളത്തിലേക്ക് എടുത്തുചാടി. ഉപ്പു കുറുക്കുന്നവർ പങ്കായംകൊണ്ട് തിരയുന്നതിനിടയിൽ പങ്കായ ത്തലപ്പുകൊണ്ട് ശിരസ്സ് വേർപ്പെടുകയും അത് കരയ്ക്കടിയുകയും ചെയ്തു. ആ സമയം അവർ സൂക്ഷ്മമായി ശിരസ്സെടുക്കുകയും കറുത്തങ്ങാട്ട് തിരുമേനിയുടെ ഇല്ലത്തേക്ക് കൊണ്ടുപോയി എന്നും പറയപ്പെടുന്നു (അനു. 1.43).

#### 3.1.1.3 പാഠഭേദം മൂന്ന്

ബ്രിട്ടീഷ് ഭരണകാലത്ത് ഇതുമായി ബന്ധപ്പെട്ട വ്യത്യസ്തമായ മറ്റൊരു കഥയുണ്ട്. കടലുണ്ടി ഗ്രാമവാസികൾക്ക് വളരെയധികം പ്രിയവും ബഹുമാനാദര വുമായിരുന്നു തമ്പുരാട്ടിയോട് എന്നാണ് പഴമൊഴികളിൽ പറഞ്ഞുകേൾക്കുന്നത്. തമ്പുരാട്ടിക്ക് ആടയാഭരണങ്ങളോട് എന്തെന്നില്ലാത്ത പ്രിയമായിരുന്നു. സദാസമ യവും സർവാഭരണവിഭൂഷിതയായാണ് തമ്പുരാട്ടി സഞ്ചരിക്കാറ്. അങ്ങനെ ഒരു

നാൾ നദീമാർഗ്ഗം യാത്ര ചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ തമ്പുരാട്ടിയും അനുചരന്മാരും വിശ്രമിക്കുന്നതിനുവേണ്ടി കടലുണ്ടിയിലെ ബാലാതുരുത്തിയിലിറങ്ങാനിടയായി.

സാന്ദർഭികമായി ആ സമയം അതുവഴി കടന്നുപോയ കടൽക്കൊള്ളക്കാർ തമ്പുരാട്ടിയേയും അനുചരന്മാരേയും കണ്ടുമുട്ടി. അവർ തമ്പുരാട്ടിയുടെ ആടയാഭരണങ്ങളും മറ്റും കവർന്നെടുക്കുന്നതിനായി അവരെ ആക്രമിക്കുന്നു. അനുചരന്മാർ അതിശക്തമായി പൊരുതിയെങ്കിലും അക്രമകാരികളെ ജയിച്ചടക്കാൻ കഴിയാതെ ദയനീയമായി പരാജയപ്പെടുകയും ചെയ്യുന്നു. കടൽക്കൊള്ളക്കാർ തമ്പുരാട്ടിയെ അതിദാരുണമായി വെട്ടിക്കൊലപ്പെടുത്തി ശരീരഭാഗങ്ങൾ തുണ്ടങ്ങളാക്കി ശേഷം കടലിലേയ്ക്ക് വലിച്ചെറിയുകയുമാണ് ഉണ്ടായത്. പിന്നീടൊരുനാൾ കടലിന്റെ കുത്തൊഴുക്കിൽപെട്ട് തമ്പുരാട്ടിയുടെ ശിരസ്സ് കടലുണ്ടിയിലെ വാക്കടവ് തീരത്ത് വന്നടിഞ്ഞു. അതുവഴി വന്ന നാട്ടുകാരനായ ഒരാൾ തമ്പുരാട്ടിയുടെ ശിരസ്സ് കാണാനിടയാകുകയും അതെടുക്കുകയും ചെയ്തു. ദിവ്യചൈതന്യത്തെ തിരിച്ചറിഞ്ഞ ഗ്രാമവാസികൾ ചൈതന്യത്തെ പേടിയാട്ട്കുന്നിൽ പ്രതിഷ്ഠിക്കുകയാണുണ്ടായത്. കാവിനടുത്തുള്ള കുളത്തിൽ തമ്പുരാട്ടിയുടെ ശിരസ്സ് ഒരു പെട്ടിയിൽ അടക്കം ചെയ്തതിനുശേഷം അതിനടുത്തുള്ള കുളത്തിൽ അത് താഴ്ത്തിവെയ്ക്കുകയും ചെയ്തു. അന്നത്തെ നാടുവാഴിയാണ് ഇതിനെല്ലാം കാർമ്മികത്വം വഹിച്ചത് എന്നാണ് ഐതിഹ്യം (അനു. 1.47).

#### 3.1.1.4 പാഠഭേദം നാല്

പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരാണുള്ളത്. ക്രമത്തിൽ അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ, വളയനാട്ടമ്മ (തിരൈങ്ങാട്ട്) എന്നിങ്ങനെയാണ് സഹോദരിമാർ അറിയപ്പെടുന്നത്. ഒരിക്കൽ പേടിയാട്ടമ്മയും സഹോദരിമാരും ഒരുമിച്ച് കടലിൽ ഉല്ലാസയാത്ര പോകുന്നനേരം തോണി കടൽച്ചുഴിയിൽ അകപ്പെടുന്നു. കടൽ പ്രക്ഷുബ്ധമായി വരുന്ന തിരമാലകളിൽ തട്ടി തോണി ഇളകി പേടിയാട്ടമ്മ വെള്ളത്തിൽ വീണു പോകുകയും ചെയ്തു. ഈ സംഭവത്തിനു ശേഷം കടലുണ്ടി വാക്കടവിനടുത്തുവെച്ച് പേടിയാട്ടമ്മയുടെ ശിരസ്സ് മുക്കുവന്മാരുടെ വലയിൽപ്പെട്ടതാണെന്നും ആ ശിരസ്സ് പേടിയാട്ട് കുന്നിലെത്തിച്ചു എന്നുമാണ് ഐതിഹ്യം (അനു. 1.125).

### 3.1.1.5 പാഠഭേദം അഞ്ച്

സഹോദരന്മാരാൽ ചതിക്കപ്പെട്ട നാല് സഹോദരിമാരുടെ കഥയും പ്രചാരത്തിലുണ്ട്. സഹോദരിമാർ ഒരിക്കൽ നീരാട്ടിനുപോകാൻ തോണി ഉണ്ടാക്കിത്തരണമെന്ന് സഹോദരൻമാരോട് ആവശ്യപ്പെട്ടു. അതനുസരിച്ച് രണ്ട് രീതിയിലുള്ള തോണി ഉണ്ടാക്കി. അതിലൊന്ന് അലങ്കാരപണികളില്ലാത്ത മരത്തോണിയും മറ്റൊന്ന് ഭംഗിയായി മിനുക്കിപ്പണിത മൺതോണിയുമായിരുന്നു. സഹോദരിമാരോട് ഏത് തോണി വേണമെന്ന് ആരാഞ്ഞപ്പോൾ അതിമനോഹരമായി പണിതീർത്ത മൺതോണിയാണ് സഹോദരിമാർ തെരഞ്ഞെടുത്തത്. മൺതോണിയിൽ സഹോദരിമാരും മരത്തോണിയിൽ സഹോദരന്മാരും വെഞ്ചാലി കടൽപ്പരപ്പിലൂടെ യാത്രതിരിച്ചു. മധ്യത്തിലെത്തിയപ്പോൾ ഇടിയും മഴയും ഉണ്ടാകട്ടെ എന്ന് സഹോദരന്മാർ കൽപ്പിച്ചു. പെരുംമഴയ്ക്കുശേഷം ഏഴാമത്തെ തിരയിൽ മൺതോണി മുങ്ങിപ്പോയി. നടുക്കടലിൽ അകപ്പെട്ട സഹോദരിമാർ വിവിധ ദിശകളിലേയ്ക്ക് നീന്തുകയും വിവിധ സ്ഥലങ്ങളിൽ നീന്തിക്കയറുകയും ചെയ്തു. ഇതിൽ പേടിയാട്ട് ഭഗവതി എത്തിച്ചേർന്നത് കടലുണ്ടി കടപ്പുറത്താണ്. ദേവിയുടെ പ്രത്യക്ഷപ്പെടലിനു ഹേതുവായിട്ടുള്ള കഥ ഇതാണെന്നും പ്രചാരത്തിലുണ്ട് (അനു. 1.49).

### 3.1.1.6 പാഠഭേദം ആറ്

പ്രചരിച്ചിട്ടുള്ള മറ്റൊരു കഥയിൽ കടലിൽനിന്ന് കിട്ടിയത് ദേവിയുടെ ശിരസ്സല്ല മറിച്ച് രണ്ട് മുൻവരിപല്ലുകൾ മാത്രമാണെന്നും, ആ പല്ല് ഉത്സവത്തിന്റെ എഴുന്നള്ളത്തു സമയത്ത് ദേവിയുടെ മുഖത്ത് ചാർത്താറുണ്ടെന്നും ഒരു പഴമൊഴിയുണ്ട് (അനു. 1.52).

### 3.1.1.7 പാഠഭേദം ഏഴ്

പരുത്തിക്കാട് തറവാട്ടിലെ കാരണവർക്ക് മീൻ പിടിക്കാൻ പോയ സമയത്ത് വലയെറിഞ്ഞപ്പോൾ ദേവിയുടെ തലമുടിയാണ് ലഭിച്ചതെന്നും പറയപ്പെടുന്നു (അനു: 5).

#### 3.1.1.8 പാഠഭേദം എട്ട്

സാമൂതിരിയുടെ പടയണിയിലെ അംഗമായ 'നീലി' എന്ന പോരാളിയായ സ്ത്രീയാണ് പേടിയാട്ട് ഭഗവതി എന്നാണ് ഒരു കഥയിൽ പറയുന്നത്. ബ്രിട്ടീഷുകാർ പടയാളിയായ 'നീലി'യെ തടവിൽ പിടിക്കുകയും സമുദ്രമാർഗ്ഗം കൊണ്ടുപോകുന്ന സമയത്ത് കടലിൽവെച്ച് ഉണ്ടായ ഒരു തർക്കത്തെത്തുടർന്ന് 'നീലി' എന്ന ആ മഹതിയെ കൊന്ന് പല തുണ്ടങ്ങളാക്കി സമുദ്രത്തിലെറിയുകയും ചെയ്തു. ഈ സംഭവത്തിനുശേഷം 'നീലി'യുടെ തലഭാഗമാണ് കടലിൽനിന്ന് കിട്ടിയതെന്നുമാണ് പറയപ്പെടുന്നത് (അനു. 1.55).

#### 3.1.1.9 പാഠഭേദം ഒൻപത്

മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നീ മൂന്നുഭാഗങ്ങൾ ഏകീഭവിച്ച ദുർഗ്ഗയായ മൂകാംബികയെ പ്രതിഷ്ഠിച്ച തെക്കേദേശത്തെ കൊല്ലൂർ ക്ഷേത്രത്തിൽനിന്ന് ഗുരുവിന്റെ കൂടെ ആദ്യം കണ്ണൂരിലേക്കും, പിന്നീട് കടലുണ്ടിയിലേക്കു വന്നതാണ് പേടിയാട്ടമ്മ എന്ന് വാമൊഴി രൂപത്തിൽ പ്രചരിച്ച മറ്റൊരു കഥ (അനു. 1.43).

#### 3.1.1.10 പാഠഭേദം പത്ത്

പേടിയാട്ടമ്മയുടെ പാഠഭേദങ്ങളിൽ കൂടുതൽ പ്രചാരത്തിലുള്ള കഥ ഇതാണ്. അമ്മയുടെ വരവിന് 1500 വർഷത്തെ പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. കടലുണ്ടിയിൽ വള്ളിക്കുന്ന് അംശംദേശത്ത് അരീക്കൽ എന്ന തറവാട്ടിൽ ഉണ്ടായിരുന്ന രണ്ട് നായൻമാരിൽനിന്നാണ് ഇത് ഉദയം കൊള്ളുന്നത്. ചെക്കുട്ടിനായരും ഇളയതായ ഉണ്ണിനായരുമാണ് അവർ. തികഞ്ഞ ദേവീഭക്തരും മന്ത്ര-തന്ത്രവിദ്യകൾ സ്വായത്തമാക്കിയവരുമാണ് ഇരുവരും. ഉപ്പ് കുറുക്കലായിരുന്നു ഇവരുടെ ജോലി. പ്രധാന വരുമാനമാർഗ്ഗവും അതുതന്നെയായിരുന്നു. വള്ളിക്കുന്നിലെ കീഴിൽ എന്ന പ്രദേശത്താണ് കടൽവെള്ളം കയറ്റി ഉപ്പ് വിളയിക്കുന്ന പറമ്പുള്ളത്. 'ചോപ്പൻ കാവ്' എന്നു വിളിക്കുന്ന സ്ഥലത്തിന്റെ കിഴക്കുഭാഗത്താണ് ഈ സ്ഥലം.

വലിയനിലയിൽ ബംഗ്ലാവിൽ കഴിഞ്ഞിരുന്ന ഇട്ടിരിതമ്പുരാട്ടിയുടെ മകളെയാണ് ചെക്കുട്ടിനായർ വേളികഴിച്ചത്. എന്നാൽ ഉണ്ണിനായർ അവിവാഹിതയായ സഹോദരിക്ക് സംരക്ഷകനായി ജീവിതം മുന്നോട്ട് നീക്കി. തോണിമാർഗ്ഗം പലയിട

ങ്ങളിലായി സഞ്ചരിച്ചാണ് ഇവർ ഉപ്പ് വ്യാപാരം നടത്തിയിരുന്നത്. ഇതിനിടയിൽ ഉപ്പ് വ്യാപാരം വളരെ കുറയുകയും കുടുംബജീവിതം മുമ്പോട്ട് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഒരിക്കൽ ഉണ്ണിനായർ ഉപ്പ് നിറച്ച തോണിയുമായി മണ്ണൂരിലൂടെയും ചെക്കുട്ടിനായർ പഴഞ്ചണ്ണൂരിലൂടെയും കച്ചവട ത്തിനായി പുറപ്പെട്ടു. ഉണ്ണിനായർ വിൽപ്പനകഴിഞ്ഞ് മടങ്ങിയെത്തി. എന്നാൽ ചെക്കുട്ടിനായർ തിരികെയെത്തിയില്ല. വൈകുന്നേരമായിട്ടും കച്ചവടം നടക്കാതെ അദ്ദേഹം തിരികെയാത്രയായി. വിശപ്പും ദാഹവും നിരാശയും അദ്ദേഹത്തെ വല്ലാതെ അലട്ടാൻ തുടങ്ങി. കടലുണ്ടി അഴിമുഖത്തിന്റെ കിഴക്കുമാറി വട യിൽകാവ് എന്നറിയപ്പെടുന്ന ക്ഷേത്രത്തിന്റെ അരികിൽ കൂടിയാണ് യാത്ര ചെയ്ത ത്. കൃത്യമായിപ്പറഞ്ഞാൽ വടയിൽകാവിന്റെ കിഴക്ക് നീലാട്ടുതുരുത്തി വഴി. നീലാട്ടുതുരുത്തിയുടെ അറ്റമായിരുന്ന ഇന്നത്തെ ബാലാതുരുത്തി. വാലാതുരുത്തി യെന്നാണ് അന്ന് അറിയപ്പെട്ടിരുന്നത്. നീലാട്ടുതുരുത്തിയുടെ പടിഞ്ഞാറും വാലാ തുരുത്തിയുടെ കിഴക്കുമായി ഒരു തോട് ഒഴുകുന്നുണ്ട്. ഇതിലൂടെയാണ് ചെക്കുട്ടി നായർ തോണി തുഴഞ്ഞതെന്നാണ് വിശ്വാസം.

ശാരീരികമായും മാനസികമായും ആകെത്തളർന്ന ചെക്കുട്ടി നായർ ഹൃദയ വേദനയോടെ ദൈവത്തോട് പരിഭവം പറഞ്ഞ് നിറകണ്ണുകളോടെ കൈകൂപ്പി വിങ്ങിക്കരഞ്ഞു. പെട്ടെന്ന് തോണി ഒരു മൺതിട്ടയിൽ പാറപോലെ ഉറച്ച് യാത്ര തടസ്സപ്പെട്ടു. ചുറ്റും മരങ്ങളും വള്ളിപ്പടർപ്പുകളും നിറഞ്ഞ ഒരു കാടന്തരീക്ഷമായി രുന്നു അവിടം. പരിസരങ്ങളിൽ ഒരു വീടുപോലും ഉണ്ടായിരുന്നില്ല. ഒരുപാട് പരി ശ്രമിച്ചുനോക്കിയെങ്കിലും തോണി ഒരിഞ്ചുപോലും അനങ്ങിയില്ല. മനോവേദനയും വിശപ്പും ദാഹവുംകൊണ്ട് തളർന്നുപോയ ചെക്കുട്ടിനായർ സകല പരദേവതക ളേയും ഗുരുകാരണവന്മാരേയും മനസ്സിൽ ധ്യാനിച്ച് ഇനി അമ്മ മാത്രമേ രക്ഷ യുള്ളൂവെന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞ് പൊട്ടിക്കരയാൻ തുടങ്ങി. വിശപ്പും ദാഹവും കൊണ്ട് തളർന്ന അദ്ദേഹം ഉറങ്ങിപ്പോയി. ആ ഉറക്കത്തിൽ അദ്ദേഹ ത്തിന് ദിവ്യദർശനവും അരുളപ്പാടും ഉണ്ടായി. 'നിനക്ക് ഞാൻ രക്ഷകയായി വരുന്നുണ്ടെന്നും ആ സമയം ഉണ്ടാകുന്ന ശക്തമായ കാറ്റിലും മഴയിലും നിന്റെ തോണി ആടിയുലഞ്ഞ് മലവെള്ളപ്പാച്ചിലിൽ ഇളകി വരുമെന്നും ഒരു മരത്തടി തോണിക്ക് അരികിലേക്ക് ഒഴുകിയെത്തും എന്നാൽ നീ ഭയപ്പെടേണ്ട എന്നും വീരാ ളിപ്പട്ടുപുതച്ച ഒരു സ്ത്രീ അതിൽ ഉപവിഷ്ടയായിരിക്കുമെന്നും നിനക്ക് ആ

മഹതി തരുന്ന പെട്ടി ശുദ്ധിചെയ്ത് ഒരിടത്തുവെച്ച് പൂജചെയ്ത് ആരാധിച്ചെന്നാൽ സർവൈശ്വര്യങ്ങളും സമ്പദ്സമൃദ്ധിയും ഉണ്ടാകുമെന്നുമായിരുന്നു' ആ സ്വപ്നത്തിൽ ദിവ്യതേജസ്സ് ചെക്കുട്ടിനായരോട് പറഞ്ഞത്.

അദ്ദേഹം ഞെട്ടിയുണർന്നു ചെക്കുട്ടിനായർ കണ്ടത് തന്റെ തോണിയുടെ അടുത്തേക്ക് ഒരു മരത്തോണിയും അതിൽ വീരാളിപ്പട്ടുടുത്ത് അലങ്കാര വിഭൂഷിത യായി ഇരിക്കുന്ന ഒരു സ്ത്രീയേയുമായിരുന്നു കണ്ടത്. ആ സ്ത്രീ വെച്ചുനീട്ടിയ പെട്ടി അദ്ദേഹം വാങ്ങുകയും അതേമാത്രയിൽ ആ സ്ത്രീ അപ്രത്യക്ഷമാകുകയും ചെയ്തു. പുലർച്ചെ അഞ്ചുമണിയോടുകൂടി പെട്ടി ഭദ്രമായി സൂക്ഷിച്ച് തോണിയു മായി തീരമണഞ്ഞു. വാക്കയിൽ കറുത്തൻമാട്ടിൽ എന്ന പറമ്പിലായിരുന്നു ചെക്കു ട്ടിനായരും കുടുംബവും താമസിച്ചിരുന്നത്. ഉപ്പ് കുറുക്കുന്ന സ്ഥലത്തിന്റെ പടി ഞ്ഞാറ് വശത്തായിട്ടാണ് ഈ പറമ്പുള്ളത്. അവിടെനിന്നുനോക്കിയാൽ പുഴയും ഉപ്പ് പടന്നയും കാണാം. നേരം വൈകിയിട്ടും ചെക്കുട്ടിനായരെ കാണാതെ വിഷമി ച്ചിരിക്കുകയായിരുന്നു ഭാര്യയും സഹോദരിയും കുട്ടികളുമടങ്ങുന്ന കുടുംബം. അദ്ദേഹത്തെ കണ്ട മാത്രയിൽ സന്തോഷത്താൽ സഹോദരി തോണിക്കരികി ലേയ്ക്ക് ഓടിവന്നു.

ഇതു കണ്ട് തോണിയിൽ സൂക്ഷിച്ചിരുന്ന പെട്ടി വെള്ളത്തിലേക്ക് ചാടുകയും ഇതിൽ ആവലാതിപൂണ്ട ചെക്കുട്ടിനായർ തുഴയെടുത്ത് വെള്ളത്തി ലേക്ക് ചാടി പെട്ടി വീണ്ടെടുത്ത് നെഞ്ചോട് ചേർത്തുവെച്ചുകൊണ്ട് എന്തുകൊ ണ്ടായിരിക്കാം പെട്ടി വെള്ളത്തിലേക്ക് പോയതെന്നാലോചിച്ച് ചിന്താമഗ്നനായി ഒരു നിമിഷം നിന്നു. അശുദ്ധിയോടുകൂടിയാണ് സഹോദരി വന്നതെന്നത് മനസ്സി ലാക്കിയ അദ്ദേഹം തോണി വടക്കുഭാഗത്തേക്ക് തുഴഞ്ഞ് മാട്ടുമ്മൽതോട് എന്ന സ്ഥലത്തെത്തി. ഭൂമിയിൽ സൂര്യവെട്ടം പതിക്കാത്തത്ര ഉയരത്തിൽ തിങ്ങിനിറഞ്ഞ മരങ്ങളും കുറ്റിക്കാടുകളും കൊണ്ട് ചുറ്റപ്പെട്ട കൊടുംകാടായിരുന്നു ആ പ്രദേശം. പെട്ടിയുമായി ചെക്കുട്ടിനായർ വനത്തിലേക്ക് കയറി. ഒരുപാടുകാലം പഴക്കമുള്ള ഒരു കെട്ടിടം കണ്ണിൽപ്പെട്ടു. രൂപഭംഗികൊണ്ട് അതൊരു നമ്പൂതിരി ഇല്ലമായിരു ന്നെന്ന് അദ്ദേഹത്തിന് തോന്നുകയും ആ ഗൃഹത്തിൽ പെട്ടിവെച്ച് പൂജയാരംഭി ക്കുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞ് പൂജ നടക്കുന്ന വിവരം അറിഞ്ഞ് നാടു വാഴികൾ സ്ഥലം സന്ദർശിച്ചു. പെരിങ്ങോട്ടുകര നാടുവാഴിയും കൂട്ടരും ആയി രുന്നു അത്. വള്ളിക്കുന്ന് അംശം ദേശത്തുള്ള ആളാണ് ചെക്കുട്ടിനായർ, എന്നുള്ള

തുകൊണ്ട് അവിടുത്തെ നാടുവാഴിയെയും വിവരം ധരിപ്പിക്കണമെന്ന് പെരിങ്ങോട്ടുകര നാടുവാഴി അരുളിചെയ്തു. തുടർന്ന് രണ്ട് നാടുവാഴികളും കൂട്ടരും ചേർന്നു ക്ഷേത്രം നിർമ്മിക്കാൻ തീരുമാനിച്ചു. തുടർന്ന് ചെമ്പകത്തടികൊണ്ട് തച്ചന്മാർ അമ്പലപ്പണി ആരംഭിച്ചു.

കുടിയിരുത്താനായുള്ള സ്ഥലം പെരിങ്ങോട്ടുകര നാടുവാഴി അനുവദിച്ചു കൊടുത്തു. എല്ലാ കാര്യങ്ങളും നോക്കിനടത്താൻ ചങ്കരൻപുള്ളാരി മാരാത്തയിൽ നാടുവാഴിമാരെയും ഏൽപ്പിച്ചു. ജ്യോത്സ്യവിധിപ്രകാരം ദേവിയുടെ വിഗ്രഹവും പീഠവുംവെച്ച് പൂജ നടത്തുവാൻ തീരുമാനിച്ചു. പെട്ടിയിലുണ്ടായിരുന്ന മൂന്ന് സൂക്ഷ്മദ്വാരങ്ങളിലൂടെ കോട്ടയിൽ വീട്ടിൽ ആശാരിമാർ ഒറ്റക്കണ്ണുകൊണ്ട് സസൂക്ഷ്മം നിരീക്ഷിച്ച് പെട്ടിയിലുള്ള ദിവ്യതേജസ്സിനെ മനക്കണ്ണിൽ വരഞ്ഞിട്ടു.

അതിനുശേഷമാണ് പുറത്തെഴുന്നള്ളിപ്പിനുള്ള വിഗ്രഹത്തിന് രൂപം കൊടുത്തത്. തുലാമാസത്തിലെ വാവുത്സവത്തിന് പുറത്തെഴുന്നള്ളിപ്പ് വിഗ്രഹത്തോടൊപ്പം കടൽവെള്ളത്തിൽ ആറാടിക്കാൻ പെട്ടിയും എഴുന്നള്ളിക്കാറുണ്ട്. ഇളമൂപ്പനാണ് ഈ കർമ്മത്തിനു നേതൃത്വം കൊടുക്കുന്നത്. കാവുകാര്യങ്ങളും ആചാരാനുഷ്ഠാനകാര്യങ്ങളും നടത്തുന്നതിന് പെരിങ്ങോട്ട് നാടുവാഴി കുന്നത്ത് നമ്പ്യാന്മാരെയായിരുന്നു ഏർപ്പാടാക്കിയിരുന്നത്. അമ്പലം പണിപൂർത്തിയായപ്പോൾ പ്രതിഷ്ഠ ആരു നടത്തുമെന്ന ഒരു ആശയക്കുഴപ്പം നിലനിന്നിരുന്നു. തുടർന്ന് ജോത്സ്യരുടെ പ്രശ്നവിധിപ്രകാരം ചെക്കുട്ടിനായർ തന്നെ പ്രതിഷ്ഠ നടത്തിയാൽ മതിയെന്ന തീരുമാനമായി. തുലാമാസത്തിലെ കറുത്ത വാവുനാളിൽ വിഗ്രഹം കടൽവെള്ളത്തിൽ കുളിപ്പിച്ചു വേണമെന്നായിരുന്നു വിധി. ആയതിനാലാണ് കടലുണ്ടിയിലെ വാവുത്സവം ഇന്നും തുലാമാസത്തിൽ നടത്തിവരുന്നത് (അനു. 1.54).

#### 3.1.1.11 പാഠഭേദം പതിനൊന്ന്

ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട്ടിലെ കാരണവർക്കാണ് വെള്ളത്തിൽനിന്നും ദേവിയെ ലഭിച്ചതെന്നും ശേഷം കൊറോത്ത് തറവാട്ടിലേക്കാണ് കൊണ്ടുപോയതെന്നുമുള്ള മറ്റൊരു കഥ പ്രചാരത്തിലുണ്ട്. ആയതിനാലാണ് ദേവിയുടെ പുറപ്പാടുനാളിൽ കൊറോത്ത് തറവാട് വഴിയിലെത്തുമ്പോൾ ഭഗവതി ഇല്ലത്തേക്ക് തിരിഞ്ഞു നോക്കുന്നുവെന്ന് പറയപ്പെടുന്നത് (അനു. 1.141).

പേടിയാട്ട് ഭഗവതി മകനായ ജാതവനോട് പിണങ്ങാനുണ്ടായ കാരണങ്ങൾ പറയുന്നത് വ്യത്യസ്ത കഥകളിലൂടെയാണ്.

### 3.1.1.12 പാഠഭേദം പന്ത്രണ്ട്

ജാതവൻ ദേവീസഹോദരിയായ അമ്മാഞ്ചേരി അമ്മയ്ക്കൊപ്പം ശ്രീവളയ നാട്ടമ്മയുടെ പൂരത്തിന് പോകാനൊരുങ്ങുന്നു. പൂരപ്പറമ്പിൽ മദ്യം ഉപയോഗിക്കാനിടയുള്ളതുകൊണ്ട് യാത്ര പോകുന്നതിൽനിന്നും പേടിയാട്ടമ്മ മകനെ വിലക്കി. എന്നാൽ അമ്മയെ ധിക്കരിച്ച് ജാതവൻ വളയനാട്ടമ്മയുടെ അടുത്തേക്കുപോയി.

ജാതവൻ മദ്യസേവ നിരസിച്ചതിനാൽ ക്ഷുഭിതയായ വളയനാട്ടമ്മ മദ്യം ദേഹത്തേക്ക് തെറിപ്പിക്കുകയും ജാതവൻ അശുദ്ധനാവുകയും ചെയ്യുന്നു. ശേഷം പേടിയാട്ടമ്മയുടെ അരികിലെത്തുന്ന ജാതവനെ കടലുണ്ടിക്കടുത്തുള്ള കാരകളിപ്പറമ്പിലെ കാക്കകേറാകുന്നിൽ കുടിയിരുത്തുകയും തമ്മിൽ കാണുന്നത് വിലക്കുകയും ചെയ്യുന്നു. തുടർന്ന് തുലാമാസത്തിലെ കറുത്ത വാവുദിനത്തിൽ കക്കാട്ട് കടപ്പുറത്ത് നീരാട്ടിന് എത്തുമെന്നും അന്നുമാത്രം തമ്മിൽ കാണാമെന്നും ഒന്നിച്ച് എഴുന്നള്ളാമെന്നും പേടിയാട്ടമ്മ ജാതവനോട് പറയുന്നതാണ് ഈ പാഠഭേദം (അനു. 1.11).

### 3.1.1.13 പാഠഭേദം പതിമൂന്ന്

പേടിയാട്ടമ്മയ്ക്ക് ജാതവൻ എന്ന് പേരായ ഒരു മകനും അമ്മയ്ക്ക് അടിമ കിട്ടിയ രണ്ട് കുട്ടികളും ഉണ്ട്. അവർ ജാതവന്റെ കളിക്കൂട്ടുകാരാണ്. അംഗക്കാർ എന്നാണ് ഇവരുടെ പേര്. ഒരിക്കൽ ഇവർ മൂവരും ഉത്സവം കാണാൻ അമ്മാഞ്ചേരിക്കാവിലേക്ക് പുറപ്പെടാൻ ഒരുങ്ങി. പേടിയാട്ടമ്മയുടെ അനുജത്തിയാണ് അമ്മാഞ്ചേരി അമ്മ. ഉത്സവത്തിന് പോവരുതെന്ന് പേടിയാട്ടമ്മ വിലക്കുകയുണ്ടായി. ഇത് അനുസരിക്കാതെ മൂന്നുപേരും ഉത്സവത്തിനുപോയി. ഉത്സവം കഴിഞ്ഞ് മദ്യവും മാംസവും വിളമ്പിയുള്ള സൽക്കാരത്തിനു അമ്മാഞ്ചേരിയമ്മ നിർബന്ധിച്ചപ്പോൾ ജാതവനും കൂട്ടുകാരും അത് നിരസിച്ചു. നിർബന്ധം സഹിക്കവയ്യാതായപ്പോൾ കാവിന്റെ മതിൽ ചാടിക്കടന്ന് മൂവരും പുറത്തെത്തി. അമ്മാഞ്ചേരിയിലെ ഉത്സവപങ്കാളികൾ ജാതവന്റെയും കൂട്ടുകാരുടെയും ദേഹത്ത് മദ്യം തളിച്ച് അശുദ്ധിവരുത്തി. അമ്മയോട് അനുസരണക്കേട് കാണിച്ചതിൽ പശ്ചാത്തപിച്ചുകൊണ്ട്

സംഭവിച്ച കാര്യങ്ങൾ അമ്മയോട് ഏറ്റുപറഞ്ഞു. പക്ഷേ അമ്മ കോപിഷ്ഠയാകുകയും അടുക്കലേക്ക് വരേണ്ടെന്നും ഇനി മുതൽ ഉത്തരദിശയിൽ ഒരു ക്ഷേത്രം പണിത് അവിടെ കുടിയിരുന്ന് ആണ്ടിൽ ഒരിക്കൽ തന്റെ അടുക്കൽ വന്നാൽ മതിയെന്നും ആജ്ഞാപിക്കുന്നു. ജാതവൻ മനോവേദനയോടെ തിരികെ യാത്രയായി. അങ്ങനെ അമ്മയുടെ നിർദ്ദേശപ്രകാരം ജാതവൻ കുടിയിരിക്കുന്ന സ്ഥലമാണ് കാക്കാരം കുന്ന്. ഇന്നത് ജാതവൻ കോട്ട എന്നും അറിയപ്പെടുന്നു (അനു. 1.1).

### 3.1.1.14 പാഠഭേദം പതിനാല്

മറ്റൊരു പാഠഭേദത്തിൽ അമ്മയുടെ സഹോദരിയായ അമ്മാഞ്ചേരിയമ്മയെ കാണാൻ ജാതവൻ അമ്മയോട് അനുവാദം ചോദിക്കുന്നു. ചെറിയമ്മ മധ്യമക്കാരിയാണ് അതുകൊണ്ട് നീ പോകേണ്ട എന്നു പറഞ്ഞെങ്കിലും അനുസരിക്കാതെ ചെറിയമ്മയുടെ അടുത്തേക്ക് ജാതവൻ യാത്രയായി. ചെറിയമ്മ സൽക്കാരത്തിന് ക്ഷണിച്ചപ്പോൾ അത് നിരസിക്കുകയും തിരികെ പോരാൻ ഒരു കുതിരയെ ചോദിക്കുകയും ചെയ്തു. കുതിരയെ നൽകിക്കൊണ്ട് പോരാൻ ഒരുങ്ങിയ ജാതവന്റെ മേൽ ചെറിയമ്മ കള്ളും തവിടും കൂട്ടി എറിയുന്നു. ഇത് കുതിരയുടെ ദേഹത്ത് പതിഞ്ഞതുകൊണ്ടാണ് കുതിരപ്പുറത്ത് പുള്ളികൾ കാണുന്നത് എന്ന് ഐതിഹ്യം. ആ കുതിരയെ ചാടിച്ച മതിൽ ഇപ്പോഴും എത്ര തവണ പുതുക്കിപണിതാലും വീണ്ടും പൊളിഞ്ഞുപോകുന്നു എന്നാണ് വിശ്വാസം. മറിച്ച് ജാതവൻ മദ്യപിച്ച് മദോന്മത്തനായാണ് പേടിയാട്ടമ്മയുടെ അടുക്കലേക്ക് വന്നതെന്നും മറ്റൊരൈതിഹ്യം (അനു. 1.5).

### 3.1.1.15 പാഠഭേദം പതിനഞ്ച്

ഒരു കഥയിൽ കുടിൽപുരയ്ക്കൽ തറവാട്ടുകാർ പണ്ട് ഉത്സവനടത്തിപ്പിന് ചോപ്പൻമാരായി കാവുകളിൽ പോവാറുണ്ടായിരുന്നു. അങ്ങനെ മുക്കത്തക്കടവിനപ്പുറത്തുള്ള ഒരു കാവിലേക്ക് ഉത്സവനടത്തിപ്പിന് പോയപ്പോൾ അവിടത്തെ വെളിച്ചപ്പാട് നിങ്ങൾക്ക് ഒരു ദേവനും ദേവിയും വന്നിട്ടുണ്ടെന്നും ഇപ്പോൾ തന്നെ നിങ്ങൾ അങ്ങോട്ട് തിരിച്ചുപോകണമെന്നും ആവശ്യപ്പെടുന്നു. ഉത്സവം നടത്തിക്കൊടുത്ത് കാശും വാങ്ങിച്ചു തിരിച്ചുപോരുകയാണ് പതിവായി അവർ ചെയ്തിരുന്നത്. അതുകൊണ്ടു തന്നെ ഉത്സവം കഴിയുന്നതുവരെ അവർ കാത്തുനിന്നു.

അവർ തിരിച്ചുപോരാത്തതുകൊണ്ട് കോമരം അവിടുത്തെ ചരിഞ്ഞ കുങ്കുമമര ത്തിൽ തലകീഴായി കിടന്ന് അവർപോരാതെ എണീക്കുകയില്ല എന്ന് പറഞ്ഞത്രേ.

ഉത്സവം കഴിഞ്ഞു മക്കൾ വരുമ്പോഴേക്കും അമ്മ (മൂത്ത കാരണവത്തി) തറവാട്ടിൽ താലപ്പൊലി ഒരുക്കിവയ്ക്കാറുണ്ട്. അന്നും പതിവുപോലെ അമ്മ താല പ്പൊലി ഒരുക്കി കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവിടെ ഉത്സവം നടന്നുകൊണ്ടി രിക്കുമ്പോൾ ഇവിടെ തറവാട്ടിൽ 'അമ്മേ.... അമ്മേ' എന്ന വിളികേട്ടതിനെത്തു ടർന്ന് മക്കളാണെന്നു കരുതി വാതിൽ തുറന്നു താലപ്പൊലിയേന്തി നോക്കുമ്പോൾ ആരെയും കണ്ടില്ല. കതകടച്ച് അമ്മ കിടന്നു. രണ്ടാം തവണയും വിളിച്ചു കതകു തുറന്നുനോക്കിയപ്പോൾ ആരെയും കണ്ടില്ല. മൂന്നാം തവണ അമ്മേ എന്നു വിളിച്ച പ്പോൾ അമ്മ 'മക്കളേ ഇനി അമ്മയെ പറ്റിക്കല്ലേ എനിക്ക് വയസ്സായില്ലേ' എന്നു പറയുന്നു. ആ സമയം 'ഞങ്ങളെന്ന്യാണമ്മേ' എന്നുള്ള മറുപടി കേൾക്കുന്നു. പിറ്റേ ദിവസം കാലത്ത് പേടിയാട്ട്നിന്ന് ഒരു കോമരം ഉറഞ്ഞുതുള്ളി വന്ന് ദേവനെ ഇവിടെ കുടിയിരുത്തുന്നുണ്ട്, നിങ്ങൾ അടിയാന്മാരായി ഇരിക്കണം എന്നു പറയുകയും ചെയ്യുന്നു. ഇങ്ങനെയും ഒരു കഥയുണ്ട്. അതുകൊണ്ടാണ് ജാതവൻ ഊരുചുറ്റി വരുമ്പോൾ മൂത്ത കാരണവത്തി താലപ്പൊലിയേന്തി ജാത വനെ സ്വീകരിക്കുന്നത് എന്ന് ഐതിഹ്യം (അനു. 1.11).

#### 3.1.1.16 പാഠഭേദം പതിനാറ്

കുന്നത്തു തറവാട്ടിലെ ഒരു കാരണവർക്കൊപ്പം വടക്കുനിന്നും (മൂകാംബി കഭാഗം) വന്ന ആയോധനകലകളിൽ പ്രാവീണ്യമുള്ള ഒരു യുവയോദ്ധാവാണ് ജാതവനെന്നും ജാതവന്റെ വരവോടുകൂടിയാണ് ഊരുതെണ്ടലിലും ഉത്സവത്തോട നുബന്ധിച്ചുള്ള കാരകളിയിലും പടകാളിത്തല്ലിലും ആയോധനകലകൾ പ്രകടമാ കുന്നതെന്നാണ് പറയപ്പെടുന്നത് (അനു. 1.4).

#### 3.1.1.17 പാഠഭേദം പതിനേഴ്

പേടിയാട്ട് ഭഗവതിയുടെ സഹോദരിമാരിൽ തിരൈങ്ങാട്ട് (തിരുവളയനാട്) ഭഗവതി ശുദ്ധം തീരെയില്ലാത്ത മധ്യമക്കാരിയാണ്. കാരണം തിരൈങ്ങാട്ട് ഭഗവതി മത്സ്യമാംസാദികൾ സേവിക്കുന്ന കൂട്ടത്തിലാണ്. എന്നാൽ പേടിയാട്ട് ഭഗവതി

ശ്രേഷ്ഠഭാവമുള്ള ഉത്തമക്കാരിയാണ്. തിരുവളയനാട്ട് ദേവിയാണ് തിരൈ ങ്ങാട്ടെന്നും ഐതിഹ്യം.

ഒരിക്കൽ ജാതവൻ പേടിയാട്ട് ഭഗവതിയായ തന്റെ അമ്മയോട് ചെറിയമ്മ യായ തിരൈങ്ങാട്ട് ഭഗവതിയെ കാണാൻ പോകുവാനുള്ള അനുവാദം ചോദി ക്കുന്നു. എന്നാൽ പേടിയാട്ടമ്മ ആദ്യം നിഷേധിച്ചെങ്കിലും മകന്റെ നിർബന്ധത്തി നുവഴങ്ങി കണിശമായും പാലിക്കേണ്ട ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ പോകാൻ സമ്മതം കൊടുക്കുന്നു. സഹോദരിയായ തിരൈങ്ങാട്ട് ഭഗവതിയുടെ കൈയിൽ നിന്നും മത്സ്യമാംസാദികളും കള്ളും വാങ്ങിക്കഴിക്കരുതെന്നായിരുന്നു ആ കരാർ. കരാറിന്റെ അടിസ്ഥാനത്തിൽ ജാതവൻ തിരൈങ്ങാട്ടേക്ക് പുറപ്പെടുന്നു. തിരൈങ്ങാട്ട് കാവിൽ എത്തിയപ്പോൾ ചെറിയമ്മ നല്ല മദ്യലഹരിയിൽ ഇരിക്കുന്ന താണ് ജാതവൻ കാണുന്നത്. ജാതവനെ സൽക്കരിച്ചിരുത്തിയ ചെറിയമ്മയിൽ നിന്നും അമ്മയ്ക്കു കൊടുത്ത വാക്ക് ലംഘിച്ചുകൊണ്ട് മദ്യവും മത്സ്യമാംസാദി കളും കഴിക്കുകയുണ്ടായി. മദ്യം കഴിച്ച ലഹരിയിൽ പുറപ്പെടാനൊരുങ്ങുന്ന ജാത വനോട് തിരൈങ്ങാട്ട് ഭഗവതി തിരിച്ചുപോരുവാനായി ഇഷ്ടപ്പെട്ട കുതിരയെ തിര ഞ്ഞെടുക്കാൻ പറയുന്നു. വെള്ളയിൽ പുള്ളിയുള്ള കുതിരയെയാണ് ജാതവൻ തെരഞ്ഞെടുക്കുന്നത്. ശേഷം തിരൈങ്ങാട്ട്കാവിൽനിന്നും കുതിരപ്പുറത്തുകയറി മതിലിനുമുകളിലൂടെ കുതിരയെ ചാടിച്ചുപോകാൻ മുതിർന്നപ്പോൾ മതിൽ പൊളി ഞ്ഞെന്നാണ് ഐതിഹ്യം (അനു. 1.5).

### 3.1.1.18 പാഠഭേദം പതിനെട്ട്

പാഠഭേദം 14ലെ കഥ തോറ്റംപാട്ടിലൂടെ മറ്റൊരു രൂപത്തിലും പ്രചാരത്തിലു ണ്ട്. പേടിയാട്ടയമ്മയെ ധിക്കരിച്ച് ജാതവൻ അമ്മാഞ്ചേരി അമ്മയുടെ അടുക്കൽ പോവുകയും എന്നാൽ മദ്യവും മാംസവും കൊണ്ടുള്ള ചെറിയമ്മയുടെ സൽക്കാരം തിരസ്കരിച്ച് കുതിരയെയെടുത്ത് മതിൽ ചാടിക്കടന്ന് പോരുന്നതിനി ടയിൽ ചെറിയമ്മ മദ്യവും തവിടും കൂട്ടിക്കുഴച്ച് ജാതവനെ എറിഞ്ഞതിനാൽ അശു ദ്ധമാവുകയും ചെയ്യുന്നു. ദേഹം അശുദ്ധിയായി തിരിച്ചെത്തിയ മകനെകണ്ട് അതീവ കോപിഷ്ഠയായ പേടിയാട്ടമ്മ ഇനിമേൽ തന്റെ അടുത്തേക്ക് വരരു തെന്നും എന്നെ കാണരുതെന്നും വിലക്കുകയുണ്ടായി. ജാതവൻ അതിയായ വിഷ മത്തോടെ അമ്മയിൽനിന്നും അകന്നുനിന്നു. പിന്നീട് പുത്രവാത്സല്യംകൊണ്ട് ദയ

തോന്നിയ ദേവി മകനെ അടുക്കലേക്കു വിളിച്ച് ഒരു പിടി ഇലഞ്ഞിക്കുരു വാരി ക്കൊടുത്തുകൊണ്ട് 'കാക്കാരൻ കുന്നിൽ കാക്കക്കിരിക്കാൻ പോലും തണലില്ലാ ത്തിടത്ത് ഈ ഇലഞ്ഞിക്കുരുക്കൾ വിതറാൻ പറയുന്നു'. ഇലഞ്ഞി മുളച്ച് മരമായി അതിന്റെ തണലിൽ കുടിയിരിക്കാനും നിർദ്ദേശിക്കുന്നു. വർഷത്തിലൊരിക്കൽ തുലാമാസത്തിലെ കറുത്ത വാവിന് അമ്മ പേടിയാട്ട്കാവിൽനിന്നും പുറപ്പെട്ട് കട ലുണ്ടിക്കടവിൽ ആറാട്ടിനായി പോകുന്ന സമയം വന്ന് കണ്ടുകൊള്ളാൻ മകന് അനുവാദം നൽകുന്നു. എന്നിരുന്നാലും മൂന്നടി അകലെനിന്ന് മാത്രമേ ദർശിക്കാൻ പാടുള്ളു എന്നും പറയുന്നു. മനോവേദനയോടെ ജാതവൻ അമ്മയുടെ നിർദ്ദേശപ്ര കാരം കാക്കാരംകുന്നെന്ന സ്ഥലത്ത് കുടിയിരുന്നു (അനു. 1.1).

#### 3.1.1.19 പാഠഭേദം പത്തൊമ്പത്

പുരാവൃത്തസൂചകമായി പരാമർശിക്കപ്പെട്ടിട്ടുള്ള ഒന്നാമത്തെ പാഠഭേദ ത്തിൽ പേടിയാട്ടമ്മയുടെ ഛേദിക്കപ്പെട്ട തലയുമായി ഉപ്പുകുറുക്കുന്നവർ കറുത്ത ങ്ങാട്ട് ഇല്ലത്തുവരികയും ഇല്ലത്തുള്ളവർ ഭയന്ന് അവരെ തിരിച്ചയക്കുകയാണുണ്ടാ യത്. അതിനു ശേഷം ഇല്ലം നശിച്ചുപോകുന്നു. കോട്ടയിൽനിന്ന് ജാതവൻ പുറ പ്പെട്ട് ഊരു തെണ്ടുന്നതിനിടയിൽ അവിടെ സന്ദർശിക്കുന്നുണ്ട്. അവിടെ നല്ലച്ഛ നായ ശിവഭഗവാന്റെ ചൈതന്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിനാലാണ് ജാതവൻ പുറപ്പാടിനിടയിൽ അവിടേക്ക് വരുന്നത്. ശേഷം ഉത്സവനാളിൽ അമ്മയും മകനും ഒന്നിച്ച് അവിടം സന്ദർശിക്കുന്നതായും പുരാവൃത്തം പറയുന്നു (അനു. 1.52).

പാഠഭേദം നാലിലെ പുരാവൃത്തത്തിൽ പേടിയാട്ടമ്മക്ക് നാല് സഹോദരിമാ രുണ്ടെന്ന സൂചനയാണുള്ളത്. എന്നാൽ പേടിയാട്ടമ്മക്ക് അമ്മാഞ്ചേരിയമ്മയെന്ന ഒരു സഹോദരിമാത്രമേ ഉള്ളൂവെന്ന വിശ്വാസമാണ് പ്രബലമായി നിലനിൽക്കുന്ന ത്. 'പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും' എന്ന പഴമൊഴി ഈ വിശ്വാസത്തെ അന്വർത്ഥമാക്കുന്നു. മറ്റൊന്ന് ഉപ്പ് കുറുക്കുന്നവർക്ക് അമ്മ യുടെ ശിരച്ഛേദം കിട്ടിയതിനുശേഷം ആദ്യം മടവമ്പാട്ടാണ് കൊണ്ടുവന്നതെന്നും ആയതിനാൽ അവിടെ ദേവിയുടെ ചൈതന്യം ഉണ്ടെന്നും വിശ്വസിക്കുന്നു. മറ്റിട ങ്ങളിൽ ദേവിയുടെ ഛേദിക്കപ്പെട്ട ശരീരഭാഗങ്ങളാണുള്ളതെന്ന് പറയപ്പെടുന്നു. വളയനാട്ടമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ എന്നീ ക്ഷേത്രപരിസരങ്ങളിലെ വിശ്വാസികളിൽ പേടിയാട്ടമ്മയുടെ സഹോദരിമാരാണെന്ന വിശ്വാസം നില

നിൽക്കുന്നില്ല. അങ്ങനെയെങ്കിൽ കടലുണ്ടിയിൽ പേടിയാട്ടമ്മയെ കുടിയിരുത്തിയതിനു ശേഷമുള്ള സാമൂഹിക സാഹചര്യങ്ങളിൽനിന്ന് വിശ്വാസികൾ സൃഷ്ടിച്ച പുരാവൃത്തങ്ങളാണ് ഇത് എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

#### 3.1.1.20 പാഠഭേദം ഇരുപത്

പേടിയാട്ടമ്മയുടെ ദിവ്യതേജസ്സടങ്ങിയ പെട്ടി ലഭിച്ചതിനുശേഷം ദേവിയുടെ വിഗ്രഹ പ്രതിഷ്ഠയ്ക്കു വേണ്ടിയുള്ള ആലോചനകൾ നടന്നു തുടങ്ങി. അതുപ്രകാരം ദാരുശില്പം പണിയുവാൻ ശില്പിയെ കൊണ്ടുവന്നു. പെട്ടിയിലുണ്ടായിരുന്ന മൂന്ന് സുഷിരങ്ങളിലൂടെ നോക്കിയശേഷം ദേവീചൈതന്യത്തിന്റെ വിഗ്രഹ രൂപം കൊത്തിയെടുക്കുന്നു. വിഗ്രഹം പൂർത്തീകരിച്ചതിനുശേഷം ശില്പഭംഗി വിലയിരുത്താൻ വേണ്ടി ശില്പി ഒരു കണ്ണടച്ച് സൂക്ഷിച്ചുനോക്കി. 'ഹായ് എന്ത് ഭംഗി' എന്ന് പറയുകയുണ്ടായി. ആയതിനാൽ ദേവി കോപിക്കുകയും ശില്പിയുടെ രണ്ടു കണ്ണും പൊട്ടിപ്പോയി എന്നും ഐതിഹ്യം (അനു. 1.5).

#### 3.1.1.21 പാഠഭേദം ഇരുപത്തിയൊന്ന്

ഇരുപതാം പാഠഭേദത്തിൽ ദേവിയുടെ ദാരുശില്പ പൂർത്തീകരണത്തിനു ശേഷം വിഗ്രഹത്തെ സൂക്ഷിച്ചുനോക്കിയ ശിൽപിയുടെ കണ്ണ് പൊട്ടിപ്പോയി എന്നാണെങ്കിലും ഇരുപത്തൊന്നാം പാഠഭേദത്തിൽ ശില്പിയുടെ കണ്ണ് കോങ്കണ്ണായി എന്നും ആശാരിയുടെ കുലംതന്നെ നശിച്ചുപോയെന്നുമാണ് ഐതിഹ്യം (അനു. 1.5).

#### 3.1.1.22 പാഠഭേദം ഇരുപത്തിരണ്ട്

ഉപ്പുകുറുക്കാൻ പോയവർ കടലിൽ ഒരു തോണി ആടി ഉലയുന്നത് കണ്ട് സൂക്ഷിച്ചുനോക്കിയപ്പോൾ തോണിയുടെ അണിയത്ത് ആടയാഭരണങ്ങൾ അണിഞ്ഞ് അതിസുന്ദരിയായ ഒരു സ്ത്രീ ഇരിക്കുന്നതുകണ്ട് പെട്ടെന്ന് അവർ തോണിയുടെ അടുത്തേക്ക് ഓടിച്ചെന്ന് സ്ത്രീയെ കടന്നുപിടിക്കാൻ ശ്രമിച്ചപ്പോൾ പങ്കായംകൊണ്ട് തല ഛേദിക്കപ്പെടുന്നു. ഉടൽ കടലിലേക്ക് താണ് പോവുകയും ചെയ്തു. കാര്യങ്ങൾ പന്തിയല്ലെന്ന് മനസ്സിലാക്കിയ അവർ തലയുമായി ഓടി കുന്നത്ത്തറവാട്ടിൽ വന്നു. എന്നാൽ അവിടെ ഇരിക്കാൻ തോന്നിയില്ല എന്നും

പിന്നീട് കറുത്തങ്ങാട്ട് വന്നു, ഒടുവിൽ പേടിയാട്ട് വന്നിരുന്നു. അങ്ങനെയാണ് അവിടെ പ്രതിഷ്ഠ നടത്തിയത് എന്നാണ് മറ്റൊരൈതിഹ്യം (അനു. 1.33)..

### 3.1.1.23 പാഠഭേദം ഇരുപത്തിമൂന്ന്

അമ്മാഞ്ചേരിയമ്മ തെറിപ്പിച്ച കള്ളല്ല ജാതവന്റെ ദേഹത്തെ പുള്ളികൾ എന്നും മറിച്ച് ചോരപ്പുള്ളികളാണ് ഉള്ളതെന്നും മറ്റൊരൈതിഹ്യം. അതിനുകാരണം, ജാതവന് രണ്ട് സഹോദരങ്ങളുണ്ട്. അവർ വലിയ സ്നേഹത്തിലായിരുന്നു. ഒരു പാത്രത്തിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞവരാണ്. പരസ്പരം പറയാതെ ഒരാൾ എവിടെയോ യാത്രപോയി. ഇതിൽ ക്ഷുഭിതനായി പരസ്പരം വെട്ടിമരിക്കുകയാണുണ്ടായത്. സഹോദരങ്ങളുടെ വഴക്കിന്റെ ഇടയിൽപ്പെട്ട ജാതവന്റെ ദേഹത്ത് ആ സമയം തെറിച്ച ചോരപ്പാടുകളാണുള്ളതെന്ന് ഐതിഹ്യം (അനു. 1.32).

പേടിയാട്ട്കാവിലും ജാതവൻകോട്ടയിലും വ്യത്യസ്ത അനുഭവകഥകളും നിലനിൽക്കുന്നുണ്ട്.

### 3.1.1.24 പാഠഭേദം ഇരുപത്തിനാല്

ഒരു അനുഭവകഥയിൽ ഒരു കുടുംബത്തിൽ കുടുംബനാഥന് ഭാര്യയിൽ അദ്ദേഹത്തിനു ജനിച്ച കുഞ്ഞിന്റെ പിതൃത്വത്തിൽ സംശയം ജനിക്കുകയും തുടർന്ന് കുടുംബത്തിൽ കലഹം ഉണ്ടാകുകയും ചെയ്യുന്നു. വിഷയം രൂക്ഷമായതിനെത്തുടർന്ന് ഒടുവിലത്തെ തീർപ്പിനായി നാട്ടുനടപ്പായ പേടിയാട്ട്കാവിലെ സത്യക്കല്ലിൽ സത്യംചെയ്യുക എന്ന ആചാരത്തിനായി വിടുകയുമുണ്ടായി. തുടർന്ന് ഇരുവരും ഈറനുടുത്ത് ശുദ്ധിയോടെ വരികയും സ്ത്രീ സത്യക്കല്ലിൽ കയറുകയും ചെയ്യുന്നു. പക്ഷേ കുടുംബനാഥൻ കയറാതെ തിരിച്ചുപോവുകയാണുണ്ടായത്.

സത്യക്കല്ലിൽ കയറിനിന്നുകൊണ്ട് അസത്യമാണ് ചെയ്യുന്നതെങ്കിൽ മൃത്യു സംഭവിക്കുമെന്ന വിശ്വാസമാണ് സത്യക്കല്ലിന്റെ ഐതിഹ്യത്തിലുള്ളത്. ഇങ്ങനെയൊരു ഐതിഹ്യകഥയും നിലനിൽക്കുന്നു. കൂടാതെ ഭഗവതി പറമ്പത്ത് സ്വർണ്ണം എന്ന സ്ത്രീയും സത്യക്കല്ലിൽ കയറിയവരിൽ ഒരാളാണ് (അനു. 1.41).

### 3.1.1.25 പാഠഭേദം ഇരുപത്തിയഞ്ച്

പേടിയാട്ട് ഭഗവതിക്കാവിന്റെ അവകാശികളിൽ ഒരു തറവാട്ടുകാരായ മനേഴി ഇല്ലത്തിന്റെ മുറ്റത്ത് നിറയെ കായ്ക്കുന്ന ഒരു മാവ് വളർന്നിരുന്നു. ഒരു വെള്ളിയാഴ്ച കടപ്പുറത്തെ മുക്കാടിക്കുട്ടികൾ (മുക്കുവക്കുട്ടികൾ) ഇല്ലത്തുകാർ പറഞ്ഞതനുസരിക്കാതെ മാങ്ങ പറിക്കാൻ ശ്രമിച്ചു. എന്നാൽ കുട്ടികൾ മാങ്ങ പറിച്ചിട്ടേ പോകൂ എന്ന് പറഞ്ഞുകൊണ്ട് മാവിന്റെ അടുത്തെത്തി. ആ സമയം മുടിയഴിച്ച് വെളുത്ത വസ്ത്രമണിഞ്ഞ് ഒരു സ്ത്രീ അവർക്കുമുന്നിൽ പ്രത്യക്ഷപ്പെട്ടു. കുട്ടികൾ ഭയന്നു വിറച്ച് മാങ്ങ പറിക്കാൻ നിൽക്കാതെ ഓടിപ്പോകുകയുണ്ടായി. ഭഗവതിപ്പറമ്പത്ത് സ്വർണ്ണകുമാരി എന്നുപേരായ സ്ത്രീ മനേഴി ഇല്ലത്ത് പോയി അനുവാദത്തോടെ കറിയിലിടാൻ മാങ്ങ വേണം എന്ന് മനസ്സിൽ പേടിയാട്ടമ്മയെ വിചാരിച്ച് വീട്ടുകാരോട് സമ്മതം ചോദിക്കുന്നു. തുടർന്ന് മാങ്ങ പറിച്ച് തിരിച്ച് പോരുന്ന വഴിയിൽ സിനിമാഹാൾ ജോലിക്കാരന് രണ്ടെണ്ണം കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെയൊരു അനുഭവകഥ കൂടിയുണ്ട് (അനു. 1.41).

### 3.1.1.26 പാഠഭേദം ഇരുപത്തിയാറ്

ഒരു അനുഭവകഥയിൽ പനയമഠം വാസുനായർ പറയുന്നത് ഇങ്ങനെ, കൊറോത്ത് മേനോൻ സമുദായത്തിലെ ഒരു കാരണവർ ഭഗവതിക്ക് ഒരു പവൻ നേർച്ച കൊടുക്കാമെന്ന് പറഞ്ഞിരുന്നു. ആവശ്യം ഭംഗിയായി നിറവേറ്റിയപ്പോൾ അദ്ദേഹം അത് നൽകിയില്ല. ആ വർഷം നല്ല കൊടുങ്കാറ്റും മഴയും ഉണ്ടായി. മഴയുടെ കൂടെ അയാളും പോയി എന്ന് കഥ (അനു. 1.7).

### 3.1.1.27 പാഠഭേദം ഇരുപത്തിയേഴ്

മറ്റൊരു അനുഭവകഥ പരുത്തിക്കാടൻ ലക്ഷ്മണൻ പറയുന്നത് ഇങ്ങനെ. നാടുവാഴി തറവാട്ടിലെ ചാണകക്കുഴി കഴുത്തോളം നിറഞ്ഞ് നിൽക്കുന്ന സമയമായിരുന്നു. തറവാട്ടിലെ വസ്ത്രങ്ങൾ അലക്കി ഉണക്കി കൊണ്ട് വന്നിരുന്നത് വാല്യക്കാരത്തികളായിരുന്നു. വൈകുന്നേരങ്ങളിൽ വീടുകളിലേക്ക് എത്തിക്കുകയായിരുന്നു പതിവ്. ഒരിക്കൽ വൈകുന്നേരം വാല്യക്കാരത്തി എത്തിയപ്പോൾ ചാണകക്കുഴി വൃത്തിയാക്കാൻ തമ്പുരാൻ കല്പിച്ചു. എന്നാൽ കുടീല് കഞ്ഞി വെച്ചിട്ടില്ല ഞാൻ നാളെ ചെല്ലാമെന്ന് പറഞ്ഞ് അവർ ഒഴിയാൻ ശ്രമിച്ചു. ധിക്കാരം കാണിച്ചു

എന്നുപറഞ്ഞ് തമ്പുരാൻ സ്ത്രീയെ ചാണകക്കുഴിയിൽ നിർത്തി. വീട്ടിലേക്ക് പറഞ്ഞയച്ചില്ല. വാല്യക്കാരത്തിയെ കാണാതായപ്പോൾ അവരുടെ ഭർത്താവ് അന്വേഷിച്ച് നാടുവാഴി തറവാട്ടിൽ എത്തി. അയാൾ മാന്ത്രികനായിരുന്നു.

അടിയന്റെ പെണ്ണ് എവിടെയെന്ന് തമ്പ്രാനോട് തിരക്കി. കാര്യം അറിഞ്ഞപ്പോൾ എന്നാൽ തന്റെ പെണ്ണ് ഇവിടെ നിന്നോട്ടെ നിങ്ങളുടെ മകളെ എനിക്ക് കിട്ടിയാൽമതി എന്ന് പറയുകയുണ്ടായി. ഇത് പറഞ്ഞ സമയം ഒരു പൂവ് നിലത്തുവന്നുവീണു. ആ സമയം തമ്പ്രാന്റെ മകൾ കുളിച്ച് ഈറനോടെ വന്ന് മുടിയിൽ ചൂടാൻ പൂവ് എടുത്ത മാത്രയിൽ തമ്പുരാട്ടി അപ്രത്യക്ഷമായി. മാന്ത്രികനായതിനാൽ തമ്പുരാട്ടിയെ പൂവിനോട് ആകർഷിപ്പിച്ചത് വാല്യക്കാരിയുടെ ഭർത്താവായിരുന്നു. തമ്പുരാൻ മകളെ പരിസരത്തെല്ലാം തിരഞ്ഞ് വാതിലുകൾ ചവിട്ടിപ്പൊളിച്ച് എല്ലായിടത്തും അന്വേഷിച്ചു. പക്ഷേ കണ്ടില്ല. അവൾ വണ്ടായിപ്പോയി എന്ന് മന്ത്രവാദി പറയുകയും ചെയ്തു (അനു. 1.5).

### 3.1.1.28 പാഠഭേദം ഇരുപത്തിയെട്ട്

ഒരു അനുഭവകഥയിൽ പുതുകുളങ്ങര വത്സല പറഞ്ഞത് അവരുടെ വീട് പുതുക്കിപണിയുന്ന സമയത്ത് പിൻപുറത്ത് വിജയന്റെ വീട്ടിലായിരുന്നു അവർ താമസിച്ചിരുന്നതെന്നും, ഉത്സവദിവസം ഉച്ചഭക്ഷണത്തിനുശേഷം ഭഗവതിയുടെ എഴുന്നള്ളത്ത് കാത്തിരിക്കുകയായിരുന്ന അവരുടെ അടുത്തേക്ക് വെളിച്ചപ്പാട് ഓടിവന്ന് നെറ്റിയിൽ വെട്ടിമുറിവേൽപ്പിച്ചുകൊണ്ട് അരുതാത്തത് ചെയ്തിട്ടുണ്ടെന്നും വേഗം പേടിയാട്ടേക്ക് പൊയ്ക്കൊള്ളാനും കല്പിച്ചു എന്നാണ്. ഭഗവതി പേടിയാട്ട് തിരിച്ചെഴുന്നള്ളിയതിനുശേഷമുള്ള വെളിച്ചപാടിന്റെ കല്പനയിൽ അവരുടെ വീട്ടിൽ ബാക്കിവന്ന ഭക്ഷണം കുഴിച്ചുമൂടിയില്ലെന്നും ദേവിക്ക് വെന്തവെളിച്ചെണ്ണ ഉപയോഗിച്ചില്ലെന്നും അരുൾചെയ്തതായും പുതുകുളങ്ങര വത്സല വിവരിച്ചു. ഉത്സവദിവസം വീട്ടിൽ മിച്ചംവരുന്ന പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും കുഴിച്ചുമൂടണമെന്നതും, പേടിയാട്ട്കാവിൽ വൈകുന്നരം നടക്കുന്ന ദേവിയുടെ കുടികൂട്ടൽച്ചടങ്ങിനുശേഷം മാത്രമേ രാത്രിയിലേക്കുള്ള ഭക്ഷണം പാകംചെയ്യാൻ പാടുള്ളുവെന്നതും ദേവി എഴുന്നള്ളുന്ന പഴയ തറവാടുകളിലെ ആചാരമാണ്. അതുപോലെതന്നെ, ദേവി എഴുന്നള്ളുമ്പോൾ കൊളുത്തിവെയ്ക്കുന്ന നിലവിളക്കിൽ വെന്തവെളിച്ചെണ്ണയാണ് ഉപയോഗിക്കേണ്ടത് എന്നുമുണ്ട് (അനു. 1.116).

### 3.1.1.29 പാഠഭേദം ഇരുപത്തിയൊൻപത്

ജാതവൻ കോട്ട കത്തിപ്പോയ ഒരു കഥ നിലവിലുണ്ട്. ജാതവൻ കോട്ടയിൽ നിലവിളക്ക് കൊളുത്തുന്നതിനിടയിൽ തീ പടർന്ന് കോട്ട കത്തിനശിച്ചുപോയി. രണ്ട് പ്രാവശ്യം കോട്ട കത്തിയിട്ടുണ്ടെന്നാണ് പഴമക്കാരുടെ വർത്തമാനത്തിലുള്ള ത്. അക്കാലത്ത് ജാതവൻ കോട്ട ഓല കൊണ്ടു മേഞ്ഞതായിരുന്നു. ആദ്യം കത്തി നശിച്ചപ്പോൾ മനേഴി മൂസതാണ് പുനർനിർമ്മിച്ചത്. അദ്ദേഹത്തിന്റെ ഭാര്യയുടെ കെട്ടു താലി വിറ്റിട്ടാണ് പണി കഴിപ്പിച്ചത്. അതുപോലെ രണ്ടാമത് കത്തി നശി ച്ചപ്പോൾ കുന്നത്ത് നമ്പ്യാരായിരുന്നു പുനർനിർമ്മിച്ചത്. പിന്നീട് ഓട് മേയുകയുമു ണ്ടായി (അനു. 1.21).

### 3.1.1.30 പാഠഭേദം മുപ്പത്

അമ്മദൈവങ്ങളുടെ വരവിനെകുറിച്ച് പരിശോധിക്കുമ്പോൾ മരത്തി ലേറിവന്നു എന്നാണ് ഐതിഹ്യങ്ങളായി പ്രചരിച്ചിരിക്കുന്നത്. അതുപോലെതന്നെ പേടിയാട്ട്ദേവിയുടെ ഒരു പാഠഭേദത്തിൽ ഇങ്ങനെ പറയുന്നു. കടലുണ്ടിക്കടുത്ത് ബാലാതുരുത്തിപ്പുഴയിലൂടെ മരത്തിൽ കയറിവന്നുവെന്നും വാക്കയിൽ കറുത്ത മ്മാട്ടിൽ തറവാട്ടിലെ കാരണവർ ഉപ്പ് വിറ്റുതീരാതെ വന്നപ്പോൾ തോണി യിൽതന്നെ കിടന്ന് ഉറങ്ങിപ്പോയി എന്നും പറയപ്പെടുന്നു. ഉപ്പ് കുറുക്കുന്നവരാണ് കറുത്തമ്മാട്ട് തറവാട്ടുകാർ. ഉറക്കത്തിനിടയിൽ പെട്ടെന്ന് ചിലമ്പിന്റെയും അരമണി യുടെയും ശബ്ദംകേട്ട് അദ്ദേഹം ഞെട്ടിയുണർന്നു. മരത്തിൽ ബാലികയുടെ രൂപ ത്തിൽ ഒരു പെൺകുട്ടി ഇരിക്കുന്നതുകണ്ടു. പെട്ടെന്ന് അലറുന്ന ശബ്ദം കേട്ട പ്പോൾ കാരണവർ ആർത്തുവിളിച്ചു കാരണവരുടെ ശബ്ദം കേട്ട് എന്തോ അപ കടം പറ്റിയതാണെന്ന് കരുതി അദ്ദേഹത്തിന്റെ സഹോദരി ഓടിവന്നു. അവരെ കണ്ടതും ബാലിക വെള്ളത്തിലേക്ക് എടുത്തുചാടി. സഹോദരി ഋതുമതിയായിരു ന്നു. ഉടൻതന്നെ കാരണവർ ഭഗവതിയെ ഏന്തിപ്പിടിച്ച് വലിച്ചപ്പോൾ തല കൈയ്യിൽപ്പോന്നു എന്നുമാണ് വിശ്വാസം. ദർശനത്തിൽ ബാലാതിരുത്തിയിലെ മട വമ്പാട് കുടിയിരുത്തണമെന്ന് പറയുകയുണ്ടായി. കുടിയിരുത്തിയതിനുശേഷം അവിടെ പോരായെന്നുകണ്ട് തുടർന്ന് പേടിയാട്ട് കുടിയിരുത്തി. എങ്കിലും മടവ മ്പാട്ട് ക്ഷേത്രത്തിൽ ഇന്നും ഭഗവതിയെ പൂജിച്ചുവരുന്നു. (അനു. 1.32).

### 3.2 ഭഗവതിയും സഹോദരിമാരും

പേടിയാട്ടമ്മയുടെ സഹോദരിമാരാണ് അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, വളയനാട്ടമ്മ, പൂരപ്പറമ്പിലമ്മ എന്ന് കടലുണ്ടി നിവാസികൾ വിശ്വസിച്ചുവരുന്നു. കളിയാട്ടക്കാവ് ഒഴിച്ച് മറ്റു ക്ഷേത്രപരിസരത്തുള്ളവർ ആ ബന്ധം വിശ്വസിക്കുന്നില്ലെങ്കിലും കടലുണ്ടി സാംസ്കാരികപരിസരത്തിന്റെ അടിസ്ഥാനത്തിൽ ഈ അന്വേഷണം പ്രസക്തമാണ്.

#### 3.2.1 കളിയാട്ടക്കാവിലമ്മ - കളിയാട്ടക്കാവ്

മലപ്പുറം ജില്ലയിലെ മൂന്നിയൂർ പഞ്ചായത്തിൽ കോഴിക്കോട് തിരൂരങ്ങാടി റൂട്ടിൽ മുട്ടിച്ചിറയിൽ നിന്നും രണ്ട് കിലോമീറ്റർ ദൂരത്താണ് കളിയാട്ടക്കാവ് സ്ഥിതി ചെയ്യുന്നത്. പ്രധാനമൂർത്തി കളിയാട്ടക്കാവിലമ്മ (അമ്മാഞ്ചേരി ഭഗവതി). ഭദ്രകാളിയുടെ 64-ാമത്തെ രൂപമാണ് ഇവിടെ എന്ന് വിശ്വാസം. ഉപദേവതയായി ഗണപതി, മുണ്ടിയൻ, വേട്ടയ്ക്കൊരുമകൻ തുടങ്ങിയവരാണുള്ളത്. മുണ്ടിയൻ ശിവഭൂതമാണ്. നിത്യപൂജയിലും മണ്ഡലകാലത്ത് നാല്പത്തിയൊന്ന് ദിവസവും ഇടവത്തിൽ ഉത്സവകാലത്ത് പതിനേഴ് ദിവസവും പൂജയുണ്ട്. ക്ഷേത്രം തന്ത്രി ചിറമംഗലം നാരായണൻനമ്പൂതിരിപ്പാടാണ്. ഇടവത്തിലെ ആദ്യത്തെ തിങ്കളാഴ്ച മുതൽ പതിനേഴു ദിവസം ഉത്സവമാണ് ഇതിൽ പന്ത്രണ്ടാമത്തെ ദിവസം പകൽ നടക്കുന്ന കോഴിക്കളിയാട്ടമാണ് പ്രധാനം. അന്നേദിവസം കോഴിവെട്ടുമുണ്ടാകും. കുതിരക്കോലം എഴുന്നള്ളിപ്പുമുണ്ട്. ഇത് മലബാറിലെ ഉത്സവങ്ങളുടെ ഒടുക്കവുമാണ്.

കളിയാട്ടക്കാവ് ഉത്സവത്തോടനുബന്ധിച്ച് പാടുന്ന തോറ്റംപാട്ടിൽ വാവുത്സവത്തെ സംബന്ധിച്ച് അല്പം വ്യത്യസ്തമായ ഐതിഹ്യം പറയുന്നുണ്ട്. അതിൽ മൂത്ത ജേഷ്ഠത്തി പേടിയാട്ട് ഭഗവതിയാണെന്നും യഥാക്രമം കൊടുങ്ങല്ലൂർ ഭഗവതി, പാലയ്ക്കൽ ഭഗവതി, മുളങ്കാവ് ഭഗവതി, ചട്ടിക്കൽ ഭഗവതി, നെല്ലിക്കൽ ഭഗവതി, അമ്മാഞ്ചേരി ഭഗവതി കൊട്ടുദേവൻ കൊടുപിറന്നയപ്പനുമാണ് എന്നാണ് വിശ്വാസം.

കുരുത്തോലകുതിരകളും വാദ്യമേളങ്ങളും കൊണ്ട് ശബ്ദമുഖരിതമായ ആഘോഷമാണ് മൂന്നിയൂർ കളിയാട്ടം. മലയാളമാസത്തിലെ ആദ്യ തിങ്കളാഴ്ച താലപ്പൊലിയോടുകൂടിയാണ് ഉത്സവം ആരംഭിക്കുന്നത്. പിന്നീടുള്ള ദിവസങ്ങ

ളിൽ കളിയാട്ടത്തിന്റെ വരവായിട്ടുള്ള പൊയ്ക്കുതിരകൾ ദേശത്തെ വലംവെയ്ക്കുന്നു. പതിമൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ആഘോഷം ഇടവത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച കോഴിക്കളിയാട്ടത്തോടുകൂടി അവസാനിക്കും. വിവിധ പ്രദേശത്തുനിന്നും ഭക്തജനങ്ങൾ കൊണ്ടുവരുന്ന കോഴി, കുതിരരൂപങ്ങളുടെ ഘോഷയാത്രയിൽ കൊട്ടുവാദ്യങ്ങൾ ഉണ്ടായിരിക്കും. ആചാരപ്രകാരമുള്ള പ്രദക്ഷിണത്തിന് ശേഷം ഈ രൂപങ്ങളെ ക്ഷേത്രത്തിനു സമീപംതന്നെ ഉടച്ചുകളയുകയും വൈകുന്നേരം താലപ്പൊലി ഉണ്ടായിരിക്കുകയും ചെയ്യും.

കളിയാട്ടക്കാവിൽ പ്രാകൃതമെന്ന് തോന്നിപ്പിക്കുന്ന വായ്ത്താരികളും നാട്ടുമൊഴികളുമായി കുരുത്തോലക്കുതിരകളുടെ എഴുന്നള്ളിപ്പുമുണ്ടാവും. ശബ്ദമുഖരിതമാണ് ഈ മഹോത്സവം. പുലർച്ചെ മുട്ടിച്ചിറപള്ളിയിലും തലേന്ന് മമ്പുറം മഖാമിലും വിളക്കുവെച്ച് പൊയ്ക്കുതിരക്കൂട്ടം കളിയാട്ടക്കാവിലേക്ക് പുറപ്പെടുന്നു. കൊട്ടുംപാട്ടുമായി ഊരുചുറ്റുന്നവരുടെ ആവേശത്തിമിർപ്പ് വഴിയോരങ്ങളിൽ വിവിധയിനം കാർഷികവിത്തിനങ്ങളുടെ പെരുങ്കളിയാട്ടം തന്നെ നടക്കുന്നു. ബലിത്തറയിൽ കോഴിക്കുരുതി, ആണ്ടുത്സവത്തിന്റെ ആമോദം ജാതിമതഭേദമെന്യേ എല്ലാവരും ഒത്തൊരുമിച്ച് ആഹ്ലാദം പങ്കിടുന്ന ഇടമാണ് കളിയാട്ടക്കാവ്. കാവിൽ ദർശനത്തിനെത്തുന്നവരുടെ സാന്നിധ്യംകൊണ്ട് ക്ഷേത്രവും പരിസരവും നിറയുന്നു. വെടിക്കെട്ടും ഉത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. 'കളിയാട്ടം കാപ്പൊലിക്കുന്ന' ദിവസം മുതൽ കാത്തിരിപ്പിന്റെയും ഒരുക്കങ്ങളുടെയും നാളുകളാണ്. കടലയും മിഠായിയും സർബത്തും, മോരിൻവെള്ളവും വിൽക്കുന്ന പ്രദേശവാസികളായ കുട്ടികളുടെ വഴിയോരക്കച്ചവടവും കളിയാട്ടക്കാവിൽ കാണുന്നു. കളിയാട്ടത്തലേന്ന് മൂന്നിയൂർ ദേശത്തെ വീടുകളിൽ ബന്ധുക്കൾ നിറഞ്ഞിരിക്കും. കല്യാണം കഴിപ്പിച്ചയച്ച പെൺമക്കളും ദൂരെ ജോലിയെടുക്കുന്ന ഗൃഹനാഥനും ആൺമക്കളും കൂട്ടുകാരുമെല്ലാം കളിയാട്ടത്തിന്റെ ഭാഗമാവുന്നു. കളിയാട്ടത്തിന്റെ നാളും നേരവും കുറിച്ചുകൊടുക്കുക മമ്പുറംതങ്ങളാണ്. അതിൽനിന്നും കളിയാട്ടത്തിന്റെ മതേതരമനസ്സ് വ്യക്തമാകുന്നു. ജനസഹസ്രം മതങ്ങളുടെ വേലിക്കെട്ടുകളില്ലാതെ എല്ലാ മതക്കാരുടെയും സഹായവും സാന്നിദ്ധ്യവുമുണ്ടിവിടെ. മൂന്നിയൂരിന്റെ മതേതരആഘോഷമായി ഇന്നും ഇത് നിലനിൽക്കുന്നു. കളിയാട്ടക്കാവ് സ്ഥിതിചെയ്യുന്നതുകൊണ്ടാണ് ഈ സ്ഥലത്തിന് കളിയാട്ടമുക്ക് എന്ന പേര് വന്നത്.

ശ്രീകോവിലിൽ മേലാളന്റെ പൂജയാണെങ്കിലും മുറ്റത്ത് കോഴിവെട്ടും ഗുരുതിയും നടക്കുന്നു. തിരുമുറ്റത്ത് കോഴിവെട്ട് നടക്കുന്നുണ്ടെങ്കിലും ഒരു തുള്ളി രക്തം പോലും അവിടെ വീഴാൻ പാടില്ല എന്നാണ് ചട്ടം. മേലാളന്റെ പൂജയ്ക്കു പുറമെ ഉത്സവകാലങ്ങളിൽ ചേമ്പട്ടിനായരുടെയും വേലന്റെയും പൂജകൾ നടക്കുന്നു. ചേമ്പട്ടിനായരുടെ പൂജയിൽ മദ്യമില്ല. മാംസമുണ്ട് എന്നാൽ വേലന്റെ പൂജയിൽ മദ്യവും മാംസവും ഉണ്ട്. അങ്ങനെ നോക്കുമ്പോൾ ഉത്തമവും മധ്യമവും, അധഃമവുമായ പൂജകൾ ഇവിടെ നടക്കുന്നുണ്ടെന്ന് പറയാൻ സാധിക്കുന്നു. തലേ ദിവസം തന്നെ അധഃമപൂജക്കുമുമ്പ് ദേവിയെ കോവിലിൽനിന്ന് മാറ്റുകയുംചെയ്യുന്നു.

### 3.2.1.1 ഗണപതികോവിൽ

കാവിന് തെക്ക് ഒന്നരകിലോമീറ്ററോളം അകലെയായി മുണ്ടിയൻതറയും ദീപവുമുണ്ട്. നിലവിൽ പൂജകളോ കർമ്മങ്ങളോ ഒന്നും നടക്കാറില്ല. കളിയാട്ടത്തിന് മുമ്പ് മുണ്ടിയനെ പത്മമിട്ട് ആവാഹിച്ച് പൂജനടത്തി തൃപ്തിപ്പെടുത്തണമെന്നുണ്ട്. വേട്ടക്കൊരുമകന് നാളികേരമുടയ്ക്കുകയും വേണം.

### 3.2.1.2 കുതിരപ്പിലാവ്

ക്ഷേത്രത്തിനുമുന്നിൽ വളർന്ന് പന്തലിച്ച അരയാൽ നിൽക്കുന്നുണ്ട്. അതിന് കുതിരപ്പിലാവ് എന്നാണ് പറയുന്നത്. കോഴിക്കളിയാട്ടദിവസം കാവിൽ ആരാധന നടത്തിയശേഷം കുതിരകളെ അഴിക്കുന്നത് ഇവിടെ വെച്ചാണ്.

### 3.2.1.3 കോഴിക്കല്ല്

കാവിന് തെക്കുകിഴക്കായി ഒരു തറയുണ്ട്. ഇതിന് കോഴിക്കല്ലെന്നാണ് പറയുന്നത്. കോഴിക്കളിയാട്ടദിവസം കോഴികളെ വെട്ടി രക്തം ഒഴുക്കുന്നത് ഇവിടെയാണ്. കാവിൽ നിന്നും കുറച്ചുദൂരം കിഴക്കുഭാഗത്തായി ഒരു കുളവും പാലവൃക്ഷവുമുണ്ട്. കുളത്തിനെ 'പൈങ്ങാക്കുളം' എന്നു വിളിക്കുന്നു. ഈ ക്ഷേത്രക്കുളത്തിനു വളരെ പ്രാധാന്യമുണ്ട്. കാവിന്റെ തെക്കുകിഴക്കുമാറി മറ്റൊരു ക്ഷേത്രമുണ്ട്. അതിനെ 'ചാത്തൻക്ലാരി' (ചാത്തൻകളരി) എന്ന് പറയുന്നു. കളിയാട്ടം കാപ്പൊലിക്കുന്നത് ഇവിടെ വെച്ചാണ്. കാവിനും മുട്ടിച്ചിറയ്ക്കുമിടയിൽ വളരെ വലിയ ആൽവൃക്ഷവും തറയും ചേർന്ന ക്ഷേത്രാന്തരീക്ഷമുള്ള സ്ഥലമുണ്ട്. ഇതിനെ

'കലംകൊള്ളി ആല' എന്നാണ് പറയുന്നത്. കുറച്ച് പടിഞ്ഞാറ് മാറി കാവിലെ മുഖ്യനർത്തകനായിരുന്ന ചേമ്പട്ടിനായരുടെ പള്ളിയറയും കാണാം. തൃക്കുളം ശിവക്ഷേത്രം, തൃക്കുളം ഭഗവതിയാൽ, ഉള്ളണം മുണ്ടിയൻകാവ്, വേങ്ങര അമ്മാഞ്ചേരികാവ് തുടങ്ങിയവ കളിയാട്ടക്കാവുമായി കൂടുതൽ ബന്ധമുള്ള ക്ഷേത്രങ്ങളാണ്.

ദലിത് കൂട്ടായ്മയുടെ ഇടങ്ങളായി മാറിയ കാവുകളിൽ ബ്രാഹ്മണന്റെ ഉത്തമപൂജ ശ്രീകോവിലിലും കീഴാളന് തിരുമുറ്റത്തുമാണ് കോഴിവെട്ടും ഗുരുതിയും നടത്താനുള്ള അവകാശം അനുവദിച്ചു കൊടുത്തിട്ടുള്ളത്. കാവിൽ ബ്രാഹ്മണ പൂജയിൽ മദ്യവും മാംസവും ഇല്ലാതെയും കീഴാളന്റെ പൂജയിൽ ഉണ്ടാവുകയും ചെയ്യുന്നതിനാൽ ഉത്തമപൂജയും അധഃമപൂജയുമായി കണക്കാക്കുന്നു.

### 3.2.2 വളയനാട് ദേവീക്ഷേത്രം

കോഴിക്കോടിന്റെ ചരിത്രത്തോട് കൂടുതൽ ചേർന്നുനിൽക്കുന്ന ക്ഷേത്രമാണ് വളയനാട് ക്ഷേത്രം. ഇതിനെ തിരുവളയനാട് ഭഗവതിക്ഷേത്രം എന്നും വിളിക്കാറുണ്ട്. ക്ഷേത്ര വിജ്ഞാനകോശത്തിൽ തിരുവളയനാട് കാവ് എന്നാണ് എഴുതിയിരിക്കുന്നത്.

പ്രധാന മൂർത്തി സപ്തമാതൃക്കളോട് കൂടിയ ഭദ്രകാളിയാണ്. സാമൂതിരിയുടെ പ്രധാന പരദേവത ശ്രീ വളയനാട്ടമ്മയാണ്. സാമൂതിരി രാജാവ് കോഴിക്കോട് ഭരിച്ചിരുന്നകാലത്ത് തന്റെ വിജയത്തിനും നാടിന്റെ നൻമയ്ക്കുംവേണ്ടി ശ്രീപോർക്കലി ഭഗവതിയെ (കൂത്തുപറമ്പിനും, തലശ്ശേരിക്കും ഇടയിൽ) ആവാഹിച്ചുകൊണ്ടുവന്ന് പ്രതിഷ്ഠിച്ചു എന്ന് ഐതിഹ്യം. ആഴ്ചവട്ടത്തെ തറക്കൽ ഭഗവതിയാണ് ഇതിന്റെ മൂലസ്ഥാനം എന്നും പറയുന്നു. രാജ്യത്തിന്റെ ഐശ്വര്യം കാംക്ഷിച്ച് ശാക്തേയപൂജാസമ്പ്രദായത്തിലുള്ള ഭദ്രകാളിയെ പ്രതിഷ്ഠിച്ച് പണിതീർത്ത ക്ഷേത്രമാണെന്ന് ക്ഷേത്രവിജ്ഞാനകോശത്തിൽ പറയുന്നു.

വള്ളുവക്കോനാതിരിയും സാമൂതിരിയും തമ്മിൽ അധികാര മത്സരമുണ്ടായിരുന്നു. സൈന്യബലവും സാമ്പത്തികവും ധാരാളമുണ്ടായിട്ടും സാമൂതിരി പരാജയപ്പെട്ടപ്പോൾ സാമൂതിരി കാരണമന്വേഷിച്ചു. വള്ളുവക്കോനാതിരിയുടെ ഉപാസനാമൂർത്തിയായ തിരുമാന്ധാംകുന്ന് ഭഗവതിയുടെ ഉപാസനാബലംകൊണ്ട് മാത്ര

മാണ് എല്ലാം ഉണ്ടായിട്ടും വള്ളുവക്കോനാതിരിക്ക് സാമൂതിരിയെ പരാജയപ്പെടുത്താൻ കഴിഞ്ഞത് എന്ന് മനസ്സിലാക്കി. ആയതിനാൽ തിരുമാംന്ധാംകുന്ന് ഭഗവതിയെത്തന്നെ തപസ്സുചെയ്ത് പ്രത്യക്ഷപ്പെടുത്തി സാമൂതിരി തന്റെ നാട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. കൂടെ പോരുമ്പോൾ ഭഗവതി സാമൂതിരി രാജാവിനോടു പറഞ്ഞു. എപ്പോൾ നിങ്ങൾ എന്നെ സംശയിച്ച് തിരിഞ്ഞുനോക്കുന്നുവോ അപ്പോൾ ഞാൻ തിരിച്ചുപോകുമെന്ന്. കുറെ ദൂരം പിന്നിട്ടപ്പോൾ കാൽച്ചിലമ്പിന്റെ ശബ്ദം കേൾക്കാതായി രാജാവ് തിരിഞ്ഞു നോക്കുകയും ഉടൻതന്നെ ദേവി കൈയ്യിൽക്കിടന്ന തിരുവള ഊരി ഞാൻ ഈ വള എറിയുകയാണ് ഇനി എന്റെ സാന്നിദ്ധ്യം ഈ വള വീഴുന്ന സ്ഥാനത്തുണ്ടാകും എന്നുപറഞ്ഞ് അപ്രത്യക്ഷമാകുന്നു. ആ വള ഒരാഴ്ചവട്ടക്കാലം അന്തരീക്ഷത്തിൽ കറങ്ങിയതിനുശേഷം ഇപ്പോൾ ക്ഷേത്രം ഇരിക്കുന്നിടത്ത് പതിച്ചു. തിരുവള കറങ്ങിയ പ്രദേശത്തെ ആഴ്ചവട്ടമെന്നും തിരുവള വീണ സ്ഥലത്തിന് 'തിരുവളയനാട്' എന്ന പേരുമുണ്ടായി എന്നാണ് ഐതിഹ്യം. അന്നുതൊട്ട് സാമൂതിരി സ്വരൂപത്തിന്റെ ഉപാസനദേവതയാണ് ശ്രീ വളയനാട് ദേവി. ഈ തിരുവളയനാട് ആണ് തിരൈങ്ങാട്ട് എന്നു പറയപ്പെടുന്നു (സുകുമാരൻ പുന്നശ്ശേരി, വാഴയിൽ ചന്ദ്രൻ, 2012: 7).

### 3.2.3 ശോഭപറമ്പ് ശ്രീകുരുംബ ഭഗവതിക്ഷേത്രം

ചരിത്രപ്രസിദ്ധമായ മലബാറിലെ പുരാതനമായ ദേവീക്ഷേത്രമാണ് മലപ്പുറം ജില്ലയിൽ താനൂരിൽ സ്ഥിതിചെയ്യുന്ന താനൂർ ശോഭപറമ്പ് ശ്രീ കുരുംബ ഭഗവതി ക്ഷേത്രം. ഇവിടെ കുടികൊള്ളുന്നത് ശാന്തസ്വരൂപിണിയായ ഭദ്രകാളിയാണ്. കൗളാചാരപ്രകാരം ദാരുപീഢവാൽക്കണ്ണാടി സങ്കല്പത്തിൽ പരമ്പരാഗത പൂജാരികളായി വലിയപുരക്കൽ ആവേൻ കുടുംബമാണ് പൂജാദികാര്യങ്ങൾ ചെയ്തുവരുന്നത്. ശോഭപറമ്പ് ക്ഷേത്രത്തിന്റെ മൂലസ്ഥാനം സ്ഥിതിചെയ്യുന്നത് കാരാട് ഭാഗത്തുള്ള നെല്ലൂളിൽ മച്ചിനുള്ളിലാണ്. പുരാതനകാലം മുതൽക്കെ അവിടെ ബ്രാഹ്മണർ അധിവസിച്ചിരുന്നു. അവർ നാഗത്തേയും വേട്ടക്കാരനെയും പൂജിച്ച് വന്നിരുന്നു. ചില സാഹചര്യങ്ങളാൽ ബ്രാഹ്മണർ പാലായനം ചെയ്തതിനുശേഷം നെല്ലൂളിൽ നായർ തറവാട്ടിൽ താമസിച്ചിരുന്നു. അതിൽ ഒരംഗം കൊടുങ്ങല്ലൂരമ്മയുടെ ഉപാസകയായിരുന്നു. അവർ പതിവായി കൊടുങ്ങല്ലൂർ അമ്പലത്തിൽ ദർശനം നടത്തിയിരുന്നു. പ്രായാധിക്യത്താൽ അവർക്ക് അവിടെ ക്ഷേത്രദർശനം നടത്താൻ പറ്റാത്ത അവസ്ഥ വന്നുചേർന്നപ്പോൾ അവർ മനസ്സു

രുകി കൊടുങ്ങല്ലൂരമ്മയെ പ്രാർത്ഥിച്ചു. തിരിച്ചുവരുന്ന വഴിക്കു അവരറിയാതെ ദേവീചൈതന്യം കാൽകുടപ്പുറത്ത് പ്രവേശിച്ചു. ദേവി അവരോടൊപ്പം വരികയും അവർ വരുന്ന വഴിക്കു കക്കാട്ടുകുന്നത്ത് വിശ്രമിക്കുകയും കതിർക്കുളങ്ങരെ എത്തി അവിടെ നീരാടി നെല്ലൂളിൽ തിരിച്ചെത്തുകയും ചെയ്തു. അവർ കാൽക്കുട വീട്ടിനുമ്മറത്ത് വെക്കുകയും വീണ്ടും ആവശ്യം വന്നപ്പോൾ എടുക്കുവാൻ പറ്റാത്ത ഒരവസ്ഥ വന്നുചേരുകയും ചെയ്തു.

ഉടനെ ദൈവജ്ഞനെ വിളിച്ച് പ്രശ്നംവെച്ച് നോക്കിയപ്പോഴാണ് ദേവിയുടെ ആഗമനം മനസ്സിലാകുന്നത്. അദ്ദേഹം പറഞ്ഞതനുസരിച്ച് ദേവിയെ മച്ചിൽ കുടി യിരുത്തി. അതിനുമുമ്പുതന്നെ അവിടെ ബ്രാഹ്മണൻ ഉപാസിച്ചു പോന്നിരുന്ന വേട്ട ക്കാരൻ ഉണ്ടായിരുന്നു. ദേവിയുടെ ഹിതപ്രകാരം ദേവിയെ മധ്യത്തിൽ ഇരുത്തു കയും വേട്ടക്കാരനെ ഇടതുവശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ദേവി ഒരു വ്യവസ്ഥ വെച്ചു. അതായത് വേട്ടക്കാരന് ആദ്യം നിവേദ്യം കൊടുത്തതിനുശേഷം മതി ദേവിക്കുവേണ്ട കാര്യങ്ങൾ ചെയ്യേണ്ടതെന്നാണ് അത്. കാലക്രമേണ ഈ മുത്തശ്ശിയുടെ കാലശേഷം അവരുടെ അവസാനകണ്ണി ഈ ദേവിയുടെ കാര്യങ്ങൾ നിർവഹിക്കാൻ കൊല്ലേരി വീട്ടുകാരെ ഏൽപ്പിച്ചു. അവർ ദേശാടനത്തിന് പോകുകയും ചെയ്തു എന്ന് പറയപ്പെടുന്നു.

കാലക്രമേണ ദേവി തന്റെ വേട്ടക്കാരെ കാണുവാൻ സന്നദ്ധത പ്രകടിപ്പിക്കു കയും അന്നത്തെ നെല്ലൂളിൽ പരിചാരകരായ കല്ലനശ്ശേരി എന്ന വലിയ പുരക്കൽ കാരണവർക്ക് ദർശനം വഴി ശോഭപറമ്പ് സ്ഥലം കാണിച്ചു കൊടുക്കുകയും ചെയ്തു. ദേവി ഭക്തജനങ്ങളെയും നാടിനെയും അനുഗ്രഹിക്കുവാനും ഇവരുടെ സേവാതികളും ഉത്സവാദികളും ഇഷ്ടപ്പെട്ടുകൊണ്ടും പുരാതന സ്ഥല മഹാത്മ്യ ത്തോടുകൂടിയ ഇന്നത്തെ ക്ഷേത്രസങ്കേതസ്ഥാനത്ത് പ്രസ്തുത ദേവീസാന്നിദ്ധ്യം ശോഭിക്കുകയും ചെയ്തു. ദേവീസാന്നിദ്ധ്യം ശോഭിച്ച ഈ സ്ഥലം ശോഭപറമ്പ് എന്ന പേരിൽ പ്രസിദ്ധമായിത്തീരുകയുംചെയ്തു.

വെട്ടത്തുരാജാവിന്റെ അധീനതയിലായിരുന്ന ഇവിടെ ഒരു കോട്ട പണിത് ഇത് നോക്കിനടത്തുന്നതിനുവേണ്ടി അന്നത്തെ പ്രമുഖരായിരുന്ന ഒലിക്കര, കൊല്ലേരി തറവാട്ടുകാരെ ചുമതലപ്പെടുത്തി. ദേവിയുടെ ഓരോ കാര്യങ്ങൾ ചെയ്യു വാനും പരമ്പരാഗതമായിട്ടുള്ള കുടുംബക്കാരെയും നിയോഗിച്ചു. ക്ഷേത്രത്തിലെ

പ്രധാന ആഘോഷമായ കലങ്കരിച്ചടങ്ങ് ഉത്സവത്തിന്റെ ഒരാഴ്ച മുമ്പ് ക്ഷേത്ര ആവേനും കമ്മഞ്ചേരി തറവാട്ടംഗങ്ങളും കൂടി ആനേകുളങ്ങര, മഠത്തിൽ, മൂച്ചിക്കൽ, തുപ്പായിച്ചോട്ടിൽ, മുണ്ടേക്കാട്ട്, കാരാട്, കുട്ടന്തര എന്നീ വീട്ടുകാരും കലങ്കരി അറിയിക്കൽ ചടങ്ങ് നടത്തുന്നു.

കലങ്കരി ദിവസം ഉച്ചയ്ക്ക് ശ്രീകോവിലിൽ ആവേന്റെ ഉച്ചപൂജ കഴിഞ്ഞാൽ ക്ഷേത്രത്തിന്റെ കൊട്ടിലിൽ പനങ്ങാട്ടൂർ ചോപ്പന്റെ പൂജയും അതിനുശേഷം ചോപ്പൻ പൂജിച്ച വെറ്റിലയുമായി വന്ന് ക്ഷേത്ര ഊരാളൻ തറവാട്ടിലെ അംഗത്തെ ഏൽപ്പിക്കുന്നു. അതിനുശേഷം ഊരാളൻ ക്ഷേത്ര ദീപസ്തംഭം മൂന്ന് പ്രാവശ്യം പ്രദക്ഷിണം ചെയ്ത് പ്രാർത്ഥിച്ച് താംബൂലം ചോപ്പന് നൽകിയാൽ ചോപ്പൻ താംബൂലവുമായി ക്ഷേത്രക്കൊട്ടിലിൽ കയറി അടക്കകൊണ്ട് രാശിനോക്കി അതിനു ശേഷം ഗുരുസ്സി അറിയിക്കട്ടെ എന്ന് മൂന്ന് പ്രാവശ്യം വിളിച്ച് പറയുന്നു. ചെണ്ടമേളത്തോടുകൂടി കതിനവെടി ശബ്ദമുഖരിതമായി ഉത്സവച്ചടങ്ങിന് ആരംഭംകുറിക്കുന്നു.

വൈകീട്ട് മൂന്നുമണിയോടെ കാരാട് മുനമ്പത്ത് ദേശത്തുനിന്നുള്ള എഴുന്നള്ളത്തോടുകൂടി ക്ഷേത്രത്തിലേയ്ക്കുള്ള കൊടിവരവുകൾക്ക് തുടക്കംകുറിക്കും. തുടർന്ന് പതിനേഴോളം കൊടിവരവുകൾ വിവിധ ദേശങ്ങളിൽനിന്ന് രാത്രി രണ്ടുമണിവരെ ക്ഷേത്രതിരുസന്നിധിയിൽ എത്തും. മൂന്ന് മണിക്ക് താലപ്പൊലിയോടെ ആവോന്റെ വെളിച്ചപ്പാട് നടക്കും. പുത്തൻകലത്തിൽ പുന്നെല്ലരികൊണ്ട് പായസം വെച്ച് ദേവിയുടെ ഉപദേവനായ ഭണ്ഡന് നേദിക്കുന്ന ചടങ്ങാണ് കലങ്കരി. വർഷംതോറും കലങ്കരിക്കാൻ കൂടുതൽ പേരാണ് ആവേന്റെ വീട്ടുവളപ്പിൽ എത്തികൊണ്ടിരിക്കുന്നത്. ജാതി മതഭേദമെന്യേയാണ് ശോഭപറമ്പ് ശ്രീകുരുംബഭഗവതിക്ഷേത്രത്തിലെ ഉത്സവം കൊണ്ടാടുന്നത്.

### 3.2.4 പൂരപ്പറമ്പ് ശ്രീ തണ്ണീർ ഭഗവതിക്ഷേത്രം

മലപ്പുറം ജില്ലയിലെ താനൂർ പഞ്ചായത്തിലെ ഓലപ്പീടികയിൽനിന്ന് പന്ത്രണ്ട് മീറ്റർ അകലത്തിൽ പൂരപ്പറമ്പിലമ്മ സ്ഥിതി ചെയ്യുന്നു. മൂകാംബികയിൽനിന്നും വന്ന ഭഗവതിയാണ് പൂരപ്പറമ്പിലമ്മ എന്ന് പുരാവൃത്തം. ഏഴ് കടലുകടന്ന് വന്നതുകൊണ്ട് തണ്ണീർഭഗവതി എന്ന പേരുവന്നു എന്നാണ് ഐതിഹ്യം. അവിടുത്തെ തോറ്റങ്ങളിൽ പടകഴിഞ്ഞ് ഇരുന്ന സ്ഥലമാണ് പൂരപ്പറമ്പ്

എന്ന് വ്യക്തമാകുന്നു. മകരത്തിലെ രണ്ടാം ചൊവ്വാഴ്ച ഉത്സവം നിശ്ചയിച്ച് മൂന്നാം ചൊവ്വാഴ്ച ഉത്സവം (ഭഗവതിയാട്ട്) നടത്തുന്നു. പുഞ്ചത്താലപ്പൊലി ഇട വമാസത്തിലാണ് വരുന്നത്. ഇടവം പതിനഞ്ചിന് കളിയാട്ടക്കാവിലെ ഉത്സവ ത്തിന്റെ മുമ്പായി ഭഗവതിയാട്ട് കഴിയണം.

ഇവിടെ നാല് തോറ്റങ്ങൾ ഉണ്ട്. തോറ്റം കഴിഞ്ഞേ വെളിച്ചപ്പാട് ഇറങ്ങൂ. തോറ്റം ഏതാനും വരികൾ.

തോറ്റം 1.

പൂരപ്പറമ്പുപടകഴിഞ്ഞേവം
ഹരിപുരത്തപ്പാതാൻ ഈ മകമേ

തോറ്റം 2.

അന്നെങ്ങുന്നു വന്നു നല്ലച്ഛാ...യോ
ഇവിടേക്ക് ചാല വഴി പോയിരുന്നു
കണ്ടനൊന്നു വീശി ഹൃദയവും നല്ലച്ഛാ
ഞാൻ വന്നേടവും പോയേടവും
നീ അറിയേണ്ട ശ്രീമകളെ
നിന്നെത്തൊടുവാനും മാലയിടുവാനും
മനം പുനരുവാനും
മാംഗല്യസൂത്രമണയ്ക്കുവാനും
വന്നു ഞാനെന്റെ ശ്രീമകളെ
ഹരിയതുപറയരുത് നല്ലച്ഛാ - യോ
കോപവും പുനരാകിയോ
കൊടുരവും പുനരാകിയോ
എന്നെ ഉണ്ടാക്കിയോ നോമിങ്ങനെ
നിന്നെത്തൊഴുന്നതും
മാലയിടുന്നതും
മനം പുണരുന്നതും
മംഗല്യസൂത്രമണയ്ക്കുന്നതും

പട്ടാംഗ പരമാർത്ഥമാണെങ്കിലോ

അടിയതു നൂറായിരം തൃക്കണ്ണുരുട്ടി വിളിച്ച്

തൃക്കണ്ണാപുരം തീയൊരുപ്പിച്ചു

തിരുമേനിച്ചോപ്പില് നല്ലച്ഛന്റെ

മുക്കൺ മൂർത്തിക്ക്

മൂന്ന് തൃക്കരു തരണമെന്ന്

തൃക്കൺ പ്രാർത്ഥിച്ചു കണ്ടൂ ദൈവം.

അമ്പലത്തിന്റെ മുഖം ആദ്യം കിഴക്കോട്ടായിരുന്നു. പടിഞ്ഞാട്ട് തിരിഞ്ഞാണ് ഇപ്പോൾ ഇരിക്കുന്നത്. ക്ഷേത്രം തിരിഞ്ഞെന്നാണ് വിശ്വാസം. അതിനു കാരണമായി ആളുകളുടെ ഇടയിൽ ഒരു കഥയുണ്ട്. ഒരു ഹിന്ദുവും മുസ്ലീമും നടന്നുപോകുമ്പോൾ ക്ഷേത്രത്തിന്റെ മുൻവശത്തെത്തിയപ്പോൾ ഹിന്ദു അമ്പലത്തെ വണങ്ങി. ഇതു കണ്ട മുസ്ലീം വ്യക്തി എന്തിനാണ് ഇങ്ങനെ ചെയ്യുന്നത് അതിന്റെ ആവശ്യം എന്താണ് എന്നു ചോദിക്കുന്നു. നല്ലശക്തിയുള്ള ദേവിയാണ് എന്നാണ് അദ്ദേഹം മറുപടി പറയുന്നത്. അത്ര ശക്തിയുണ്ടെങ്കിൽ നമ്മൾ പോയിവരുമ്പോൾ അമ്പലത്തിന്റെ മുഖം തിരിയട്ടെ എന്നുപറയുന്നു. തിരിച്ചുവരുമ്പോൾ അങ്ങനെ സംഭവിച്ചു എന്നാണ് ഐതീഹ്യം. ആ മുസ്ലീം വസൂരി ബാധിച്ച് മരിക്കുകയാണ് ചെയ്തതെന്ന് വിശ്വാസം (അനു. 40).

പേടിയാട്ടമ്മയുടെ സഹോദരിമാരാണ് ശോഭപറമ്പിലമ്മ, വളയനാട്ടമ്മ, പൂരപ്പറമ്പിലമ്മ, കളിയാട്ടക്കാവിലമ്മ എന്ന വിശ്വാസമാണ് കടലുണ്ടി നിവാസികളിൽ ഉള്ളത്. കളിയാട്ടക്കാവിലമ്മ പേടിയാട്ടമ്മയുടെ സഹോദരിയാണെന്ന് ആ നാട്ടുകാരും വിശ്വസിക്കുന്നു. എന്നാൽ വളയനാട്ടമ്മ, പൂരപറമ്പിലമ്മ, ശോഭപറമ്പിലമ്മ, എന്നീ മൂന്ന് ഭഗവതിക്കാവുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലെ ജനവിഭാഗങ്ങളിൽ അങ്ങനെ ഒരു വിശ്വാസം നിലനിൽക്കുന്നില്ല. എങ്കിലും കടലുണ്ടി ദേശചരിത്രവുമായി ബന്ധപ്പെട്ട് ഈ വിശ്വാസത്തിന് പ്രസക്തിയുണ്ട്.

### 3.3 പേടിയാട്ടമ്മയുടെ മറ്റുഭാഗങ്ങൾ

വരയ്ക്കലമ്മ, തൃക്കണ്ടിയൂർ, ഭണ്ഠാരക്കാവ് തുടങ്ങിയവ പേടിയാട്ടമ്മയുടെ കടലിൽ നിന്ന് ലഭിച്ച തലയൊഴികെയുള്ള മറ്റ് ശരീരഭാഗങ്ങളാണെന്ന് പറയപ്പെടുന്നു (അനു. 1.102).

### 3.3.1 വരയ്ക്കലമ്മ

പേടിയാട്ടമ്മയുടെ തലഭാഗം ലഭിച്ചത് കടലുണ്ടിയിൽ നിന്നാണെങ്കിൽ കൈയും, കാലും ലഭിച്ചത് വരയ്ക്കൽ നിന്നാണെന്ന് പഴമൊഴി. ഇവിടെ തുലാമാസത്തിലെ കറുത്തവാവിനാണ് ഉത്സവം നടക്കുന്നത്.

കോഴിക്കോട് വെസ്റ്റ്ഹില്ലിൽ ചെറിയ കുന്നിൻമുകളിലാണ് വരയ്ക്കൽ ദുർഗ്ഗാക്ഷേത്രം സ്ഥിതിചെയ്യുന്നത്. നൂറ്റിയെട്ട് ദുർഗ്ഗാലയങ്ങളിൽ ഒന്നാണ് ഇത് എന്നാണ് ഐതിഹ്യം. ദുർഗ്ഗയാണ് പ്രധാന മൂർത്തി. ഇവിടെ രാജരാജേശ്വരീ (ത്രിപുരസുന്ദരി) സങ്കല്പമാണുള്ളത്. ദർശനം കിഴക്കോട്ടാണ്. മൂന്ന് പൂജയുമുണ്ട്. അയ്യപ്പൻ, ഗണപതി, ദക്ഷിണാമൂർത്തി എന്നിവരാണ് ഉപദേവതമാർ. വരയ്ക്കൽ വാവുബലി പ്രസിദ്ധമാണ്. ചുവന്നപട്ട് ഈ ക്ഷേത്രത്തിൽ പാടില്ലെന്ന് ചട്ടമുണ്ട്. ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറായി ഒരു ഗുഹയുണ്ട്. സാമൂതിരിയുടെ ക്ഷേത്രമായിരുന്നു വരയ്ക്കൽ ക്ഷേത്രം. കാർഷികകലാപത്തിനു ശേഷം പ്രധാന പ്രായശ്ചിത്തകേന്ദ്രമായിരുന്നു ഇത്. 1922 ആഗസ്റ്റ് 20-ന് വൈദികൻമാരും വാദ്ധ്യാന്മാരും ബ്രാഹ്മണരും സാമൂതിരി കോവിലകത്ത് ചേർന്ന് ഹിന്ദുക്കൾ ജാതിയിൽ കൂടാൻ ഓരോ ദോഷങ്ങൾക്കും പ്രമാണങ്ങൾ പരിശോധിച്ച് ചർച്ച ചെയ്ത് പ്രായശ്ചിത്തം നിശ്ചയിച്ചു (സി.എസ്. വിജയൻ, 2016: 15). ഈ വൈദികസഭയുടെ തീരുമാനം കലക്ടർ ആർ.എച്ച് ഇല്ലീസും സാമൂതിരിയും ചേർന്ന് അച്ചടിച്ച് പരസ്യപ്പെടുത്തിയിരുന്നു. ക്ഷേത്രത്തിൽവെച്ച് പഞ്ചകവും യഥാശക്തി വഴിപാട് 3000 നാമജപം, 12000 നാമരൂപം എന്നിവയായിരുന്നു പ്രായശ്ചിത്തങ്ങളിൽ പ്രധാന ഇനം. 'വര വര വരയ്ക്കലമ്മക്ക് ഭാഗ്യമുണ്ടെങ്കിൽ എട്ടു വര' എന്ന ചൊല്ലും ഇവിടങ്ങളിൽ നിലനിൽക്കുന്നു.

വരയ്ക്കൽ ദുർഗ്ഗാക്ഷേത്രത്തിൽ കടലുണ്ടിയിലെ പേടിയാട്ടമ്മയുടെ കൈയ്യും കാലും ലഭിക്കുകയും ദേവീപ്രതിഷ്ഠ നടത്തിയെന്നുമാണ് കടലുണ്ടിയിലെ ദേശവാസികൾ വിശ്വസിക്കുന്നത്. എന്നാൽ വരയ്ക്കൽ നിവാസികളിൽ ഇങ്ങനെ ഒരു വിശ്വാസം നിലനിൽക്കുന്നില്ല. വരയ്ക്കലമ്മയുടെ പൂർണ്ണ രൂപത്തിലുള്ള കൊത്തിയെടുത്ത വിഗ്രഹമാണ് ഇതെന്നാണ് അവിടുത്തുകാരുടെ വിശ്വാസം.

### 3.3.2 തൃക്കണ്ടിയൂർ ക്ഷേത്രം

മലപ്പുറം ജില്ലയിലെ തിരൂരിലാണ് തൃക്കണ്ടിയൂർ ശിവക്ഷേത്രം സ്ഥിതിചെയ്യുന്നത്. തൃക്കണ്ടിയൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഐതിഹ്യപ്രാധാന്യമുള്ള മറ്റു ചില ദേവസ്ഥാനങ്ങൾ കൂടി ഇവിടെയുണ്ട്. തൃക്കണ്ടിയൂരപ്പന്റെ ആസ്ഥാനത്തു നിന്നും അല്പം അകലെയുള്ള അമ്പലക്കുളങ്ങര ഭദ്രകാളിക്ഷേത്രമാണ് അതിലൊന്ന്. മുമ്പ് കാളികാവ് ആയിരുന്ന ഈ സ്ഥലത്ത് പിൽക്കാലത്ത് നിർമ്മിക്കപ്പെട്ടതാണ് ഇതിന്റെ ശ്രീകോവിൽ. തൃക്കണ്ടിയൂർ ശിവന്റെ പുത്രിയാണ് അമ്പലക്കുളങ്ങര ഭദ്രകാളി. ദേവി ഇവിടെ സാന്നിദ്ധ്യമാകാൻ കാരണമായ ഒരു കഥയുണ്ട്.

പണ്ടൊരിക്കൽ ഇരിങ്ങാവൂരിലെ പ്രഭുകുടുംബത്തിൽപ്പെട്ട ഒരു നമ്പൂതിരിയുടെ ഭാര്യ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുമ്പോൾ അവരുടെ ഓലക്കുടയിൽ ഏഴ് ഭഗവതിമാർ കുടിയേറി. ആ സ്ത്രീ മറ്റു ക്ഷേത്രങ്ങൾ സന്ദർശിച്ച വേളയിൽ കുടയിൽ കുടിയേറിയ ഭഗവതിമാർ ഓരോ ക്ഷേത്രങ്ങളിലായി ഇറങ്ങി. അതിൽ ആറാമത്തെ ഭഗവതി ഇറങ്ങിയ ഇടമാണ് അമ്പലക്കുളങ്ങര. ഏഴാമത്തെ ഭഗവതിയാവട്ടെ ഇരിങ്ങാവൂരിലും ഇറങ്ങി. അതുകൊണ്ടുതന്നെ അമ്പലക്കുളങ്ങര ഭഗവതിയുടെ മൂത്ത ജേഷ്ഠത്തിയായി കരുതുന്ന ഇരിങ്ങാവൂർ ഭഗവതിയെ ഉത്സവനാളിൽ ഇവിടെ കൂട്ടിക്കൊണ്ടുവരുന്നു. ഉത്സവാന്ത്യത്തിലെ ഒൻപതാംനാൾ കോമരം കെട്ടിയ ഇരങ്ങാവൂർ ചോപ്പന്മാരുടെ അകമ്പടിയോടെ ഇരിങ്ങാവൂർ അമ്മയെ തിരിച്ചെഴുന്നള്ളിക്കുന്നു (അനു. 61).

#### 3.3.2.1 ഭണ്ഡാരക്കാവ്

തൃക്കണ്ടിയൂർ തേവരുടെ ധർമ്മപത്നിയായ ശ്രീപാർവതിയുടെ ചൈതന്യം കുടികൊള്ളുന്ന ഭണ്ഡാരക്കാവ് അമ്പലക്കുളങ്ങര ക്ഷേത്രത്തിന് അല്പം അകലെയായുണ്ട്. വനദുർഗ്ഗാസങ്കല്പത്തിലുള്ള ദേവതയാണിത്. ഉത്സവനാളിൽ തൃക്കണ്ടിയൂർ തേവർ അമ്പലക്കുളങ്ങരയിലേയ്ക്കും ഭണ്ഡാരക്കാവിലേയ്ക്കും എഴുന്നള്ളുന്നു. മേളവാദ്യവൃന്ദത്തോടെ അമ്പലക്കുളങ്ങരയിലേയ്ക്ക് എഴുന്നള്ളുന്ന ഭഗവാൻ അവിടെ പുത്രിയെ ദർശിച്ച ശേഷം ആഘോഷങ്ങളില്ലാതെ ഒറ്റച്ചെണ്ടയുടെ അകമ്പടിയോടെ ഭണ്ഡാരക്കാവിലേയ്ക്ക് പോകുന്നു. ഭണ്ഡാരക്കാവിൽ ദേവി അശുദ്ധിയിലിരിക്കുന്നതിനാലാണത്രെ ആഘോഷങ്ങളില്ലാതെ ഭഗവാൻ എഴുന്നള്ളുന്നത്.

ഉത്സവദിനങ്ങളിലെ പ്രധാന ആചാരങ്ങളിലൊന്നായ എഴുന്നള്ളത്തിനൊടുവിൽ ഭണ്ഡാരക്കാവിലെ കല്ലിൻമേൽ ദേവന്റെ തിടമ്പുവെച്ച് പൂജകൾ ചെയ്യുന്നു. അന്ന് അവിടെ അടുപ്പുകൂട്ടി ദേവന് നിവേദ്യം ഉണ്ട്. ഈ കല്ല് കാണുന്ന സ്ഥലത്ത് പണ്ട് കിണർ ആയിരുന്നു എന്ന് പറയപ്പെടുന്നു. തന്റെ സ്വർണ്ണനിർമ്മിതമായ പാത്രങ്ങൾ പൂജിച്ചശേഷം കിണറ്റിൽ നിക്ഷേപിച്ചിട്ടാണ് ഉത്സവപൂജ കഴിഞ്ഞ ദേവന്റെ മടക്കം. ഒരിക്കൽ പൂജ കഴിഞ്ഞ ആരോ പാത്രം ഇതിൽ നിക്ഷേപിക്കാതെ തിരികെ കൊണ്ടുപോയി. അന്ന് കല്ല് വീണ് കിണർ അടഞ്ഞുവെന്നാണ് ഐതിഹ്യം.

കടലുണ്ടി ദേശനിവാസികളുടെ വിശ്വാസമനുസരിച്ച് പേടിയാട്ടമ്മയുടെ ഉടൽഭാഗം ഭണ്ഡാരക്കാവിൽ ലഭിച്ചെന്നും പ്രതിഷ്ഠിച്ചു എന്നുമാണുള്ളത്. എന്നാൽ ഭണ്ഡാരക്കാവ് നിവാസികളിൽ ഇങ്ങനെ ഒരു വിശ്വാസം നിലനിൽക്കുന്നില്ല.

### 3.4 ഉത്സവം-തറവാടുകളും അവകാശങ്ങളും

പേടിയാട്ട് ഉത്സവത്തിന്റെ ഭാഗമായി വിവിധ തറവാടുകൾക്ക് വ്യത്യസ്ത അവകാശങ്ങളും നിശ്ചയിച്ചിരിക്കുന്നു.

#### 3.4.1 പനയമഠം നായർതറവാട്

പേടിയാട്ട് ഉത്സവത്തോടനുബന്ധിച്ച് ശുചീകരണച്ചടങ്ങുകൾക്കും ഭഗവതിക്കാവിന്റെ അകത്തളങ്ങളിലുള്ള പൂജാദികർമ്മങ്ങൾക്കും ആവശ്യമായുള്ള സഹായങ്ങൾ നിർവഹിച്ചു കൊടുക്കാൻ അവകാശം പനയമഠം തറവാട്ടുകാർക്കാണ്. കൊടി തൂക്കുന്നതിനും അതുപോലെത്തന്നെ കോമരത്തിന്റെ ചുമതലകളും ഇവർക്കാണ്. ആദ്യകാലങ്ങളിൽ തിയ്യവിഭാഗമായിരുന്നു കോമരം തുള്ളിയിരുന്നത്. നിലവിൽ വാളെടുക്കുന്നത് പനയമഠം കാരണവരാണ്. മഞ്ഞപ്പന്തത്തിനുവേണ്ട മഞ്ഞൾപ്പൊടി ഒരുക്കുന്നതും വാഴക്കുല നൽകുന്നതും ഇവരാണ്.

#### 3.4.2 അമ്പാളി തിയ്യ തറവാട്

ഉത്സവദിവസങ്ങളിലെ നിയമവ്യവസ്ഥകൾ പാലിച്ചുപോരുവാനുള്ള ഉത്തരവാദിത്തം അമ്പാളിത്തറവാട്ടുകാർക്കാണ്. ഭഗവതിയെ എഴുന്നള്ളത്തിനു കൊണ്ടു

പോകുമ്പോഴുള്ള സുരക്ഷയും ക്രമസമാധാനവും ഉറപ്പുവരുത്തേണ്ടതും പോലീസിനെ ചുമതലപ്പെടുത്തേണ്ടതും അവരുടെ ചിലവും അമ്പാളിക്കാർ നിർവഹിക്കണം. അതുപോലെത്തന്നെ കാവിലേക്കുള്ള വെള്ളരി നിവേദ്യത്തിനുള്ള നെല്ലും ആയിരത്തൊന്ന് ചൂട്ടും അമ്പാളിക്കാർ നൽകണമെന്നുണ്ട്.

### 3.4.3 കുടിൽപുരയ്ക്കൽ പെരുവണ്ണാൻ തറവാട്

കുടിൽ പുരയ്ക്കൽ തറവാട്ടുകാർക്കാണ് ഭഗവതിയെ എടുക്കുവാനും വാക്കടവിൽ നീരാടിക്കുവാനും ആഭരണങ്ങൾ ചാർത്താനും ചമയങ്ങൾ പൂശാനും ഒക്കെയുള്ള അവകാശം. ജാതവൻ കുടിയിരിക്കുന്നതും ജാതവന് പൂജാദികർമ്മങ്ങൾ ചെയ്യുന്നതും ഭഗവതിയെ എഴുന്നള്ളിക്കുന്നതും ഇവരാണ്.

### 3.4.4 കുന്നത്ത് നമ്പ്യാർ തറവാട്

പേടിയാട്ട് ഭഗവതിയെ സ്വീകരിച്ചവരാണ് കുന്നത്തുതറവാട്ടുകാർ. ഉത്സവ നടത്തിപ്പിന്റെ പ്രധാനികളും ഭഗവതിക്ക് ചാർത്തുവാനുള്ള ആഭരണപ്പെട്ടിയുടെ താക്കോൽ സൂക്ഷിക്കുന്നതും ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാവിധ തൊഴിലുകളും ചെയ്യുന്നവരുടെ വേതനം നൽകുന്നതും ഇവരാണ്.

### 3.4.5 മനേഴി മൂസത് തറവാട്

പേടിയാട്ട് ഭഗവതിക്കാവിന്റെ പ്രധാന അവകാശികൾ മനേഴി ഇല്ലക്കാരാണ്. ഭഗവതിയുടെ ആഭരണസൂക്ഷിപ്പുകാരും ഉത്സവനിവേദ്യത്തിനുള്ള നെല്ല് നൽകുന്നതും ഉത്സവനടത്തിപ്പിന് സമ്മതംനൽകുന്നതും ഇവരാണ്.

### 3.4.6 മാരാത്തയിൽ നായർ തറവാട്

മാരാത്തയിൽ തറവാട്ടുകാരാണ് ക്ഷേത്രത്തിന്റെ അകത്തളത്തിൽ വെച്ചുകൊടുക്കുന്ന നിവേദ്യത്തിനു വേണ്ട വസ്തുക്കൾ നൽകുന്നത്.

### 3.4.7 പുളിയ്ക്കൽ തിയ്യ തറവാട്

ഉത്സവത്തോടനുബന്ധിച്ച് കൊടിയേറ്റം നടത്തുവാനുള്ള കയർ കൊണ്ടുവരുന്നതും സൗകര്യങ്ങൾ ഒരുക്കുന്നതും പേടിയാട്ട്കാവിലേക്ക് മഞ്ഞപ്പന്തം നല്കു

ന്നതും പുളിക്കൽ തറവാട്ടുകാരാണ്. ജാതവന് പുളിയ്ക്കൽ കാവിൽ പൂജ നടത്തുന്നതും ഇവരാണ്.

#### 3.4.8 മേലേരി തിയ്യ തറവാട്

വെളിച്ചപ്പാടിന് അഗ്നികുണ്ഡത്തിനുവേണ്ട പ്ലാവിന്റെ വിറക്, കൊതുമ്പ് തുടങ്ങിയവ നൽകുന്നു.

#### 3.4.9 പുതുകുളങ്ങര തിയ്യ തറവാട്

പേടിയാട്ട് കൊടി തൂക്കുന്നതും പുതുകുളങ്ങര തറവാട്ടിൽ ജാതവന് പൂജ നടത്തുന്നുതും ഇവരാണ്.

#### 3.4.10 വാക്കയിൽ കറുത്തമ്മാട്ടിൽ നായർ തറവാട്

വെള്ളരി നിവേദ്യത്തിനുള്ള അരി ഒരുക്കുന്നു.

#### 3.4.11 കൊല്ലേരി തിയ്യ തറവാട്

ജാതവൻ കോട്ടയിലേക്ക് 'പാവാടപ്പായ'[1] കൊണ്ടുവരുന്നു.

#### 3.4.12 താഴത്തുവീട്ടിൽ ആശാരി തറവാട്

കുന്നിപ്പശ കൊണ്ടുവരുന്നു.

#### 3.4.13 ഓണത്തറ തിയ്യ തറവാട്

ഓണത്തറ തറവാട്ടുകാരാണ് പേടിയാട്ട്കാവിൽ കൊടി കെട്ടി തൂക്കുന്നത്.

#### 3.4.14 തൈക്കൂട്ടത്തിൽ തിയ്യ തറവാട്

ഭഗവതിയുടെ എഴുന്നള്ളത്തു സമയത്ത് ഭണ്ഡാരം എഴുന്നള്ളിക്കുന്നതും കൊടിതൂക്കാൻ ചൂടികയർ കൊണ്ടുവരുന്നതും കാവിലെ പൂജയ്ക്ക് താംബൂലം കൊണ്ടുവരുന്നതും തൈക്കൂട്ടത്തിൽ തറവാട്ടുകാരാണ്. ആയിരത്തൊന്ന് ഓലയും മടലും ഇവർ നൽകണമെന്നുണ്ട്. പത്തെണ്ണം അവർ പച്ചാട്ടുകാരെ ഏൽപ്പിക്കുന്നു.

---

[1] മൂത്തപെരുവണ്ണാൻ ജാതവൻ പുറപ്പാടുമുതൽ ഉപയോഗിക്കുന്ന പായയാണ് ഇത്. ഒരാൾക്കുമാത്രമേ ഈ പായയിൽ ഇരിക്കുവാൻ സാധിക്കുകയുള്ളൂ.

### 3.4.15 പാറ്റയിൽ തിയ്യ തറവാട്

മഞ്ഞപ്പന്തം, പ്ലാവിന്റെ വിറക്, അരിപ്പാക്കൊടി തുടങ്ങിയവ നൽകുന്നത് ഇവരാണ്.

### 3.4.16 പള്ളിയാട്ടിൽ നായർ തറവാട്

ദേവിയുടെ തിരുടാട (വസ്ത്രം) അലക്കി ഞൊറിഞ്ഞ് തേച്ച് കൊണ്ടുവരുന്നു.

### 3.4.17 കിഴക്കെപുരയ്ക്കൽ ആശാരി തറവാട്

ചായില്യം (മനയോല) ഒരുക്കുന്നു.

### 3.4.18 കക്കാട്ട് പെരുവണ്ണാൻ തറവാട്

ഭഗവതിക്ക് പായയും ചൂട്ടും നൽകുന്നു.

### 3.4.19 പിൻപുറത്ത് തട്ടാൻ തറവാട്

ഭഗവതിക്കും ജാതവനും ആഭരണങ്ങൾ നിർമ്മിച്ചിരുന്നതും ചായില്യം കൊണ്ടുവരുന്നതും ഇവരായിരുന്നു.

### 3.4.20 ദേവസ്വംപറമ്പ് നായർ തറവാട്

പേടിയാട്ട് കൊടിതൂക്കാനുള്ള കയർ കൊണ്ടുവരുന്നതും കൊടി തൂക്കുവാനുള്ള പ്രധാന അവകാശികളും ഈ തറവാട്ടുകാരാണ്.

### 3.4.21 കുണ്ടിൽ തിയ്യ തറവാട്

പേടിയാട്ടേക്ക് ഇളനീർ, തേങ്ങ ഇവയൊക്കെ നൽകുന്നത് കുണ്ടിൽ തറവാട്ടുകാരാണ്.

### 3.4.22 ഇല്ലിക്കൽ പടിക്കൽ പെരുവണ്ണാൻ തറവാട്

ജാതവനെ എഴുന്നള്ളിക്കുവാൻ അവകാശപ്പെട്ടവർ ഇവരാണ്.

### 3.4.23 മനമുറ്റത്ത് പടിഞ്ഞാറെ പുരയ്ക്കൽ പെരുവണ്ണാൻ തറവാട്

ജാതവന്റെ കുതിരക്കൂട്, പൂമാല, കുരുത്തോല തുടങ്ങിയവകൊണ്ട് അലങ്കരിക്കുന്നതും ജാതവനെ ഒരുക്കുന്നതും ഉത്സവത്തിന്റെ വാദ്യമേളക്കാരും മനമുറ്റത്ത് പടിഞ്ഞാറെപുരയ്ക്കൽ പെരുവണ്ണാൻ (തേഞ്ഞിപ്പലൻ) തറവാട്ടുകാരാണ്.

### 3.4.24 വടക്കെനെല്ലേരി പെരുവണ്ണാൻ തറവാട്

ഇല്ലിക്കൽ പടിക്കൽ പെരുവണ്ണാൻമാരോടൊപ്പം ജാതവനെ എഴുന്നള്ളിക്കുമ്പോൾ സഹായികളായി ഉള്ളത് വടക്കേനെല്ലേരി (എരമംഗലം) പെരുവണ്ണാൻ തറവാട്ടുകാരാണ്.

### 3.4.25 എണ്ണേക്കാട്ട് തിയ്യ തറവാട്

മഞ്ഞപ്പന്തത്തിനുവേണ്ട വെളിച്ചെണ്ണ കൊണ്ടുവരുന്നത് എണ്ണേക്കാട്ടുകാരാണ്. അവരുടെ ജോലി എണ്ണ ആട്ടലായിരുന്നു.

### 3.4.26 കോലോട്ട് നായർ തറവാട്

ഉത്സവദിവസം പേടിയാട്ട് കത്തിക്കുന്ന നിലവിളക്ക്, പറ എന്നിവ നൽകുന്നത് ഇവരാണ്.

## 3.5 അനുഷ്ഠാനങ്ങൾ

ഉത്സവാരംഭത്തിലെ ശുചീകരണപ്രവൃത്തിമുതൽ ഉൽസവാന്ത്യത്തിലെ പുണ്യാഹംവരെയുള്ള എല്ലാ ചടങ്ങുകളും അനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമാണ് വിശിഷ്യാ എല്ലാ ജാത്യാവകാശങ്ങളും ഇതിൽ ഉൾകൊള്ളുന്നുണ്ട്.

### 3.5.1 ഉത്സവപൂർവ അനുഷ്ഠാനങ്ങൾ

പേടിയാട്ട് ഉത്സവത്തിന് മുമ്പുള്ള അനുഷ്ഠാനങ്ങൾ നിരവധിയാണ്.

#### 3.5.1.1 പേടിയാട്ട്കാവിൽ ഉത്സവത്തിന് ഒരു മാസം മുമ്പ്

പേടിയാട്ട് ഭഗവതിയുടെ ചൈതന്യം വർദ്ധിപ്പിക്കുക എന്ന ശുഭലക്ഷ്യത്തോടുകൂടിയുള്ള തന്ത്രിപൂജ ഉത്സവത്തിന് ഒരു മാസംമുമ്പ് കന്നിമാസത്തിൽ തുട

ങ്ങുന്നു. ഇതിൽ ഉണക്കലരി (വെള്ളരി), ശർക്കര, തേങ്ങ എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള വെച്ചുനേദ്യം തന്ത്രിപൂജയുടെ ഭാഗമാണ്. ഇപ്പോഴത്തെ തന്ത്രി മേൽപള്ളി ഉണ്ണികൃഷ്ണൻ അടയിരിപ്പാടാണ്. നരിക്കുനിയിലെ വൈദ്യൻമാരാണ് ഇവർ. ഉത്സവത്തിനുമുമ്പ് തന്ത്രിപൂജ ഒരു ദിവസം കുന്നത്തുതറവാട്ടിലും ഒരു ദിവസം പേടിയാട്ട്കാവിലും ഒരു ദിവസം പനയമഠംതറവാട്ടിലും നടത്തുന്നു. വെളുത്ത വാവിനാണ് പല ദിക്കുകളിലേക്കും ഉത്സവം അറിയിച്ചുകൊണ്ട് പനയ മഠം, അഴീക്കൽ കാരണവത്തി ഓലക്കുടയും ചൂടി മാരാത്തയിൽ, കോട്ട തുടങ്ങി സ്ഥലങ്ങളിലേക്ക് ഉത്സവത്തിനുമുമ്പ് വെളുത്ത വാവിന് യാത്ര തിരിക്കുന്നത്. അവിടങ്ങളിൽനിന്നെല്ലാം നിവേദ്യത്തിനായുള്ള നെല്ല് സ്വീകരിക്കുകയും ചെയ്യു ന്നു. ഈ ചടങ്ങ് രാജകുടുംബവുമായുള്ള ബന്ധത്തിന്റെ സൂചനയാണ്. ഈ വെളു ത്തവാവ് ദിനത്തിൽ തന്നെയാണ് പനയമഠം തറവാട്ടുകാർ ക്ഷേത്രാങ്കണം വൃത്തി യാക്കൽ ചടങ്ങ് ആരംഭിക്കുന്നതും. ഉത്സവത്തിന്റെ ഏഴ് നാൾ മുമ്പ് വരെ ക്ഷേത്ര ത്തിന്റെ പരിസരപ്രദേശങ്ങളിൽ വളർന്നുനിൽക്കുന്ന പുല്ലും കാട്ടുചെടികളും വെട്ടിമാറ്റുകയും ആൽത്തറക്കുചുറ്റും മണ്ണ് കൂട്ടുകയും അമ്പലച്ചുമരുകൾ വെള്ളപൂ ശുകയും ഉത്സവത്തിനായുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നു.

### 3.5.1.2 ജാതവൻകോട്ടയിൽ ഉത്സവത്തിന് പതിനാല് ദിവസം മുമ്പ്

പേടിയാട്ട്കാവ് ഉത്സവത്തോടനുബന്ധിച്ച് വ്യത്യസ്ത ചടങ്ങുകളോടെ യുള്ള ഒരുക്കങ്ങളാണ് ജാതവൻകോട്ടയിൽ നടക്കുന്നത്.

#### 3.5.1.2.1 വ്രതാനുഷ്ഠാനം

ഉത്സവത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി മൂത്ത പെരുവണ്ണാൻ പതി നാല് ദിവസത്തെ വ്രതവും ഇളയപെരുവണ്ണാൻ ഒൻപത് ദിവസത്തെയും മൂന്നാംസ്ഥാനക്കാരനും നാലാംസ്ഥാനക്കാരനും യഥാക്രമം ഏഴ് ദിവസത്തെ വ്രതവും പൂപ്പട അലക്കുന്ന മൂത്തകാരണവത്തിക്ക് പതിനാലുദിവസത്തെ വ്രതവുമാണ് പറഞ്ഞിട്ടുള്ളത്. ഇവർ തുലാമാസത്തിലെ കറുത്തവാവുനാളിൽ കുളിച്ച് ദേഹശുദ്ധി വരുത്തി ഇറച്ചിയും കള്ളും ചേർത്ത് കാരണവൻമാർക്ക് ഭക്ഷണം വിളമ്പുന്നു. അതിനുശേഷം ഉച്ചകഴിഞ്ഞ് കഞ്ഞികുടിച്ച് കുടിൽപ്പുര യ്ക്കലെ മൂത്തപെരുവണ്ണാനും കാരണവത്തിയും ജാതവൻകോട്ടയിലെ തറവാട്ടി ലെത്തി വ്രതാനുഷ്ഠാനം ആരംഭിക്കുന്നു. മണ്ഡലവ്രതം അനുഷ്ഠിക്കുന്നതു

പോലെ കുളിച്ച് ശുദ്ധംചെയ്ത് മത്സ്യമാംസാദികൾ ഉപേക്ഷിക്കുന്നു. അതേ സന്ദർഭത്തിൽത്തന്നെ ജാതവൻകോട്ടയും പരിസരവും വൃത്തിയാക്കൽ ചടങ്ങും നടക്കുന്നു. തറവാട്ടുവീട്ടിലെ മുതിർന്ന സ്ത്രീ കാരണവർക്കുവേണ്ട ഭക്ഷണം തയ്യാറാക്കുന്നു. കാരണവർ രാവിലെ കുളിച്ച് കോട്ടയിൽ വിളക്കുവെച്ച് തറവാട്ടിൽ വന്ന് ഭക്ഷണം കഴിക്കുന്നു. അന്നുമുതൽ ജാതവൻകോട്ടയിൽനിന്ന് പുറത്തുപോകാൻ അനുവാദമില്ല. പേടിയാട്ട് അഞ്ചാം പുണ്യാഹത്തിന് പോകുവാനുള്ള അനുവാദം മാത്രമാണ് ഉള്ളത്.

#### 3.5.1.3 പേടിയാട്ട്കാവിൽ ഉത്സവത്തിന് ഏഴ് ദിവസം മുമ്പ്

ഉത്സവത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾക്ക് ആരംഭം കുറിക്കുന്നത് ഉത്സവത്തിന് ഏഴുദിവസം മുമ്പാണ്.

##### 3.5.1.3.1 കൊടിയേറ്റം

ഉത്സവത്തിന് ഏഴ് ദിവസം മുമ്പ് പേടിയാട്ട്കാവിൽ കൊടിയേറ്റം നടത്തുന്നു.

കൊടിയേറ്റം നടത്താൻ അവകാശപ്പെട്ടവർ ദേവസ്വംപറമ്പിലെ നായർ തറവാട്ടുകാരാണ്. രാവിലെ ഏഴുമണിയോടെ പുളിക്കൽ തറവാട്ടുകാർ ഉൾപ്പെടെ കൊടിയേറ്റത്തിനുവേണ്ട സാധനസാമഗ്രികളുമായി (കൊടി, കയർ) വന്ന് സത്യക്കല്ലിന്മേൽ വയ്ക്കുന്നു. തുടർന്ന്പനയമഠം കാരണവർ കയർ എടുത്ത് തിയ്യത്തറവാടായ പുതുക്കുളങ്ങരക്കാർക്ക് കൊടുക്കുന്നു. കൈകൊണ്ട് പിരിച്ചെടുത്ത കയറാണ് ഇതിന് ഉപയോഗിക്കുന്നത്. അവർ അത് മൂന്ന് ഇഴ പിരിച്ചെടുത്ത് ഒറ്റ ചൂടിയാക്കി മാറ്റുന്നു. അതിൽ ആദ്യം കൊടികെട്ടുന്നത് പനയമഠം കാരണവരാണ്. തുടർന്നുള്ള കൊടികൾ പുതുകുളങ്ങരക്കാർ ദേവസ്വം പറമ്പിലെ നായൻമാർ, പുളിക്കൽ തറവാട്ടുകാർ എന്നിവരാണ്. ഇരുപത്തിയൊന്ന്, പതിനൊന്ന്, എന്ന രീതിയിലാണ് കയറിൽ കൊടികൾ കെട്ടുന്നത്. കുങ്കുമത്തിലും ആൽമരത്തിലും ആണ് കൊടി തൂക്കുന്നത്. തുടർന്ന് കൊടി കൊട്ടിയ കയർ മരത്തിലേറ്റാൻ എടുക്കുന്ന സമയത്ത് മൂത്ത കാരണവരോട് 'കൊടി ഏറ്റട്ടെ' എന്ന് സമ്മതം ചോദിക്കുന്ന ചടങ്ങും ഉണ്ട്. രണ്ടാൾ രണ്ട് മരത്തിലും കയറിയിട്ടാണ് കൊടി തൂക്കുന്നത്. പുതുകുളങ്ങരക്കാർ മരത്തിൽ കയറി കൊടി കെട്ടുന്നു. ഭക്തജനങ്ങൾ വഴിപാ

ടായാണ് കൊടികൊണ്ടുവരുന്നത്. മത്സ്യമാംസാദികൾ ഉപേക്ഷിച്ച് അന്നുതന്നെ വ്രതം തുടങ്ങുന്നു. സ്ത്രീകൾ കുളിച്ച് ഈറനുടുത്ത് ഭക്ഷണം പാകം ചെയ്യുന്നു. ദേവിക്ക് നിവേദ്യമായി അർപ്പിക്കാൻ നെല്ല് കുത്തിയ അരിമണികൊണ്ട് പടച്ചോറൊരുക്കുന്നു. ഈ നിവേദ്യം തന്നെയാണ് പനയമഠക്കാരും കുന്നത്തു തറവാട്ടുകാരും ഉത്സവത്തിന് രണ്ട് നാൾ മുമ്പുവരെ കഴിക്കുന്നതും.

### 3.5.1.4 പേടിയാട്ട്കാവിൽ ഉത്സവത്തിന് അഞ്ച് ദിവസം മുമ്പ്

പേടിയാട്ട്കാവിൽ ഉത്സവത്തിന് അഞ്ച് ദിവസംമുമ്പ് അഞ്ചാംപുണ്യാഹം എന്ന പൂജാനുഷ്ഠാനം നടക്കുന്നു. മണ്ണൂർ ശിവക്ഷേത്രത്തിലെ മേൽശാന്തിയാണ് ഈ പൂജാകർമ്മം നിർവഹിക്കുന്നത്. കുടിൽപുരയ്ക്കൽ, കുന്നത്ത്, പനയമഠം എന്നീ തറവാട്ടുകാരുടെ സവിശേഷസാന്നിദ്ധ്യവും പൂജാസമയത്ത് ഉണ്ടായിരിക്കും. പൂജാവേളയിൽ കോമരം തുള്ളുന്നു. ഉൽസവത്തിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള കൽപ്പന പുറപ്പെടുവിക്കുന്നു. ഈ സമയം കുടിൽപുരയ്ക്കൽ തറവാട്ടുകാർ പേടിയാട്ട്കാവിൽ വന്ന് തൊഴുത് തീർത്ഥം വാങ്ങി ജാതവൻകോട്ടയിൽ കൊണ്ടുപോയി തളിക്കുന്നു. പ്രസാദം ഇവർക്ക് പേടിയാട്ട് സത്യക്കല്ലിന്മേൽവെച്ച് നൽകുന്നു. പേടിയാട്ട്കാവിലെ ഉത്സവത്തോടനുബന്ധിച്ച് കുന്നത്ത് തറവാട്ടിൽ അഞ്ച് ദിവസം മുമ്പ് കൊടിയേറ്റം നടത്തുന്നു.

#### 3.5.1.4.1 പൂജ – പേടിയാട്ടും കുന്നത്തും

ഉത്തമത്തിലുള്ള പൂജയാണ് പേടിയാട്ട്കാവിലും ഉത്സവത്തോടനുബന്ധിച്ച് കുന്നത്ത് തറവാട്ടിലും നടത്തുന്നത്. തറവാട്ടുകാരണവരുടെ അനുവാദം വാങ്ങി മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരി വന്ന് പേടിയാട്ട്കാവിൽ പൂജ നടത്തുന്നു.

### 3.5.1.5 പേടിയാട്ട്കാവിൽ ഉത്സവത്തിന് നാല് ദിവസം മുമ്പ്

പൂജകൾക്കുവേണ്ട വാഴക്കുല അന്നേദിവസം പഴുപ്പിക്കാൻ പുക വയ്ക്കുന്നു. ഉത്സവ ഒരുക്കങ്ങൾ നടത്തുന്നു.

### 3.1.5.6 പേടിയാട്ട്കാവിൽ ഉത്സവത്തിന് മൂന്ന് ദിവസം മുമ്പ്

കാവിലേക്ക് കലശം കൊണ്ടുവരുന്ന ചടങ്ങ് ഉത്സവത്തിനു മൂന്ന് ദിവസം മുമ്പാണ് നടക്കുന്നത്. പനയമഠംതറവാട്ടിലെ കാരണവരും മറ്റു അംഗങ്ങളും ഒറ്റ

യായി സഞ്ചരിച്ചാണ് മണ്ണൂർ ശിവക്ഷേത്രത്തിലേക്ക് കലശം കൊണ്ടുവരാൻ പോകുന്നത്. അവിടെനിന്ന് കുളികഴിഞ്ഞ് പതിനൊന്ന് മണിയോടെ കുടം കമഴ്ത്തി കലശം എഴുന്നള്ളിച്ച് പേടിയാട്ട്കാവിലേക്ക് വരുമ്പോൾ പനയമഠം തറ വാട്ടിലെ സ്ത്രീകൾ കുളിച്ച് ഈറനുടുത്ത് കാവിലേക്ക് കൊട്ടിലിൽ നെല്ലുകു ത്താൻ തുടങ്ങുകയും നെല്ലുകുത്തി എടുത്ത വെള്ളരി, നിവേദ്യത്തിനായി തയ്യാറാ ക്കുകയും ചെയ്യുന്നു. അതിനുശേഷം കലശം ചെയ്ത് ശുദ്ധിവരുത്തുന്നു. നിവേദ്യ ത്തിനുള്ള നെല്ല് അമ്പാളിത്തറവാട്ടുകാരുടെ വകയായാണ് നൽകപ്പെടുന്നത്. കാവിൽ വെള്ളരി, അടയ്ക്ക, വെറ്റില, ഇളനീർ, പഴം ഇവയെല്ലാം തയ്യാറാക്കി പൂജാദികർമ്മങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. തുടർന്ന് പുണ്യാഹം നടത്തു കയും ചെയ്യുന്നു.

### 3.5.1.7 പേടിയാട്ട്കാവിൽ രണ്ടു ദിവസം മുമ്പ്

ഉത്സവ ഒരുക്കങ്ങൾ നടത്തുന്നു. മധ്യാഹ്നത്തിനു ശേഷം രണ്ടുമണിയോടെ ജാതവനെയും കൊണ്ട് ഊരു ചുറ്റി വിവിധ തറവാടുകളിൽ പോയി സന്ധ്യാസമയ മാവുമ്പോഴേക്കും പേടിയാട്ട്കാവിന് പുറകിലുള്ള പുളിക്കൽ തറവാട്ടിലെത്തു കയും സന്ധ്യാദീപത്തിനുശേഷം ജാതവൻ പേടിയാട്ട്കാവിലെ ആൽത്തറയിൽ വന്നിരിക്കുകയും ചെയ്യുന്നു. ജാതവൻ മധ്യമത്തിലും ഭഗവതി ഉത്തമത്തിലും ആയ തിനാൽ ജാതവന് കാവിലേക്കു പ്രവേശിക്കാൻ കഴിയാതെ ആൽത്തറയിൽ തന്നെ ഇരിപ്പുറപ്പിക്കേണ്ടിവരുന്നു. അതിനുശേഷം മൂത്തപെരുവണ്ണാനും അനുയായികളും കാവിലേക്കെത്തുകയും വെറ്റില വെച്ച് ലക്ഷണം നോക്കി മൂത്തപെരുവണ്ണാൻ പന യമഠം കാരണവരോട് വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. ഇത് സ്വകാര്യമായാണ് പറയുന്നത്. മറ്റാരും കേൾക്കാൻ പാടില്ല എന്നാണ് വിശ്വാസം. അന്നേദിവസം തന്നെയാണ് പുളിയ്ക്കൽ തറവാട്ടുകാർ മഞ്ഞപ്പന്തവും 'മേലേരി'ക്കാർ പ്ലാവിന്റെ വിറകും കൊതുമ്പും പേടിയാട്ട്കാവിൽ നൽകുന്നത്. കോമരക്കാരുടെ മുടിവെട്ടും അന്നുതന്നെ നടത്തുന്നു.

### 3.5.1.8 ജാതവൻകോട്ടയിൽ ഉൽസവത്തിനു രണ്ട് ദിവസം മുമ്പ്

ഉത്സവത്തിന് രണ്ടുനാൾ മുമ്പായി ജാതവൻകോട്ടയിൽ എല്ലാ അവകാശി കളും ചേർന്ന് കൊടിയേറ്റം നടത്തുന്നു. ജാതവൻപുറപ്പാടിന് ജാതവനെ അണിയി ച്ചൊരുക്കാനുള്ള അവകാശം 'തേഞ്ഞിപ്പലൻ'കാർക്കാണ്. ചമയം ഒരുക്കേണ്ടതും

വാദ്യം (ചെണ്ട, കുഴൽ, ഇലത്താളം, കൊമ്പ്) കൊണ്ടുവരേണ്ടതും മഷി കൊണ്ടു വരേണ്ടതും ചായംപൂശേണ്ടതും തേഞ്ഞിപ്പലൻകാരാണ്. ഭഗവതിയെ അണിയി ച്ചൊരുക്കുവാനുള്ള തിരുവാട (തിരുടാട) കഞ്ഞിമുക്കി ഉണക്കി ഞൊറിഞ്ഞ് വൃത്തിയാക്കി വെക്കുന്നു. ഇതിന്റെ അവകാശം പരുത്തിക്കാടൻമാർക്കായിരുന്നു. എന്നാൽ ഇതിപ്പോൾ കുടിൽപുരയ്ക്കൽ തറവാട്ടുകാരാണ് ചെയ്യുന്നത്. പഴയ കാലത്ത് വരുമാനം കുറവായതിനാൽ കാവിൽനിന്ന് കുറഞ്ഞ വേതനമേ പരുത്തി ക്കാടൻമാർക്ക് ലഭിച്ചിരുന്നുള്ളൂ. ആയതിനാൽ ഭഗവതിയെ അണിയിച്ചൊരുക്കുവാ ൻ സാധിക്കാതെ വന്നു. ഇന്ന് പരുത്തിക്കാടന്മാർ സ്ഥാനമൊഴിഞ്ഞു. അതിനുകാര ണമായി പറയുന്നത് ശരിയായ വേതനമുണ്ടായിരുന്നില്ല എന്നതാണ്. ഒരു നോട്ടുപു സ്തകത്തിലെഴുതിയ അളവുകളുടെ അടിസ്ഥാനത്തിൽ രണ്ടാം പെരുവണ്ണാൻ വായന നടത്തും. വേദിയിൽ ഒരുപറ നെല്ല് അളന്നുവെച്ചിട്ടുണ്ടാവും. കൊമ്പുമുറ ത്തിലാണ് അളന്നിടുന്നത്. അവകാശം വാങ്ങാൻ വരാത്തവരുടെ നെല്ല് അളന്ന് കൊമ്പുമുറത്തിലേക്ക് തിരിച്ചിടുന്നു. നാട്ടളവായി ഒരു പങ്ക് അളന്ന് തിരികെ ഇടു ന്നുമുണ്ട്. അരിയും നെല്ലും, പറയും നാഴിയും അളവായി പറയുമെങ്കിലും ഒരു കൈപ്പിടിയിലൊതുക്കുകയാണ് ചെയ്തിരുന്നത്. ഊരു തെണ്ടി കിട്ടിയിരുന്നത് അര ച്ചാക്ക് നെല്ല് മാത്രമായിരുന്നു. അതിൽനിന്നും ഓരോ അവകാശികൾക്കും കുറച്ച് അരിയും നെല്ലും തുച്ഛമായ പണവും മാത്രമായിരുന്നു. അതുകൊണ്ടുതന്നെ പരു ത്തിക്കാടന്മാർ ഇതിൽനിന്നും പിന്മാറി. പകരം കുടിൽപുരക്കൽക്കാരാണ് കർമ്മ ങ്ങൾ ചെയ്യുന്നത്. ജാതവനെ എഴുന്നള്ളത്തിന് എടുക്കുവാനുള്ള അവകാശം 'കോട്ട'യ്ക്കാണ്. ജാതവനെ എഴുന്നള്ളിക്കുന്നതിനുമുമ്പ് ജാതവന്റെ കൂടെ പോകു ന്നവർ ധരിച്ച വസ്ത്രത്തിന്റെ മുകളിൽ മുണ്ട് കെട്ടിച്ചുറ്റുക എന്ന ചടങ്ങുണ്ട്. ഈ മുണ്ടും ജാതവനെ കൊണ്ടുപോകുമ്പോൾ ചൂടുന്ന കാക്കൊടയും 'കോട്ട'യുടെ സാന്നിദ്ധ്യത്തിലാണ് ജാതവൻകോട്ടയിൽനിന്ന് എടുക്കുന്നത്. 'കോട്ട' ജാത വൻകോട്ടയിലേക്ക് എത്തുമ്പോൾ അവിടെ മൂത്ത കാരണവത്തി താല പ്പൊലിയേന്തി സ്വീകരിക്കുന്നു. ശേഷം വെറ്റിലച്ചെല്ലം നൽകുമായിരുന്നു. ഇപ്പോൾ വെറ്റില, പുകലയും മാത്രമേ നൽകുന്നുള്ളൂ. ഇവരോടൊപ്പം എരമംഗലക്കാരും ജാതവനെ എഴുന്നള്ളിക്കുന്നു. രാശി നോക്കിയാണ് ജാതവൻകോട്ടയിൽനിന്നും പുറപ്പെടുന്നത്. മൂത്ത പെരുവണ്ണാനെയും കാരണവന്മാരെയും വണങ്ങി ഇളയ പെരുവണ്ണാൻ (മൂന്നാമൻ) അവിടെനിന്നും രണ്ടുമണിയോടെ ജാതവനെ എടുത്ത്

നിവർത്തുമ്പോൾ ഇളയ പെരുവണ്ണാൻ (രണ്ടാമൻ) ചെണ്ടകൊട്ടുകയും വേണം. അതിനുശേഷമേ തേഞ്ഞിപ്പലം കൊട്ടുകയുള്ളൂ. വഴിപാടെടുക്കുന്നതും അവരാണ്. കോട്ടയും എരമംഗലക്കാരും കൈമാറി ജാതവനെ കൊണ്ടുപോകുന്നു. പൊയ്ക്കുതിരപ്പുറത്തേറി സഞ്ചരിക്കുന്ന ഓടിൽത്തീർത്ത പൂർണ്ണ പ്രതിമയാണ് ജാതവൻ. കൈയ്യിൽ വാളും പരിചയും ഏന്തിയാണ് എഴുന്നള്ളത്ത്. ജാതവന്റെ ആയുധത്തെ 'പൊന്തി' എന്നും പറയുന്നു. ശരീരം പൂർണ്ണമെങ്കിലും മുക്കാൽ അടിയോളം വലിപ്പമേ അതിനുള്ളൂ. അരയ്ക്കുമേൽ വസ്ത്രം അണിഞ്ഞിട്ടില്ല. ഓടിൽത്തന്നെ തീർത്ത തറ്റുടുത്ത വസ്ത്രമാണ് ജാതവന്റെ വേഷം. ശരീരത്തിൽ പൂണൂലിട്ടിട്ടുണ്ട്.

ജാതവനെ ഇരുത്തുന്ന പൊയ്കുതിര, തുളസി, പൂമാല, കുരുത്തോല, കുടമണി തുടങ്ങിയവകൊണ്ട് അലങ്കരിക്കുന്നു. പൊയ്ക്കുതിരയെ മുന്നിൽനിന്ന് താങ്ങി എഴുന്നള്ളിക്കുവാനുള്ള അവകാശം കുടിൽപുരയ്ക്കൽക്കാർക്കാണ്. ദേവി സന്ദർശിച്ചിരുന്നതായി പറയപ്പെടുന്ന പ്രദേശങ്ങളിലും ചില ഭവനങ്ങളിലുമാണ് ഊരുതെണ്ടാൻ പോകുന്നത്.

വർഷത്തിലൊരിക്കൽ അമ്മയെ കാണുവാനുള്ള യാത്രയാണ് ജാതവൻ പുറപ്പാട്. അസ്പൃശ്യത കല്പിച്ച് ഒരു വർഷത്തെ വിരഹത്തിന് വിട പറഞ്ഞുള്ള ആഹ്ലാദകരമായ യാത്രയാണത്. ചെറുപ്പകാലത്ത് കാരകളിയിൽ ഭ്രമമുണ്ടായിരുന്നതിനാൽ കാരകളിച്ചുകൊണ്ടാണ് ജാതവന്റെ യാത്ര. ജാതവൻ കാരകളിപ്പറമ്പിലെത്തുമ്പോൾ ജാതവന്റെ ശരീരത്തിലേക്ക് ഭക്തജനങ്ങൾ പുഷ്പവൃഷ്ടി നടത്തുന്നു. യാത്രക്കിടയിൽ വഴിയരികിലോ, പാടശേഖരങ്ങളിലോ നാട്ടുകാരിൽ ആരെങ്കിലും കളിക്കുന്നുണ്ടെങ്കിൽ അവിടേയ്ക്കുചെന്ന് അവരോട് കൂടി ഉല്ലാസവാനായി തല ഉയർത്തിപ്പിടിച്ച് കളിക്കുന്നു എന്നതാണ് വിശ്വാസം.

പന്തുപയോഗിച്ചുള്ള നാടൻ കളികൾ നമ്മുടെ നാട്ടിൽ ഏറെയുണ്ട്. പ്രായമുള്ളവരും, കുട്ടികളും, വിനോദത്തിനാണ് കളികളിൽ ഏർപ്പെടുന്നത്. കളികളുടെ രീതികളിലും വൈവിദ്ധ്യങ്ങളുണ്ട്. എല്ലാവിധ വിനോദങ്ങളും അതിജീവനത്തിനായി ക്രമപ്പെടുത്തിയതും അതാതു ദേശസവിശേഷതകൾ കൂടി ചേർന്നിട്ടുള്ളതുമാണ്. ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളെയും നേരിടുമ്പോൾ അവിടെയുണ്ടാകുന്ന പ്രതിസന്ധികളെയും പ്രയാസങ്ങളെയും മറികടക്കുന്നതിനും പ്രതിരോധിക്കുന്നതിനും വ്യക്തിയെ ഒരുക്കിയെടുക്കുന്നതിൽ വിനോദങ്ങളും കളിയും പ്രധാന പങ്കു

വഹിക്കുന്നു. ശാരീരികവും മാനസികവുമായി വ്യക്തിയെ പരുവപ്പെടുത്തുന്നതിൽ ഇത്തരം വിനോദങ്ങൾ ഫലപ്രദമാണ്.

അയിത്തസങ്കല്പമാണ് ജാതവനെ മാറ്റി നിർത്തുന്നത്. അതിൽനിന്ന് താൽക്കാലികമായെങ്കിലും മോചിപ്പിക്കപ്പെടുമ്പോഴുണ്ടാകുന്ന സ്വാതന്ത്ര്യബോധ മാണ് നാട്ടിലെ കളിക്കാർക്കിടയിലേക്ക് ഓടിക്കയറാനും അവരുടെ കൂടെ കളി ക്കാനും പ്രേരിപ്പിക്കുന്നത്.

കേരളീയ ഗ്രാമങ്ങളിൽ ഓണാഘോഷത്തോടനുബന്ധിച്ച് സാധാരണമായി കണ്ടുവരുന്ന ഒരു നാടൻകളിയാണ് കാരത്തല്ല് (കാരകളി). കാരമണികൾ തട്ടിക്ക ളിക്കുന്നതിനാൽ ഈ കളിക്ക് കാരത്തട്ട്, കാരവെട്ട് എന്നീ പേരുകളുമുണ്ട്. പാടശേ ഖരങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലുമാണ് സാധാരണമായി ഇത് കളിക്കുന്നത്. കല്ലൻമുളയാണ് സാധാരണ ഈ കളിയിൽ അടിക്കുവാനുള്ള വടിയായി ഉപയോ ഗിക്കുന്നത്. ഉണങ്ങിയ കല്ലൻമുളയുടെ കൂമ്പ് നന്നായി ഉരുട്ടിയെടുത്തതും ഏക ദേശം മുക്കാൽ മീറ്റർ നീളവും അറ്റം വളഞ്ഞതുമായ മുളവടിയുമാണ് കളിയുപകര ണങ്ങൾ. ആധുനിക ഹോക്കി കളിയോട് സാമ്യം പുലർത്തുന്നതാണ് കാരകളി.

നാട്ടിൽ പ്രധാന ഇടങ്ങളിലെല്ലാം ഊരുതെണ്ടി ഉത്സവത്തിനുള്ള സാധന സാമഗ്രികൾ സ്വരൂപിക്കുകയും ഇടക്ക് കാരകളിയിൽ ഏർപ്പെട്ടും, ആഹ്ലാദചിത്ത നായാണ് ജാതവൻ പേടിയാട്ടയമ്മയെ കാണാനെത്തുന്നത്. സ്വാതന്ത്ര്യത്തിന്റെ ഉച്ചവായു ശ്വസിക്കുന്നത് ഈ നിമിഷങ്ങളിലാണ്. ജാതവൻ പോകുന്ന സ്ഥലങ്ങ ളിലൊക്കെ മുറത്തിൽ നിറച്ചെപ്പ്, നിറനാഴി, രാശിനോക്കുവാനുള്ള വെറ്റില, അടയ്ക്ക തുടങ്ങിയവയും വെച്ചിട്ടുണ്ടായിരിക്കും. കൂടാതെ അഞ്ച് തിരിയിട്ട നില വിളക്കും അവിൽ, പഴം, ശർക്കര, ഇളനീർ, കള്ള് എന്നിവയും വെക്കുന്നു. ഓരോ വീടുകളിലും നേർച്ചക്കുള്ള ദ്രവ്യങ്ങൾ (സ്വർണ്ണച്ചെയിൻ, സ്വർണ്ണത്താലി, വെള്ളി യുടെ കുടമണി, പണം) എന്നിങ്ങനെ വ്യത്യസ്തമായിരിക്കും. വീടുകളുടെ മുറ്റ ത്തായിരിക്കും ജാതവന് ചടങ്ങുകൾ നടക്കുന്നത്. തിരിച്ചുപോകുമ്പോൾ വീടുക ളിൽനിന്നും വെളിച്ചത്തിനായി ഓലച്ചൂട്ടും നൽകുന്നു. വീടുകളിൽ എത്തുമ്പോൾ മൂന്നാം സ്ഥാനക്കാരൻ അനുവാദം ചൊല്ലുക എന്ന ചടങ്ങുണ്ട്. ദേവി വന്ന ഐതി ഹ്യമാണ് ചൊല്ലുന്നത്. വീടുകളിലെ ഗൃഹനാഥന്റെ ഗ്രഹനില പറയുന്ന ചടങ്ങും നടക്കുന്നു. തുലാമാസത്തിലെ ഗ്രഹങ്ങളുടെ നിലയാണ് പറയുന്നത്.

മണ്ണൂർ ശിവക്ഷേത്രത്തിൽ പോയി തീർത്ഥം വാങ്ങി ക്ഷേത്രത്തിനു കിഴക്കു വശത്തുള്ള എട്ട്യാട്ട് ഇല്ലത്തേക്കാണ് ആദ്യം ജാതവനെ എഴുന്നള്ളിക്കുന്നത്. ശേഷം കാരകളിപ്പറമ്പിൽ ജാതവൻകാരകളിയിലേർപ്പെടുന്നു. തുടർന്ന് നെച്ചിക്കാട്ട്, കോലോട്ട്, നടുത്തൊടി, ഓണത്തറ, മണിയത്ത്, പള്ളത്ത്, പുന്നോളിവളയനാട്ട്, എട്ടിത്താഴത്ത്, കോണം പറമ്പത്ത്, കുമ്മഞ്ചേരി, നോക്കട, പുതിയിൽ, പാലയ്ക്കൽ, ഈന്തിൻകാട്, പയന്തല, രാമൻപറമ്പത്ത് തുടങ്ങി അനേകം തറവാടുകൾ സന്ദർശിച്ച് പുളിക്കൽകാവിൽ എത്തി ചടങ്ങിനുശേഷം (പൂജ) പേടിയാട്ട് കാവിലെത്തുന്നു. പണ്ട് കാലങ്ങളിൽ ജാതവൻ കോട്ടയിൽനിന്ന് പുറപ്പെട്ട് മണ്ണൂർ ശിവക്ഷേത്രം, എട്ട്യാട്ട് ഇല്ലം, പാറയിൽകാവ്, വളയനാട്, പേടിയാട്ട് ഇത്രയും സ്ഥലങ്ങളേ സന്ദർശിക്കാറുണ്ടായിരുന്നുള്ളൂ. ജാതവനെ ആൽത്തറയിലിരുത്തി മൂത്തപെരുവണ്ണാനും സംഘവും കാവിലേക്കു പോകുന്നു. ആ സമയം കോമരം 'കല്പനാവാചകം'[2] ചൊല്ലുന്നു. ശേഷം കുടിൽപുരയ്ക്കൽകാർ 'വെറ്റിലരാശി പറയുന്നു'.[3] ഉത്സവകാര്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്. ഇതിനെ കല്പനാവാചകം ചൊല്ലുക എന്നാണ് പറയുന്നത്. അതിനുശേഷം 'ചുവടൊരുമിച്ച്'[4] ഊരുതെണ്ടി കിട്ടിയ വസ്തുവകകളിൽ നിന്ന് ഒരു വിഹിതം പേടിയാട്ടമ്മയ്ക്കു നൽകുകയും ചെയ്യുന്നു.

തെണ്ടിക്കിട്ടിയ വസ്തുക്കൾ ചുവടൊരുമിക്കാൻ സമ്മതം ചോദിക്കുന്ന ഒരു ചടങ്ങും ഉണ്ട്. മൂത്തപെരുവണ്ണാനും മൂന്നാം പെരുവണ്ണാനോടും നാലാം പെരുവണ്ണാനോടും നാലുക്കാരോടും നാട്ടുകാരണവൻമാരോടും കൂടി (തേഞ്ഞിപ്പലൻ, പരുത്തിക്കാടൻ, കോട്ട, എരമംഗലം) ദൈവത്തിന്റെ വഴിപാട് ചുവടൊരുമിക്കട്ടെ എന്നാണ്. മൂത്ത പെരുവണ്ണാൻ അളക്കാനിരിക്കുമ്പോൾ സമ്മതം ചോദിക്കുന്ന ചടങ്ങുമുണ്ട്. ഇളയപെരുവണ്ണാനോടും മൂന്നാം പെരുവണ്ണാനോടും നാലാം പെരുവ

2 ദേവദർശനം കിട്ടിയ വ്യക്തികളുടെ വാക്കുകളെയാണ് കല്പനാവാചകം എന്നു പറയുന്നത്. ഭാവിയെപ്പറ്റിയുള്ള പ്രവചനങ്ങളും ദോഷങ്ങളെപ്പറ്റിയുള്ള അറിയിപ്പുകളുമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. കാവുത്സവത്തോടനുബന്ധിച്ച് വെളിച്ചപ്പാട് ഉത്സവം എങ്ങനെ നടത്തണമെന്ന് പനയമഠം കുന്നത്ത് തറവാട്ടുകാരോട് ദർശനം പറയുന്നതാണിത്.

3 ഉത്സവത്തോടനുബന്ധിച്ച് മൂത്ത പെരുവണ്ണാൻ പേടിയാട്ട് കാവിലേക്ക് വരുന്നു. കാവിൽനിന്ന് ഒരു കെട്ട് വെറ്റില, അടയ്ക്ക തുടങ്ങിയവ മൂത്ത പെരുവണ്ണാന് നൽകുന്നു. വെറ്റില ഞെട്ട് എണ്ണിനോക്കി അടയ്ക്കയുടെ വാലും തലയും നോക്കി ഉത്സവനടത്തിപ്പിനെക്കുറിച്ച് പറയുന്ന സൂചനയാണ് വെറ്റില രാശി.

4 ഇളയപെരുവണ്ണാൻ ഊരുതെണ്ടിക്കിട്ടിയ അരിയും മറ്റും ജാതവനെ ഒരുക്കിയ കുതിരയുടെ വാലിൽനിന്നും കുരുത്തോല മുറിച്ചെടുത്ത് ചുറ്റി അത് സീല് വെച്ചപോലെ ചാക്കിൽ അടയാളം വെക്കുന്നു. അങ്ങനെ കെട്ടുന്നതിനെയാണ് ചുവടൊരുമിക്കുക എന്നു പറയുന്നത്.

ണ്ണാനോടും നാലുക്കാരോടും നാട്ടുകാരണവൻമാരോടുംകൂടി ദൈവത്തിന്റെ വഴിപാട് അളക്കാനിരിക്കട്ടെ എന്നതാണ് ഇത്.

കാവിൽനിന്നും പന്തം വാങ്ങി അമ്പാളിത്തറവാട്, കാരാട്ട്കാവ് (പൂജ), പാറ്റയിൽകാവ് (പൂജ), ചോഴക്കാട് തറവാട്, ചട്ടിക്കണ്ടി തുടങ്ങി അനേകം സ്ഥലങ്ങൾ സന്ദർശിച്ചശേഷം കുടിൽപുരക്കൽ തറവാട്ടുവീട്ടിലേക്ക് മടങ്ങുന്നു. കാരണവർ 'വെട്ടുവാചകം' ചൊല്ലി കാരണവത്തി താലപ്പൊലിയേന്തി വരവേറ്റ് ജാതവനെ തിരികെവെക്കുന്നു. വിദ്യാഭ്യാസ ഉയർച്ചക്കുവേണ്ടി ജാതവൻകോട്ടയിൽ വഴിപാടായി കെടാവിളക്ക് വയ്ക്കാറുണ്ട്. രാവിലെ ആറുമണിക്ക് തിരിതെളിച്ചാൽ വൈകുന്നേരം ഏഴുമണിവരെ വിളക്ക് അണയാതെ നിൽക്കണമെന്നാണ് വിശ്വാസം.

ജാതവൻ ഊരുചുറ്റാനിറങ്ങുന്ന ആദ്യദിവസം മുക്കുവർ ജാതവന് 'ഏട്ടക്കോമ്പ' കൊടുക്കുന്ന ചടങ്ങുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ ചടങ്ങ് കണ്ടുവരുന്നില്ല.

### 3.5.1.9 പേടിയാട്ട്കാവിൽ ഉത്സവത്തലേന്ന്

ഉത്സവത്തിനായുള്ള മുന്നൊരുക്കങ്ങൾ ഇന്നേദിവസം നടക്കുന്നു. ഉത്സവത്തലേന്ന് കുന്നത്തുകാരും, പനയമഠക്കാരും കുളിച്ച് ഈറനുടുത്ത് പടച്ചോറുണ്ട് വ്രതമനുഷ്ഠിക്കുന്നു. നേദ്യം കൊട്ടിലിൽ തയ്യാറാക്കുകയും ശേഷം നേദ്യം കൊട്ടയിൽ ഒരുക്കിവയ്ക്കുകയും ചെയ്യുന്നു. ദേവിയെ ക്ഷേത്രത്തിലേക്ക് കൊണ്ടുവന്നു എന്ന് പറയപ്പെടുന്ന വല്ല്യച്ഛന് (ഗുരു) ബലികർമ്മം, ശാർദ്ദൂട്ടം (ശ്രാദ്ധമൂട്ടുക) എന്നീ ചടങ്ങുകളും അർപ്പിക്കുന്നു.[5] ശ്രാദ്ധമൂട്ടുന്നതിനുള്ള അരി വേറെ ഒരുക്കിവയ്ക്കുന്നു. വ്രതമനുഷ്ഠിക്കുന്നതിനാൽ അന്നാളിലെ ഭക്ഷണം ഒരിക്കലൂണായി വെള്ളനിവേദ്യമാണ് കഴിക്കുന്നത്. അവകാശികൾക്ക് നേദ്യം 'പട'യായി നൽകുന്നു.[6] ഭഗവതിയ്ക്ക് കുളിക്കുവാനുള്ള താളിയും എണ്ണയുമായി എണ്ണേക്കാട്ടുകാർ എത്തുന്നു. ഭഗവതിയെ ഒരുക്കാനുള്ള വളയവും മറ്റു സാമഗ്രികളും തലേദിവസം തന്നെ പെരുവണ്ണാന്മാരെ ഏൽപ്പിക്കുന്നു.

---

5 ഭഗവതിയെ കൊണ്ടുവന്ന ഗുരുവിനെയും മൺമറഞ്ഞുപോയ കാരണവൻമാരെയും പ്രീതിപ്പെടുത്തുന്ന ചടങ്ങാണ് ഇത്.

6 ഉണക്കലരി വേവിച്ച് ചോറുണ്ടാക്കി വെള്ളം വറ്റിച്ച് പടക്കോരിക എന്ന പാത്രത്തിലാക്കി വാഴയിലയിലേക്ക് ഒരു നിശ്ചിത ആകൃതിയിൽ ആ ചോറിനെ മാറ്റിയെടുക്കുന്നു. ഇതാണ് പടച്ചോറ്. ഉറച്ച വെള്ള നിവേദ്യമാണ് ഇത്.

#### 3.5.1.10 ജാതവൻകോട്ടയിൽ ഉത്സവത്തലേന്ന്

ഉത്സവത്തലേന്ന് രാവിലെ വീണ്ടും ജാതവനെയും കൊണ്ട് കോട്ടയുടെ അടുത്തുള്ള മണ്ണൂർ റെയിൽ, മുരികല്ലിങ്ങൾ, തിരുമലമ്മൽ, കോഴിശ്ശേരി, കിഴക്കെപ്പുരക്കൽ, പടിഞ്ഞാറെപുരയ്ക്കൽ തുടങ്ങി കിഴക്കുഭാഗങ്ങളിൽ ഊരുചുറ്റി ഉച്ചയ്ക്കു രണ്ടുമണി ആകുമ്പോഴേയ്ക്കും ശിവക്ഷേത്രത്തിന്റെ വടക്കുവശം - പഴയബാങ്ക് എന്നിവിടങ്ങളിലായി ഊരുചുറ്റുകയും പിന്നീട് കുന്നത്തുകാവിൽ പോയ ശേഷം പെരുമ്പറമ്പിൽ ചുവടൊരുമിക്കുകയും ചെയ്യുന്നു. ശേഷം ചീരാൻത്തൊടി, കൂർമന്തറ, പിടിപ്പഴി തുടങ്ങി അമ്പലത്തിന്റെ പടിഞ്ഞാറു സഞ്ചരിച്ച് പെരിങ്ങോട്ടു ഇല്ലത്തുപോയി ചുവടൊരുമിച്ച് അത്തിപ്പറമ്പത്ത്, കൊല്ലേരി തുടങ്ങിയ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു. അവിടെനിന്ന് കിട്ടുന്ന നെല്ലും അരിയും പണവും അതാത് അവകാശികൾക്ക് എന്നാണ് കണക്ക്. ആയതിനാൽ ഓരോരോ തറവാട്ടുകാരുടെയും അവകാശങ്ങൾ അവരവർക്ക് എടുക്കാവുന്നതാണ്. അന്നേദിവസം കോട്ടയും എരമംഗലവും ഭാഗിച്ചെടുക്കുന്നു. അന്ന് തെണ്ടൽകഴിഞ്ഞ് രാത്രിയോടെ കോട്ടയിലെത്തുന്ന കാരണവരായ മൂത്തപെരുവണ്ണാനെ തറവാട്ടിലെ കാരണവത്തി താലപ്പൊലി എടുത്ത് സ്വീകരിക്കുകയും അദ്ദേഹത്തെ നമ്രശിരസ്സോടെ തൊഴുകയും ചെയ്യുന്നു. ആ സമയം ചെണ്ടകൊട്ടി മൂത്ത പെരുവണ്ണാൻ കൊട്ടിലിൽ ജാതവനെ വയ്ക്കുകയും ചെയ്യുന്നു.

### 3.6 ഉത്സവത്തിന്റെ അനുഷ്ഠാനങ്ങൾ

പേടിയാട്ട്കാവിലും ജാതവൻകോട്ടയിലും ഉത്സവത്തോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങൾ നിരവധിയാണ്.

#### 3.6.1 ഉത്സവദിവസം ജാതവൻ

ഉത്സവദിവസം ജാതവനെ എഴുന്നള്ളിച്ച് എട്ടുമണിയോടുകൂടി വാക്കടവ് കടൽക്കരയിൽ കൊണ്ടുവരുന്നു. അമ്മയെ ഒരു നോക്കു കാണാൻ ജാതവൻ കാത്തിരിക്കുന്നു.

### 3.6.2 ഉത്സവദിവസം ഭഗവതി

മുത്തപെരുവണ്ണാനും കൂട്ടരും പുലർച്ചെ മൂന്നുമണിയോടുകൂടി പേടിയാട്ട് കാവിലെത്തുന്നു. ആ സമയം പനയമഠം തറവാട്ടുകാർ കിണ്ടിയും വെള്ളവും ചങ്ങലാട്ടയും നിറദീപത്തോടുകൂടി ശംഖുനാദംമുഴക്കി പെരുവണ്ണാൻമാർ ചേർന്ന് ദേവിയെയും നാട്ടുകാരെയും ഉണർത്തുന്നു. പേടിയാട്ട് ഭഗവതിക്കാവിൽ ദേവി യുടെ പ്രതിഷ്ഠയുള്ള ചെറിയ അമ്പലത്തിൽ ദേവിക്ക് സർപ്പങ്ങൾ കാവലായി ഉണ്ട് എന്ന വിശ്വാസമുണ്ട്. ഉത്സവത്തിന് നട തുറക്കാനായി എത്തുമ്പോൾ മൂത്ത പെരുവണ്ണാൻ പച്ച ഈർക്കിൽ വളച്ചുകെട്ടിയത് കൈയിൽ കരുതിയാണ് പോകു ന്നത്. ഈർക്കിൽ കൊണ്ട് നിലത്തുവീശി സർപ്പങ്ങളെ വകഞ്ഞു മാറ്റിയാണ് ദേവീ പ്രതിഷ്ഠ കുളിപ്പിക്കാൻ എടുക്കുന്നത് എന്നതാണ് പഴമക്കാർ പറയുന്നത് (അനു. 1.1).

ദേവിയുടെ പ്രതിഷ്ഠയുള്ള അമ്പലത്തിൽ പ്രതിഷ്ഠ നിൽക്കുന്ന തറയുടെ ഉയരത്തിൽ പുറത്തേക്ക് തിരശ്ചീനരീതിയിൽ ആറ് വിടവുകളുണ്ട്. ഇത് സർപ്പ ക്കാവിൽനിന്നും അമ്പലത്തിന് അകത്തേയും പുറത്തേക്കും സർപ്പങ്ങൾക്ക് സഞ്ചരി ക്കാനുള്ള വഴികളാണെന്നാണ് വിശ്വാസം. പഴയകാലങ്ങളിൽ ഉത്സവത്തോടനുബ ന്ധിച്ച് ചില ദിവസങ്ങളിലായി തിറ അരങ്ങേറിയിരുന്നു. ഭഗതിയെ എഴുന്നള്ളിച്ചു വെച്ച് പ്രത്യേക ചമയങ്ങളുമണിഞ്ഞ് ജാതവൻ തിറ നടന്നിരുന്നു.

ശംഖുനാദം മുഴക്കുന്നത് വഴിയരികിലുള്ള ആളുകൾ മാറിപ്പോകുവാനും ഹൈന്ദവഭവനങ്ങളിൽ നിലവിളക്കു കൊളുത്തുവാനുമാണ്. യഥാർത്ഥ വിഗ്രഹം അമ്പലത്തിന് തൊട്ടടുത്തുള്ള ചമ്പേത്തോട്ടിൽ കൊണ്ടുപോയി നീരാടിച്ച് തിരികെ വെച്ചതിനു ശേഷം നടയടയ്ക്കുന്നു. ഈ പ്രതിഷ്ഠ മറ്റാരും കാണാൻ പാടില്ലെന്നാണ് വിശ്വാസം. മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരി എത്തി പൂജ യ്ക്കുശേഷം മൂത്തപെരുവണ്ണാനും രണ്ടാംസ്ഥാനക്കാരനും ക്ഷേത്രാങ്കണത്തിൽ പ്രവേശിച്ച് മരത്തിൽ കടഞ്ഞെടുത്ത ദാരുശില്പം മാറോടു ചേർത്ത് വെളി യിൽവരികയും ചെയ്യുന്നു. അവിടെ നിലകൊണ്ടിട്ടുള്ള അവകാശികളായ പനയമഠ ക്കാരും മറ്റും കൂടെച്ചേർത്ത് മഞ്ഞപ്പന്തത്തിന്റെയും ശംഖുനാദത്തിന്റെയും അക മ്പടികളോടെ വെഞ്ചാമരം, ആലവട്ടം, കുട, കുന്തം തുടങ്ങിയവയുമായി നീരാട്ടിനു പുറപ്പെടുന്നു.

എഴുന്നള്ളത്ത് കുന്നത്ത് തറവാട്ടിനടുത്ത് എത്തുമ്പോൾ അവിടെവെച്ച് നമ്പ്യാർ പ്രതിനിധികൾ ചേർന്ന് കടപ്പുറത്തേക്ക് ദേവിയെ ആനയിക്കുന്നു. കുന്നത്തുനിന്നും വാക, ചൂട്ട്, താളി, ഉമിക്കരി, ഈർക്കിൽ എന്നിവ നൽകുന്നു. ഭഗവതിയുടെ മേൽനോട്ടം നിർവഹിക്കുന്നത് റെയിൽവെഗേറ്റ് വരെ കുന്നത്തുതറവാട്ടുകാരാണ്. അവിടെനിന്ന് കടപ്പുറം വരെ മൂസത് സമുദായക്കാരും മൂത്ത പെരുവണ്ണാനോടൊപ്പം രണ്ടാംസ്ഥാനക്കാരനും ചേർന്ന് നീരാട്ടിനായി കടലിലിറക്കുന്നു. വാകയും താളിയുംതേച്ച് കുളിപ്പിക്കുന്നു. ഇതിൽ പനയമഠക്കാരും പങ്കുചേരുന്നു. പേടിയാട്ട് ഭഗവതി കടലിൽനിന്ന് വന്നതായതിനാൽ കടലിനോട് വല്ലാത്ത അഭിനിവേശവും ഭ്രമവുമാണ് ദേവിക്കുള്ളത്. ആയതുകൊണ്ടുതന്നെ കടലിലേക്കു തിരികെ യാത്രയാകാതിരിക്കാൻ വളരെ സൂക്ഷ്മമായി മൂത്ത പെരുവണ്ണാന്റെ അരയിൽ ചങ്ങലബന്ധിച്ച് പനയമഠം തറവാട്ടുകാർ ചങ്ങലയുടെ എതിരറ്റം പിടിച്ചുകൊണ്ടാണ് കുളിപ്പിക്കുന്നത്.

ദേവിയുടെ ആറാട്ടിനുശേഷം നാലുകാലിൽ പരുത്തിതുണിചുറ്റി ഒരു മറയുണ്ടാക്കി ഭഗവതിയെ ഇരുത്തി നാല് പെരുവണ്ണാൻ സ്ഥാനക്കാരും കൂടി ദേവിയെ അണിയിച്ചൊരുക്കുന്നു. ദേവിയെ ഒരുക്കാൻ അമ്പാളിതറവാട്ടുകാരും പങ്കുചേരുന്നു. മറക്കുടയുമായി മൂത്ത പെരുവണ്ണാത്തി മറയുടെ പുറത്ത് കാവലിരിക്കുന്നു. ദേവിയെ ഒരുക്കുന്നതിനടുത്തായി പൊയ്ക്കുതിരമേൽ ജാതവനും കാവൽ നിൽക്കുന്നു. ജാതവന് ഭക്തജനങ്ങൾ നേർച്ചയായി പൂമാല, കുടമണി, ചൂടിക്കയർ, മഞ്ഞപ്പൊടി എന്നിവയെല്ലാം ചാർത്താൻവരികയും ഭഗവതിക്ക് മൂത്തപെരുവണ്ണാന്റെ കൈയ്യിൽ കുന്നത്തുകാർ ആഭരണം ഏൽപ്പിക്കുകയും ചെയ്യുന്നു. തട്ടാൻമാർ ഭഗവതിക്ക് പൊട്ട് ഒട്ടിക്കാൻ കുന്നിപ്പശ കൊണ്ടുവരുന്നു. ചമയം കുടിൽ പുരയ്ക്കൽക്കാരും കൊണ്ടുവരുന്നു. ഒരുക്കങ്ങൾക്കുശേഷം ജാതവനുമായി മൂന്നുതവണ ദേവിക്കു ചുറ്റും വലംവെയ്ക്കുന്നു. ആ സമയം ചെണ്ടമേളം ഉച്ചത്തിലായിരിക്കും. മൂത്ത പെരുവണ്ണാൻ ദേവിയുടെ മുഖത്തെ തിരശ്ശീല നീക്കുന്നു. ഒരു വർഷത്തെ കാത്തിരിപ്പിനുശേഷം മകൻ അമ്മയെ കാണുന്ന നിമിഷമാണത് എന്ന് വിശ്വസിക്കപ്പെടുന്നു. തുടർന്ന് ജനങ്ങൾ ഉച്ചത്തിൽ ദേവിയെ വിളിക്കുന്നു.

ഈ സമയം ഭക്തജനങ്ങൾ പിതൃക്കൾക്കുവേണ്ടിയുള്ള ബലിതർപ്പണങ്ങൾ ചെയ്യുന്നു. സൂര്യോദയത്തിനുമുമ്പ് ഇളയപെരുവണ്ണാനും പനയമഠം സംഘവും

തിരിച്ചെഴുന്നള്ളി കുളിച്ച് ഈറനണിഞ്ഞ് പേടിയാട്ട്കാവിൽ പ്രവേശിക്കുകയും വിതാനങ്ങൾ ഒരുക്കി പൂജചെയ്ത് എട്ടുമണിയോടെ ക്ഷേത്രത്തിന് പുറത്ത് വിളക്കുവെച്ച് ഗണപതിപൂജയും പീഠം എഴുന്നള്ളിച്ച് വിതാനിച്ച് അരിയെറിയൽ ചടങ്ങും നിർവഹിക്കുന്നു.

ശിരസ്സുമാത്രമായുള്ള ദേവീശില്പത്തിൽ നെറ്റിയിൽ ചന്ദ്രക്കലയും തിരുശേഷിപ്പിനുള്ള മുടിയിഴകളും നെറ്റിപ്പട്ടത്തോടൊപ്പം കൂട്ടിച്ചേർത്ത കമ്മലുകളും നേർച്ചയായി ലഭിച്ചിട്ടുള്ള ധാരാളം താലിമാലകളും കഴുത്തിലണിയിച്ച് പൂപ്പട, തിരുവെള്ള എന്നിങ്ങനെയുള്ള രണ്ട് തുണികളാൽ വിശിഷ്ടമായി ഞൊറിഞ്ഞ് വളയാകൃതിയിലാക്കിയതിനുശേഷം മുഖം നടുവിൽ വയ്ക്കുന്നു. ചുവപ്പുനിറവും മുൻവരിയിൽ മുകളിലായി ഉയർന്നുനിൽക്കുന്ന ദ്രംഷ്ട്രകളും രൗദ്രഭാവവുമാണ് ഭഗവതിക്കു നൽകുന്നത്. പൂപ്പടയും തിരുവെള്ളയും മുഖം ചുറ്റിവയ്ക്കുന്നതിനാൽ ഭഗവതീശില്പം വലിയ രൂപാകൃതിയിൽ കാണപ്പെടുന്നു.

പിന്നീട് കടപ്പുറത്തുനിന്നും ജാതവനും ഭഗവതിയും മുന്നിലും പിന്നിലുമായി പേടിയാട്ടേക്കുള്ള യാത്രപുറപ്പെടുന്നു. ഈ സമയം ഓരോ വീടുകളിലും തേങ്ങ വേവിച്ച വെളിച്ചെണ്ണ നിലവിളക്കിൽ ഒഴിച്ച് കത്തിക്കുന്നു. ആദ്യമായി കുന്നത്തേക്കും ശേഷം കറുത്തങ്ങാട്ടേക്കും അവസാനം പേടിയാട്ടേക്കും ആണ് ദേവിയുടെ യാത്ര. ഈ യാത്രയിൽ ദേവിയും ജാതവനും തമ്മിൽ മൂന്നടി ദൂരം പാലിക്കുന്നുണ്ട്. കുറേ മുമ്പിലേക്ക് ജാതവന്റെ പൊയ്ക്കുതിരയെ എടുത്തിട്ടുള്ള ആൾ ഓടിയും നടന്നുമെല്ലാം പോകുന്നതിനിടയിൽ പെട്ടെന്ന് വെട്ടിത്തിരിഞ്ഞ് ദേവിയുടെ അടുക്കലേക്ക് ഓടി അടുത്ത്, കുറച്ചകലത്തിലായി നിന്നശേഷം മേലോട്ടുയർന്ന് പ്രത്യേക താളത്തിൽ രണ്ടുമൂന്ന് ചാട്ടങ്ങൾ ചാടുന്നു. അമ്മയെ മകൻ വീണ്ടും വീണ്ടും കാണുവാനായി എത്തിനോക്കുകയാണെന്നാണ് ഐതിഹ്യം. ഇത് യാത്രയിലുടനീളം ആവർത്തിക്കുന്നു. ഇതൊടൊപ്പം തൈക്കൂട്ടത്തിൽ പ്രതിനിധി ഭണ്ഡാരവും എഴുന്നള്ളിക്കുന്നുണ്ട്. പോരുന്ന വഴിയിൽ കക്കാട്ടുപാടത്തു വെച്ച് കോമരം മൂത്ത പെരുവണ്ണാനോട് കല്പനചൊല്ലുന്നു (ചെയ്യേണ്ട കാര്യങ്ങൾ). പേടിയാട്ടുഭഗവതി മനേഴി ഇല്ലത്തിന്റെ അടുത്തെത്തുമ്പോൾ കോമരം മൂസതിന്റെ മനേഴി ഇല്ലത്തുപോയി അനുവാദം ചോദിക്കുന്ന ഒരു ചടങ്ങുണ്ട്. അവിടെ നിലവിളക്ക്, പറയിൽ നെല്ല്, നാഴി അരി, വാഴക്കുല, കസവിന്റെ മുണ്ട് എന്നിവ

ഒരുക്കിവെച്ചിട്ടുണ്ടാവും. ആ സമയം കോമരം മൂസതിനോട് സമ്മതം ചോദിക്കുന്നുണ്ട്.

ദേവി ആദ്യം സന്ദർശിക്കുന്നത് കുന്നത്ത് നമ്പ്യാൻമാരുടെ വീട്ടിലാണ്. അവിടെ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള പീഠത്തിൽ നിലവിളക്ക് തെളിയിച്ച് പൂജാദ്രവ്യങ്ങളെല്ലാം തയ്യാറാക്കിവെച്ചിട്ടുണ്ടാവും. ഈ പീഠം 'മണിത്തറ' എന്ന പേരിലാണ് അറിയപ്പെടുന്നത്. മണിത്തറയിലൊരുക്കുന്ന നിവേദ്യത്തിനെ വെള്ളരി നിവേദ്യമെന്നാണ് പറയുക. പായയിൽ ഒൻപത് നാക്കിലകൾ മണിത്തറയിൽ നിര നിരയായി വെച്ചതിനുശേഷം പൂവൻപഴം, ഇളനീർ, വെറ്റില, അടയ്ക്ക, വെള്ളയരി മുതലായ പൂജാദ്രവ്യങ്ങൾ അതിൽ വെയ്ക്കുന്നു. ദേവിയെയും ജാതവനെയും കുന്നത്തുവീട്ടിൽ ഇറക്കിവെച്ച് ദേവിയെ കുറഞ്ഞ സമയം മണിത്തറയിൽ കൊണ്ടിരുത്തുന്നു. ദേവി വിശ്രമിക്കുന്ന സമയമാണത് എന്നാണ് വിശ്വാസം. ശേഷം പൂജ ചെയ്ത് പ്രസാദം (മഞ്ഞൾ) എല്ലാവർക്കും നൽകുന്നു. ഭഗവതിക്ക് ചാർത്താൻ സ്വർണ്ണവും പണവുമായി ഭക്തർ കാത്തിരിക്കുന്നു.

#### 3.6.2.1 പടകാളിത്തല്ല് - കുന്നത്ത്

ദേവിയുടെ വിശ്രമസമയത്താണ് ഇഷ്ടവിനോദമായ പടകാളിത്തല്ല് നടക്കുന്നത്. ഈ സമയം ഭക്തജനങ്ങൾ ദേവിയെ ദർശിക്കാൻ തിരക്കുകൂട്ടുന്നു. കുന്നത്തുതറവാട്ടിലെ മണിത്തറയിൽനിന്നും അല്പം അകലെയായി റോഡിന് എതിർവശത്തുള്ള വിശാലമായ പാടശേഖരത്തുവെച്ചാണ് പടകാളിത്തല്ല് നടക്കുന്നത്. ദേവി ഇതുകണ്ട് ആസ്വദിച്ചിരിക്കുമ്പോൾ കുന്നത്തുതന്നെ വളരെ ഉയരത്തിൽ വളർന്നുനിൽക്കുന്ന ഒരു തെങ്ങിൽനിന്ന് (ഒറ്റത്തെങ്ങ് എന്നാണ് ഇതിനെ വിളിച്ചിരുന്നത്) ദേവിയുടെ ദാഹം അകറ്റുവാനായി കരിക്ക് വെട്ടിക്കുടിച്ച് ദാഹം അകറ്റും എന്ന ഒരു വിശ്വാസം നിലനിന്നിരുന്നു. ആ തെങ്ങ് ഇന്ന് അവിടെയില്ല. കാലപ്പഴക്കം കൊണ്ട് അത് മുറിഞ്ഞുവീണു. ഈ സമയം പടകാളിത്തല്ലിനായി വെളിച്ചപ്പാട് അമ്പാളി തറവാട്ടുകാരെയും തല്ലിൽ പങ്കെടുക്കുന്നവരെയും പാടത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. അമ്പാളിയും കോമരവും പടകാളിക്കണ്ടം കലക്കുന്ന ഒരു ചടങ്ങുണ്ട് (വെള്ളം ഇളക്കുന്നു). ആ സമയം പടകാളിത്തല്ലിൽ പങ്കെടുക്കുന്നവർ പാടവരമ്പത്ത് കയറിനിൽക്കണമെന്നാണ്. വെളിച്ചപ്പാടിന്റെ കല്പന കഴിഞ്ഞ് 'ഏറ്റ് ഏറ്റ് ഏറ്റ്' എന്ന് മൂന്ന് തവണ കോമരം ചൊല്ലിയതിനുശേഷമാണ്

പടകാളിത്തല്ല് ആരംഭിക്കുന്നത്. നല്ല പശിമയുള്ള ചെളിമണ്ണ് പാടത്തുനിന്നും വെട്ടിയെടുത്ത് വൃത്താകാരത്തിൽ തറയൊരുക്കി അതിൽ ചുവടുറപ്പിച്ചുകൊണ്ടാണ് പടകാളിത്തല്ല് നടക്കുന്നത്. തല്ലാനുള്ള അവസരത്തിനായി കണ്ണും കാതും കൂർപ്പിച്ച് വളരെ സൂക്ഷ്മതയോടെ പടകാളിത്തല്ലിൽ ഏർപ്പെടുന്നവർ തറയ്ക്കു ചുറ്റും വട്ടത്തിൽ ചുവടുവെച്ച് നടക്കും. കൈപ്പത്തി മാറി മാറി ഉയർത്തി വിറകൊണ്ട ശരീരവുമായി പ്രത്യേക ആംഗ്യത്തോടെയാണ് നടക്കുന്നത്. പഴുതു നോക്കി കിട്ടുന്ന അവസരം പാഴാക്കാതെ എതിരാളിയുടെ പുറത്തോ തോൾ ഭാഗത്തോ അടിക്കുന്നു. പ്രായം ചെന്നവരും യുവാക്കളും പടകാളിത്തല്ലിൽ പങ്കെടുക്കാറുണ്ട്. ജയാപചയങ്ങൾ മാറ്റുരച്ച് ഒരാൾക്കു തന്നെ പലരുമായും ഇതിൽ മൽസരിക്കാം.

പേടിയാട്ട്ഭഗവതി കുന്നത്തുനിന്ന് യാത്രയാകുന്നതുവരെ മത്സരം തുർന്നുകൊണ്ടിരിക്കും. ആദ്യകാലങ്ങളിൽ ദലിത് വിഭാഗങ്ങളായിരുന്നു പടകാളിത്തല്ലിൽ ഏർപ്പെട്ടിരുന്നത്. ഇപ്പോൾ തിയ്യവിഭാഗങ്ങളും അണിനിരക്കുന്നു. കടലുണ്ടിയിലെ പുഴയ്ക്കൽ തിയ്യ തറവാട്ടുകാരും ഫറോക്ക് കരുവൻതിരുത്തി കുഴിപ്പള്ളി തിയ്യ തറവാട്ടുകാരും വല്ലാപ്പൂന്നി പെരുവണ്ണാൻ തറവാട്ടുകാരുമാണ് തല്ലിൽ പങ്കെടുക്കുന്നത്. ഈ സമയത്ത് ചെണ്ട ഒറ്റക്കൊട്ടുമാത്രമാണ് കൊട്ടുന്നത്. ഭഗവതി കറുത്തങ്ങാട്ടേക്ക് നോക്കിക്കഴിഞ്ഞാൽ ആ സമയം പടകാളിത്തല്ലിൽ ഏർപ്പെടുന്നവർ തണ്ടാം വിരൽ ചെളിയിൽ കുത്തി മൂന്നു തവണ കൂവണമെന്നുണ്ട്. ആദ്യകാലങ്ങളിൽ ഒരു പാൻ കള്ളും അറുപത്തിരണ്ടേകാൽ ഉറുപ്പികയുമായിരുന്നു കൂലി. അമ്പാളി തറവാട്ടുകാരാണ് കൂലി നൽകുന്നത്. അതിൽ പകുതി ഫറോക്കുകാർക്കുള്ളതാണ്. ഇന്ന് കൂലി മൂവായിരത്തി എണ്ണൂറുരൂപ വരെയായി ഉയർന്നു. കാണികൾ പടകാളിത്തല്ലുകാർക്ക് പത്തും ഇരുപതും ഉറുപ്പിക നൽകാറുണ്ട്. തല്ലിനു ശേഷം അമ്പാളി തറവാട്ടിലേക്കാണ് ദേഹശുദ്ധിവരുത്താൻ പോകുന്നത്. കുളി കഴിയുമ്പോഴേക്കും നാലു ലിറ്റർ ബ്രാണ്ടി കളിക്കാർക്ക് നല്കുന്നു. കിട്ടുന്ന പണം പുഴയ്ക്കൽ തറവാട്ടുകാർ തുല്യമായി വീതിച്ച് കൊടുത്ത് പിരിയുന്നു. ശേഷം ഭഗവതിയും മകനും എഴുന്നള്ളുന്നത് കറുത്തങ്ങാട്ട് ഇല്ലത്തേക്കാണ്. ഉത്സവദിവസം ആണ് ഇവിടെ കൊടിയേറ്റം നടത്തുന്നത്. അവിടെ മണ്ണൂർ ശിവക്ഷേത്രത്തിലെ മേൽശാന്തി പൂജ നടത്തി മൂന്ന് വലിയ നാക്കിലയിൽ ഉണങ്ങലരി, പഴം, വെറ്റില, അടയ്ക്ക തുടങ്ങിയവകൊണ്ടുള്ള നിവേദ്യം ഒരുക്കുന്നു. ശേഷം വൈകീട്ട് അഞ്ചുമ

ണിയോടെ ഭഗവതി എഴുന്നള്ളി പേടിയാട്ട് കാവിൽ മടങ്ങിയെത്തുന്നു. ഇവിടെ ഉത്സവദിവസം കത്തിക്കുന്ന വലിയ നിലവിളക്ക് വെള്ളരിവെക്കുന്ന പറ തുടങ്ങിയവ കോലോട്ട് തറവാട്ടിൽനിന്നാണ് കൊണ്ടുവരുന്നത്.

### 3.6.2.2 താലപ്പൊലി – പേടിയാട്ടും ശേഷം കോട്ടയിലും

പനയമഠത്തെ കാരണവരും കാരണവത്തിയും താലപ്പൊലിയേന്തി ഭഗവതിയെയും ജാതവനെയും തൊഴുത് സ്വീകരിക്കുന്നു. പുരുഷൻമാരാണ് കാരണവത്തിക്കുപ്പുറമെ ഇതിൽ പങ്കുചേരുന്നത്. മഞ്ഞപ്പൊടി, ഉണങ്ങലരി എന്നിവയാണ് താലപ്പൊലിക്ക് സാധാരണമായി ഉപയോഗിച്ചുവരുന്നത്. അതിൽ നിന്ന് കുറച്ച് അരി 'അരിയെറിയൽ ചടങ്ങി'നായി ഉപയോഗിക്കുന്നു. പേടിയാട്ട്ഭഗവതിയെ ഉപാസിച്ചു കൊണ്ടുവന്ന ഗുരുവിന് പേടിയാട്ട് വിളക്ക് വയ്ക്കാനായി ഒരു തറയുണ്ട്. ആളുകൾ നേർച്ചയായി നൽകുന്ന ഇളനീർ എറിഞ്ഞുടയ്ക്കുന്ന 'ഇളനീരെറിയൽ' എന്ന ചടങ്ങ് ഈ തറയിൽവെച്ചാണ് നടക്കുന്നത്. അതിനുശേഷം ഇളയ പെരുവണ്ണാൻ താലപ്പൊലി ചൊരിയുകയും ഇരുമണി അരിവീതം താലപ്പൊലിക്കാർക്ക് കൊടുക്കുകയും ശേഷം പേടിയാട്ടെ കമ്മാൾ ചൊരിഞ്ഞ അരിയുടെ മദ്ധ്യത്തിൽ കുന്തം കുത്തി രണ്ടായി പകുത്ത് ഒരുവിഹിതം പെരുവണ്ണാൻമാർക്കും ബാക്കി വിഹിതം പേടിയാട്ടേക്കും കൊടുക്കും. തെക്കേദിക്കിൽവെച്ച് മറ്റ് അവകാശികൾ ഇത് ഭാഗംവെച്ച് കൊണ്ടുപോകുന്നു. ആശാരി, പെരുങ്കൊല്ലൻ, തട്ടാൻ എന്നിവർക്കൊക്കെ ഈ വിഹിതത്തിൽ അവകാശം ഉണ്ടാവുകയും പേടിയാട്ട് കാരണവർക്ക് പലഹാരം ഉണ്ടാക്കാൻ ഉപയോഗിക്കുകയും ചെയ്യും. താലപ്പൊലിയ്ക്കു ശേഷം ജാതവനെ തറയിലിരുത്തി പൂജാകർമ്മങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. പേടിയാട്ട് താലപ്പൊലിക്കുശേഷം കുത്തുവിളക്ക്, ചങ്ങലവട്ട, കിണ്ടിയും വെള്ളവും, നിലവിളക്കുമേന്തി പനയമഠം തറവാട്ടുകാരായ മൂത്ത കാരവണത്തിയും പുരുഷന്മാരും താലപ്പൊലിയേന്തി ദേവിയെ വരവേറ്റ് പ്രദക്ഷിണംചെയ്ത് വലിയ അമ്പലത്തിന്റെ അകത്തളത്തിൽ ദേവീപീഠത്തിൽ പ്രതിഷ്ഠിക്കുന്നു.

അകത്തളത്തിനുപുറത്ത് തിയ്യ തറവാട്ടുകാർ ആദ്യകാലങ്ങളിൽ താലപ്പൊലി എടുത്തിരുന്നു. മറ്റാർക്കും താലപ്പൊലി എടുക്കാൻ അവകാശമില്ല. ആ സമയം ജാതവൻ അകത്തളത്തിന്റെ ചുറ്റുമതിലിന് പുറത്ത് ചെറിയ അമ്പലത്തിന്റെ അടുത്ത് കാത്തുനിൽക്കുന്നു. ശേഷം ഏഴ് വിഭാഗങ്ങൾക്കായി ഏഴ് ഇലകളിൽ

നിവേദ്യം ഒരുക്കുന്നു. അരിയും ശർക്കരയും നെല്ലും മറ്റും നിവേദ്യമായി കൊടുക്കുകയും ചെയ്യുന്നു. കാരണവരുടെ കാർമ്മികത്വത്തിലാണ് പൂജചെയ്ത് നിവേദ്യം അർപ്പിക്കുന്നത്. കോമരം അടങ്ങിയതിനുശേഷം നിവേദ്യം അവകാശികൾക്കായി ഭാഗിച്ചുനൽകുന്നു. ഇതിൽ വലത്തുനിന്നും നാല് ഇലയുടെ അവകാശം നൽകുന്നത് പെരുവണ്ണാൻ സമുദായക്കാർക്കാണ്. ഇടത്തുനിന്ന് ഒരില പനയമഠക്കാർക്കും ബാക്കിയുള്ളത് മറ്റു സമുദായക്കാരായ മാരാത്തയിൽ, അമ്പാളിത്തറവാട്ടുകാർക്കും വീതിക്കുന്നു.

മനസ്സ്, ശരീരം, ഭക്ഷണം, ഭാഷണം, ഭാവം ഇവയിലെല്ലാം സമ്പൂർണ്ണ ശുദ്ധി വരുത്തി കഴുത്തിൽ പൂമാലയും, കാൽചിലമ്പും അരമണിയും വലതുകൈയ്യിൽ പള്ളിവാളും ഇടതുകൈയ്യിൽ ചിലമ്പും കുലുക്കി ശരീരം ദേവിയുടെ വെളിപാടുകൾ ആജ്ഞാസ്വരത്തിൽ ഭക്തരോട് ഉറഞ്ഞുതുള്ളി കോമരമടങ്ങുന്നു. എന്നാൽ ഇന്ന് കോമരമില്ല. വാളെടുക്കുന്നത് പനയമഠക്കാരാണ്.

ആദരവോടെ പെരുവണ്ണാൻമാരും പനയമഠം തറവാട്ടുകാരും ചേർന്ന് ഭഗവതിയെ ചെണ്ടകൊട്ടി മേളപ്പൊരുമയോടെ എഴുന്നള്ളിച്ച് കിഴക്കെ അമ്പലത്തിൽ പ്രതിഷ്ഠിക്കുന്നു. ദേവീപീഠത്തിൽ വീരാളിപ്പട്ട് വിരിച്ച് അരിയും പൂവും വിതാനിച്ച് ദേവിയെ കുടിയിരുത്തുന്നു.

അമ്മയോട് യാത്രചൊല്ലി ജാതവൻ കോട്ടയിലേക്ക് തല താഴ്ത്തിപ്പിടിച്ച് വാദ്യമേളമില്ലാതെ സങ്കടത്തോടെ മടങ്ങുന്നു എന്നാണ് വിശ്വാസം. ഓഹരിയായി കിട്ടിയ നെല്ലും, മഞ്ഞളും പഴവും എല്ലാം കൊണ്ടാണ് അകമ്പടിക്കാരുമായി ജാതവന്റെ കോട്ടയിലേക്കുള്ള മടക്കം. ജാതവിന്റെ മടക്കത്തിനുശേഷം കാണിക്കയായി ലഭിച്ച വസ്തുക്കളും (സ്വർണ്ണത്താലി, മഞ്ഞൾപ്പൊടി, മഞ്ഞപ്പന്തം, കൊടി, വെളിച്ചെണ്ണ, ചന്ദനത്തിരി, പട്ട്, പണം) ഭണ്ഡാരം തുറന്ന് എണ്ണിത്തിട്ടപ്പെടുത്തുന്നു. ശേഷം എല്ലാവരും കോട്ടയിലേക്ക് മടങ്ങിയെത്തുമ്പോൾ പെരുവണ്ണാൻ സമുദായത്തിലെ മൂത്ത കാരണവത്തിയും മറ്റും താലപ്പൊലിയേന്തി സ്വീകരിച്ചാനയിക്കുകയും ശേഷം ജാതവന്റെ പൊയ്ക്കുതിരയെ മൂത്തപെരുവണ്ണാൻ കുടിൽപുരയ്ക്കൽ തറവാട്ടിൽ പൂജാദി കർമ്മങ്ങൾചെയ്ത് കുടിയിരുത്തുന്നു. അത്താഴത്തിനു ശേഷം എല്ലാവരും ഉറങ്ങുന്നു.

### 3.7 ഉത്സവാനന്തര അനുഷ്ഠാനങ്ങൾ

പേടിയാട്ട്കാവ് ഉത്സവത്തിനു ശേഷമുള്ള അനുഷ്ഠാനങ്ങൾ നിരവധിയാണ്.

#### 3.7.1 പേടിയാട്ട് ഉത്സവപ്പിറ്റേന്ന്

ഉത്സവപ്പിറ്റേന്ന് കൊറോത്ത് തറവാട്ടിലേക്ക് വാഴക്കുല കൊടുക്കുന്ന ഒരു ചടങ്ങുണ്ട്. ആ സമയം അവിടെനിന്ന് നെല്ല്കുത്തിയ അരി നൽകുന്നു. പനയമഠം തറവാട്ടുകാർ പേടിയാട്ട്കാവിലെ പരദേവതയ്ക്ക് നേർച്ച അർപ്പിച്ചതിനുശേഷം ദേവിയുടെ അവകാശക്കാരായ അംഗക്കാർക്ക് സന്ധ്യയോടുകൂടി നേർച്ച നൽകുന്നു. അപ്പനേദ്യമാണ് പരദേവതയ്ക്ക് നേർച്ചയായി നൽകുന്നത്. ഇവർ ഉത്സവത്തലേന്ന് പടച്ചോറ് കഴിച്ചാൽ പിന്നെ ദേവിയെ കുടിയിരുത്തി കർമ്മങ്ങളെല്ലാം പൂർത്തിയായതിനുശേഷം മാത്രമേ അരി ആഹാരം കഴിക്കുകയുള്ളൂ. അതുവരെ പഴം, ഇളനീർ എന്നിവയാണ് ഭക്ഷണം. രാത്രിയോടെ എല്ലാവരും മധ്യമത്തിൽ പുറത്തുവെച്ച് വ്രതംമുറിക്കുകയും ഭക്ഷണശേഷം പിരിയുകയുംചെയ്യുന്നു. കൊറോത്തുനിന്നും ലഭിക്കുന്ന അരികൊണ്ടാണ് അന്ന് തറവാട്ടുകാർ കഞ്ഞിവെച്ച് കുടിച്ച് പിരിയുന്നത്.

#### 3.7.2 ജാതവൻകോട്ടയിൽ ഉത്സവപ്പിറ്റേന്ന്

ജാതവൻകോട്ടയിൽ ഉത്സവപ്പിറ്റേന്ന് രാവിലെ പതിനൊന്നുമണിയോടെ പൂജ ചെയ്ത് ജാതവനെ കുടിയിരുത്തിയതിനുശേഷം ജാതവന്റെ കുതിരയെ അഴിച്ച് തറവാട്ടിൽ വയ്ക്കുന്ന ചടങ്ങ് നടക്കുന്നു. കുതിരയുടെ രൂപം കെട്ടിയുണ്ടാക്കിയ മുളകൊണ്ടുള്ള അലകുകളും പൊതിഞ്ഞ തുണികളും മറ്റുചമയങ്ങളുമെല്ലാം (കുതിരക്കൂട്) തറവാട്ടിലാണ് ഏഴുദിവസം സൂക്ഷിക്കുന്നത്. ഏഴാമത്തെ ദിവസം പുണ്യാഹത്തിനുശേഷം ജാതവൻ കോട്ടയിലേക്ക് തിരികെ വെക്കുന്നു. ജാതവൻ കോട്ടയിൽ പൂജയ്ക്കുശേഷം മൂത്തപരുവണ്ണാൻ ഒരു കോഴിയെ അറുത്ത് ഇറച്ചിയാക്കി ഇറച്ചി, കള്ള്, റാക്ക്, കലത്തപ്പം, അരിത്തരി മുതലായവ നിവേദ്യമായി നൽകുന്നു. എന്നാൽ കള്ളും മദ്യവും ഇറച്ചിയും മിതമായി മാത്രമേ ഉപയോഗിക്കാവൂ എന്ന നിയമമുണ്ട്. അത് ലംഘിച്ചുകൂടാ.

ക്ഷേത്രത്തിന്റെ അകത്തളത്തിൽ ജാതവനും കൊട്ടിലിൽ രണ്ട് അംഗക്കാരും ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. ജാതവന് പൂജവെയ്ക്കുന്നതോടൊപ്പം അംഗക്കാർക്ക് വിളക്കുതെളിച്ച് ഇറച്ചിയും കള്ളും റാക്കും വയ്ക്കുന്നു. ജാതവപൂജ കഴിഞ്ഞതിനുശേഷം അംഗക്കാർക്കുള്ള പൂജ അർപ്പിക്കുന്നു. മുകളിലെ ജാതവൻകോട്ടയിൽ കോഴിയെ അറുക്കാൻ പാടില്ലെന്ന നിയമം പാലിച്ചുകൊണ്ട് തറവാട്ടിൽ ഒരു കോഴിയെ അറുത്ത് ഇറച്ചിയാക്കി ഒന്നാകെ അപ്പവും മറ്റെല്ലാം ജാതവൻകോട്ടയിലേക്ക് കൊണ്ടുപോയി പൂജയ്ക്കുശേഷം കോട്ടയുടെ സമീപത്തായി 'ദിക്കിരിക്കൽ' എന്ന ചടങ്ങ് നടത്തി അവിടെവെച്ച് ഒരു കഷ്ണം മാംസം മാത്രം കഴിച്ച് ബാക്കിയുള്ളത് മുഴുവനായും തറവാട്ടിൽ ഒരു മുറിയിൽ കൊണ്ടുവയ്ക്കുന്നു. അവിടെവെച്ച് കാരണവൻമാർക്ക് കൊടുക്കുകയും കാരണവൻമാർ അത് അവിടെയുള്ള എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്യുന്നു.

#### 3.7.2.1 ജാതവന്റെ പൊയ്ക്കുതിരയെ അഴിക്കുന്ന ചടങ്ങ്

പൊയ്ക്കുതിരയെ അഴിക്കുന്ന ചടങ്ങ് നടക്കുമ്പോൾ തറവാട് വീടിന്റെ അന്തരീക്ഷം ആട്ടവും പാട്ടും കൊണ്ട് സംഗീത മുഖരിതമാകുന്നു. പൂജയ്ക്കുശേഷം കോട്ട അവകാശികളാണ് പൊയ്ക്കുതിരയെ ആദ്യം അഴിക്കുന്നത്. ബാക്കി തേഞ്ഞിപ്പലൻമാരുടെ അവകാശമാണ്. കുതിരക്കൂട് തറവാട്ടിൽ സൂക്ഷിക്കുന്നു. കോഴിയുടെ കക്കും കരളും വെച്ച് അംഗപൈതങ്ങൾക്ക് നിവേദ്യമായി സമർപ്പിക്കുന്നു. ഉപ്പുചേർക്കാത്ത മഞ്ഞച്ചോറും കോഴിയിറച്ചിയും പ്രസാദമായി ഇലച്ചീന്തിൽ അവിടെ കൂടിയവർക്കെല്ലാം കഴിക്കാൻ നൽകുന്നു. പിന്നീട് 'നാട്ടകം അളക്കുക' എന്ന ചടങ്ങാണ്. ഏറനാട്, വള്ളുവനാട്, കുറുമ്പനാട്, പരപ്പനാട് ഈ ദേശക്കാർക്കെല്ലാം ഓരോ ഓഹരി നൽകുന്നു. ഇവിടെ യഥാവിധി ഏതെങ്കിലും തരത്തിൽ ഒരു വിഘ്നം ഉണ്ടാവുകയാണെങ്കിൽ നിശ്ചയിക്കപ്പെട്ട അവകാശികൾ ഉത്സവച്ചടങ്ങുകൾ നടത്തേണ്ടതാണെന്നാണ് വിശ്വാസം. ഭക്ഷണശേഷം അവരവരുടെ ഓഹരിയുമായി എല്ലാവരും പിരിയുന്നു.

##### 3.7.2.1.1 ജാതൻകോട്ട: ഐവർകളി

കാളീചരിതം പ്രതിപാദിച്ച് അവതരിപ്പിക്കപ്പെടുന്ന അനുഷ്ഠാനകലയാണ് ഐവർകളി. പാണ്ഡവർ കളി, ഐവർ നാടകം, തട്ടിൻ മേൽകളി (കണ്ണിൽ കുത്തിക്കളി എന്നും ഇതിനെ പറഞ്ഞുവരുന്നു). ക്ഷേത്രമതിലിനു വെളിയിൽ മൂന്നോ,

നാലോ അടി ഉയരത്തിൽ കെട്ടിയുണ്ടാക്കിയ തറയിലാണ് കളി, അരങ്ങേറുന്നത്. കാളീ ഭക്തനായ കർണ്ണനെ പാണ്ഡവർ വധിച്ചതറിഞ്ഞ് രൗദ്രഭാവം പൂണ്ട് പാണ്ഡവരെ വധിക്കാൻ പുറപ്പെട്ട കാളിയെ തൃപ്തിപ്പെടുത്താൻ ശ്രീകൃഷ്ണൻ പാണ്ഡവർക്ക് ഉപദേശിച്ചു കൊടുത്തതാണ്, ഈ അനുഷ്ഠാനം എന്നാണ് ഐതിഹ്യം. കാളീകോപം മനസ്സിലാക്കിയ ശ്രീകൃഷ്ണൻ പാണ്ഡവരെ വിളിച്ചുവരുത്തി ദേവിയെ പ്രകീർത്തിച്ച് പാട്ടുപാടി കളിച്ച് ദേവീപ്രീതി കരസ്ഥമാക്കണമെന്ന് ഉപദേശിച്ചു. ശ്രീകൃഷ്ണൻ തന്നെ നടുവിൽ വിളക്കായി നിന്നുകൊണ്ട് പാട്ടുപാടിക്കൊടുത്തു. പാണ്ഡവരെകൊണ്ട് കളിപ്പിച്ചതിന്റെ ഫലമായി ദേവി പ്രസാദിച്ച് പാണ്ഡവരെ അനുഗ്രഹിച്ചു എന്നാണ് ഐതിഹ്യം. പഞ്ചപാണ്ഡവരുടെ കളി എന്നതിനാലാണ് ഈ കലാരൂപത്തിന് ഐവർകളി എന്ന പേര് വന്നത്. കളിക്കാരുടെ നടുവിൽ കത്തിച്ചുവെച്ചിരിക്കുന്ന വിളക്ക് ശ്രീകൃഷ്ണൻ തന്നെയെന്നാണ് വിശ്വാസം (അജിത്കുമാർ, 2004: 115).

ഐവർകളി തികച്ചും ഗാനപ്രധാനമായ ഒരു ദൃശ്യകലാരൂപമാണ്. ശേഖരിക്കപ്പെട്ടവയിൽ കൂടുതൽ ഐവർകളിപ്പാട്ടുകൾ തൃശ്ശൂർ ജില്ലയിൽ നിന്നായതിനാൽ പ്രദേശത്തെ ഐങ്കുടിക്കാന്മാരുടെ പ്രാദേശികഭാഷാസ്വരൂപം ഈ പാട്ടുകളിൽ ദർശിക്കാൻ കഴിയും. ഭദ്രകാളീക്ഷേത്രങ്ങളിൽ നടത്തിവരുന്ന അനുഷ്ഠാനകലയെന്ന നിലയിലാണ് പേടിയാട്ട് ഭഗവതിക്കാവിനോടനുബന്ധിച്ച ജാതവൻകോട്ടയിൽ ഐവർകളി നടക്കുന്നത്. കുതിരയെ അഴിക്കലെന്ന കുടികൂട്ടൽ ചടങ്ങുദിവസം രാവിലെ പത്തുമണിയോടുകൂടി തുടങ്ങുന്നു. ഒരു കോൽ പൊക്കത്തിൽ തട്ടിട്ട് കുരുത്തോല, മാങ്കൊത്ത്, പുഷ്പമാല ഇവകൊണ്ട് അലങ്കരിക്കുന്നു. തട്ടുണ്ടാക്കിയ ആശാരി കന്നിമൂലയിൽ ഗണപതിക്ക് പടുക്കയിട്ട് നീരുംപൂവും നൽകുന്നു. ഗണപതിയേയും നാടിനേയും തറവാട്ടുകാരണവരേയും സ്തുതിച്ചു പാടിക്കൊണ്ട് കളി തുടങ്ങും. കളിക്കാർക്ക് ഒരാഴ്ച വ്രതം വേണമെന്നുണ്ട്.

മെയ്‌വഴക്കം വേണ്ടിവരുന്ന ചുവടുവെച്ചുള്ള കളിയാണ് ഐവർകളി (അയ്യരുകളി). ആദ്യം ചുവടുകൾ ചവിട്ടുന്നു. പതിനഞ്ചോളം ചുവടുകൾ വായ്താളം അനുസരിച്ച് ചവിട്ടും. പലരും ചിലങ്കയും മാവിന്റെ തോലിൽ ഘടിപ്പിച്ച കച്ചയെന്ന ചിലങ്ക കാലിലും പട്ടുകൊണ്ട് തലയിലും മുഖത്ത് കണ്ണാടിയും അണിയുന്നു. കഴുത്തിൽ മാല, കൈക്കെട്ട് (തോൾവള) തുടങ്ങിയവ വേണമെങ്കിൽ ആകാം. മണിബന്ധത്തിൽ കുലുങ്ങുന്ന വെങ്കലത്തിലുള്ള മുടുവ് (അരഞ്ഞാണം) ധരിക്കും.

അരയിൽ മഞ്ഞൾ മുക്കി നിറം വരുത്തിയ മഞ്ഞമുണ്ടായ ആടയും ധരിക്കുന്നു. ആടയെ വെള്ളിക്കച്ചകൊണ്ട് മുറുക്കികെട്ടി അതിനുമുകളിൽ പുറം കച്ച ചുറ്റിക്കെട്ടും. മാറത്ത് അരവരെ ചന്ദനം പൂശും. മുഖത്ത് ഒന്നോ രണ്ടോ പുള്ളി. വാദ്യങ്ങൾ ഒറ്റച്ചെണ്ട, ചീയം (ഇലത്താളം) ഒരു മകിടം (തപ്പ്) കളിക്ക് ആറ് പേരും വാദ്യത്തിന് മൂന്ന് പേരും ചേർന്ന് ആകെ ഒൻപത് പേരാണ് വേണ്ടത്. ആദ്യം കളിക്ക് അഞ്ചുപേർ വരും. ഇവരുടെ കളിയാണ് പിള്ളേര്കളി. കളിയുടെ ഏതെങ്കിലും ഭാഗത്തുവെച്ച് ആറാമതായി ആശാൻ തട്ടിൽ കയറും. ശ്രീകൃഷ്ണൻ വരുന്നു എന്നാണ് സങ്കല്പം. അപ്പോൾ ആശാൻ ഒരു ശ്രീകൃഷ്ണ സ്തുതിയും പാടും. ഒടുവിൽ കഥാമോക്ഷം പാടി കളി അവസാനിപ്പിക്കുന്നു.

പരുത്തിക്കാടൻ, കോട്ട, എരമംഗലൻ, തേഞ്ഞിപ്പലൻ എന്നീ വിഭാഗങ്ങൾക്കു ഓരോ ഇടങ്ങഴിവീതവും വാദ്യോപകരണങ്ങൾ കൊണ്ടു വരുന്നതിന് 10 നാഴിയും കുതിരയെ ഒരുക്കുന്ന കോട്ടക്കും സഹായിയായ എരമംഗലനും രണ്ടും ഒന്നും നാഴി വീതവും കൊടുക്കുന്നു, വാദ്യക്കാരായ തേഞ്ഞിപ്പലൻകാർക്ക് അഞ്ച് ഇടങ്ങഴിയും വഴിപാട് എടുത്ത് ചൊരിഞ്ഞ പരുത്തിക്കാടന് ഒരു ഇടങ്ങഴിയും കൊടുക്കുന്നു. ചുമട് കൊണ്ടുനടന്നത് എരമംഗലൻകാരാണ്. അവർക്ക് ഒരു ഇടങ്ങഴിയും. ജാതവനെ എഴുന്നള്ളിക്കുന്ന കുതിരയെ നയിക്കുന്ന കോട്ടക്ക് മൂന്നും സഹായി എരമംഗലന് രണ്ട് ഇടങ്ങഴിയുമാണ് കിട്ടുന്നത്. കൂടാതെ കൂലിയായി എരമംഗലനും പരുത്തിക്കാടനും രണ്ട് ഇടങ്ങഴിവീതം ലഭിക്കുന്നു.

രണ്ടാംദിവസവും ജാതവനുമായി ഊര് തെണ്ടാൻ ഇറങ്ങുന്നുണ്ട്. ഊരുതെണ്ടി കിട്ടുന്ന വഴിപാടുകളിൽ പതിനാല് ഇടങ്ങഴി വീതം മൂത്ത പെരുവണ്ണാനും ഇളമനും മൂന്നാമനും നാലാമനുമായി കിട്ടുന്നു. പരുത്തിക്കാടനും, കോട്ടക്കും, എരമംഗലത്തിനും തേഞ്ഞിപ്പലനും ഓരോ ഇടങ്ങഴി വീതവും വാദ്യം കൊണ്ടുവന്നവർക്ക് അഞ്ച് ഇടങ്ങഴിയും കുതിരയെ കൊണ്ടുനടന്ന കോട്ടക്ക് അഞ്ചും സഹായി എരമംഗലത്ത് മൂന്നിടങ്ങഴിയും വിഹിതമായി ലഭിക്കും. വഴിപാട് ചുമന്നു നടന്ന എരമംഗലനും ചൊരിഞ്ഞ് പരുത്തിക്കാടന് ഒന്നുവീതവും അവകാശം ലഭിക്കുന്നു. കൂടാതെ കൂലിയിനത്തിൽ ചുമടെടുത്ത പെരുമ്പറമ്പിന് രണ്ട് ഇടങ്ങഴി, എരമംഗലനും പെരിങ്ങോടനും മൂന്ന് ഇടങ്ങഴി മുറം പിടിച്ചവർക്ക് മൂന്നുനാഴിയും കൂലിയായി ലഭിക്കുന്നു. തിരുരാട ഉടുപ്പിക്കുന്ന മൂത്ത പെരുവാണ്ണാന് രണ്ടും സഹായി പരുത്തിക്കാടന് ഒരിടങ്ങഴിയും കൂലിയായി കിട്ടും. കുട കൊണ്ടുവരുന്ന എരമംഗ

ലനും തഴ പിടിക്കുന്ന പരുത്തിക്കാടനും ഓരോ നാഴി നെല്ല് വീതം അവകാശം ലഭിക്കും. ജാതവന്റെ ആയുധമായ പൊന്തി വഴിപാടായി ലഭിക്കും. ഇത് ചുമക്കുന്ന കോട്ടക്കും അരി ചുമക്കുന്ന എരമംഗലനും പഴം ചുമക്കുന്ന പരുത്തിക്കാടനും ഓരോ നാഴി വീതം നെല്ല് ലഭിക്കും.

വഴിപാടായി കിട്ടുന്ന വെള്ളരി രണ്ട് നാഴി വീതം മൂത്ത പെരുവണ്ണാനും ഇളമനും, മൂന്നാമനും നാലാമനും കിട്ടും. അവകാശമായി ഓരോ നാഴിവീതം പരുത്തിക്കാടൻ, കോട്ട, എരമംഗലൻ, തേഞ്ഞിപ്പലൻ എന്നിവർക്കും തിരുരാട ഉടുപ്പിക്കുന്ന മൂത്ത പെരുവണ്ണാന് അഞ്ചും സഹായിയായ പരുത്തിക്കാടന് മൂന്നും നാഴിവീതം വിഹിതം ലഭിക്കുന്നു.

കൂടാതെ ഏറനാട്, ചേറനാട്, രാമനാട്, പരപ്പനാട് എന്നീ ദേശത്തുള്ളവർ കാവിലുണ്ടെങ്കിൽ ഓരോ നാഴിവീതം കൊടുക്കുന്നു. പാലക്കാട്ടേക്കും ഒരു നാഴി കൊടുക്കാറുണ്ടായിരുന്നു. ഇപ്പോൾ അതില്ല. ധാന്യങ്ങൾ ചൊരിയുമ്പോൾ മുറം പിടിക്കുന്ന പരുത്തിക്കാടന് മൂന്ന് നാഴി നെല്ല് ലഭിക്കും. ഇങ്ങനെ ആയിരുന്നു ഉത്സവചടങ്ങുകളുമായി ബന്ധപ്പെട്ടിട്ടുള്ള ഓരോ ജോലിയും ചെയ്യുന്നവർക്ക് കിട്ടിയിരുന്ന അവകാശങ്ങളും കൂലിയും. പൂപ്പടയും തിരുടാടയും അലക്കുന്നതിന് പെരുവണ്ണാന്മാരിലെ മൂത്ത കാരണവത്തിക്കും അളവിൽ ഒരു പങ്കുണ്ട്. ഏഴു വെയിലും ഏഴ് മഞ്ഞും കൊണ്ട് ഉണങ്ങണം ഈ വസ്ത്രങ്ങൾ എന്നാണ് ചട്ടം.

ജാതവനുമായി ഊരുതെണ്ടുമ്പോൾ വഴിപാടായി നെല്ലും, അരിയും, പഴങ്ങളും, പണവും മറ്റും ലഭിക്കും. കാവിലേക്ക് ദ്രവ്യങ്ങളായി കിട്ടുന്ന സമ്പത്തിന്റെ കൈകാര്യകർത്താക്കാൾ മേൽജാതി വിഭാഗക്കാരാണ്. പകലന്തിയോളം ഉത്സവ നടത്തിപ്പിന് ആവശ്യമായ ജോലികൾ ചെയ്യുന്ന കീഴാളജനവിഭാഗങ്ങൾക്ക് നെല്ലും അരിമണിയും കുറഞ്ഞ പണവുമാണ് കൂലി.

### 3.7.3 ഉത്സവം കഴിഞ്ഞ് പേടിയാട്ട് ഏഴാം ദിവസം

ഉത്സവം കഴിഞ്ഞ് പേടിയാട്ട് ശുദ്ധീകരണപ്രവൃത്തികൾ ആരംഭിക്കുന്നു.

#### 3.7.3.1 ഏഴാം പുണ്യാഹം

പ്രഭാതത്തോടുകൂടി ക്ഷേത്രനടതുറന്ന് അമ്പലമുറ്റം അടിച്ചുവാരി ചാണകം മെഴുകി പീഠവും വിളക്കും വൃത്തിയാക്കുന്നു. ഈ സമയം സ്ത്രീകൾ പൂജയ്ക്കുള്ള അരി, അവൽ, ഇളനീർ, പഴം എന്നിവ തയ്യാറാക്കുന്നു. തറവാട്ടുകാർ

എല്ലാവരും വ്രതത്തിലായിരിക്കും. ഉത്സവത്തിനേറ്റിയ കൊടി അഴിച്ചതിനുശേഷം മണ്ണൂർ ക്ഷേത്രത്തിലെ മേൽശാന്തി വന്ന് ഗുരുവിന് പൂജയർപ്പിച്ച് ക്ഷേത്രത്തിലെ ദീപാരാധനയ്ക്ക് ശേഷം പനയമഠത്തിലെ ഗുരുവിനും പൂജ നടത്തുന്നു. അവൽ, പഴം, വെറ്റില, അടയ്ക്ക, ഇളനീർ എന്നിവയാണ് പൂജാദ്രവ്യങ്ങൾ. കാരണവരുടെ നേതൃത്വത്തിൽ ഗുരു, ദേവി, പടിമാനമുത്തപ്പൻ എന്നിവർക്കായി മൂന്ന് നാക്കിലവെച്ച് പൂജാകർമ്മം നടത്തുന്നു. അവസാന പ്രതിഷ്ഠയാണ് പടിമാന മുത്തപ്പൻ. പുണ്യാഹത്തിനും ഉത്സവത്തിനും ഗുരുസ്ഥാനത്ത് വിളക്കുവെയ്ക്കുന്നു. അന്നുതന്നെ സർപ്പത്തിനും നേദ്യമുണ്ട്. സുബ്രഹ്മണ്യന്റെ കാവലായ നാഗമാതാവ് ഇവിടെ കുടികൊള്ളുന്നു എന്നാണ് സങ്കൽപം. ഈ ദിവസം സർപ്പക്കാവിൽ പൂജ നടത്തുന്നുണ്ട്. പൂജ അവസാനിച്ചതിനുശേഷം മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരി എല്ലാവർക്കും പ്രസാദം നൽകി വിളക്കണയ്ക്കുന്നു.

### 3.7.4 ഉത്സവം കഴിഞ്ഞ് ജാതവൻ കോട്ടയിൽ ഏഴാം ദിവസം

ഉത്സവം കഴിഞ്ഞ് ജാതവൻകോട്ടയിൽ ശുദ്ധീകരണ പ്രവൃത്തികൾ ആരംഭിക്കുന്നു.

#### 3.7.4.1 ഏഴാം പൂജ

ജാതവൻകോട്ടയിൽ ഏഴാംപൂജയ്ക്കുള്ള ചടങ്ങുകൾ ആരംഭിക്കുന്നത് പ്രഭാതത്തോടുകൂടിയാണ്. ഇവിടെ പൂജയ്ക്കായി നാലാളുകൾ തയ്യാറായിരിക്കും. മൂത്ത പെരുവണ്ണാനാണ് ജാതവന് വേണ്ടിയുള്ള പൂജചെയ്യുന്നത്. ബാക്കിയുള്ള മൂന്നുപേർ മൂന്ന് തറയിലുള്ള കാരണവൻമാർക്കായി പൂജചെയ്യേണ്ടതാണ്. വഴിപാടായി കിട്ടിയ കോഴിയെയാണ് ബലി പൂജയ്ക്കായി എടുക്കുന്നത്. വഴിപാടായി കോഴിയെ കിട്ടിയില്ലെങ്കിൽ പുറമെനിന്ന് വാങ്ങിക്കണം. ജാതവന് ഇറച്ചി, കള്ള്, അപ്പം, റാക്ക്, എന്നിവ പൂജയ്ക്കായി എടുക്കുമ്പോൾ താഴെ കാരണവൻമാർക്ക് അവൽ, മലർ തുടങ്ങിയവയാണ് പൂജയ്ക്കായി ഉപയോഗിക്കുന്നത്. സന്ധ്യാദീപം കൊളുത്തിയതിനുശേഷം കുതിരക്കൂട് കൊട്ടിലിലേക്ക് വെയ്ക്കുന്നു. ഉത്സവം കഴിഞ്ഞ് ഏഴുനാൾവരെ കോട്ടയിൽ വിളക്ക് കൊളുത്തുകയില്ല. ഏഴാംനാൾ മുതൽ എല്ലാ ദിവസവും നടതുറന്ന് വിളക്ക് വയ്ക്കുന്നു. ഇവിടെ വഴിപാടായി സ്വർണ്ണം, വെള്ളി, മഞ്ഞപ്പന്തം, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, പാളയും കയറും, ചൂടി എന്നിവയും മറ്റും ലഭിക്കുന്നുണ്ട്. കോട്ടയിൽ ദിവസംതോറും കത്തിച്ചുകിട്ടുന്ന ചന്ദന

ത്തിരിയുടെയും കർപ്പൂരത്തിന്റെയും ഭസ്മമാണ് ജനങ്ങൾ പ്രസാദമായി സ്വീകരിക്കുന്നത്. നേർച്ച പ്രകാരം ജാതവൻ കോട്ടയിൽ കെടാവിളക്ക് വഴിപാടായി നെയ്യ്, തിരി തുടങ്ങിയവയും സമർപ്പിക്കുന്നു.

### 3.8 വാവുത്സവവും കേരളത്തിന്റെ സാംസ്കാരികമണ്ഡലവും

കടലുണ്ടി പഞ്ചായത്തിൽ എല്ലാ വർഷവും ആഘോഷപൂർവം നടത്തിവരുന്ന ഉത്സവമാണ് കടലുണ്ടി വാവുത്സവം. തുലാമാസത്തിലെ അമാവാസിനാളിലാണ് ഉത്സവം നടത്തപ്പെടുന്നത്. ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിയൊന്ന് ഇരുപത്തിരണ്ടിലെ ബ്രിട്ടീഷ് വിരുദ്ധ മലബാർ കലാപകാലത്തും ഒരു മുടക്കവും കൂടാതെ ആഘോഷപൂർവം തന്നെ ഉത്സവം നടന്നിരുന്നുവെന്നാണ് പറയപ്പെടുന്നത്. അതിർത്തി ജില്ലയായ മലപ്പുറത്തെ വള്ളിക്കുന്ന് പഞ്ചായത്ത് നിവാസികളുടെയും മറ്റു ജില്ലാദേശക്കാരുടെയും സാന്നിദ്ധ്യംകൊണ്ട് സംഭവ ബഹുലമായിത്തന്നെയാണ് ഉൽസവനാളുകൾ കടന്നുപോകുന്നത്. കടലുണ്ടി വാവുത്സവം ഐക്യംകൊണ്ടും പരസ്പരധാരണകൾകൊണ്ടും ശ്രദ്ധേയമാണ്. ഇത് ഗ്രാമോത്സവമായാണ് കൊണ്ടാടാറുള്ളത്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന പൂർവകാലങ്ങളിൽ പോലും ഈ ഐക്യം നിലനിന്നിരുന്നു. ജാതിവ്യവസ്ഥയിൽ നമ്പൂതിരിമാർ, നായൻമാർ, പെരുവണ്ണാൻമാർ, നമ്പ്യാൻമാർ, തട്ടാൻമാർ, ആശാരിമാർ, തിയ്യന്മാർ തുടങ്ങിയ വിഭാഗക്കാർ ഇതിൽ അവകാശികളായി പങ്കുചേരുന്നു. ഉത്സവത്തിന്റെ നടത്തിപ്പിൽ ജാത്യാധിഷ്ഠിതമായിത്തന്നെ അനുഷ്ഠാനങ്ങൾ പകുത്ത് വകവെച്ചുകൊണ്ടുള്ള ജാതിപങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ് കടലുണ്ടി വാവുത്സവത്തെ പ്രസക്തമാക്കുന്നത്. കൂടാതെ ഇതര ജാതിമത വിഭാഗങ്ങളും നാടിന്റെ ഉത്സവമെന്ന നിലയിൽ ഇതിനെ കാണുകയും എല്ലാ അർത്ഥത്തിലും സഹായിക്കുകയും പങ്കാളികളാകുകയും ചെയ്യുന്നതിനാൽ ഉത്സവം ഒരു മഹോത്സവമായി മാറുന്നു. കടലുണ്ടി വാവുത്സവത്തിൽ പെരുവണ്ണാൻ വിഭാഗക്കാർക്കാണ് കൂടുതൽ അനുഷ്ഠാനങ്ങൾ നിർവഹിക്കാനുള്ളത്.

ഇത് ജനമൈത്രിയുടെ ഉത്സവംകൂടിയാണ്. കൊട്ടുംപാട്ടുമായി ഊരുചുറ്റുന്നവരുടെ ആവേശവും ഇവിടെ കാണുന്നുണ്ട്. കൃഷിചന്തകളും വളക്കച്ചവടക്കാർ, കളിപ്പാട്ടങ്ങൾ വിൽക്കുന്നവർ, മിഠായി വിൽപ്പനക്കാർ, അങ്ങിനെ അനവധി കച്ചവടക്കൂട്ടങ്ങൾ വാവുത്സവം പ്രമാണിച്ച് കുടിലുകെട്ടി താമസിക്കുന്നു. ഒരുമാസം മുമ്പു

തന്നെ കച്ചവടക്കാർ വീടുകൾതോറും വിൽപ്പന നടത്താറുണ്ട്. കടലയും, സർബ്ബത്തും, മോരിൻവെള്ളവും വിൽക്കുന്ന പ്രദേശവാസികളായ കുട്ടികളുടെ വഴി യോരകച്ചവടങ്ങളും ഉത്സവത്തിൽ കാണുന്നു. ഉത്സവത്തിന് രണ്ടുദിവസം മുമ്പ് ജാതവൻപുറപ്പാടിന്റെ അന്നുതന്നെ വീടുകളിൽ വിരുന്നുകാർ വന്നുചേരുന്നു. വിവാഹം കഴിപ്പിച്ച മക്കളും ജോലിസ്ഥലങ്ങളിൽനിന്നും ഗൃഹനാഥനും മക്കളും അവരുടെ കൂട്ടുകാരുമെല്ലാം ഉത്സവത്തിന്റെ ഭാഗമാവുന്നു. ഉത്സവത്തിന് രണ്ടുദി വസം മുമ്പ് വിവിധപരിപാടികളോടെ കടലുണ്ടിയിൽ ഗ്രാമോത്സവമായി കൊണ്ടാ ടുന്നു. കുടുംബശ്രീ യൂണിറ്റുകളെയും ക്ലബ്ബുകളെയും സ്ഥാപനങ്ങളെയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ദീപാലങ്കാരമത്സരങ്ങൾ നടത്താറുണ്ട്.

1948-നു മുമ്പ് പഴഞ്ചണ്ണൂർ തറവാട്ടുകാരാണ് ഉത്സവനടത്തിപ്പിൽ പ്രധാനിക ളായിരുന്നെങ്കിലും ഇവർ ഉത്സവ നടത്തിപ്പിൽനിന്നും ഒഴിയുകയും ശേഷം കുടിൽ പുരയ്ക്കൽക്കാരിലേക്ക് ഉത്സവനടത്തിപ്പാവകാശം വന്നുചേരുകയും തുടർന്ന് ഇന്നും അവർതന്നെയാണ് ഉത്സവത്തിന്റെ നേതൃത്വനിരയിൽ നിൽക്കുന്നതും. കുടിൽപുരയ്ക്കൽക്കാരെ കൂടാതെ തേഞ്ഞിപ്പലൻകാർ, പരുത്തിക്കാടൻമാർ, കോട്ട (ചോപ്പൻകോട്ട) എരമംഗലം എന്നീ പെരുവണ്ണാൻമാരും ഇതിൽ പങ്കാളികളാണ്. മക്കത്തായസമ്പ്രദായം വഴിയാണ് പെരുവണ്ണാൻമാർക്ക് സ്ഥാനങ്ങൾ ലഭ്യമാകുക. അപ്പുട്ടി പെരുവണ്ണാൻ മുപ്പത്തിയാറുവർഷത്തോളം മറ്റു സ്ഥാനക്കാരനായും പിന്നീട് ആറുവർഷത്തോളം മൂത്ത പെരുവണ്ണാനായും സ്ഥാനം അലങ്കരിച്ചു. അപ്പുട്ടി പെരുവണ്ണാന്റെ പിതാവിന്റെ ജ്യേഷ്ഠസഹോദരൻ അദ്ദേഹത്തിന്റെ മുപ്പതാം വയസ്സുമുതൽ തൊണ്ണൂറുവയസ്സുവരെ മൂത്ത പെരുവണ്ണാൻ സ്ഥാനം വഹിച്ചുപോന്നു. അദ്ദേഹം മരണപ്പെട്ടതിനുശേഷം ജ്യേഷ്ഠന്റെ മകൻ നാലുവർഷ ക്കാലം മൂത്ത പെരുവണ്ണാനായി. പിന്നീട് അപ്പുട്ടി പെരുവണ്ണാന്റെ ജ്യേഷ്ഠനായി രുന്ന തെയ്യനായിരുന്നു പെരുവണ്ണാനായി അവരോധിച്ചത്. ഒൻപത് വർഷത്തിനു ശേഷം അദ്ദേഹത്തിന്റെ അനുജൻ കൃഷ്ണൻ പെരുവണ്ണാനായിരുന്നു മൂത്തപെരു വണ്ണാൻ സ്ഥാനം അലങ്കരിച്ചിരുന്നത്. പത്തു വർഷത്തിനുശേഷം കൃഷ്ണൻ പെരു വണ്ണാന് ദേഹവിയോഗം ഉണ്ടാവുകയും മൂത്ത പെരുവണ്ണാനായി അപ്പുട്ടി പെരുവ ണ്ണാൻ സ്ഥാനാലംകൃതനാവുകയും ചെയ്തു. പിന്നീട് വാസു പെരുവണ്ണാനായി രുന്നു. പ്രസ്തുത സ്ഥാനം അലങ്കരിക്കുന്നത് ചന്ദ്രഹാസൻ പെരുവണ്ണാനാണ്.

മുപ്പത് പാഠഭേദങ്ങളിലൂടെ  കടലുണ്ടി ദേശത്ത് പേടിയാട്ട്കാവ് എന്ന പേരിൽ അറിയപ്പെടുന്ന കാവിൽ അമ്മദൈവസങ്കല്പമാണ് നിലനിൽക്കുന്നത്. വൈവിധ്യങ്ങൾ നിറഞ്ഞ കാവാരാധനയുടെ മൂർത്തമായ വിശ്വാസങ്ങൾ ഇവിടെ പ്രകടമാകുന്നുണ്ട്.  എന്നാൽ അമ്മദൈവത്തെ ബ്രാഹ്മണികമായ വിശ്വാസ പശ്ചാത്തലത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്

ഉപ്പ് കുറുക്കാൻ പോയ ചെക്കുട്ടിനായരുടെ മടക്കയാത്രയിൽ ഉറങ്ങിപ്പോയതിനാൽ ഒരു സ്വപ്നം കാണുകയും സ്വപ്നത്തിൽ ദിവ്യതേജസ്സിന്റെ കല്പനയുണ്ടാവുകയും ചെയ്തു. വീരാളിപ്പട്ട് പുതച്ച ഒരു മഹതി തോണിയിൽ സഞ്ചരിച്ച് അരികിൽ എത്തി ഒരു പെട്ടി തരുമെന്നും അതുവെച്ച് പൂജ ചെയ്യണമെന്നുമായിരുന്നു ആ കല്പന. ആ സ്വപ്നത്തിൽ പറഞ്ഞതുപോലെ പെട്ടിയുമായി ഒരു മഹതി വരുകയും, ചെക്കുട്ടിനായർക്ക് ഒരു പെട്ടി കൈമാറുകയും ചെയ്തു. തോണിയിറങ്ങി കരയിൽ കയറുമ്പോൾ ചെക്കുട്ടി നായർ കരയിൽ നിൽക്കുന്ന അദ്ദേഹത്തിന്റെ സഹോദരിയെ കാണുകയും അദ്ദേഹത്തിന്റെ കൈയ്യിലിരുന്ന പെട്ടി വെള്ളത്തിലേക്ക് ചാടിപ്പോവുകയും ചെയ്തു. ചെക്കുട്ടിനായരുടെ സഹോദരിയുടെ ആർത്തവമാണ് ഇതിന് കാരണം. ഇതുമനസ്സിലാക്കിയ ചെക്കുട്ടിനായർ വെള്ളത്തിൽനിന്നും പെട്ടിയെടുത്ത് മാറോടുചേർത്ത് സമീപത്തുള്ള കൊടുംവനത്തിലേക്ക് കയറുകയും അവിടെയുണ്ടായിരുന്ന കണ്ടാൽ ഇല്ലം പോലെ തോന്നിക്കുന്ന പഴയ കെട്ടിടത്തിൽ കൈയ്യിലുള്ള പെട്ടി സ്ഥാപിച്ച് ദിവ്യതേജസ്സ് കല്പിച്ച പ്രകാരം പൂജയാരംഭിക്കുകയും ചെയ്യുന്നു.

പുരാവൃത്തസൂചനയനുസരിച്ച് സ്ത്രീയുടെ ആർത്തവത്തെ അയിത്തമാക്കുകയും അത് സ്ത്രീയെന്ന നിലയിൽ അമ്മദൈവത്തെ കൊണ്ടുതന്നെ സ്ഥായിയാണെന്ന ബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ദിവ്യസ്വരൂപിണിയായ അമ്മദൈവത്തിന്റെ സ്വരൂപം വിഗ്രഹത്തിലേക്ക് പരിണമിപ്പിക്കുന്ന ആശാരിയായ ശില്പിയുടെ കണ്ണ് ദേവിതന്നെ നഷ്ടപ്പെടുത്തുന്നു.  കാഴ്ചകൊണ്ട് കീഴാളൻ അസ്പൃശ്യനാണെന്ന ജാതിബോധത്തെ ദൈവസങ്കല്പംകൊണ്ട് സ്ഥാപിച്ചെടുക്കുന്ന സന്ദർഭമാണ് ഇവിടെ കാണുന്നത്.  കീഴാളന്റെ മനോധർമ്മവും കൈവഴക്കവും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. കേരളത്തിന്റെ സാംസ്കാരിക പരിസരങ്ങളിൽ അമ്മദൈവങ്ങൾ വടക്കുനിന്നും മരക്കലത്തിലേറി കടലിലൂടെ യാത്ര ചെയ്താണ് വന്ന

തെന്ന വിശ്വാസമാണുള്ളത്. തോണിയിലൂടെ യാത്ര ചെയ്തുവന്ന സ്ത്രീയാണ് ദിവ്യചൈതന്യമുള്ള പെട്ടി ചെക്കുട്ടിനായർക്ക് നൽകുന്നത് എന്നത് ഈ സങ്ക ല്പത്തെ ബലപ്പെടുത്തുന്നു.

ജാത്യാധിഷ്ഠിത ശുദ്ധാശുദ്ധബന്ധങ്ങളെ വളരെ സമർത്ഥമായി പുണ്യാഹ ങ്ങളിലൂടെയും തൊഴിൽ വിഭജനങ്ങളിലൂടെയും നിലനിർത്തുന്നുണ്ട്. ജലം മാതൃ ബിംബമായി കാണുന്ന സങ്കല്പനത്തെ സാധൂകരിക്കാൻ കടലിൽനിന്ന് വന്നു എന്ന കഥയാണ് എല്ലാ പാഠഭേദങ്ങളിലും പ്രതിപാദിക്കുന്നത്. ഇത് കടലുണ്ടി യുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ കൃത്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പുഴയും കടലും കൃഷിഭൂമിയും ഇഴചേർന്ന സാമൂഹികക്രമം രൂപപ്പെടുന്നതിൽ പേടിയാട്ട്കാവിനും അതിലെ വിശ്വാസസങ്കല്പങ്ങൾക്കും വലിയ പങ്കുള്ളതായി കാണാം.

## അധ്യായം 4

# ഉത്സവത്തിന്റെ സാമൂഹ്യധർമ്മം

### 4.0 ആമുഖം

ഉത്സവം എന്ന വാക്കിന്റെ അർത്ഥം 'പതഞ്ഞുപൊങ്ങുന്നത്' എന്നാണ്. ഹൈന്ദവക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന ആചാരങ്ങളെയും ചടങ്ങുകളെയും സാധാരണയായി ഉത്സവം എന്നു പറയുന്നു. ഉത്സവനാളുകളിൽ നടക്കുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഫലമായുണ്ടാകുന്ന ചൈതന്യം വിഗ്രഹത്തിലേക്കും ശ്രീകോവിലിനുപുറത്തേക്കും അവിടെനിന്ന് ആ ഗ്രാമം മുഴുവനും വ്യാപിക്കുന്നു എന്നാണ് വിശ്വാസം.

വിശ്വാസം എന്തുതന്നെയായാലും ആ ഗ്രാമത്തിന്റെ സാമൂഹ്യപുരോഗതിക്ക് ആവശ്യമായ പല സന്ദർഭങ്ങളും ഉത്സവനാളുകളിൽ വന്നുചേരുന്നുണ്ട്. ഗ്രാമവാസികളായ വിവിധ ജാതിമതവിഭാഗങ്ങളുടെ സന്ദർശനം, വ്യത്യസ്ത ദേശക്കാരുടെ ആഗമനം തുടങ്ങി അതിലൂടെയുണ്ടാകുന്ന പുതിയതും പഴയതുമായ സൗഹാർദ്ദങ്ങളും വലുതും ചെറുതുമായ വ്യാപാരബന്ധങ്ങളും തൊഴിൽബന്ധങ്ങളും ഇതിന്റെ ഭാഗമായി സ്ഥാപിക്കപ്പെടുന്നു. ഇത്യാദി കാരണങ്ങൾകൊണ്ടുതന്നെ പുത്തൻ സാമൂഹികപരിഷ്കാരങ്ങളും അനുബന്ധപുരോഗതിയും കൈവരിക്കുന്നുണ്ട്. ഇത്തരത്തിൽ പ്രകടമാകുന്ന ഒരു സാമൂഹ്യധർമ്മമാണ് ഉത്സവങ്ങളിലൂടെ നിർവഹിക്കപ്പെടുന്നത്.

അമ്മദൈവങ്ങളെ കുടിയിരുത്തിയിട്ടുള്ള കാവുകളോടു ബന്ധപ്പെട്ട ഐതിഹ്യങ്ങളെക്കുറിച്ചും അവിടെ നിലനിൽക്കുന്ന ചടങ്ങുകളെക്കുറിച്ചും മനസ്സിലാക്കുമ്പോൾ, ഇപ്പോഴും നമ്മുക്കിടയിൽ വളരെ രൂഢമൂലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശുദ്ധാശുദ്ധസങ്കല്പത്തിന്റെയും ജാതിവ്യവസ്ഥയുടെയും പ്രതീകാത്മകമായ ആവിഷ്കാരങ്ങളെ കണ്ടെത്താനാകും.

കാവാചാരങ്ങളിലെ മേൽജാതി, കീഴ്ജാതി സംഘർഷാത്മകസാഹചര്യങ്ങൾപോലും ജാതിവ്യവസ്ഥയെ ഊട്ടിയുറപ്പിക്കുന്നതിനായുള്ള കാരണങ്ങളായി പരിണമിക്കുന്നുണ്ട്. ഉത്സവാഘോഷങ്ങൾ എങ്ങനെയാണ് സമൂഹരൂപീകരണത്തെ സ്വാധീനിക്കുന്നതെന്നും അതിനിടയിൽ ജാതി എങ്ങനെയാണ് ഇടപെടുന്നതെന്നും സാമാന്യമായി കണ്ടെത്താനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

പേടിയാട്ട്കാവിൽ നടക്കുന്ന ഉത്സവത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ഭീകരമായ ജാതീയ ഭ്രഷ്ടുകളെ ഇന്നും പല രീതിയിൽ കാണാൻ കഴിയുന്നു. അവയിൽ ചിലത് പ്രകടമായിരിക്കും. ചിലത് പൊതിഞ്ഞൊളിപ്പിച്ചതും. കീഴ്ജാതിക്കാർക്ക് ചുറ്റുമതിലിന് പുറത്താണ് സ്ഥാനം. പേടിയാട്ടമ്മയുടെ മകനായ ജാതവൻ പൂണൂൽധാരിയാണ്. എന്നാൽ അസ്പൃശ്യനുമാണ്. കള്ള് സേവിച്ചെന്ന ആരോപണവും കാരകളിയിലെ കീഴ്ജാതി ബന്ധവുമാണ് ഇതിനു കാരണം. മറഞ്ഞിരിക്കുന്ന ജാതിബോധമാണ് ഇവിടെ പ്രകടമാകുന്നത്.

മനുഷ്യന്റെ ചിന്താധാരകളും ജീവിതപദ്ധതികളും പുതിയ സംസ്കാരത്തിനകത്ത് പരുവപ്പെടുത്തിയിട്ടുണ്ട് എങ്കിലും പേടിയാട്ട്കാവുത്സവത്തിലെ ആചാരനുഷ്ഠാനങ്ങളുടെ പുനരാവിഷ്കാരത്തിലൂടെ ജാതിബോധം നിലനിർത്തുന്നതായി ഈ പ്രബന്ധത്തിൽ കണ്ടെത്തുന്നു. കടലുണ്ടി പേടിയാട്ട്കാവുത്സവത്തിന്റെ ചടങ്ങുകളെ സൂക്ഷ്മമായി പഠനവിധേയമാക്കുകയും പ്രസ്തുത ഉത്സവച്ചടങ്ങുകൾ എപ്രകാരം ജാതിവ്യവസ്ഥയെ പ്രബലമാക്കുന്നുവെന്ന് നിരീക്ഷിക്കുകയും അവ കടലുണ്ടിയിലെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലുള്ള സ്വാധീനം എപ്രകാരമാണെന്നും കണ്ടെത്തുകയുമാണ് ഈ അധ്യായത്തിന്റെ ലക്ഷ്യം.

### 4.1 ജാതി

സാമൂഹ്യഘടനയുടെ വ്യത്യസ്ത അടരുകളെ സൂചിപ്പിക്കുന്നതാണ് ജാതിവ്യവസ്ഥ. ഒരു സമൂഹം അനുഷ്ഠിക്കുന്ന ധർമ്മങ്ങൾക്കനുസരിച്ച് വ്യത്യസ്ത ജാതികൾ രൂപപ്പെട്ടുവന്നു.[1] ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്ന ചാതുർവർണ്യവ്യവസ്ഥയാണ് പിൽക്കാലത്ത് ജാതിവിഭജനത്തിന് കാരണമായത്.

---

[1] സർ എച്ച് റിസ്‌ലിയുടെ അഭിപ്രായത്തിൽ ജാതിവ്യത്യാസത്തിന്റെ അടിസ്ഥാനം മുഴുവനും ശാരീരികമായ ചില തത്വങ്ങളാകുന്നു (ഭാസ്കരനുണ്ണി, 2005: പു. 16).

അത് പിന്നീട് സമൂഹത്തിലെ ജനങ്ങളെ മാനസികമായി വളരെയധികം വേദനിപ്പിക്കുന്ന വ്യവസ്ഥയായി മാറി. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ മേഖലകളിൽപ്പോലുമുള്ള കാർക്കശ്യമായ വിവേചനനിയമങ്ങൾ മനുഷ്യരെ സാംസ്കാരികമായി വേർതിരിക്കുന്നതിന് കാരണമായി. പരസ്പരം ബന്ധുക്കളായിട്ടുള്ളവരോ ഒരേ തൊഴിൽ ചെയ്യുന്നവരോ വിവിധ ഇടങ്ങളിൽ കൂട്ടമായി താമസിച്ചുവരികയും അവർക്കിടയിൽ നിറം, തൊഴിൽ, ആൾബലം തുടങ്ങിയവയുടെ അന്തരങ്ങൾ ചർച്ചചെയ്യപ്പെടുകയും ചെയ്തു. ഓരോരുത്തരും അവരവരുടെ ജീവിതരീതിയെക്കുറിച്ച് മേന്മ പറഞ്ഞ് ജയിച്ചും ജയിക്കാതെയും മത്സരം തുടർന്നുകൊണ്ടിരുന്നു. ഭക്ഷണം കഴിക്കുക, വിവാഹം കഴിക്കുക പോലുള്ള കാര്യങ്ങൾവരെ തുല്യർ തമ്മിൽ മാത്രമേ പാടുള്ളൂ എന്ന നിർബന്ധമുണ്ടായിരുന്നു. ഇത് പിന്നീട് തൊട്ടുകൂടായ്മയായും തീണ്ടിക്കൂടായ്മയായും മാറുകയാണുണ്ടായത് (ഭാസ്കരനുണ്ണി, 2005: 19).

ജാതി ഒരു യഥാർത്ഥ്യമാണെന്ന തരത്തിൽ ഋഗ്വേദം പരാമർശിക്കുന്നുണ്ട്. ഏറ്റവും പവിത്രമായ ദേഹമാണ് ബ്രാഹ്മണന്റേതെന്നും ആയതിനാൽ മഹനീയമായ ആത്മീയവൃത്തിയാണ് അവർക്ക് പറഞ്ഞിട്ടുള്ളതെന്നും സൂചനകളുണ്ട്. മനുഷ്യനെ നാലുവർഗ്ഗങ്ങളായി സൃഷ്ടിക്കുകയും അയിത്തമില്ലാത്ത ബ്രാഹ്മണനിൽനിന്ന് താഴോട്ടുപോകുംതോറും അയിത്തമുള്ളവരുടെ സഞ്ചാരത്തിന്റെ ദൂരപരിധി കൂടിക്കൂടി വന്നു. കാഴ്ചവലയത്തിൽപ്പോലും ഇല്ലാത്ത രൂപത്തിൽ മനുഷ്യൻ അസ്പൃശ്യവൽക്കരിക്കപ്പെട്ടു. അസ്പൃശ്യതയെ മുൻനിർത്തിയാണ് ബ്രാഹ്മണ്യം പ്രവർത്തിക്കുന്നത്. അതിൽ മണ്ണും വെള്ളവും വായുവും ആകാശവും അഗ്നിയും തൊട്ടുകൂടായ്മയെ നടപ്പിൽ വരുത്താനുള്ള ഉപാധിയായി ഉപയോഗിക്കുന്നു.

നാൽക്കാലികളെയും പാമ്പിനെയും പാലും ആഹാരവുംകൊടുത്ത് ഭയഭക്തിബഹുമാനത്തോടെ പൂജിച്ചിരുന്ന മേൽജാതിഹിന്ദുക്കൾ ഈ മണ്ണിൽ ജനിച്ച നാട്ടുമക്കളായ മനുഷ്യരെ ജാതി പറഞ്ഞ് അസ്പൃശ്യരായിക്കണ്ട് അകറ്റി നിർത്തുന്നതിൽ പ്രയാസപ്പെട്ട് കവി പണ്ഡിറ്റ് കറുപ്പൻ ''ജാതിക്കുമ്മി'' എന്ന അദ്ദേഹത്തിന്റെ കവിതയിലൂടെ ചോദിക്കുന്നുണ്ട്.

'നാല്കാലികളിലും താഴെയെന്നോ
ഇക്കാണും മാനുഷ സോദരന്മാർ

ഇക്കാലത്തിരുപതാം നൂറ്റാണ്ടിലുമിതു
നീക്കാറായില്ലല്ലോ യോഗപ്പെണ്ണേ.
എന്തൊരാൾക്കാരാണു നിങ്ങൾ ജ്ഞാനപ്പെണ്ണേ'

(https://youtu.be.FnPPkqrqNsw)

കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന അയിത്തജാതിക്കാരനായ കീഴാളനെ, ഏതെങ്കിലും കാരണവശാൽ മടപൊട്ടി പാടത്തേക്കു വെള്ളംകയറാൻ ഇടയായാൽ ആ തകർന്ന മടയിൽത്തന്നെ ചവിട്ടിത്താഴ്ത്തി മണ്ണിട്ടുമൂടി മട പൂർവസ്ഥിതിയിലാക്കിയിരുന്നു. ഇതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ലായിരുന്നു (കുട്ടപ്പൻ ചങ്ങനാശ്ശേരി, 2015: 73).

വിവാഹവേളകളിൽപ്പോലും പുത്തൻ വസ്ത്രം ധരിക്കാൻ കീഴാളന് അവകാശമില്ലായിരുന്നു. അഴുക്കുപുരണ്ടതോ അല്ലെങ്കിൽ കൃത്രിമമായി മുഷിപ്പിച്ചതോ മാത്രമെ ഉപയോഗിക്കാവൂ. രോഗം വന്നാൽ മരുന്നോ ചികിത്സയോ പാടില്ല എന്നും ഉണ്ടായിരുന്നു. അയിത്തജാതിക്കാരിയായ കീഴാളസ്ത്രീ രോഗിയായാലും പൂർണ്ണ ഗർഭിണിയായാൽപ്പോലും മേൽജാതിക്കാരന്റെ തൊഴിലിടങ്ങളിൽ ജോലി എടുത്തുകൊള്ളണം. കൃഷിയിടങ്ങളിലോ മറ്റോ അവൾ പ്രസവിച്ചാൽപ്പോലും ചെയ്യുന്ന ജോലിനിർത്തുവാനോ വിശ്രമിക്കുവാനോ പാടില്ല. ചോരക്കുഞ്ഞിനെ പാടവരമ്പത്തോ, മരച്ചുവട്ടിലോ കിടത്തി ജോലി തുടരണം. കുഞ്ഞ് ചത്തില്ലെങ്കിൽ ജോലി കഴിഞ്ഞ് മടങ്ങിയതിനുശേഷം മുലയൂട്ടുകയോ കുടിയിലേക്ക് കൊണ്ടുപോവുകയോ ചെയ്യാം.

അയിത്തജാതിക്കാരായ മനുഷ്യരെ കാലിച്ചന്തകളിൽ ആടുമാടുകളെ വില പേശി വിൽക്കുന്നത് പോലെ അടിമക്കച്ചവടം ശുദ്ധജാതിക്കാരന്റെ ഒരു വരുമാന മാർഗ്ഗമായിരുന്നു. കീഴാളകുടുംബങ്ങളിലെ അച്ഛനെയും അമ്മയേയും മക്കളേയും പരസ്പരം കാണാനോ, ബന്ധപ്പെടാനോ കഴിയാത്തവിധം പലയിടങ്ങളിലേക്ക് അടിമ വ്യാപാരം നടത്തിയിരുന്നു. ഇതിന്റെ പിന്നിൽ രണ്ട് ഉദ്ദേശങ്ങളായിരുന്നു മേൽജാതിക്കാർക്ക് ഉണ്ടായിരുന്നത്. പണവും ലഭിക്കും, കൂടാതെ ഭാവിയിൽ സവർണ്ണ പ്രഭുക്കൻമാർക്കെതിരിൽ ഒരു സംഘടിത പ്രതിഷേധം ഉണ്ടാകാനുള്ള സാധ്യതയും ഇല്ലാതാക്കാം.

മണ്ണ്, വെള്ളം, അഗ്നി, വായു, ആകാശം എന്നീ ഘടകങ്ങൾകൊണ്ടും മനുഷ്യരെ ജാതീയമായി തൊട്ടുതീണ്ടികൂട്ടാത്തവരായി പാർശ്വവത്ക്കരിക്കുന്നുണ്ട്. സാമ്പത്തികമായ ഉന്നതിയെ വ്യക്തമായി സ്വാധീനിക്കുന്നതാണ് മണ്ണ്. എന്നാൽ ബ്രാഹ്മണ്യം ഇതിനെ നിരാകരിക്കുന്നു. മണ്ണിൽ വിളയുന്നത് ഭക്ഷിക്കാം, പക്ഷേ കൈകൊണ്ടോ ശരീരംകൊണ്ടോ മണ്ണിൽ തൊട്ടുകൂടായെന്ന് മനുസ്മൃതിയിൽ പറയുന്നു. ബ്രാഹ്മണർ ശുദ്ധിയുടെയും ശൂദ്രർ അശുദ്ധിയുടെയും സ്ഥാനത്തായാണ് മനുസ്മൃതിയിൽ എഴുതപ്പെട്ടിരിക്കുന്നത്.

ശുദ്ധാശുദ്ധങ്ങളിൽ വളരെ ചേർന്നുനിൽക്കുന്ന ഒന്നാണ് വെള്ളം. അസ്പൃശ്യതയെ മറികടക്കുന്നതിന് ജലം ഒരു പ്രധാന ഘടകമാണ്. അതുപോലെത്തന്നെ ശുദ്ധീകരണ പ്രക്രിയയിൽ അഗ്നിക്കും നിർണ്ണായകസ്ഥാനമാണുള്ളത്. ആചാരാനുഷ്ഠാനപരമായ കാര്യങ്ങളിൽ അശുദ്ധിവരുത്തുക എന്ന് സാധാരണായി പറഞ്ഞു കേൾക്കാറുണ്ട്.

ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കാൻ അഗ്നിയെ ഒരു ആയുധമായി ആശ്രയിക്കുന്നു. സാമൂഹിക ഉച്ചനീചത്വങ്ങളെ പുനഃരുത്പാദിപ്പിച്ച് നിലനിർത്താൻ മേൽകോയ്മാസമൂഹം അഗ്നി ഉപയോഗിച്ചപ്പോൾ അവയ്ക്കെതിരെ ഇതേ അഗ്നിയെത്തന്നെ അംബേദ്കർ ആയുധമാക്കുന്നുണ്ട്. ജാതീയമായ അസ്പൃശ്യതയെ ഉച്ചാടനം ചെയ്യാൻ മനുസ്മൃതി കത്തിച്ചുകൊണ്ടാണ് അംബേദ്കർ പ്രതികരിച്ചത്.

വായുവിന്റെ സഞ്ചാരപഥംനോക്കി കീഴാളരുടെ താമസയിടങ്ങൾ ജാതിവ്യവസ്ഥയിൽ ക്രമീകരിക്കപ്പെടുന്നുണ്ട്. പടിഞ്ഞാറൻ ഭൂപ്രദേശങ്ങളിൽ ദളിതർക്ക് കുടിലുകൾ അനുവദിക്കാറില്ല. അവിടങ്ങളിൽ ഉന്നതകുലജാതരുടെ വീടുകൾക്കാണ് സ്ഥാനം കൽപ്പിക്കുന്നത്. കിഴക്ക് പ്രദേശങ്ങളിലായാണ് കീഴാളജനവിഭാഗങ്ങൾക്ക് വാസസ്ഥലം നിശ്ചയിച്ചിട്ടുള്ളത്. മേലാളശരീരത്തെ സ്പർശിക്കുന്ന കാറ്റ് കിഴക്കോട്ടുസഞ്ചരിക്കുന്നു. മറിച്ചായാൽ കീഴാളശരീരത്തെ സ്പർശിച്ച കാറ്റ് ബ്രാഹ്മണ ദേഹത്ത് സ്പർശിക്കാൻ ഇടയാകും. ഇത് പ്രകാരമാണ് ശുദ്ധാശുദ്ധവ്യവസ്ഥയുമായി വായുവിനെ ചേർത്തുനിർത്തുന്നത്.

കീഴാളന്റെ സാന്നിധ്യം ബ്രാഹ്മണവാസത്തിന്റെ പരിസരപ്രദേശങ്ങളിൽ ഉണ്ടെങ്കിൽ തിരിച്ചറിയാനുള്ള ഒരു ഉപാധിയായിരുന്നു ശബ്ദം. ബ്രാഹ്മണ കീഴാള

ശരീരങ്ങൾക്കിടയിൽ നിശ്ചിത ദൂരം പാലിക്കുവാനും കീഴ്ജാതിക്കാർ ഗ്രാമപരിസരങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുവാനും കീഴാളർ പ്രത്യേകമായി ശബ്ദം പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. വാക്കുകൾക്കൊണ്ടുള്ള ശബ്ദത്തേക്കാൾ അധികമായി വാദ്യോപകരണങ്ങൾ കൊണ്ടുള്ള ശബ്ദമായിരുന്നു ഉപയോഗിച്ചിരുന്നത്. ഫ്യൂഡൽ ചിന്താധാര ഒരു സാമൂഹിക സാംസ്കാരിക വ്യവസ്ഥയായി ഇന്ത്യയുടെ എല്ലാ മേഖലകളിലും നിലനിന്നിരുന്ന കാലത്ത് അസ്പൃശ്യർ ശബ്ദംകൊണ്ട് അവരുടെ സാന്നിധ്യം അറിയിക്കണമെന്ന് വ്യവസ്ഥചെയ്യപ്പെട്ടിരുന്നു.

### 4.1.1 ജാതി എന്ന പ്രത്യയശാസ്ത്രം

'ദെസ്ടൂത്ത് ഡി ട്രാസി' എന്ന ഫ്രഞ്ച് ദാർശനികനാണ് ഐഡിയോളജി (പ്രത്യയശാസ്ത്രം) എന്ന പദത്തിന് രൂപംനൽകിയത്. ആശയങ്ങളുടെ ശാസ്ത്രം എന്ന രൂപത്തിലാണ് അദ്ദേഹം ഇതിനെ അവതരിപ്പിച്ചത്. ചരിത്രപരമോ അല്ലാതെയോ ഉള്ള പല സന്ദർഭങ്ങളിൽനിന്ന് ഉരുത്തിരിയുന്ന ആശയങ്ങൾ ഒരു നിയന്ത്രിത വ്യവസ്ഥിതിയായി അവതരിപ്പിക്കപ്പെടുന്നതിനെ പ്രത്യയശാസ്ത്രം എന്ന് പറയാം (അനിൽ, 2017:146.)

ദൈവികപ്രത്യയശാസ്ത്രം എന്ന രൂപത്തിലാണ് ബ്രാഹ്മണ്യം ജാതീയതയെ മനുഷ്യർക്കിടയിൽ അവതരിപ്പിച്ചത്. പ്രത്യയശാസ്ത്രം വിവിധചര്യകളായി മനുഷ്യമനസ്സിൽ വേരുറപ്പിക്കുന്ന ആശയം എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഇത് നമ്മെ ഒരു പ്രത്യേകരീതിയിൽ ജീവിക്കാൻ സജ്ജരായ കർത്താക്കളായിത്തീർക്കുന്നു. ജാതീയമായ വേർതിരിവുകൾ ഉണ്ടെങ്കിലേ പൗരോഹിത്യ ആണധികാരത്തിന് നിലനിൽപ്പുള്ളൂ. മനുഷ്യരൂപം പൂണ്ട പരബ്രഹ്മമാണ് തങ്ങളെന്നും ഏതെങ്കിലും തരത്തിൽ ബ്രാഹ്മണ്യം അപകടത്തിലാകുമ്പോൾ 'വിഷ്ണു' പല രൂപത്തിൽ അവതരിച്ച് വർണ്ണാശ്രമധർമ്മത്തെ രക്ഷിച്ച് ബ്രാഹ്മണ്യത്തെ നിലനിർത്തുമെന്ന് പൗരോഹിത്യം പ്രചരിപ്പിച്ചു. ചാതുർവർണ്യവ്യവസ്ഥയെ ജാതിവ്യവസ്ഥിതിയായി അവതരിപ്പിച്ചതിന്റെ പിന്നിൽ ജനതയെ വിഭജിച്ച് ഭരിക്കാനുള്ള തന്ത്രമാണ് പ്രവർത്തിച്ചത്. ജാതി-ഉപജാതി-വർഗ്ഗങ്ങൾക്കിടയിലെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പഞ്ചഭൂതങ്ങൾക്കടിസ്ഥാനപ്പെടുത്തി ക്രമീകരിച്ചു. ഇങ്ങനെ ഇന്ദ്രിയാനുഭവങ്ങളിലൂടെ രൂപപ്പെടുന്ന ബോധത്തെ ജാതീയപ്രത്യയശാസ്ത്രമായി അവതരിപ്പിക്കുകയാണ് ബ്രാഹ്മണ്യം ചെയ്തത്.

### 4.1.2 ജാതിയുടെ ചരിത്രം

നൂറ്റാണ്ടുകൾക്കുമുമ്പ് മനുഷ്യരുടെ സങ്കീർണ്ണമായ ജീവിതസാഹചര്യ ങ്ങൾക്കുശേഷം രൂപപ്പെട്ട സാമൂഹ്യഘടനാരൂപമാണ് ജാതി. തൊഴിലിനെ അടി സ്ഥാനപ്പെടുത്തിയുള്ള വിഭജനമാണ് ജാതിസമ്പ്രദായമായി രൂപപ്പെടുന്നത്. ഉന്ന തവും താഴ്ന്നതുമായി ജോലിയെ ക്രമപ്പെടുത്തി ഈ രൂപത്തിൽ നടപ്പിലാക്കിയ ഉച്ചനീചത്വമാണ് ജാതിവ്യവസ്ഥയുടെ അടിത്തറ. ആദിമഗോത്രസമൂഹം കൂടുതൽ വികസിച്ചതും സങ്കീർണ്ണവുമായ ജീവിതരീതിയിലേക്ക് മാറിയതിനുശേഷം ആജ്ഞ കൾക്കനുസൃതമായി പണിയെടുപ്പിക്കാൻ മനുഷ്യർ കണ്ടെത്തിയ ഒരു നിഗൂഢ മാർഗമായിരുന്നു ജാതി. ഇത് പിന്നെ ഒരു വ്യവസ്ഥയായി പരിണമിക്കുകയാണ് ഉണ്ടായത്. ജാതിയെ സൂചിപ്പിക്കുന്ന പേരുകളൊന്നും അന്നത്തെ ഭാഷകളിൽ ഉണ്ടായിരുന്നില്ല. ബ്രാഹ്മണരുടെ വരവോടുകൂടിയാണ് ജാതി എന്ന പദത്തെ വായിക്കപ്പെടുന്നത്.

എ.ഡി. എട്ടാം നൂറ്റാണ്ടോടുകൂടിയാണ് ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രർ എന്നിങ്ങനെ നാല് ഗണത്തിൽപ്പെടുത്തി വർണ്ണവ്യവസ്ഥ നടപ്പിലാക്കിയത്. മുഴുവൻ നായൻമാരെയും ശൂദ്രവിഭാഗത്തിൽപ്പെടുത്തിയതും എട്ടാംനൂറ്റാണ്ടിൽ തന്നെയാണെന്നാണ് ചരിത്രപണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുള്ളത് (ഭാസ്കര നുണ്ണി, 1988: 113)

തലയിലെ കുടുമ, മറയ്ക്കാത്ത മാറ്, ഓലക്കുട ചൂടൽ ഇതൊക്കെ അമ്പല ത്തിൽ പ്രവേശിക്കാനുള്ള മാനദണ്ഡങ്ങളാണ്. യൂറോപ്യൻമാരെ മ്ലേച്ഛൻമാരായി കണക്കാക്കുന്നതിനാൽ അവരെപ്പോലെ മുടി ക്രോപ്പുചെയ്യുവാനോ തുണികൊണ്ട് നിർമ്മിച്ച കുടചൂടുവാനോ പാടില്ല. 1086-87 ൽ കൊച്ചിരാജാവിന്റെ വിളംബരം തന്നെ ഇതിനായി പുറപ്പെടുവിച്ചിട്ടുണ്ട്. പറപ്പേടി, പുലപ്പേടി എന്ന സമ്പ്രദായത്തെ ബ്രാഹ്മണസ്ത്രീകൾ കഠിനമായ ദുരന്തമെന്നനിലയിൽ ഭയപ്പെട്ടിരുന്നു. അസ്പൃശ്യ രായി കഴിഞ്ഞിരുന്ന പറയ, പുലയ ജനവിഭാഗങ്ങൾക്ക് കാവുത്സവനാളുകളിൽ ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചിരുന്നു. കാവിൽ പ്രവേശിക്കാനും നേർച്ച കാഴ്ച കൾ നടത്തുവാനും ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാൻ വരുന്ന ബ്രാഹ്മണ പെണ്ണിനെ തൊടുവാനും കഴിഞ്ഞിരുന്നു. എന്നാൽ ഇങ്ങനെ തൊട്ട് അശുദ്ധമാ കുന്ന സ്ത്രീയെ പറയനോ, പുലയനോ സ്വന്തമാക്കാം. പിന്നീട് ഇത്തരത്തിൽ

പോകേണ്ടിവരുന്ന സ്ത്രീകൾക്ക് തറവാടുമായി യാതൊരുവിധ ബന്ധവും ഉണ്ടായി രിക്കുന്നതല്ല. കീഴാളന്റെ പെണ്ണായി അവരുടെ കുടികളിൽ ജീവിക്കുകയാണ് വേണ്ടത്. ഇങ്ങനെയുള്ള സ്വാതന്ത്ര്യാവസരങ്ങൾ പറയനും, പുലയരും അവസരോ ചിതമായി ഉപയോഗിച്ചതായി ചരിത്രരേഖകൾ പറയുന്നുണ്ട്. ആന്ത്രോപ്പോളജി ഓഫ് ദി സിറിയൻ ക്രിസ്ത്യൻസ്, ബാർബോസ്, തോബിയാസ്, സക്കറിയാസ്, ഗുണ്ടർട്ട് എന്നിവരുടെ ചരിത്രരേഖകളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്.

#### 4.1.3 ജാതിവ്യവസ്ഥ

ചാതുർവർണ്യം എന്ന ഒരു വ്യവസ്ഥയിലൂടെ മനുഷ്യനെ വിവിധ തട്ടുക ളായി തരം തിരിച്ചിരിക്കുന്നു. ഓരോ വിഭാഗങ്ങൾക്കും അവരവർ ചെയ്യേണ്ട തൊഴിലുകൾ എന്തൊക്കെയാണെന്നും ഈ വ്യവസ്ഥയിൽ പറയുന്നുണ്ട്. ഇത്തരം വിഭാഗങ്ങൾക്കിടയിൽ പരസ്പരം അസ്പൃശ്യതയും അതിന്റെ അടിസ്ഥാനത്തി ലുള്ള അകലങ്ങളും നിശ്ചയിച്ചു കാണുന്നു. പാർപ്പിടം, വസ്ത്രം, ഭക്ഷണം, തൊഴിൽ, വിദ്യ, വിവാഹം തുടങ്ങിയ കീഴ്ജാതി, മേൽജാതി ക്രമത്തിലേ പാടുള്ളൂ എന്നാണ് ഈ വ്യവസ്ഥയിൽ പറയുന്നത്. പരസ്പരം തിരിച്ചറിയാൻ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി ജാതിപ്പേരുകൾ നിർണ്ണയിക്കുകയുണ്ടായി. ഇങ്ങനെ മനു ഷ്യനെ പലതായി കാണുന്ന ഒരു ജാതിവ്യവസ്ഥ രൂപപ്പെട്ടു. ജാതികളും ജാതിക്കു ള്ളിലെ ജാതികളും സാധാരണക്കാരെ വളരെയധികം അസ്വസ്ഥരാക്കിയിരുന്നു. ജാതിയുടെ മേന്മാക്രമത്തിന്റെ തോതനുസരിച്ച് ഉയർന്ന ജാതിക്കാരൻ താഴ്ന്ന ജാതിക്കാരനെ പരമാവധി ബുദ്ധിമുട്ടിച്ചുവന്നു. ഉദാഹരണത്തിന് ബ്രാഹ്മണ രിൽനിന്നും തിക്താനുഭവങ്ങൾ അനുഭവിക്കേണ്ടിവന്ന നായന്മാർ തൊട്ടുതാഴെക്കിട യിലുള്ള ഈഴവരെ ബുദ്ധിമുട്ടിക്കാതിരുന്നില്ല. ഈഴവർ സമാനമനോഭാവം തന്നെ യായിരുന്നു കീഴ്ജാതിക്കാർ എന്നു പറയപ്പെടുന്നവരോട് പുലർത്തിപ്പോന്നിരുന്നത്.

ഈഴവരും ദിവസക്കൂലിക്കു പണിചെയ്തുജീവിക്കുന്ന അവർണ്ണരും ജാതി വ്യവസ്ഥയനുസരിച്ച് തലമുറകളായി അവർക്കുമാത്രമായി താമസിക്കുവാനുള്ള ഭൂദേശങ്ങളിൽ ജീവിക്കണമെന്നുണ്ട്. നഗരാതിർത്തിയും, ഗ്രാമാതിർത്തിയുംവിട്ട് വൻവൃക്ഷങ്ങളുടെ ചുവട്ടിലോ നീണ്ട് പരന്നുകിടക്കുന്ന പറമ്പ്, ശ്മശാനതുല്യമായ ഇടങ്ങൾ, ഉപവനങ്ങൾ, പർവതം ഇവിടെയെല്ലാമാണ് ഇവർക്ക് താമസിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ഒറ്റനോട്ടത്തിൽ അവർ ചെയ്യുന്ന തൊഴിൽ ഏതായി

രിക്കുമെന്ന് മനസ്സിലാവുന്നതരത്തിലായിരിക്കണം താമസിക്കേണ്ടത്. അയിത്ത മെന്ന ദുരാചാരമാണ് ഇതിന് കാരണമായത്. ഭവനനിർമ്മാണത്തിൽ പോലുമുണ്ട് ജാതീയമായ വേർതിരിവുകൾ. നാട്ടുരാജാക്കൻമാരുടെ ഭരണകാലത്ത് ക്ഷേത്ര ങ്ങൾ, നമ്പൂതിരി ഇല്ലങ്ങൾ, രാജകോവിലകങ്ങൾ മാത്രമെ ഓടുമേയാൻ പാടുണ്ടാ യിരുന്നുള്ളൂ. കീഴ്ജാതിക്കാർക്ക് ഓലപ്പുരകൾ മാത്രമാണ് അനുവദിച്ചിരുന്നത്. വൈദേശികരായ ഇംഗ്ലീഷ് കച്ചവടക്കാരുടെ പാണ്ടികശാലകൾ ഓടുമേയാൻ സാമൂതിരിരാജാവിന്റെ വിശേഷ അനുവാദം വേണ്ടിയിരുന്നു.

സാമൂഹികഘടനയുടെ വ്യത്യസ്ത അടരുകളെ സൂചിപ്പിക്കുന്നതാണ് ജാതി വ്യവസ്ഥ എന്നു സാമാന്യമായി പറയാം. അംബേദ്കറുടെ അഭിപ്രായത്തിൽ ''തൊട്ടുകൂടാത്തവർക്ക് ഹിന്ദുമതം യഥാർഥമായ ഭയത്തിന്റെ അറയാണ്'' ജാതി എന്നാണ് (അരുന്ധതി റോയി, 2019: 18). ജാതിവ്യവസ്ഥയെ മുൻനിർത്തിയായി രുന്നു ഗ്രാമീണരുടെ സാധാരണജീവിതം മുന്നോട്ടുനീങ്ങിയിരുന്നത്. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ശ്രീനാരായണഗുരുവിനെപ്പോലുള്ള നവോത്ഥാന നായകർ ജാതിക്കെതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ചില മാറ്റങ്ങൾ സമൂഹത്തിൽ പ്രകടമായി. എന്നാൽ ക്ഷേത്ര ങ്ങളും അവിടെ നടക്കുന്ന ഉത്സവങ്ങളും കേന്ദ്രീകരിച്ച് ജാതിവ്യവസ്ഥ ഇന്നും തുടർന്നുപോരുന്നതായി കാണാം.

തൊട്ടുകൂടാത്തവർ അഥവാ ശൂദ്രർ ആയി ജനിക്കുന്നത് മുൻജന്മപാപ ത്തിന്റെ ഫലമായതിനാലാണ് എന്ന മിഥ്യാസങ്കല്പത്തിലൂന്നിയാണ് ജാതിവ്യ വസ്ഥ നിലനിർത്തുന്നത്. ആയതിനാൽ പുതിയ ജന്മത്തിൽ അവർ അടിമകളായും മേൽജാതിക്കാരെ ധിക്കരിക്കാതെ അനുസരണയുള്ളവരായിരിക്കുകയും വേണം എന്നാണ് വിശ്വാസം. ഇന്ത്യയിലെ എല്ലാ ആചാരാനുഷ്ഠാനങ്ങളെയും ബന്ധിച്ചു നിർത്തുന്ന മനുഷ്യോൽപത്തിയുടെ കഥ കീഴ്ജാതി മേൽജാതി സങ്കല്പത്തിലൂ ന്നിയ സൃഷ്ടിയാണ്. പാദത്തിൽനിന്ന് ജന്മം കൊണ്ടവരാകയാൽ ശൂദ്രർ മലിനമാ യവരും അസ്പൃശ്യരുമാണ്. ജാതി ഉൽപ്പത്തിയെ വ്യവസ്ഥാപിതമായി നില നിർത്തുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

മരണത്തിൽപോലും ഈ അസ്പൃശ്യത നിലനിർത്തുന്നു എന്നതാണ് വസ്തുത. മൂക്ക്, കണ്ണ്, വായ, ബ്രഹ്മരന്ധ്രം എന്നിവയിലൂടെ ആത്മാവ് പോകുന്ന

തിനാൽ ബ്രാഹ്മണന് മോക്ഷം കിട്ടുന്നു. എന്നാൽ ശൂദ്രരായിട്ടുള്ളവരുടെ ആത്മാവ് പുറത്തുപോകുന്നത് മലദ്വാരത്തിലൂടെ ആയതിനാൽ മോക്ഷം കിട്ടുക എളുപ്പമല്ല. വളരെ പ്രയാസകരമായ ഉച്ചാടന പ്രക്രിയയിലൂടെ മാത്രമെ മോക്ഷം ലഭിക്കുക യുള്ളൂ എന്നതാണ് സങ്കല്പം. (അനിൽ, 2018:80)

ജാതിസമ്പ്രദായത്തിൽ വിവിധ വിഭാഗങ്ങൾ അവരവരുടെ ജാതി മേൽകോയ്മ നിലനിർത്തിപ്പോരുന്നതായി കാണാം. ഓരോ ജാതിയിൽപെട്ടവരും അവരവരുടെ ജാതിയിൽ താഴെയുള്ളവർക്ക് മുകളിൽ അധീശത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് സാംസ്കാരിവും ഭൗതികവുമായ അനിവാര്യതയായാണ് കണക്കാക്കുന്നത്. (ജിൻസി, 2018:93)

**4.1.4 ജാതിയും കുലത്തൊഴിലും**

പ്രാരംഭഘട്ടം മുതൽതന്നെ ജാതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് തൊഴിലുക ളുടെ അടിസ്ഥാനത്തിലാണ്. തൊഴിൽനാമങ്ങളിലാണ് വിവിധ കുലങ്ങൾ അറിയ പ്പെടുന്നത്. ഇത്തരം ഗോത്രങ്ങളിലോ സമൂഹങ്ങളിലോ ജനിക്കുന്നവർ അതാതു ജോലികൾ തുടർന്നുപോരുകയും ജാതിപ്പേര് സ്വീകരിക്കുകയും ചെയ്തുപോന്നു. അതിൽ ഒരു കുലത്തിൽ ജനിച്ച ആളുകൾക്കല്ലാതെ മറ്റാർക്കും ആ ജോലി ചെയ്യാൻ പറ്റുമായിരുന്നില്ല.

ജാതിപ്പേരുകൾ പലപ്പോഴും തൊഴിലുകളുമായി ബന്ധപ്പെട്ട് ഉത്ഭവിച്ചതായി കാണാം. കുലത്തൊഴിൽ എന്ന പ്രയോഗംതന്നെ ജാതി ശ്രേണിയെ കണിശമായി സ്ഥാപിച്ചെടുക്കുവാനും സ്ഥായിയായി നിലനിർത്താനുമുള്ളതായിരുന്നു. ജാതി ശ്രേണിക്കനുസൃതമായി ഓരോതരം തൊഴിലുകൾ നിശ്ചയിച്ചുകൊണ്ട് ചൂഷണ ത്തിനുള്ള എളുപ്പവഴി ഒരുക്കുകയാണുണ്ടായത്. ഇന്നും ആ സമ്പ്രദായം നില നിൽക്കുന്നു.

ചെരുപ്പുകുത്തി, കുട്ട, വട്ടി മുതലായവ നിർമ്മിക്കുന്നവർ, കപ്പൽ നിർമ്മിക്കു ന്നവർ, വേട്ടക്കാർ, മീൻപിടുത്തക്കാർ, നെയ്ത്തുകാർ ഇവരെല്ലാം ശൂദ്രവിഭാഗ ത്തിൽപ്പെടുന്നു. ഇതിൽത്തന്നെ അലക്കുകാരും നെയ്ത്തുകാരും, മുക്കുവരും ഏറ്റവും താഴ്ന്ന ഗണത്തിൽപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞവരെല്ലാം പരസ്പര ബന്ധമില്ലാതെ ഓരോ ജാതിക്കൂട്ടങ്ങളായി മാറിമാറിയാണ് താമസിച്ചുവന്നിരുന്നത്.

ജാതി സമ്പ്രദായത്തിൽ ഓരോ ജാതിവിഭാഗങ്ങളും അവരവരുടെ ജാതിക്കാണ് മേൽക്കൈയെന്ന് ശഠിക്കുകയും മറ്റു ഗണങ്ങൾക്ക് മീതെ ആധിപത്യം സ്ഥാപി ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത് ഫലത്തിൽ നിലനിൽക്കുകയും ചെയ്യുന്നു ണ്ട്. ഭൗതികവും സാംസ്കാരികവുമായ ആവശ്യമായി ജാതിയെ ഗണിക്കുന്നു.

വ്യക്തി എന്ന നിലയിൽ ജാതിശ്രേണി മറികടന്ന് ഉന്നത ജാതിയിലേക്ക് പ്രവേശിക്കാനോ ജാതിക്ക് മൊത്തത്തിൽ അന്തസ്സിന്റെയും സാമ്പത്തികമായ ഉന്നമ നത്തിന്റെയും തലത്തിലേക്ക് പ്രവേശിക്കാനോ കഴിയില്ല. ഒരിടത്തും മേൽക്കൈ നേടാൻ കഴിയാത്ത തരത്തിൽ നിയമങ്ങൾക്കൊണ്ടുള്ള നിശ്ചലാവസ്ഥ ജാതിയുടെ ക്രമീകരണത്തിൽ തന്നെയുണ്ട്. അർഹത എന്നത് ഒരു തുരുപ്പുചീട്ടായി ഉന്നതകു ലജാതർ കീഴാളർക്കെതിരെ പ്രയോഗിക്കുന്ന ആശയമാണ്. ഇതേ ഉന്നതരാണ് നൂറ്റാണ്ടുകളോളം കീഴാളർക്ക് അറിവ് നിഷേധിച്ചതും ദൈവത്തിന്റെ പ്രതിനിധി കൾ എന്ന രൂപത്തിൽ വ്യവസ്ഥയിൽ ആധിപത്യം പുലർത്തിയതും. പുതിയ കാലത്ത് അത് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരം ചോദ്യംചെയ്യപ്പെടലുകൾ സർക്കാർ ജോലികൾക്കും, സർവകലാശാലകളിലെ വിദ്യാർത്ഥിക്കോട്ടകൾക്കുമെ തിരെ സവർണ്ണവിഭാഗക്കാരുടെ തീവ്രസമരങ്ങൾക്കും അതിക്രമങ്ങൾക്കും കാരണ മാകുന്നു. ‘അർഹത’ എന്നത് കീഴ്ജാതിക്കാരന് ഒരിടത്തും മേൽക്കൈ നേടാതിരി ക്കാൻ മേൽജാതിക്കാർ ബോധപൂർവം ഉപയോഗിച്ച വാക്കാണ് (റാം മനോഹർ ലോഹ്യ,2014: 126).

ജാതിവ്യവസ്ഥ നിലനിൽക്കുന്ന സന്ദർഭങ്ങളിൽ ജനങ്ങളുടെ നാശമാണ് ചരിത്രപാഠങ്ങളിൽനിന്ന് ബോധ്യപ്പെടുന്നുണ്ട്. പോയകാലത്തെ വിശകലനംചെയ്യു മ്പോൾ ചാതുർവർണ്ണ്യവ്യവസ്ഥ ഒരു സാമൂഹിക വ്യവസ്ഥിതിയിൽ തികഞ്ഞ പരാ ജയമാണെന്ന് കാണാൻകഴിയും.

സവർണ്ണരിൽനിന്ന് അറുപത്തിനാല് അടി ദൂരംവരെ അകന്നുവേണം അവർണ്ണർ പൊതുനിരത്തുകളിൽ നടക്കാൻ. അതിൽ മാറ്റമുണ്ടായാൽ ശിക്ഷിക്ക പ്പെടും. മുട്ടുകാൽ കവിഞ്ഞ് മുണ്ട് ഉടുക്കരുത്. തോർത്ത് കൈയ്യിലുണ്ടെങ്കിലും തോളിൽ ഇടാൻ പാടില്ല. കക്ഷത്തുവച്ച് നടക്കാനേ പാടുള്ളൂ. ഓലക്കുട കൈയ്യി ലെടുക്കാം. പക്ഷേ തലയ്ക്കുമുകളിൽ ഉയർത്തി പിടിക്കാൻപാടില്ല. മഴയായാലും വെയിലായാലും കൊള്ളേണ്ടതുണ്ട്. നിരത്തിലൂടെ പോകുമ്പോൾ ‘വഴിയേ വഴിയേ’

എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ടിരിക്കണം. ഇത്തരം കഠിനനിയമങ്ങൾകൊണ്ട് വലിഞ്ഞുമുറുകിയ ജീവിതസാഹചര്യമായിരുന്നു അവർണ്ണന്റേത്.

**4.2. കേരളത്തിലെ അയിത്താചാരം**

ഹൈന്ദവവിഭാഗങ്ങളിൽ നിലനിന്ന ജാതിബന്ധങ്ങളിൽ ആരോപിക്കപ്പെടുന്ന ഒരു അനാചാരമാണ് അയിത്തം. 'അശുദ്ധം' എന്ന സംസ്കൃതപദമാണ് അയിത്തമായത്. മേൽജാതിക്കാരെ കീഴ്ജാതിക്കാർ തൊട്ടാലും തീണ്ടിയാലും അശുദ്ധിയുണ്ടാകുമെന്ന വിശ്വാസത്തിൽനിന്ന് രൂപപ്പെട്ട ആചാരമാണിത്.

തീണ്ടൽ, പുല, തൊടീൽ, പന്തിഭോജനം എന്നീ വിവിധ രീതികളിലാണ് അയിത്തം ആചരിച്ചിരുന്നത്. ക്ഷേത്രങ്ങളിലും ഉയർന്ന ജാതിക്കാരുടെ വീടുകളിലും പ്രവേശിക്കാൻ പറ്റുമായിരുന്നില്ല. വിവാഹം, മരണം, മുതലായ ചടങ്ങുകളിൽ കീഴാളർക്ക് സംബന്ധിക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഹോട്ടലുകളിൽ പ്രത്യേക പാത്രവും ഇരിപ്പിടവുമാണ് ഉണ്ടായിരുന്നത്. സ്കൂളിൽപോലും വേറിട്ട് ഇരിക്കേണ്ട അവസ്ഥയായിരുന്നു. ഇത്തരത്തിൽ സവർണർ വിശുദ്ധിയെപ്പറ്റി നിലനിർത്തിപ്പോന്ന സാമൂഹികസങ്കല്പമാണ് അയിത്തം. ഇങ്ങനെ സാമൂഹിക ആചാരങ്ങളെ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്തിരുന്ന ഭരണകൂടങ്ങളാണ് നൂറ്റാണ്ടുകളോളം കേരളത്തിൽ ഉണ്ടായിരുന്നത്. ജാതീയമായ ഇത്തരം പ്രവണതകൾ നവോത്ഥാനപ്രസ്ഥാനങ്ങൾ നയിച്ച പ്രക്ഷോഭങ്ങളാൽ ഇല്ലായ്മ ചെയ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല ഭരണഘടനാനിയമങ്ങൾക്കൊണ്ട് ഇതിനെ നിരോധിച്ചിട്ടുമുണ്ട്. എങ്കിലും ഇന്നും അയിത്ത സങ്കല്പങ്ങൾ ക്ഷേത്രങ്ങളിലും ചടങ്ങുകളിലുമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്.

'തീണ്ടലും തൊടീലും' അശുദ്ധമായിക്കാണുന്നതിനെ അയിത്തമായി കണക്കാക്കുന്നു. ശരീരങ്ങൾ തമ്മിലുള്ള തൊട്ടുകൂടായ്മയാണ് ഇതിൽ പ്രധാനമായും വരുന്നത്. ശരീരത്തിൽനിന്ന് പുറംതള്ളപ്പെടുന്നതെല്ലാം തീർത്തും അസ്പൃശ്യമെന്ന വിശ്വാസമാണുള്ളത്. തൊലി, അസ്ഥി, നഖം, മുടി, മൂത്രം, മലം ഇവയെല്ലാം അശുദ്ധവസ്തുക്കളാണ്. ജീവിതത്തിന്റെ വിവിധമേഖലകളിലും മനുഷ്യരെ തമ്മിൽ അകറ്റി നിർത്തുന്ന ചാതുർവർണ്ണ്യ യുക്തി പ്രകടമാണ്. മാംസം കഴിക്കുന്നവരും പച്ചക്കറി കഴിക്കുന്നവരുമായി മനുഷ്യർ വിഭജിക്കപ്പെട്ടു. കീഴാളന് കുടിലും മേലാളന് ഇല്ലവും എന്ന രീതിയിൽ ഭവനങ്ങൾ നിർമ്മിച്ചു. മേലാള-കീഴാള

ജോലികൾ തരം തിരിച്ചു. അതുപോലെ വസ്ത്രം ധരിക്കുന്നവരും ധരിക്കാത്ത വരും ഉണ്ടാവണമെന്ന് ചാതുർവർണ്യം വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിൽ മനു ഷ്യനുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ ഇടങ്ങളിലും മനുഷ്യന് തരംതിരിവുകൾ കാണാം. ശരീരങ്ങൾ തമ്മിലുള്ള ദൂരം ജാത്യാധിഷ്ഠിതശ്രേണിയായി ക്രമപ്പെടു ത്തിയിരിക്കുന്നു. വിവാഹബന്ധങ്ങളിൽ ജാതിവ്യവസ്ഥ ശക്തമായ സ്വാധീനംചെലുത്തുന്നതായി കാണാം.

ഈഴവർക്ക് പാണരും മണ്ണാന്മാരും വഴിമാറുമ്പോൾ പുലയനും പറയനും മണ്ണാന്മാർക്കും പാണന്മാർക്കും വഴിമാറണം. എന്നാൽ ഇവരെല്ലാംതന്നെ നാലു വർണ്ണത്തിനും വഴിമാറണം. ചിലരെ തൊട്ടാൽ അയിത്തമാണെങ്കിൽ സാന്നിദ്ധ്യം പോലും അയിത്തമായി വരുന്നവരുണ്ട്. കർമ്മങ്ങൾക്കായി ഒരുങ്ങുന്ന നമ്പൂതിരി നായരോട് മിണ്ടിയാൽ അയിത്തമായി. കണ്ടാൽപോലും അയിത്തപ്പെടുന്ന ജാതി വ്യവസ്ഥയും കേരളത്തിൽ നിലനിന്നിരുന്നു (ഭാസ്കരനുണ്ണി, 1988: 136). പലവ്യഞ്ജനങ്ങൾ വാങ്ങാൻ ചന്തകളിൽപോകാൻ അവർണർക്ക് അവകാശമു ണ്ടായിരുന്നില്ല. കുടിലിന്റെ മുറ്റത്ത് നട്ടുനനച്ചതെന്തോ അതു മാത്രമായിരുന്നു അവരുടെ ആഹാരം. ഭക്ഷ്യക്ഷാമം നേരിടുന്ന സന്ദർഭങ്ങളിൽ മാത്രമെ അങ്ങാടി യിൽ പ്രവേശനമുള്ളൂ. സാധാരണമായ വഴിച്ചാലുകളോ, വയൽവരമ്പുകളോ നിര ത്തുകളോ അവർണ്ണർക്ക് ഉപയോഗിക്കാൻ അനുവദിച്ചിരുന്നില്ല. സവർണ്ണർക്ക് മാത്രമായിരുന്നു അതിനുള്ള അവകാശം. കീഴാളന്റെ നിഴലുപോലും അവിടങ്ങ ളിൽ പതിയാൻ പാടുള്ളതല്ല. എന്നാൽ ചന്തയിൽമാത്രമെ ഉപ്പ് ലഭിക്കൂ. വ്യാപാരി യോടോ സവർണ്ണർക്കിടയിലെ ഏഴകളോടോ താണുകേണ് പലവട്ടം അപേക്ഷി ച്ചാൽ മാത്രമെ ഉപ്പ് കൊടുക്കുകയുള്ളൂ. ‘‘കേരളീയ സാമൂഹ്യവ്യവസ്ഥയിൽ അവർണ്ണർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസവും പൊതുഇടപെടലുകളും നിഷിദ്ധ മായിരുന്നു’’ (രമിളാദേവി, 2020: 26). അത്രയ്ക്ക് ദുരിതപൂർണ്ണവും വേദനാജനക വുമായ ഒരു കാലഘട്ടത്തിലൂടെയാണ് കേരള ജനത കടന്നുവന്നത്.

നായ്ക്കളെ ഭക്ഷണമാക്കുന്നവർ എന്ന നിലയിൽ നായാടികൾക്ക് എഴുപ ത്തിരണ്ടടി ദൂരവും അടിമകളായ പുലയർ അറുപത്തിനാലടിയും, മുപ്പത്താറടി ദൂരം ജ്യോത്സ്യരായ കണിശൻമാരും മത്സ്യബന്ധനത്തിലേർപ്പെടുന്ന മുക്കുവർ ഇരുപത്തിനാലടിയും ബ്രാഹ്മണരിൽ നിന്ന് മാറിനിൽക്കണമെന്നും നിഷ്കർഷിക്കുന്ന ജാതിവ്യവസ്ഥയാണ് കേരളത്തിൽ നടപ്പാക്കിവന്നിരുന്നത്.

ചത്തുമലച്ചുകിടക്കുന്ന ബ്രാഹ്മണശരീരംപോലും കീഴാളർ തൊട്ടാൽ അയിത്തമാണ്. ഇസ്ലാംമതവിശ്വാസികളും ക്രിസ്ത്യാനികളും ഇത്തരം അസ്പൃശ്യതയുടെ വരുതിയിൽപ്പെടുന്നു.

#### 4.2.1 ബ്രാഹ്മണർക്കിടയിലെ അസ്പൃശ്യത

ഒരു രോഗിയുടെ രോഗം നിർണ്ണയിക്കാനും ചികിത്സിക്കാനും ഡോക്ടർക്ക് അവകാശമുണ്ട്. ആയതിനാൽതന്നെ തൊടാനും കഴിയും. എന്നാൽ രോഗം മൂർച്ചിച്ച് മരിക്കാൻകിടക്കുന്ന സവർണ്ണഹിന്ദുവിനെ തൊട്ടുപരിശോധിക്കാൻ പാശ്ചാത്യനോ കീഴാളനോ ആയ ഒരു വൈദ്യനായ മനുഷ്യന് അവകാശമില്ല. സവർണ്ണന്റെ ദേഹം വിശുദ്ധമായതാണ് അതിനു കാരണം.

ആദ്യകാല കേരളത്തിന്റെ ജാതിസംസ്കാരത്തെ പഠിക്കുമ്പോൾ ബ്രാഹ്മണർക്കിടയിൽത്തന്നെ ശ്രേഷ്ഠമായ വൈദികബ്രാഹ്മണരാണ് തങ്ങൾ എന്ന് നമ്പൂതിരിമാർ സ്വയം അവകാശപ്പെട്ടിരുന്നു. പട്ടൻമാർ, എമ്പ്രാന്തിരിമാർ തുടങ്ങിയ വിഭാഗങ്ങളുടെകൂടെ പന്തിയിൽ കൂടെയിരുന്നു ഭക്ഷണം കഴിക്കുന്നത് അവർക്ക് കുറച്ചിലായിരുന്നു. ഇത് അംഗീകരിക്കേണ്ട സമ്പ്രദായമാണെന്ന് പട്ടൻമാരും എമ്പ്രാന്തിരിമാരും വിശ്വസിച്ചുപോന്നു (ബാലകൃഷ്ണൻ, 2008: 289)

നമ്പൂതിരിവർഗ്ഗത്തിലെ ആഢ്യവിഭാഗംമുതൽ താഴേയ്ക്കുപോകുംതോറും ജാതിക്കോയ്മ പന്തികോയ്മയായും ആഹാരത്തിന് ഒന്നിച്ചിരിക്കൽ, ജാതിക്കിഴിവ് പന്തിക്കിഴിവായും അറിയപ്പെട്ടു. ഇതുപോലെ കേരളത്തിലെ മുഴുവൻ മനുഷ്യരെയും ജാതീയമായി ഭിന്നിപ്പിച്ച് പല തട്ടുകളായി നിർത്തിയിരുന്നു.

ആഭിജാത്യമുള്ള നമ്പൂതിരി കുടുംബത്തിലെ പെൺകുട്ടികൾക്ക് നിവർത്തികേടുകൊണ്ട് തങ്ങൾക്ക് തുല്യമായി തറവാടിത്തവും സാമ്പത്തികവും ഇല്ലാത്ത കുടുംബങ്ങളിൽനിന്ന് യുവാക്കളെ വേളികഴിപ്പിച്ച് കൊടുക്കുമായിരുന്നു. എന്നാൽ ആ മണവാളൻമാർ വിവാഹശേഷം മറ്റേതെങ്കിലും ആവശ്യാർത്ഥം വരികയാണെങ്കിൽ കീഴ്ജാതിയിൽപ്പെട്ടവരോട് പെരുമാറുന്നതുപോലെ മാത്രമെ ഇടപഴകുകയുള്ളൂ. ബ്രാഹ്മണ വിഭാഗമാണെന്നിരിക്കെപ്പോലും ഭക്ഷണസമയത്ത് അസ്പൃശ്യമായിരിക്കും. ബ്രാഹ്മണ സ്ത്രീകളുടെ ചാരിത്ര്യത്തെ സംശയിച്ച് സ്മാർത്തവിചാരം ചെയ്യുമ്പോൾ അന്തിമ വിധിയായി അശ്രീകരമെന്ന് ഒരു ബ്രാഹ്മണൻ തന്നെ

ഉറക്കെ വിളിച്ചുപറയണമെന്ന് നിബന്ധനയുണ്ട്. പട്ടർവിഭാഗത്തിലെ ബ്രാഹ്മണരെയാണ് ഇതിന് ഏർപ്പാട് ചെയ്യുക. അതിനുള്ള കൂലിയും അവർക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടർമാരുടെ അധമത്വം അവരെകൊണ്ട് പറയിപ്പിക്കുക എന്ന യുക്തി കൂടി ഇതിൽപ്പെടുന്നു.

**4.2.2 കീഴാളർക്കിടയിലെ അസ്പൃശ്യത**

നായർസ്ത്രീകളുമായി നമ്പൂതിരിക്ക് ശയിക്കാം. എന്നാൽ നായർ തൊട്ടാൽ മുങ്ങിക്കുളിച്ച് ശുദ്ധമാവാതെ ഭക്ഷണമോ കർമ്മങ്ങളോ ചെയ്യാൻ പാടില്ല. പരസ്പര വിവാഹവും, തൊട്ടുണ്ണുകയും ഒരു പന്തിക്കിരിക്കുകയും ചെയ്യാതെ പതിനെട്ടോളം ഉപജാതികൾ നായർമാർക്കിടയിലും ഉണ്ട്. മേൽപറഞ്ഞ വ്യവസ്ഥകൾ ലംഘിച്ചാൽ ഭ്രഷ്ട് കൽപ്പിക്കുകയും ചെയ്യും. ആദിവാസി ഗിരിവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിൽ ഇന്നും അയിത്താചാരം നിലനിൽക്കുന്നതായി കാണുന്നു. വയനാടിന്റെ വനപ്രദേശത്ത് താമസിക്കുന്ന കുറിച്യർ വിവിധ ജാതി വനവാസികൾക്കിടയിൽ മാത്രമല്ല മനുഷ്യരിൽത്തന്നെ ഏറ്റവും ശ്രേഷ്ഠരാണ് തങ്ങളെന്നു വിശ്വസിക്കുന്നു. ഒരു നമ്പൂതിരി ഇവരുടെ വാസമുറ്റത്ത് ചവിട്ടിയാൽ അവിടം ശുദ്ധികർമ്മം ചെയ്തെങ്കിൽ മാത്രമെ കുറിച്യർ വിശുദ്ധരാകൂ. ഇത്തരത്തിൽ അവർക്കിടയിലും ജാതിവ്യവസ്ഥ രൂഢമൂലമാണ്. ഗിരിവാസികളായ കൊങ്ങുമലയർ നാട്ടുമലയർക്കും തമിഴ്മലയർക്കും അസ്പൃശ്യരാണ്. കാട്ടുവാസിയും മലവാസിയും തമ്മിൽ അയിത്തമുണ്ട്. ബ്രാഹ്മണരിൽനിന്നുള്ള അകലം നായാടി തെറ്റിച്ചാൽ ബ്രാഹ്മണർ മുങ്ങിക്കുളിച്ച് പൂണൂൽ മാറ്റി ധരിക്കുകയും പശുവിന്റെ പാൽ, മൂത്രം, ചാണകം തുടങ്ങിയ പഞ്ചഗവ്യം സേവിക്കണം എന്നുമാണ് വ്യവസ്ഥ. ചണ്ഡാളരെ മനുഷ്യരായിപ്പോലും ചാതുർവർണ്യം ഗണിച്ചിട്ടില്ല. എങ്കിൽപ്പോലും അവർ നായാടി തൊട്ട ഭക്ഷണം കഴിക്കില്ല. ഉള്ളാടർ പുലയരെ തൊട്ടാൽ ഏഴു പ്രാവശ്യം കുളിക്കുകയും ചെറുവിരൽ മുറിച്ച് ഏതാനും തുള്ളി രക്തം പുറത്തുകളയണം. എങ്കിലേ ശുദ്ധനാകൂ. എന്നിരിക്കെ പുലയൻതൊട്ട ഭക്ഷണം ഉള്ളാടന് കഴിക്കാൻപാടില്ല. ഇത്തരത്തിൽ സമൂഹത്ത ഗ്രസിച്ചിരുന്ന ഒരു മഹാവിപത്തായിരുന്നു ജാതിവ്യവസ്ഥ.

സവർണ്ണ, മേൽജാതിവിഭാഗക്കാർ എഴുപത്തിരണ്ടടി മാറ്റിനിർത്തിയ അയിത്ത ജാതിക്കാരാണ് നായാടിമാർ. കൊളോണിയൽ ചരിത്രരേഖകളിൽ ബെഞ്ചമിൻ സ്വെർവാർഡ്, പീറ്റർ എയർ കോണർ, വില്ല്യം ലോഗൻ, സി.എ.

ഇന്നസ് എഡ്ഗാർബി, തേഴ്സ്റ്റൺ, ജെ.എച്ച്. ഹട്ടൺ എന്നിവർ എഴുതിയിരിക്കുന്ന സൂചനകളിൽ ഹിന്ദുജാതി വ്യവസ്ഥയിൽ അസ്പൃശ്യതയുടെയും തീണ്ടികൂടായ്മ യുടെയും ആഴവും പരപ്പും മനസ്സിലാക്കാനുള്ള ഏറ്റവും നല്ല അളവുകോലാണ് നായാടികൾ. 'നരനുനരനശുദ്ധ വസ്തുപോലും... ഹരഹര ഇങ്ങനെ വല്ല നാടു മുണ്ടോ?' എന്ന് നൂറുകൊല്ലങ്ങൾക്കു മുമ്പാണ് മഹാകവി കുമാരനാശാൻ സമൂഹ ത്തോട് ചോദിച്ചത്.

പേർഷ്വാ ഭരണത്തിലായിരുന്ന മറാത്ത ദേശത്ത് മേൽജാതിക്കാർ എതിരെ വരുന്നുണ്ടെങ്കിൽ അസ്പൃശ്യർക്ക് പൊതുനിരത്തുകൾ ഉപയോഗിച്ചുകൂടായിരുന്നു. തൊട്ടുകൂടാത്തവന്റെ നിഴൽപോലും അവരെ അശുദ്ധമാക്കും. അബദ്ധവശാൽ സ്പർശിക്കാതിരിക്കാൻ കഴുത്തിലോ കൈത്തണ്ടയിലോ തിരിച്ചറിയാനെന്ന വണ്ണം കറുത്ത ചരട് കെട്ടിവേണം കീഴാളർ പോകേണ്ടത്. നടക്കുമ്പോൾ അരയ്ക്കു പിന്നിൽ ചൂല് കെട്ടിത്തൂക്കിവേണം പോകാൻ. പോകുന്ന വഴിയിലെ മണ്ണ് തുടച്ചുനീക്കുന്നതിനായിരുന്നു ഇത്. അല്ലെങ്കിൽ ആ മണ്ണിൽ ചവിട്ടുന്ന മേൽജാതി ക്കാരൻ അശുദ്ധനാകും. കൂടാതെ കീഴാളർ കഴുത്തിൽ മൺകലവും കെട്ടിത്തൂക്ക ണം. വഴിയിൽ തുപ്പാതെ കലത്തിൽ വേണം തുപ്പാൻ. നിലത്തു വീഴുന്ന തുപ്പലിൽ ചവുട്ടി അശുദ്ധമാവാതിരിക്കാനാണ് ഇങ്ങനെ ചെയ്തിരുന്നത്.

നാഗരികസംസ്കാരത്തിനകത്ത് ജാതിവ്യവസ്ഥ മറഞ്ഞിരുന്ന് പ്രവർത്തിക്കു ന്നത് എങ്ങനെയെന്ന് ആർക്കിയോളജിക്കൽ പ്രകാരമേ കണ്ടെത്താൻ കഴിയുകയു ള്ളൂ. ആശയപരമായി വിശകലനംചെയ്യുകയാണെങ്കിൽ ബ്രാഹ്മൻ എന്ന വിവക്ഷ യിൽത്തന്നെ അസ്പൃശ്യമനോഭാവത്തിന്റെ അംശം ഉൾച്ചേർന്നതായി കാണാം. തൊട്ടുകൂടാത്തവർ ഇല്ലെങ്കിൽ ബ്രാഹ്മണർ എന്ന ആശയത്തിന് പ്രസക്തിയില്ല. സ്ഥായിയായി നിലനിർത്താൻ കഴിയുന്ന ഒരു വിഭാഗം തൊട്ടുകൂടാത്തവരെ പ്രതി ഷ്ഠിച്ചെങ്കിലേ ബ്രാഹ്മണപദവി സംരക്ഷിച്ചുനിർത്താൻകഴിയൂ. വർണ്ണാ ശ്രമ/ചതുർവർണ്യ വ്യവസ്ഥയുടെ ആധാരംതന്നെ തൊട്ടുകൂടായ്മയാണ്. (പ്രിയ, 2018: 153)

അസ്പൃശ്യത കൽപ്പിച്ച് ഒരു ജനതയെ പാർശ്വവൽക്കരിക്കുമ്പോൾ അവ രുടെ ദേഹവും, ജീവിതവും വലിയ ഒരു സാമൂഹികദുരന്തമായി മാറുന്ന അവസ്ഥാ വിശേഷമാണ് ഇന്ത്യൻ ജാതിവ്യവസ്ഥയിലൂടെ ഉണ്ടാകുന്നത്. ശുദ്ധാശുദ്ധങ്ങളെ

വേർതിരിച്ച് ശരീരങ്ങളെ വകഞ്ഞുമാറ്റുന്ന ഒരു ലോകവീക്ഷണമാണ് കൃത്യമായി പറഞ്ഞാൽ ജാതീയത. ബ്രാഹ്മണർ ക്ഷത്രിയർക്കും വൈശ്യർ ശൂദ്രർക്കും ശൂദ്രർ തൊട്ടുകൂടാത്തവർക്കും (ചണ്ഡാളർ) എതിരെ ജാതി നടപ്പാക്കി എന്നു മാത്രമല്ല തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർക്കെതിരെയും, തീണ്ടികൂടാത്തവർ കാണാൻ പാടില്ലാത്തവർക്കുമെതിരെയും കൂടി ജാതി നടപ്പാക്കിയെന്നതാണ് യാഥാർത്ഥ്യം. ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് മേൽക്കോയ്മാമനോഭാവം നിശ്ചിത അളവിന് ഓരോരുത്തരിലും അവർ ഏതു ജാതിയിൽപ്പെടുന്നു എന്ന് ബാധകമല്ലാതെ ഉൾച്ചേർന്നിരിക്കുന്നു എന്നതാണ്.

### 4.3 ജാതിവിരുദ്ധ മുന്നേറ്റങ്ങൾ

പണ്ടുകാലത്ത് നിലനിന്നിരുന്ന ജാതി മേൽക്കോയ്മക്കും അയിത്തത്തിനും കീഴാളർ അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനും എതിരായി നിരവധി ജാതിവിരുദ്ധ മുന്നേറ്റങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്.

#### 4.3.1 ഭക്തിപ്രസ്ഥാനം

ഏഴാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനും ഇടയിൽ ദക്ഷിണേന്ത്യയിൽ ഉത്ഭവിച്ച് ഭക്തിപ്രസ്ഥാനം തമിഴ്നാട്ടിൽനിന്നും കർണ്ണാടകയിലൂടെ വടക്കോട്ട് വ്യാപിക്കുകയും പതിനഞ്ചാം നൂറ്റാണ്ടിൽ ആസ്സാം, ബംഗാൾ, ഉത്തരേന്ത്യയുടെ മറ്റു ഭാഗങ്ങളിൽ വ്യാപകമായ സ്വീകാര്യത നേടുകയും ചെയ്തു. അഞ്ച്, ഒൻപത് നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ചിരുന്ന ശൈവനായനാർ, വൈഷ്ണവ ആഴ്വാർ ഇവരിൽനിന്നാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. അവർ ജാതീയമായ അസമത്വങ്ങളെ എതിർത്തു. ഒരാളുടെ ജനനമോ ലിംഗഭേദമോ പരിഗണിക്കാതെ ആത്മീയതയിലേക്ക് വ്യക്തികേന്ദ്രീകൃതമായ ഒരു ബദൽ പാത പ്രദാനം ചെയ്യുന്ന ഈ പ്രസ്ഥാനം പരമ്പരാഗതമായി ഹിന്ദുമതത്തിലെ സ്വാധീനമുള്ള സാമൂഹികപരിഷ്കരണമായി കണക്കാക്കുന്നു (https://en.wikipedia.org>wiki).

മോക്ഷം പ്രാപിക്കുന്നതിനായി ഭക്തിയെ ഒരു മാർഗമായി തിരഞ്ഞെടുത്ത് മതപരമായ മാറ്റങ്ങളിലൂടെ സമൂഹത്തിന്റെ എല്ലാ മേഖലകളെയും പുനഃക്രമീകരിക്കുക എന്നതായിരുന്നു ഈ പ്രബന്ധത്തിന്റെ ലക്ഷ്യം (ഗോപാലകൃഷ്ണൻ, 2008: 246).

#### 4.3.2 ജാതിയും കൊളോണിയൽ ഭരണവും

ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ജാതി വിഭജനം മുഗൾ രാജവംശത്തിന്റെ അസ്തമയത്തോടുകൂടിയാണ് ശക്തമായത്. വൈദേശികരായ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണകൂടം ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ച കാലഘട്ടത്തിലാണ് ഇത് സംഭവിക്കുന്നത്. അന്നത്തെ ഇന്ത്യൻ സമൂഹങ്ങളിൽ നിലനിന്നിരുന്ന പ്രമുഖജാതിയും, ശക്തരുമായ ആളുകൾ രാജാക്കൻമാരും പണ്ഡിതൻമാരും സന്യാസിമാരും ആയി സ്വയം പ്രത്യക്ഷപ്പെട്ടു. അന്നുവരെ ജാതി സമ്പ്രദായം ഇല്ലാതിരുന്ന സമുദായങ്ങളിൽ പുതിയ ജാതിസമ്പ്രദായം ഉടലെടുത്തു. ബ്രിട്ടീഷുകാർ ഇതിനെ കൂടുതലായി പ്രോൽസാഹിപ്പിച്ചു. 1920 കാലഘട്ടത്തിൽ ഈ വ്യവസ്ഥയ്ക്കെതിരെ ചില സാമൂഹ്യ സംഘർഷങ്ങൾ ഉടലെടുത്തു. അതിനെത്തുടർന്ന് ബ്രിട്ടീഷുകാർ ഈ സമ്പ്രദായത്തിൽ ചില മാറ്റങ്ങൾക്ക് നിർബന്ധിതരായി.

വിവിധതരത്തിൽ ദുരാചാരങ്ങളാൽ കഷ്ടത അനുഭവിച്ചിരുന്ന അധഃകൃത വിഭാഗങ്ങളുടെ ഒത്തുചേരലിനും വിമോചനങ്ങൾക്കും അവകാശങ്ങൾക്കും അംഗീകാരം കിട്ടിയതിൽ ബ്രിട്ടീഷ് ഭരണക്കാലത്തെ അവരുടെ നയങ്ങളും ഭരണപരിഷ്കാരങ്ങളും കാരണമായിട്ടുണ്ട്. എന്നാൽ ഇതേ ഭരണകാലത്തുതന്നെ ബ്രിട്ടീഷ് അധിനിവേശത്തെ നിലനിർത്താനും വിഭജിച്ചുഭരിക്കാനും ജാതീയസംഘർഷങ്ങളെ ബ്രിട്ടീഷ് കൊളോണിയലിസം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് കൊളോണിയൽ വിദ്യാഭ്യാസം നേടിയെടുത്ത ജാതിഹിന്ദുക്കൾ ഉദ്യോഗങ്ങളിൽ കയറിപ്പറ്റുകയും പുതിയ ഭരണവർഗ്ഗമായി പരിവർത്തിക്കപ്പെടുകയും ചെയ്തു. മാത്രമല്ല, അസ്പൃശ്യതപോലുള്ള അപരിഷ്കൃത സമ്പ്രദായം അവസാനിപ്പിക്കാൻ ബ്രിട്ടീഷുകാർ ക്രിയാത്മകമായി ഒന്നും ചെയ്തില്ല. ഇന്ത്യയിൽ നിലനിന്ന ജാതിജന്മിത്തത്തിന് പോറലേല്പിക്കാതെ ഇന്ത്യൻ ജനതയെ ചൂഷണം ചെയ്യുക എന്നതായിരുന്നു അവരുടെ പദ്ധതി.

ആഭ്യന്തരാധിനിവേശമെന്ന ഹിന്ദുകൊളോണിയലിസമാണ് ഇവിടെ നടപ്പായത്. പ്രാചീന തെന്നിന്ത്യൻ സാഹിത്യമായ സംഘസാഹിത്യത്തിൽ ജാതി എന്ന പദം ചേർത്തിട്ടില്ല. ദേവഭാഷയായി അറിയപ്പെടുന്ന സംസ്കൃതത്തിലാണ് വർണ്ണം, ജാതി എന്നീ പദങ്ങൾ ഉള്ളത്. ഓരോ ദേശവുമായി ഇഴ ചേർന്ന ഒരു ആത്മബന്ധമാണ് പാലിയടക്കം എല്ലാ ജനകീയ ഭാഷകൾക്കും ഉള്ളത്. എന്നാൽ ജൈവിക

മായ ഇത്തരം ബന്ധങ്ങൾ സംസ്കൃതത്തിന് ഇല്ലതാനും. തെന്നിന്ത്യയിൽ ഒരിടത്തും ആദികാലം മുതലേ ജാതിയിലധിഷ്ഠിതമായ സാമൂഹിക വിഭജനം നിലനിന്നിരുന്നില്ല. മധ്യകാലത്തോടുകൂടി മനുസ്മൃതി പ്രകാരം അതിക്രൂരമായ ഹിംസയിലൂടെയാണ് ബ്രാഹ്മണ്യം ജാത്യാധിഷ്ഠിത ഉച്ചനീചത്വം സ്ഥാപിച്ചെടുത്തത് എന്ന് കൊച്ച് അഭിപ്രായപ്പെടുന്നു (അജയ് ശേഖർ, 2017: 219).

### 4.3.3 നവോത്ഥാനം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി കേരളത്തിലുണ്ടായ സാംസ്കാരികവും മതപരവുമായ പരിഷ്ക്കരണ പ്രവർത്തങ്ങളെ നവോത്ഥാനം എന്നു വിളിക്കാം. ഞങ്ങളും മനുഷ്യരാണെന്ന ഉത്തമബോധ്യത്തിന്റെ സാധ്യതകളാണ് ഇത്തരം സമരങ്ങളിലൂടെ മനുഷ്യർക്കു മുമ്പിൽ തുറന്നിട്ടത്. അധ്വാനിക്കുന്ന മനുഷ്യരുടെ കഷ്ടതകളും അവകാശങ്ങളും കാണാതെ പോകുന്ന എല്ലാ മേലാളമതചിന്തകൾക്കും അപ്പുറം മനുഷ്യനെ മനുഷ്യനായി കാണണമെന്നാണ് ഇതിൽ പറയുന്നത്.

ജാതിവ്യവസ്ഥ സ്ഥാപിച്ചെടുത്ത മതപരമായ എല്ലാ ഘടകങ്ങളെയും പൂർണ്ണമായും ഒഴിവാക്കാതെ ജാതിയെ ഇല്ലായ്മ ചെയ്യാൻ സാധ്യമല്ല. മനുഷ്യർ ജീവിക്കേണ്ടത് ആചാരങ്ങൾക്കുവേണ്ടിയല്ല മറിച്ച് ആചാരങ്ങളെല്ലാം തന്നെ മനുഷ്യന് ഗുണം ചെയ്യുന്നതാവണം എന്നതാണ് ഇതിലെ ഉള്ളടക്കം. വർണ്ണാശ്രമസമ്പ്രദായത്തിലധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾക്കെതിരെ ഉറച്ച നിലപാടെടുത്ത അംബേദ്കറുടെയും അയ്യങ്കാളിയുടെയും ചിന്താധാരകളാണ് ഇതിലെ പ്രതിപാദ്യവിഷയം.

ബ്രാഹ്മണിക്കൽ മൂല്യവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സ്ത്രീയുടെ ലൈംഗികതയെ നിയന്ത്രിച്ചുകൊണ്ടാണ് ഇന്ത്യൻ ജാതിവ്യവസ്ഥ അതിന്റെ അടിത്തറ ഉറപ്പിച്ചത്. സ്വജാതിയിൽപ്പെട്ടവരെ മാത്രമേ വിവാഹം ചെയ്യാൻപാടുള്ളൂ എന്ന വിധി ഇതിന്റെ ഭാഗമാണ്. ഇത് ജാതി മേൽക്കോയ്മയെ നിലനിർത്താനാണെന്ന് കാണാൻ കഴിയും. ജാതി ഇല്ലാതാക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചതാണ് മിശ്രവിവാഹം, മിശ്രഭോജനം എന്നിവ. ജാതീയതയെ ഉൻമൂലനംചെയ്യാൻ മിശ്രഭോജനം ഒരു ഉപാധിയായി സ്വീകരിച്ചിട്ടുണ്ട്. ഒരു പരിധിവരെ ഇത് ഗുണം ചെയ്തിട്ടുണ്ട്. എന്നാൽ അതുകൊണ്ടൊന്നും പരിഹരിക്കപ്പെടാവുന്ന

ഒന്നല്ല ജാതീയത. ജാതിബോധത്തിൽ സമൂലമായ ഒരു മാറ്റം സാധ്യമാവണമെങ്കിൽ മിശ്രവിവാഹത്തെ സൂക്ഷ്മമായി ഉപയോഗിക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്നത് കൃത്യമായ ഉത്തരം തേടലാകും.

കൃഷിപ്പണി മുതൽ ഓരോ തൊഴിലിലും വിവിധജാതികളെ വർണ്ണാശ്രമ സമ്പ്രദായത്തിൽ പ്രതിഷ്ഠിച്ചിരുന്നതായി മനസ്സിലാക്കാം. ഉച്ചനീചത്വങ്ങൾക്കെതിരായ നവോത്ഥാന മുന്നേറ്റങ്ങളുടെ ഫലമായി ഇവയ്ക്കൊക്കെ ചില മാറ്റങ്ങൾ സംഭവിച്ചു എന്നല്ലാതെ സമ്പൂർണ്ണമായ മാറ്റങ്ങൾ സാധ്യമായിട്ടില്ല. ജാതി ഹിന്ദുക്കൾ പൊതുകിണറുകളിൽനിന്നോ, കുളങ്ങളിൽനിന്നോ വെള്ളം കുടിക്കാൻ അയിത്തക്കാരായ കീഴാളജനതയെ അനുവദിച്ചിരുന്നില്ല. ജാതിയാൽ താഴ്ന്നവരെ കിണറുകളിൽനിന്ന് വെള്ളമെടുക്കാൻ അനുവദിച്ചാൽ കീഴാളനും മേലാളനും തുല്യമായിപ്പോകുമെന്ന് അവർ ഭയക്കുന്നു.

വിദ്യാഭ്യാസ അവകാശസമരം ഇന്ത്യയിൽ ആദ്യമായി നയിച്ചത് മഹാത്മ അയ്യങ്കാളിയാണ്. 1913 മുതൽ 1914 വരെയുള്ള ഒരു വർഷം നീണ്ടുനിന്ന സമരം ''ഞങ്ങളുടെ കുഞ്ഞുങ്ങളെ സ്കൂളിൽ പ്രവേശിപ്പിക്കാത്ത മേലാളന്മാരുടെ പാടത്ത് നെല്ലിനുപകരം ഞങ്ങൾ മുട്ടിപ്പുല്ലു കിളിർപ്പിക്കും'' എന്ന ഉജ്ജ്വല തീരുമാനത്തെത്തുടർന്ന് വിജയിച്ചുകൊണ്ടാണ് സമരം അവസാനിച്ചത്. അത് നവോത്ഥാനത്തിന്റെ പുത്തൻ ഉണർവായിരുന്നു (കുട്ടപ്പൻ ചങ്ങനാശ്ശേരി, 2015: 100).

അയിത്ത ജാതിക്കാരുടെ അധ്വാനഫലം കൊണ്ട് ജീവിക്കുന്നവർ ഒരിക്കലും കീഴാളന്റെ അധ്വാനത്തിന് പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. മർദ്ദകരായ മേലാളന്റെ കരങ്ങൾക്ക് കരുത്ത് പകരുന്നത് തങ്ങൾ പാടുപെട്ട് പണിയെടുത്ത് ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണപദാർത്ഥങ്ങളാണ് അവരുടെ കൊഴുത്ത ശരീരവും മിനുത്ത മേനിയും തന്റെ ആൾക്കാരുടെ വിയർപ്പിന്റെ സംഭാവനകളാണ് എന്ന തിരിച്ചറിവായിരുന്നു അയ്യങ്കാളി നയിച്ച ഈ നവോത്ഥാന സമരത്തിന്റെ മൂലധനം.

### 4.4 വാവുത്സവവും ജാതിവിഭാഗീയതയും

പേടിയാട്ട്കാവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളെയും പുരാവൃത്തങ്ങളെയുമാണ് കഴിഞ്ഞ അധ്യായത്തിൽ പരിശോധിച്ചത്. അതിന്റെ വിശകലനമാണ് തുടർന്നുവരുന്ന ഭാഗങ്ങളിൽ നിർവഹിക്കുന്നത്. ഉത്സവത്തിന്റെ പുരാവൃത്ത

ത്തിലും അതിന്റെ അനുഷ്ഠാനങ്ങളിലുമുള്ള ജാതിസൂചനകളെ പ്രത്യേകം പരി ശോധിക്കുന്നു. ജാതി, വർണ്ണം, ആചാരങ്ങൾ അവയുടെ പ്രത്യയശാസ്ത്രധർമ്മം എന്നിവയെപറ്റിയുള്ള ചില സാമാന്യവസ്തുതകളാണ് ഇതുവരെ ചർച്ച ചെയ്തത്. ജാതിവ്യവസ്ഥയെ പുനരുൽപാദിപ്പിക്കുന്ന സമ്പ്രദായം തന്നെയാണ് പേടിയാട്ട് വാവുത്സവത്തിൽ നടക്കുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. ഇനി വരുന്ന ഭാഗങ്ങളിൽ അത്തരം വിശകലനങ്ങളാണ് നടക്കുന്നത്.

എല്ലാ ജനതകൾക്കിടയിലും അവരുടെ സാമൂഹിക ജീവിതത്തെ സ്പർശി ക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉത്സവങ്ങളും ഇവ സാധൂകരിക്കുന്ന വിശ്വാസസംഹിതകളുമുണ്ടായിരിക്കും. വ്യത്യസ്ത മതജാതി വിഭാഗങ്ങളിൽ ഇത് പ്രകടമായ വൈവിധ്യങ്ങളിലൂടെ വേറിട്ട് നിൽക്കുന്നു. എന്നാൽ ഒന്ന് ഒന്നിന് എതി രാണെന്നല്ല ഇതിൽനിന്ന് അർത്ഥമാകുന്നത്. അതാത് ജനതയുടെ വിശ്വാസ ത്തിന്റെ താത്പര്യമാണ് ഇവിടെ അടങ്ങിയിരിക്കുന്നത്. പേടിയാട്ട്കാവ് ഉത്സവം, മണത്തല നേർച്ച, ഇടപ്പള്ളി പള്ളിപ്പെരുന്നാൾ എല്ലാം തന്നെ ഓരോ സാമൂഹ്യ ബോധത്തിന്റെ തുടർച്ചയാണ്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രതീക്ഷയുടെയും രംഗവേദിയായിട്ടും ഈ ഉത്സവത്തെ കാണാം.

പുരാതന മനുഷ്യസമൂഹങ്ങളുടെ ജീവിതരീതിയെ ക്രമപ്പെടുത്തിയിട്ടുള്ള നിയമങ്ങളാണ് ആചാരങ്ങൾ. ഇത് പലതരത്തിലുണ്ട്. ക്ഷേത്രാചാരം, വീട്ടാചാ രം. ജാത്യാചാരം, മതാചാരം തുടങ്ങി ആചാരങ്ങൾ വിവിധങ്ങളാണ്. ഇവിടെ നാം കാണാൻ ശ്രമിക്കുന്നത് കാവാചാരങ്ങളാണ്.

തന്ത്രിപൂജ, നിവേദ്യത്തിനായി നെല്ല് ശേഖരിക്കാൻ പോകുന്ന യാത്ര, ദിവ സങ്ങൾ ചിട്ടപ്പെടുത്തിയുള്ള വ്രതം, പേടിയാട്ടും കുന്നത്തുതറവാട്ടിലും ജാതവൻ കോട്ടയിലും കൊടിയേററ്, പടച്ചോറൊരുക്കൽ, പൂജ, ഓലച്ചൂട്ട്ശേഖരണം, പൂജ ക്കായുള്ള വാഴക്കുല പുകവെക്കൽ, പനയമഠം തറവാട്ടിലെ കാരണവരും മറ്റ് അം ഗങ്ങളും ഒറ്റയായി സഞ്ചരിച്ച് കലശം കൊണ്ടുവരൽ, നിവേദ്യം തയ്യാറാക്കൽ, വെറ്റിലവെച്ച് ലക്ഷണം പറയൽ തുടങ്ങിയ ആചാരങ്ങളിലൂടെയാണ് ഉത്സവനാളു കൾ കടന്നുപോകുന്നത്. കൂടാതെ എഴുന്നള്ളത്ത്, ഊരുതെണ്ടൽ, കാരകളി, ചുവടൊരുമിക്കൽ, താലപ്പൊലി, ബലികർമ്മം, ശ്രാദ്ധമൂട്ടൽ, ഗണപതിപൂജ, ദിക്കിരി ക്കൽ എന്നീ ആചാരങ്ങളും പേടിയാട്ട് കാവിലെ ആരാധനയുടെ ഭാഗമാണ്. ഭഗവ

തിക്ക് കുളിക്കുവാനുള്ള താളിയും എണ്ണയുമായി എണ്ണേക്കാട്ടുകാർ എത്തുന്നതും കിണ്ടിയും വെള്ളവും ചങ്ങലാട്ടയും നിറദീപത്തോടുകൂടിയും ശംഖുനാദം മുഴക്കി ദേവിയെയും നാട്ടുകാരെയും ഉണർത്തുന്നത് ഇവിടുത്തെ പ്രധാന ആചാരമാണ്.

### 4.4.1 ഉത്സവത്തിലെ ജാതിസൂചന

കാവുത്സവങ്ങളിൽ ദേശത്തിലെ ജനങ്ങൾ നേർച്ചയായും കാണിക്കയായും സ്വർണ്ണവും വെള്ളിയും മറ്റു ദ്രവ്യങ്ങളും സമർപ്പിക്കുന്നു. ഇതിന്റെ കൈകാര്യ കർതൃത്വവും സാമ്പത്തിക അധികാരവും മേലാളവിഭാഗങ്ങൾക്കായിരിക്കും. കീഴാള ജനവിഭാഗങ്ങൾക്ക് അവരുടെ ജോലിക്കനുസൃതമായ കൂലി ലഭിക്കും. കാവാചാരങ്ങൾക്കിടയിലെ മേൽജാതി കീഴ്ജാതി സംഘർഷപരമായ സന്ദർഭങ്ങൾപോലും ജാതിവ്യവസ്ഥയെ ഊട്ടിയുറപ്പിക്കുന്നതിനായുള്ള സാഹചര്യമായി ഉരുത്തിരിയുന്നുണ്ട്.

### 4.4.2 സ്ത്രീകളും അയിത്തവും

പേടിയാട്ടമ്മയുടെ പുരാവൃത്തത്തിൽ സ്ത്രീയുടെ ആർത്തവത്തെ അസ്പൃശ്യത കല്പിച്ച് മാറ്റി നിർത്തുന്നതായി കാണുന്നുണ്ട്. പെണ്ണുടലിൽ ആർത്തവം സംഭവിക്കുമ്പോൾ പുഷ്പിണിയായതാണെന്ന ബോധ്യത്തിന് പകരം അശുദ്ധി ആരോപിക്കുകയാണ് ഇവിടെ നാം കാണുന്നത്. അമ്മദൈവസങ്കല്പത്തിൽ ഭൂമീദേവിപുഷ്പിണിയായി എന്ന് തിരിച്ചറിയാൻ ശ്രമിക്കാത്ത വൈമനസ്യത്തെ ശരിയായ ദിശയിൽ വിശകലനം ചെയ്യുന്നുണ്ട്. ഒരു ആക്ഷേപകരമായ പരാമർശമാണ് തീണ്ടാരി എന്നത്. 'തീണ്ടുക' എന്നത് ശുദ്ധിയുമായി ബന്ധപ്പെട്ട പരാമർശമാണ്. അതുപോലെത്തന്നെ ജാതിസങ്കല്പങ്ങളെ രൂപപ്പെടുത്തുന്ന ചര്യകളാണ് ജാതിയിൽ നമ്മൾ കാണുന്ന അനുഷ്ഠാനങ്ങൾ. വിവിധ ജാതിഘടകങ്ങളായി നമ്മെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്ന അതിന്റ യുക്തിയാണ് പുരാവൃത്തങ്ങൾ അല്ലെങ്കിൽ ഇതിന്റെ ഐതിഹ്യങ്ങൾ.

### 4.4.3 പുരാവൃത്തത്തിലെ ജാതിസൂചന

പേടിയാട്ടമ്മയുടെയും മകനായ ജാതവന്റെയും പുരാവൃത്ത പാഠഭേദങ്ങൾ താരതമ്യം ചെയ്യുമ്പോൾ അശുദ്ധിയാണ് കാണാൻ കഴിയുന്നത്. ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ ആധാരമായി പ്രവർത്തിച്ച ഏറ്റവും പ്രധാനപ്പെട്ട സങ്കല്പങ്ങ

ളിലൊന്നാണ് ശുദ്ധാശുദ്ധബന്ധങ്ങൾ. അശുദ്ധിതന്നെയാണ് വാസ്തവത്തിൽ ഈ പ്രതീകവ്യവസ്ഥയ്ക്ക് താഴെ നിൽക്കുന്നത്. എന്നാൽ പുറത്ത് പല കഥകളാ യാണ് കാണുന്നത്. ആത്മബന്ധമുണ്ടെങ്കിലും അസ്പൃശ്യരായി തുടരാനാണ് ജാതവന്റെ യോഗം. മകന് അയിത്തമുള്ളതിനാൽ മധ്യമത്തിലും അമ്മ ഉത്തമത്തി ലുമായതാണ് ഈ ദീർഘവിരഹത്തിന് ഹേതുവായത്.

**4.4.4 പുരാവൃത്തത്തിൽ അയിത്തസൂചന**

**കറുത്തങ്ങാട്ട് ഇല്ലം കത്തിയ കഥ** (3.1.1. കാണുക): കറുത്തങ്ങാട്ട് ഇല്ലത്തേക്ക് ദേവിയുടെ തലയുമായി വന്ന ഉപ്പു കുറുക്കുന്നവരെ ഇല്ലത്തുള്ളവർ തിരിച്ചയയ്ക്കു ന്നു. ഇതിൽ ഉപ്പു കുറുക്കുന്നവരോടുള്ള ജാതീയമായ അസ്പൃശ്യത വ്യക്തമാണ്. തലയുമായി വരുന്നതുകണ്ടപ്പോൾ ഭയന്നു എന്നതാണ് കഥയെങ്കിലും കീഴ്ജാതി ക്കാർ ഉപ്പ് കുറുക്കുന്നത് നിഷിദ്ധമായിരുന്നു.

**സാമൂതിരിസേനയിലെ കീഴാളന്റെ ദേവി കഥ** (3.1.1.8 കാണുക): ദേവി സാമൂതിരി യുടെ പടയണിയിൽപ്പെട്ട നീലി എന്ന സ്ത്രീയാണെന്ന് പറയപ്പെടുന്നു. ജാതി ശ്രേണിയിൽ ഏറ്റവും കീഴ്ജാതിയിൽപ്പെട്ട സ്ത്രീകൾക്കാണ് നീലി എന്ന പേരുള്ള ത്. കീഴ്ജാതിക്കാരുടെ സഹകരണം ഉത്സവത്തിന്റെ വിജയത്തിന് അത്യാവശ്യമാ ണ്. എന്നതിനാൽതന്നെ അവരുടെ ജാതിയിൽപ്പെട്ടവരാണ് ദേവി എന്ന ബോധ്യം അവരിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

**ബ്രാഹ്മണദൈവങ്ങളെ പേടിയാട്ടമ്മയിൽ ആരോപിക്കുന്ന കഥ** (3.1.1.3 കാണുക): ഈ കഥയിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്; മഹാകാളി, മഹാസര സ്വതി, മഹാലക്ഷ്മി എന്നിവരുടെ ഏകീഭവിച്ച ഭാവമായ ദുർഗ്ഗയാണ് പേടിയാട്ടമ്മ എന്ന് കാണുന്നു. ആദിമമനുഷ്യന്റെ അമ്മദൈവങ്ങൾ കുടിയിരുന്ന കാവുകളിൽ വൈദേശിക ബ്രാഹ്മണമതത്തിലെ ദൈവങ്ങളെ കുടിയിരുത്താനുള്ള ഒരു ഉപായമാ യിട്ടേ കാണാൻ കഴിയുന്നുള്ളൂ.

**ഉപ്പു കുറുക്കുന്നവർക്കിടയിൽ ദേവിയെ കണ്ട കഥ** (3.1.1.4 കാണുക): ഉത്സവ ത്തോടനുബന്ധിച്ച് എഴുന്നള്ളിക്കുന്ന പെട്ടിയിലാണ് ദേവിയുടെ ദിവ്യസ്വരൂപമുള്ള ത്. പെട്ടിയെടുക്കുന്നവരിൽ ജാതിയിൽ താഴെയാണെങ്കിലും പെരുവണ്ണാന്മാർ ഉൾപ്പെടുകയും മറ്റ് ജാതിവിഭാഗങ്ങൾ ഈ പെട്ടി കാണാൻ പാടില്ലയെന്ന് നിബന്ധ

നയുമുണ്ട്. എന്നാൽ പൂജാദികർമ്മങ്ങളിൽ പെരുവണ്ണാൻ ദൂരെ മാറിനിൽക്കണമെന്നുമാണ്. തൊഴിലടിസ്ഥാനത്തിലുള്ള ജാതിബന്ധമാണ് ഇതിൽ കാണാൻ കഴിയുന്നത്.

മറ്റൊന്ന് ഉപ്പ് വിൽപ്പനക്കിടയിൽ അപകടത്തിൽപ്പെടുന്ന ചെക്കുട്ടിനായർക്കു മുന്നിൽ ആഭരണവിഭൂഷിതയായി ദേവി പ്രത്യക്ഷപ്പെടുന്നു. ഇവിടെ ജനങ്ങളിൽ ദേവിയോടുള്ള വിശ്വാസത്തെ ഭയഭക്തിയോടെ ഊട്ടിയുറപ്പിക്കുകയും കൂട്ടത്തിൽ പട്ടും ആഭരണങ്ങളും മേൽജാതി ദൈവസങ്കല്പങ്ങളിൽ അനിവാര്യമാക്കുന്നുമുണ്ട്. ഉത്സവനാളുകളിൽ വിശ്വാസികളായ ജനവിഭാഗങ്ങൾ ഇത്തരം ദ്രവ്യങ്ങൾനൽകി ദേവിയുടെ തേജസ്സും പ്രൗഢിയും നിലനിർത്തണം എന്ന ഭക്ത്യാദരത്തോടെയുള്ള തോന്നൽ അവരിൽ ജനിപ്പിക്കുക എന്നതാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ഇതേ പാഠഭേദത്തിൽ ആർത്തവമുള്ള സ്ത്രീയെ കാണുമ്പോൾ ദേവിയെ വെള്ളത്തിലേക്ക് മറയുന്നതിൽനിന്ന് അയിത്തസങ്കല്പത്തെ സ്ത്രീയെക്കൊണ്ട് തന്നെ സാധൂകരിക്കുകയാണ് എന്ന് മനസ്സിലാക്കാം. ഉത്സവനാളുകളിൽ ആർത്തവസ്ത്രീകൾ വീടുകൾ ഉപേക്ഷിച്ച് മാറിനിൽക്കണമെന്നുണ്ട്. ആർത്തവം പുതുജന്മത്തിനായുള്ള സ്ത്രീശരീരത്തിന്റെ ജൈവികമായ തയ്യാറെടുപ്പാണെന്ന് ആയതിനാൽതന്നെ ശുദ്ധമാണെന്ന യാഥാർത്ഥ്യം അവഗണിച്ചുകൊണ്ടുള്ള മാറ്റിനിർത്തൽ ഇന്നും ദൈവങ്ങളുടെപേരിൽ നിലനിൽക്കുന്നു.

**മദ്യം നിഷിദ്ധമാകുന്ന പുരാവൃത്തം** (3.1.1.12 കാണുക): മദ്യം ദേഹത്ത് തെറിച്ചതിനാൽ കള്ളു കുടിച്ചു എന്ന് സംശയിച്ച് മകനായ ജാതവനെ ഭ്രഷ്ട് കൽപ്പിക്കുകയാണ് പേടിയാട്ടമ്മ ചെയ്യുന്നത്. ജാതിശ്രേണിയിൽ ഇത് ഉൽപ്പാദിപ്പിക്കുന്നത് പുലയജനവിഭാഗങ്ങളാണ് ഇതിനാലാണ് കള്ള് നിഷിദ്ധമാവുന്നത്. അവരോടുള്ള ജാതീയമായ അസ്പൃശ്യത കള്ള് വിരോധത്തിലൂടെ നിലനിർത്താനുള്ള ബോധപൂർവമുള്ള ശ്രമം ഇവിടെ കാണാം. എന്നാൽ ഉത്സവത്തോടനുബന്ധിച്ച് കീഴാളർ സംബന്ധിക്കുന്ന ജാതവൻ കോട്ടയിലെ ചില ചടങ്ങുകളിൽ മദ്യസേവ ഉണ്ട്.

**ജാതവന് അമ്മാഞ്ചേരിയിലേയ്ക്കുള്ള യാത്രാവിലക്ക്** (3.1.1.14 കാണുക): ബ്രാഹ്മണർ ഉത്തമത്തിലും കീഴാളർ മധ്യമത്തിലും ഉള്ളതാണെന്നും ബോധ്യപ്പെടുത്തുകയാണ് ഈ കഥകൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനാൽ മകന് അമ്മ വിധി

ക്കുന്ന ഭ്രഷ്ട്കൊണ്ട് ഉദ്ദേശിക്കുന്നത് സമൂഹത്തിൽ അതിശക്തമായി നടപ്പാക്കേണ്ട ഒരു വ്യവസ്ഥയാണ് ജാതീയത എന്ന താക്കീതാണ്.

**ദേവനും ദേവിയും കുടിൽപുരയ്ക്കൽ പ്രത്യക്ഷപ്പെടുന്ന കഥ** (3.1.1.15 കാണുക): ദേവനെ ഇവിടെ കുടിയിരുത്തുന്നുണ്ടെന്നും അടിയാന്മാരായി ജീവിക്കണമെന്നും വെളിച്ചപ്പാട് പറയുന്നതിൽനിന്ന് കീഴാളന്റെ അടിമജീവിതം ദേവീദേവൻമാരുടെ താല്പര്യമായി കണ്ട് അടിമജീവിതത്തെ വിശ്വാസത്തിന്റെ ഭാഗമാക്കുകയാണ് ചെയ്യുന്നത്.

**ദേവീവിഗ്രഹനിർമ്മാണകഥ** (3.1.1.20, 3.1.1.21 കാണുക): ഇത് പരിശോധിച്ചാൽ ശബ്ദവും സ്പർശവും അശുദ്ധമായതുപോലെ കാഴ്ചയും അശുദ്ധമായി വരുന്നു. കീഴ്ജാതിക്കാരൻ മേൽജാതിക്കാരനെ കാണുന്നതിൽനിന്നുപോലും വിലക്കുന്ന ചാതുർവർണ്യവ്യവസ്ഥയെ സമർത്ഥമായി സ്ഥാപിച്ചെടുക്കുവാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നു. കീഴാളന് പശുവിനെ വളർത്താം പാൽ ഉപയോഗിക്കാൻ പാടില്ലയെന്ന ജാതിവ്യവ സ്ഥയെ ഇവിടെ ധ്വനിപ്പിക്കുന്നു.

**മനേഴി ഇല്ലത്തുനിന്ന് മുക്കുവക്കുട്ടികൾ മാമ്പഴം പറിക്കുന്ന കഥ** (3.1.1.25 കാണു ക): ഈ കഥയിൽ മുക്കുവരുടെ കാളിയെ മേൽജാതി ദൈവമാക്കി രാജ്യത്തെ അടിസ്ഥാനജനവിഭാഗത്തെ ഭയപ്പെടുത്തി ബ്രാഹ്മണ്യം നിലനിർത്തുവാനുള്ള ശ്രമ മായി മനസ്സിലാക്കാം.

#### 4.4.5 അനുഷ്ഠാനത്തിലെ ജാതിസൂചന

എക്കാലത്തും എല്ലാ മതസങ്കല്പ്പങ്ങളിലും സെമിറ്റിക് മതങ്ങളിലും അധി കാരം സ്ത്രീകളിൽ അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണതയുണ്ട്. ആയതിനാൽ തന്നെ അണിയറയിൽനിന്ന് അരങ്ങത്തേക്ക് കടന്നുവരാൻ സ്ത്രീകൾക്ക് സാധ്യമാ യിരുന്നില്ല. ഇത് മേലാളൻമാരും ദൈവസങ്കല്പത്തിൽ വിദഗ്ധമായി പ്രയോഗിച്ചു. സ്ത്രീയുടെ ആർത്തവത്തെ അതിനുള്ള ഒരു ഉപാധിയായി അവർ കണ്ടു. ദൈവ സങ്കല്പത്തിലുള്ള ഒരു സ്ത്രീയെകൊണ്ടു തന്നെ അത് നടപ്പിൽ വരുത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ദൈവഭയത്തെ മുൻനിർത്തി അവർ അത്

സാധിച്ചെടുക്കുകയും ചെയ്തു. ഇതാണ് ഈ പാഠഭേദത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

കിരാതമായ ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്ത് ആണെന്നോ പെണ്ണെന്നോ ഭേദമില്ലാതെ കീഴാളജനത ദുരിതം അനുഭവിച്ചു. അടിമത്വത്തിന്റെ വേദനാജനകമായ ആ സന്ദർഭത്തെയാണ് ഈ സംഭവം സൂചിപ്പിക്കുന്നത്. എന്നാൽ ക്ഷമയ്ക്ക് മനസ്സിൽനിന്നുള്ള പ്രതിഷേധം മാന്ത്രികന്റെ വരവോടെ ഉണ്ടാകുന്നു.

#### 4.4.5.1 തൊഴിലും ജാതിഘടനയും

ജാതിതിരിച്ച് വിവിധ തൊഴിലുകൾ നിശ്ചയിക്കുകയും അനുഷ്ഠാനപരമായി അതിനെ സ്ഥിരപ്പെടുത്തുന്നതായും പേടിയാട്ട്കാവിലെ ഉത്സവവുമായി ബന്ധപ്പെട്ട നിഷ്കർഷതകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഇതിനെ വിശകലനവിധേയമാക്കുമ്പോൾ എത്തിനിൽക്കുന്നത് ദേശീയവും പ്രാദേശീയവുമായ ഒരു സാമൂഹ്യഘടനയിലാണ്. കാവിലെ അടിച്ചുതളിക്കാർ, പാചകക്കാർ, ഉത്സവത്തിന് കൊടിയേറ്റുന്നവർ, അമ്മദൈവത്തെ ആറാട്ടിനായി എഴുന്നള്ളിക്കുന്നവർ, നെല്ലു കുത്തി ഒരുക്കുന്നവർ തുടങ്ങി വിവിധങ്ങളായ തൊഴിൽചെയ്യുന്നവരുണ്ട്.

കുലത്തൊഴിൽ എന്ന പ്രയോഗംതന്നെ ജാതിശ്രേണിയെ തൊഴിൽ പരമായി ബന്ധിച്ചു കണിശമായി നിലനിർത്തുവാനുള്ളതായിരുന്നു എന്നതാണ് വിശകലനത്തിൽ തെളിഞ്ഞുവരുന്നത്. ഇതിലൂടെ ചൂഷണത്തിനുള്ള എളുപ്പവഴി ഒരുക്കുകയാണുണ്ടായത്. ഇന്നും ആ പ്രക്രിയ നിർബാധം തുടർന്നുപോരുന്നു.

കാവുത്സവുമായി ബന്ധപ്പെട്ട് ഓരോ ജാതിക്കാരും ചെയ്യേണ്ട തൊഴിലുകൾ കീഴാളന്റെ അവകാശമാണെന്ന ബോധ്യം അവരിൽ ജനിപ്പിക്കുന്നുണ്ട്. ഇത് മേലാളജാതിക്കാരുടെ മനഃശാസ്ത്രപരമായ ഒരു സമീപനമായിട്ടാണ് കാണാൻകഴിയുന്നത്. ചെയ്യുന്ന തൊഴിലിന് കൂലി നിർണ്ണയിക്കപ്പെടുന്നുണ്ടെങ്കിലും മതിയായ വേതനം കിട്ടിയിരുന്നില്ല. ഒരുകൈപ്പിടി നെല്ല് പറയായും ഒരു കൈപ്പിടി അരി നാഴിയായും കണക്കാക്കിയിരുന്നു. അതുകൊണ്ടുതന്നെ പരുത്തിക്കാടന്മാർ ഇതിൽനിന്നും പിന്മാറുകയുണ്ടായി. കാവുത്സവ സംബന്ധിയായ സാമ്പത്തികാധികാരവും അതിന്റെ കൈകാര്യകർതൃത്വവും മേലാളജാതിക്കാരുടെ കൈകളിലാണെ

ന്നത് ഒരു പരമാർത്ഥമാണ്. ലാഭനഷ്ടകണക്കുകളെ സംബന്ധിച്ച ചോദ്യാവലിക ളൊന്നും കീഴാളന്റെ നിഘണ്ടുവിൽ ഉണ്ടാകുന്നില്ല.

കാവുത്സവനാളുകളിൽ ദേശജനങ്ങൾ കാവിലമ്മയ്ക്ക് നേർച്ചയായും കാഴ്ചയായും സ്വർണ്ണവും വെള്ളിയും മറ്റു ദ്രവ്യങ്ങളും സമർപ്പിക്കുന്നു. ഇതിന്റെ സൂക്ഷിപ്പുകാർ എന്നും അധീശത്വവർഗ്ഗം തന്നെയായിരിക്കും എന്നുള്ളതാണ് കാവുത്സവങ്ങളെയും അനുഷ്ഠാനങ്ങളെയും പരിശോധിക്കുമ്പോൾ മനസ്സിലാ ക്കാൻ കഴിയുന്നത്.

ഉത്സവപൂർവ അനുഷ്ഠാനങ്ങൾ (3.5.1 കാണുക) ഉത്സവം ആരംഭിക്കാനുള്ള കാലയളവുവരെ സംഭവിച്ചിരിക്കാൻ സാധ്യതയുള്ള അയിത്തത്തെ ഉച്ചാടനം ചെയ്യ ണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതിനുള്ള മുന്നൊരുക്കങ്ങളാണ് ഉത്സവ പൂർവാനുഷ്ഠാനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ ജാതിജനവിഭാഗങ്ങൾ കാ വുമായും കാവുപരിസരവുമായും ബന്ധപ്പെട്ട് വന്നുപോയിട്ടുണ്ടാവാം. ഇത് കാവിന്റെ ചൈതന്യം കുറയാൻ ഇടയാകുമെന്ന വിശ്വാസത്തെ മുൻനിർത്തിയാണ് കർമ്മങ്ങൾ നടത്തുന്നത്. കീഴാളസാന്നിദ്ധ്യംകൊണ്ട് അശുദ്ധമാകുന്ന കാവിടങ്ങൾ അവരുടെതന്നെ സംഘാടനം കൊണ്ടാണ് വീണ്ടും ശുദ്ധമാകുന്നതെന്ന യാഥാർത്ഥ്യം ഇവിടെ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഉത്സവാനന്തരം വീണ്ടു മൊരു ശുദ്ധികലശം ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കേണ്ടതില്ല. ക്ഷേത്രപരിസര ങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള അഴുക്കുകൾ വൃത്തിയാക്കുകയും ഇതരമത ത്തിൽപ്പെട്ടവരുടെയും, കീഴ്ജാതിമനുഷ്യരുടെയും ദേഹസാന്നിദ്ധ്യംകൊണ്ട് കുറ യാനിടയായിട്ടുള്ള ദേവീചൈതന്യം വീണ്ടെടുക്കാനുള്ള പരിഹാരകർങ്ങൾ ചെയ്യു കയുമാണ് ഒന്നാമതായി നടക്കുന്നത്. വർണ്ണഗണത്തിലെ കീഴ്ജാതിയിൽപ്പെട്ട മേൽജാതിവിഭാഗമായ നായൻമാർക്കാണ് ക്ഷേത്രശുദ്ധീകരണത്തിന് മേൽകൈയു ള്ളത്. പേടിയാട്ട്കാവുമായി ഏറ്റവും അടുത്ത ബന്ധമുള്ള പനയമഠം തറവാട്ടു കാർക്കാണ് ഇതിന്റെ ചുമതല. പനയമഠം തറവാടിനോടു ചേർന്നാണ് കാവ് സ്ഥിതിചെയ്യുന്നത്. കാവിൽ തയ്യാറാക്കുന്ന നിവേദ്യത്തിനുള്ള നെയ്യ് തിയ്യവിഭാഗ ത്തിൽപ്പെട്ട അമ്പാളി തറവാട്ടുകാർ നൽകുന്നു. പൂജാകർമ്മങ്ങൾക്ക് ശേഷം 5-ാം പുണ്യാഹവും നടക്കുന്നു. പുണ്യാഹത്തോട് കൂടി എല്ലാവിധ അശുദ്ധിയും മാറി ക്ഷേത്രാങ്കണവും പരിസരവും ഉത്സവത്തെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു എന്നാണ് വിശ്വാസം.

#### 4.4.5.2 വ്രതാനുഷ്ഠാനവും അയിത്തസങ്കല്പവും

ഉത്സവത്തിന്റെ വ്രതാനുഷ്ഠാനരീതിയെക്കുറിച്ച് മൂന്നാം അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട് (3.5.1.9 കാണുക). കുന്നത്തെ തറവാട്ടിലെ പുരുഷന്മാരും സ്ത്രീകളും ഉത്സവത്തിന് അഞ്ച് ദിവസം മുമ്പ് വ്രതം അനുഷ്ഠിക്കുന്നു. ഉത്സവ ത്തലേന്ന് ഭക്ഷണം കഴിച്ചാൽ ഉത്സവശേഷം മാത്രമേ ഭക്ഷണം കഴിക്കുകയുള്ളൂ. പെരുമണ്ണാൻമാർ പേടിയാട്ട്ദേവിയെ കുന്നത്ത്തറവാട്ടിൽ കൊണ്ടുവന്ന് പീഠത്തിൽ ഇരുത്തിക്കഴിഞ്ഞാൽ പിന്നെ പൂജാകർമ്മങ്ങളാണ്. ആ സമയം ജാതീയവും ആർത്തവസംബന്ധവുമായ അയിത്തം അവിടെ പാലിക്കപ്പെടേണ്ടതുണ്ട്. പേടിയാട്ട് ദേവിയെ ചുമക്കുന്ന പെരുമണ്ണാൻമാർ ജാതീയമായി അസ്പൃശ്യരായതിനാൽ പൂജാദികർമ്മങ്ങൾക്കിടയിൽനിന്ന് അവർ ദൂരെ മാറി നിൽക്കണമെന്നാണ്. ദേവിയെ ചുമക്കുക എന്ന ദൗത്യം മാത്രമെ അവർക്കുള്ളൂ. കുന്നത്ത് തറവാട്ടുകാർ തന്നെയാണ് ഈ പൂജാദികർമ്മങ്ങൾ ചെയ്യുന്നത്. തറവാട്ടമ്മയ്ക്ക് മാത്രമെ അവിടെ നിൽക്കുവാൻ പാടുള്ളൂ. ബ്രഹ്മചര്യവ്രതത്തോടെയാണ് പൂജ ചെയ്യുന്നത്. പൂജ കഴിഞ്ഞതിനുശേഷം മാത്രമെ പെരുമണ്ണാൻമാർക്ക് ദേവിയെ വീണ്ടും എടു ക്കുവാൻ അവിടേയ്ക്ക് പ്രവേശനമുള്ളൂ. 'അവകാശം' എന്നത് ചരിത്രബന്ധമി ല്ലാത്ത സാമൂഹിക താൽപര്യങ്ങളെ പുതിയ ഒരു മനശാസ്ത്രപ്രതലത്തിൽ പറ ഞ്ഞുപഠിപ്പിച്ച ഒന്നാണ്. ഇത് കീഴ്ജാതിക്കാർക്കെതിരെ വ്യവസ്ഥാപിതമായി സ്ഥാപിച്ചെടുക്കുകയും മേലാളാധികാരം കൃത്യമായി പ്രയോഗിക്കാൻ പാകത്തിൽ ഉറപ്പിക്കുകയും ചെയ്തു.

#### 4.4.5.3 ഉത്സവദിവസം ഭഗവതിയുടെ എഴുന്നള്ളത്ത്

ഉത്സവദിവസത്തെ ഭഗവതിയുടെ വരവിനെക്കുറിച്ച് മുൻ അധ്യായത്തിൽ സൂചിപ്പിക്കുന്നുണ്ട് (3.6.2 കാണുക). പെരുവണ്ണാന്മാർ ദേവിയെ എഴുന്നള്ളിച്ച് കറു ത്തങ്ങാട്ട് ഇല്ലത്ത് കൊണ്ടുവന്നതിനുശേഷം ദൂരെമാറിപ്പോകുന്നു. ഇവിടെ നമ്പൂതി രിപൂജയാണ് നടക്കുന്നത്. മഹാമന്ത്രോച്ചാരണങ്ങളിലൂടെ തങ്ങൾക്ക് മുമ്പിലുള്ള എന്തിനെയും സമർത്ഥമായി വ്യാഖ്യാനിക്കാനും അനുസരിപ്പിക്കാനും, സ്വന്തം താത്പര്യങ്ങൾ നടപ്പാക്കാൻ ദേവൻമാരോട് കല്പിക്കാനുംവരെ കഴിവുള്ളവരാണ് നമ്പൂതിരിമാർ എന്ന ബോധമാണ് കീഴാളർക്കുള്ളത്. കറുത്തങ്ങാട്ട് പൂജ കഴിഞ്ഞ് പെരുമണ്ണാൻമാർ ദേവിയെ പേടിയാട്ട്കാവിൽ എത്തിക്കുന്നു. ഈ സമയം

കാവിന്റെ അകത്തളങ്ങളിൽ നായർ വിഭാഗക്കാരാണ് താലപ്പൊലി ഏന്തുന്നത്. മറ്റ് കീഴാളർക്ക് താലപ്പൊലി എടുക്കുവാൻ അവകാശമില്ല. ഇവിടെ മേലാളർ അകത്തളങ്ങളിലും കീഴാളർ പുറത്തുമായി അപരവൽക്കരിക്കപ്പെട്ടിരിക്കുന്നു.

'പട്ടത്താനം' [2] എന്നപേരിൽ അറിവിനെ അളക്കുന്ന സമ്പ്രദായം പണ്ട് ക്ഷേത്രങ്ങളിൽ നിലനിന്നിരുന്നു. അത്തരം തർക്കത്തിൽ സവർണ്ണരല്ലാത്ത പണ്ഡിതന്മാരായ ഗുരുക്കൻമാരും ശിഷ്യന്മാരും തോൽക്കുകയാണെങ്കിൽ രാജാവ് അവരുടെ തലയറുത്ത് സ്ത്രീകളെകൊണ്ട് താലത്തിൽ ഏന്തിക്കുമായിരുന്നു. ഇതിനെ 'തലപ്പൊലി' എന്നാണ് പറയുന്നത്. ഈ അറുംകൊലകൾ നവോത്ഥാനത്തിലൂടെ മാറിയ പുതിയകാലത്ത് ക്ഷേത്രോത്സവങ്ങളിലൂടെ താലപ്പൊലി എന്ന പേരിൽ പുനരാവിഷ്കരിക്കുകയാണ് ചെയ്യുന്നത്. മാത്രവുമല്ല പേടിയാട്ട്കാവിലും ജാതവൻ കോട്ടയിലും നടക്കുന്ന താലപ്പൊലികൾ തമ്മിൽ രണ്ട് കിലോമീറ്റർ ദൂരപരിധിയുണ്ട്. പേടിയാട്ട് അകത്തളങ്ങളിൽ നായർവിഭാഗവും പുറത്ത് തിയ്യവിഭാഗങ്ങളും ജാതവൻക്കോട്ടയിൽ കീഴാളരും എന്നരീതിയിൽ ഭൂമിശാസ്ത്രപരമായിത്തന്നെ അപരവൽക്കരിക്കപ്പെട്ടിരിക്കുന്നു.

#### 4.4.5.4 പടകാളിത്തല്ല് (പേടിയാട്ടമ്മയുടെ ഇഷ്ടവിനോദം)

പടകാളിത്തല്ല് ഒരു യുദ്ധദേവതാ സങ്കല്പമാണ് (3.6.2.1 കാണുക). ദാരികനുമായി യുദ്ധം ചെയ്യുന്ന ഭദ്രകാളിയുടെ പ്രതീകമായാണ് പേടിയാട്ടമ്മ പടകാളിത്തല്ല് കാണാൻ ഇരിക്കുന്നത്. പടകാളിത്തല്ലിൽ യുദ്ധം ചെയ്യേണ്ടത് കീഴാളനാണ്. ദേവിയും മേൽജാതിവിഭാഗവും ഇതിന്റെ ആസ്വാദകർ മാത്രമാണ്. അധീശത്വവർഗ്ഗത്തിന്റെ അവകാശാധികാരങ്ങളെ നിത്യസംഘട്ടനങ്ങളിലൂടെ നിലനിർത്തികൊടുക്കേണ്ട ഉത്തരവാദിത്വം ജാതീയമായി അകറ്റിനിർത്തപ്പെട്ടവരിൽ നിക്ഷിപ്തമാണ് എന്ന് വരുത്തിത്തീർക്കുകയാണ് പടകാളിത്തല്ലിന്റെ പുനഃരാവിഷ്കാരംകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാതെ ഉത്സവത്തിനിടയിലുള്ള ഒരു ആസ്വാദനത്തിന്റെ പരിവേഷം മാത്രമല്ല ഇതിനുള്ളത് എന്ന് കാണുന്നു.

---

[2] ക്ഷേത്രങ്ങളിലും രാജസദസ്സുകളിലും നടന്നിരുന്ന തർക്കശാസ്ത്രസദസ്സാണ് പട്ടത്താനം എന്നറിയപ്പെടുന്നത്. സാമൂതിരി രാജാവിന്റെ അധ്യക്ഷതയിൽ തുലാം മാസത്തിലെ രേവതി നാളിൽ തുടങ്ങി തിരുവാതിരനാൾ വരെ ഏഴുദിവസം നീണ്ടുനിന്നിരുന്ന രേവതി പട്ടത്താനം ഇതിനുദാഹരണമാണ്.

#### 4.4.5.5 ഏഴാം പുണ്യാഹം : ചാതുർവർണ്യത്തിന്റെ പുനരാവിഷ്കാരം

പറയുന്ന ഏഴാം പുണ്യാഹം എന്നത് ഈ ഉത്സവത്തിന്റെ ഒരു പ്രധാന ചടങ്ങാണ് (3.7.3.1 കാണുക). അശുദ്ധിമാറാൻ വേണ്ടി വൈദികമന്ത്രങ്ങൾ ഉച്ചരിച്ചു കൊണ്ട് ചെയ്യുന്ന കർമ്മമാണ് പുണ്യാഹം. ഒരു കിണ്ടിയിൽ വെള്ളമെടുത്ത് അതിൽ തുളസിപ്പൂവ് അരി, ചന്ദനം, നെല്ല്, ദർഭ എന്നിവയിട്ട് മന്ത്രജപത്തോടുകൂടി ദർഭത്തുമ്പുപയോഗിച്ച് പുണ്യാഹം തളിക്കുന്നു. പുല, വാലായ്മ അതുപോലെ ക്ഷേത്രവുമായി ബന്ധപ്പെട്ട അശുദ്ധികൾ മാറുന്നതിനുമാണ് പുണ്യാഹം നടത്തുന്നത്. നവോത്ഥാനങ്ങളിലൂടെ കാലഹരണപ്പെട്ടു എന്ന് നാം വിശ്വസിക്കുന്ന ചാതുർവർണ്യവ്യവസ്ഥിതിയുടെ പുനരാവിഷ്കരണമല്ലാതെ മറ്റെന്താണ് പേടിയാട്ട്കാവിൽ നടക്കുന്നതെന്ന് സ്വാഭാവികമായ ഒരു ചോദ്യം ഉയർന്നുവരുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ പ്രത്യക്ഷമായും, വ്യവസ്ഥാപിതമായും ബ്രാഹ്മണ്യഭരണകൂടം നടപ്പിലാക്കിയ അയിത്ത ബോധമാണ് ഇതെന്ന് പറയേണ്ടിവരും. പേടിയാട്ട് ഉത്സവവുമായി ബന്ധപ്പെട്ട് വിവിധ ജാതിയിലും മതസ്ഥരിലുംപെട്ട ആളുകൾ ക്ഷേത്രവും ക്ഷേത്രപരിസരവും സന്ദർശിക്കുന്നുണ്ട്.

പൊതുജനപങ്കാളിത്തമില്ലാതെ ഉത്സവം നടത്തിക്കൊണ്ട് പോകുന്നത് അസാധ്യമാണ്. ആയതിനാൽ അവരുടെകൂടി സാന്നിദ്ധ്യവും സഹകരണവും സമ്പത്തും സമർത്ഥമായി ഉപയോഗിച്ചുകൊണ്ടാണ് ഉത്സവം നടത്തുന്നത് ദേവിയോടുള്ള ജനങ്ങളുടെ വിശ്വാസസങ്കല്പങ്ങളെ വളരെ കൃത്യമായി ഉത്സവനടത്തിപ്പിനും സമ്പത്തിന്റെ ശേഖരണത്തിനും ഉപയോഗിക്കുന്നു. എന്നാൽ കോരന് കുമ്പിളിൽതന്നെ കഞ്ഞി എന്ന പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കും വിധമാണ് ഉത്സവശേഷം നടക്കുന്ന പുണ്യാഹചടങ്ങുകൾ. പേടിയാട്ടും ജാതവൻകോട്ടയിലും നടക്കുന്ന പുണ്യാഹത്തോടുകൂടി ക്ഷേത്രാങ്കണത്തും പരിസരങ്ങളിലും കീഴാള ജനതയുടെ സാമീപ്യംകൊണ്ട് ഉണ്ടായിട്ടുള്ള അയിത്തം ഇല്ലാതാക്കുന്നു. മത്സ്യമാംസാദികൾ കഴിച്ചിട്ടായിരിക്കാം പൊതുജനങ്ങൾ വന്നുപോയിട്ടുള്ളത്. ആയതിനാൽ കൊണ്ടുകൂടി ഉണ്ടായിട്ടുള്ള അയിത്തവും മാറിയെങ്കിലേ ശുദ്ധമാവുകയുള്ളൂ. കൂടാതെ ദേവിയുടെ യഥാർത്ഥരൂപം കൂടിയിരുത്തിയിരിക്കുന്ന ശ്രീകോവിലിന്റെ ഉൾവശം ആർക്കും കാണാൻ പാടില്ല എന്ന ശാസനം നിലവിലുണ്ട്. വർണ്ണവ്യവസ്ഥയുടെമേൽ ജാതിക്കാരുടെ കാഴ്ച ദൂരത്തുപോലും കീഴാളൻ പാടില്ല എന്ന്

വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽനിന്ന് ചാതുർവർണ്യത്തിന്റെ പുനരുല്പാദനംതന്നെയാണ് ഇവിടെയും പിൻതുടരുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

ദേവിയെ എഴുന്നള്ളിക്കുന്നതും, കുളിപ്പിക്കാൻ കൊണ്ടുപോകുന്നതും പെരുവണ്ണാൻ വിഭാഗത്തിൽപെട്ട കീഴാളരാണ്. ആ സമയം അവർ കാണുകയും സ്പർശിക്കുകയും ചെയ്യുന്നുണ്ട്, അതുകൊണ്ട് ഉണ്ടായിട്ടുള്ള അയിത്തം ഇല്ലായ്മ ചെയ്യപ്പെടാനാണ് ഉത്സവശേഷമുള്ള പുണ്യാഹം എന്ന് കരുതാം. ഇന്ത്യൻ ജാതി വ്യവസ്ഥയിൽ സൂചിപ്പിച്ച പ്രകാരം അശുദ്ധി സങ്കല്പം രണ്ടു വിധം. സ്ഥിരമായ അശുദ്ധിയും താൽകാലിക അശുദ്ധിയും നിലനിൽക്കുന്നുണ്ട്. പേടിയാട്ട്കാവിൽ ഉത്സവത്തിനുമുമ്പും ഉത്സവത്തിനുശേഷവും നടക്കുന്ന പുണ്യാഹംകൊണ്ട് ഉദ്ദേശിക്കുന്നത് താൽകാലിക അശുദ്ധിയുടെ നിർമ്മാർജ്ജനമാണ്.

#### 4.4.5.6 ഭഗവതിയുടെ പുറപ്പാട്

പെരുവണ്ണാൻ, നായർ, നമ്പ്യാർ, മൂസത് ഈ നാല് വിഭാഗക്കാർ കൂടിയാണ് ഉത്സവദിവസം ഭഗവതിയെ പുലർച്ചെ മൂന്ന് മണിയോടുകൂടി എഴുന്നള്ളിക്കുന്നത് (3.6 കാണുക). ഈ സമയം ശംഖുനാദം മുഴക്കി ദേവിയേയും നാട്ടുകാരേയും ഉണർത്തുകയും പരിസരപ്രദേശങ്ങളിലെ ഹൈന്ദവഭവനങ്ങളിൽ വിളക്കുകൾ തെളിയിക്കുകയും ചെയ്യുന്നു. എന്നാൽ ആരും പുറത്തിറങ്ങാൻ പാടില്ല എന്നതാണ് ശാസനം. കാഴ്ച്ചകൊണ്ടും, സാമീപ്യം കൊണ്ടും അശുദ്ധിയാവാതിരിക്കാനാണ് ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ അമ്മയെ ചുമലേറ്റുവാൻ പെരുവണ്ണാനും, അനുനയിക്കാൻ മറ്റുമൂന്നു ജാതിവിഭാഗക്കാരും ഉണ്ട്. ഭഗവതിയെ വാക്കടവിൽ എത്തിക്കുകയും ശുദ്ധികലശം നടത്തുകയും ചെയ്യുന്നു. പ്രസ്താവനകൾക്കൊണ്ടും ചടങ്ങുകൾക്കൊണ്ടും ജാതി സങ്കല്പങ്ങളെ സ്ഥിരപ്പെടുത്തുകയും, ബ്രാഹ്മണികമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്നത് തന്നെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെപൊതുവായ സാമൂഹ്യാധാരയിൽ നടപ്പാക്കിയിരുന്ന ക്രമാനുഗതമായ ജാതിബന്ധങ്ങളെ കാവിടങ്ങളിൽ നിലനിർത്തുവാനുള്ള ശ്രമം കാലാകാലങ്ങളിൽ തുടർന്നുക്കൊണ്ടേയിരിക്കും.

### 4.5 കാരകളിയും ജാതിവ്യവസ്ഥയോടുള്ള കലഹവും

പേടിയാട്ട് ഉത്സവത്തിന് രണ്ട് ദിവസം മുൻപാണ് ജാതവൻ പൊയ്ക്കുതിരപ്പുറത്തേറി പെരുവണ്ണാൻമാരുമായി ഊരുചുറ്റുന്നത്. ഇതിനിടയിലാണ് കുറച്ചാളുകൾ കാരകളിക്കുന്നത് കാണുന്നത്. കണ്ടമാത്രയിൽ ജാതവൻ അവർക്കിടയിലേക്കു ഓടിക്കയറുകയും അവരോടൊപ്പം ആഹ്ലാദചിത്തനായി കളിയിൽ മുഴുകുകയും ചെയ്യുന്നു. കീഴാളരിൽപ്പെട്ടവരാണ് കാര കളിക്കുന്നത്. ഊരുചുറ്റാനിറങ്ങുന്നതുവരെ വിരഹാർദ്രമായ ഏകാന്തതടവിലായിരുന്നു ജാതവൻ. പെട്ടെന്നുണ്ടായ തുറന്നുവിടലിൽ ശരാശരി മനുഷ്യരിലെ എല്ലാവികാര, വിചാര, സ്വാതന്ത്ര്യബോധവും പൊട്ടിത്തെറിക്കുന്ന ഒരു വിപ്ലവകരമായ സന്ദർഭത്തിലാണ് കാരകളിക്കുന്ന മനുഷ്യരിലേക്ക് ജാതവൻ ഓടിയടുക്കുന്നതിനെ കാണാൻ കാഴിയുന്നത്. പ്രകൃതിക്ക് ഉചിതമല്ലാത്ത എല്ലാ മിഥ്യാധാരണകളെയും മാമൂലുകളെയും ജാതിചിന്തകൾക്കതീതമായി തകർത്തെറിഞ്ഞ് സ്വാതന്ത്ര്യം ആസ്വദിക്കുന്ന ഒരു നിമിഷത്തെയാണ് കാരകളി സന്ദർഭത്തെ പഠിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. പേടിയാട്ടമ്മയുടെയും മകന്റെയും പുരാവൃത്തങ്ങളെ ഇഴചേർത്തെടുക്കുമ്പോൾ ആരുടേയോ ചിന്തകളിൽ ശുദ്ധാശുദ്ധസങ്കല്പങ്ങൾക്കും, ജാതീയതയ്ക്കും എതിരായ ബോധ്യങ്ങൾ ഉണ്ടായിട്ടുണ്ടാവാം. കാരകളിയെ പ്രസക്തമാക്കുന്നതും അതുതന്നെയാണ്.

പെരുവണ്ണാന്മാരുമായി ജാതവൻ ഊരു ചുറ്റാനിറങ്ങുമ്പോൾ വീടുകൾതോറും കയറിയിറങ്ങുന്നുണ്ട്. എന്നാൽ അമ്മ പോയിരുന്നതായി പറയപ്പെടുന്ന വീടുകളിൽ ജാതവന് പ്രവേശനമില്ല. വഴിപാട് സ്വീകരിച്ചുകൊണ്ട് മുറ്റത്ത് നിൽക്കാനേ പാടുള്ളൂ. പേടിയാട്ട്ഭഗവതി പോകുന്നത് മേൽജാതിഭവനങ്ങളിലാണ്. പൂണൂലിട്ട ബ്രാഹ്മണനാണ് ജാതവനെങ്കിലും ശുദ്ധാശുദ്ധസങ്കല്പങ്ങളെ ബലപ്പെടുത്തുന്നതാണ് ഇതിലെ സന്ദർഭം.

### 4.6 കാവും അനുഷ്ഠാനങ്ങളുടെ പരിണാമവും

പേടിയാട്ട്കാവിന്റെ പുനരുദ്ധാരണപ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും കാവന്തരീക്ഷത്തിൽനിന്ന് മാറ്റാതെ അതിന്റെ തനിമ നിലനിർത്തുകയാണ് ചെയ്യുന്നത്. ആൽത്തറയ്ക്ക് മതിലും മുറ്റത്തിന് വരമ്പും ഇട്ടു. പരിസരത്തുള്ള മുസ്ലീങ്ങളുടെ പറമ്പിലുള്ള കിണറിൽനിന്നാണ് കാവിലേക്കാവശ്യമുള്ള വെള്ളം എടുക്കുന്നത്.

ഇത് ഒഴിവാക്കാൻ പനയമഠം തറവാട്ടിൽതന്നെ ഒരു കിണർ കുഴിച്ചെങ്കിലും ദേവപ്രശ്നത്തിൽ ദേവിയ്ക്ക് അതിനോട് താല്പര്യമില്ലെന്നും, പഴയപടി തുടരുന്നതാണ് ദേവിക്കിഷ്ടമെന്നും തെളിഞ്ഞു. വെളിച്ചത്തിനായി ആധുനികരീതിയിലുള്ള വൈദ്യുതീകരണമോ അനുബന്ധസംവിധാനങ്ങളോ ചെയ്തിട്ടില്ല. കാടിന്റെ അന്തരീക്ഷം നിലനിർത്താൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. എങ്കിലും പേടിയാട്ട്കാവ് പേടിയാട്ടുഭഗവതിക്ഷേത്രം എന്നപേരിലാണ് ഇന്നു അറിയപ്പെടുന്നത്.

എട്ട് വർഷങ്ങൾക്കുമുൻപുവരെ തിയ്യവിഭാഗത്തിൽപ്പെട്ടവർ കോമരംതുള്ളി ദർശനം പറയാറുണ്ടായിരുന്നു. എന്നാൽ ഇന്ന് പനയമഠം നായർതറവാട്ടിലുള്ളവർ കോമരമായിട്ട് ഉണ്ടെങ്കിലും തുള്ളി ദർശനം പറച്ചിൽ ഇല്ല, വാളെടുക്കുക മാത്രമാണ് ചെയ്യുന്നത്.

എരമംഗലക്കാർ ജാതവനെ എടുത്തുനടക്കുവാനും പരുത്തിക്കാടൻമാർ ഭഗവതിയെ അണിയിച്ചൊരുക്കുവാനുമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് പരുത്തിക്കാടന്മാർ ആ സ്ഥാനം ഒഴിഞ്ഞു. വിശ്വാസപരമായി അവകാശം സ്ഥാപിച്ച് കൊടുത്തിട്ടുണ്ടെങ്കിലും സ്ഥാനം ഒഴിയാനുണ്ടായ കാരണം ആകുവോളം പണിയെടുത്താലും മതിയായ വേതനം ഇല്ല എന്നതാണ് കാരണമായി പറയുന്നത്. ആദ്യദിവസം ജാതവനുമായി ഊരുതെണ്ടികിട്ടുന്ന വഴിപാടുകൾ വീതംവെയ്ക്കുമ്പോൾ മൂത്ത പെരുവണ്ണാൻ മുതൽ ഇളമനും മൂന്നാമനും നാലാമനും നാലിടങ്ങഴി നെല്ല് വീതം ഒരു ദിവസത്തെ അദ്ധ്വാനത്തിന് പ്രതിഫലമായി ലഭിക്കുന്നു.

ഈ ആധുനിക കാലത്ത് ഒരു തൊഴിലായി സ്വീകരിച്ചുകൊണ്ടാണ് ഓരോരുത്തരും അവരവരുടെ കർമ്മങ്ങൾ ചെയ്യുന്നത്. അങ്ങനെയെങ്കിൽ അവർക്ക് ഇത് മതിയായ വേതനമല്ല. ഉത്സവത്തോടനുബന്ധിച്ച് അവകാശികളിലെ പരുത്തിക്കാടൻ തറവാട്ടുകാർ ഒഴിഞ്ഞുപോകാനുണ്ടായ സാഹചര്യം മതിയായ വേതനത്തെക്കുറിച്ചുള്ള തർക്കമായിരുന്നു. അവകാശികൾക്കായി കൊടുക്കുന്ന നെല്ലിന്റെയും അരിയുടെയും അളവ് പറയും നാഴിയുമാണെങ്കിലും ഒരു കൈപ്പിടി നെല്ല് പറയായും, ഒരു കൈപ്പിടി അരി ഒരു നാഴിയായും സങ്കല്പിച്ചുകൊടുക്കുന്നതിലെ അനൗചിത്യമാണ് ഈ ഒഴിഞ്ഞുപോക്കിന് കാരണമായിത്തീർന്നത്. ഒഴിഞ്ഞു പോകാനുണ്ടായ കാരണങ്ങൾ പറഞ്ഞത് പരുത്തിക്കാടൻ ലക്ഷ്മണനാണ്. (അനുബന്ധത്തിൽ നെല്ലളവ് കൃത്യമായി കൊടുത്തിട്ടുണ്ട് - അനു. 3).

കൂലിയുടെ അടിസ്ഥാനത്തിലാണ് ഓരോ അവകാശികളും അവരവരുടെ തായ അവകാശത്തിൽപ്പെട്ട ജോലി ചെയ്തിരുന്നത്. ആ ജോലികളെല്ലാം തന്നെ ഓരോ ജാതിവിഭാഗത്തിന്റെയും കുലത്തൊഴിലുമായി ബന്ധപ്പെട്ടു കിടക്കുന്ന രീതി യിലാണുള്ളത്. ജാത്യാധികാരവും ജാത്യാടിമകളുടെ വിമോചനസ്വപ്നങ്ങളും തമ്മിലുള്ള ഒരു സംഘട്ടനം ഈ ഉത്സവത്തിന്റെ അടിത്തട്ടിൽ നമുക്കു കാണാൻ കഴിയുന്നു. പേടിയാട്ട് ഭഗവതിക്കാവിലെ മഹോത്സവം എല്ലാ ജാതിവിഭാഗങ്ങളു ടെയും ഇതരമതസ്ഥരുടെയും സംയുക്തസാന്നിദ്ധ്യംകൊണ്ട് ഗംഭീരമായി നട ക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഉത്സവത്തോടനുബന്ധിച്ചുള്ള ആചാരനുഷ്ഠാനങ്ങളിൽ കൃത്യമായ ജാത്യാതിരുകൾ നിശ്ചയിച്ച് ചാതുർവർണ്യം മുന്നോട്ടുവെക്കുന്ന അസ്പൃശ്യതയെ നിലനിർത്തുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു.

വർണ്ണാശ്രമ/ചാതുർവർണ്യ വ്യവസ്ഥയെ നിലനിർത്തുന്ന ജാതിസങ്കല്പങ്ങ ളെയും അവയിലെ മാനുഷ്യത്വവിരുദ്ധമായ അസ്പൃശ്യതയെയും നവോത്ഥാനപ്ര വർത്തനങ്ങളിലൂടെ നിയന്ത്രിക്കാൻ കഴിഞ്ഞു എന്നത് ഒരു യാഥാർത്ഥ്യമാണ്.

എന്നാൽ, മാറിയ സാംസ്കാരിക സാമൂഹിക പരിസരങ്ങളിൽ കേരളത്തിലെ കാവുത്സവങ്ങളിലും ക്ഷേത്രോത്സവങ്ങളിലും ഇവ ഇന്നും നിലനിൽക്കുന്നുണ്ട്. നരബലി, താലപ്പൊലി പോലുള്ള ആചാരങ്ങൾ താലപ്പൊലിയായും ബലിയായും പ്രതീകാത്മകമായി ആചരിക്കുന്നു. പുത്തൻ നാഗരിക സംസ്കാരങ്ങൾ രൂപപ്പെടു ന്നതിനനുസരിച്ച് ആചാരാനുഷ്ഠാനങ്ങളെ പരുവപ്പെടുത്തി പുനരുൽപ്പാദിപ്പിക്കുന്ന തായി കാണാം. കാഴ്ചയും സാമീപ്യവും അസ്പൃശ്യമാണെന്ന ബ്രാഹ്മണ്യവിചാ രത്തെ സ്ഥിരപ്പെടുത്തുന്നതാണ് ദേവിയുടെ എഴുന്നള്ളത്തിലെ ശാസനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ജാതവന്റെ കാരകളിയിലൂടെ സ്വാതന്ത്ര്യത്തി നായുള്ള പുനരുത്ഥാനത്തിന്റെ ആശയം വെളിവാകുന്നുണ്ട്. മതാധിപത്യത്തി ന്റേയും അധികാരത്തിന്റേയും ചെങ്കോൽ നിലനിർത്തണമെങ്കിൽ പാർശ്വവൽകൃത സമൂഹത്തിന്റേതു കൂടിയായ സംഘാടനം കൂടിയേ മതിയാകൂ എന്നുള്ളതും ഇവിടെ യാഥാർത്ഥ്യമാണ്.

എക്കാലത്തും മേലാള അധീശത്വം നിലനിർത്താൻ സംഘർഷാത്മകസാഹ ചര്യങ്ങൾ നിലനിൽക്കേണ്ടതുണ്ട് എന്നതിന്റെ ഒളിച്ചുകടത്തലായിട്ടാണ് പടകാളി

ത്തല്ലിന്റെ പുനരാവിഷ്കാരത്തിൽ നിന്ന് ബോധ്യപ്പെടുന്നത്. കാർഷിക ഉർവര യുടെ അടയാളമായിട്ടാണ് സ്ത്രീയെ ദൈവസങ്കല്പമായി പ്രതിഷ്ഠിച്ചിരിക്കുന്നത്. എന്നാൽ അധികാരത്തിന്റെയും ആധിപത്യത്തിന്റെയും കാര്യം വരുമ്പോൾ ജൈവി കമായി സംഭവിക്കുന്ന ആർത്തവത്തെപോലും സ്ത്രീയെ അകറ്റി നിർത്തുവാനുള്ള ഉപാധിയായി കാണുന്നു.

# ഉപസംഹാരം

കോഴിക്കോട് മലപ്പുറം ജില്ലയിലെ അതിർത്തി പ്രദേശമായ മണ്ണൂർ ദേശത്ത് സ്ഥിതിചെയ്യുന്ന ക്ഷേത്രമാണ് പേടിയാട്ട്കാവ്. ഇന്ന് ക്ഷേത്രമെന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾകൊണ്ടും ആചാരാനുഷ്ഠാനങ്ങൾകൊണ്ടും ഇത് കാവാരാധനാസങ്കല്പത്തിലുള്ള ക്ഷേത്രമാണ്. ഈ കാവിൽ അമ്മദൈവസങ്കല്പമാണ് നിലനിൽക്കുന്നത്. പൂർവകാല കേരളത്തിന്റെ പൊതുസാമൂഹ്യധാരയിൽ നിലനിന്നിരുന്ന ജാത്യാചാരക്രമങ്ങളെ ശക്തിപ്പെടുത്തുന്ന തരത്തിലാണ് കാവിലെ വിവിധ ജാതിമനുഷ്യർക്കും നൽകിപ്പോരുന്ന അവകാശങ്ങളെ സ്ഥാപിച്ചുകൊടുത്തിട്ടുള്ളത്. കീഴ്ജാതി ജനവിഭാഗങ്ങളുടേതാണ് കാവും അതിലെ ആചാരങ്ങളും എന്ന ബോധത്തെ സാമാന്യവൽക്കരിക്കുകയാണ് ഇവിടെ. എന്നാൽ മേൽജാതി വിഭാഗങ്ങളാണ് സാമ്പത്തികാധികാരത്തിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത് എന്നും വ്യക്തമാണ്.

കാവാചാരങ്ങളിൽ സ്ത്രീയെ അശുദ്ധി സങ്കല്പത്തിനകത്തുള്ള ശരീരം മാത്രമായാണ് കാണുന്നത്. ഈ സ്ത്രീയെത്തന്നെയാണ് കാർഷിക വിജയത്തിന്റെ അമ്മദൈവസങ്കല്പത്തിനകത്ത് പ്രതിഷ്ഠിച്ചതും. തൊഴിലധിഷ്ഠിതമായ ജാതിവിഭജനക്രമമാണ് കാവിൽ നടപ്പാക്കുന്നത്. കീഴാളന്റെ അമ്മദൈവം കാർഷികദേവതയാണ്. അമ്മക്കാവുകളുടെ അധികാരസിരാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സവർണ്ണവിഭാഗങ്ങൾക്ക് കൃഷി നിഷിദ്ധമായി വരുന്നുമുണ്ട്. ഇവിടെ അധ്വാനിക്കേണ്ടത് കീഴാളനാണ് എന്ന പൊതുബോധം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഖജനാവിന്റെ കൈകാര്യസ്ഥരും ഭൂമിയുടെ ഉടമസ്ഥരുമായി ജാതിമേലാളർ മാറുകയും സമ്പന്നരാവുകയും ചെയ്യുമ്പോൾ അടിസ്ഥാന ജനവിഭാഗം ദാരിദ്ര്യത്തിലേക്കും മാനുഷിക പുരോഗതി കൈവരിക്കാൻ കഴിയാതെയും വരുന്നു. വർണ്ണജാതിവ്യവസ്ഥകൾകൊണ്ട് നഷ്ടം കീഴാള ജനതയ്ക്കു തന്നെയാണ്.

പേടിയാട്ട്കാവിലെ ആചാരാനുഷ്ഠാനങ്ങളും നിയമങ്ങളും അവയുടെ അനന്തരഫലങ്ങളും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. കടലുണ്ടി ദേശം പിന്നീട് ധാരാളം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. തീരദേശവുമായി നേരിട്ട് ബന്ധപ്പെട്ടു

കിടക്കുന്നതിനാൽ വിദേശവ്യാപാരബന്ധങ്ങൾ ഇവിടെ സാധ്യമായി. ഇത് പിന്നീട് സാമ്പത്തികമായ മെച്ചപ്പെടുത്തലുകൾക്ക് ഇടവരുത്തി. സമുദ്രവാണിജ്യവുമായി ബന്ധപ്പെട്ട കോഴിക്കോടിനും ബേപ്പൂരിനും ചാലിയത്തിനും അടുത്താണ് കട ലുണ്ടി ദേശം. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾകൊണ്ട് വലിയ കൃഷിസ്ഥലങ്ങൾ ഇവിടെ അപൂർവമായിരുന്നു. കുന്നുകളാലും പുഴകളാലും തോടുകളാലും കായലുകളാലും ചുറ്റപ്പെട്ടതാണ് ഈ ദേശം.

അറേബ്യയുമായും യൂറോപ്പുമായുമുള്ള വാണിജ്യപരവും സാംസ്കാരി കവും രാഷ്ട്രീയവുമായ ബന്ധം വ്യാപിക്കുകയും കൂടുതൽ മെച്ചപ്പെട്ട സാഹചര്യ ങ്ങൾ ഇവിടെ സൃഷ്ടിക്കുകയും ചെയ്തു. കാർഷികവും വ്യാവസായികവുമായ പരിവർത്തനം ഏറ്റവും പ്രധാനമായിവന്നു. നാനാമുഖമായ പരിവർത്തനങ്ങളോ ടൊപ്പം സാംസ്കാരികമായ സങ്കലനം സംഭവിച്ചുകൊണ്ടിരുന്നു. ഇത് ക്രമാനുഗത മായ ഭൗതിക പുരോഗതിക്ക് കാരണമായി. പുരോഗതിയുടെ ചാലകശക്തിയായി പ്രവർത്തിച്ചത് സാമൂതിരിയുടെ അറബികളുമായുള്ള ബന്ധമായിരുന്നു. പരസ്പര സമ്പർക്കത്തിന്റെ ആഴത്തെ അടിസ്ഥാനപ്പെടുത്തിയാണ് ദേശമായാലും നാടാ യാലും രാജ്യമായാലും പുരോഗതി പ്രാപിക്കുന്നത്.

ജാത്യാചാരങ്ങളേയും അനുഷ്ഠാനങ്ങളേയും മുൻനിർത്തി പരമ്പരാഗത മായ രീതിയിൽ തന്നെയായിരുന്നു തൊഴിലുകൾ ചെയ്തിരുന്നത്. ഇത് സാമ്പത്തി കമായ പുരോഗതിക്ക് ജാതിവ്യവസ്ഥ അനിവാര്യമാണെന്ന പൊതുബോധം സൃഷ്ടിക്കുകയും ചെയ്തു. ബ്രാഹ്മണാധിപത്യം നിലനിർത്താൻ ഇത് കൂടിയേ തീരൂ. ഈ നാട്ടിൽ വളരെക്കാലം നിലനിന്നിരുന്ന ജാതിവ്യവസ്ഥ പുതിയകാല ത്തിന്റെ സാമൂഹികജീവിതത്തെ കലുഷമാക്കുന്ന തരത്തിൽ മനുഷ്യന്റെ ഇഷ്ടാനി ഷ്ടങ്ങളെ അവരുടെ ചിന്താതലങ്ങളിൽ നിലനിൽക്കുന്നതായിക്കാണുന്നുണ്ട്.

കഴിഞ്ഞുപോയ കാലഘട്ടത്തിൽ ഉണ്ടായിരുന്ന വിശ്വാസസങ്കല്പ ങ്ങളെയും, ധാരണകളെയും മാത്രം പിൻപറ്റുന്ന ഒരു ജനതയ്ക്ക് ഭൗതികമായ അടി സ്ഥാനത്തിൽ മാറ്റം വരുന്നത് വളരെ സാവധാനമായിരിക്കും. വൈദേശികവും പ്രാദേശികവുമായി വിവിധയിടങ്ങളിൽ നിന്നുള്ള സാംസ്കാരികധാരകൾ ഇഴുകി ചേർന്ന ഒരു സംസ്കാരം കടലുണ്ടിക്കുണ്ട്. രാജവാഴ്ചക്കാലത്ത് ശിവക്ഷേത്രങ്ങൾ

കേന്ദ്രീകരിച്ചുള്ള തറക്കൂട്ടങ്ങളിലൂടെയാണ് ഭരണം നടത്തിപ്പോന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ഭൂസ്വത്തിന്റെ ഭൂരിഭാഗവും ജന്മിമാരുടെ കൈയ്യിലായിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ച് ചരിത്രത്തിൽ വ്യക്തമായ സാന്നിദ്ധ്യത്തിന്റെ ഏടുകളൊന്നും കടലുണ്ടിഗ്രാമത്തിന് പറയാൻ ഇല്ലെങ്കിലും ഈ ദേശത്ത് നിന്ന് ചില സ്വാതന്ത്ര്യസമര സേനാനികൾ ഉണ്ടായിട്ടുണ്ട്. പ്രാചീനമായ ഒരു കാലഘട്ടത്തേയാണ് പേടിയാട്ടുകാവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. അമ്മൻ ആരാധനയായിരുന്നു തെക്കേ ഇന്ത്യയിൽ നിലനിന്നിരുന്നത്. അതുപോലെ തന്നെയാണ് കേരളത്തിലെ അമ്മദൈവ ആരാധനയും അതിന്റെ ഭാഗമായിട്ടുള്ളതാണ് പേടിയാട്ട് ഭഗവതി. അമ്മദൈവങ്ങൾക്ക് ക്ഷേത്രമോ, ബിംബമോ ഉണ്ടായിരുന്നില്ല. പാടശേഖരങ്ങൾക്കിടയിലെ വൃക്ഷച്ചുവടോ, വള്ളിപ്പടർപ്പുകളാൽ തിങ്ങിനിറഞ്ഞ മരക്കൂട്ടങ്ങളോ ആയിരുന്നു ഉള്ളത്. അത്തി, ഇലഞ്ഞി, പാല, ഈട്ടി, അരയാൽ, തേക്ക് മുതലായ മരക്കൂട്ടങ്ങളും അനേകം വള്ളിച്ചെടികളാലും, സസ്യങ്ങളാലും ഇടതൂർന്ന ഒരു കാടന്തരീക്ഷമാണ് പേടിയാട്ട് ഭഗവതിക്കാവിന്റേത്. എന്നാൽ ചുറ്റമ്പലത്തോടുകൂടിയാണ് ഭഗവതിക്കാവ് നിലനിർത്തിയിരിക്കുന്നത് ഇത് വൈദികമതത്തിന്റെ സ്വാധീനഫലമായി ഉണ്ടായതാണെന്ന് മനസ്സിലാക്കാം. കാവിനെ കാവ് പരിസരത്തുള്ളവരുടെ പൊതുസ്വത്തായും കടലുണ്ടി ദേശത്തെ പരദൈവമായും കരുതുന്നു. പൊതുസ്വത്തായി കരുതുമ്പോൾ തന്നെ അധികാരകേന്ദ്രീകരണം മേൽജാതി വിഭാഗക്കാരായ മൂസത്, നമ്പ്യാർ വിഭാഗക്കാർക്കാണെന്ന് കാണാം.

കീഴാള മനുഷ്യരുടെ അമ്മദൈവാരാധനയും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും വൈദികമതസങ്കല്പങ്ങൾക്കും, അവരുടെ പ്രപഞ്ചത്തെക്കുറിച്ചുള്ള ചിന്താധാരകൾക്കും വഴങ്ങുന്നതല്ല. ഭഗവതിയുടെ ദാരുശില്പം പണിതീർത്തതിനുശേഷം ആശാരി വിഗ്രഹത്തിലേക്ക് സൂക്ഷിച്ചുനോക്കിയതിനാൽ അയാളുടെ കണ്ണ് നഷ്ടപ്പെടുന്നുണ്ട്. കൂടാതെ ഋതുമതിയായ സ്ത്രീയെ കാണുമ്പോൾ ഭഗവതി വെള്ളത്തിലേക്ക് മറഞ്ഞുപോകുന്നതായും പാഠഭേദങ്ങളിൽ സൂചനയുണ്ട്.

കാവുകളെ ക്ഷേത്രങ്ങളാക്കി പരിണമിപ്പിച്ചതോടുകൂടിയാണ് ശുദ്ധാശുദ്ധസങ്കല്പങ്ങൾ ഉണ്ടായിവന്നിട്ടുള്ളത്. ഭഗവതിക്കാവിലെ ഉത്സവത്തോടനുബന്ധിച്ച

എല്ലാ ആചാരാനുഷ്ഠാനങ്ങളിലും ശുദ്ധം, അശുദ്ധി, അയിത്തം, തീണ്ടൽ മുതലായ കാര്യങ്ങൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതായുണ്ട്. സ്ത്രീ ശരീരത്തെ ആധാരമാക്കുന്ന ശുദ്ധിസങ്കല്പം വളരെ കർക്കശമായി നടപ്പാക്കി വരുന്നു. പേടിയാട്ട് ഭഗവതിയുടെ മകനായ ജാതവനെ അയിത്തത്തിന്റെ പേരിൽ അസ്പൃശ്യത കൽപ്പിച്ച് മാറ്റിനിർത്തുന്നതാണ് ഭഗവതിയുടെ പുരാവൃത്തത്തിലെ കാതലായ ഭാഗം. ഉത്സവത്തോടനുബന്ധിച്ചുള്ള നടക്കുന്ന ജാതവന്റെ ഊരുതെണ്ടലും, ഭഗവതിയുടെ എഴുന്നള്ളത്തും നടക്കുമ്പോൾ കിട്ടുന്ന മുതലുകളും ധനവും കൊണ്ടാണ് കാവിലെ നിത്യചിലവുകൾ നടത്തുന്നത്.

മതവിശ്വാസം, ഋതുഭേദം എന്നിങ്ങനെ പല ഘടകങ്ങളുമായി ബന്ധപ്പെട്ട് വ്യത്യസ്തങ്ങളായ ഉത്സവങ്ങൾ പലനാടുകളിലും നടക്കുന്നുണ്ട്. ഒരു ദേശത്തുള്ള ആളുകളും അവരുടെ തൊഴിലുകളും വ്യാപാരങ്ങളും ഉത്സവസമയങ്ങളിൽ കേന്ദ്രീകരിക്കപ്പെടുന്നു. ഗ്രാമീണ ജീവിതങ്ങളുടെ പ്രധാന അവസരങ്ങളാണ് വർഷത്തിലൊരിക്കൽ നടക്കുന്ന ഉത്സവങ്ങളിലൂടെ കൈവരുന്നത്. 'പതഞ്ഞുപൊങ്ങുന്നത്' എന്നർത്ഥത്തിൽ ഉത്സവത്തിനെ മനസ്സിലാക്കുമ്പോൾ സാമ്പത്തികവും സാംസ്കാരികവുമായ വിനിമയത്തിന്റെ ഉണർവ് പ്രകടമാണ്. ചൂഷിതരായ അധഃസ്ഥിതജനവിഭാഗങ്ങൾക്ക് ഒത്തുകൂടാനും പ്രയാസങ്ങൾ പങ്കുവെക്കാനും, എതിർപ്പ് പ്രകടിപ്പിക്കാനുമുള്ള അവസരങ്ങൾ ഉത്സവം സാധ്യമാക്കുന്നുണ്ട്.

കീഴാളന്റെ ശാരീരിക അശുദ്ധിയാണ് പതഞ്ഞുപൊങ്ങുന്നത്. ഉത്സവത്തിന് മുന്നോടിയായും, ശേഷവും നടക്കുന്ന ബ്രാഹ്മണപൂജ കൊണ്ടാണ് കാവും പരിസരവും ദേശവും ശുദ്ധമാകുന്നത്. ശുദ്ധാശുദ്ധ സങ്കല്പത്തിലടങ്ങിയിരിക്കുന്ന മാനുഷിക വിരുദ്ധതയാണ് ഇതിൽ തെളിയുന്നത്. ജാതി ഒരു പ്രപഞ്ച സത്യമാണെന്ന് ഋഗ്വേദം കൊണ്ടാണ് ന്യായീകരിക്കുന്നത്. പഞ്ചഭൂതങ്ങളെക്കൊണ്ട് ശുദ്ധാശുദ്ധ സങ്കല്പങ്ങളെ ബലപ്പെടുത്തുമ്പോൾ അതിലെ ബലിയാടുകൾ കീഴാളർതന്നെയാണ്. തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയുള്ള വേർതിരിവുകളെ ജാതിബോധമായി സ്ഥാപിച്ചെടുക്കുന്നതും അടിച്ചമർത്താനുള്ള ഉപാധിയാക്കുന്നതും ബ്രാഹ്മണ്യമാണ്.

ജാത്യാധിഷ്ഠിത അവകാശങ്ങളായി ഓരോ തൊഴിലിടങ്ങളെയും അടയാളപ്പെടുത്തുമ്പോൾ നാടിന്റെ സവിശേഷമായ സാമൂഹ്യ പുരോഗതിക്കായി അവയെ

പരുവപ്പെടുത്തിയത് അതാത് ജനവിഭാഗങ്ങൾ തന്നെയാണ്. വിവിധ ദേശക്കാരും, ഭാഷക്കാരും, തൊഴിലാളികളും, വ്യാപാരികളും ഒരു സമൂഹമായി ഒന്നിക്കുന്ന പ്രവ ണത ഉത്സവസന്ദർഭങ്ങളിൽ പ്രകടമാണ്. അതിലൂടെ സാമൂഹ്യ-രാഷ്ട്രീയ സാമ്പ ത്തിക, സാംസ്കാരിക ലയനങ്ങൾ സംഭവിക്കുന്നു. തുടർന്ന് പുതിയ സാംസ്കാ രിക പരിവേഷം കൈവരുന്നു. പേടിയാട്ട്കാവുത്സവം ഇതിൽ മുഖ്യ പങ്കുവഹിച്ചിട്ടു ണ്ട്. ഇവയിലൂടെ സമൂഹരൂപീകരണം സാധ്യമാകുന്നുമുണ്ട്.

പരസ്പരാശ്രയ ലോകമാണിതെന്നും സ്നേഹവും പങ്കുവയ്ക്കലുമാണ് നിലനിൽക്കുന്നതെന്നും തിരിച്ചറിഞ്ഞ അവബോധമാണ് സമൂഹരൂപീകരണത്തെ ക്കുറിച്ചും അതിന്റെ അനന്തസാധ്യതകളെക്കുറിച്ചും കണ്ടെത്താൻ മനുഷ്യനെ പ്രേരിപ്പിച്ചത്. സാഹിത്യം, നാടോടിപ്പാട്ടുകൾ, കാവ്യം, നാടകം, നൃത്തം, ചിത്രം തുടങ്ങിയ കലാപ്രകടനങ്ങളിൽ ജീവിതത്തോടുള്ള അതിജീവന താൽപര്യമുണ്ട്. ഈ താൽപര്യങ്ങളുടെ കൂടി ശ്രേണീബന്ധമാണ് പരിഷ്കൃതസമൂഹത്തിലേക്കുള്ള വളർച്ചയ്ക്ക് നിദാനമാകുന്നത്. ഇതിലൂടെ സാമ്പത്തികമായ മേൽക്കൈ, സാംസ്കാരിക ഉന്നതി തുടങ്ങിയവ കൈവരുകയും ആ രീതിയിൽ സമൂഹത്തെ രൂപീകരിച്ച് ശ്രേഷ്ഠമായി നിലകൊള്ളുകയും ചെയ്തു. നാഗരികമോ അല്ലാ ത്തതോ ആയ ഏത് സമൂഹത്തിലും അവർ വസിക്കുന്ന ഭൂപ്രദേശം അന്തരീക്ഷം അവയ്ക്കനുസൃതമായ തൊഴിൽ സാംസ്കാരരൂപീകരണത്തിന് മുഖ്യപങ്ക് വഹി ക്കുന്നുമുണ്ട്.

കേരളത്തിലെ ഹിന്ദുസമുദായത്തിലെ ആരാധന, കാവാരാധന, ക്ഷേത്രാരാ ധന എന്നീ രണ്ട് സമ്പ്രദായങ്ങളിൽ ഊന്നിയാണ് നിലനിൽക്കുന്നത്. ജാതിവ്യവ സ്ഥയെ സാധൂകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന കാവാരാധന ബ്രാഹ്മണേത രസമൂഹത്തിലും ക്ഷേത്രാരാധന ബ്രാഹ്മണസമൂഹത്തിലുമാണ് കണ്ടുവരുന്നത്. വൈദികപാരമ്പര്യത്തിന്റെ അടിസ്ഥാനശിലയായി ക്ഷേത്രാരാധനയെ കണക്കാക്കു ന്നു. ഇത് ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമാണ്. എന്നാൽ കാവാരാധന വൈവി ധ്യങ്ങൾ നിറഞ്ഞതാണ്. അത് ഒരു പാഠസ്വരൂപത്തിൽ അധിഷ്ഠിതവുമല്ല. ആദിമനുഷ്യൻ കൃഷിചെയ്തും വേട്ടയാടിയും ജീവിക്കാനുള്ള അവരുടെ അതിജീ വനവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് ആരാധന. അത് അമ്മദൈവാരാധനയു മായി ചേർന്നുനിൽക്കുന്നു.

കൃഷിപ്പണിയിലധിഷ്ഠിതമായി ജന്മി സമ്പ്രദായം വികാസം പ്രാപിച്ചപ്പോൾ മറ്റ് തൊഴിൽ മേഖലകളായ, നെയ്ത്ത് ജോലി, മത്സ്യബന്ധനം ഖനിമേഖലകളിലെ പ്രവർത്തനങ്ങൾ തുടങ്ങി ഭിന്നതൊഴിൽ മേഖലകളിൽ ജീവിക്കുന്നവർ അവരുടേ തായ സാമൂഹ്യ പരിസരത്തിനനുസരിച്ച് സമൂഹത്തെ രൂപീകരിക്കുന്നു. ജാതിയും തൊഴിലും തമ്മിൽ ബന്ധപ്പെട്ടിരുന്നതിനാൽ അന്നത്തെ സമൂഹരൂപീകരണം പരോ ക്ഷമായി ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒമ്പതാംനൂറ്റാണ്ടിലെ ശങ്ക രാചാര്യരുടെ കാലം മുതലാണ് ഇന്ന് കാണുന്ന തരത്തിലുള്ള ക്ഷേത്രങ്ങളും ക്ഷേത്രം കേന്ദ്രീകരിച്ചുള്ള ഗ്രാമവ്യവസ്ഥയും രൂപപ്പെട്ടുവരുന്നതായി കാണുന്നത്.

ഇങ്ങനെ സമൂഹരൂപീകരണത്തിൽ ഏറ്റവും പ്രധാന പങ്കുവഹിച്ച ജാതി വ്യവസ്ഥ അതിനെ പുനരുൽപ്പാദിപ്പിക്കുന്നു. ഇത് വീണ്ടും നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരികയും നിത്യശീലങ്ങളിൽ അതിനെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്നു. ജാതിസമൂഹത്തെ രൂപപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും തലമുറ യിൽനിന്ന് തലമുറയിലേക്ക് കൈമാറുന്നതിനും പ്രധാന പങ്കു വഹിച്ച ഒരു വ്യവ ഹാരരൂപമാണ് ഉത്സവങ്ങൾ. ജാതിക്കൂട്ടങ്ങളുടെ സുനിശ്ചിതമായ കൂടിച്ചേര ലാണ് സമൂഹം എന്ന ഘടന. ഓരോ ജാതിക്കൂട്ടങ്ങൾക്കും പ്രത്യേകം ഉത്തരവാദി ത്തങ്ങൾ ഏല്പിച്ച് അവർക്ക് വ്യത്യസ്തങ്ങളായ സ്ഥാനങ്ങൾ നൽകി ശുദ്ധാശുദ്ധ സങ്കല്പങ്ങൾ കല്പിച്ച് അവരെ വേറിട്ട് നിർത്തുകയും അങ്ങനെ അവരെല്ലാവരും ദേവിയെ പ്രീതിപ്പെടുത്താൻവേണ്ടി തങ്ങളുടെ ജാതികളിലൂടെ പ്രവർത്തിക്കുകയും ആ അർത്ഥത്തിൽ ദേവിയുടെ തങ്ങളെല്ലാവരും അയിത്തപ്പെടുന്നതായി ഒരു മിഥ്യാ ബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പ്രത്യയശാസ്ത്രപരമായി ഈ ഒരു ദേവിയുടെ കഥയിലൂടെ അത് മനുഷ്യർക്കിടയിലുള്ള വിവേചനത്തെ മറച്ചുവെക്കലാണ്. വിവേചനത്തിനിടയിലും ഐക്യത്തിന്റെ ഏതാനും അംശങ്ങൾ ഇവിടെ കണ്ടെത്താനാവുന്നതാണ്. ഇതിലൂടെ പ്രദേശവാസികളെ വിവേചന ങ്ങൾക്കതീതമായി ചേർത്തുവെക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇതൊരു പ്രത്യയശാസ്ത്രയുക്തിയാണ്.

നിരവധി വികാസപരിണാമങ്ങളിലൂടെ രൂപപ്പെട്ടുവന്ന കേരളീയസമൂഹം ഇന്ന് ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എങ്കിലും ജാതി, ജന്മി, നാടുവാഴി മൂല്യങ്ങളെ ഉറപ്പിച്ചു നിർത്തുവാനുള്ള അല്ലെങ്കിൽ ചില പാരമ്പര്യമൂല്യങ്ങളെ സ്ഥിരപ്പെടുത്തുവാനുള്ള ശ്രമങ്ങളായിട്ടാണ് ഉത്സവങ്ങളെ കാണാൻ കഴിയുന്നത്.

ജാതിശ്രേണിയിലധിഷ്ഠിതമായ തൊഴിൽബന്ധങ്ങളും അവയുടെ കായികവും ഉത്പാദനപരവുമായ സവിശേഷതകളും പേടിയാട്ട് ഭഗവതിക്ഷേത്രത്തെ പൊതുസമൂഹവുമായി ബന്ധിച്ചു നിർത്തിയിരിക്കുന്നു. ജാത്യാധിഷ്ഠിത അവകാശ അധികാര കേന്ദ്രങ്ങളായി ഓരോ തൊഴിലിടങ്ങളും വേറിട്ടുനിൽക്കുകയും ഇതിനെ ഒരു സവിശേഷനാടിന്റെ സമൂഹരൂപീകരണത്തിനായി സംക്രമിക്കപ്പെടുവാൻ പേടിയാട്ട്കാവ് ക്ഷേത്രം കാരണമാകുന്നു.

നെൽകൃഷി, വാഴ, തെങ്ങ് തുടങ്ങി കാർഷികവും അല്ലാത്തതുമായ ഉൽപ്പാദകരുടെ വിഭവങ്ങളെയും വസ്തുക്കളെയും ദേവീയാരാധനക്കുള്ള അവശ്യസാധനങ്ങളാക്കുകയും ഭക്തജനങ്ങൾ അവയുടെ ഉപഭോക്താക്കളാവുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ ദൈനംദിന ജീവിതത്തിന്റെ ഗമനത്തിനും ആരാധനയ്ക്കും ആവശ്യമാണെന്ന ബോധ്യത്തെ മുൻനിർത്തി വികാസംപ്രാപിക്കുകയും തതടിസ്ഥാനത്തിൽ കൂടുതൽ സാമ്പത്തിക അടിത്തറയും പുത്തൻചിന്തകളും ക്രമപ്പെടുന്നുണ്ട്. കൂടാതെ ഭാഷ, ഭക്ഷണം, വസ്ത്രം, നിറം ഇവയുടെ വൈവിധ്യങ്ങളും കൂടിക്കലർന്നു ഒരു സംസ്കൃതി രൂപപ്പെട്ടിട്ടുള്ളതായിട്ടാണ് പേടിയാട്ടമ്മയെ മുൻനിർത്തി പഠിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. ദേശഭാഷകൾക്കതീതമായ പുതിയ ബന്ധങ്ങൾ സ്ഥാപിക്കപ്പെടുകയും അവർ പുലർത്തിപ്പോരുന്ന പ്രാദേശിക സംസ്കാരത്തിന്റെ അംശങ്ങൾ വന്നുചേരുവാനും ഇടയാക്കുന്നുണ്ട്. സമൂഹത്തിന്റെ വളർച്ചയ്ക്ക് ദേവിയുടെ അനുഗ്രഹം സമഗ്രമേഖലയിലും വ്യാപിച്ചുകിടക്കുന്നുണ്ട് എന്ന ചിന്ത പേടിയാട്ട് ഭഗവതിക്കാവിനെ കടലുണ്ടിയുടെ സാമൂഹിക ധാരയിൽ ചേർത്തുവെച്ചിരിക്കുന്നതായി കാണാം.

ജാത്യാചാരങ്ങളുടെ തിക്താനുഭവങ്ങൾ നിലനിൽക്കുമ്പോഴും പരസ്പര സഹവർത്തിത്വത്തിന്റെ ഭാഷ അറിയുന്നവരാണ് കടലുണ്ടിദേശക്കാർ. രാഷ്ട്രീയ-സാമുദായിക-സാമ്പത്തിക മേഖലകളിലുണ്ടായ പുരോഗതി ഇവരെ അഭിവൃദ്ധിയിലേക്ക് നയിച്ചു. കോഴിക്കോട്, കാപ്പാട്, ചാലിയം, കടലുണ്ടി മുതലായ ദേശങ്ങൾ വൈദേശികബന്ധങ്ങളാൽ ചിരപ്രതിഷ്ഠ നേടിയിരുന്നു. വൈവിധ്യമാർന്ന സസ്യങ്ങളുടേയും ജീവികളുടേയും നിലനിൽപ്പിന് ആവശ്യമായ വായു, ജലം, മണ്ണ് ഇവയുടെ സന്തുലിതാവസ്ഥ കടലുണ്ടി-മണ്ണൂർ ദേശത്തെ സാംസ്കാരിക വൈവിധ്യത്തിന് വഴിയൊരുക്കുന്നു. കയർ പിരിക്കൽ, കൃഷി, മീൻപിടുത്തം, തുടങ്ങിയവയാണ് ഇവിടുത്ത പ്രധാന തൊഴിൽമാർഗ്ഗം. മതപരമായ സ്പർദ്ധയോ ജാതി-മത

വിഭാഗീയതയോ ഇല്ലാത്ത സൗഹൃദാന്തരീക്ഷമാണ് കടലുണ്ടിയിലുള്ളത്. ഇവിടുത്തെ ക്ഷേത്രോത്സവങ്ങളിൽ നാനാജാതിമതവിഭാഗക്കാരും ഒന്നിച്ചെത്തുന്നു. കേരളീയമായ ആചാരങ്ങളും വഴിപാടുകളും നാടോടിക്കഥകളും കലകളും സൗഹൃദങ്ങളും ഇഴചേർന്ന സമീപനമാണ് ഇവിടുത്തെ ഉത്സവപ്പറമ്പുകളിൽ കാണാനാവുക.

മദ്ധ്യേഷ്യയിൽ നിന്ന് വന്ന ഇസ്ലാമികരായ അറബികളെ സ്വാഗതം ചെയ്ത ദേശമാണ് കടലുണ്ടിക്ക് അടുത്തുള്ള ചാലിയം. അറബികളുടെ ആഗമനവും സാമൂതിരിയുടെ സങ്കല്പങ്ങളും ഒത്തുചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കപ്പെട്ടു. ശാലിയർ പോലുള്ള അധഃസ്ഥിത ജനവിഭാഗങ്ങൾ ഇവിടെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു. നെയ്ത്തുശാലകൾ, കയർ നിർമ്മാണം തുടങ്ങി അനവധി തൊഴിലുകളിൽ ജനങ്ങൾ വ്യാപൃതരായി. അദ്ധ്വാനത്തെ കേന്ദ്രമാക്കി വളർന്നുവന്നതായിരുന്നു കടലുണ്ടിയുടെ സാമ്പത്തികവും, സാംസ്കാരികവുമായ പുരോഗതി. സാമ്പത്തിക, രാഷ്ട്രീയ, താത്ത്വിക മണ്ഡലങ്ങളിൽ ശരാശരി സാമൂഹ്യബോധം പ്രവർത്തിച്ചിരുന്നതായി കടലുണ്ടിയുടെ ചരിത്രം ബോധ്യപ്പെടുത്തുന്നു. കീഴാളനവോത്ഥാനത്തിന്റെ ഊർജ്ജത്തിന്റെ ഒരു പങ്ക് കടലുണ്ടി ദേശനിവാസികൾക്കും അവകാശപ്പെട്ടതാണ്. തീരപ്രദേശം, പാടശേഖരങ്ങൾ, ജലാശയങ്ങൾ, വനങ്ങൾ, കണ്ടൽക്കാടുകൾ ഇവയെല്ലാം ചേരുന്ന ഒരു സവിശേഷ പ്രാധാന്യം കേരളഭൂപടത്തിൽ കടലുണ്ടിക്കുണ്ട്.

മുപ്പത് പാഠഭേദങ്ങളിലൂടെ കടലുണ്ടി ദേശത്ത് പേടിയാട്ട്കാവ് എന്ന പേരിൽ അറിയപ്പെടുന്ന ഈ ക്ഷേത്രത്തിൽ അമ്മദൈവസങ്കല്പ്പമാണ് നിലനിൽക്കുന്നത്. വൈവിധ്യങ്ങൾ നിറഞ്ഞ കാവാരാധനയുടെ മൂർത്തമായ വിശ്വാസങ്ങൾ ഇവിടെ പ്രകടമാകുന്നുണ്ട്. എന്നാൽ അമ്മദൈവത്തെ ബ്രാഹ്മണികമായ വിശ്വാസ പശ്ചാത്തലത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ജാത്യാധിഷ്ഠിത ശുദ്ധാശുദ്ധബന്ധങ്ങളെ വളരെ സമർത്ഥമായി പുണ്യാഹങ്ങളിലൂടെയും തൊഴിൽ വിഭജനങ്ങളിലൂടെയും നിലനിർത്തുന്നുണ്ട്. ജലം മാതൃബിംബമായി കാണുന്ന സങ്കല്പനത്തെ സാധൂകരിക്കാൻ കടലിൽനിന്ന് വന്നു എന്ന കഥയാണ് എല്ലാ പാഠഭേദങ്ങളിലും പ്രതിപാദിക്കുന്നത്. ഇത് കടലുണ്ടിയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ കൃത്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പുഴയും

കടലും കൃഷിഭൂമിയും ഇഴചേർന്ന സാമൂഹികക്രമം രൂപപ്പെടുന്നതിൽ പേടിയാട്ട് കാവിനും അതിലെ വിശ്വാസസങ്കല്പങ്ങൾക്കും വലിയ പങ്കുള്ളതായി കാണാം.

ചെക്കുട്ടിനായരുമായി ബന്ധപ്പെട്ട പുരാവൃത്തസൂചനയനുസരിച്ച് അശുദ്ധി കാരണം പെട്ടി വെള്ളത്തിലേക്ക് ചാടിയെങ്കിലും പിന്നീട് ആ പെട്ടിവെച്ച് പൂജ ആരംഭിക്കുന്നുണ്ട്. പെട്ടിയിലെ ദിവ്യതേജസ്സിന്റെ നിർമ്മാണത്തിന് ശേഷം ശില്പി യുടെ കണ്ണ് നഷ്ടപ്പെടുന്നതായ സന്ദർഭവും ഈ പുരാവൃത്തത്തിൽ പറയുന്നുണ്ട്. പുരാവൃത്തസൂചനയനുസരിച്ച് സ്ത്രീയുടെ ആർത്തവത്തെ അയിത്തമാക്കുകയും അത് സ്ത്രീയെന്ന നിലയിൽ അമ്മദൈവത്തെ കൊണ്ടുതന്നെ സ്ഥായിയാണെന്ന ബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ദിവ്യസ്വരൂപിണിയായ അമ്മദൈവ ത്തിന്റെ സ്വരൂപം വിഗ്രഹത്തിലേക്ക് പരിണമിപ്പിക്കുന്ന ആശാരിയായ ശില്പിയുടെ കണ്ണ് ദേവിതന്നെ നഷ്ടപ്പെടുത്തുന്നു. കാഴ്ചകൊണ്ട് കീഴാളർ അസ്പൃശ്യനാ ണെന്ന ജാതിബോധത്തെ ദൈവസങ്കല്പംകൊണ്ട് സ്ഥാപിച്ചടുക്കുന്ന സന്ദർഭ മാണ് ഇവിടെ കാണുന്നത്. കീഴാളന്റെ മനോധർമ്മവും കൈവഴക്കവും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു.

കേരളത്തിന്റെ സാംസ്കാരിക പരിസരങ്ങളിൽ അമ്മദൈവങ്ങൾ വടക്കു നിന്നും മരക്കലത്തിലേറി കടലിലൂടെ യാത്ര ചെയ്താണ് വന്നതെന്ന വിശ്വാസ മാണുള്ളത്. ഇത് ഈ സങ്കല്പത്തെ ബലപ്പെടുത്തുന്നു. തോണിയിലൂടെ യാത്ര ചെയ്തുവന്ന സ്ത്രീയാണ് ദിവ്യചൈതന്യമുള്ള പെട്ടി ചെക്കുട്ടിനായർക്ക് നൽകു ന്നത് എന്നാണ് വിശ്വാസം. കാഴ്ചയും സാമീപ്യവും അസ്പൃശ്യമാണെന്ന ബ്രാഹ്മ ണ്യവിചാരത്തെ സ്ഥിരപ്പെടുത്തുന്നതാണ് ദേവിയുടെ എഴുന്നള്ളത്തിലെ ശാസന ങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ജാതവന്റെ കാരകളിയിലൂടെ സ്വാതന്ത്ര്യത്തിനായുള്ള പുനരുത്ഥാനത്തിന്റെ ഒരു ആശയം വെളിവാകുന്നുണ്ട്. മതാധിപത്യത്തിന്റേയും അധികാരത്തിന്റേയും ചെങ്കോൽ നിലനിർത്തണമെങ്കിൽ പാർശ്വവൽകൃത സമൂഹത്തിന്റെ കൂടി സംഘാടനം കൂടിയേ മതിയാകൂ എന്നുള്ളതും ഇവിടെ യാഥാർത്ഥ്യമാണ്. എക്കാലത്തും മേലാള അധീശത്വം നില നിർത്താൻ സംഘർഷാത്മകസാഹചര്യങ്ങൾ നിലനിൽക്കേണ്ടതുണ്ട് എന്ന തുതന്നെയാണ് പടകാളിത്തല്ലിന്റെ പുനരാവിഷ്കാരത്തിൽ നിന്ന് ബോധ്യപ്പെടുന്ന ത്. കാർഷിക ഉർവരയുടെ അടയാളമായിട്ടാണ് സ്ത്രീയെ ദൈവസങ്കല്പമായി പ്രതിഷ്ഠിച്ചിരിക്കുന്നത്. എന്നാൽ അധികാരത്തിന്റെയും ആധിപത്യത്തിന്റെയും

കാര്യം വരുമ്പോൾ ജൈവികമായി സംഭവിക്കുന്ന ആർത്തവത്തെപോലും സ്ത്രീയെ അകറ്റി നിർത്തുവാനുള്ള ഉപാധിയായി കാണുന്നു.

വർണ്ണാശ്രമ/ചാതുർവർണ്യവ്യവസ്ഥയെ നിലനിർത്തുന്ന ജാതിസങ്കല്പങ്ങളെയും അവയിലെ മനുഷ്യത്വവിരുദ്ധമായ അസ്പൃശ്യതയെയും നവോത്ഥാനപ്രവർത്തനങ്ങളിലൂടെ നിയന്ത്രിക്കാൻ കഴിഞ്ഞു എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ, മാറിയ സാംസ്കാരിക സാമൂഹിക പരിസരങ്ങളിൽ കേരളത്തിലെ കാവുത്സവങ്ങളിലും ക്ഷേത്രോത്സവങ്ങളിലും ഇവ ഇന്നും നിലനിൽക്കുന്നുണ്ട്. നരബലി, താലപ്പൊലി പോലുള്ള ആചാരങ്ങൾ താലപ്പൊലിയായും ബലിയായും പ്രതീകാത്മകമായി ആചരിക്കുന്നു. പുത്തൻ നാഗരിക സംസ്കാരങ്ങൾ രൂപപ്പെടുന്നതിനനുസരിച്ച് ആചാരാനുഷ്ഠാനങ്ങളെ പരുവപ്പെടുത്തി പുനഃരുൽപ്പാദിപ്പിക്കുന്നതായി കാണാം.

ജാതി-മതഭേദമന്യേ ഗ്രാമത്തിലെ ജനത മുഴുവൻ ഒന്നിച്ചുചേർന്ന് ഒരു ദേവീസങ്കല്പത്തിനു ചുറ്റും ഒറ്റ സംസ്കൃതിയായി രൂപം കൊള്ളുന്ന ഒന്നാണ് പേടിയാട്ട് ഉത്സവം. ഉപരിപ്ലവമായി ഇങ്ങനെ നോക്കിക്കാണാമെങ്കിലും സൂക്ഷ്മമായ വിശകലനത്തിൽ ജാതിചിന്തയുടെ പുനരുല്പാദനം ഇവിടെ കണ്ടെത്താനാകും. ഉത്സവത്തിന്റെ അനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ട ആചാരനുഷ്ഠാനങ്ങളിൽ ജാതി ചിന്തയുടെ പ്രകടമായ ഇടപെടൽ ജാതിവ്യവസ്ഥയെ നിലനിർത്തുന്നതിന് ഒരു പരിധിവരെ കാരണമാകുന്നു. സാമൂഹ്യവിവേചനത്തിന്റെയും യുക്തിയുടെ വിഭജനത്തിന്റെയും അടിസ്ഥാനത്തിൽ നിലനിൽക്കുന്ന വർണ്ണാശ്രമവ്യവസ്ഥയുടെ സങ്കേതങ്ങൾക്കുചുറ്റുമാണ് ഈ തരത്തിലുള്ള ഉത്സവത്തിന്റെ സ്ഥാനം. വിഭജനം നിലനിൽക്കത്തക്കവിധത്തിൽ അനുഷ്ഠാനങ്ങളുണ്ടാക്കുകയും ആ അനുഷ്ഠാനങ്ങളെ സാധൂകരിക്കുന്ന പുരാവൃത്തങ്ങൾ വാമൊഴിയുടെ പിൻബലത്തിൽ ജനങ്ങളെ വർഗ്ഗീകരിക്കുന്ന ഒരു യുക്തിയാണ് ഉത്സവത്തിന്റെ അകകാമ്പ്. ഈ പശ്ചാത്തലത്തിലാണ് പേടിയാട്ട്കാവ് ഉത്സവത്തെ വിമർശനബുദ്ധ്യാ അപഗ്രഥിക്കുന്നത്.

പഠനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന കണ്ടെത്തലുകളും നിഗമനങ്ങളും ചുവടെ ചേർക്കുന്നു.

- ആരാധനകളെയും ചടങ്ങുകളെയും ഒരു പ്രതീകവ്യവസ്ഥയായി മനസ്സിലാക്കുകയും അതിലൂടെ അതിന്റെ രാഷ്ട്രീയ-സാമൂഹ്യസൂചനകൾ എന്തെന്ന് കണ്ടെത്തുകയും ചെയ്യുന്നുണ്ട്. തൊഴിൽവിഭജനവും അതിലൂടെ സ്വാഭാവികമായി സംഭവിച്ച ജാതിവിവേചനവും സാമൂഹിക സാംസ്കാരികഘടനയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

- പേടിയാട്ട്കാവ് ഉത്സവത്തിന്റെ ചടങ്ങുകൾ പഠനവിധേയമാക്കുമ്പോൾ അവ ജാതിചിന്തയെ പുനഃസ്ഥാപിക്കുകയും തുടരുകയും ചെയ്യുന്നുവെന്ന് കണ്ടെത്താനാവും. ഉത്സവചടങ്ങുകളിൽ കണ്ടെത്തുന്ന മധ്യമം, ഉത്തമം എന്ന വേർതിരിവുതന്നെ ജാതിബോധത്തിലെ അസ്പൃശ്യതയെ സൂചിപ്പിക്കുന്നു.

- പേടിയാട്ട്കാവുമായി ബന്ധപ്പെട്ട് ജാതവൻകോട്ടയിൽ അരങ്ങേറുന്ന അനുഷ്ഠാനകലാരൂപമായ ഐവർക്കളിയിൽ വൈദേശികമതത്തിന്റേതായ വിശ്വാസസങ്കല്പങ്ങളാണുള്ളത്. ഇവിടെ അനുവർത്തിച്ചുപോരുന്ന വിവിധ ആചാരാനുഷ്ഠാനങ്ങളിൽ ജാതിവ്യവസ്ഥ നിലനിൽക്കുന്നു. ഉത്സവാനന്തരം നടക്കുന്ന പുണ്യാഹകർമ്മത്തിലൂടെ ചാതുർവർണ്യം മുന്നോട്ടുവെച്ചിട്ടുള്ള ജാതിബന്ധങ്ങളിലെ ശുദ്ധാശുദ്ധസങ്കല്പത്തെ സ്ഥായിയായി നിലനിർത്തുന്നു.

- അയിത്താചാരവുമായി ബന്ധപ്പെട്ടുള്ള ഭ്രഷ്ട് വർഷാവർഷം നടക്കുന്ന ഉത്സവത്തിൽ പേടിയാട്ട് ഭഗവതിയുടെ മകനായ ജാതവനിലൂടെ പുനരാവിഷ്കരിക്കുന്നുണ്ട്.

- കാരകളിക്കുവാൻ കളിക്കാരുടെ ഇടയിലേക്ക് ജാതവൻ ഓടിക്കയറുന്നതിൽ നിന്ന് സഹനത്തിന്റെയും ജാതിക്കോയ്മയുടെയും വിലങ്ങ് പൊട്ടിച്ചെറിയുവാനുള്ള ശ്രമമാണ് കാണുന്നത്.

- കള്ള് നിഷിദ്ധമാക്കുന്നതിലൂടെ അമ്മയും മകനും തമ്മിലുള്ള അനുസരണക്കേടിന്റെ പ്രശ്നംമാത്രമല്ല ജാതീയമായ അരികുവൽക്കരണംകൂടി ഇതിൽ ഒളിഞ്ഞിരിക്കുന്നു. ജാതീയമായി മേലാളനും

കീഴാളനും തമ്മിലുള്ള തൊട്ടുകൂടായ്മയെയും തീണ്ടിക്കൂടായ്മയെയും ഇതിലൂടെ മുന്നോട്ട് വെയ്ക്കുന്നു.

- സഹവർത്തിത്വത്തിന്റെ ഭാഗമായി നിൽക്കുന്ന വിവിധമതവിഭാഗങ്ങൾക്കിടയിൽപ്പോലും അസ്പൃശ്യതയുടെ മനോഭാവം പ്രതിഫലിക്കുന്നതായി കാണാം.

- ബ്രാഹ്മണനായ ജാതവനെ മേൽജാതിഭവനങ്ങളിൽ പ്രവേശിപ്പിക്കാതിരിക്കുന്നത് ഉത്സവങ്ങളിലൂടെ അയിത്തസങ്കല്പത്തെ പുനരുൽപ്പാദിപ്പിക്കുന്നതായി മനസ്സിലാക്കാം.

- പേടിയാട്ട്കാവിലെ അനുഷ്ഠാനങ്ങളിലെല്ലാം അയിത്താചാരം നിലവിലുണ്ടെങ്കിലും വിവിധ ജാതി-മതബന്ധങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു സംസ്കാരരൂപീകരണം പേടിയാട്ട്കാവിന്റെ അമ്മദൈവസങ്കല്പപരിസരത്ത് സാധ്യമാക്കിത്തീർക്കാൻ കഴിഞ്ഞിട്ടുണ്ട്.

'ആരാധനയും സമൂഹരൂപീകരണവും: പേടിയാട്ട് ഭഗവതിക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം' എന്ന ഗവേഷണത്തിലൂടെ കേരളത്തിലെ അമ്മദൈവസങ്കല്പങ്ങളെയും അവയുടെ കാർഷിക ബന്ധങ്ങളെയും ഉത്തമ-മധ്യമ പിരിച്ചെഴുത്തിലൂടെ സാധ്യമാക്കിത്തീർക്കുന്ന ജാതിബോധത്തെയും മനസ്സിലാക്കാൻ സാധിച്ചു. ഒപ്പം സ്ത്രീയിൽ ദൈവത്തെ ആരോപിച്ചുകൊണ്ട് മഹത്വവത്ക്കരിക്കുകയും എന്നാൽ അസ്പൃശ്യത കല്പിച്ച് സ്ത്രീശാക്തീകരണ സാധ്യതയെ റദ്ദ് ചെയ്യുന്നതെങ്ങനെയെന്ന് സവിശേഷമായി കണ്ടെത്തുവാനും സാധിച്ചിട്ടുണ്ട്.

# പരിമിതികളും വിപുലീകരണ സാധ്യതകളും

കടലുണ്ടിവാവുത്സവവുമായി ബന്ധപ്പെട്ട ദത്തശേഖരണത്തിനായി പ്രദേശവാസികളെ അന്വേഷിക്കുമ്പോൾ വിവരങ്ങൾ വ്യക്തമായി നൽകാൻ പറ്റിയതരത്തിലുള്ള പ്രായമായ വ്യക്തികൾ അപൂർവമാണ്. ആചാരാനുഷ്ഠാനുങ്ങളുമായി ബന്ധപ്പെട്ട ലിഖിതപരാമർശങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെ പാഠഭേദങ്ങൾ നിരവധിയാണ്. കാലക്രമത്തിൽ വന്ന മാറ്റങ്ങളും പരിഗണിക്കേണ്ടിവരുന്നു. ഫോക്‌ലോർ രൂപം എന്ന നിലയിൽ നിലനിൽക്കുന്ന തനതു രീതികളിൽനിന്നും എന്തൊക്കെ പരിണാമങ്ങളാണ് ഉണ്ടായതെന്ന് നിർണ്ണയിക്കാനും സാധ്യമല്ല.

പേടിയാട്ട് ഭഗവതിയുടെ സഹോദരിമാരായ അമ്മാഞ്ചേരിയമ്മ, കളിയാട്ടക്കാവിലമ്മ, പൂരപ്പറമ്പിലമ്മ, ശോഭപറമ്പിലമ്മ എന്നീ സഹോദരസങ്കല്പത്തിലുള്ള ക്ഷേത്രങ്ങളെക്കുറിച്ചും അവയ്ക്ക് കടലുണ്ടി പേടിയാട്ട്ഭഗവതിയുമായുള്ള ബന്ധത്തെക്കുറിച്ചും പഠനവിധേയമാക്കാവുന്നതാണ്. കടലുണ്ടി പേടിയാട്ട്ഭഗവതിയുമായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ ഉൾക്കൊള്ളുന്ന വരയ്ക്കലമ്മ, ഭണ്ഡാരക്കാവിലമ്മ, എന്നീ ക്ഷേത്രങ്ങളെക്കുറിച്ചും പഠിക്കാവുന്നതാണ്.

പരപ്പനാട് രാജവംശത്തിന്റെ ഭാഗമായ കടലുണ്ടിയിൽ സ്ഥിതിചെയ്യുന്ന പേടിയാട്ട്കാവിന് രാജവംശവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അന്വേഷണവിധേയമാക്കേണ്ടതുണ്ട്. ഈ പ്രദേശത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഭഗവതിക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പഠിക്കുകയും അവയ്ക്ക് പ്രസ്തുത കാവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യാവുന്നതുമാണ്. സമയപരിമിതിമൂലവും ചില സാങ്കേതികബുദ്ധിമുട്ടുകൾമൂലവും പ്രസ്തുത പഠനം വിപുലീകരിക്കാൻ ഇവിടെ സാധ്യമായിട്ടില്ല.

ബുദ്ധസംസ്കാരവുമായി ബന്ധപ്പെട്ട് ചില അവശേഷിപ്പുകൾ കടലുണ്ടിക്ക് അടുത്തുള്ള മണ്ണൂർ ദേശത്ത് ഉണ്ടായിരുന്നതായി ദത്തശേഖരണസമയത്ത് മനസ്സിലാക്കാൻ കഴിഞ്ഞു. പ്രധാനമായി ബുദ്ധവിഹാരമായിരുന്നെന്നും, ആര്യാധിനിവേശത്തിന്റെയും ആക്രമണത്തിന്റെയും ഫലമായി വിഹാരം ഉപേക്ഷിച്ച് വിഗ്രഹവുമായി

ബുദ്ധഭിക്ഷുക്കൾ കോഴിക്കോട്ടേക്ക് പോയതായും പറയപ്പെടുന്നു. പ്രദേശവാസിക ളിൽ ചിലർ ബുദ്ധമതം സ്വീകരിച്ചിട്ടുള്ളവരായിരുന്നെന്നും അറിയാൻ കഴിഞ്ഞു.

എന്നാൽ അത് സ്ഥിരീകരിക്കുവാനുള്ള മതിയായ തെളിവുകൾ ശേഖരി ക്കാൻ കഴിഞ്ഞിട്ടില്ല. ഏറനാട്, വള്ളുവനാട് താലൂക്കുകളുമായി വളരെയധികം ചേർന്നുകിടക്കുന്ന ദേശമാണ് കടലുണ്ടി എന്നതിനാൽ 1921-ലെ ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെ ഭാഗമാകാൻ സാധ്യത ഏറെയാണ്. അതിനെക്കുറിച്ചുള്ള സമഗ്രമായ അന്വേഷണം വളരെ പ്രസക്തമാണ്. പൂർണ്ണാർത്ഥത്തിൽ അത് സാധിച്ചിട്ടില്ല. രാജ വംശകാലത്ത് കാവുകൾ കേന്ദ്രീകരിച്ചുള്ള തറക്കൂട്ടങ്ങളായിരുന്നു നാട് ഭരിച്ചിരു ന്നത്. അതിൽ പേടിയാട്ട്കാവിന് വ്യക്തമായ പങ്കുണ്ടോ എന്നതും അന്വേഷണ വിധേയമാക്കേണ്ടതുണ്ട്.

# ഗ്രന്ഥസൂചി

**മലയാളം പുസ്തകങ്ങൾ**


അച്യുതമേനോൻ ചേലനാട്ട്, 2015. *കേരളത്തിലെ കാളീസേവ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

അച്യുതവാര്യർ, എസ്. 2003. *കേരളസംസ്കാരം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

____________. 2019. *കേരളസംസ്കാരം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അജയകുമാർ, എ.വി. 2009. *ഫോക്‌ലോർ അധികാരം അധിനിവേശം.* കേഴിക്കോട്: ഇ.ഡി. ക്ലബ്ബ്. സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്.

അജിത് കുമാർ, എൻ. 2004. *കേരളസംസ്കാരം.* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്.

____________. 2005. *ഫോക്‌ലോറും സാഹിത്യ നിരൂപണവും തത്വവും പ്രയോഗവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

____________. അജിത്കുമാർ, എൻ. 2006. *വാമൊഴിയുടെ സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അജു കെ. നാരായണൻ, 2011. *ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

____________. (എഡി.), 2017. *താക്കോൽ വാക്കുകൾ, വിചാരമാതൃകകൾ, കേരളീയനോട്ടങ്ങൾ.* ആലുവ: വിദ്വാൻ പി. ജി, നായർ സ്മാരക ഗവേഷണഗ്രന്ഥം.

______________. 2012. *കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

അനിൽ, കെ.എം. 2004. *കടങ്കഥ സൗന്ദര്യവും സംസ്കാരവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2004. *ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം.* കോഴിക്കോട്: പാപ്പിയോൺ പബ്ലിക്കേഷൻസ്.

______________. 2016. പഞ്ചതന്ത്രം- ഇന്ത്യൻ കഥാപാരമ്പര്യത്തിലെ മൃതസഞ്ജീവനി. കണ്ണൂർ: സമയം ക്ലാസിക്സ്.

______________. (എഡി.), 2017. *സംസ്ക്കാര നിർമ്മിതി.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്.

______________. 2018. *ഫോക്‌ലോർ ജനസംസ്കൃതിയുടെ വേരുകൾ.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

______________. (എഡി.), 2018. *ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രാതിഭാസികത.* കോഴിക്കോട്-4: പ്രോഗ്രസ് ബുക്സ്.

അരവിന്ദാക്ഷൻ,വി. 2007. *ആചാരങ്ങൾ ആഘോഷങ്ങൾ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

അഷ്റഫ്, കെ.പി. 2015. *പി.ബി. ഉമ്പിച്ചിഹാജി.* കോഴിക്കോട്: ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിന്റ്സ്.

ആദർശ്, സി. 2013. *വിഭാവനകൾ വിനമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം.* എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം.

ആന്റണി, എ. 1994. *പയ്യന്നൂർ പാട്ട്.* കോട്ടയം: ഡി.സി.ബുക്സ്.

ആബിദ്, ടി., ഉണ്ണികൃഷ്ണൻ, എ.വി.(എഡി.), 2008. *ചിട്ട പ്രാദേശിക ചരിതം,* കോഴിക്കോട്: ബ്ലോക്ക് റിസോഴ്സ് സെന്റർ.

ഉണ്ണികൃഷ്ണൻ, ഇ. 1995. *ഉത്തരകേരളത്തിലെ വിശുദ്ധ വനങ്ങൾ കാവുകളെപ്പറ്റി ഒരു പരിസ്ഥിതി നാടോടി സംസ്കാരപഠനം.* തൃശ്ശൂർ: ജീവരേഖ.

ഉണ്ണികൃഷ്ണൻ, വി.എം. 2003. *ജീവിതവും സംസ്കാരവും.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

ഉമ്മർകുട്ടി, എ.എൻ.പി. 2008. *സമൂഹബന്ധങ്ങളുടെ ഉൾപ്പൊരുൾ.* തലശ്ശേരി: സോനാ മാതാ ബുക്സ്.

ഉഷാ നമ്പൂതിരിപ്പാട്, 1994. *സാമൂഹിക ഭാഷാ വിജ്ഞാനം കേരളഭാഷാ വിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അംബേദ്കർ, ബി.ആർ. (വിവ.), 2000. *അംബേദ്കർ സമ്പൂർണ്ണകൃതികൾ - വാല്യം 9.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2019. *ജാതി ഉന്മൂലനം- വ്യാഖ്യാന വിമർശനക്കുറിപ്പുകൾ സഹിതം.* കോട്ടയം: ഡി.സി. ബുക്സ്.

കണ്ണൻ, വൈ.വി. 2011. *തെയ്യങ്ങളും അനുഷ്ഠാനങ്ങളും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കലാചന്ദ്രൻ, 2014. *കാവും കളിയാട്ടവും.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

______________. 2021. *ഭൂമിയുടെ നിറങ്ങൾ-ചിത്രകലയും പ്രാദേശിക സംസ്കാരങ്ങളും.* ചെന്നൈ: നാഷൻ പ്രസ്സ്.

കർത്താ, പി.സി. 1998. *ആചാരനുഷ്ഠാനകോശം.* കോട്ടയം: ഡി.സി. ബുക്സ്.

______________.2001. *പഴഞ്ചൊൽ പ്രപഞ്ചം.* കോട്ടയം: ഡി.സി.ബുക്സ്.

കുട്ടപ്പൻ ചങ്ങനാശ്ശേരി, വി.കെ. 2015. *മഹാനായ അയ്യൻകാളി സമാനതകളില്ലാത്ത സമരനായകൻ മനുഷ്യാവകാശപ്പോരാട്ടങ്ങളുടെ വിശ്വമാതൃക.* ചങ്ങനാശ്ശേരി: വിജ്ഞാനകോശം.

കുറുപ്പ്, കെ.കെ.എൻ. 1571. *ചാലിയം കോട്ട വീണ്ടെടുക്കൽ.* വടകര: മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആൻഡ് ഡവലപ്പ്മെന്റ്.

കെ.ഇ.എൻ, 2009. *സമൂഹം സാഹിത്യം സംസ്കാരം.* തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_____________. 2016. *കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

കൊച്ച്, കെ.കെ. 2015. *കേരളചരിത്രവും സമൂഹരൂപീകരണവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഖാദി മുഹമ്മദ്., സക്കീർ ഹുസൈൻ, ഇ.എം.(വിവ.), 2013. *സാമൂതിരിക്കുവേണ്ടി ഒരു സമരാഹ്വാനം.* കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

ഗണേഷ്, കെ. എൻ. 1990. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്. കേരള സർക്കാർ.

ഗുലാത്തി, ഐ.എസ്. 1997. *ഗ്രാമപഞ്ചായത്ത് വികസന രേഖകൾ- വാല്യം 136.* തിരുവനന്തപുരം: കേരള സംസ്ഥാന ആസൂത്രണ ബോർഡ്.

ഗോപാലകൃഷ്ണൻ നടുവട്ടം, 2002. *ഗവേഷണരീതിശാസ്ത്രം.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലകൃഷ്ണൻ, പി.കെ. 2008. *കേരളത്തിന്റെ സാംസ്കാരികചരിത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലൻ നായർ, സി. 2006. *മലബാറിലെ തിറയാട്ടങ്ങൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ഗോവിന്ദ വർമ്മരാജ, ഇ.കെ., ബാലൻ, കെ. (എഡി.), 2004. *ഫോക്ലോർ പഠനം സിദ്ധാന്തതലം.* കോട്ടയം: കറന്റ് ബുക്സ്.

ഗംഗാധരൻ, ടി.കെ. 1991. *കേരള ചരിത്രം.* കാലിക്കറ്റ് യൂണിവേഴ്സിറ്റി: കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ- ഓപ്പറേറ്റീവ് സ്റ്റോർസ്.

ചന്ദ്രലേഖ, 2016. *വേരുകൾ തേടി.* വള്ളിക്കുന്ന്: ജെ. സി. ഐ വള്ളിക്കുന്ന്. പരപ്പനാട്.

ചുമ്മാർ ചൂണ്ടൽ, 2003. *ജനജീവിതവും കലകളും.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

ജമാൽ കൊച്ചങ്ങാടി, 2006. *കേരളസംസ്കാരത്തിലെ ആദാന പ്രദാനങ്ങൾ.* കോഴിക്കോട്: വചനം ബുക്സ്.

തോമസ്കുട്ടി, എൽ. 2009. *ഫോക്‌ലോറും മലയാളനാടകവും.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

നാരായണൻ, എം. ജി. എസ്. 2017. *കോഴിക്കോടിന്റെ കഥ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

പണിക്കർ, ജി.എൻ. 2001. *സാംസ്കാരികം.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്.

പത്മനാഭൻ, കെ. 2016. *മുക്കുവരും തീരദേശ സംസ്കൃതിയും.* കണ്ണൂർ: പുസ്തകഭവൻ.

പരമേശ്വരയ്യർ എസ് ഉള്ളൂർ, 1990. *കേരളസാഹിത്യ ചരിത്രം.* തിരുവനന്തപുരം: കേരളസർവകലാശാല.

പ്രകാശ്, കെ. എസ്. 2002. *ഫോക്‌ലോറും കവിതയും.* കോട്ടയം: കറന്റ് ബുക്സ്.

ബാലകൃഷ്ണൻ, പി. കെ. 1997. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും (പഠനം).* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

______________. 2008. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും.* കോട്ടയം: ഡി.സി. ബുക്സ്.

ബാലകൃഷ്ണൻ, വി., ലീലാദേവി, ആർ. 2012. *ഹൈന്ദവ വിജ്ഞാനകോശം.* തിരുവനന്തപുരം: ആർഷ ശ്രീ പബ്ലിഷിംഗ് കോ.

ബാലകൃഷ്ണൻ നായർ, വി. കെ. 2014. *പേടിയാട്ടുകാവ് ഭഗവതി ചരിത്രം.* ഓൺലൈൻ സേവനകേന്ദ്രം.

ബാലചന്ദ്രൻ കീഴോത്ത്, 2005. *ഫോക്‌ലോറും പ്രാദേശിക സംസ്കൃതിയും.* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്.

ബാലൻ, കെ. വി. 2002. *കോലപ്പൊലിമ.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

ബാലൻ, എം. 2003. *ജീവിതവും സംസ്കാരവും.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

ബാലൻ പൂതേരി, 1983. *നൈതലക്കാവ് ദേവീ മാഹാത്മ്യം.* തൃശ്ശൂർ: സേവാശ്രമം.

______________. 1989. *ക്ഷേത്രാരാധന.* ഫറോക്ക്: പ്രിന്റാർട്ട്സ് ഓഫ്സെറ്റ്.

______________. 2009. *കളിയാട്ടക്കാവ് ഭഗവതീക്ഷേത്രം.* കരിപ്പൂർ: പൂതേരി ബുക്സ്.

______________. 2012. *ഈശ്വരാനുഗ്രഹം- അനുഭവകഥകൾ.* കരിപ്പൂർ: പൂതേരി ബുക്സ്.

______________. 2014. *മാതൃദേവോ ഭവ.* കൊണ്ടോട്ടി: പൂതേരി ബുക്സ്.

ഭക്തവത്സല റെഡ്ഡി, എൻ. (ജന. എഡി.), 2004. *ഫോക്‌ലോർ പഠനം സിദ്ധാന്തതലം.* കോട്ടയം. കറന്റ് ബുക്സ്.

ഭരതൻ, കെ. എം. 2003. *ഫോക്‌ലോർ സിദ്ധാന്തവും പ്രയോഗവും.* പയ്യന്നൂർ: എഫ്. എഫ്. ട്രസ്റ്റ്.

ഭാസ്കരനുണ്ണി, പി. 1988. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം.* തൃശൂർ: കേരളസാഹിത്യ അക്കാദമി.

______________. 2005. *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ.* തൃശൂർ: കേരളസാഹിത്യ അക്കാദമി.

മഹാത്മാഗാന്ധി, (വിവ.), രാധാകൃഷ്ണൻ, കെ.എസ്. 2009. *അയിത്തം ജാതി ഹിന്ദുത്വം.* കൊച്ചി: പൂർണോദയ ബുക് ട്രസ്റ്റ്.

മാണി വെട്ടം, 1993. *പുരാണിക് എൻസൈക്ലോപീഡിയ.* കോട്ടയം: ഡി.സി. ബുക്സ്.

മാലിക് ബിന്നബി, 2012. *സമൂഹം- ജനനം വളർച്ച പതനം.* കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

മുകുന്ദൻ കുറുപ്പ്, 2013. *കേരളചരിത്രം- കളരിയും കലാരൂപങ്ങളും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

മുരളീധരൻ നെല്ലിക്കൽ, 2008. *കേരള ജാതി വിവരണം.* ചെങ്ങന്നൂർ: റെയ്ൻബോ ബുക് പബ്ലിഷേഴ്സ്.

മുഹമ്മദ് അഹമ്മദ്, ബി. 2015. *കേരളീയത ഫോക്‌ലോറിൽ.* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്.

മുഹമ്മദ്, ടി. 1976. *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ.* കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്.

മുഹമ്മദ് സദ്ദാം ചാലിയം. 2013. *ചാലിയത്തിന്റെ ചരിത്രചലനങ്ങൾ.* ചെമ്മാട്: മജ്ലിസ് ഓഫ്സെറ്റ് പ്രിന്റേഴ്സ്.

രവികുമാർ, ബി. 2008. *അനുഷ്ഠാനകല രംഗാവതരണങ്ങളും ഫോക്‌ലോറും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2010. *ചൂട്ടുപടയണി.* ചെങ്ങന്നൂർ: റെയ്ൻബോ ബുക്സ്.

രവീന്ദ്രൻ, പി. പി. 2002. *സംസ്കാര പഠനം ഒരു ആമുഖം.* കോട്ടയം: ഡി. സി. ബുക്സ്.

രാഘവൻ പയ്യനാട്, 1992. *ഫോക്‌ലോർ.* തിരുവനന്തപുരം: വിജ്ഞാനമുദ്രണം പ്രസ്സ്.

______________. (എഡി.), 1997. *കേരള ഫോക്‌ലോർ.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്.

______________. 1997. *ഫോക്‌ലോർ മൂന്നാം പതിപ്പ്.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 1998. *ഫോക്‌ലോറിന് ഒരു പഠന പദ്ധതി.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

______________. 1999. *ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും.* പയ്യന്നൂർ: എഫ്. എഫ്. എം. പബ്ലിക്കേഷൻസ്.

______________.2003. *നേരിന്റെ മൊഴി.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്.

______________. 2012. *ഫോക്‌ലോർ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2012. *കേരള ഫോക്‌ലോർ.* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്.

രാഘവവാരിയർ, രാജൻ ഗുരുക്കൾ, 1999. *കേരളചരിത്രം.* ശുകപുരം: വള്ളിത്തോൾ വിദ്യാപീഠം.

രാജഗോപാലൻ നാട്ടുകൽ, 2006. *പഴഞ്ചൊല്ലും ശൈലിയും.* തൃശൂർ: നളന്ദ പബ്ലിക്കേഷൻസ്.

രാജഗോപാലൻ, സി. ആർ. 2007. *ഫോക്‌ലോർ സിദ്ധാന്തങ്ങൾ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2008. *നാട്ടുചരിത്രം നാട്ടറിവുകൾ.* കോട്ടയം: ഡി.സി. ബുക്സ്.

രാജേന്ദ്രൻ, പി. ജി. 2001. *ക്ഷേത്രവിജ്ഞാനകോശം.* കോട്ടയം: ഡി.സി. ബുക്സ്.

രാജൻ ചുങ്കത്ത്, 2016. *പന്തിരുകുലത്തിന്റെ പിൻഗാമികൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

രാമചന്ദ്രൻ നായർ പന്മന, (എഡി.), 2013. *കേരളസംസ്കാര പഠനങ്ങൾ. വാല്യം- 1.* കോട്ടയം: കറന്റ് ബുക്സ്.

ലാലു എസ്സ് കുറുപ്പ്, 2010. *നാട്ടുമൊഴി വഴക്കങ്ങൾ.* തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്.

വർമ്മ, സി. ആർ.ആർ. 2001. *പഞ്ചഭൂതോപസാനയും സാധാരണരോഗങ്ങളും.* കൊച്ചി: പൂർണോദയ ബുക്ട്രസ്റ്റ്.

വസന്തകുമാരി, വി. 2000. *ഫോക്‌ലോറിലെ സ്ത്രീ സ്വത്വ നിർമിതി.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്.

വസന്തൻ, എസ്. കെ. 2005. *കേരള സംസ്കാരചരിത്ര നിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വാസുദേവൻപിള്ള കടമ്മനിട്ട, 1997. *പടേനിയുടെ ജീവതാളം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________.1993. *പടേനി.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

______________. 2011. *പടേണി ഒരു ഇതിഹാസനാടകം.* ചെങ്ങന്നൂർ: റെയ്ൻബോ ബുക്സ്.

വിജയകുമാരൻ, സി. പി. വി. 2003. *ഒറ്റക്കോലം.* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്.

വിദ്യാസാഗർ, കെ. 1998. *അനുഷ്ഠാനം പുരാവൃത്തം പൊരുൾ.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്.

വിനോദ് കൃഷ്ണൻ, ടി. വൈ; ഹമീദ്, എം. 2000. വിജ്ഞാനം 21-ാം നൂറ്റാണ്ടിലേക്ക്, നരവംശസാസ്ത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വില്യം ലോഗൻ, 2004. *മലബാർ മാന്വൽ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിശ്വനാഥക്കുറുപ്പ്, 1989. *കുട്ടനാടിന്റെ തനിമയും പാട്ടുകളും.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

വിഷ്ണു നമ്പൂതിരി, എം. വി. 1989. *ഫോക്‌ലോർ നിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_____________. 2000. *ഫോക്‌ലോർ നിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_____________. (ജന.എഡി.), 2002. *ഫോക്‌ലോർ പ്രബന്ധങ്ങൾ.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

_____________. (ജന.എഡി.), 2002. *ഫോക്‌ലോർ ചിന്തകൾ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

_____________. 2003. *ജീവിതവും സംസ്കാരവും.* കണ്ണൂർ: കേരളഫോക്‌ലോർ അക്കാദമി.

_____________. എം.വി. (ജന. എഡി.), 2004. *ഫോക്‌ലോറിന്റെ കൈവഴി കൾ-വാല്യം ഒന്ന്.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

_____________. 2004. *കാളീസങ്കല്പം കേരളപരിസരത്തിൽ.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

_____________. 2004. *വിവരണാത്മക ഫോക്‌ലോർ ഗ്രന്ഥസൂചി.* തിരുവനന്തപുരം: കറന്റ് ബുക്സ്.

_____________. (ജന. എഡി.), 2004. *ക്രിസ്ത്യൻ ഫോക്‌ലോർ വാല്യം ഒന്ന്.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

_____________. 2006. *നാടൻ കലകൾ നാടൻ പാട്ടുകൾ.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

_____________. 2010. *നാട്ടറിവും നാമപഠനവും കേരളത്തിലെ വ്യക്തി- കുടുംബ- ദേശനാമങ്ങളുടെ ഉദ്ഭവം പരിശോധിക്കുന്ന ആദ്യ ശാസ്ത്രീയ ഫോക്‌ലോർ പഠനം.* കോട്ടയം: ഡി. സി. ബുക്സ്.

_____________.2010. *ഫോക്‌ലോർ നിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_____________. 2010. *പുരാവൃത്ത പഠനം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

_____________. 2011. *നാടോടി വിജ്ഞാനീയം.* കോട്ടയം: ഡി.സി. ബുക്സ്.

_____________. 2012. *കേരളത്തിലെ നാടോടി വിജ്ഞാനീയത്തിനൊരു മുഖവുര.* കോട്ടയം: നാഷണൽ ബുക് സ്റ്റാൾ.

_____________. 2016. *തെയ്യംതിറത്തോറ്റങ്ങൾ.* കണ്ണൂർ: കൈരളി ബുക്സ്.

ശിവദാസ്, കെ. കെ. 2010. *തൃശൂർപൂരം പകിട്ടും പെരുമയും.* തൃശൂർ: കറന്റ് ബുക്സ്.

ശിവശങ്കരപ്പിള്ള പി.കെ. 2014. *ഫോക്‌ലോർ പഠനങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശോഭ ബാബു, 2012. *മോക്ഷപഥം.* എറണാകുളം: സിപ് ബുക്സ്.

ശ്രീകുമാർ, ആർ. 2013. *മുടിയേറ്റ് – കാവുനാടകം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീധരൻ, എ.എം. 2009. *ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും.* തൃശ്ശൂർ: മലയാള പഠനഗവേഷണകേന്ദ്രം.

ശ്രീധരമേനോൻ, എ. 1967. *കേരളചരിത്രം.* കോട്ടയം: എൻ.ബി.എസ്.

ഷാഫി കടലുണ്ടി, 2011. *കടലുണ്ടിഇതിഹാസങ്ങളുടെ നാട്.* കോഴിക്കോട്: ഹരിതം ബുക്സ്.

സഞ്ജീവൻ അഴീക്കോട്, 2007. *തെയ്യത്തിലെ ജാതിവഴക്കം.* കോട്ടയം: കറന്റ് ബുക്സ്.

സീലിയ തോമസ് പെരുമ്പനാനി, 2010. *കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും.* കോട്ടയം: കറന്റ് ബുക്സ്.

സുജഭാരതി, (എഡി.), 2019. *ആർത്തവത്തിന്റെ രാഷ്ട്രീയം.* എറണാകുളം: കബനി ബുക്സ്.

സുബ്രഹ്മണ്യൻ, എൻ. 2003. *സംഘകാല ഭരണസംവിധാനം സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും.* ഐ. സി. എച്ച്. ആർ: ഡി.സി. ബുക്സ്.

സുമേഷ്, ബി. ആർ. 2008. *പറണേറ്റ് അരങ്ങിന്റെ ബഹുസ്വരതയും അനുഷ്ഠാനത്തിന്റെ ഉത്സവപരതയും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുരേഷ് ബാബു എളയാവൂർ, 2004. *ഫോക്‌ലോറിന്റെ കൈവഴികൾ- വാല്യം ഒന്ന്.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

സെലുരാജ്, ടി.ബി. 2015. *ഇന്നലെകളിലെ കോഴിക്കോട്.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

സോമൻ, പി. 2003. *അമ്മദൈവവും സംസ്കാരവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_____________. 2007. *ഫോക്‌ലോർ സംസ്കാരം.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്

സോമൻ കടലൂർ, 2011. *ഫോക്‌ലോർ വർത്തമാനവും അന്വേഷണവും.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

_____________. 2012. *ഫോക്‌ലോറും സാഹിത്യവും.* കണ്ണൂർ: ആൽഫ വൺ പബ്ലിഷേഴ്സ്.

റാം മനോഹർ ലോഹ്യ, 2014. *ജാതിവ്യവസ്ഥ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

**English Books**


Don Yoder, 1936. Folklore and Folklife – An introduction coloumbia: University Press.

Dorzen Richard, M. 1972. *Folklore and folk life an Introduction.* Chicago: Chicago University press.

Elizebeth U. Harding, 1998. *Kali – The Black Goddess of Dakshineswar.* Delhi: Mothilal Banarsidass publishers.

Indira Goswami, Prakash pattanaik (Editors) 2001. *Indian Folklore.* Delhi: B.R Publishing corporation.

Jisha, C.K. 2009. *Mother concept in padayani.* Kozhikode: The zamorin's Guruvayurappan collage.

Logan William, M.C.S. 1987. *Malabar Vol,* Trivandrum: Charithram Publications.

Raymont William. 1979. *Culture and society Hermonds Columbia:* Columbia university press.

Sarah Cald Well, 1999. O H Terrifying mother, *sexuality violence and worship of the Goddess kali.* New Delhi: Oxford university press.

Suresh K Sharma, (Edior) 2010. *Folk- Culture of India vol-1.* Delhi: vista international publishing house.

Thurston Edger, 1909. *Castes and Tribes of south India*. Madras: Govt Press.

**ഗവേഷണ പ്രബന്ധങ്ങൾ**

ആതിര, എ.കെ. *തൊഴിലറിവ്, സംസ്കാരം, സമൂഹരൂപീകരണം: മുതലക്കുളത്തെ അലക്കുസമൂഹത്തെ മുൻനിർത്തിയുള്ള പഠനം.* കാലിക്കറ്റ് സർവകലാ ശാല: മലയാള-കേരളപഠനവിഭാഗം.

ഉണ്ണികൃഷ്ണൻ, വി. എം. 2006. *എരുമാൻ മണിയാണിമാരുടെ ജീവിതവും സംസ്കാരവും.* കോഴിക്കോട് സർവകലാശാല: മലയാള വിഭാഗം.

ജയചന്ദ്രൻ കീഴോത്ത്, 2007. *ഉത്തര കേരളത്തിലെ വാണിയരുടെ ജീവിതവും സംസ്കാരവും.* കണ്ണൂർ സർവകലാശാല: മലയാള വിഭാഗം.

നിധിന്യ, പി. 2006. *കടലുണ്ടി വാവുത്സവം ചരിത്രവും സ്വഭാവവും.* എം. എ. പ്രബ ന്ധം, കാലിക്കറ്റ് സർവകലാശാല: മലയാളവിഭാഗം.

പ്രശാന്തകൃഷ്ണൻ, ഏ.എസ്. 2006. *കുറുമരുടെ ജീവിതവും സംസ്കാരവും.* കോഴിക്കോട് സർവകലാശാല: മലയാള വിഭാഗം.

ഫാത്തിമ നജ, ടി.കെ. 2018. *വൃത്തിയും ജാതിയും: തോട്ടിയുടെ മകൻ നോവലി നെയും തെരഞ്ഞെടുത്ത ഡോക്യുമെന്ററികളെയും മുൻനിർത്തിയുള്ള പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരളപഠനവിഭാഗം.

ബഹിജാബീഗം, എം. 2010. *കൽപേനി ദ്വീപ്: ചരിത്രവും സംസ്കാരവും.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

ബിന്ധ്യ, കെ. പി. 2019. *കടലുണ്ടി വാവുത്സവം ചരിത്രപരവും, സാംസ്കാരികപ രവും, അനുഷ്ഠാനപരവുമായ സവിശേഷതകളെ ആസ്പദമാക്കി ഒരു പഠനം.* മലബാർ ക്രിസ്ത്യൻ കോളേജ്: മലയാള വിഭാഗം.

ഭരതൻ, കെ. എം. 2005. *സസ്യ ചരതം കടത്തനാടിനെ ആസ്പദമാക്കി ഒരു ഫോക്‌ലോർ പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരളപഠനവി ഭാഗം.

രഞ്ജിത് കുമാർ, പി. 2007. *കടത്തനാടിന്റെ വാമൊഴി ചരിത്രം.* കാലിക്കറ്റ് സർവക ലാശാല: സെന്റർ ഫോർ ഫോക്‌ലോർ സ്റ്റഡീസ്.

രമിളാദേവി, പി.ആർ. 2020. *പാരമ്പര്യം-ആധുനികത: സംക്രമണവും സംഘർഷവും: അക്കിത്തത്തിന്റെ കവിതകൾ ആധാരമാക്കിയുള്ള പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാളകേരളപഠനവിഭാഗം

രമേശൻ, കെ. 2007. *വയനാട്ടിലെ അടിയാന്മാർ ജീവിതവും സംസ്കാരവും - നാടോടിവിജ്ഞാനീയപരമായ ഒരു പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

ലോലിത, പി. 2019. *ഭാഷയും സാമൂഹികവികാസവും, ഇ.എം.എസ്സിന്റെ ഭാഷാസങ്കല്പത്തെ ആസ്പദമാക്കിയുള്ള പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

ശിവദാസ്, കെ. കെ. 2002. തൃശൂർപൂരം: *കൂട്ടായ്മയുടെ ബോധവും യാഥാർത്ഥ്യവും.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

ഷിംന, എം.കെ. 2016. *അനുഷ്ഠാനവും ജാതിസങ്കല്പവും തിറയാട്ടത്തിൽ.* കാലിക്കറ്റ് സർവകലാശാല: മലയാള-കേരളപഠനമവിഭാഗം.

സുമ, എം. എം. 2016. *വയനാട്ടിലെ പണിയരുടെ സാംസ്കാരിക സ്വത്വം: ഒരു നാടോടി വിജ്ഞാനീയ പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

സുരേഷ് കുമാർ, എ. 2018. *നാടോടിക്കഥ രൂപവും സംസ്കാരവും മലയാളത്തിലെ തിരഞ്ഞെടുത്ത നാടോടിക്കഥകളുടെ പഠനം.* കോഴിക്കോട് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

സൗമ്യ, കെ.വി. 2010. *ഭക്ഷണവും സംസ്കാരവും മുത്തപ്പൻ പുഴയിലെ ഭക്ഷണശീലത്തെ മുൻനിർത്തി ഒരു പഠനം.* കാലിക്കറ്റ് സർവകലാശാല: മലയാള കേരള പഠനവിഭാഗം.

Jisha C.K. 2010. *A Theme and its Diversified manifestations – A study based on Kali Concept and Performances in Kerala*. Calicut University: School of Folklore Studies, University of Calicut, Kerala.

**നോട്ടീസുകൾ**

1. ജിദ്ദാ ചാലിയം മുസ്ലീം മഹല്ലുകമ്മിറ്റി *ചാലിയം മുസ്ലീങ്ങളുടെ ആദ്യത്തെ ആസ്ഥാനം*, 07 മെയ് 1998.

2. നാട്ടുപരിചയം *കടലുണ്ടി സ്മൃതികളുണർത്തുന്ന നാട്*, 09 ഏപ്രിൽ 2002.

3. ജി.എൽ.പി.എസ്. കടലുണ്ടി, *കടലുണ്ടിയെ അറിയാൻ*, 30 മാർച്ച് 2009.

4. നാട്ടുപരിചയം, *ശാലിയാത്തിപ്പെരുമ: ഒന്നാം നമ്പർ തീവണ്ടിക്ക്...ഒന്നര നൂറ്റാണ്ട്*, 23 ഏപ്രിൽ 2011.

5. ഉമ്പിച്ചിഹാജി ഹയർ സെക്കന്ററി ചാലിയം *മെക്ക മലബാർ മേഖല ക്യാമ്പ്*, 23 ഏപ്രിൽ 2011.

6. ചാലിയം ശ്രീകണ്ഠേശ്വരക്ഷേത്രകമ്മിറ്റി, *ചാലിയം ശ്രീകണ്ഠേശ്വരക്ഷേത്രം ഐതിഹ്യം*, 2 ജനുവരി 2011.

7. ദേവസ്വം പ്രസിദ്ധീകരണം, *ശ്രീ മേക്കോട്ട ക്ഷേത്രവും ഐതിഹ്യവും*, 02 ഡിസംബർ 2011.

8. ദേവസ്വം പ്രസിദ്ധീകരണം, *ശ്രീ വളയനാട് ദേവീക്ഷേത്രം ചരിത്രവും ഐതിഹ്യങ്ങളും*, 12 ഏപ്രിൽ 2012.

9. ഉമ്പിച്ചി ഹാജി ഹയർസെക്കന്ററി സ്കൂൾ ചാലിയം *സ്മൃതിപഥം*, 5 ജൂൺ 2018.

10. കേരളവ്യാപാരി വ്യവസായി ഏകോപന സമിതി ചാലിയം, *ശുഭം*, 3 മാർച്ച് 2018.

11. ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ ചാലിയം, *വിജ്ഞാനത്തിന്റെ പ്രകാശകിരണമായി തീരദേശത്തിന്റെ അക്ഷരനൗക*, 6 മാർച്ച് 2020.

12. ഫെയ്സ് സ്നേഹസംഗമം, *പഴഞ്ചണ്ണൂർ പറഞ്ഞുവെച്ചത്*, 12 മാർച്ച് 2020.

13. മലബാർ മാന്വൽ ലഘുലേഖ, കടലുണ്ടിയെ അറിയാൻ അവലംബം, 30 മാർച്ച് 2009.

14. വിജയൻ, സി.എസ്., വരക്കൽ ശ്രീ ദുർഗ്ഗാദേവീ ക്ഷേത്ര മാഹാത്മ്യം, വരക്കൽ ദേവസ്വം, കോഴിക്കോട്, 2016.

**വികസനരേഖകൾ**

1. ജനകീയാസൂത്രണപ്രസ്ഥാനം, 1997, *പ്രൊജക്ട് വിലയിരുത്തൽ*, തിരുവനന്തപുരം: കേരളസംസ്ഥാന ആസൂത്രണബോർഡ്.

2. കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്, 2007, *ജൈവവൈവിദ്ധ്യ സാംസ്കാരിക പൈതൃകമൂല്യങ്ങളുടെ സംരക്ഷണത്തിന് ഒരു ജനകീയ കൂട്ടായ്മ.* കടലുണ്ടി: കമ്മ്യൂണിറ്റി റിസർവ് പ്രസിദ്ധീകരണം.

3. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം, 2008, *ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് മാർഗ്ഗരേഖ,* തൃശ്ശൂർ: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

4. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2010-11, *11-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണം 2-ാം ഘട്ടം.* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

5. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2012-2017. *വികസനരേഖ/പഞ്ചവത്സരപദ്ധതി.* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

6. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2015-2020. *കടലുണ്ടി ഗ്രാമപഞ്ചായത്ത് വികസനരേഖ,* കടലുണ്ടി: ഗ്രാമ പഞ്ചായത്ത്

7. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2016. *പൗരാവകാശരേഖ* ചാലിയം: 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്.

8. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2017. *വികസനസെമിനാർ,* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

9. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2017. ADM 160 *കരട് വികസനരേഖ.* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

10. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2017-2022. *13-ാം പഞ്ചവത്സരപദ്ധതി.* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

11. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2019-2020. *അന്തിമപദ്ധതിരേഖ.* കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

12. കടലുണ്ടി ഗ്രാമപഞ്ചായത്ത്, 2017. കരട് വികസനരേഖ. കടലുണ്ടി: ഗ്രാമപഞ്ചായത്ത്.

**പത്രവാർത്തകൾ**

1. *പുഴക്കരപ്പള്ളി,* മാതൃഭൂമി, 04.06.2010.

2. *ചാലിയം പള്ളികളാൽ ഭക്തിസാന്ദ്രം,* മലയാള മനോരമ, 26.09.2010.

3. *കേരളപ്പാളം - 150*, മലയാള മനോരമ, 06.03.2011.

4. ഓർക്കുന്നുവോ ഹോർത്തൂസിനെ, മാതൃഭൂമി, 04.06.2021

5. *കല്ലുകളല്ല, കോട്ടയാണ് - മറക്കരുത്, ചരിത്രമാണ്,* മലയാള മനോരമ, 12.02.2020.

## Websites

https://youtu.be/uB5EQWV8ypE (10.04.2016)

Kadalundi Puzha. mpg (12.04.2016)

https://m/.m.wikipedia.org (23.06.2017)

https://azhimugham,com (26.09.2017)

https://www.sirajlive.com2019 (28.09.2017)

https://suprabhatham.com (10.10.2018)

https://ml.m.wikipedia.org>wiki (11.10.2018)

https://m.facebook.com>permalink (09.12.2018)

https://ml.m.wiki (10.06.2019)

https://ml.m.wiki.org (10.06.2019)

https://www.mathruboomi.com (10.08.2019)

httpps://www.facebook.com (20.03.2021)

httpps://en,wikipedia.org>wiki (21.04.2022)

httpps://youtu.be/FnPPkqrq.Nsw (20.03.2023)

**ആനുകാലികങ്ങൾ**

രേഖാരാജ്. 2021 സെപ്തംബർ-ഡിസംബർ, കേരളത്തിന്റെ ആധുനികതയും ജാതി ശരീരവും, മലയാളം റിസർച്ച് ജേർണൽ, വാല്യം 14, ലക്കം 3.

മാധവൻ, കെ.എസ്. 2021 ആഗസ്ത്, ചട്ടമ്പിസ്വാമിയും കേരളത്തിന്റെ ബ്രാഹ്മണ്യ വിരുദ്ധചരിത്രഭാവനയും, വിജ്ഞാനകൈരളി, വാല്യം 53, ലക്കം 8.

ഭരതൻ, കെ.എം. 2019 ജനുവരി, തെയ്യം: കലയും കാലവും, ദേശാഭിമാനി വാരിക, പുസ്തകം 50, ലക്കം 36.

രവി, വി. 2013, ഏപ്രിൽ - ജൂലൈ, അമ്മദൈവവും നല്ലമ്മപ്പാട്ടും, പൊലി - മല യാളം ചാതുർമാസിക. പുസ്തകം. 1, ലക്കം 25.

ദിവ്യ, കെ.കെ. 2020 ഏപ്രിൽ, അനുഷ്ഠാനകലകളും വാദ്യങ്ങളും വടക്കൻ കേരള ത്തിലെ കാവനുഷ്ഠാനങ്ങളെ ഉൾപ്പെടുത്തി ഒരു നിരീക്ഷണം, മലബാർ റിസർച്ച് മാന്വൽ, വാല്യം 8, ലക്കം 1.

# ആവേദകസൂചി

| ക്രമ നം. | പേര് | സ്ത്രീ/ പുരുഷൻ | വിലാസം | വയസ്സ് |
|---|---|---|---|---|
| 1. | പ്രഭാകരൻ നായർ, പി. | പുരു. | പനയമഠം, മാങ്കാവ്, കോഴിക്കോട് | 68 |
| 2. | മണിയാനന്ദൻ | പുരു. | മനമുറ്റത്ത് പടിഞ്ഞാറെ പുരയ്ക്കൽ, ചെനക്കലങ്ങാടി | 62 |
| 3. | അമ്മാളുക്കുട്ടി | സ്ത്രീ | കുന്നത്ത്, കടലുണ്ടി | 78 |
| 4. | വേണുഗോപാലൻ നമ്പ്യാർ | പുരു. | കുന്നത്ത്, കടലുണ്ടി | 68 |
| 5. | ലക്ഷ്മണൻ, പി. | പുരു. | പരുത്തിക്കാടൻ, പരുത്തിക്കാട് | 85 |
| 6. | സുകുമാരൻ, പി. | പുരു. | പരുത്തിക്കാടൻ, പരുത്തിക്കാട് | 65 |
| 7. | വാസുദേവൻ നായർ, പി. | പുരു. | പനയമഠം, മാവൂർ | 89 |
| 8. | ഡെൽജിത്ത്, എ. | പുരു. | അണ്ടിപ്പറ്റ്, ഇടച്ചിറ | 46 |
| 9. | ബിന്ദു, പി. | സ്ത്രീ | പച്ചാട്ട്, ഇടച്ചിറ | 42 |
| 10. | രേണുക | സ്ത്രീ | വലിയപറമ്പ്, അത്താണിക്കൽ | 54 |
| 11. | ബിനോയ്, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 32 |
| 12. | വാസുദേവൻ, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 81 |
| 13. | പ്രഭാകരൻ | പുരു. | വടക്കേ നെല്ലേരി, കുറിയപ്പാടം | 68 |
| 14. | റോഷൻ, എ. | പുരു. | അണ്ടിപ്പറ്റ്, ഇടച്ചിറ | 13 |
| 15. | ശ്രീലേഖ | സ്ത്രീ | പുന്നോളി കൊറാത്ത്, ഇടച്ചിറ | 37 |
| 16. | ആദിത്യൻ കെ. മേനോൻ | പുരു. | പുന്നോളി കൊറാത്ത്, ഇടച്ചിറ | 12 |
| 17. | അർജുൻ കെ. മേനോൻ | പുരു. | പുന്നോളി കൊറാത്ത്, ഇടച്ചിറ | 8 |
| 18. | നവിത | സ്ത്രീ | ആത്രപുളിക്കൽ, ഇടച്ചിറ | 30 |
| 19. | പൂർണ്ണേന്ദു | സ്ത്രീ | ആത്രപുളിക്കൽ, ഇടച്ചിറ | 12 |
| 20. | ആരാധ്യ | സ്ത്രീ | ആത്രപുളിക്കൽ, ഇടച്ചിറ | 8 |
| 21. | ബാബുരാജൻ, കെ.പി. | പുരു. | കുടിൽപുരയ്ക്കൽ, പ്രബോധിനി | 60 |
| 22. | വിജേഷ്, ടി.പി. | പുരു. | താഴത്തെ പുരയ്ക്കൽ, ഓലപ്പീടിക | 35 |

| ക്രമ നം. | പേര് | സ്ത്രീ/ പുരു ഷൻ | വിലാസം | വയസ്സ് |
|---|---|---|---|---|
| 23. | കുമാരൻ മൂസത് | പുരു. | മനേഴി, കടലുണ്ടി | 68 |
| 24. | ശാരദ | സ്ത്രീ | അമ്പലത്താഴത്ത് വെസ്റ്റ്ഹിൽ, കോഴി ക്കോട് | 68 |
| 25. | മോഹനകൃഷ്ണൻ, എ. | പുരു. | അമ്പാളി, കടലുണ്ടി | 63 |
| 26. | മുഹമ്മദ് | പുരു. | പടിഞ്ഞാറെ പുരയ്ക്കൽ, കളിയാട്ടക്കാവ് | 85 |
| 27. | രാജേഷ് | പുരു. | പനയമഠം, പേടിയാട്ടുകുന്ന് | 50 |
| 28. | രതിൻ | പുരു. | പനയമഠം, പേടിയാട്ടുകുന്ന് | 15 |
| 29. | നവ്യ | സ്ത്രീ | പനയമഠം, ഒലിപ്രംകടവ് | 20 |
| 30. | രമിത | സ്ത്രീ | പനയമഠം, പേടിയാട്ടുകുന്ന് | 6 |
| 31. | മാലതി | സ്ത്രീ | പനയമഠം, പേടിയാട്ടുകുന്ന് | 78 |
| 32. | മുരളി | പുരു. | ഇല്ലിക്കൽ പടിക്കൽ, അത്താണിക്കൽ | 60 |
| 33. | ശാരദ | സ്ത്രീ | കാട്ടുങ്ങൽ, കടലുണ്ടി | 71 |
| 34. | ബിന്ദു | സ്ത്രീ | വാക്കയിൽ കറുത്തമ്മാട്ടിൽ, അത്താണി ക്കൽ | 48 |
| 35. | ഖാദർ | പുരു. | നൈന്ത്രം വീട്ടിൽ, വാക്കടവ് | 68 |
| 36. | ബാലൻ പൂതേരി | പുരു. | പൂതേരി, കാടപ്പടി | 67 |
| 37. | വേലായുധൻ, പി. | പുരു. | പുഴയ്ക്കൽ, കടലുണ്ടി | 87 |
| 38. | ലക്ഷ്മി | സ്ത്രീ | കൊല്ലേരി, കാരകളിപ്പറമ്പ് | 76 |
| 39. | സുകുമാരൻ | പുരു. | പുന്നശ്ശേരി, കോഴിക്കോട് | 55 |
| 40. | ശ്രീലേഖ | സ്ത്രീ | പുന്നക്കൽ, താനൂർ | 38 |
| 41. | സ്വർണ്ണകുമാരി | സ്ത്രീ | ഭഗവതിപ്പറമ്പത്ത്, കടലുണ്ടി | 77 |
| 42. | പുരുഷോത്തമൻ | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 73 |
| 43. | പ്രിയേശൻ, സി. | പുരു. | ചേരിയാം പറമ്പിൽ, ഇടച്ചിറ | 45 |
| 44. | ആര്യൻ | പുരു. | തൈക്കൂട്ടത്തിൽ, ഇടച്ചിറ | 12 |
| 45. | സൗമിനി | സ്ത്രീ | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 73 |
| 46. | നിരൻ, സി.പി. | പുരു. | ചേരിയാം പറമ്പിൽ, ഇടച്ചിറ | 15 |
| 47. | പങ്കജാക്ഷൻ | പുരു. | തൈക്കൂട്ടത്തിൽ, ഇടച്ചിറ | 73 |
| 48. | സുഗദ | സ്ത്രീ | തൈക്കൂട്ടത്തിൽ, ഇടച്ചിറ | 71 |
| 49. | കാർത്യായനി | സ്ത്രീ | തൈക്കൂട്ടത്തിൽ, കടലുണ്ടി | 75 |
| 50. | ലക്ഷ്മി | സ്ത്രീ | തൈക്കൂട്ടത്തിൽ, കടലുണ്ടി | 70 |
| 51. | സരോജിനി | സ്ത്രീ | കുടിൽപുരയ്ക്കൽ, കാരകളിപ്പറമ്പ് | 78 |
| 52. | വിജേഷ്, എ.പി. | പുരു. | അമ്പാളിപ്പറമ്പിൽ, കാരകളിപ്പറമ്പ് | 38 |
| 53. | റോഷിത്ത്, എ. | പുരു. | അണ്ടിപ്പറ്റ്, ഇടച്ചിറ | 12 |
| 54. | സുലോചന | സ്ത്രീ | തോട്ടോളി, ഇടച്ചിറ | 70 |

| ക്രമ നം. | പേര് | സ്ത്രീ/ പുരുഷൻ | വിലാസം | വയസ്സ് |
|---|---|---|---|---|
| 55. | കസ്തൂർഭായ് | സ്ത്രീ | കുളപ്പുറത്ത്, നല്ലൂർ | 75 |
| 56. | രഞ്ജിത്ത്, എ | പുരു. | അണ്ടിപ്പറ്റ്, കടലുണ്ടി | 56 |
| 57. | ബിനു കെ. | സ്ത്രീ | കുറ്റിക്കാട്ടിൽ, പ്രബോധിനി | 48 |
| 58. | ആർദ്ര, ടി. | സ്ത്രീ | തോട്ടോളി, ഇടച്ചിറ | 13 |
| 59. | അലീഷ, എ. | സ്ത്രീ | അണ്ടിപ്പറ്റ്, ഇടച്ചിറ | 14 |
| 60. | അഭിഷേക്, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 15 |
| 61. | സുബ്രഹ്മണ്യൻ പി. | പുരു. | പൊക്ലാശ്ശേരി, തൃക്കണ്ടിയൂർ | 75 |
| 62. | സരിത | സ്ത്രീ | മൂന്നാം പടിയൻ, കൊട്ടപ്പുറം | 38 |
| 63. | പരിമളകുമാരി | സ്ത്രീ | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 66 |
| 64. | സുബ്രഹ്മമണ്യൻ, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 48 |
| 65. | രാജൻ, പി. | പുരു. | പുതുകുളങ്ങര, പേടിയാട്ടുകുന്ന് | 48 |
| 66. | സഹദേവൻ, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 63 |
| 67. | രവീന്ദ്രൻ, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 78 |
| 68. | ജോർജ് | പുരു. | കൊളോണി, കോട്ടക്കടവ് | 70 |
| 69. | മിനിഷ | സ്ത്രീ | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 30 |
| 70. | സദാനന്ദൻ, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, പ്രബോധിനി | 63 |
| 71. | കുഞ്ഞിപ്പെണ്ണ്, കെ. | സ്ത്രീ | കുമ്മിൽ, കടലുണ്ടി | 88 |
| 72. | അബ്ദുൾ റഹീം | പുരു. | ആരോടി, കൊളത്തറ | 44 |
| 73. | വിശ്വനാഥൻ, കെ. | പുരു. | കുണ്ടിൽ, പേടിയാട്ടുകുന്ന് | 66 |
| 74. | വേണുഗോപാലൻ, എ. | പുരു. | അമ്പാളി, കടലുണ്ടി | 81 |
| 75. | ദേവദാസൻ, സി.പി. | പുരു. | ചേലൂർ കുപ്പാടൻ, കടലുണ്ടി | 74 |
| 76. | നിധിന്യ, പി. | സ്ത്രീ | പട്ടയിൽ, കടലുണ്ടി | 42 |
| 77. | വിജയൻ, കെ.പി. | പുരു. | കുടിൽ പുരയ്ക്കൽ, കാരകളിപ്പറമ്പ് | 50 |
| 78. | ഷിനോദ്, കെ.പി. | പുരു. | കുടിൽപുരയ്ക്കൽ, പ്രബോധിനി | 36 |
| 79. | സരോജിനി, യു. | സ്ത്രീ | ഊട്ടുകളത്തിൽ, ഇടച്ചിറ | 83 |
| 80. | ഷൈലജ, ടി. | സ്ത്രീ | തേനേരി, മണ്ണൂർ | 53 |
| 81. | ഹേമരാജൻ, യു. | പുരു. | ഊട്ടുകളത്തിൽ, ഇടച്ചിറ | 60 |
| 82. | ആദർശ്, യു. | പുരു. | ഊട്ടുകളത്തിൽ, ഇടച്ചിറ | 27 |
| 83. | ആതിര, യു. | സ്ത്രീ | ഊട്ടുകളത്തിൽ, ഇടച്ചിറ | 24 |
| 84. | ശാരദ | സ്ത്രീ | നമ്പിടിയാളിൽ, ഇടച്ചിറ | 81 |
| 85. | ജയൻ, എൻ. | പുരു. | നമ്പിടിയാളിൽ, ഇടച്ചിറ | 55 |
| 86. | ഷജിനി | സ്ത്രീ | തണ്ടാംപറമ്പത്ത്, ചെട്ടിപ്പടി | 43 |
| 87. | മനോഹരൻ, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 74 |

| ക്രമ നം. | പേര് | സ്ത്രീ/ പുരുഷൻ | വിലാസം | വയസ്സ് |
|---|---|---|---|---|
| 88. | രഘുനാഥൻ, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 50 |
| 89. | കമലാകരൻ | പുരു. | പുന്നോളി കൊറാത്ത്, ഇടച്ചിറ | 50 |
| 90. | രാജരത്നം | പുരു. | അമ്പലത്താഴത്ത്, വെസ്റ്റ് ഹിൽ, കോഴിക്കോട് | 60 |
| 91. | സതീദേവി | സ്ത്രീ | പള്ളിയാട്ടിൽ, കടലുണ്ടി | 64 |
| 92. | രാധാകൃഷ്ണൻ നായർ | പുരു. | പള്ളിയാട്ടിൽ, കടലുണ്ടി | 74 |
| 93. | മോഹൻദാസ്, പി. | പുരു. | പിൻപുറത്ത്, ചാലിയം | 65 |
| 94. | വിനു, പി. | പുരു. | പിൻപുറത്ത്, വട്ടപ്പറമ്പ് | 52 |
| 95. | കൃഷ്ണകുമാർ, പി.കെ. | പുരു. | പുന്നോളി കൊറാത്ത്, ഇടച്ചിറ | 46 |
| 96. | ജെസ്ന | സ്ത്രീ | പൊറവങ്കര, കണ്ണൂർ | 39 |
| 97. | ശിവദാസൻ, പി. | പുരു. | പുതുകുളങ്ങര, കടലുണ്ടി | 57 |
| 98. | രാജി | സ്ത്രീ | മലയിൽ, വള്ളിക്കുന്ന് | 47 |
| 99. | ജിഷി വി. | സ്ത്രീ | വള്ളയിൽ അത്താണിക്കൽ | 42 |
| 100. | കമലാക്ഷി | സ്ത്രീ | ഊട്ടുകളത്തിൽ, ഇടച്ചിറ | 65 |
| 101. | ചന്ദ്രഹാസൻ | പുരു. | കുടിൽപുരയ്ക്കൽ, പെരുമുഖം | 76 |
| 102. | ബ്രിജേഷ് | പുരു. | കൊഴമ്പുറത്ത്, ഇടച്ചിറ | 47 |
| 103. | ഉണ്ണികൃഷ്ണമേനോൻ | പുരു. | പുന്നോളി വളയനാട്, ഇടച്ചിറ | 85 |
| 104. | സംഗീത, സി.പി. | സ്ത്രീ | ചെറുപുരയ്ക്കൽ, ഇടച്ചിറ | 37 |
| 105. | മനോജ് കുമാർ, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 47 |
| 106. | ഭദ്ര, ടി. | പുരു. | തോട്ടോളി, ഇടച്ചിറ | 12 |
| 107. | വേലായുധൻ ടി | പുരു. | തോട്ടോളി, പേടിയാട്ടുകുന്ന് | 85 |
| 108. | പ്രഭാവതി ടി. | സ്ത്രീ | തോട്ടോളി, പേടിയാട്ടുകുന്ന് | 72 |
| 109. | രാജൻ | പുരു. | കുന്നത്ത്, കടലുണ്ടി | 79 |
| 110. | സുജാത വള്ളത്തോൾ | സ്ത്രീ | കോലോട്ട്, കാരകളിപ്പറമ്പ് | 59 |
| 111. | കമലേഷ് | പുരു. | ഊട്ടുകളത്തിൽ, ഇടച്ചിറ | 35 |
| 112. | കലേഷ് | പുരു. | ഊട്ടുകളത്തിൽ, ഇടച്ചിറ | 38 |
| 113. | ശ്രുതി | സ്ത്രീ | കാലങ്ങാട്ട്, ഇടച്ചിറ | 28 |
| 114. | ആനന്ദലക്ഷ്മി, എസ്. | സ്ത്രീ | ശ്രീലകം, ഇടച്ചിറ | 57 |
| 115. | പീച്ചി | സ്ത്രീ | പുള്ളിശ്ശേരി, ഇടച്ചിറ | 75 |
| 116. | വത്സല, പി. | സ്ത്രീ | പുതുകുളങ്ങര, ഇടച്ചിറ | 65 |
| 117. | ബിജേഷ്, കെ. | പുരു. | കാരിയിൽ, വട്ടപ്പറമ്പ് | 42 |
| 118. | ലക്ഷ്മി | സ്ത്രീ | ചെറാഞ്ചേരി, കടലുണ്ടി | 85 |
| 119. | കോരു | പുരു. | പൂതാറമ്പത്ത്, ബാലാതിരുത്തി | 75 |
| 120. | വിശ്വനാഥൻ | പുരു. | മനമുറ്റത്ത് പടിഞ്ഞാറെ പുരയ്ക്കൽ, ചെനക്കലങ്ങാടി | 67 |

| ക്രമ നം. | പേര് | സ്ത്രീ/ പുരുഷൻ | വിലാസം | വയസ്സ് |
|---|---|---|---|---|
| 121. | അനൂപ് ആനന്ദ് | പുരു. | മനമുറ്റത്ത് പടിഞ്ഞാറെ പുരയ്ക്കൽ, ചെനക്കലങ്ങാടി | 39 |
| 122. | സുബ്രഹ്മണ്യൻ | പുരു. | കുഴിപ്പള്ളി, ഫറോക്ക് | 87 |
| 123. | മുഹമ്മദ് റിയാസ്, എ. | പുരു. | നാറാം ചിറയ്ക്കൽ, ചാലിയം | 54 |
| 124. | പ്രേമലത, എം. | സ്ത്രീ | മാട്ടുമ്മൽ, കടലുണ്ടി | 58 |
| 125. | അറമുഖൻ | പുരു. | പുതുകുളങ്ങര, ഇടച്ചിറ | 61 |
| 126. | ജിജി | സ്ത്രീ | മുട്ടഞ്ചേരി, ഒളവണ്ണ | 50 |
| 127. | ജോജോ, ടി. | പുരു. | തെയ്യത്ത്, ഇടച്ചിറ | 61 |
| 128. | ജിത്തു, ടി. | പുരു. | തെയ്യത്ത്, ഇടച്ചിറ | 24 |
| 129. | ഷൺമുഖൻ, ടി. | പുരു. | തെയ്യത്ത്, ഇടച്ചിറ | 15 |
| 130. | നയന | സ്ത്രീ | കുണ്ടുള്ളി, തവനൂർ | 18 |
| 131. | നിരഞ്ജന | സ്ത്രീ | കുണ്ടുള്ളി, തവനൂർ | 14 |
| 132. | ദിലീപ് അച്ചുതൻ കിരുതത്ത് | പുരു. | കിരുതത്ത്, മഹാരാഷ്ട്ര | 68 |
| 133. | ഭാരതി അനന്തൻ | സ്ത്രി | പവ്വാർ, മഹാരാഷ്ട്ര | 50 |
| 134. | ബീന | സ്ത്രീ | പുന്നോളി കൊറോത്ത്, എടച്ചിറ | 49 |
| 135. | മണ്ണൂർ പ്രകാശ് | പുരു. | കടവത്ത്, മണ്ണൂർ | 55 |
| 136. | രാമചന്ദ്രൻ | പുരു. | കൊക്കയിൽ പൂച്ചേരിക്കുന്ന് | 51 |
| 137. | ജാനകി | സ്ത്രീ | അമ്പാളിപ്പറമ്പിൽ, കടലുണ്ടി | 75 |
| 138. | മഹേശ്വരി | സ്ത്രീ | മേരിയിൽ, ഇടച്ചിറ | 47 |
| 139. | മനോഹരി | സ്ത്രീ | മേരിയിൽ, ഇടച്ചിറ | 56 |
| 140. | ദാമോദരൻ നായർ | പുരു. | പനയമഠം, കടലുണ്ടി | 76 |
| 141. | നിർമ്മല | സ്ത്രീ | പുന്നോളി കൊറോത്ത്, ഇടച്ചിറ | 64 |
| 142. | ഷാജി | പുരു. | അമ്പാളിപ്പറമ്പിൽ, കടലുണ്ടി | 36 |
| 143. | അരവിന്ദൻ | പുരു | കുന്നത്ത്, ഇടച്ചിറ | 64 |
| 144. | മുഹമ്മദ് | പുരു. | പടിഞ്ഞാറെപുരക്കൽ, കളിയാട്ടമുക്ക് | 79 |
| 145. | ദേവപ്രിയ | സ്ത്രീ | പനയമഠം, ഒലിപ്രംകടവ് | 20 |
| 146. | ദേവദാസ് | പുരു. | കൊറോത്ത്, കടലുണ്ടി | 72 |
| 147. | പത്മിനി | സ്ത്രീ | കൊറോത്ത്, കടലുണ്ടി | 63 |
| 148. | ഫൽഗുനൻ | പുരു. | ചേരിയാംപറമ്പിൽ | 68 |
| 149. | ഉദയൻ | പുരു. | കാർക്കോളി, ഇടച്ചിറ | 52 |
| 150. | ദേവദാസ് | പുരു. | തീക്കുന്നത്ത്, വള്ളിക്കുന്ന് | 58 |

# അനുബന്ധം

# ഫീൽഡ് ഡയറിയും ഫീൽഡ് നോട്ടും

## 1. ഫീൽഡ് ഡയറി

29.03.2016ന് വൈകുന്നേരം നാലുമണിക്ക് ഞാൻ പേടിയാട്ട്കാവിലെത്തി. ആദ്യത്തെ അന്വേഷണം കാവിൽനിന്ന് തന്നെ തുടങ്ങാമെന്നു കരുതി. അവിടെ കാവിലെ പ്രധാനികളിലൊരാളായ പനയമഠം പ്രഭാകരൻ നായർ കാവിന്റെ മുറ്റം വൃത്തിയാക്കികൊണ്ടിരിക്കയായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. തുടർന്ന് പണി ചെയ്തു കൊണ്ടുതന്നെ കാവിന്റെ ചരിത്രത്തെപ്പറ്റിയും കാവാചാരങ്ങളെപ്പറ്റിയും വിശദമായി രണ്ടു മണിക്കൂറോളം എന്നോടു സംസാരിച്ചു.

**29.03.2016 ലെ ഫീൽഡ് നോട്ട്**

**പ്രഭാകരൻ നായർ പറഞ്ഞ കാര്യങ്ങൾ**

- ദേവി കടലിൽനിന്നാണ് വന്നത്.
- ഗുരു കൂടെ ഉണ്ടായിരുന്നു.
- ഇവിടെ പൂജ നടത്തുന്നത് മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരിയാണ്.
- നൂറുവർഷം മുമ്പേ തറവാട് ഞങ്ങളുടെ അടുത്തുനിന്ന് നഷ്ടപ്പെട്ടിരുന്നു. പിന്നീട് ഞങ്ങൾ അത് തിരിച്ച് പിടിക്കുകയും ചെയ്തു.
- ഞങ്ങൾ സ്വർണ്ണപ്രശ്നം നടത്തി.
- തറവാട്ടിൽനിന്നാണ് കാവിലേക്ക് വിളക്ക് കത്തിച്ചുകൊണ്ടു വരേണ്ടത്.
- ദേവിയെ തൊടാൻ പാടില്ല എന്നാണ് വിശ്വാസം.
- പഴം, വാഴക്കുല, അവിൽ, മഞ്ഞൾ എന്നിവയാണ് നിവേദ്യം.
- മൂത്ത കാരണവരാണ് വെള്ളനിവേദ്യം ഒരുക്കുക.
- ജാതവൻ മകനാണ്.
- ഇവിടെ സത്യക്കല്ല് ഉണ്ട്. ഇതിന് കോടതി അംഗീകാരവും ഉണ്ട്.
- രണ്ടു കക്ഷികളും സത്യക്കല്ലിൽ കയറിനിന്ന് സത്യം പറയാതെ തെറ്റുപറഞ്ഞാൽ ശിക്ഷ ലഭിക്കുകയും ചെയ്യും.
- പിന്നീട് ഒത്തുതീർപ്പ് ചെയ്ത് പോരുകയാണ് ചെയ്യുന്നത്.
- പേടിയാട്ടമ്മയുടെ അനിയത്തിയായ അമ്മാഞ്ചേരിയമ്മയും ചേച്ചി വളയനാട്ടമ്മയും മധ്യമത്തിലാണ് ഉള്ളത്.
- പേടിയാട്ടമ്മ ഉത്തമത്തിലാണ്.
- അമ്മാഞ്ചേരിയമ്മ ജാതവനെ വളയനാട്ടമ്മയുടെ അടുത്തേക്ക് കൊണ്ടുപോയി.
- അവിടെ നിന്ന് കള്ളു കുടിക്കാൻ കൊടുത്തപ്പോൾ ജാതവൻ കുടിക്കാൻ കൂട്ടാക്കിയില്ല.
- തിരിച്ചുവരുമ്പോൾ അവിടെ നിന്ന് ഒരു പുള്ളിക്കുതിരയേയും എടുത്ത് മതിൽ ചാടിച്ച് വന്നു.

- അമ്മാഞ്ചേരിക്കാവിലെ മതിൽ ഇന്നും കെട്ടിയാൽ പൊളിഞ്ഞുപോകും എന്ന് വിശ്വാസം.
- അശുദ്ധിയായ ജാതവനെ അമ്മ കയറ്റിയില്ല.
- നല്ലച്ഛനെ പോയി കാണാൻ അമ്മ പറഞ്ഞു.
- വർഷത്തിലൊരിക്കൽ നാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ കടപ്പുറത്ത് വെച്ച് നമുക്ക് പരസ്പരം കാണാം.
- മണ്ണൂർ ശിവക്ഷേത്രത്തിലെ ശിവനാണ് നല്ലച്ഛൻ എന്ന് വിശ്വാസം.
- പേടിയാട്ട്കാവിന്റെ താഴത്തെ പറമ്പിനെ ദേവസ്വം പറമ്പ് എന്നും പറയും.
- ആദ്യത്തെ കോമരം മരിച്ചു.
- പ്രശ്നം വച്ചപ്പോൾ കോമരമുണ്ടാവാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞു.
- ഭഗവതിയെ ഉത്സവദിവസം നീരാടിക്കാൻ കുന്നത്തുവരെ കൊണ്ടുപോകുന്നത് ഞങ്ങളാണ്.
- പിന്നെ ഞങ്ങളുടെ കൂടെ കാരണവർ കൂടും.
- കുന്നത്തെ നമ്പ്യാരും പനയമഠം തറവാട്ട് കാരണവരും ആണ് ദേവിക്ക് ആഭരണം കൊണ്ടുവരാൻ പോവുക.
- ഓരോ വർഷത്തേയും ആഭരണങ്ങൾ സൂക്ഷിക്കുകയും പുതിയവ ഉണ്ടാക്കുകയും ചെയ്യും.
- പെരുവണ്ണാന്മാർ ആണ് ദേവിയെ ഒരുക്കുക.
- ഉത്സവം കഴിഞ്ഞ് കൊടികൂട്ടൽ ചടങ്ങിനുശേഷം സ്വർണ്ണാഭരണങ്ങൾ പനയമഠക്കാരെയും കുന്നത്ത് നമ്പ്യാരെയും ഏൽപ്പിക്കുകയും അവരത് തിരികെ കൊണ്ടു വയ്ക്കുകയും ചെയ്യുന്നു.
- ആദ്യകാലങ്ങളിൽ മനേഴി മൂസതിന്റെ ഇല്ലത്തായിരുന്നു സ്വർണ്ണം സൂക്ഷിച്ചിരുന്നത്.
- ഇപ്പോൾ ലോക്കറിലാണ് ആഭരണം സൂക്ഷിക്കുന്നത്.
- ജാതവൻ ഊരുചുറ്റുന്നതിന്റെ ഉദ്ദേശ്യം ജനങ്ങളുടെ ക്ഷേമം അന്വേഷിക്കുക എന്നതാണ്.
- അമ്മയ്ക്ക് നാല് സഹോദരിമാർ ഉണ്ട്.
- കളിയാട്ടക്കാവിലമ്മ, പൂരപ്പറമ്പിലമ്മ, ശോഭപറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- അമ്മയുടെ മറ്റ് ഭാഗങ്ങൾ വരയ്ക്കലമ്മ, തൃക്കണ്ടിയൂർ, ഭണ്ഡാരക്കാവ് തുടങ്ങിയവ. ഇത് കടലിൽ നിന്ന് ലഭിച്ചതാണ്.
- കാവിൽ വലിയ അമ്പലത്തിൽ ദേവിക്ക് കാവലായി അംഗപൈതങ്ങളുണ്ട്.
- നാഗമാതാവ്, ഗുരു തുടങ്ങിയവരും ഉണ്ട്.
- ഇവിടെ വൃത്തിയാക്കലും കാവിന്റെ അകത്തളങ്ങളിലെ പൂജാദികർമ്മങ്ങൾക്കും ആവശ്യമായ സഹായങ്ങൾക്ക് ഞങ്ങളുണ്ട്.
- കോമരം തുള്ളുന്നത് ഞങ്ങളാണ്.
- അമ്പാളി, കുന്നത്ത്, മനേഴി, മാരാത്തയിൽ, പുളിക്കൽ, എണ്ണേക്കാട്ട് തുടങ്ങി ഒട്ടേറെ പേരും ഞങ്ങളോടൊപ്പം ഉണ്ട്.
- ഇപ്പോൾ ആളുകളുടെ ആവശ്യപ്രകാരം കാവുണ്യാഹം നടത്തുന്നു.
- മണ്ണൂർ ശിവക്ഷേത്രത്തിന്റെ നമ്പൂതിരിയാണ് ഈ പൂജ നടത്തുക.

## 2. ഫീൽഡ് ഡയറി

06.04.2016ന് ജാതവൻകോട്ടയിലെ കൂടുതൽ ചടങ്ങുകളും വിശേഷങ്ങളും അറിയു വാനായി ഞാൻ രാവിലെ വീട്ടിൽനിന്നിറങ്ങി. ജാതവനെ ഒരുക്കാനുള്ള അവകാശിക ളിലൊരാളായ മണിയാനന്ദൻ എന്ന വ്യക്തിയെ കാണുക എന്നതായിരുന്നു എന്റെ ലക്ഷ്യം. മലപ്പുറം ജില്ലയിൽ ചേളാരിക്കടുത്ത് ചെനക്കലങ്ങാടി എന്ന ദേശത്താണ് അദ്ദേഹം താമസിക്കുന്നത്. കൃത്യം പത്തുമണിക്ക് അദ്ദേഹത്തിന്റെ തറവാടായ മനമു റ്റത്ത് പടിഞ്ഞാറെ പുരയ്ക്കൽ വീട്ടിലെത്തി. അദ്ദേഹത്തെ കണ്ടു വിവരങ്ങൾ ആരാ ഞ്ഞു. ഒരു മണിക്കൂറോളം പേടിയാട്ട് ഉത്സവത്തെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു. പേടി യാട്ട് കാവിലെ ഉത്സവനാളിൽ വാദ്യമേളം നടത്തുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം എല്ലാ കാര്യങ്ങളും വിശദീകരിച്ചു പറഞ്ഞുതന്നു.

**06.04.2016ലെ ഫീൽഡ് നോട്ട്**

**മണിയാനന്ദൻ പറഞ്ഞ കാര്യങ്ങൾ**

- പതിനാല് ദിവസത്തെ വ്രതം വേണം.
- ഉത്സവത്തിന്റെ രണ്ട് ദിവസം മുൻപ് ഞങ്ങൾ ജാതവൻ കോട്ടയിലെത്തും.
- ജാതവനെ ഒരുക്കാനുള്ള അവകാശം ഞങ്ങൾക്കാണ്.
- ആദ്യത്തെ ദിവസം ഉച്ചയ്ക്ക് ശേഷം ഏകദേശം രണ്ടുമണി ആവുമ്പോഴേക്കും ജാതവ നോടൊത്ത് ഊരു ചുറ്റാനിറങ്ങും.
- തിരിച്ച് രാത്രി ഏതാണ്ട് പന്ത്രണ്ട് മണിയോടുകൂടി ജാതവൻകോട്ടയിലേക്ക് തിരിച്ചെ ത്തും.
- മണ്ണൂർ ശിവക്ഷേത്രത്തിലേക്കാണ് ആദ്യം പോകുന്നത്. ശേഷം എട്ട്യാട്ട് ഇല്ലത്തേക്കാ ണ്.
- പകൽ ഊരുചുറ്റുമ്പോൾ ജാതവൻ കാരകളിച്ചു കൊണ്ടാണ് പോവുക.
- രണ്ടാമത്തെ ദിവസം രാവിലെ ഇറങ്ങും.
- രാത്രി രണ്ട് മണിയാവും തിരിച്ചെത്താൻ.
- മൂന്നാമത്തെ ദിവസവും അതുപോലെ തന്നെ.
- പോകുമ്പോഴും വരുമ്പോഴും ജാതവൻ കോട്ടയിൽ മൂത്ത കാരണവത്തി താലപ്പൊലി എടുക്കും.
- പേടിയാട്ടമ്മ പോകുന്ന വീടുകളിലൊക്കെയാണ് ജാതവൻ പോകുന്നത്.
- ജാതവൻ പോകുന്ന വീടുകളിലേക്ക് കയറാതെ പുറത്ത് നിൽക്കുകയാണ് ചെയ്യുക.
- ഊരു ചുറ്റുമ്പോൾ കിട്ടുന്ന അരിയും, നെല്ലും എല്ലാംകൂടി ചുമടൊരുമിച്ച് ഒരോഹരി പേടിയാട്ട് കൊടുക്കും.
- അരി നാഴിയിലും, നെല്ല് പറയിലും ആണ് അളക്കുക
- നിറച്ചെപ്പ്, നിറനാഴി എന്നാണ് ഇതിനെ പറയുക.
- ഇതിൽ ഒരു നെല്ലളവ് അവകാശമായി ഞങ്ങൾക്ക് കിട്ടും.
- പേടിയാട്ട്നിന്ന് കിട്ടുന്നത് വാദ്യക്കൂലിയാണ്.

### 3. ഫീൽഡ് ഡയറി

07.04.2016ന് പേടിയാട്ട് ഉത്സവത്തിന്റെ നടത്തിപ്പിനെക്കുറിച്ചറിയുന്നതിനു വേണ്ടി ഉത്സവത്തിന്റെ പ്രധാനിയായ വേണുഗോപാലൻ നമ്പ്യാരുടെ സഹോദരി അമ്മാളുക്കുട്ടി ടീച്ചറെ കാണാൻ കടലുണ്ടിയിലെ കുന്നത്ത് തറവാട്ടിലേയ്ക്ക് ഞാൻ പുറപ്പെട്ടു. കയറി ച്ചെന്നപ്പോൾ അമ്മാളുക്കുട്ടി ടീച്ചർ ഉമ്മറത്ത് തന്നെ ഉണ്ടായിരുന്നു. ടീച്ചർ എന്നെ അക ത്തേയ്ക്ക് ക്ഷണിച്ചിരുത്തിയശേഷം ഞാൻ വിശേഷത്തിലേക്ക് കടന്നു. ഇതൊക്കെ എന്തിനാണ് കുട്ടി എന്നാണ് ടീച്ചർ എന്നോട് ചോദിച്ചത്. ഞാൻ എന്റെ ഉദ്ദേശ്യം ടീച്ചറെ അറിയിച്ചു. ഒരു മണിക്കൂറോളം ടീച്ചറുമായി സംസാരിച്ചു. ടീച്ചർ അവർക്കറിയാവുന്ന കാര്യങ്ങൾ എനിക്ക് പറഞ്ഞുതന്നു.

**07.04.2016 ലെ ഫീൽഡ് നോട്ട്**

**അമ്മാളുക്കുട്ടി ടീച്ചർ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് കൊടികയറുന്ന ഇടങ്ങളിൽ പ്രധാനം കുന്നത്ത് തറവാടാണ്.
- പുതുക്കുളങ്ങര രാജനാണ് ഇവിടെ കൊടിതൂക്കുന്നത്.
- ആദ്യം ചെറാഞ്ചേരിക്കാരായിരുന്നു കൊടി തൂക്കിയിരുന്നത്.
- ഇക്കൊല്ലം ഓണത്തറ സുധീഷും തൈക്കൂട്ടത്തിൽ മണിയും ഉണ്ടായിരുന്നു.
- ചൂടി കൊണ്ടുവരുന്നത് തൈക്കൂട്ടത്തിൽ ഷൺമുഖനും ഭണ്ഡാരം എടുക്കുന്നത് തൈക്കൂട്ടത്തിൽ ശശിയും അവരോടൊപ്പം സഹായത്തിന് മണി, ഷൺമുഖൻ, പ്രകാ ശൻ എന്നിവരും ഉണ്ടാകാറുണ്ട്.
- ഭഗവതിക്ക് കുന്നിക്കുരുപ്പശ തട്ടാന്മാരാണ് കൊണ്ടുവരിക.
- പേടിയാട്ട് കോമരം പനയമഠക്കാരാണ്.
- വിറക്, അരിപ്പൊടി എന്നിവകൊണ്ട് വരുന്നത് പാറ്റേക്കാരാണ്.
- അലക്കാൻ വെളുത്തേടൻ രാധാകൃഷ്ണനും സതിയുമാണ്.
- താഴത്തുവീട്ടിലെ ആശാരിമാരാണ് ചായില്യം കൊണ്ടുവരുന്നത്.
- ജാതവൻ ആദ്യം പോവുക എട്ട്യാട്ട് ഇല്ലത്തേക്കാണ്. ഉത്സവത്തിന് ചായില്യം കൊണ്ടുവരിക കൊല്ലേരി തറവാട്ടുകാരാണ്.
- ജാതവനെ ഒരുക്കുന്നത് തൈക്കൂട്ടത്തിൽ മണിയാണ്.
- ഇപ്പോൾ ഭഗവതിക്ക് ചായില്യം കൊണ്ടുവരുന്നത് കിഴക്കേ പുരയ്ക്കൽ ആശാരിമാരാ ണ്.
- തറമെഴുകാൻ ചാണകം കൊണ്ടുവരുന്നത് ചേലൂർ കുപ്പാടൻ ദേവദാസന്റെ വീട്ടിൽ നിന്നാണ്.
- തൈക്കൂട്ടത്തുകാരാണ് ചടങ്ങിന് വേണ്ട താംബൂലം കൊണ്ടുവരേണ്ടത്.

### 4. ഫീൽഡ് ഡയറി

08.04.2016ന് കടലുണ്ടിയിലെ കുന്നത്ത് തറവാട്ടിലെ വേണുഗോപാലൻ നമ്പ്യാ രുടെ വീട്ടിലേയ്ക്കാണ് ഞാൻ പോയത്. പേടിയാട്ട്കാവുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ കാര്യങ്ങളും കൃത്യമായി പറയാൻ കഴിയുമെന്നുള്ള ഉറച്ച ബോധ്യം എനിക്കുണ്ടായിരുന്നു. കാണാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും അടുത്തുണ്ടായിരുന്നു. ഇരുവരും എന്നെ അകത്തേക്ക് ക്ഷണിച്ചിരുത്തി കുടുംബവിശേഷങ്ങൾ ചോദിച്ചു. അതിനുശേഷം

പേടിയാട്ട്കാവിന്റെ കാര്യങ്ങളിലേയ്ക്ക് ഞാൻ കടന്നു. പേടിയാട്ട്കാവിനെകുറിച്ചും ഉത്സവ നടത്തിപ്പിനെകുറിച്ചും, കാവിന്റെ സാമൂഹിക പ്രസക്തിയെകുറിച്ചും വിശദമായി ഒരുമണിക്കൂറോളം അദ്ദേഹവുമായി സംസാരിച്ചു.

**08.04.2016ലെ ഫീൽഡ് നോട്ട്**

**വേണുഗോപാലൻ നമ്പ്യാർ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയുടെ ചരിത്രവും സംസ്കാരവും വിളിച്ചോതുന്ന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- സൗഹാർദ്ദസ്വഭാവം കൊണ്ടാണ് ജാതിയുടെയും മതത്തിന്റേയും പേരിൽ തമ്മിലടി ക്കുന്ന ഇക്കാലത്ത് കടലുണ്ടി വാവുത്സവം വേറിട്ട് നിൽക്കുന്നത്.
- ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.
- കുടുംബബന്ധങ്ങളുടെയും കൂട്ടുകാരുടെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും, നാടിന്റെ തന്നെയും കൂടിച്ചേരലാണിവിടെ നടക്കുന്നത്.
- മലബാർ മേഖലയിലെ മറ്റ് ഉത്സവങ്ങൾക്കുള്ള തിരികൊളുത്തലാണ് പേടിയാട്ട് ഭഗവ തിക്കാവിലെ ഉത്സവം.
- ഭഗവതിയുടെ ആഗമനത്തെക്കുറിച്ച് പല കഥകൾ പ്രചാരത്തിലുണ്ട്.
- കാവിന്റെ സ്വർണ്ണപ്രശ്നത്തിൽ തെളിഞ്ഞ കാര്യങ്ങളാണ് യുക്തിസഹവും വിശ്വസനീ യമായി കണക്കിലെടുക്കുന്നത്.
- കടലുണ്ടിയിലെ കുന്നത്ത് നമ്പ്യാരുടെ പിതാമഹന്മാർ വടക്കുദേശത്തുനിന്നും കടൽമാർഗ്ഗം ഉപാസിച്ചുകൊണ്ടുവന്ന ദേവീചൈതന്യം കുന്നത്ത് തറവാട്ടിലെ മച്ചിൽ കുടിയിരുത്തി.
- ഭക്തരുടെ ആരാധനാ സൗകര്യം കണക്കിലെടുത്താണ് പിൽക്കാലത്ത് ക്ഷേത്രം പണി കഴിപ്പിച്ച് അങ്ങോട്ടു മാറ്റിയതെന്നതാണ് ജ്യോതിഷചിന്തയിൽ മനസ്സിലായത്.
- നമ്പ്യാർ സമുദായം പ്രധാനമായി അധിവസിക്കുന്ന മേഖല വടക്കൻ കേരളമാണ്.
- ഉത്സവ ദിവസം എഴുന്നള്ളിക്കുന്ന ബിംബത്തിന്റെ തിരുടാട സംവിധാനത്തിന് വട ക്കൻ കേരളത്തിലെ തെയ്യക്കോലവുമായി സാമ്യമുണ്ട്.
- ദേവിയുടെ മൂലസ്ഥാനം കുന്നത്ത് തറവാടാണ്.
- കാവിന്റെ ഊരാളനും ഭരണാധികാരിയും കുന്നത്ത് നമ്പ്യാർ ആണ്. അതുകൊണ്ടാ ണിവിടെ ഉത്സവദിവസം ആദ്യം എഴുന്നള്ളത്ത് കുന്നത്ത് തറവാട്ടിലെത്താൻ കാര ണം.
- വ്രതനിഷ്ഠരായ കുന്നത്ത് തറവാട്ടിലെ പുരുഷന്മാർ നാക്കിലയിൽ പൂവൻ കുല, ഉണ ക്കലരി, ഇളനീർ, വെറ്റില, അടക്ക എന്നിവ നിവേദ്യമായി ഒരുക്കിവെക്കും.
- പിന്നീട് ദർശനം നൽകി കറുത്തങ്ങാട്ടേയ്ക്ക് എഴുന്നള്ളുന്നു.
- പണ്ടത്തെ ഇല്ലമാണ് കറുത്തങ്ങാട്ട്.
- ഈ ഇല്ലം നശിച്ചതുകൊണ്ടാണ് മനേഴി മൂസതിന് കറുത്തങ്ങാട്ടെ ചുമതല കിട്ടിയത്.
- തിരുവാഭരണപ്പെട്ടി സൂക്ഷിക്കുന്നത് മനേഴി മൂസതാണ്.
- താക്കോൽ സൂക്ഷിക്കാനുള്ള അധികാരം കുന്നത്ത് നമ്പ്യാർക്കാണ്.
- പൂജ ചെയ്യുന്ന നമ്പൂതിരിക്ക് ദക്ഷിണ കൊടുക്കുക നമ്പ്യാരാണ്.

- കാവിലെ ഏത് കാര്യത്തിലും നമ്പ്യാരുടെ സാന്നിദ്ധ്യം നിർബന്ധമാണ്.
- എല്ലാ അവകാശികളെയും കൂട്ടിയോചിപ്പിച്ച് ഉത്സവം ഭംഗിയായി നടത്തേണ്ട അധി കാരി നമ്പ്യാരാണ്.
- ജാതിവ്യവസ്ഥ നിലനിന്നിരുന്ന പണ്ടുകാലത്ത് തന്നെ എല്ലാവരേയും കോർത്തിണക്കി സാമൂഹ്യകാഴ്ചപ്പാടോടെ കൊണ്ടാടപ്പെട്ടുവരുന്നതാണ് ഈ ഉത്സവം.
- പേടിയാട്ടു ദേവി സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടിയും കൂട്ടായ്മക്കുവേണ്ടിയും നില കൊള്ളുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു.
- കടപ്പുറത്തുനിന്ന് ക്ഷേത്രത്തിലേക്ക് കൊണ്ടുവരുന്നതാണ് പ്രധാന ചടങ്ങ്.
- കുന്നത്തെ കാരണവർക്കൊപ്പം വടക്കുനിന്നും (മൂകാംബിക) വന്നു.
- ആയോധനകലയിൽ പ്രാവീണ്യം ഉള്ള ആളായിരുന്നു.

**5. ഫീൽഡ് ഡയറി**

09.04.2016 ന് ഞാൻ പരുത്തിക്കാടൻ തറവാട്ടിലെ ലക്ഷ്മണൻ മാഷിനെ കാണാൻ പോയിരുന്നു. അരിയല്ലൂരുള്ള മാധവാനന്ദ എൽ.പി. സ്കൂളിലെ പ്രധാന അധ്യാപകനായി രുന്നു അദ്ദേഹം. ഇപ്പോൾ ഉത്തരവാദിത്തങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിലും ദേവിയുടെ അവകാശികളിൽ ഒരാളാണെന്ന് അറിഞ്ഞിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ ചെന്നു കണ്ടത്. വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം ഉമ്മറത്ത് ചാരുകസേരയിൽ ഇരിക്കുന്നുണ്ടായിരു ന്നു. വാർദ്ധക്യത്തിന്റേതായ അവശതകളാൽ സംസാരിക്കാൻ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു, എങ്കിലും ഞാൻ പേടിയാട്ടമ്മയുടെ ആഗമനത്തെക്കുറിച്ചും, കാവിൽ നടത്തിപ്പിനെക്കു റിച്ചും ജാതവൻ കോട്ടയിലെ വിശേഷങ്ങളെക്കുറിച്ചും വിശദമായി ചോദിച്ചു മനസ്സിലാ ക്കി. രണ്ടു മണിക്കൂറോളം സമയം അവിടെ ചെലവഴിച്ചു.

**09.04.2016 ലെ ഫീൽഡ് നോട്ട്**

**ലക്ഷ്മണൻ മാഷ് പറഞ്ഞ കാര്യങ്ങൾ**

- ദേവിക്ക് മൂന്ന് ഭാഗങ്ങളാണ് ഉള്ളത്.
- ഒന്ന് വരയ്ക്കൽ, മറ്റൊന്ന് തെക്ക്, പിന്നെ പേടിയാട്ട്
- ഇവിടെ ശിരസ്സാണ് ഉള്ളത്.
- ദേവിയെ കിട്ടിയത് ഞങ്ങളുടെ തറവാട്ടുകാർക്കാണ്.
- കടലിൽ നിന്ന് മുടി കിട്ടിയപ്പോൾ അത് പിടിച്ച് വലിച്ച് കൊണ്ടുവന്ന് പേടിയാട്ട് കിഴക്കെ ഭാഗത്തെ മണ്ഡപത്തിൽ സൂക്ഷിച്ചു വെച്ചു.
- ഉത്സവത്തിന് നാൽപത്തിയൊന്ന് ദിവസത്തെ വ്രതം വേണം.
- ഞങ്ങളുടെ പ്രധാന ജോലി തിരുടാട ചായം കൊടുത്ത് ഉടുപ്പിക്കണം. ചൈതന്യം മുഴുവൻ കിട്ടാൻ വേണ്ടി ഭഗവതിയെ നന്നായി ഒരുക്കണം.
- പേടിയാട്ട് ക്രിയാധികൾ കഴിഞ്ഞ് തിരുമുടി അർപ്പിക്കുന്നതുവരെ ഞങ്ങളുടെ ഡ്യൂട്ടി യാണ്.
- വളരെ തുച്ഛമായ പ്രതിഫലമാണെന്ന് ഞങ്ങൾക്ക് ഉണ്ടായിരുന്നത്.
- പഴുത്ത പൂവൻകുല, അരി, നെല്ല് എന്നിവ അവകാശങ്ങളായി കിട്ടും.
- അരിയുടെ മൂല പിടിക്കുന്ന ചടങ്ങ് ഉണ്ട്. അരിയുടെ മൂലപിടിച്ച് വേറെ ചാക്കിലേക്ക് ചൊരിയണം. അടുത്ത ആൾക്കും അതുപോലെ മൂലപിടിച്ച് ചൊരിഞ്ഞുകൊടുക്കണം.

- അഞ്ചാറ് പറകിട്ടിയാലേ മുതലാവുകയുള്ളൂ
- പിന്നീട് നാലഞ്ച് അവകാശികൾ ഉണ്ടായി. അതിൽ ഒരാൾ ഒഴിഞ്ഞു.
- കളിയാട്ടമുക്കിലെ അമ്മാഞ്ചേരിയമ്മയാണ് അനിയത്തി.
- അമ്മാഞ്ചേരി അമ്മയുടെ അടുത്ത് നിന്നാണ് ജാതവൻ കുടിച്ച് കുതിരപ്പുറത്തുവന്നത്.
- മറിച്ച് വളയനാട്ടുനിന്നും മദ്യം കഴിച്ചു എന്നത് മറ്റൊരു കഥ.
- കളിയാട്ടമുക്കിന് വരികയല്ലേ പോയി കാക്കാരംകുന്നിൽ വാസം തുടങ്ങിക്കൊള്ളുക. വർഷത്തിലൊരിക്കൽ എന്നെ കാണാൻ വന്നാൽ മതി എന്ന് അമ്മ പറയുകയും ചെയ്തു.
- വേദത്തിൽ നിന്ന് ജനിച്ചവൻ എന്നാണ് ജാതവേദൻ. പിന്നീട് ലോപിച്ച് ജാതവനായി.
- മാരാത്തയിൽകാരും, മനേഴിക്കാരും ആയിരുന്നു അന്നത്തെ നാടുവാഴികൾ.
- അതിനെ കുറിച്ച് അദ്ദേഹം ഒരു അനുഭവകഥ പറഞ്ഞു.
- നാടുവാഴിയുടെ തറവാട്ടിലെ ചാണകക്കുഴി നിറഞ്ഞ് കഴുത്തിനെറ്റം നിൽക്കുന്നു.
- വാല്ല്യക്കാരത്തി അലക്കി ഉണക്കി വൈകുന്നേരം തറവാട്ടിലെത്തിക്കുകയാണ് പതിവ്.
- വൈകുന്നേരം എത്തിയപ്പോൾ ചാണകക്കുഴി വൃത്തിയാക്കാൻ തമ്പുരാൻ വാല്ല്യക്കാരത്തിയോട് പറഞ്ഞു.
- കുടിലില് കഞ്ഞിവെച്ചിട്ടില്ല ഞാൻ നാളെ ചെയ്യാം തമ്പ്രാനെ എന്ന് പറഞ്ഞു.
- സ്ത്രീയോട് തമ്പുരാൻ ധിക്കാരം ആണല്ലേ എന്ന് ചോദിച്ചു.  സ്ത്രീയെ ചാണകക്കുഴിയിൽ നിർത്തി വീട്ടിലേയ്ക്ക് വിട്ടില്ല.
- ആ സ്ത്രീയുടെ ഭർത്താവ് മാന്ത്രികനായിരുന്നു. വീട്ടിലെത്താതായപ്പോൾ ഭർത്താവ് അന്വേഷിച്ചു വന്നു.
- കാര്യം അറിഞ്ഞപ്പോൾ അടിയന്റെ പെണ്ണ് ഇവിടെ നിന്നോട്ടെ നിങ്ങളുടെ മോളെ എനിക്ക് കിട്ടിയാൽ മതിയെന്ന് പറഞ്ഞു.
- ആ സമയത്ത് തമ്പുരാന്റെ മകൾ കുളിച്ചുവന്നുനിൽക്കുകയായിരുന്നു. അപ്പോൾ ഒരു പൂവ് വന്ന് താഴെ വീണു.  അതുകണ്ട് അവളിൽ ആകർഷണശേഷി ഉണ്ടായി.
- പെട്ടെന്ന് ആകർഷിപ്പിക്കാനുള്ള വഴി അയാൾക്കറിയാമായിരുന്നു.
- തലയിൽ വെക്കാൻ പൂവ് എടുത്തപ്പോൾ പെട്ടെന്ന് തമ്പുരാട്ടിയെ കാണാനില്ല.
- തമ്പുരാൻ വാതിൽ ചവിട്ടിപൊളിച്ചു. കാണുന്നില്ല. മകൾ വണ്ടായിപ്പോയി എന്ന് മന്ത്രവാദി പറയുകയും ചെയ്തു.
- ദേവിയെ ആശാരി കൊത്തിയുണ്ടാക്കി.
- ആശാരി വിഗ്രഹത്തിലേയ്ക്ക് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണ് കോങ്കണ്ണായി.
- എന്നെ നോക്കാൻ രണ്ടുകണ്ണും വേണ്ടെന്ന് ദേവി ആശാരിയോട് പറഞ്ഞു.
- പിന്നെ കുന്നത്ത് നമ്പ്യാന്മാരുടെ അടുത്ത് ക്ഷീണം മാറ്റാൻ ദേവി കയറിയിരുന്നു.
- പേടിയാട്ട് എത്തിയപ്പോൾ ഇവിടെ എനിക്ക് ഇരിക്കണമെന്ന് പറഞ്ഞു.
- ഈ പ്രദേശത്തെ നായർക്ക് അറിയിപ്പു കൊടുക്കുകയും പ്രശ്നം വെച്ചാൽ എല്ലാവരും വരണമെന്നും അറിയിച്ചു.
- കുന്നത്തെ പാടത്ത് എത്തുമ്പോൾ പണ്ട് ദേവിയുടെ താലിവീണുപോയതുകൊണ്ട് ദേവി ഇപ്പോഴും താലി തിരയാറുണ്ട്.

6. **ഫീൽഡ് ഡയറി**

09.05.16 ന് ഞാൻ പരുത്തിക്കാടൻ തറവാട്ടിലെ തന്നെ ലക്ഷ്മണൻ മാഷിന്റെ സഹോദരൻ സുകുമാരന്റെ അടുത്തേക്കാണ് പോയത്. എന്നെ കണ്ടതും അദ്ദേഹം അകത്തേക്ക് ക്ഷണിച്ചു. വീട്ടുവിശേഷങ്ങൾക്ക് ശേഷം ചെന്നതിന്റെ ഉദ്ദേശ്യം അദ്ദേഹത്തെ അറിയിച്ചു. പേടിയാട്ട്ഭഗവതിയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അദ്ദേഹം അരമണിക്കൂറോളം എന്നോട് സംസാരിച്ചു.

**09.05.2016ലെ ഫീൽഡ് നോട്ട്**

**സുകുമാരൻ പറഞ്ഞ കാര്യങ്ങൾ**

- അഞ്ച് ദിവസം മുമ്പുതന്നെ ജാതവൻകോട്ടയിലേക്ക് പോകുന്നു.
- ഞങ്ങൾ മൂത്ത പെരുവണ്ണാന് ഗുരുതി കലക്കി ഒഴിക്കണം.
- മൂത്ത പെരുവണ്ണാന് വെറ്റിലയും അടക്കയും എടുത്തുകൊടുക്കണം.
- ഭഗവതി, കിണറിൽനിന്ന് നീരാടിവരുമ്പോൾ മറകെട്ടി ചായം പൂശി, പണ്ടം പൂശി മൂത്ത പെരുവണ്ണാനെ ഏൽപ്പിക്കണം.
- ദേവിയുടെ ചൈതന്യം ഉള്ള പെട്ടി കിണറിലാണ് സൂക്ഷിക്കുക.
- ഇരുപതുവർഷത്തോളമായി ഞങ്ങൾ അവകാശം ഒഴിഞ്ഞുകൊടുത്തു.
- ഒന്നാം കോഴി കൂവുമ്പോൾ ഞങ്ങൾ കടപ്പുറത്ത് എത്തും.
- പേടിയാട്ടമ്മയ്ക്ക് ചായം പൂശി പണ്ടം അണിയിച്ച് ഒരുക്കണം.
- പിന്നത്തെ ഏൽപ്പന മൂത്തപെരുവണ്ണാനാണ്.
- ഒരു കൊല്ലം പോയി എല്ലാം ചെയ്ത് കാണിച്ചുകൊടുത്തു.
- മണ്ണൂർക്കാര് ആണ് ഇപ്പോ അത് ഏറ്റെടുത്ത് നടത്തുന്നത്.
- ഞങ്ങൾക്ക് ഇപ്പോൾ യാതൊരു അവകാശവും ഇല്ല.

7. **ഫീൽഡ് ഡയറി**

29.05.16 ന് ഞാൻ വാസുദേവൻ നായർ എന്ന വ്യക്തിയെ പേടിയാട്ട് കാവിന്റെ പരിസരത്ത് വെച്ച് കണ്ടുമുട്ടി. പനയമഠം തറവാട്ടുകാരിൽ ഒരാളാണ് അദ്ദേഹം, പ്രധാനമായും കാവിൽ അടിച്ചുവാരി വിളക്ക് വെക്കുന്നത് ഇദ്ദേഹമാണ് ദേവിയുടെ മാഹാത്മ്യങ്ങളെ കുറിച്ചും ചടങ്ങുകളെക്കുറിച്ചും അദ്ദേഹത്തിനറിയുന്നത് എനിക്ക് പറഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടു. ഒരുമണിക്കൂറോളം അദ്ദേഹവുമായി സംസാരിച്ചു.

**29.05.2016ലെ ഫീൽഡ് നോട്ട്**

**വാസുദേവൻ നായർ പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ട് ഭഗവതിയെ പനയമഠത്തിലെ കാരണവർ വ്യാപാരത്തിന് പോയപ്പോൾ കൊണ്ടുവന്നതാണ്.
- ഉപ്പ് കുറുക്കി വള്ളത്തിൽ കയറ്റി മറ്റ് ദേശങ്ങളിലേക്ക് കൊണ്ടുപോയി വിൽപ്പന നടത്തുകയായിരുന്നു അവർ ചെയ്തിരുന്നത്.
- ഉണക്കലരി കുത്തിയൊരുക്കുന്നത് പനയമഠത്തെ സ്ത്രീകളാണ്.
- ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് ദേവിയ്ക്ക് മഞ്ഞപ്പന്തം കത്തിക്കുന്നത്.

- കോമരക്കാർ അടുത്ത കാലം വരെ പനയമഠത്ത് ഉണ്ടായിരുന്നു.
- കോമരം തുള്ളുന്നതിനുള്ള വാളെടുക്കുന്നത് ഇപ്പോഴത്തെ കാരണവരാണ്.
- കുറച്ച് മുമ്പ് ഇളയവനായ ഒരുത്തനുണ്ടായിരുന്നു. അധിക പ്രസംഗിയായിരുന്ന ഇയാൾ അധികാരം കാണിച്ചതുകൊണ്ട് നേരത്തെ മരിച്ചുപോയി.
- ഭഗവതി നീരാട്ട് കഴിഞ്ഞ് എഴുന്നള്ളുമ്പോൾ ആദ്യം കുന്നത്തും പിന്നെ കറുത്തങ്ങാട്ടുമാണ് പോവുക.
- ദേവിയുടെ മകനായ ജാതവൻ ജാതവൻകോട്ടയിലാണ് ഉള്ളത്.
- കള്ളുകുടിച്ച് അശുദ്ധിയായതിനാൽ ഒരുപിടി ഇലഞ്ഞിക്കുരു ജാതവന്റെ കൈകളിൽ കൊടുത്ത് ദേവി കാക്കാരംകുന്നിൽ കാക്കക്കിരിക്കാൻ പോലും ഇടമില്ലാത്തിടത്ത് കുടിയിരിക്കാൻ നല്ലച്ഛൻ അനുവാദം തരുമെന്ന് പറയുന്നു.
- അഞ്ച് പീഠങ്ങൾ ഉണ്ട് ഭഗവതിക്കാവിൽ.
- ഇവിടെ മാത്രമെ പൂജ ചെയ്യൂ. കിഴക്കുള്ള ചെറിയ കോവിലിൽ ഭഗവതിക്ക് പൂജയില്ല.
- ഗുരുക്കന്മാരുടെ പ്രതിഷ്ഠയ്ക്ക് അഭിമുഖമായിട്ടാണ് ഭഗവതിയുടെ പ്രതിഷ്ഠ ഉള്ളത്.
- നാഗങ്ങൾ ഭഗവതിക്ക് കാവലിരിക്കുന്നുണ്ട്.
- ഭഗവതിയുടെ തിരുശേഷിപ്പിന് കാവൽ നിൽക്കുന്നത് സുബ്രമണ്യൻ ആണ്.
- നാഗപൂജയ്ക്ക് വേണ്ടത് പഞ്ചസാരയും പഴവും ആണ്.
- ഭഗവതിക്ക് പഞ്ചസാര, പഴം, ഇളനീർ എന്നിവ.
- പണ്ട് നെൽകൃഷി ഞങ്ങൾക്ക് തന്നെ ഉണ്ടായിരുന്നു.
- ദേവിയെ എടുക്കാനുള്ള അവകാശം പനയമഠക്കാർക്കില്ല.
- അവിടെ മുസ്ലീം സമുദായക്കാരുടെ കിണർ (പള്ളിസ്ഥലം) ആയിരുന്നു ഉണ്ടായിരുന്നത്.
- പ്രശ്നം വെച്ചപ്പോൾ അതിലെ വെള്ളം ഉപയോഗിച്ചാൽ മതിയെന്ന് പറഞ്ഞു.
- ഉത്സവത്തിന്റെ തലേദിവസം ഗുരുവിന് ബലികർമ്മം ഉണ്ട്. ഗുരുവായിരുന്നു പ്രധാനം.
- നൂറുവർഷം മുമ്പ് ദേവിയുടെ പീഠം ദാരിദ്ര്യം വന്ന് നശിച്ചുപോയി. ഇപ്പോഴുള്ളത് പുതിയത് വാങ്ങിയതാണ്.
- ഉത്സവദിവസം കാരണവർ പൂജ ചെയ്യണം.
- ദേവി വിശ്രമത്തിനു കറുത്തങ്ങാട്ട് കേറുമ്പോൾ തിരുമേനി അവിടെ കാത്തുനിൽക്കണം.
- വെള്ളരി, പഴം, ഇളനീർ എന്നിവ വെയ്ക്കണം.
- പൂജ കഴിഞ്ഞാൽ കുടികൂട്ടി എണ്ണി എല്ലാവർക്കും അവകാശം നൽകും. കാശ് ഉണ്ടാവില്ല. അധ്വാനം മാത്രമാണ് ഉണ്ടാവുക.
- ഏഴ് ദിവസം ഇവിടെയുണ്ടാകും.
- താലി, പണം, വെളിച്ചെണ്ണ, പാളയും കയറും തെങ്ങിൻതൈ, വിളക്ക് തുടങ്ങിയ സാധനങ്ങളാണ് വഴിപാടായി ലഭിക്കുക.
- വെള്ളനിവേദ്യം ഉണ്ട്.
- ഉത്സവത്തലേന്ന് ദേവിയ്ക്ക് ബലിയിട്ട് വെള്ളനേദ്യം കഴിക്കും.
- ദേവി നീരാടിയതിനുശേഷമാണ് ആളുകൾ ബലിയിടുക.

- തെക്കേ മൂകാംബികയിൽനിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- അറുനൂറു  വർഷം മുമ്പുതൊട്ട് മുപ്പത്-നാൽപ്പത് വീട്ടുകാർക്ക് പേടിയാട്ട് അന്നദാനം കൊടുത്തുവരുന്നു.
- ഉത്സവദിവസം അരിയാഹാരം പാടില്ല
- ദേവിയ്ക്ക് നേദ്യം അർപ്പിച്ചതിന് ശേഷം ഇളനീരും, പഴവും കഴിക്കാം
- ഇവിടെ രണ്ട് സത്യക്കല്ല് ഉണ്ട്
- നാട്ടിലും വീട്ടിലും ആരെങ്കിലും തമ്മിൽ വഴക്കോ, തർക്കമോ ഉണ്ടായാൽ ഈ കല്ലിൽ വന്ന് സത്യം ചെയ്താൽ പരിഹാരം ഉണ്ടാകും.
- കളവ് പറഞ്ഞാൽ അതിനുള്ള ശിക്ഷ ലഭിക്കും
- കോറോത്ത് മേനോൻ സമുദായത്തിലെ ഒരു കാരണവർ ഏതോ കാര്യസാധ്യത്തിന് വേണ്ടി ദേവിക്ക് ഒരു പവൻ നേർന്നു.  കാര്യം സാധിച്ചതിനുശേഷം അത് കൊടുത്തില്ല.  അന്ന് ഒരു കാറ്റും മഴയും വന്ന് അയാൾ ഒലിച്ചുപോയി എന്ന് പറയപ്പെടുന്നു.

**8. ഫീൽഡ് ഡയറി**

02.07.2016ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ ഇടച്ചിറയിലെ അണ്ടിപ്പറ്റ് ഡെൽജിത്തിന്റെ വീട്ടിലെത്തി.  അവിടെ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവപങ്കാളിത്തത്തെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും അര മണിക്കൂറോളം അദ്ദേഹം സംസാരിച്ചു.

**02.07.2016 ലെ ഫീൽഡ് നോട്ട്**

**ഡെൽജിത്ത് പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് വീട് പെയിന്റ് ചെയ്യും.
- വീടൊക്കെ വൃത്തിയാക്കി അടുക്കിയൊതുക്കിവയ്ക്കും.
- വിരുന്നുകാർ എല്ലാവരും രണ്ടു ദിവസം മുമ്പേ വന്നുതുടങ്ങും.
- കറിവെക്കാൻ ഇറച്ചി, കടുക്ക, മീൻ എല്ലാം ഉണ്ടാവും.
- ഉത്സവത്തലേന്ന് വാവുവ്രതം എടുക്കാറുണ്ട്.
- വൈകുന്നേരം ചിരാത് വയ്ക്കാറുണ്ട്.
- ഉത്സവദിവസം പുലർച്ചെ ഭഗവതിയെ എഴുന്നള്ളിക്കുമ്പോൾ ഞങ്ങൾ നിലവിളക്ക് കൊളുത്താറുണ്ട്.
- ഉത്സവത്തലേന്ന് വൈകുന്നേരം വിരുന്നുകാരെ കൂട്ടി ഞങ്ങൾ ഉത്സവപ്പറമ്പിലേക്ക് യാത്രയാകും.
- ഞങ്ങളുടെ വീടിനു മുമ്പിലൂടെയാണ് കുന്നത്തുനിന്നും കറുത്തങ്ങാട്ടേക്കുള്ള ഭഗവതി എഴുന്നള്ളത്ത്.
- കുന്നത്തുനിന്ന് ഭഗവതിയെ എടുക്കുമ്പോഴും ഞങ്ങൾ വീട്ടിൽ നിലവിളക്കുകത്തിച്ച് കാത്തുനിൽക്കും.

## 9. ഫീൽഡ് ഡയറി

03.07.2016ന് രാവിലെ ഒൻപതുമണിക്ക് ഇടച്ചിറയിലെ പച്ചാട്ട് ബിന്ദുവിന്റെ വീട്ടിലേക്കാണ് പോയത്. പേടിയാട്ട് ഭഗവതിക്കാവിന്റെ തൊട്ടടുത്തായതുകൊണ്ട് കാര്യങ്ങൾ ചോദിച്ചറിയാം എന്നു കരുതി. ഞാൻ ചെന്ന കാര്യം പറഞ്ഞു. എനിക്കറിയുന്ന കാര്യങ്ങൾ പറഞ്ഞുതരാം, എല്ലാം എനിക്കറിയില്ല എന്നും ബിന്ദു പറഞ്ഞു. ഭഗവതിയുടെ വരവിനെക്കുറിച്ചും പേടിയാട്ടെ ചടങ്ങിനെക്കുറിച്ചും ആണ് ഞാൻ അന്വേഷിച്ചത്. അര മണിക്കൂർ നേരം ഞങ്ങൾ സംസാരിച്ചു.

**03.07.2016ലെ ഫീൽഡ് നോട്ട്**

**ബിന്ദു പറഞ്ഞ കാര്യങ്ങൾ**

- തൊടിയിൽ ഒരു പുല്ല് പോലും വയ്ക്കാതെ മുഴുവൻ വൃത്തിയാക്കും
- പേടിയാട്ട് ജാതവൻ വരുമ്പോൾ കരിക്കിടിക്കൽ എന്ന ചടങ്ങുണ്ട്.
- ഉരലിൽ ചരൽ ഇട്ടാണ് ഇടിക്കുന്നത്.
- സുന്ദരിയായ അമ്മ കടലിൽ നിന്നാണ് വന്നത്.
- ഉപ്പുകുറുക്കുന്നവരുടെ കൂടെ വന്നു.
- മകനാണ് ജാതവൻ.
- പേടിയാട്ട് താലപ്പൊലി ഉണ്ട്.
- വെളിച്ചെണ്ണ, താലി, മഞ്ഞൾപ്പൊടി, കർപ്പൂരം, ചൂട്ട്, തിരി, ചന്ദനത്തിരി, നിറച്ചുവെപ്പ് (നെല്ല്), തൂക്കുവിളക്ക്, നിലവിളക്ക്, എണ്ണ, തീപ്പെട്ടി, കുടമണി (സ്വർണം, വെള്ളി), പഴം, അവിൽ, ശർക്കര, തേങ്ങ, ഇളനീർ, ദക്ഷിണ (പണം), നേർച്ചക്കോഴി, നേർച്ചപ്പണം, കൊടി, ചൂടി, പട്ടുതുണി, തെങ്ങിൻതൈ, വെറ്റില തുടങ്ങി നേർച്ചദ്രവ്യങ്ങളായി കൊടുക്കാറുണ്ട്.

## 10. ഫീൽഡ് ഡയറി

04.08.2016ന് വൈകുന്നേരം നാലുമണിക്ക് വള്ളിക്കുന്നിലെ വലിയപറമ്പിലെ രേണുകയെ കാണാൻ ചോപ്പൻകോട്ടയിലെ വീട്ടിലെത്തി. ഉത്സവത്തിലെ പ്രധാന അവകാശികളായ മുരളീധരൻ (കോട്ട) എന്നവരുടെ ഭാര്യയായിരുന്നു. ആദ്യതവണ പോയപ്പോൾ അവർ വീട്ടിലില്ലായിരുന്നു. ശേഷം ഞങ്ങൾ സംസാരം തുടങ്ങി. ഉത്സവത്തെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും ഒരു മണിക്കൂറോളം സംസാരിച്ചു.

**04.08.2016ലെ ഫീൽഡ് നോട്ട്**

**രേണുക പറഞ്ഞ കാര്യങ്ങൾ**

- അമ്മ കടലിൽനിന്നു വന്നു.
- കളിയാട്ടക്കാവിൽനിന്ന് മകൻ ജാതവൻ അശുദ്ധനായി.
- ചെറിയമ്മ കള്ളും തവിടും കൂട്ടിയെറിഞ്ഞു.
- ജാതവൻ കുതിരയെ എടുത്തു മതിൽ ചാടിക്കടന്നു.
- അമ്മ കയറ്റിയില്ല
- കാക്കാരം കുന്നിൽ കുടിയിരിക്കാൻ പറഞ്ഞു.

- നല്ലച്ഛൻ സമ്മതം നൽകുമെന്നു പറയുന്നു.
- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നു.
- ഉത്സവത്തോടനുബന്ധിച്ച് പതിനഞ്ച് ദിവസം വ്രതം എടുക്കുന്നു.
- ആരും ആരെയും ഉത്സവത്തിന് ക്ഷണിക്കാറൊന്നുമില്ല. സമയമായാൽ എല്ലാവരും എല്ലാവരുടെയും ജോലികൾ ഏറ്റെടുത്തുനടത്തുന്നു.

**11. ഫീൽഡ് ഡയറി**

04.09.2016ന് വൈകുന്നേരം നാലരമണിക്ക് ഞാൻ പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ ബിനോയുടെ വീട്ടിലെത്തി. ഫോട്ടോഗ്രാഫറായിരുന്നു അദ്ദേഹം. ഉത്സവവുമായി ബന്ധപ്പെട്ട് കുറേ അധികം ഫോട്ടോകളും വീഡിയോകളും ലഭിക്കുമെന്ന് കരുതിയാണ് പോയത്. ഫോട്ടോ, വീഡിയോ എല്ലാം തരാമെന്ന് പറയുകയും ഉത്സവച്ചടങ്ങുകളെക്കുറിച്ച് അരമണിക്കൂറോളം സംസാരിക്കുകയും ചെയ്തു.

**04.09.2016 ലെ ഫീൽഡ് നോട്ട്**

**ബിനോയ് പറഞ്ഞ കാര്യങ്ങൾ**

- ഭഗവതിയുടെ സഹോദരി വളയനാട്ടമ്മയുടെ അടുത്തുനിന്നും ജാതവൻ അശുദ്ധിയായി.
- അവിടേക്ക് പോകരുതെന്ന് അമ്മ വിലക്കിയിരുന്നു.
- അതു വകവയ്ക്കാതെ പൂരത്തിൽ പങ്കെടുക്കാനെത്തിയ ജാതവന് വളയനാട്ടമ്മ പാൽവർണ്ണക്കുതിര സമ്മാനമായി നൽകി.
- വളയനാട്ടമ്മ ജാതവനെ മധ്യമവസ്തുക്കളടങ്ങിയ സൽക്കാരത്തിനു ക്ഷണിച്ചു. ജാതവൻ സൽക്കാരം തിരസ്കരിച്ചു.
- ഇതിൽ ക്ഷുഭിതയായ വളയനാട്ടമ്മ മധ്യമവസ്തുക്കൾ ജാതവനു നേരെ തെറിപ്പിക്കുന്നു.
- തിരികെ വന്ന ജാതവനെ പേടിയാട്ടമ്മ അകറ്റി നിർത്തി. കാക്കകേറാകുന്നിൽ കോട്ട കെട്ടി കുടിയിരുത്തുകയും ചെയ്തു. ഉത്സവത്തിന് പതിനഞ്ച് ദിവസം മുമ്പ് വ്രതം എടുക്കുന്നു.
- ജാതവന്റെ കൂടെ കാരകളിയിൽ ഏർപ്പെട്ട് ഞങ്ങളും ഉണ്ടാകും.
- ഞങ്ങൾ ചോപ്പന്മാരായി പോവാറുണ്ടായിരുന്നു.
- ഒരുദിവസം പോയപ്പോൾ അവിടുത്തെ വെളിച്ചപ്പാട് നിങ്ങൾക്ക് വീട്ടിൽ ദേവനും ദേവിയും വന്നിട്ടുണ്ടെന്നും വീട്ടിലേക്ക് വേഗം പൊയ്ക്കൊള്ളുവാനും പറഞ്ഞു.
- പക്ഷെ തിരിച്ചുപോന്നില്ല. ആ സമയം കോമരം മരത്തിന്മേൽ കിടന്നു.
- ഇവർ വരുമ്പോഴേക്കും അമ്മ താലപ്പൊലിയുമായി കാത്തുനിൽക്കാറുണ്ടായിരുന്നു.
- ആ സമയത്ത് രണ്ടുതവണ അമ്മേ അമ്മേ എന്ന വിളി കേൾക്കുന്നുണ്ടായിരുന്നു. പുറത്തുപോയി നോക്കുമ്പോൾ ആരും ഉണ്ടായിരുന്നില്ല.
- പിറ്റേ ദിവസം പേടിയാട്ടുനിന്നും കോമരം വന്ന് ദേവനെ ഇവിടെ ഇരുത്തുന്നുണ്ടെന്ന് പറയുന്നു.
- അതുകൊണ്ടാണ് ജാതവനെ എഴുന്നള്ളിക്കുമ്പോൾ തറവാട്ടമ്മ താലപ്പൊലി എടുക്കുന്നത്.

- ജാതവൻ പുറപ്പാട് മുതൽ ഏഴാം പുണ്യാഹം വരെ അതിന്റെ സഹായികളായി കൂടെ യുണ്ടാകും.
- ജാതവന്റെ കുതിരയെ അഴിക്കുന്ന ചടങ്ങിനുശേഷം ഐവർകളിയിലേർപ്പെടുന്നു.
- ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് ഗംഭീരമായി ഉത്സവം കൊണ്ടാടുന്നു.

**12. ഫീൽഡ് ഡയറി**

06.09.2016ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പ്രബോധിനിയിലെ കുടിൽപുര യ്ക്കൽ വാസുദേവൻ എന്നവരുടെ വീട്ടിലെത്തി. ജാതവൻ കോട്ടയിലെ മൂത്ത കാരണവ രായിരുന്നു അദ്ദേഹം. ഭഗവതിയെ എടുക്കുന്നതും എഴുന്നള്ളിക്കുന്നതും ജാതവൻ കോട്ട യിലെ എല്ലാ കാര്യങ്ങളും ചെയ്യുന്നതും അദ്ദേഹമാണ്. ഉത്സവത്തെപ്പറ്റിയും അവകാശ ങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും അദ്ദേഹം ഒരു മണിക്കൂറോളം സംസാ രിച്ചു.

**06.09.2016 ലെ ഫീൽഡ് നോട്ട്**

**വാസുദേവൻ പറഞ്ഞ കാര്യങ്ങൾ**

- ഒരു മാസം മുമ്പ് വ്രതമെടുത്ത് ഗുരുകാരണവൻമാർക്ക് നിവേദ്യം അർപ്പിച്ച് കഞ്ഞികു ടിച്ച് ഞങ്ങൾ ജാതവൻകോട്ടയിലെ തറവാട്ടുവീട്ടിലേക്കു പോകും.
- പിന്നീട് അവിടെ വൃത്തിയാക്കൽ ചടങ്ങുകൾ ആരംഭിക്കും.
- ഉത്സവം കഴിഞ്ഞ് ഏഴാം പുണ്യാഹത്തിനു ശേഷം മാത്രമാണ് അവിടെ നിന്നും തിരി ച്ചുവരുന്നത്.
- വ്രതം ആചരിച്ച് മൂത്ത കാരണവത്തി ഉണ്ടാക്കിത്തരുന്ന ഭക്ഷണം കഴിച്ച് അവിടെ കൂടുന്നു.
- പേടിയാട്ടമ്മയുടെ അഞ്ചാം പുണ്യാഹത്തിനു മാത്രമാണ് ഞങ്ങൾ പുറത്തിറങ്ങുന്നത്.
- ഉത്സവത്തിന്റെ ഒരുക്കങ്ങൾ നടത്തുന്നു.
- കൊട്ടിലിൽ നിന്ന് കുതിരക്കൂട് എടുത്ത് വൃത്തിയാക്കി വയ്ക്കുന്നു.
- ജാതവൻ കോട്ടയിൽ വിളക്ക് വയ്ക്കുന്നു.
- തറവാട് വീട്ടിന്റെ അകത്തളങ്ങൾ ചാണകം മെഴുകി വൃത്തിയാക്കുന്നു.
- ഉത്സവത്തിനു രണ്ടു ദിവസം മുമ്പ് ജാതവൻ പുറപ്പാടിന്റെ ഒരുക്കങ്ങളിലേക്കു കടക്കു ന്നു.
- ഉത്സവദിവസം പുലർച്ചെ വന്ന് ഇളയപെരുവണ്ണാനും മൂന്നാമനും നാലാമനും കൂടി ഭഗവതിയെ എടുത്ത് നീരാട്ടിനു പുറപ്പെടുന്നു. ഉച്ചയ്ക്ക് ഞങ്ങൾ ദേവിയെ ഒരുക്കി തിരിച്ച് കുന്നത്ത് പീഠത്തിൽ ഇരുത്തി മാറി നിൽക്കുന്നു.
- കുന്നത്ത് പേടിയാട്ട് ദേവി പടകാളിത്തല്ല് ആസ്വദിക്കുന്നു.
- അവിടെ നമ്പ്യാൻമാരുടെ പൂജ നടക്കുന്നു.
- പിന്നീട് കറുത്തങ്ങാട്ടേക്ക് യാത്രയാകുന്നു.
- അവിടെ ഭഗവതിയെ തറയിൽ ഇരുത്തിയശേഷം ഞങ്ങൾ മാറിനിൽക്കുന്നു.
- നമ്പൂതിരിയുടെ പൂജ നടക്കുന്നു.
- പേടിയാട്ടേക്ക് ജാതവനും ദേവിയും തിരിച്ചെഴുന്നള്ളുന്നു.

- അവിടെ ദേവിയെ സ്വീകരിക്കാൻ താലപ്പൊലിയേന്തി തറവാട്ടമ്മയും അനുയായികളും കാത്തുനിൽക്കുന്നു.
- ഭഗവതിയെ വലിയ കൊട്ടിലിന്റെ അകത്തളത്തിൽ കുടിയിരുത്തി. തറവാട്ടു കാരണവരുടെ പൂജകൾക്കുശേഷം ആഭരണങ്ങൾ അഴിച്ച് നമ്പ്യാർക്ക് കൊടുക്കുന്നു. എണ്ണി തിട്ടപ്പെടുത്തുന്നു.
- കുടികൂട്ടൽ ചടങ്ങിനുശേഷം ജാതവനെയും കൊണ്ട് സങ്കടത്തോടെ ജാതവൻ കോട്ട യിലേക്ക് മടങ്ങുന്നു.
- അവിടെ മൂത്ത കാരണവത്തി ഞങ്ങളെ താലപ്പൊലിയേന്തി സ്വീകരിക്കുന്നു. ജാത വനെ തറവാട്ടിലേക്ക് കൊണ്ടുപോകുന്നു. പിറ്റേദിവസം ജാതവനെ കോട്ടയിലേക്ക് കുടിയിരുത്തുന്നു.
- പിറ്റേദിവസം ജാതവന്റെ കുതിരയെ അഴിക്കുന്ന ചടങ്ങുണ്ട്.
- ഏഴാം ദിവസം പുണ്യാഹം നടത്തി ശുദ്ധി വരുത്തുന്നു.

**13. ഫീൽഡ് ഡയറി**

06.10.2016ന് വൈകുന്നേരം നാലുമണിക്ക് കുറിയപ്പാടത്തെ വടക്കേനെല്ലേരി പ്രഭാ കരന്റെ വീട്ടിലേക്കാണ് പോയത്. കോട്ടയോടൊപ്പം ജാതവനെ എഴുന്നള്ളിക്കുമ്പോൾ സഹായിയായി ഇവരാണ് ഉള്ളത്. ഉത്സവച്ചടങ്ങുകളെക്കുറിച്ചും ഭഗവതിയുടെ ഐതിഹ്യ ത്തെക്കുറിച്ചും അദ്ദേഹം ഒരു മണിക്കൂറോളം സംസാരിച്ചു.

**06.10.2016 ലെ ഫീൽഡ് നോട്ട്**

**പ്രഭാകരൻ പറഞ്ഞ കാര്യങ്ങൾ**

- പതിനഞ്ച് ദിവസം മുമ്പ് ഞങ്ങൾ വ്രതം അനുഷ്ഠിക്കുന്നു.
- ജാതവൻ പുറപ്പാടിന്റെ അന്നാണ് ജാതവൻ കോട്ടയിലേക്ക് പോകുന്നത്.
- ഞങ്ങൾ ചെല്ലുമ്പോൾ ഞങ്ങളെ വെറ്റിലച്ചെല്ലം, താലപ്പൊലിയോടുകൂടി സ്വീകരിക്കു ന്നു.
- ഞങ്ങൾ കോട്ടയിലെത്തിയതിനു ശേഷമാണ് മൂത്തപ്പെരുവണ്ണാനും കൂട്ടരും മേൽമുണ്ട് എടുക്കുന്നതും ധരിക്കുന്നതും.
- ജാതവൻ കോട്ടയിൽ നിന്ന് എല്ലാ ചടങ്ങുകളും കഴിഞ്ഞ് മണ്ണൂർ അമ്പലത്തിലേക്ക് യാത്ര തിരിക്കുന്നു.
- അവിടെ നിന്നും തീർത്ഥം വാങ്ങി എട്ട്യാട്ട് ഇല്ലത്തേക്ക് യാത്രയാകുന്നു.
- ശേഷം കാരകളിച്ചുകൊണ്ട് ഓരോ തറവാടു വീടുകളിലും (അമ്മ പോയിരുന്നതായി പറയപ്പെടുന്ന വീടുകൾ) ജാതവനെയും കൊണ്ട് പോകുന്നു.
- മൂന്നു ദിവസം ജാതവനെയും കൊണ്ട് ഊരു ചുറ്റുന്നുണ്ട്.
- എല്ലാ ദിവസവും ജാതവൻകോട്ടയിൽ നിന്ന് ഇറങ്ങുമ്പോഴും കയറുമ്പോഴും മൂത്തകാരണവത്തി താലപ്പൊലിയേന്തി ഞങ്ങളെ സ്വീകരിക്കുന്നു.
- ഉത്സവദിവസം ഭഗവതിയെയും കൊണ്ട് ആദ്യം കുന്നത്ത് അവിടെനിന്നും കറുത്ത ങ്ങാട്ട് ശേഷം പേടിയാട്ട്.
- പേടിയാട്ട് കുടികൂട്ടൽചടങ്ങിനുശേഷം ജാതവൻ സങ്കടത്തോടെ ജാതവൻകോട്ടയി ലേക്ക് യാത്രയാകുന്നു.

- ജാതവൻകോട്ടയിലേക്ക് ജാതവനെ കൊണ്ടുപോയി തറവാട്ടിൽ ഇരുത്തുന്നു.
- പിറ്റെദിവസം രാവിലെ പതിനൊന്നു മണിയോടുകൂടി കുതിരക്കൂട് അഴിക്കുന്ന ചടങ്ങ് ഐവർകളിയോടുകൂടി അവസാനിക്കുന്നു.
- ഓഹരി വെച്ച് അതിന്റെ വിഹിതവുമായി ഞങ്ങൾ യാത്രയാകുന്നു.
- ജാതവനെ അമ്പലത്തിലേക്ക് പ്രതിഷ്ഠിക്കുന്നു.

**14. ഫീൽഡ് ഡയറി**

07.10.2016 ന് വൈകുന്നേരം ഏഴുമണിക്ക് ഇടച്ചിറയിലെ അണ്ടിപ്പറ്റ് റോഷന്റെ വീട്ടിലെത്തി. അവൻ പഠിക്കുകയായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവപങ്കാളിത്തത്തെക്കുറിച്ച് പത്തുമിനിറ്റോളം സംസാരിച്ചു.

**07.10.2016 ലെ ഫീൽഡ് നോട്ട്**

**റോഷൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾ സുഹൃത്തുക്കൾ എല്ലാവരും കൂടി ഒരാഴ്ച മുമ്പേ കറങ്ങാനിറങ്ങും.
- വ്യത്യസ്ത തരം വിനോദങ്ങളൊക്കെയുണ്ടാകും.
- പീപ്പി ശബ്ദം ഉണ്ടാക്കിക്കൊണ്ട് നടക്കും.
- വ്യത്യസ്ത ഭക്ഷണങ്ങൾ വാങ്ങിക്കഴിക്കും.
- രണ്ട് ദിവസം മുമ്പുതന്നെ വീട്ടിലേക്ക് വിരുന്നുകാർ വരും.
- പിന്നെ അവരോടൊപ്പവും കറങ്ങാനിറങ്ങും.
- കളിക്കോപ്പുകൾ വാങ്ങും.
- പേടിയാട്ടമ്മയെ തൊഴാൻ പോകും.
- ജാതവൻ പുറപ്പാടിന് ജാതവൻ കോട്ടയിൽ പോകും.
- നേർച്ചയായി താലി, വെളിച്ചെണ്ണ, കൊടി ഇവയൊക്കെ കൊടുക്കാറുണ്ട്.

**15. ഫീൽഡ് ഡയറി**

08.10.2016ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പോയത് പുന്നോളി കോറാത്ത് കമലാകരന്റെ വീട്ടിലാണ്. ഇടച്ചിറയാണ് വീട്. അദ്ദേഹത്തിന്റെ ഭാര്യ ശ്രീലേഖയാണ് അവിടെ അപ്പോൾ ഉണ്ടായിരുന്നത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അകത്തേക്ക് കയറിയിരിക്കാൻ പറഞ്ഞു. കുശലാന്വേഷണത്തിനു ശേഷം കടലുണ്ടി വാവുത്സവത്തെ കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ അവർ പറഞ്ഞു തന്നു. അരമണിക്കൂർ അവരോട് സംസാരിച്ചു.

**08.10.2016ലെ ഫീൽഡ് നോട്ട്**

**ശ്രീലേഖ പറഞ്ഞ കാര്യങ്ങൾ**

- തുലാമാസത്തിലെ കറുത്തവാവ് ദിവസമാണ് കടലുണ്ടി വാവുത്സവം.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ
- ഉത്തര മലബാറിലെ ഒരു പ്രധാന ഉത്സവമാണിത്.

- കടലുണ്ടി വാവുത്സവമാണ് മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും എന്നൊരു പഴമൊഴിയുണ്ട്.
- വാവുത്സവം തുടങ്ങുന്നതിനുമുമ്പേ വീടും പരിസരവും വൃത്തിയാക്കണം.
- വീട് പെയിന്റടിക്കും.
- പറമ്പിലെ പുല്ലുകൾ ചെത്തികളയും.
- ജാതവന് അമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ഇങ്ങനെ സംഭവിക്കാൻ ഒരു കാരണമുണ്ട്.
- പേടിയാട്ടമ്മയുടെ അനിയത്തിയായ അമ്മാഞ്ചേരി അമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- അവിടെ മധ്യമത്തിലാണ് പൂജ.
- അതുകൊണ്ട് പേടിയാട്ടമ്മ വിലക്കി. അവിടെ മധ്യമകർമ്മങ്ങളാണ് ഉള്ളതെന്ന് പറഞ്ഞു.
- ജാതവൻ അമ്മയെ അനുസരിക്കാതെ പോയി.
- വളയനാട്ടമ്മ മദ്യസൽക്കാരത്തിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ഇത് നിരസിച്ച ജാതവനുനേരെ വളയനാട്ടമ്മ മദ്യം കുടയുകയും ചെയ്തു.
- തിരിച്ചെത്തിയ മകനെ അമ്മ അകറ്റിനിർത്തുകയും കാക്കകേറാകുന്നിൽ കോട്ട കെട്ടി കുടിയിരുത്തുകയും ചെയ്തു. ഇതാണ് ജാതവൻ കോട്ട എന്ന പേരിലറിയപ്പെടുന്നത്.
- ഭ്രഷ്ട് കൽപ്പിച്ച അമ്മ വാവുത്സവത്തിന് വാക്കടവിൽ വെച്ച് താൻ നീരാട്ടിനെത്തുമ്പോൾ കൂടെ എഴുന്നള്ളാമെന്ന് ജാതവന് സമ്മതം കൊടുക്കുകയും ചെയ്തു.
- അതുകൊണ്ടാണ് ജാതവൻ വാക്കടവിൽ വരുന്നതും അമ്മയോടൊപ്പം എഴുന്നള്ളുന്നതും.
- ജാതവൻ അമ്മയെ കാണാൻവേണ്ടി ഇറങ്ങും.
- ഞങ്ങൾ ജാതവൻ കോട്ടയിൽ പോയി വെളിച്ചെണ്ണയും കൊടമണിയും വഴിപാടായി നൽകും.
- ഉത്സവത്തിന്റെ തലേദിവസം വൈകുന്നേരം വീട് ചിരാത് വെച്ച് ദീപം തെളിയിക്കും
- ഉത്സവദിവസം പുലർച്ചെ ദേവി പേടിയാട്ടമ്പലത്തിൽനിന്ന് വാക്കടവിൽ കുളിക്കാൻ പോകും.
- ആ സമയത്ത് ഉമ്മറത്ത് വിളക്ക് കത്തിച്ചുവെയ്ക്കും.
- ശംഖുനാദം കേൾക്കുമ്പോഴാണ് വിളക്ക് കത്തിച്ചു വെക്കുക.
- ദേവി പോകുന്ന സമയത്ത് ആരും പുറത്തിറങ്ങാറില്ല.
- എല്ലാവരും ലൈറ്റ് ഓഫാക്കും
- കുളി കഴിഞ്ഞാൽ പിന്നെ മറകെട്ടി ദേവിയുടെ പുതുവസ്ത്രം ധരിപ്പിച്ച് ആഭരണങ്ങൾ അണിയിച്ച് അമ്മയെ സുന്ദരിയാക്കും.
- അമ്മയുടെ തൊട്ടുമുന്നിലായി ജാതവനും പുറകിലായി അമ്മയും നടക്കും.
- വാക്കടവിൽ നിന്ന് നേരെ പോവുക കുന്നത്തേക്കാണ്.

- ആ സമയത്ത് ആരും ഭക്ഷണം വിളമ്പാൻ പാടില്ല.
- ഉത്സവത്തിന്റെ രണ്ടുദിവസവും ഞങ്ങൾ മത്സ്യമാംസാദികൾ കഴിക്കില്ല.
- ദേവി കറുത്തങ്ങാട്ടേയ്ക്ക് പോകുന്നത് ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ്.
- ദേവി പോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ചുവെയ്ക്കും.
- കറുത്തങ്ങാട്ടെ ചടങ്ങുകൾക്കുശേഷം ദേവി പേടിയാട്ടേക്ക് പോകും.
- പേടിയാട്ടു പോയി ഞങ്ങൾ തൊഴുതുമടങ്ങും.

**16. ഫീൽഡ് ഡയറി**

08.10.2016 ന് ശ്രീലേഖയോട് സംസാരിക്കുമ്പോൾ അവളുടെ മകൻ പുന്നോളി കൊറോത്ത് ആദിത്യൻ അവിടേയ്ക്ക് വന്നു. അവനും ഉത്സവത്തെ കുറിച്ച് അവനറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്തുമിനിറ്റ് സംസാരിച്ചു.

**08.10.2016 ലെ ഫീൽഡ് നോട്ട്**

**ആദിത്യൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടി വാവുത്സവം ഇവിടുത്തെ പ്രധാന ഉത്സവമാണ്.
- ഞാനും എന്റെ കൂട്ടുകാരും കൂടി ജാതവൻ കോട്ടയിൽ പോയി തൊഴും.
- ഉത്സവത്തിന് ഞങ്ങളുടെ കുടുംബക്കാർ വരും വാക്കോൾ കൊണ്ടുവരും.
- വാക്കാശ് എല്ലാവരും തരും.
- കൂട്ടുകാരെല്ലാവരും വരും.
- ഭഗവതിയെ കാണാൻ കടപ്പുറത്തേക്ക് പോകും.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് ഭഗവതി പോവുക.
- ഭഗവതി പോവുമ്പോൾ എന്റെ അമ്മ വിളക്ക് കത്തിച്ചുവെക്കും.
- വാക്കാശ് കൊണ്ട് ഐസ്ക്രീം, ഉപ്പിലിട്ട സാധനങ്ങൾ, മോതിരം തുടങ്ങിയവ വാങ്ങും.

**17. ഫീൽഡ് ഡയറി**

08.10.2016 ന് ആദിത്യനോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അനിയനായ പുന്നോളി കൊറോത്ത് അർജുൻ കളികഴിഞ്ഞ് ഞങ്ങളുടെ അടുത്തേയ്ക്ക് വന്നു. ഉത്സവത്തെക്കുറിച്ച് അവനും അഞ്ച് മിനിറ്റ് സംസാരിച്ചു.

**08.10.2016 ലെ ഫീൽഡ് നോട്ട്**

**അർജുൻ പറഞ്ഞ കാര്യങ്ങൾ**

- ഇവിടുത്തെ വലിയ ഉത്സവമാണിത്.
- ഞങ്ങൾ പേടിയാട്ട് പോയി തൊഴും.
- എന്റെ ചേച്ചിമാർ വരും.
- എനിക്ക് കുറേ വാക്കാശ് കിട്ടും.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് ഭഗവതി പോകുക.
- അമ്മ അപ്പോൾ വിളക്ക് കത്തിച്ചുവയ്ക്കും.

- വാക്കാൾ കൊണ്ട് ഞാൻ കാറ്, ബസ്, തോക്ക് ഒക്കെ വാങ്ങും.
- എല്ലാവരും കൂടി പുറത്ത് ചുറ്റിക്കറങ്ങും.

**18. ഫീൽഡ് ഡയറി**

09.10.2016 ന് വൈകുന്നേരം അഞ്ചുമണിക്ക് ഇടച്ചിറയിലുള്ള ആത്രപുളിക്കൽ നവിതയുടെ വീട്ടിലേയ്ക്കാണ് ഞാൻ പോയത്. അവൾ എന്നെ അകത്തേക്ക് സ്വീകരിച്ചിരുത്തി. വീട്ടുവിശേഷങ്ങൾ പറഞ്ഞിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. പേടിയാട്ടുകാവ് ഉത്സവത്തെക്കുറിച്ച് അവൾക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരണമെന്ന് പറഞ്ഞു. ഒരു മണിക്കൂറോളം അവൾ എന്നോട് സംസാരിച്ചു.

**09.10.2016 ലെ ഫീൽഡ് നോട്ട്**

**നവിത പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടമ്മയെക്കുറിച്ച് പറഞ്ഞാൽ തീരുമെന്ന് തോന്നുന്നില്ല. അത്രയും അനുഭവങ്ങളുണ്ട്.
- കടലുണ്ടിയിലെ ഒരു പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- പേടിയാട്ടമ്മയാണ് ഉത്സവത്തിന് തുടക്കം കുറിക്കുന്നത്.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴിയും ഇവിടെയുണ്ട്.
- തുലാംമാസത്തിലാണ് ഉത്സവം ഉണ്ടാകുക.
- ഒരുപാട് ദേശങ്ങൾ പങ്കുചേരുന്ന ഉത്സവമാണ് ഇത്.
- വാവുത്സവത്തിന്റെ ഒരുമാസം മുമ്പേതന്നെ ഇവിടെ എല്ലാ വീട്ടമ്മമാർക്കും തിരക്കേറിയ ജോലികളുണ്ടാവും.
- വീടും പരിസരവും വൃത്തിയാക്കും.
- വീടിന്റെ മുക്കും മൂലയും വരെ വൃത്തിയാക്കി സൂക്ഷിക്കണം.
- പഴയ പാത്രങ്ങളും പഴയ വസ്ത്രങ്ങളും ഒക്കെ കഴുകി വൃത്തിയാക്കണം.
- വീടിന്റെ പൂപ്പലും പായലും ഉരച്ച് വൃത്തിയാക്കും.
- മുറ്റത്തെ പുല്ലുകളും, കാട്ടുചെടികളും പറിച്ച് ഒഴിവാക്കി വീടും പരിസരവും വൃത്തിയാക്കും.
- ജാതവൻ പുറപ്പെടുന്ന സമയത്തിനു മുമ്പേ വീട് വൃത്തിയാക്കി കഴിയണം.
- ചാണകം തളിച്ച് വൃത്തിയാക്കണം.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ അനുവാദമുള്ളൂ.
- അമ്മയും മകനും തമ്മിലുള്ള ഒരു ആത്മബന്ധത്തിന്റെ കഥ കൂടി ഈ ഉത്സവത്തിനുണ്ട്.
- പേടിയാട്ട് ഉത്സവത്തിന്റെ രണ്ടുനാൾ മുമ്പേയാണ് ജാതവൻ പുറപ്പാട്.
- ജാതവൻ അമ്മയെ കാണാൻ വേണ്ടി ഇറങ്ങുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്നുപറയുന്നത്.
- ഞാൻ എല്ലാ വർഷവും ജാതവനെ കാണാൻ പോകാറുണ്ട്.

- കാരകളി കാണാൻ ഇഷ്ടംപോലെ ആളുകളുണ്ടാവും.
- ആൾത്തിരക്കിനിടയിലൂടെ ഭഗവാനെ ഞാൻ തൊട്ടുതൊഴും.
- ജാതവൻ കോട്ടയിൽ പോയി വെളിച്ചെണ്ണയും കൊടമണിയും വഴിപാടായി കൊടുക്കും.
- ജാതവന് ചൂട്ട് വഴിപാടായി കൊടുക്കാറുണ്ട്.
- ജാതവന് രാത്രി നേരത്ത് വീടുകൾ തോറും പോകുമ്പോൾ വെളിച്ചത്തിനുവേണ്ടിയാണ് ഓരോ ഭക്തനും ചൂട്ട് കൊടുക്കുന്നത്.
- മൂന്നാമത്തെ ദിവസമാണ് ഉത്സവം.
- ഉത്സവം തുടങ്ങുന്നതിന്റെ ഒരാഴ്ച മുമ്പേ കടലുണ്ടി പ്രദേശം കച്ചവടക്കാരെക്കൊണ്ട് നിറയും.
- ഉത്സവത്തിന്റെ തലേദിവസം വൈകുന്നേരം പേടിയാട്ട് പോയി തൊഴുത് വന്നതിനു ശേഷം വീട് ചിരാത് കൊണ്ട് ദീപം തെളീക്കും. വീട് ദീപം കൊണ്ട് നിറയും.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ മൂന്നുമണിക്ക് ശേഷമാണ് ദേവി പേടിയാട്ടമ്പലത്തിൽ കുളിക്കാൻ പോകുന്ന നേരം.
- ആ സമയത്ത് ഉമ്മറത്ത് വിളക്ക് കത്തിച്ചുവെക്കും.
- ശംഖിന്റെ ശബ്ദമാണ് ദേവി നമ്മുടെയടുത്ത് എത്രത്തോളമെത്തി എന്ന് മനസ്സിലാക്കുന്നത്. ആ ശബ്ദം കേൾക്കുമ്പോഴാണ് വിളക്ക് കത്തിച്ച് വക്കുക.
- ദേവി പോകുന്ന സമയത്ത് ആരും പുറത്തിറങ്ങില്ല.
- ഒരാൾ പോലും ലൈറ്റ് ഇടില്ല.
- ആ സമയത്ത് കടലിൽ ഒരു തിരയടിപോലും ഉണ്ടാവില്ല.
- അത്രയ്ക്കും ശക്തിമയിയാണ് പേടിയാട്ടമ്മ.
- കുറേ പേർ കൈകോർത്ത് കെട്ടിയിട്ടാണ് ദേവിയെ കടലിൽ കുളിക്കാനിറക്കുന്നത്.
- കൈകൾ കോർത്തുപിടിച്ച് നീളത്തിൽ നിൽക്കും.
- ദേവി കടലിലേയ്ക്ക് കുളിക്കാനിറങ്ങിയാൽ ആഴങ്ങളിലേക്ക് പോകാൻ ശ്രമിക്കും. അങ്ങനെ പോകാതിരിക്കാനാണ് കുറേ പേർ ചേർന്ന് നീളത്തിൽ കൈകോർത്ത് വലിച്ച് പിടിച്ച് നിൽക്കുന്നത്.
- കുളി കഴിഞ്ഞാൽ പിന്നെ മറ കെട്ടി ദേവിയുടെ പുതുവസ്ത്രം ധരിപ്പിച്ച് ആഭരണങ്ങൾ അണിയിച്ച് ദേവിയെ അതി സുന്ദരിയാക്കും.
- അമ്മയുടെ തൊട്ടു മുമ്പിലായി ജാതവനും അമ്മ പുറകിലുമായി നടന്നു നീങ്ങുന്ന രംഗമാണ് പിന്നെ.
- ജാതവന് തന്റെ അമ്മയോടുള്ള സ്നേഹം കൊണ്ട് അടുത്തേയ്ക്ക് ഓടി വരുമ്പോൾ അമ്മ അത്രയ്ക്കും പിറകിലേയ്ക്ക് പോകുകയാണ് ചെയ്യുക.
- ജാതവന് അമ്മ ഭ്രഷ്ട് കൽപ്പിച്ചിരുന്നതിനു കാരണം ഉണ്ട്.
- പേടിയാട്ടമ്മയുടെ അനിയത്തിയായ അമ്മാഞ്ചേരിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- പേടിയാട്ടമ്മ അത് വിലക്കുകയും അവിടെ മധ്യമകർമ്മങ്ങളാണെന്ന് പറയുകയും ചെയ്തു.
- ജാതവൻ അമ്മയെ അനുസരിക്കാതെ പൂരത്തിന് പോയി.

- വളയനാട്ടമ്മ മദ്യസൽക്കാരത്തിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ഇത് തിരസ്കരിച്ച ജാതവനുനേരെ വളയനാട്ടമ്മ മദ്യവസ്തുക്കൾ തെറിപ്പിച്ച് അശുദ്ധിയാക്കുകയും ചെയ്തു.
- തിരിച്ചെത്തിയ ജാതവനെ അകറ്റിനിർത്തുകയും കാക്ക കേറാകുന്നിൽ കോട്ടകെട്ടി കുടിയിരുത്തുകയും ചെയ്തു.
- ഭ്രഷ്ട് കൽപ്പിച്ച അമ്മ വാവുത്സവത്തിന് വാക്കടവിൽ വെച്ച് താൻ നീരാട്ടിനെത്തുമ്പോൾ കൂടെ എഴുന്നള്ളാമെന്ന് ജാതവന് സമ്മതം കൊടുത്തു.
- അതുകൊണ്ടാണ് ജാതവൻ വാക്കടവിൽ വരുന്നതും അമ്മയോടൊപ്പം എഴുന്നള്ളുന്നതും.
- വാക്കടവിൽ നിന്ന് ദേവി കുന്നത്ത് തറവാട്ടിലേക്കാണ് വരിക.
- അമ്മ കുന്നത്ത് തറവാട്ടിലിരുന്നാൽ പിന്നെ ഒരു വിരുന്നുകാർക്കും ഭക്ഷണം വിളമ്പാൻ പാടില്ല.
- കുന്നത്ത് നിന്ന് കറുത്തങ്ങാട്ടേയ്ക്കാണ് പിന്നെ പോകുന്നത്.
- കറുത്തങ്ങാട്ടേയ്ക്ക് പോകുമ്പോൾ ഞാൻ ഇവിടെ വിളക്ക് വെച്ച് പ്രാർത്ഥിക്കും.
- ദേവി ഈ വഴിയിലൂടെ പോകുന്നത് കാണാൻ റോഡരികിൽ കാത്തുനിൽക്കും.
- കറുത്തങ്ങാട്ട് കുറച്ച് സമയം ഇരുന്ന് കഴിഞ്ഞാൽ അമ്മ പിന്നെ പേടിയാട്ടേയ്ക്ക് പോകും.
- അമ്മ എല്ലാവർക്കും അനുഗ്രഹം ചൊരിഞ്ഞ് പേടിയാട്ടമ്പലത്തിലിരിക്കും.
- അവിടെ പൂജയൊക്കെ കഴിഞ്ഞ് ദേവിയെ അമ്പലത്തിനുള്ളിലേക്ക് കുടിയിരുത്തും.
- ജാതവൻ ഇതൊക്കെ അവിടെ കണ്ടുനിൽക്കുന്നുണ്ടാവും.
- ആ സ്നേഹമനുഭവിക്കാൻ ഇനി അടുത്ത ഒരു വർഷം കാത്തിരിക്കണം എന്ന സങ്കടത്തോടെ ജാതവൻ തന്റെ വാസസ്ഥലമായ ജാതവൻ കോട്ടയിലേക്ക് യാത്രയാവും.

**19. ഫീൽഡ് ഡയറി**

09.10.2016 ന് വൈകുന്നേരം നവിതയോട് സംസാരിക്കുമ്പോഴാണ് അവളുടെ മകൾ പൂർണ്ണേന്ദു ട്യൂഷൻ കഴിഞ്ഞ് കയറി വന്നത്. കടലുണ്ടി വാവുത്സവത്തെക്കുറിച്ച് അവളും തന്റെ അറിവിലുള്ള കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റോളം അവളോട് സംസാരിച്ചു.

**09.10.2016 ലെ ഫീൽഡ് നോട്ട്**

**പൂർണ്ണേന്ദു പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിനു മുമ്പ് വീടും പരിസരവും വൃത്തിയാക്കണം.
- വൃത്തിയാക്കാൻ ഞാൻ അമ്മയെ സഹായിക്കും.
- മുറ്റത്ത് പുല്ല് പറിക്കും, പാത്രം കഴുകിക്കൊടുക്കും.
- ഉത്സവത്തിന്റെ തലേ ദിവസം ദീപാവലിയാണ്.
- അന്ന് ഞങ്ങളെല്ലാവരും ചേർന്ന് വീട് ചിരാത് കത്തിച്ച് അരങ്കരിക്കും.
- വൈകുന്നേരം പേടിയാട്ട് പോയി തൊഴും.
- ഉത്സവത്തിന്റെ അന്ന് ഞങ്ങളുടെ കുടുംബക്കാർ വരും.
- എല്ലാവരും ഞങ്ങൾക്ക് വാക്കാശ് തരും.

- ഉത്സവദിവസം കടപ്പുറത്തുപോയി ഭഗവതിയെ കാണും.
- വാക്കാശ് കൊണ്ട് വളയും, മാലയും പാവയും ഒക്കെ വാങ്ങിക്കും.
- ഊഞ്ഞാലിൽ കയറും, ചെടി വാങ്ങിക്കും.

**20. ഫീൽഡ് ഡയറി**

09.10.2016 ന് വൈകുന്നേരം നവിതയോടും പൂർണ്ണേന്ദുവിനോടും സംസാരിക്കുന്നതിനിടയിൽ ഇളയ മകളും കളി കഴിഞ്ഞ് വന്നു. ആരാധ്യ തനിക്കറിയാവുന്ന കാര്യങ്ങളും ഉത്സവത്തെപ്പറ്റി എന്നോട് പറഞ്ഞു. പത്ത് മിനിറ്റ് അവളോടും സംസാരിച്ചു.

**09.10.2016 ലെ ഫീൽഡ് നോട്ട്**

**ആരാധ്യ പറഞ്ഞ കാര്യങ്ങൾ**

- ഞാൻ അമ്മയേയും ചേച്ചിയേയും വീട് വൃത്തിയാക്കാൻ സഹായിക്കും.
- പേടിയാട്ട് തൊഴാൻ പോകും.
- എല്ലാവരും എനിക്ക് വാക്കാശ് തരും.
- ഉത്സവം കഴിഞ്ഞ് വൈകുന്നേരം ഞങ്ങൾ എല്ലാവരും കൂടി പുറത്ത് കറങ്ങാൻ പോകും.
- ജിലേബി, വള, മാല തുടങ്ങിയ കുറേ സാധനങ്ങൾ വാങ്ങും

**21. ഫീൽഡ് ഡയറി**

10.10.2016 ന് വൈകുന്നേരം ആറുമണിക്ക് എന്റെ ലക്ഷ്യം പെരുവണ്ണാൻ വിഭാഗത്തിൽപ്പെട്ട ബാബുരാജൻ എന്നയാളെ കാണുക എന്നതായിരുന്നു. കടലുണ്ടിയിലെ കോട്ടക്കടവ് പ്രബോധിനി എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ വീട്. മുൻകൂട്ടി ഫോൺ ചെയ്ത് പറഞ്ഞതിന് ശേഷമാണ് ഞാൻ അവിടെ ചെന്നത്. പേടിയാട്ട് കാവിനെക്കുറിച്ചും ഉത്സവത്തെക്കുറിച്ചും അതിന്റെ ഐതിഹ്യത്തെക്കുറിച്ചും പറഞ്ഞുതരണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഒരു മണിക്കൂറോളം സംസാരിച്ചു.

**10.10.2016ലെ ഫീൽഡ്നോട്ട്**

**ബാബുരാജൻ പറഞ്ഞ കാര്യങ്ങൾ**

- പനയമഠത്തിലെ ഉപ്പൂത്തി നായർക്കാണ് ദേവിയെ കിട്ടിയത്.
- മനേഴി, കറുത്തങ്ങാട്ട്, ആറ്റിങ്ങര, പെരിങ്ങോട്ട് എന്നിവരാണ് അന്നത്തെ തറവാട്ടുകാർ.
- കറുത്തങ്ങാടിന്റെ അവകാശം പെരിങ്ങോട്ട് ഇല്ലക്കാർക്കാണ് വന്നു ചേർന്നത്.
- പൂജയ്ക്കുള്ള അവകാശവും അവർക്കാണ്.
- ഇത് പിന്നീട് മനേഴിക്കാർക്ക് ആയി. കീഴ്വഴക്കം അവർക്കായിരുന്നു.
- പണ്ട് നിലവിളക്കിലെ തിരിയിൽനിന്ന് തീ പടർന്ന് ഓലയ്ക്ക് തീ പിടിച്ച് ജാതവൻ കോട്ട കത്തിപ്പോയി.
- ആത്തോലമ്മയുടെ താലി വിറ്റ് പണി കഴിപ്പിച്ചതാണ് ഇപ്പോഴത്തെ ജാതവൻ കോട്ട.
- മനേഴി മൂസതിന്റെ ഭാര്യയെയാണ് ആത്തോലമ്മ എന്ന് വിളിച്ചിരുന്നത്.

- പതിനാറ് അവകാശികൾ ഉണ്ട്.
- പായ നെയ്യുന്ന ആശാരിമാർ വരെ അവകാശികളാണ്.
- ജാതവൻ കോട്ടയ്ക്കും പേടിയാട്ട്കാവിനും കേടുപാടുകൾ വന്നാൽ കൊള്ളിയിൽ തറവാട്ടുകാർ അത് നന്നാക്കണം എന്നാണ് അവിടുത്തെ എഴുതപ്പെടാത്ത ഒരു നിയമം.
- ഓലകൊണ്ടായിരുന്ന ജാതവൻകോട്ട വിളക്കിലെ തിരിവീണ് കത്തിയതിന്ശേഷമാണ് ഓട് മേഞ്ഞത്.
- ജാതവൻ കോട്ട രണ്ട് പ്രാവശ്യം കത്തിയിട്ടുണ്ട്.
- ആദ്യം കത്തിയപ്പോൾ മനേഴി മൂസതും, രണ്ടാമത് കത്തിയപ്പോൾ കുന്നത്ത് നമ്പ്യാരും നന്നാക്കി.

**22. ഫീൽഡ് ഡയറി**

12.11.2016ന് ഞാൻ വൈകുന്നേരം നാലുമണിക്ക് മലപ്പുറം ജില്ലയിലെ താനൂരുള്ള ഓലപ്പീടിക എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന 'പൂരപ്പറമ്പ് തണ്ണീർ ഭഗവതി ക്ഷേത്രത്തിലേയ്ക്കാണ് പോയത്. സഹോദരിയാണ് 'പൂരപ്പറമ്പിലമ്മ' എന്നാണറിവ്.

പൂരപ്പറമ്പിൽ വെച്ച് വിജേഷിനെ ഞാൻ പരിചയപ്പെട്ടു. അമ്മദൈവങ്ങളെ കുറിച്ചുള്ള ഒരു പഠനത്തിന്റെ ഭാഗമായി വന്നതാണെന്നും ഈ ക്ഷേത്രത്തെക്കുറിച്ചുള്ള താങ്കളുടെ അറിവ് പറഞ്ഞു തരണമെന്നും പറഞ്ഞു. പൂരപ്പറമ്പിലമ്മയുടെ ഐതിഹ്യം അദ്ദേഹം പറഞ്ഞു തന്നു. ഒരു മണിക്കൂറോളം അദ്ദേഹത്തോട് സംസാരിച്ചു.

**12.11.2016 ലെ ഫീൽഡ് നോട്ട്**

**വിജേഷ് പറഞ്ഞ കാര്യങ്ങൾ**

- ഏഴ് കടലുംകടന്ന് ജലമാർഗ്ഗമാണ് ദേവി വന്നത്
- അതുകൊണ്ട് ഈ ക്ഷേത്രത്തെ തണ്ണീർഭഗവതിക്ഷേത്രം എന്ന പേരിലും അറിയപ്പെടുന്നുണ്ട്
- അമ്പലത്തിന്റെ നട കിഴക്ക് അഭിമുഖമായിട്ടാണ് ആദ്യം ഉണ്ടായിരുന്നത്.
- ഇപ്പോൾ പടിഞ്ഞാറ് തിരിഞ്ഞാണിരിക്കുന്നത്.
- ഇതിനു പിന്നിൽ ഒരു കഥയുണ്ട്. ഒരു ഹിന്ദുവും മുസ്ലീമും നടന്നുപോകുമ്പോൾ ഹിന്ദു അമ്പലത്തിന്റെ നടയിലെത്തിയപ്പോൾ നെറുകയിൽ തൊട്ടു വന്ദിച്ചു.
- ആ സമയം മുസ്ലീമായ ആൾ എന്തിനാണ് അങ്ങനെ ചെയ്യുന്നത്. അതിന്റെ ആവശ്യമുണ്ടോ? അത്രയ്ക്ക് ശക്തിയുള്ള ആളാണെങ്കിൽ നമ്മൾ തിരിച്ചുവരുമ്പോൾ മുഖം ഇങ്ങോട്ട് തിരിയട്ടെയെന്ന് പറഞ്ഞു.
- തിരിച്ചു വരുമ്പോൾ അതേ പോലെ തിരിഞ്ഞു എന്നാണ് പറയപ്പെടുന്നത്.
- ഇവിടെ ഉത്സവം നടക്കുന്നത് മകരമാസത്തിലാണ്.
- മകരത്തിലെ രണ്ടാം ചൊവ്വാഴ്ച ഉത്സവം നിശ്ചയിക്കും. മൂന്നാമത്തെ ചൊവ്വാഴ്ചയാണ് ഉത്സവം (ഭഗവതിയാട്ട്)
- പുഞ്ചതാലപ്പൊലി ഇടവമാസത്തിൽ ഉണ്ടാവും.
- ഇടവമാസം പതിനഞ്ചിനു മുമ്പ് കഴിയും.

- കാരണം പതിനഞ്ചിന് കളിയാട്ടക്കാവിലെ ഉത്സവമാണ്. അതിന് മുമ്പ് ഭഗവതിയാട്ട് കഴിയണം.
- പട കഴിഞ്ഞ് ഇരുന്ന സ്ഥലം എന്ന് തോറ്റം പാട്ടുകളിൽ പാടാറുണ്ട്. അതുകൊണ്ടാണ് ഈ സ്ഥലത്തിന് പൂരപ്പറമ്പ് എന്ന് പേരുവന്നത്.
- നാല് പാദം തോറ്റം ഉണ്ട്.
- തോറ്റം കഴിഞ്ഞിട്ടാണ് വെളിച്ചപ്പാട് ഇറങ്ങുക.

തോറ്റം:1 'പൂരപ്പറമ്പുപട കഴിഞ്ഞേവം
ഹരിപുരത്തപ്പ താൻ ഈ മകമേ''

തോറ്റം:2 അന്നെങ്ങുന്നു വന്നു നല്ലച്ഛാ . . യോ
ഇവിടേക്ക് ചാലവഴി പോയിരുന്നു
കണ്ഡനൊന്നു വീശിഹൃദയവും നല്ലച്ഛാ
ഞാൻ വന്നേടവും പോയേടവും
നീ അറിയേണ്ട ശ്രീമകളേ
നിന്നെത്തൊടുവാനും മാലയിടുവാനും
മനം പുനരുവാനും
മംഗല്യസൂത്ര മണയ്ക്കുവാനും
വന്നു ഞാനെന്റെ ശ്രീമകളെ
ഹരിയതു പറയരുത് നല്ലച്ഛാ . . . യോ
കോപവും പുരനാകിയോ
കൊടൂരവും പുനരാകിയോ
എന്നെ ഉണ്ടാക്കിയോ നോമിങ്ങനെ
നിന്നെത്തൊഴുന്നതും
മാലയിടുന്നതും
മനം പുണരുന്നതും
മംഗല്യസൂത്ര മണയ്ക്കുന്നതും
പട്ടാംഗ പരമാർത്ഥമാണെങ്കിലോ
അടിയതു നൂറായിരം തൃക്കണ്ണുരുട്ടി വിളിച്ച്
തൃക്കണ്ണാപുരം തീയൊരുപ്പിച്ചു
തിരുമേനിച്ചോപ്പിച്ച് നല്ലച്ചന്റെ
മുക്കൺമൂർത്തിയ്ക്ക്
മൂന്ന് തൃക്കരു തരണമെന്ന്
തൃക്കൺ പ്രാർത്ഥിച്ചു കണ്ടൂ ദൈവം.

## 23. ഫീൽഡ് ഡയറി

16.11.2016ന് ഞാൻ വൈകുന്നേരം നാലുമണിക്ക് കടലുണ്ടിക്ക് അടുത്തുള്ള കുമാരൻ മൂസതിന്റെ അടുത്തേക്കാണ് പോയത്. ഭഗവതിയുടെ പ്രധാനികൾ ഇവരാണ്. ചെന്നപ്പോൾ മൂസത് ഉണ്ടായിരുന്നു. ചെന്നതിന്റെ ഉദ്ദേശ്യവും പഠനകാര്യവും പറഞ്ഞു. പേടിയാട്ട് കാവുമായി അദ്ദേഹത്തിനുള്ള ബന്ധത്തെപ്പറ്റി ചോദിച്ചു. പതിനഞ്ച് മിനിറ്റ് അദ്ദേഹവുമായി സംസാരിച്ചു.

**16.11.2016 ലെ ഫീൽഡ് നോട്ട്**

**കുമാരൻ മൂസത് പറഞ്ഞ കാര്യങ്ങൾ**

- കാവിലെ പ്രധാനികൾ ഞങ്ങളാണ്.
- ഭഗവതിയുടെ ആഭരണങ്ങൾ ഇവിടെയാണ് സൂക്ഷിച്ചിരുന്നത്.
- ഉത്സവത്തിന് ചടങ്ങുകൾക്ക് മാത്രമാണ് നിൽക്കാറ്.
- കൈകാര്യങ്ങൾ ചെയ്യുന്നത് കുന്നത്തുകാരാണ്.
- നെല്ലും മറ്റും ഒരുക്കി ഇവിടെ നിന്നായിരുന്നു കൊണ്ടുപോയിരുന്നത്.
- ഭഗവതിയുടെ എഴുന്നള്ളത്തിന് മുമ്പ് ഇവിടെ വന്ന് സമ്മതം ചോദിക്കുന്ന പതിവുണ്ട്.
- അതിനായി കുന്നത്തുകാരാണ് വന്നിരുന്നത്.
- വെളിച്ചപ്പാട് വരും. നിറദീപം, പഴം, ഉണക്കലരി, മുണ്ട്, തുടങ്ങിയവയുമായി കാത്തു നിൽക്കും.
- ഉത്സവത്തിന്റെ ഒരുക്കങ്ങൾ, ചടങ്ങുകൾ എന്നിവ നടത്തുന്നു.

**24. ഫീൽഡി ഡയറി**

17.11.216 ന് വൈകുന്നേരം അഞ്ച് മണിക്ക് വരയ്ക്കൽ ക്ഷേത്രത്തെക്കുറിച്ചറിയാൻ കോഴിക്കോട് പോയിരുന്നു. വരയ്ക്കൽ ക്ഷേത്രപരിസരത്ത് വെച്ച് കണ്ട ചിലരോട് കാര്യങ്ങൾ ആരാഞ്ഞു. അപ്പോഴാണ് ക്ഷേത്രത്തിലെ നിത്യജോലികൾ ചെയ്യുന്ന ശാരദേടത്തിയെക്കുറിച്ച് അവർ പറഞ്ഞുതന്നത്. അത് പ്രകാരം ഞാൻ ശാരദേടത്തിയുടെ വീട്ടിൽ പോയി കണ്ടു കാര്യങ്ങൾ ചോദിച്ചറിഞ്ഞു. വരയ്ക്കൽ ക്ഷേത്രത്തെക്കുറിച്ചും ഐതിഹ്യത്തെക്കുറിച്ചും അവർക്കറിയാവുന്ന കാര്യങ്ങൾ ഒന്നര മണിക്കൂറോളം സംസാരിച്ചു.

**17.11.16 ലെ ഫീൽഡ് നോട്ട്**

**ശാരദ പറഞ്ഞ കാര്യങ്ങൾ**

- പാരമ്പര്യ അവകാശമായി കിട്ടിയ ജോലിയാണ് എനിക്ക് ഇത്.
- ആദ്യം അമ്മാവനും അമ്മയും ആയിരുന്നു ഇവിടെ ജോലി ചെയ്തിരുന്നത്. അവർ പോയശേഷം ഇപ്പോൾ ഞാൻ ചെയ്യുന്നു.
- ദുർഗ്ഗാദേവി, ഗണപതി, ദക്ഷിണാമൂർത്തി (ശിവരൂപം) പരശുരാമന്റെ കാലത്തുള്ള ശാസ്താവ് (അയ്യപ്പൻ) എന്നിയാണ് പ്രതിഷ്ഠ.
- കടൽക്കരക്കാർക്ക് ഇവിടെ വലിയ പ്രാധാന്യം ഉണ്ട്.
- മഴക്കാലത്ത് മഴ ശക്തിയായാൽ മഴ മാറാൻ ആളുകൾ ചുറ്റുവിളക്ക് കത്തിക്കാം എന്ന് നേർച്ച നേരും.
- അതിനുശേഷം പ്രാർത്ഥിക്കുകയും മഴ മാറുകയും ചെയ്യും.
- കടലുണ്ടിയിലെ പേടിയാട്ട് ഭഗവതിയുമായി വരയ്ക്കലുമായി ഒരു ബന്ധവും ഇല്ല.
- പരശുരാമൻ പാറയിൽ കൊത്തിയെടുത്ത് പ്രതിഷ്ഠിച്ചതാണ് വരയ്ക്കൽ ദേവിയെ. ഇവിടെ ദേവിയുടെ മുഴുവനുള്ള രൂപമാണ് ഉള്ളത്.
- സാമൂതിരിക്ക് നാൽപത്തിയെട്ട് അമ്പലം ഉണ്ട്. അഞ്ചാം തലമുറയാണ് ഞങ്ങൾ.
- അമ്മൂമ്മയുടെ കാലത്തേ ഉള്ള വീടാണിത്.

- വരയ്ക്കലമ്മേടെ ചേച്ചിയാണ് പുതിയങ്ങാടിലെ പുത്തൂർ ക്ഷേത്രത്തിലുള്ളത്
- അഷ്ടമി രോഹിണിക്ക് സേട്ടോൻമാരും വരാറുണ്ട്.

### 25. ഫീൽഡ് ഡയറി

18.11.16 ന് ഞാൻ അമ്പാളി മോഹനകൃഷ്ണൻ എന്നവരെ കാണാൻ വൈകുന്നേരം അഞ്ചുമണിക്ക് ഇറങ്ങി. അദ്ദേഹത്തെ നേരത്തെ അറിയാവുന്നതിന്റെ പേരിൽ ഫോൺ ചെയ്തപ്പോൾ വരാൻ പറഞ്ഞു. വളരെ ഹൃദ്യമായി ക്ഷണിച്ചിരുത്തി. കടലുണ്ടിയെ കുറിച്ചാണ് ഞാൻ ആദ്യം ചോദിച്ചത്. അമ്പാളി പൂർവകാല ജന്മി തറവാടാണ്. കടലുണ്ടിയെക്കുറിച്ചും പേടിയാട്ട് ഉത്സവത്തെക്കുറിച്ചും അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം ഒന്നര മണിക്കൂറോളം സംസാരിച്ചിരുന്നു. കുറേയധികം പഴയ രേഖകളും ഫോട്ടോകളും അദ്ദേഹത്തിന്റെ അച്ഛന്റെ ശേഖരത്തിൽ നിന്നും എടുത്തുതന്നു.

**18.11.16 ലെ ഫീൽഡ് നോട്ട്**

**മോഹനകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളാണ് ഇവിടെ കൃഷി കൂടുതലായി ചെയ്തിരുന്നത്.
- വ്യത്യസ്ത തരം നെല്ല് കൃഷിയ്ക്ക് ഉപയോഗിച്ചു.
- കൂട്ടായി, ആര്യൻ, ചെറിയാര്യൻ എന്നിവയാണ് നെല്ലിനങ്ങൾ
- കൃഷി വിപുലമായി ചെയ്യാൻ പുതിയതരം യന്ത്രങ്ങൾ ഞങ്ങൾ കൊണ്ടുവന്നു.
- കൂട്ടായിക്ക് പത്ത് മാസമാണ് കാലയളവ്. ഇതിന് നല്ല സൈസും രുചിയും ഉണ്ടായിരുന്നു.
- കൃഷികളിൽ ഇത്രയേറെ സന്തോഷം തരുന്ന കൃഷി വേറെ ഉണ്ടാവില്ല.
- നെല്ല് കൊയ്തു കഴിഞ്ഞാൽ നല്ല നെല്ല് അടുത്ത വർഷത്തേക്ക് മാറ്റി വെയ്ക്കും.
- ഇത് ഉണ്ടാക്കുക പ്രത്യേക രീതിയിലാണ്.
- ചാണകം മെഴുകിയ തറയിൽ നിലാവിലായിരുന്നു നെല്ല് ഉണക്കിയിരുന്നത്.
- വൈക്കോലിന്റെ അകത്താണ് സൂക്ഷിക്കുക. അടുത്തതായി ഭഗവതിയെകുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.
- ഉത്സവ നടത്തിപ്പിനെ സംബന്ധിച്ചുള്ള ലോ ആന്റ് ഓർഡർ ഞങ്ങൾക്കാണുള്ളത്.
- ഭഗവതിയെ എഴുന്നള്ളത്തിന് കൊണ്ടുപോകുമ്പോളുള്ള സുരക്ഷയും ക്രമസമാധാന പാലനവും ഉറപ്പ് വരുത്തേണ്ടതും പോലീസിനെ ചുമതലപ്പെടുത്തേണ്ടതും അവരുടെ ചിലവും വഹിക്കേണ്ടത് ഞങ്ങളാണ്.
- ഞങ്ങൾ വെള്ളരി നിവേദ്യത്തിനുള്ള നെല്ല് ഒരുക്കണം.
- ഞങ്ങളുടെ തറവാട്ടിൽ ജോലിക്കുവരുന്നവരുടെ വീട്ടിൽ മരണം സംഭവിച്ചാൽ അതിനുവേണ്ട എല്ലാ ചെലവുകളും ഞങ്ങളാണ് വഹിച്ചിരുന്നത്.
- രാവിലെ ശർക്കരപ്പൊടി ചേർത്ത കട്ടൻ ചായയും കാപ്പിയും ശേഷം പുട്ടും പഴവും, കഞ്ഞിയും കപ്പയും ചമ്മന്തിയും ചോറും ഒക്കെയായിരുന്നു ഭക്ഷണം.
- മത്തൻ, വഴുതന, തക്കാളി പോലുള്ള വ്യത്യസ്തതരം കൃഷികളും ഇവിടെ ഉണ്ടായിരുന്നു.
- നാട്ടിപ്പാട്ടും മറ്റും പാടിക്കൊണ്ടാണ് കൃഷിയിലേർപ്പെട്ടിരുന്നത്.

- ഇജ്ജ്, അനക്ക്, ചങ്ങായീ, വെള്ളങ്ങള് മുതലായ പ്രയോഗങ്ങളാണ് ആദ്യകാലങ്ങളിൽ ഉപയോഗിച്ചത്.
- ചെറുവീടുകളാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്.
- വസ്ത്രധാരണത്തിൽ മേൽജാതി, കീഴ്ജാതി വ്യത്യാസം ഉണ്ടായിരുന്നു.
- വിദ്യാഭ്യാസം പണ്ട് താഴ്ന്ന ജാതിക്കാരന് നിഷിദ്ധമായിരുന്നു.
- പടകാളിത്തല്ലിനായി അനുവാദം നൽകേണ്ടത് ഞങ്ങളാണ്.
- അവർക്കുള്ള കൂലി നൽകേണ്ടതും ഞങ്ങളാണ്.
- വെളിച്ചപ്പാട് കുന്നത്തുനിന്നും ഞങ്ങളുടെ കൈ പിടിച്ച് പടകാളിക്കണ്ടത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും.
- അവിടെ വെച്ച് അവർക്ക് കൈ കൊടുത്ത് ഇറക്കുന്നത് ഞങ്ങളാണ്.
- ആദ്യകാലങ്ങളിൽ ഹരിജൻ വിഭാഗങ്ങൾ ആയിരുന്നു കൂടുതലായും പങ്കെടുത്തിരുന്നത്.
- ഇന്ന് പുഴയ്ക്കൽ വേലായുധേട്ടനും സുബ്രഹ്മണ്യേട്ടനുമൊക്കെയാണ് പങ്കെടുക്കുന്നത്.
- കുന്നത്തുനിന്നും ഒരു നാക്കിലയുടെ അവകാശം ഞങ്ങൾക്കുണ്ട്.
- ഭഗവതിയെ പുലർച്ചെ എഴുന്നള്ളിക്കുമ്പോൾ വെളിച്ചത്തിനുള്ള ആയിരത്തൊന്ന് ചൂട്ട് കൊടുക്കണം. ഇപ്പോൾ കുറച്ചാണ് കൊടുക്കുന്നത്.
- പല ആളുകളും ചൂട്ട് വഴിപാടായി നൽകാറുണ്ട്.

**26. ഫീൽഡ് ഡയറി**

24.12.16 ന് ഞാൻ വൈകുന്നേരം നാലുമണിക്ക് കളിയാട്ടക്കാവ് ഭഗവതി ക്ഷേത്രത്തിലേക്കാണ് പോയത്. കളിയാട്ടക്കാവ് ഉത്സവത്തെക്കുറിച്ച് പലരോടും അന്വേഷിക്കുന്ന കൂട്ടത്തിൽ പടിഞ്ഞാറെ പുരയ്ക്കൽ മുഹമ്മദ് എന്ന് പേരായ ഒരാളെ കണ്ടു. ഹിന്ദു മുസ്ലിം സഹവർത്തിത്വത്തിന്റെ കാര്യത്തിൽ വളരെയധികം പേരെടുത്തിട്ടുള്ളതാണ് കളിയാട്ടക്കാവ് മഹോത്സവം. ആയതിനാൽ അദ്ദേഹത്തോട് ചോദിക്കാമെന്ന് കരുതി. അദ്ദേഹമെന്നെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. എന്റെ പഠനത്തിന്റെ ഭാഗമായി കളിയാട്ടക്കാവിലമ്മയെക്കുറിച്ച് അറിയാൻ വന്നതാണെന്ന് പറഞ്ഞു. അര മണിക്കൂറോളം അദ്ദേഹത്തോടു സംസാരിച്ചു.

**24.12.16 ലെ ഫീൽഡ് നോട്ട്**

**മുഹമ്മദ് പറഞ്ഞ കാര്യങ്ങൾ**

- ഇടവമാസത്തിലെ ആദ്യത്തെ തിങ്കളാഴ്ചയാണ് ഉത്സവം കാപ്പൊലിക്കുന്നത്.
- ഇടവം പതിനേഴാം ദിവസം, വെള്ളിയാഴ്ച ഉത്സവമാണ്.
- കുടി കൂട്ടൽ കഴിഞ്ഞാൽ അടുത്ത ബുധൻ മേടം ഒന്നാംതിയ്യതി നടതുറക്കും.
- ഉത്സവത്തിന് ഇവിടെയുള്ള എല്ലാവരും പോവും.
- ഉത്സവത്തിന് ഒരുപാട് കച്ചവടക്കാർ എത്തും.
- ഞങ്ങൾ അന്ന് എല്ലാ സാധനങ്ങളും വാങ്ങും. പണ്ട് പാടത്തായിരുന്നു കച്ചവടം ഉണ്ടായിരുന്നത്.

- മമ്പുറം തങ്ങളും കളിയാട്ടക്കാവിലമ്മയും കണ്ടു മുട്ടി എന്നും തങ്ങൾ അവിടെ കുടിയിരിക്കാൻ പറഞ്ഞു എന്നും കഥ.
- മണ്ഡലപൂജ നാൽപത് ദിവസം ആണ്.
- ഉത്സവം കഴിയുന്നതിന്റെ അന്ന് നടതുറക്കും.
- രാവിലെയും വൈകീട്ടും എല്ലാ ദിവസവും വഴിപാട് പൂജയുണ്ട്.
- കളിയാട്ടത്തിന് രാവിലെ പൂജ ഉണ്ടാവില്ല.

**27. ഫീൽഡ് ഡയറി**

01.01.2017ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ എന്റെ പഠനത്തിന്റെ കേന്ദ്രബിന്ദുവായ പേടിയാട്ട്കാവിലേക്കാണ് പോയത്. അവിടെയാണ് പനയമഠം തറവാടുള്ളത്. ഞാൻ ചെല്ലുമ്പോൾ രാജേഷേട്ടനും മക്കളും അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മക്കളും അവിടെ ഉണ്ടായിരുന്നു. അവർ നിലവിളക്ക് കത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിളക്ക് കത്തിക്കുന്ന സമയമായതിനാൽ അതിനെ കുറിച്ച് തന്നെയാണ് ഞാൻ രാജേഷേട്ടനോട് ചോദിച്ചത്. ഒരു മണിക്കൂറോളം പേടിയാട്ടമ്മയുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു.

**01.01.2017ലെ ഫീൽഡ് നോട്ട്**

**രാജേഷ് പറഞ്ഞ കാര്യങ്ങൾ**

- പണ്ട് ഇവിടെ എല്ലായിടത്തും വിളക്ക് കത്തിക്കാറില്ല.
- ഞായറാഴ്ച അച്ഛൻ അവധിക്ക് വരുമ്പോഴാണ് വിളക്ക് കത്തിച്ചുവെക്കുന്നത്.
- അല്ലാത്ത സമയത്ത് ഭഗവതിക്കും ഗുരുവിനും മാത്രമേ വിളക്ക് കത്തിച്ചിരുന്നുള്ളൂ.
- നാഗരാജാവിന്റെ വിളക്ക് പുതിയതാണ്. ഒരാൾ തന്നതാണ്.
- വിളക്കുകൾക്ക് നല്ല വലിപ്പമുണ്ട്. പണ്ട് ഇത്ര ഇല്ലായിരുന്നു.
- കാവിൽ എല്ലായിടത്തും വിളക്ക് കത്തിച്ചു വെച്ചതിനുശേഷമേ തൊഴാൻ പാടുള്ളൂ.
- നിറദീപം തൊഴുമ്പോൾ ആദ്യം ഗുരുവിനും പിന്നെ ഭഗവതിക്കും ശേഷം നാഗരാജാവിനുമാണ്.
- വിളക്കിൽ കൂടുതൽ എണ്ണ ഒഴിക്കില്ല.
- ഏഴുമണിവരെ കത്താനുള്ള എണ്ണ കുറേശ്ശെയായിട്ടാണ് ഒഴിക്കുക.
- ഭഗവതിക്ക് കൂടുതൽ വെളിച്ചം ഇഷ്ടമല്ല. അതുകൊണ്ടാണ് ലൈറ്റ് വെയ്ക്കാത്തത്.
- കാവ് എപ്പോഴും കാടന്തരീക്ഷത്തിലാണുള്ളത്. വെളിച്ചം എത്താത്ത ഇടമാണ് കാട്. ദേവി കാടിനകത്ത് വസിക്കുന്നു എന്നതാണ് സങ്കല്പം. അതുകൊണ്ടാണ് വെളിച്ചം കൂടുതലായി ഉപയോഗിക്കാത്തത്.
- പണ്ടത്തെ വിളക്ക് ഇരുമ്പിന്റെതാണെങ്കിൽ ഇപ്പോൾ ഓടിന്റെതാണ്.

**28. ഫീൽഡ് ഡയറി**

03.03.2021ന് വൈകുന്നേരം അഞ്ചുമണിക്ക് വീണ്ടും ഞാൻ പേടിയാട്ട്കാവിലേക്കാണ് പോയത്. പനയമഠം തറവാട്ടിലെ രാജേഷേട്ടന്റെ മക്കളോട് കാര്യങ്ങൾ ചോദിച്ചറിയുക എന്നതായിരുന്നു ലക്ഷ്യം. ചെന്നപ്പോൾ ആദ്യം പോയപ്പോഴുള്ള അതേ അന്തരീക്ഷം തന്നെയായിരുന്നു. രാജേഷേട്ടനും മക്കളും കാവിൽ വിളക്ക് വെയ്ക്കുകയായിരു

ന്നു. എനിക്ക് പേടിയാട്ടമ്മയെകുറിച്ചും ഉത്സവത്തെക്കുറിച്ചും കുട്ടുകളുമായി സംസാരിക്കണം എന്ന് ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ മകൻ രതിനുമായി അരമണിക്കൂറോളം സംസാരിച്ചു.

**03.03.2017ലെ ഫീൽഡ് നോട്ട്**

**രതിൻ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ഞങ്ങൾ അടിച്ച് പൊളിക്കും. കുടുംബക്കാർ എല്ലാവരും വരും.
- ഇവിടെ ഒരുക്കങ്ങൾക്ക് സഹായിക്കും. വിളക്കിൽ തിരിയിട്ട് എണ്ണയൊഴിച്ച് കത്തിക്കും.
- ചടങ്ങ് കഴിഞ്ഞാൽ എന്റെ കൂട്ടുകാരൊടൊത്ത് ചുറ്റിക്കറങ്ങാൻ പോകും. കളിപ്പാട്ടങ്ങൾ വാങ്ങും. വ്യത്യസ്തതരം ഭക്ഷണങ്ങളൊക്കെ വാങ്ങി കഴിക്കും.
- അലങ്കാര മത്സ്യം, ചെടി ഇവ വാങ്ങും.
- ഉത്സവത്തിന് വീട്ടിൽ വരുന്നവരൊക്കെ വാക്കാശ് തരും. ആ കാശിനാണ് സാധനങ്ങളൊക്കെ വാങ്ങുക.
- ഒരാഴ്ചയോളം നല്ല തിരക്ക് ഉണ്ടാവും.
- പേടിയാട്ടമ്മയ്ക്ക് ഒരു മകനുണ്ട്, ജാതവൻ. ജാതവൻ കോട്ടയിലാണ് മകൻ ഉള്ളത്.
- ദേവിയോട് പ്രാർത്ഥിച്ചാൽ എല്ലാ കാര്യങ്ങളും സാധിക്കും.

**29. ഫീൽഡ് ഡയറി**

03.03.2017-ന് വൈകുന്നേരം അഞ്ചരമണിക്ക് ഞാൻ മകനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൾ നവ്യ അവിടേക്ക് വന്നു. ഒലിപ്രംകടവ് എന്ന സ്ഥലത്താണ് ഇവരുടെ വീട്. അവിടെ നിന്ന് തറവാട്ടിലേക്ക് താമസിക്കാൻ വന്നതാണ്. അഞ്ചാം ക്ലാസിലാണ് അവൾ പഠിക്കുന്നത്. കാവിൽനിന്ന് തന്നെയാണ് പേടിയാട്ട് ഉത്സവത്തെ കുറിച്ച് അവളോടു സംസാരിച്ചത്. പതിനഞ്ച് മിനിറ്റോളം ആ കുട്ടിയോട് സംസാരിച്ചു. അവളുടെ കൊച്ചു മനസ്സിലുള്ള കാര്യങ്ങൾ അവൾ പറഞ്ഞുതുടങ്ങി.

**03.03.2017 ലെഫീൽഡ് നോട്ട്**

**നവ്യ പറഞ്ഞകാര്യങ്ങൾ**

- ഒരാഴ്ച മുമ്പ് തന്നെ തറവാട്ടിലെത്തി കാവ് വൃത്തിയാക്കാൻ സഹായിക്കും.
- ഞങ്ങൾ കുട്ടികളെല്ലാവരും ചേർന്ന് വിളക്ക് കത്തിക്കും.
- ഉത്സവദിവസം പുലർച്ചെ ദേവിയെ എടുത്ത് നീരാടിക്കാൻ കൊണ്ടുപോകും.
- ദേവിയെ വൈകുന്നേരം കൊണ്ടുവരും.
- ഉത്സവം കഴിഞ്ഞാൽ ഞങ്ങൾ കറങ്ങാൻ പോകും.
- വാക്കാശ്കൊണ്ട് സാധനങ്ങൾ വാങ്ങിക്കും.
- ജാതവൻ ഉത്സവത്തിന്റെ അന്ന് മാത്രമാണ് ഇവിടെ വരുന്നത്.
- ജാതവൻ ദേവിയുടെ മകനാണ്.
- ജാതവനെ കൊണ്ടുവരുന്നവർക്ക് ഞങ്ങൾ ദക്ഷിണ കൊടുക്കും.
- ഉത്സവത്തിന് കുറേ കളിപ്പാട്ടങ്ങളും, മധുരപലഹാരങ്ങളും വാങ്ങും.

- കളിയാട്ടക്കാവിലെ ദേവിയുടെ അടുത്ത് പോകാൻ പറ്റില്ലെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്.
- ഞാൻ ഒരു പ്രാവശ്യം കളിയാട്ടക്കാവിൽ പോയിട്ടുണ്ട്.
- ഉത്സവത്തിന് എന്റെ കൂട്ടുകാരും കുടുംബക്കാരും എല്ലാവരും വരും. അപ്പോൾ എനിക്ക് ഭയങ്കരസന്തോഷമാണ്.

**30. ഫീൽഡ് ഡയറി**

03.03.2017-ന് പേടിയാട്ട്കാവിൽ വൈകുന്നേരം നവ്യയോട് സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് രാജേഷേട്ടന്റെ മകൾ അവിടേയ്ക്ക് തുള്ളിച്ചാടി വന്നത്. അവളുടെ പേര് രമിത എന്നാണ്. ആറ് വയസ്സാണ് അവൾക്ക്. ഒന്നാംക്ലാസിൽ പഠിക്കുന്നു. പേടിയാട്ട് ഉത്സവത്തെക്കുറിച്ച് പത്ത് മിനിറ്റ് അവളോട് ചോദിച്ചറിഞ്ഞു. അവൾ അച്ഛനെ സഹായിക്കാൻ വന്നതായിരുന്നു. വിളക്ക് കത്തിക്കുകയായിരുന്നു.

**ഫീൽഡ് നോട്ട്**

**രമിത പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ചേച്ചിമാർ വരും.
- എനിക്ക് കുറേ വാക്കാശ് കിട്ടും.
- എന്റെ കൂട്ടുകാരും അവരുടെ അച്ഛനും അമ്മയും ഒക്കെ വരും.
- ഞങ്ങൾ എല്ലാവരും പുറത്ത് കറങ്ങാൻ പോകും.
- ജിലേബി, വള, മാല തുടങ്ങി കുറേ സാധനങ്ങൾ വാങ്ങും.
- അച്ഛൻ എനിക്ക് പാവയെ വാങ്ങിതരും, ഊഞ്ഞാലിൽ കയറ്റും.
- ഈ സ്ഥലത്തിന് പേടിയാട്ട്കാവ് എന്നാണ് പറയുക.
- ദേവിയെയാണ് പേടിയാട്ടമ്മ എന്ന് പറയുന്നത്.
- ദേവിയോട് കാക്കണേ എന്ന് ഞാൻ പ്രാർത്ഥിക്കും.

**31. ഫീൽഡ് ഡയറി**

15.03.2017 വൈകുന്നേരം ആറുമണിക്ക് ഞാൻ പേടിയാട്ട്കാവിനടുത്തുള്ള പനയമഠം തറവാട്ടിലേക്കാണ് പോയത്. ചെന്നപ്പോൾ തറവാട്ടിലെ കാരണവത്തിയായ മാലതിയേട്ടത്തിയെ കണ്ടു. ഞാൻ എന്റെ പേര് പറഞ്ഞു. പേടിയാട്ട്കാവിനെക്കുറിച്ചും, ദേവിയുടെ വരവിനെക്കുറിച്ചും എന്റെ പഠനത്തിന്റെ ഭാഗമായി കുറച്ച് കാര്യങ്ങൾ അറിയാൻ വന്നതാണെന്ന് പറഞ്ഞു. ഒരു മണിക്കൂറോളം സംസാരിച്ചു. ദേവി വന്നതിന്റെ പിന്നിലെ കഥയും ഉത്സവത്തിന്റെ ചടങ്ങുകളെപ്പറ്റിയും പറഞ്ഞുതുടങ്ങി.

**05.03.2017 ലെ ഫീൽഡ് നോട്ട്**

**മാലതി പറഞ്ഞകാര്യങ്ങൾ**

- കടപ്പുറത്ത് നിന്നാണ് ദേവിയെ കിട്ടിയത്. പിന്നീട് ബിംബമാക്കി.
- ഉത്സവത്തിന് ഒരു മാസം മുമ്പുതന്നെ കാവിലും പറമ്പിലും പുല്ല് ചെത്തിക്കോരി പരിസരം വൃത്തിയാക്കും.
- കാവിന്റെ ഓട് പെയിന്റടിക്കും.

- സ്ത്രീകളെല്ലാവരും കൂടി ഏഴ് ദിവസം നെല്ല് കുത്തിയൊരുക്കും.
- പത്തോളം സ്ത്രീകൾ ഉണ്ടാകും നെല്ല് കുത്താൻ
- മൂന്ന് ദിവസംകൊണ്ട് കാവിന്റെ മുറ്റം വൃത്തിയാക്കും.
- ഉണക്കലരി, അവിൽ, മലർ എന്നിവ കുത്തിയൊരുക്കും.
- പഴം പുകവയ്ക്കൽ ചടങ്ങ് ഉണ്ടാവും
- വിളക്ക് വെക്കുന്നത് പുരുഷന്മാരും കുട്ടികളും ആണ്.
- ഏഴ് ദിവസം ധാരാളം ജോലിയുണ്ടാവും.
- ജോലി ചെയ്യുന്നതിന് കാശ് തരും. വാക്കാശ് തരും.
- കുറേ ദിവസം മുമ്പ് വ്രതം തുടങ്ങും.
- മീനും ഇറച്ചിയും വാവ് കഴിഞ്ഞേ ഉപയോഗിക്കൂ.
- മീനും ഇറച്ചിയും ഒഴിച്ചുള്ളത് അകത്ത് വെച്ച് കൊടുക്കണം.
- ഉത്സവത്തോടടുത്ത് പതിനൊന്ന് മണിക്ക് കലശം കൊണ്ടുവരണം.
- കലശം കുടഞ്ഞ് കാവിന്റെ പരിസരം വൃത്തിയാക്കണം.
- തുലാം മാസത്തിലെ കറുത്തവാവിന് ശംഖ് വിളിക്കും.
- പെരുവണ്ണാന്മാർ വന്ന് ദേവിയെ എടുക്കും. ഒറ്റയായാണ് ആളുകൾ വരിക.
- അഞ്ചു പേരോ, ഏഴു പേരോ ആയാണ് വരിക.
- ദേവിയുടെ ആഭരണം പണ്ട് കളഞ്ഞുപോയിട്ടുണ്ട്. അതുകൊണ്ട് ഇന്നും ദേവി കുന്നത്ത് റോഡിൽ എത്തുമ്പോൾ ആഭരണം തിരയുന്നു.
- ശ്വാസം മുട്ടൽ കുറയാൻ ജാതവന് പാളയും കയറും വഴിപാടായി നൽകാറുണ്ട്.
- താലി, വെളിച്ചെണ്ണ, തിരി, ചന്ദനത്തിരി, കർപ്പൂരം, മഞ്ഞൾപ്പൊടി, ഓലച്ചൂട്ട് തുടങ്ങിയവ വഴിപാടായി നൽകാറുണ്ട്.
- പേടിയാട്ട് അമ്പലത്തിന്റെ സൈഡിലായി തൂക്കിയിട്ട ചക്രത്തിലാണ് ഭഗവതിയെ ഉത്സവദിവസം ഒരുക്കുക.
- ഉത്സവം കഴിഞ്ഞാൽ അത് അവിടെ തന്നെ വെയ്ക്കും.
- ഭഗവതിയെ പൊക്കിപിടിക്കുന്നതിന് ഏഴ് കോല് ഉണ്ട്. മുളകൊണ്ടാണ് അത് ഉണ്ടാക്കുക.
- ഉത്സവത്തിന് ഒരാഴ്ച മുമ്പേ അത് പൊടിതട്ടി തുടച്ച് വൃത്തിയാക്കും.
- ഭഗവതിയെ അണിയിക്കാനുള്ള പട്ട് ഇവിടെയാണ് സൂക്ഷിക്കുന്നത്.
- നാൽപത്തിയഞ്ച് വർഷമായി ഞാൻ ഇവിടെ താമസിക്കാൻ തുടങ്ങിയിട്ട്.
- ദേവിക്ക് അഞ്ച് മക്കളുണ്ട്. കാവിനകത്താണ് അവർ ഉള്ളത്.
- ദേവി മക്കളെ നോക്കിയാണ് ഇരിക്കുന്നത്.

### 32. ഫീൽഡ് ഡയറി

20.03.2017 ന് വൈകുന്നേരം നാലുമണിക്ക് ഞാൻ ഇല്ലിക്കൽ പടിക്കൽ മുരളിയേട്ടന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന് അറുപത് വയസ്സുണ്ട്. ജാതവനെ എഴുന്നള്ളിക്കുന്നതിൽ പ്രധാനിയാണദ്ദേഹം. ചെന്നപ്പോൾ അദ്ദേഹം എവിടെയോ പോയിരിക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹമെത്തി. ഞാൻ ചെന്ന കാര്യം പറഞ്ഞു. ദേവിയെ

കുറിച്ചുള്ള ഐതിഹ്യം ഒന്ന് പറഞ്ഞുതരണമെന്ന് പറഞ്ഞു. അരമണിക്കൂർ അദ്ദേഹം എന്നോട് സംസാരിച്ചു.

**20.03.2017 ലെഫീൽഡ് നോട്ട്**

**മുരളി പറഞ്ഞ കാര്യങ്ങൾ**

- രണ്ടായിരം വർഷത്തെ പഴക്കമുണ്ട് ദേവിയുടെ വരവിന്.
- ദേവി മരത്തിന്റെ പുറത്ത് സഞ്ചരിച്ചാണ് വന്നത്.
- ബാലാതുരുത്തി പുഴവഴിയാണ് യാത്ര ചെയ്തത്. വളരെ ആഴം കൂടിയ സ്ഥലമാണിത്.
- വാക്കയിൽ കറുത്തമ്മാട്ടിൽ തറവാട്ടിലെ കാരണവർ ഉപ്പ് വിറ്റ് തീരാഞ്ഞപ്പോൾ തോണിയിൽ തന്നെ കിടന്നുറങ്ങി. ഉപ്പ് കുറുക്കുന്നവരായിരുന്നു അവർ.
- ഉറക്കത്തിനിടയിൽ പെട്ടെന്ന് ചിലമ്പിന്റേയും അരമണിയുടെയും ശബ്ദം കേട്ട് ഞെട്ടിയുണർന്നു.
- ഒഴുകി വരുന്ന മരത്തിൽ ബാലികയുടെ രൂപത്തിൽ ഒരു പെണ്ണ് ഇരിക്കുന്നു.
- പെട്ടെന്ന് വലിയൊരു ശബ്ദം കേട്ട കാരണവർ ആർത്തുവിളിക്കുകയും ചെയ്തു. എന്തോ അപകടം പറ്റിയതാണെന്ന് കരുതി സഹോദരി ഓടി വന്നു.
- സഹോദരി അശുദ്ധിയായിരുന്നു.
- സഹോദരിയെ കണ്ട ദേവി വെള്ളത്തിലേക്ക് എടുത്തുചാടി. ഏന്തിപ്പിടിച്ച് വലിച്ചപ്പോൾ തല കൈയ്യിൽ പോന്നു.
- ബാലാതിരുത്തിയിലെ മടവമ്പാട്ട് കുടിയിരുത്തണമെന്ന് ദർശനം കിട്ടിയപ്പോൾ അവിടെ കുടിയിരുത്തുകയും ശേഷം അവിടെ പോരാ എന്ന് നാടുവാഴി പറഞ്ഞതിനെത്തുടർന്ന് പേടിയാട്ട് കുടിയിരുത്തുകയും ചെയ്തു.
- ദേവിയുടെ മകനാണ് ജാതവൻ. ജാതവന് രണ്ട് അനുജന്മാരുണ്ട്.
- അനുജന്മാർ സസ്യബുക്കുകളാണ്. അവർ ഒരേ പാത്രത്തിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞുപോകുകയായിരുന്നു.
- അവരിൽ ഒരാൾ മറ്റൊരാളോട് പറയാതെ എവിടേക്കോ പോയി. അതിന്റെ പേരിൽ പരസ്പരം വെട്ടി മരിക്കുകയും ചെയ്തു.
- ആ ചോരപ്പുള്ളികളാണ് ജാതവന്റെ ദേഹത്തുള്ളത്.
- സ്ഥാനപ്പേരാണ് കോട്ട എന്നത്.
- എരമംഗലൻ, തേഞ്ഞിപ്പലൻ, പരുത്തിക്കാടൻ ഇതെല്ലാം സ്ഥാനപ്പേരാണ്.
- ജാതവനെ എഴുന്നള്ളിക്കാൻ അവകാശം കോട്ടയ്ക്കാണ്.
- ജാതവൻ എഴുന്നള്ളുന്ന കുതിരയെ അണിയിച്ചൊരുക്കുന്നത് തേഞ്ഞിപ്പലനാണ്.
- കെട്ടിച്ചുറ്റാനുള്ള മുണ്ട്, കാക്കൊട ഇതൊക്കെ എടുക്കണമെങ്കിൽ കോട്ട എത്തണം.
- കോട്ടയുടെ സാന്നിദ്ധ്യത്തിൽ വെറ്റിലച്ചെല്ലം തരും.
- കാരണവത്തിയാണ് കോട്ടയെ സ്വീകരിക്കുന്നത്.
- പഴയപോലെ ഇപ്പോൾ അതൊന്നും ഇല്ല.
- ഇപ്പോൾ പുകയില, വെറ്റില മാത്രമേ ഉള്ളൂ.

## 33. ഫീൽഡ് ഡയറി

21.03.2017ന് വൈകുന്നേരം നാലുമണിക്ക് ഇടച്ചിറയിലെ തോട്ടോളി തറവാട്ടിലെ ശാരദേടത്തിയെ കാണാൻ പോയി. പേടിയാട്ട്കാവുമായി അവകാശ ബന്ധങ്ങളൊന്നും അവർക്കില്ല. കാവിന്റെ പരിസരപ്രദേശത്ത് താമസിക്കുന്നവരിൽ ഒരാളാണ്. ഞാൻ അവരുടെ വീട്ടിലേയ്ക്ക് കയറിച്ചെന്ന് ശാരദേടത്തിയെ വിളിച്ചു. അവർ ഉമ്മറത്തേയ്ക്ക് വന്ന് എന്നോടിരിക്കാൻ പറഞ്ഞു. പേടിയാട്ട്കാവിലെ ഉത്സവത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ അറിയണമെന്നും ഇതെന്റെ പഠനത്തിന്റെ ഭാഗമാണെന്നും പറഞ്ഞു. ഉത്സവത്തിന് അവർ ചെയ്യുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. അരമണിക്കൂർ അവർ സംസാരിച്ചു.

**21.03.2017ലെ ഫീൽഡ് നോട്ട്**

**ശാരദ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് വീടും പറമ്പും വൃത്തിയാക്കും. പറമ്പിൽ ഒറ്റ പുല്ലുപോലും ഉണ്ടാവില്ല.
- വീട് പെയിന്റടിക്കും
- ദേവിയെ പേടിയാട്ട് നിന്ന് പുലർച്ചെ കൊണ്ടുപോകുമ്പോഴും ഉച്ചയ്ക്കും വിളക്ക് കത്തിക്കും.
- പുലർച്ചെ ദേവിയെ കൊണ്ടുപോകുമ്പോൾ വീട്ടിലെ ലൈറ്റ് ഓഫാക്കും.
- ചൂട്ട്, താലി, മഞ്ഞപ്പൊടി, വെളിച്ചെണ്ണ എന്നിവയാണ് നേർച്ചയായ് കൊടുക്കുക.
- മാസമുറയായാൽ വീട്ടിൽ നിൽക്കില്ല.
- മുറ്റത്ത് ചാണകം തളിക്കണം.
- ദേവിയെ ഉച്ചക്ക് കൊണ്ടുവരുമ്പോഴേയ്ക്കും നമ്മൾ ഭക്ഷണം കഴിച്ച് ബാക്കിയുള്ളത് മണ്ണിൽ കുഴിയുണ്ടാക്കി കുഴിച്ചിട്ട് ചാണകം മെഴുകും.
- റോഡെല്ലാം വൃത്തിയാക്കും.
- ദേവി കുന്നത്ത് റോഡിലെത്തുമ്പോൾ പണ്ട് കളഞ്ഞുപോയ താലി തിരയും. അന്നേരം ഭഗവതിയുടെ രൂപത്തിന് പൊക്കാൻ പറ്റാത്ത ഭാരം ഉണ്ടാകുന്നു.
- ദേവിയുടെ സ്വർണ്ണം മനേഴിയിലാണ് സൂക്ഷിക്കുക.
- ദേവിയുടെ മകനാണ് ജാതവൻ
- കടലുണ്ടിയുടെ വലിയ ആഘോഷമാണ് വാവുത്സവം.
- ഭഗവതിയുടെ വരവിന്റെ പിന്നിലും ഒരു കഥയുണ്ട്.
- ഉപ്പ് കുറുക്കാൻ പോയ ഒരാൾ കടലിൽ തോണിയുടെ അറ്റത്ത് നല്ല സുന്ദരിയായ ഒരു പെണ്ണിനെ കണ്ടപ്പോൾ അവളെ പിടിക്കാൻ പോയി.
- പങ്കായം കൊണ്ട് പിടിച്ചപ്പോൾ തല മുറിഞ്ഞുപോയി.
- അതുമായി ഓടി കുന്നത്ത് വന്ന് ഇരിക്കാൻ തോന്നിയില്ല. കർത്തങ്ങാട്ട് വന്നപ്പോൾ അവിടെയും ഇരിക്കാൻ തോന്നിയില്ല. പിന്നീട് പേടിയാട്ട് വന്നിരുന്നു.
- ഉത്സവദിവസം അണ്ടിശ്ശേരി പുഴയിൽ കൊണ്ടുപോയി കുളിപ്പിക്കും.
- കുന്നത്ത് പടകാളിത്തല്ല് കണ്ട് ദേവി ആസ്വദിക്കും.

**34. ഫീൽഡ് ഡയറി**

22.03.2017ന് വൈകുന്നേരം നാലുമണിക്ക് വാക്കയിൽ കറുത്തമ്മാട്ടിൽ ബിന്ദുവിനെ കാണാൻ പോയി. വീട്ടിൽ ചെന്ന് ബിന്ദുവുമായി സംസാരിച്ചു. ചെന്ന വിവരം പറഞ്ഞു. പേടിയാട്ട്കാവിലെ ഉത്സവത്തെകുറിച്ച് അറിയുന്ന കാര്യങ്ങൾ പറഞ്ഞുതരണമെന്ന് പറഞ്ഞു. പത്ത് മിനിറ്റ് അവരോട് സംസാരിച്ചു.

**22.03.17ലെ ഫീൽഡ് നോട്ട്**

**ബിന്ദു പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടുമായി വലിയൊരു ബന്ധം ഞങ്ങൾക്കുണ്ട്.
- ഉത്സവത്തിന് ഏഴ് ദിവസം മുമ്പ് പനയമഠം തറവാട്ടിലെ ഒരാൾ നെല്ല് കൊണ്ട് വന്ന് തരും.
- നെല്ല് കുത്തി അരിയാക്കി പേടിയാട്ടെത്തിക്കണം.
- പതിനാല് ദിവസത്തെ വ്രതം എടുക്കണം.
- നെല്ല് കുത്തി അരിയാക്കികൊടുക്കുന്നതിന് അവർ ഞങ്ങൾക്ക് കൂലി തരും.
- ഉത്സവം കഴിഞ്ഞാൽ അവിടെനിന്ന് ഒരോഹരി ഉണ്ടാവും.
- പഴം, വെള്ളരി, ഇളനീർ എന്നിവയാണ് കിട്ടുക.
- തരുന്നതിന്റെ പകുതി കോട്ടക്കടവിലെ കോട്ട അമ്പലത്തിലേയ്ക്കും കൊടുക്കണം.

**35. ഫീൽഡ് ഡയറി**

24.03.2017 ന് വൈകുന്നേരം മൂന്നുമണിക്ക് ഞാൻ പോയത് പേടിയാട്ട്കാവുമായി അവകാശബന്ധമുള്ള ഒരു മുസ്ലീം കുടുംബത്തിലേയ്ക്കാണ്. ഖാദർ എന്നാണ് കുടുംബനാഥന്റെ വീട്. നൈന്ത്രം വീട്ടിൽ തറവാട്ടുകാരനാണ്. അദ്ദേഹത്തോട് ഞാൻ ചെന്ന കാര്യം പറഞ്ഞു. വീട്ടിലേക്ക് ക്ഷണിച്ചിരുത്തി. കുടിക്കാൻ വെള്ളം തന്നു. പേടിയാട്ട്കാവിലെ ഉത്സവവുമായി നിങ്ങൾക്കുള്ള അവകാശത്തെക്കുറിച്ച് ഒന്നു പറഞ്ഞു തരണമെന്ന് പറഞ്ഞു. പത്ത് മിനിറ്റ് അവിടെയിരുന്നു സംസാരിച്ചു.

**24.03.2017ലെ ഫീൽഡ് നോട്ട്**

**ഖാദർ പറഞ്ഞ കാര്യങ്ങൾ**

- പണ്ട് വാഹനസൗകര്യങ്ങൾ ഇല്ലാത്ത സമയത്ത് ചെണ്ടക്കാർ ഇവിടെയാണ് വന്ന് താമസിച്ചിരുന്നത്.
- ഇവിടെ ചെണ്ട മുറുക്കുക എന്ന ചടങ്ങാണുള്ളത്.
- ഇപ്പോൾ ആ ചടങ്ങിനുവേണ്ടി മാത്രം ഇവിടെ വന്ന് ചെണ്ട ഒന്നു മുറുക്കുന്നു.
- പണ്ടുകാലത്ത് ചെണ്ടക്കാർക്ക് വേണ്ട ഭക്ഷണം ഇവിടെ നിന്നാണ് കൊടുത്തിരുന്നത്.

**36. ഫീൽഡ് ഡയറി**

01.04.17ന് രാവിലെ പത്തു മണിക്ക് പത്മശ്രീ ബാലൻ പൂതേരിയെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. ക്ഷേത്രങ്ങളെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ എഴുതിയ ആളാണ് അദ്ദേഹം എന്നറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അവരുടെ വീട്ടിൽ പോയത്.

പേടിയാട്ട്കാവിലെ ഉത്സവത്തെക്കുറിച്ച് അറിയാൻ വന്നതാണെന്നും, പേടിയാട്ട്കാവിനെ മുൻനിർത്തി അമ്മ ദൈവങ്ങളെകുറിച്ചുള്ള പഠനത്തിലാണ് ഞാനെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകൾക്ക് കാഴ്ചയില്ല. ഈ വിവരം എനിക്ക് നേരത്തെതന്നെ അറിയാമായിരുന്നു. ഒരു മണിക്കൂറോളം അദ്ദേഹത്തോട് സംസാരിച്ചു.

**01.04.2017 ലെ ഫീൽഡ് നോട്ട്**

**ബാലൻ പൂതേരി പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും എന്ന് പേടിയാട്ടുകാവിനെക്കുറിച്ച് ഒരു ചൊല്ലുണ്ട്.
- ദേവിക്ക് അറുപത്തിനാല് രൂപങ്ങളുണ്ട്.
- പേടിയാട്ടമ്മയുടെ അനിയത്തിയാണ് അമ്മാഞ്ചേരി അമ്മ
- ജ്യേഷ്ഠത്തി, അനുജത്തി എന്നത് അവരുടെ ശക്തിയിലും സ്വഭാവത്തിലുമുള്ള വ്യത്യാസമാണ്.
- ഏറ്റവും ശക്തമായ രൂപമാണ് കളിയാട്ടക്കാവിൽ.
- ജ്യേഷ്ഠത്തിക്ക് അതിനേക്കാളും രൗദ്രഭാവമാണ് ഉള്ളത്.
- തുലാമാസത്തിലെ വാവിനാണ് ഉത്സവം നടക്കുക.
- പിതൃക്കൾക്ക് ബലികർമ്മങ്ങളുണ്ട്
- താഴ്ന്ന ജാതിയിൽപ്പെട്ടവരായിരുന്നു ഉത്സവത്തിന് പണ്ട് വന്നിരുന്നത്. പഴയകാലത്ത് അവർക്ക് അമ്പലത്തിൽ കയറാൻ അവകാശമുണ്ടായിരുന്നില്ല.
- അവർക്കുള്ള അവസരമായിരുന്നു പേടിയാട്ട് വാവുത്സവം.
- ദേവിയുടെ തലയാണ് ഒഴുകി വരുമ്പോൾ കിട്ടിയത്.
- തലകിട്ടണമെങ്കിൽ ആൾ മരിക്കണം. അപ്പോഴാണ് പിതൃകർമ്മം ചെയ്യുക.
- എല്ലാവരും വരും എന്നതുകൊണ്ട് ഉത്സവം ഒരു സാമൂഹ്യ ഒത്തുകൂടലാണ്.
- താഴെക്കിടയിലുള്ളവർക്കുള്ള പ്രധാന ഉത്സവമാണ് കളിയാട്ടക്കാവിലെ ഉത്സവം.
- പേടിയാട്ടാണ് തല കിട്ടിയത്.
- മുഖം വെച്ചാണ് ഇവിടെ എഴുന്നള്ളത്ത് നടത്തുക.
- ഗുരുവിന്റെ ഉപാസനയിലൂടെയാണ് പേടിയാട്ടിന് ചൈതന്യം വരുന്നത്.

**37. ഫീൽഡ് ഡയറി**

02.05.2017 ന് വൈകുന്നേരം മൂന്നുമണിക്ക് പുഴയ്ക്കൽ വേലായുധൻ എന്നവരുടെ വീട്ടിലേയ്ക്കാണ് പോയത്. അദ്ദേഹത്തെ കണ്ടു. എന്റെ പഠനത്തിന്റെ ഭാഗമായി പേടിയാട്ട്കാവിലെ ഉത്സവത്തെക്കുറിച്ച് ചോദിച്ചറിയാൻ വന്നതാണ് എന്ന് പറഞ്ഞു. ഉത്സവത്തിന് ഇവരുടെ പങ്കിനെപറ്റി ചോദിച്ചറിഞ്ഞു. ഒന്നരമണിക്കൂർ സംസാരിച്ചു.

**02.05.2017 ലെ ഫീൽഡ് നോട്ട്**

**വേലായുധൻ പറഞ്ഞ കാര്യങ്ങൾ**

- ദേവിയുടെ ഉത്സവത്തിനിടയിൽ പടകാളിത്തല്ല് നടത്തുന്നത് ഞാനും കൂട്ടുകാരും ആണ്.

- വളരെ വാശിയോടെ ഞങ്ങൾ കളിക്കും.
- ദേവി കാണാൻ ഇരിക്കുന്നത് കൊണ്ടാണ് ഞങ്ങൾ അത്രയ്ക്ക് വാശിയിൽ കളിക്കുന്നത്.
- പടകാളിക്കണ്ടത്തിൽ വെച്ച് സമ്മതം തരുന്നത് മോഹനൻ അമ്പാളിയാണ്.
- പടകാളിത്തല്ല് നടത്തുന്നവർക്ക് വേണ്ടിയുള്ള കൂലി തരുന്നതും അമ്പാളിക്കാരാണ്.
- പടകാളിത്തല്ലിന് ഏഴ് ദിവസത്തെ വ്രതം എടുക്കുന്നു.
- രണ്ട് എതിർ കക്ഷികൾ തമ്മിലാണ് തല്ല് നടത്തുന്നത്.
- കുന്നത്ത് തറവാടിന് നേരെ അപ്പുറത്തുള്ള വയലിലാണ് പടകാളിത്തല്ല് നടത്തുക.
- ഞാനും എന്റെ തറവാട്ടുകാരും ഫറോക്ക് കരുവൻതിരുത്തി കുഴിപ്പള്ളി തിയ്യ തറവാട്ടിലെ സുബ്രഹ്മണ്യനും കൂട്ടരും വെല്ലാപ്പൂന്നി പെരുവണ്ണാൻ തറവാട്ടിലെ സുന്ദരനും കൂട്ടരും പടകാളിത്തല്ലിൽ പങ്കെടുക്കുന്നു.
- ഭഗവതി കുന്നത്തേക്ക് പോരുന്ന വഴിയിൽ കക്കാട്ടുപാടത്തുവെച്ച് വെളിച്ചപ്പാട് മൂത്ത പെരുവണ്ണാനോട് രാശി ചൊല്ലി മനേഴി ഇല്ലത്തിനടുത്തെത്തുമ്പോൾ കോമരക്കാരൻ മാത്രം ഇല്ലത്തേക്ക് ചെല്ലുന്നു.
- ഇല്ലത്ത് നിലവിളക്കും പറയിൽ നെല്ലും നാഴിയിൽ അരിയും വാഴക്കുല, കസവിന്റെ മുണ്ട് എന്നിവ ഒരുക്കി കാത്തുനിൽക്കുന്നു.
- ആ സമയം വെളിച്ചപ്പാട് മൂസതിനോട് സമ്മതം ചോദിച്ച് തിരിച്ചുപോരുന്നു.
- ശേഷം വെളിച്ചപ്പാട് അമ്പാളിയുടെയും ഞങ്ങളുടെയും കൈപിടിച്ച് പടകാളിക്കണ്ടത്തിലേക്ക് കൊണ്ടുപോകുന്നു.
- ആ സമയം തല്ലുന്നവർ വരമ്പത്ത് കയറി നിൽക്കണം എന്നാണ്.
- അമ്പാളിയും വെളിച്ചപ്പാടും കണ്ടം കലക്കുന്ന ഒരു ചടങ്ങുണ്ട്. (പാടത്തിറങ്ങി വെള്ളം ഇളക്കുന്നു).
- ശേഷം വെളിച്ചപ്പാടിന്റെ കൽപ്പന കഴിഞ്ഞ് (ചെയ്യാൻ പോകുന്ന കാര്യങ്ങൾ) ഏറ്റ്, ഏറ്റ്, ഏറ്റ്, എന്ന് മൂന്നു തവണ കോമരക്കാരൻ ചൊല്ലിയതിനുശേഷം പടകാളിത്തല്ല് ആരംഭിക്കുന്നു.
- അതുകഴിഞ്ഞ് തമ്പുരാട്ടി കുന്നത്ത് വന്നിരുന്ന് ഇളനീർ കുടിച്ച് പടകാളിത്തല്ല് ആസ്വദിക്കുന്നു.
- ഈ സമയം ഒറ്റച്ചെണ്ട ഒറ്റക്കൊട്ടു മാത്രമാണ് കൊട്ടുന്നത്.
- ഭഗവതി കറുത്തങ്ങാട്ടേക്കു നോക്കിക്കഴിഞ്ഞാൽ ആ സമയം പടകാളിത്തല്ലിൽ ഏർപ്പെടുന്നവർ തണ്ടാംവിരൽചെളിയിൽ കുത്തി മൂന്നു തവണ കൂവണം എന്നുണ്ട്.
- ആ സമയം ഭഗവതി കറുത്തങ്ങാട്ടേക്ക് യാത്രയാകുന്നു.
- അതുവരെ തല്ല് തുടർന്നുകൊണ്ടേയിരിക്കുന്നു.
- ആദ്യകാലങ്ങളിൽ ഒരു പാൻകള്ളും അറുപത്തി-രണ്ടേകാൽ ഉറുപ്പികയും ആയിരുന്നു ഉണ്ടായിരുന്നത്.
- കൂലിയിൽ പകുതി ഫറോക്കുകാർക്കുള്ളതാണ്.
- ഇന്ന് കൂലി 3800 വരെയായി ഉയർന്നു.
- കാണികൾ പത്തും ഇരുപതും ഒക്കെയായി നൽകാറുണ്ട്.

- തല്ലിനുശേഷം പണവുമായി അമ്പാളി ശ്രീനിവാസന്റെ വീട്ടിൽപോയി കുളി കഴിയുമ്പോഴേക്കും നാല് ലിറ്റർ മദ്യം ശ്രീനിവാസൻ കളിക്കാർക്കായി നൽകുന്നു.
- ഞാനും സുബ്രഹ്മണ്യനും കുടിക്കാറില്ല. ഞങ്ങൾ ചായയും മൈസൂർ പഴവും കഴിക്കും.
- ഞാൻ കിട്ടുന്ന പണം തുല്യമായി എല്ലാവർക്കും വീതിച്ചുനൽകി പിരിയുന്നു..
- ആയിരത്തൊന്ന് ചൂട്ട് അമ്പാളിക്കാർ നൽകണമെന്നുണ്ട്.
- തെക്കൂടത്തുകാർ 1001 ഓലയും മടലും നൽകണമെന്നുണ്ട്.
- പത്തെണ്ണം പച്ചാട്ട് കുഞ്ഞിരാമനെ ഏൽപ്പിക്കും.
- ആ ചൂട്ടാണ് ഭഗവതിയെ പുലർച്ചെ മാട്ടുമ്മത്തോട്ടിൽ ശുദ്ധി ചെയ്യാൻ പോകുമ്പോൾ ഉപയോഗിക്കുന്നത്.

**38. ഫീൽഡ് ഡയറി**

03.05.2017ന് വൈകുന്നേരം അഞ്ചുമണിക്ക് കൊല്ലേരി തറവാട്ടിലെ (തിയ്യ തറവാടാണ്) ലക്ഷ്മിയേടത്തിയെ കാണാൻ പോയി. ഇവർക്ക് പേടിയാട്ടുകാവുമായി ഏത് തരത്തിലുള്ള ബന്ധമാണുള്ളതെന്ന് ചോദിച്ചറിയാനാണ് ഞാൻ പോയത്. പത്ത് മിനിറ്റ് അവരുമായി സംസാരിച്ചു.

**03.05.17ലെ ഫീൽഡ് നോട്ട്**

**ലക്ഷ്മി പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് പായ നെയ്ത് കൊടുക്കുന്നത് ഞങ്ങളാണ്.
- നാൽപ്പത് വർഷത്തോളമായി ഞാൻ പായ നെയ്ത് കൊടുക്കുന്നു.
- പതിനാല് ദിവസത്തെ വ്രതം എടുത്തിട്ടാണ് ഞാൻ പായ നെയ്യുക.
- പണ്ട് അതിന് അവകാശികളൊക്കെ ഉണ്ടായിരുന്നു.
- ഇപ്പോൾ ഞാൻ തന്നെ ഓല വെട്ടിച്ച് വാട്ടി പായ നെയ്യും. അതിന് കൂലിയായി ഇരുനൂറ് രൂപ ജാതവൻകോട്ടയിൽനിന്നു തരും.
- ഇളനീർ, പഴം, അവിൽ, മലർ എന്നിവയും തരും.
- കുടികൂട്ടൽ ചടങ്ങ് കഴിഞ്ഞ് പ്രസാദം കഴിപ്പിച്ചതിനുശേഷമേ അവർ വിടാറുള്ളൂ.

**39. ഫീൽഡ് ഡയറി**

04.05.17ന് വൈകുന്നേരം അഞ്ചുമണിയോടുകൂടിയാണ് ഞാൻ പരുത്തിക്കാടൻ തറവാട്ടിലെ തന്നെ ലക്ഷ്മണൻ മാഷിന്റെ സഹോദരൻ സുകുമാരൻ എന്നവരെ കാണാൻ പോയത്. എന്നെ കണ്ടതും അദ്ദേഹം അകത്തേക്ക് ക്ഷണിച്ചു. വീട്ടുവിശേഷങ്ങൾക്ക് ശേഷം വന്നതിന്റെ ഉദ്ദേശ്യം അദ്ദേഹത്തെ അറിയിച്ചു. പേടിയാട്ട് ഭഗവതിയുമായുള്ള ബന്ധത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അദ്ദേഹം അരമണിക്കൂറോളം എന്നോട് സംസാരിച്ചു.

**04.05.17 ലെ ഫീൽഡ് നോട്ട്**

**സുകുമാരൻ പറഞ്ഞ കാര്യങ്ങൾ**

- അഞ്ച് ദിവസം മുമ്പുതന്നെ ജാതവൻ കോട്ടയിൽ പോകണം.
- ഞങ്ങൾ മൂത്ത പെരുവണ്ണാന് ഗുരുതി കലക്കി ഒഴിക്കണം.
- മൂത്ത പെരുവണ്ണാന് വെറ്റിലയും അടക്കയും എടുത്തുകൊടുക്കണം.
- ഭഗവതിയെ കിണറിൽകരയിൽ കൊണ്ടുപോയി നീരാടിച്ചുവരുമ്പോൾ മറകെട്ടി ചായം, പണ്ടം തുടങ്ങിയവ മൂത്ത പെരുവണ്ണാനെ ഏൽപ്പിക്കണം.
- ദേവിയുടെ ചൈതന്യം ഉള്ള പെട്ടി കിണറിലാണ് സൂക്ഷിക്കുക.
- ഇരുപതു വർഷത്തോളമായി ഞങ്ങൾ അവകാശം ഒഴിഞ്ഞുകൊടുത്തു.
- ഒന്നാം കോഴി കൂവുമ്പോൾ ഞങ്ങൾ കടപ്പുറത്ത് എത്തും.
- പേടിയാട്ടമ്മയ്ക്ക് ചായം പൂശി പണ്ടം അണിയിച്ച് ഒരുക്കണം.
- പിന്നത്തെ ഏൽപ്പന മൂത്തപെരുവണ്ണാനാണ്.
- ഒരു കൊല്ലം പോയി എല്ലാം ചെയ്ത് കാണിച്ചുകൊടുത്തു.
- മണ്ണൂർക്കാരാണ് ഇപ്പോൾ അത് ഏറ്റെടുത്ത് നടത്തുന്നത്.
- ഞങ്ങൾക്ക് ഇപ്പോൾ യാതൊരു അവകാശവും ഇല്ല.

**40. ഫീൽഡ് ഡയറി**

15.06.2017ന് വൈകുന്നേരം അഞ്ചരമണിക്ക് ഞാൻ മലപ്പുറം ജില്ലയിലെ താനൂരിനടുത്തുള്ള ശോഭപറമ്പിൽ ശ്രീകുരുംബ ക്ഷേത്രത്തെക്കുറിച്ചറിയാൻ ശോഭപറമ്പിൽ താമസിക്കുന്ന പുന്നക്കൽ ശ്രീലേഖയുടെ വീട്ടിലേക്കാണ് പോയത്. ശോഭപ്പറമ്പ് ദേവിയെ കുറിച്ച് അവരുടെ അറിവിലുള്ള കാര്യം എനിക്കൊന്നു പറഞ്ഞു തരാൻ പറഞ്ഞു. ഒരു മണിക്കൂർ അവരോട് സംസാരിച്ചു. കേട്ടറിഞ്ഞ കാര്യങ്ങൾ അവർ പറഞ്ഞുതന്നു.

**15.06.2017ലെ ഫീൽഡ് നോട്ട്**

**ശ്രീലേഖ പറഞ്ഞ കാര്യങ്ങൾ**

- ഇവിടെ ഭദ്രകാളിയാണ് ഉള്ളത്. വലിയപുരയ്ക്കൽകാരാണ് പൂജകൾ ചെയ്യുക.
- പണ്ട് ഇവിടെ ബ്രാഹ്മണരായിരുന്നു.
- അവർ പോയപ്പോൾ നെച്ചൂളിക്കാരായ നായന്മാരാണ് തറവാട്ടിൽ താമസിച്ചത്.
- അവരിൽ ഒരു സ്ത്രീ കൊടുങ്ങല്ലൂരിൽ പോകാറുണ്ടായിരുന്നു.
- അവർക്ക് പോകാൻ പറ്റാതായപ്പോൾ ഒരിക്കൽ കൊടുങ്ങല്ലൂരമ്മയെ കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ അവരുടെ കൂടെ കാൽ കുടയിൽ ഇങ്ങോട്ട് വന്നു എന്ന് വിശ്വാസം.
- കുട വീട്ടുമുറ്റത്ത് വെച്ചതിന് ശേഷം പിന്നെ എടുക്കാൻ കഴിഞ്ഞില്ല.
- പ്രശ്നം വെച്ചപ്പോൾ ദേവിയുടെ സ്ഥാനം അവിടെ കണ്ടു. ദേവിയെ അവിടെ കുടിയിരുത്തുകയും ചെയ്തു.
- മുത്തശ്ശി മരിച്ചപ്പോൾ അവരുടെ അവസാനകണ്ണി കൊല്ലേരി വീട്ടുകാരെ ഏൽപ്പിച്ച് ദേശാടനത്തിന് പോയി.
- ദേവിയുടെ ഐശ്വര്യം കൊണ്ട് ശോഭിച്ച സ്ഥലം ശോഭപ്പറമ്പ് എന്ന പേരിലറിയപ്പെട്ടു.

- ഉത്സവത്തിന്റെ ഒരാഴ്ച മുമ്പ് കലങ്കരിച്ചടങ്ങ് നടക്കുന്നു.
- ഇവിടുത്തെ പ്രധാന തറവാട്ടുകാരാണ് അത് നടത്തുക.
- കതിനവെടി, ചെണ്ടമേളം ഒക്കെ ഉണ്ടാകും.
- പല ദേശത്തുനിന്ന് കൊടിവരവ് എന്നുപറയുന്ന ഒരു ചടങ്ങുണ്ട്. അത് രാത്രി രണ്ട് മണിവരെ ഉണ്ടാകും.
- എല്ലാ ജാതിക്കാരും മതക്കാരും ഉത്സവത്തിന് പങ്കെടുക്കും.

**41. ഫീൽഡ് ഡയറി**

16.06.17ന് വൈകുന്നേരം നാലുമണിക്ക് ഞാൻ പുന്നോളി കൊറാത്ത് കരുണാകര മേനോന്റെ ഭാര്യ ഭഗവതിപ്പറമ്പത്ത് സ്വർണ്ണകുമാരിയമ്മയുടെ വീട്ടിലാണ് പോയത്. ചെന്നപ്പോൾ ഉമ്മറത്ത് തന്നെ ഉണ്ടായിരുന്നു. എഴുപത്തി ഏഴ് വയസ്സ് പ്രായമുണ്ട് അവർക്ക്. പേടിയാട്ട്കാവിനെക്കുറിച്ചും, ഉത്സവത്തെക്കുറിച്ചും പഴയകാലതറവാടുകളെ ക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. അരമണിക്കൂർ അവിടെ ചിലവഴിച്ചു. അതിനിടയിൽ അവർക്ക് ഉണ്ടായ അനുഭവകഥ പറയുകയുണ്ടായി.

**16.06.17 ലെഫീൽഡ് നോട്ട്**

**സ്വർണ്ണകുമാരി പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ട് ഭഗവതിക്കാവിന്റെ അവകാശികളിൽ ഒരു തറവാട്ടുകാരായിരുന്നു മനേഴി ഇല്ലം.
- ഇല്ലത്തിന്റെ മുറ്റത്തുള്ള മാവിൽ നിറയെ മാങ്ങയുണ്ടായിരുന്നു.
- മാങ്ങ പറിക്കാൻ മുക്കുവക്കുട്ടികൾ ശ്രമിച്ചു.
- ആ സമയത്ത് മുടിയഴിച്ച് വെള്ളവസ്ത്രം ഉടുത്ത് ഒരു സ്ത്രീ അവരെ ഭയപ്പെടുത്തി ഓടിച്ചുവിട്ടു.
- കുട്ടികൾ ഓടുന്നത് കണ്ടുകൊണ്ടാണ് ഞാൻ ചെന്നത്. കാര്യങ്ങൾ മനസ്സിലാക്കി.
- ഞാൻ അനുവാദത്തോടെ മാങ്ങ പറിച്ച് പോരുന്ന വഴിയിൽ സിനിമാതിയേറ്ററിലെ ജോലിക്കാർക്ക് രണ്ടെണ്ണം കൊടുക്കുകയും ചെയ്തു.

**42. ഫീൽഡ് ഡയറി**

28.03.2016ന് വൈകുന്നേരം നാലരമണിക്ക് പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ പുരുഷോത്തമൻ എന്നവരുടെ വീട്ടിലേക്കാണ് പോയത്. അവിടെ അദ്ദേഹവും ഭാര്യയും ഉണ്ടായിരുന്നു. മന്ത്രവാദച്ചടങ്ങുകളിലൂടെയാണ് അദ്ദേഹം മുന്നോട്ടുപോകുന്നത്. ജാത വൻകോട്ടയിലെ അടുത്ത കാരണവരായി സ്ഥാനക്കയറ്റം ലഭിക്കേണ്ട ആളായിരുന്നു അദ്ദേ ഹം. ചെന്ന കാര്യം പറഞ്ഞു. ഭഗവതിയെയും ജാതവനെയും കുറിച്ചുള്ള ഐതിഹ്യ ത്തെയും ഉത്സവനടത്തിപ്പിനെക്കുറിച്ചും പങ്കാളിത്തത്തെക്കുറിച്ചും വിശദമായി രണ്ടരമണി ക്കൂറോളം പറഞ്ഞുതന്നു.

**28.03.2016ലെ ഫീൽഡ് നോട്ട്**

**പുരുഷോത്തമൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടി വാവുത്സവം ശ്രദ്ധേയമാണ്.
- തുലാമാസത്തിലെ കറുത്ത വാവിനാണ് ഉത്സവം.
- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് വാവുത്സവത്തോടെ യാണ്. അവസാനിക്കുന്നത് കളിയാട്ടക്കാവിലെ ഉത്സവത്തോടെയും.
- പേടിയാട്ട്കാവും ജാതവൻ കോട്ടയുമാണ് ഇവിടുത്തെ പ്രധാന അമ്പലങ്ങൾ. ഇവിടെ നിത്യപൂജ ഇല്ല.
- ഉത്സവദിവസം മാത്രമാണ് നടതുറന്ന് നടതുറന്ന് ദേവിയെ എടുക്കുന്നതും ദർശിക്കു ന്നതും.
- ഭഗവതിക്കാവിൽ തല മാത്രമുള്ള പ്രതിഷ്ഠയാണ്.
- യഥാർത്ഥവിഗ്രഹം ചമ്പേത്തോട്ടിൽ കൊണ്ടുപോയി കുളിപ്പിക്കുന്നു.
- പനയമഠം തറവാട്ടുകാർക്കുപോലും ഇത് കാണാനുള്ള അവകാശമില്ല.
- ഒരു അമ്പലത്തിൽ ദേവിയുടെ ദാരുശില്പം സൂക്ഷിച്ചിട്ടുണ്ട്.
- ദേവീശില്പത്തിൽ നെറ്റിയിൽ ചന്ദ്രക്കലയും നെറ്റിപ്പട്ടത്തോടുകൂടി കമ്മലുകളും കഴു ത്തിൽ നേർച്ചയായി കിട്ടുന്ന അനവധി താലിമാലകളും ഉണ്ട്.
- ദേവിയുടെ മുഖം  തിരുവെള്ള, പൂപ്പട എന്നിങ്ങനെയുള്ള തുണികൾ പ്രത്യേകം ഞൊറിഞ്ഞ് വട്ടത്തിലുണ്ടാക്കി നടുവിലായി വയ്ക്കുന്നു.
- കോപഭാവമാണ് ഭഗവതിക്ക്. വലിയ രൂപമാണ് ഭഗവതീശില്പം
- ശേഷം ഭഗവതിയെ ഒരുക്കിക്കഴിഞ്ഞാൽ മൂന്നുതവണ ജാതവനുമായി വലംവയ്ക്കു ന്നു.
- ജാതവൻ പൊയ്ക്കുതിരപ്പുറത്തേറി സഞ്ചരിക്കുന്ന യുവയോദ്ധാവിന്റെ ഓടിൽ തീർത്ത പൂർണരൂപമാണ്.
- ഓടിൽ തന്നെ തീർത്ത തറ്റുടുത്ത വസ്ത്രമാണ് ജാതവൻ.
- ശരീരത്തിൽ പൂണൂലിട്ടിട്ടുണ്ട്.
- മൂസത്, പെരുവണ്ണാൻമാർ, നായന്മാർ, നമ്പ്യാന്മാർ ഇവരൊക്കെ പ്രധാന അവകാശി കളാണ്.
- ഇപ്പോൾ പല അവകാശികളും അവകാശം ഒഴിഞ്ഞു.
- ഭഗവതിക്കാവിന്റെ ചുമതല പനയമഠക്കാരും ജാതവൻകോട്ടയുടെ ചുമതലക്കാർ പെരുവണ്ണാന്മാരുമാണ്.
- ജാതവൻ കോട്ടയിൽ ഉത്സവനടത്തിപ്പിനായി മൂത്ത പെരുവണ്ണാൻ, നാലാം പെരുവ ണ്ണാൻ, ഇളയപെരുവണ്ണാൻ, മൂന്നാം പെരുവണ്ണാൻ തുടങ്ങിയ നാല് സ്ഥാനക്കാരുണ്ട്.
- ഉത്സവത്തോടനുബന്ധിച്ച് ജാതവൻകോട്ടയിൽ കൊടിയേറ്റം നടത്തുന്നു. ഊരുതെ ണ്ടൽ ചടങ്ങും ഉണ്ട്.
- കുതിരയെ അണിയിച്ചൊരുക്കാനും എഴന്നള്ളിക്കാനും വാദ്യമേളത്തിനും ഒക്കെ അവ കാശികളുണ്ട്. കോട്ട, എരമംഗലം, പരുത്തിക്കാടൻ, തേഞ്ഞിപ്പലൻ തുടങ്ങിയവരായി രുന്നു അവർ.

- ദേവി പോയിരുന്നതായി പറയപ്പെടുന്ന സ്ഥലങ്ങളിലും  തറവാടുകളിലുമാണ്.
- മൂത്ത പെരുവണ്ണാൻ എടുത്ത് മൂന്നാം സ്ഥാനക്കാരൻ ജാതവന്റെ കുതിരയെ പൊക്കണം.
- എന്നിട്ടേ കോട്ട എരമംഗലം തുടങ്ങിയവർ ജാതവനെ തൊടാൻ പാടുള്ളൂ.
- കോട്ട, എരമംഗലം ഇവർക്ക് മദ്യം കഴിക്കാം.
- ദേവിയുടെ വസ്ത്രം അലക്കിയിരുന്നത് വെളുത്തേടന്മാരും, പരുത്തിക്കാടന്മാരുമാരുമായിരുന്നു.
- കാര കളിച്ചുകൊണ്ടാണ് ജാതവൻ ഊരുചുറ്റുന്നത്.
- ജാതവനെയുംകൊണ്ട് ഓരോ വീടുകളിലും എത്തുമ്പോൾ ഗൃഹനാഥന്റെ ഗ്രഹനില പറയുന്ന ചടങ്ങുണ്ട്.
- തുലാമാസത്തിലെ ഗ്രഹനിലയാണ് പറയുന്നത്.
- അനുവാദം ചൊല്ലുക എന്ന ചടങ്ങും ഉണ്ട്. മൂന്നാം സ്ഥാനക്കാരൻ ചില കാര്യങ്ങൾ ചൊല്ലുന്നു. ദേവി വന്ന  ഐതിഹ്യമാണ് ഈ അനുവാദം ചൊല്ലലിലെ പൊരുൾ.
- ഇടങ്ങഴി നെല്ലും നാഴി അരിയും വീടുകളിൽ നിന്ന് പെരുവണ്ണാന്മാർക്ക് ലഭിക്കുന്നു.
- അന്നന്നു തന്നെ ഇത് എല്ലാ അവകാശികൾക്കായ്  ഭാഗിക്കുന്നു.
- ഒരു വിഹിതം പേടിയാട്ട്കാവിൽ കൊടുക്കണം.
- ഉത്സവദിവസം ഭഗവതിയെ പുലർച്ചെ മൂന്നു മണിയോടുകൂടി മൂത്ത പെരുവണ്ണാനും മറ്റു സ്ഥാനക്കാരും ചില പൂജകൾക്കുശേഷം എടുത്ത് ചമ്പേത്തോട്ടിൽ കുളിപ്പിച്ചു തിരികെ കൊണ്ടുവയ്ക്കുന്നു. ശേഷം വലിയ അമ്പലത്തിൽ ദാരുശില്പം കടപ്പുറത്തേക്ക് എഴുന്നള്ളിക്കുന്നു.
- ശംഖു വിളിയുടെ അകമ്പടിയോടെ വാക്കടവിലേക്ക് എഴുന്നള്ളിക്കുന്നു.
- വഴിമാറിപ്പോകാനും ഹിന്ദുഭവനങ്ങളിൽ നിലവിളക്കു കത്തിക്കാനും വേണ്ടിയാണിത്.
- ഭഗവതിയെ കടലിൽ കൊണ്ടുപോയി വാകയും താളിയും തേച്ച് കുളിപ്പിച്ച് ചമയങ്ങളെല്ലാം പൂശി ആഭരണങ്ങൾ അണിയിക്കുന്നു.
- നാല് പെരുവണ്ണാൻമാരും ചേർന്നാണ് ദേവിയെ ഒരുക്കുന്നത്. നാലുകാലിൽ മറച്ചു മറയുണ്ടാക്കിയാണ് ഒരുക്കുന്നത്.
- മറക്കുടയുമായി മൂത്ത കാരണവർ പുറത്ത് കാത്തിരിക്കും.
- ഭഗവതിക്ക് സ്വർണ്ണതാലി, ജാതവന് പൂമാല, ചൂടിക്കയർ എന്നിവ ചാർത്താൻ വരും.
- ഒരുക്കിക്കഴിഞ്ഞാൽ ദേവിയെ ജാതവനുമായി മൂന്ന് തവണ വലം വയ്ക്കുന്നു.
- ആ സമയത്ത് ചെണ്ടമേളം ഉച്ചസ്ഥായിലായിരിക്കും.
- മൂത്തപെരുവണ്ണാൻ ആ സമയം മുഖത്തെ തിരശ്ശീല നീക്കും.
- ഒരു വർഷത്തെ കാത്തിരിപ്പിന് ശേഷം മകൻ അമ്മയെ കാണുന്ന നിമിഷമാണത്.
- എല്ലാവരും ദേവീ ദേവീ എന്ന് ഉറക്കെ വിളിക്കും.
- കടപ്പുറത്തുനിന്നു ഉച്ചയോടുകൂടി മകൻ മുന്നിലും അമ്മ പിന്നിലുമായി കുന്നത്തേയ്ക്കുള്ള യാത്രയാണ്.
- ദേവിയും ജാതവനും തമ്മിൽ യാത്രയിൽ ഉടനീളം മൂന്നടി അകലം പാലിക്കുന്നുണ്ട്.

- ആദ്യം ജാതവനെ എടുത്തയാൾ മുന്നോട്ട് പോകും. പിന്നെ വെട്ടിത്തിരിഞ്ഞ് ദേവി യുടെ അരികിലേക്ക് വരും.
- കുറച്ചകലത്തിൽ പ്രത്യേകം താളത്തിൽ രണ്ട് മൂന്ന് ചാട്ടങ്ങൾ ചാടും.
- അമ്മയെ മകൻ കാണാനായി ഏന്തിനോക്കുകയാണ് എന്ന വിശ്വാസം.
- ദേവി പോകുന്ന  കുന്നത്ത് നമ്പ്യാന്മാരുടെ വീട്ടിൽ ഒരു തറയിലായി നിളവിളക്കു കളും പൂജാദ്രവ്യങ്ങളുമെല്ലാം ഒരുക്കി വയ്ക്കുന്നു.
- ഈ തറയെ മണിത്തറ എന്നാണ് പറയുന്നത്.
- മണിത്തറയിലെ നിവേദ്യത്തിന് വെള്ളരിനിവേദ്യം എന്നാണ് പറയുന്നത്.
- ഒൻപത് ഇലകളാണ് മണിത്തറയിൽ വയ്ക്കുന്നത്.
- പൂജാദ്രവ്യങ്ങൾ ഇലയിൽ വെയ്ക്കുന്നു. ദേവി വിശ്രമിക്കുന്ന സമയമാണ് എന്ന് വിശ്വാസം.
- വിശ്രമസമയത്ത് ദേവിക്ക് കാണാനായി നടത്തുന്ന ആയോധന കലയാണ് പടകാളി ത്തല്ല്.
- കുന്നത്ത് റോഡിന്റെ അപ്പുറത്തു വയലിലാണ് ഇത് നടക്കുന്നത്.
- ആർപ്പുവിളിയോടും ആരവങ്ങളോടും കൂടിയാണ് പടകാളിത്തല്ല് അരങ്ങേറുന്നത്.
- പടകാളിത്തല്ല് കാണുമ്പോൾ കുന്നത്തെ ഒരു പ്രത്യേക തെങ്ങിൽനിന്നും ഇളനീർ കുടിച്ച് ദേവിക്ക് ദാഹമകറ്റണം എന്നൊരു വിശ്വാസമുണ്ട്.
- ആ തെങ്ങ് കേടുവന്നു മറിഞ്ഞുവീണു.
- തെങ്ങ് നിന്നിരുന്ന സ്ഥലത്തിന് ഒറ്റത്തെങ്ങ് എന്നാണ് പറഞ്ഞിരുന്നത്.
- പാടത്തെ പശിമയുള്ള ചെളി വട്ടത്തിൽ നിറയെ കോരി ഇട്ടാണ് പടകാളിത്തല്ല് നട ക്കുന്നത്.
- രണ്ട്  ആളുകൾ ആണ് ഇതിൽ പങ്കെടുക്കുക.
- സ്ത്രീകൾക്ക് ഇതിൽ പങ്കാളിത്തമില്ല.
- പ്രത്യേക ആംഗ്യത്തോടെ കൈപ്പത്തി ഉയർത്തിപ്പിടിച്ചാണ് പടകാളിത്തല്ലിൽ പങ്കുചേ രുന്നത്.
- ചെറുപ്പക്കാരും വൃദ്ധന്മാരും ഇതിൽ പങ്കുചേരും.
- എതിരാളിയുടെ പുറം തോളിലാണ് അടിക്കേണ്ടത്.
- ഓരാൾക്ക് പലരുമായും മത്സരിക്കാം.
- ഉയർന്ന ആർപ്പുവിളികളോടുകൂടി ദേവിയെ കൊണ്ടുപോകുന്നത് കറുത്തങ്ങാട്ട് ഇല്ല ത്തേക്കാണ്
- അവിടെ ഇല്ലം ഉണ്ടായിരുന്നെന്ന് വിശ്വാസം.
- മൂന്ന് ചുമരുകളും പൊളിഞ്ഞ തറയും മാത്രമാണുള്ളത്.  ഉത്സവമായാൽ ചുമരു കൾക്ക് മീതെ ഓല വെച്ച് മറക്കുന്നു.
- മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരിയാണ് അവിടെ പൂജ നടത്തുന്നത്.
- കറുത്തങ്ങാട്ട് ഒരു ഭാഗത്തായി ജാതവന്റെ കുതിരയെ ഇറക്കിവയ്ക്കുന്നു.
- കറുത്തങ്ങാട്ടുനിന്നും വൈകീട്ട് അഞ്ചുമണിയോടെ പേടിയാട്ട് ഭഗവതിക്കാവിലേക്ക് തിരിച്ചെത്തും.

- അവിടെ പൂജയും വഴിപാടുമെല്ലാം കഴിഞ്ഞ് ദേവിയേയും കൊണ്ട് അമ്പലം ചുറ്റും.
- വെളിച്ചപ്പാട് വെളിച്ചപ്പെടും.
- ആരറയോടെ ദേവിയെ പൂജാവിധികളോടെ പ്രതിഷ്ഠിക്കും.
- ആ സമയം മന്ത്രോച്ചാരണവുമായി ഭക്തരും അമ്പലത്തിലുണ്ടാകും.
- പേടിയാട്ട്നിന്നും കിട്ടുന്ന വെള്ളരിയും മഞ്ഞളുമായി പെരുവണ്ണാൻമാർ യാത്രയാകും.
- ജാതവൻ കോട്ടയിലേക്കുള്ള ജാതവന്റെ യാത്ര ശോകമൂകമാണ്. ദുഃഖം പേറി തല കുനിച്ച് യാത്രയാകുന്നു.
- വാദ്യമേളങ്ങളൊന്നും ആ സമയം ഉണ്ടാകില്ല.
- പിറ്റേന്ന് ജാതവന്റെ കുടികൂട്ടൽ ചടങ്ങ് നടക്കുന്നു.
- മൂത്ത പെരുവണ്ണാനും ഇളയ പെരുവണ്ണാനും കൂടിയാണ് പൂജകൾ ചെയ്യുക.
- പൂജകളോടെ ജാതവനെ കുടിയിരുത്തി കുതിരയെ അഴിക്കും.
- കുതിരക്കൂട് മുളകൊണ്ടുള്ള അലകുകളും പൊതിഞ്ഞ തുണിയും മറ്റു ചമയങ്ങളുമെല്ലാം തറവാട്ടിലാണ് സൂക്ഷിക്കുന്നത്.
- പിറ്റേ ദിവസം ഇത് ജാതവൻ കോട്ടയിലേക്ക് തിരികെവെക്കുന്നു.
- പെരുവണ്ണാൻ തറവാട്ടിലെ മുറ്റത്തുവച്ചാണ് ചടങ്ങുകൾ നടക്കുന്നത്,
- കുടികൂട്ടൽ ചടങ്ങിനുശേഷം ആദ്യം പെരുവണ്ണാൻമാർ തോറ്റം പാടും. അതിനനുസരിച്ച് അയ്യരുകളി കളിക്കും.
- പേടിയാട്ട്നിന്നും കിട്ടിയ അരിയും മഞ്ഞളും വേവിച്ചു ചോറാക്കിയ ഒരു കോഴിയെ വെട്ടി ചെറു തുണ്ടുകളാക്കി മുറിച്ചതിന്റെ കറിയും അന്ന് പ്രസാദമായി ഇലച്ചീന്തിൽ എല്ലാവർക്കും നൽകുന്നു.
- ഉത്സവ നടത്തിപ്പിനെക്കുറിച്ച് 'പാവാടപ്പായ'യിൽ ഇരുന്ന് തുറന്നു സംസാരിക്കും. എല്ലാ അവകാശികളും ഊരുതെണ്ടി കിട്ടിയ അരി എല്ലാവർക്കും അളന്നു നൽകുന്നു.
- കൊമ്പു മുറത്തിലാണ് അളക്കുന്നത്.
- ഒരു പറ എന്ന് പറഞ്ഞ് ഒരു പിടിയൊക്കെയാണ് ഇടുന്നത്.
- ആകെ അരച്ചാക്ക് അരിയൊക്കെയാണ് ഉണ്ടാവുക.
- ഒരു നോട്ടുപുസ്തകത്തിൽ എഴുതിവെച്ച അളവുകളുടെ വായന രണ്ടാം പെരുവണ്ണാൻ നടത്തും.
- ബാക്കി വരുന്ന അളവ് ഏറനാട്, ചേരനാട്, രാമനാട്, പരപ്പനാട് എന്നീ നാടുകൾക്കായ് അളന്ന് കൊമ്പുമുറത്തിലേക്കു തന്നെ തിരികെയിടുന്നുണ്ട്. നാട്ടളവായി ഒരു പങ്ക് അളന്ന് തിരികെയിടുന്നുണ്ട്.
- എന്തെങ്കിലും കാരണവശാൽ ഇവിടെയുള്ളവർക്ക് ഉത്സവം നടത്താൻ കഴിയാതെ വന്നാൽ പുറത്തുനിന്ന് അവർ വന്ന് ഉത്സവം നടത്തിക്കോളും എന്ന വിശ്വാസമാണ് ഉള്ളത്.
- പൂപ്പടയും തിരുടാടയും അലക്കുന്നതിന് പെരുവണ്ണാന്മാരിലെ മൂത്ത് കാരണവത്തിക്ക് അളവിൽ ഒരു പങ്കുണ്ട്.
- ഏഴു വെയിലും ഏഴു മഞ്ഞും കൊണ്ട് ഉണങ്ങണം ഈ വസ്ത്രങ്ങൾ എന്നാണ് പറയുക.

- കൂടികൂട്ടൽ ചടങ്ങിനു ശേഷം ഭക്ഷണം കഴിച്ചു തറവാട്ടിൽനിന്നും ബന്ധുക്കൾ യാത്ര യാകും.
- ഐവർകളി ഞങ്ങൾ നിലവിളക്കിന്റെ ചുറ്റിലും നിന്ന് മൂത്ത കാരണവർ പാട്ടുപാടി നൃത്തം ചവിട്ടിത്തുടങ്ങുന്നു. അഞ്ച് ആൾക്കാർ വീതമാണ് കളിക്കുന്നത്.
- ഉത്സവദിവസം പുലർച്ചെ നാലുമണിക്ക് കിഴക്കെപ്പുരയ്ക്കൽ ആശാരി തറവാട്ടുകാ രാണ് മനയോല കടപ്പുറത്തെത്തിക്കുന്നത്. ഇത് കൊണ്ടുവരുമ്പോൾ ഇവർ സംസാരി ക്കാൻ പാടില്ലെന്നാണ് ചട്ടം.
- തച്ചുശാസ്ത്രം പഠിപ്പിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും സ്ഥാപിച്ച ഒരു സംസ്കൃതവിദ്യാലയം ഇന്നും നിലനിർത്തിപ്പോരുന്നുണ്ട്.
- ജാതവൻ തറവാട്ടിലേക്കെഴുന്നള്ളുമ്പോൾ മുതിർന്ന കാരണവർ ചായില്യം തയ്യാറാ ക്കിക്കൊണ്ടിരിക്കണം. കിഴക്കെപ്പുരയ്ക്കൽകാവിന്റെ ഉമ്മറത്തിരുന്നാണ് ചായില്യമൊ രുക്കുന്നത്. ഏഴ് ദിവസംകൊണ്ടാണ് ചായില്യം പൊടിക്കുന്നത്. പുല-വാലായ്മ പോലും ഇതിനെ ബാധിക്കാറില്ല.
- മൂത്ത പെരുവണ്ണാന്റെ അടുത്താണ് കടപ്പുറത്തുവച്ച് ചായില്യം ഏൽപ്പിക്കുന്നത്.

**43. ഫീൽഡ് ഡയറി**

29.03.2016 ന് വൈകുന്നേരം നാലുമണിക്ക് ചേരിയാംപറമ്പിൽ പ്രിയേശനെ അദ്ദേ ഹത്തിന്റെ ഇടച്ചിറയിലെ വീട്ടിൽവെച്ച് കണ്ടുമുട്ടി. ഞാൻ ചെന്ന കാര്യം പറഞ്ഞു. പേടി യാട്ട്ഭഗവതിയുടെ വരവിനെക്കുറിച്ചും ഉത്സവപങ്കാളിത്തത്തെക്കുറിച്ചും അരമണിക്കൂ റോളം സംസാരിക്കുകയുണ്ടായി.

**29.03.2016 ലെ ഫീൽഡ് നോട്ട്**

**പ്രിയേശൻ പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടുഭഗവതി ബ്രാഹ്മണ സ്ത്രീയാണെന്നും കടലിൽവെച്ച് എന്തോ അപകടം പിണഞ്ഞെന്നും പറയപ്പെടുന്നു.
- ദേവിയുടെ ശരീരാവയവങ്ങൾ പല സ്ഥലങ്ങളിലായി അടിഞ്ഞു. (ഭണ്ഡാരക്കാവ്- ഉടൽ, വരയ്ക്കൽ-കൈകാലുകൾ, തല-കടലുണ്ടി)
- ഉപ്പുകുറുക്കുന്നവർക്കാണ് ഭഗവതിയെ കിട്ടിയത്.
- ദേവിയുടെ ചൈതന്യം കുടിയിരുന്നത് കുന്നത്ത് ആയിരുന്നുവെന്നും തറവാട്ടിലെ മച്ചിൽ ദേവി ഇരുന്നതായി പറയുന്ന ഒരു പീഠവുമുണ്ട്.
- നമ്പ്യാന്മാർ ദേവീ ഉപാസനകരായ അവകാശികളാണ്.
- ദേവിയെ കറുത്തങ്ങാട്ട് തിരുമേനിയുടെ അടുക്കൽ കൊണ്ടുപോകുന്നു.
- തിരുമേനി ദേവിയുടെ ശിരസ്സ് കണ്ട് (തിരുമുഖം) ഇവിടെ വേണ്ട തിരികെ കൊണ്ടു പൊയ്ക്കോളൂ എന്നു പറയുന്നു.
- അതുകൊണ്ട് തിരുമേനിയുടെ കറുത്തങ്ങാട്ടില്ലം കത്തിപ്പോയി എന്ന് ഐതിഹ്യം.
- ഇപ്പോൾ അവിടെ മൂന്ന് ചുമരും തറയുമാണ് ഉള്ളത്.

- പിന്നീട്  ദേവിയെ പേടിയാട്ട് കുടിയിരുത്തി
- മറ്റൊരു കഥയിൽ കടലുണ്ടിയിലെ വാക്കടവിൽ തേജസ്വിനിയായ ഒരു സ്ത്രീയെ ഉപ്പു കുറുക്കുന്നവർ കാണുന്നു.
- ഉപ്പു വാങ്ങാൻ വന്ന ആളുകളുടെ കൂട്ടത്തിൽ ഋതുമതിയായ ഒരു സ്ത്രീയും ഉണ്ടായി രുന്നു.
- ഈ സമയം തോണിയിലുണ്ടായിരുന്ന സ്ത്രീ വെള്ളത്തിലേക്ക് എടുത്തുചാടുന്നു.
- ഉപ്പു കുറുക്കുന്നവർ പങ്കായം കൊണ്ട് തിരയുന്നതിനിടയിൽ പങ്കായത്തലപ്പുകൊണ്ട് ശിരസ്സ് വേർപെടുന്നു.
- പിന്നീട് അത് കരയ്ക്കടിഞ്ഞു സൂക്ഷ്മമായി ശിരസ്സെടുത്ത് കർത്തങ്ങാട്ട് തിരുമേനി യുടെ അടുത്തുകൊണ്ടിട്ടുപോകുന്നു.

44. **ഫീൽഡ് ഡയറി**

21.07.17ന് വൈകുന്നേരം നാലരമണിക്ക് ഞാൻ ഇടച്ചിറയിലെ തൈക്കൂട്ടത്തിൽ ബിന്ധ്യയുടെ മകൻ ആര്യനെ കാണാനാണ് പോയത്. ആര്യനോട് ഉത്സവത്തെക്കുറിച്ച് അരമണിക്കൂറോളം സംസാരിച്ചു.

**21.07.2017 ലെ ഫീൽഡ് നോട്ട്**

**ആര്യൻ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന്റെ മുമ്പുതന്നെ വീടും മുറ്റവും വൃത്തിയാക്കാൻ അപ്പൂപ്പന്റെ കൂടെ ഞാനും കൂടും.
- ഞാനും അപ്പൂപ്പനും വീട് പെയിന്റ് ചെയ്യാറുണ്ട്.
- ബന്ധുക്കളൊക്കെ വരും. ഞങ്ങൾ പുറത്ത് കറങ്ങാൻ പോകും.
- ഉത്സവത്തിന്റെ തലേ ദിവസവും അന്നും വീടിന്റെ മതിലിലൊക്കെ ചിരാത് വയ്ക്കും.
- എന്റെ കൂട്ടുകാർക്കൊക്കെ മിഠായി, കീ ചെയിൻ, ജിലേബി, ബലൂൺ എന്നിവ വാങ്ങി ക്കൊണ്ടുപോകാറുണ്ട്.
- പല സാധനങ്ങളും വാങ്ങിക്കഴിക്കാറുണ്ട്.
- യന്ത്രോഞ്ഞാലിലൊക്കെ കയറാറുണ്ട്.

45. **ഫീൽഡ് ഡയറി**

22.07.2017 ന് വൈകുന്നേരം നാലരമണിക്ക് ഞാൻ പ്രബോധിനിയിലെ കുടിൽപുര യ്ക്കൽ വാസുവേട്ടന്റെ ഭാര്യയെ കാണാനായിരുന്നു പോയത്.  ഉത്സവത്തെക്കുറിച്ചും ഉത്സവചടങ്ങുകളെക്കുറിച്ചും ഒരു മണിക്കൂറോളം സംസാരിച്ചു.

**22.07.2017 ലെ ഫീൽഡ് നോട്ട്**

**സൗമിനി പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾ ഒരു മാസം മുമ്പുതന്നെ വ്രതം എടുത്ത് ജാതവൻ കോട്ടയിലെ തറവാട്ടുവീട്ടി ലേക്ക് പോകുന്നു.
- കാരണവൻമാർക്ക് വെച്ചുകൊടുത്ത് കഞ്ഞികുടിക്കൽ ചടങ്ങ് കഴിഞ്ഞാണ് ഞങ്ങൾ തറവാട്ടിലേക്ക് പോകുന്നത്.

- അന്നുമുതൽ തറവാട്ടിൽ വൃത്തിയാക്കലും ആരംഭിക്കുന്നു. വ്രതത്തോടുകൂടിയാണ് ഭക്ഷണം പാകം ചെയ്യുന്നത്.
- ജാതവന്റെ കുതിരയുടെ മുകളിൽ പുതയ്ക്കുന്ന വസ്ത്രം അലക്കുകയും ഒക്കെയാണ് ഞങ്ങൾ ചെയ്യുന്നത്.
- അമ്പലം വെള്ളവലിച്ച് വൃത്തിയാക്കുന്നു.
- പറമ്പ് പുല്ല് ചെത്തി വൃത്തിയാക്കുന്നു.
- പൂജയ്ക്കുള്ള സാധനങ്ങൾ ഒരുക്കുന്നു.
- വിളക്കും ചിരാതുകളും കഴുകി വൃത്തിയാക്കുന്നു.
- ഞാനാണ് തറവാട്ടമ്മ.
- ജാതവൻ ഊരുചുറ്റി തിരിച്ചുവരുമ്പോൾ നിലവിളക്കേന്തി സ്വീകരിക്കണം.
- ഉത്സവം കഴിഞ്ഞ് ഏഴാം പുണ്യാഹം കഴിഞ്ഞാണ് ഞങ്ങൾ വീട്ടിലേക്ക് പോകുന്നത്.
- അവകാശങ്ങളായി കിട്ടിയ നെല്ലും അരിയും ഒക്കെയായി തിരിച്ചുപോരുന്നു.
- മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി ഇവർ ഏകീഭവിച്ച ദുർഗ്ഗയായ മൂകാംബികയെ പ്രതിഷ്ടിച്ച വടക്കേ ദേശത്തെ കൊല്ലൂർ ക്ഷേത്രത്തിൽനിന്നും ആദ്യം കണ്ണൂരേക്കും പിന്നെ കടലുണ്ടിയിലേക്കും വന്നു എന്നൊരു ഐതിഹ്യം.

**46. ഫീൽഡ് ഡയറി**

23.07.2017-ന് രാത്രി ഒൻപതുമണിയോടെയാണ് ഇടച്ചിറയിലെ ചേരിയാം പറമ്പിൽ നിരനോട് സംസാരിച്ചത്. ഉത്സവത്തെക്കുറിച്ച് അരമണിക്കൂറോളം ഞങ്ങൾ സംസാരിച്ചു

**23.07.2017ലെ ഫീൽഡ് നോട്ട്**

**നിരൻ പറഞ്ഞ കാര്യങ്ങൾ**

- ഞാനും എന്റെ കൂട്ടുകാരും ഒരാഴ്ച മുമ്പേ തന്നെ സാധനങ്ങളൊക്കെ വാങ്ങിക്കാൻ പോകും.
- എന്റെ കൂട്ടുകാർ വീട്ടിൽ വന്ന് താമസിക്കും
- യന്ത്രോഞ്ഞാലിൽ കയറാറുണ്ട്. പല ഗെയിമുകളിലും ഏർപ്പെടാറുണ്ട്.
- എല്ലാതരം ഭക്ഷണവും വാങ്ങിക്കാൻ കിട്ടും. ഏറെക്കുറെ എല്ലാം വാങ്ങിക്കഴിക്കാറുണ്ട്.
- കൂട്ടുകാരോടൊത്ത് വളരെ സന്തോഷത്തോടെ കളിക്കോപ്പുകൾ വാങ്ങി കളിക്കാറുണ്ട്.
- അലങ്കാര മത്സ്യങ്ങൾ, ചെടികൾ തുടങ്ങിയവ വാങ്ങിക്കാറുണ്ട്.
- എല്ലാവരും വാക്കാശ് തരും. അതിന് കുറേ സാധനങ്ങൾ വാങ്ങും.

**47. ഫീൽഡ് ഡയറി**

24.07.17ന് വൈകുന്നേരം അഞ്ചുമണിക്കാണ് ഇടച്ചിറയിലെ തൈക്കൂട്ടത്തിൽ പങ്കജാക്ഷൻ എന്നവരുടെ വീട്ടിലെത്തിയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. പേടിയാട്ട് ഭഗവതിയെക്കുറിച്ചും ഉത്സവത്തെക്കുറിച്ചു സംസാരിച്ചു. ഒരു മണിക്കൂറോളം അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു.

**24.07.2017ലെ ഫീൽഡ് നോട്ട്**

**പങ്കജാക്ഷൻ പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി കടലിൽ നിന്നുവന്നു.
- ആടയാഭരണങ്ങളോട് വളരെയധികം ഇഷ്ടമായിരുന്നു തമ്പുരാട്ടിക്ക്
- സദാസമയവും സർവാഭരണവിഭൂഷിതയായാണ് സഞ്ചരിക്കാറ്
- ഒരു ദിവസം നദീമാർഗ്ഗം സഞ്ചരിക്കുമ്പോൾ വിശ്രമത്തിനായി ബാലാതിരുത്തിയിലിറങ്ങി.
- ആ സമയം അതുവഴി കടന്നുപോയ കടൽക്കൊള്ളക്കാർ ഭഗവതിയേയും കൂട്ടരേയും കണ്ടുമുട്ടുന്നു.
- ആടയാഭരണങ്ങൾ കവർന്നെടുക്കുന്നതിനായി തമ്പുരാട്ടിയെ ആക്രമിക്കുന്നു.
- തമ്പുരാട്ടിയെ വെട്ടിക്കൊലപ്പെടുത്തുന്നു.
- ശരീരഭാഗങ്ങൾ തുണ്ടങ്ങളാക്കി കടലിലേക്ക് വലിച്ചെറിയുന്നു.
- പിന്നീട് കടലിന്റെ കുത്തൊഴുക്കിൽപ്പെട്ട് തമ്പുരാട്ടിയുടെ ശിരസ്സ് കടലുണ്ടിയിലെ വാക്കടവ് കടൽക്കരയിൽ അടിയുന്നു
- അതുവഴി നാട്ടുകാരനായ ഒരാൾ തമ്പുരാട്ടിയുടെ ശിരസ്സ് കാണാനിടയാവുകയും അയാൾ അത് എടുക്കുകയും ചെയ്യുന്നു.
- ദിവ്യചൈതന്യം തോന്നിയതുകൊണ്ട് പേടിയാട്ട്കുന്നിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.
- ചൂട്ട്, താലി, കുടമണി, വെളിച്ചെണ്ണ എന്നിവ നേർച്ചയായി നൽകാറുണ്ട്.
- എല്ലാ സാധനങ്ങളും വാങ്ങിക്കാൻ കിട്ടും.
- ബന്ധുക്കൾ എല്ലാവരും വരും. നല്ല സന്തോഷമാണ് എല്ലാവർക്കും.
- മധുരപലഹാരങ്ങൾ, അവൽ, പഴം എല്ലാം പെൺകുട്ടികളുടെ വീട്ടിലേക്ക് കൊണ്ടുപോകുന്നു.
- മരുമക്കളുടെ വീട്ടിൽനിന്ന് ഇങ്ങോട്ട് കൊണ്ടുവരികയും ചെയ്യുന്നു.

**48. ഫീൽഡ് ഡയറി**

25.07.2017ന് വൈകുന്നേരം ആറുമണിക്കാണ് ഇടച്ചിറയിലെ തൈക്കൂട്ടത്തിൽ സുഗദ ടീച്ചറെ കാണുന്നത്. ചെന്നകാര്യം പറഞ്ഞു. കുശലാന്വേഷണത്തിനുശേഷം ഉത്സവത്തെക്കുറിച്ചും അമ്മയുടെ വരവിനെക്കുറിച്ചും അരമണിക്കൂറോളം സംസാരിച്ചു.

**25.07.2017ലെ ഫീൽഡ് നോട്ട്**

**സുഗദ പറഞ്ഞ കാര്യങ്ങൾ**

- ദേവി കടലിൽ നിന്നു വന്നു
- പേടിയാട്ടമ്മക്ക് നാല് സഹോദരിമാരാണ് ഉള്ളത്.
- അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- ഒരു ദിവസം പേടിയാട്ടമ്മയും സഹോദരിമാരും ഒരുമിച്ച് കടലിൽ ഉല്ലാസയാത്ര പോകുന്ന നേരം കടൽച്ചുഴിയിൽ അകപ്പെട്ടു.

- തോണി ഇളകി പേടിയാട്ടമ്മ വെള്ളത്തിൽ വീണു.
- ഇതിനുശേഷം കടലുണ്ടി വാക്കടവിനടുത്തുവെച്ച് പേടിയാട്ടമ്മയുടെ ശിരസ്സ് മുക്കുവ ന്മാരുടെ വലയിൽപ്പെട്ടു.
- ശേഷം ശിരസ്സ് പേടിയാട്ട്കുന്നിലെത്തിച്ചു.
- ഉത്സവത്തോടനുബന്ധിച്ച് ഒരു മാസം മുമ്പുതന്നെ വീടും പറമ്പും വൃത്തിയാക്കാൻ തുടങ്ങും.
- ചപ്പുചവറുകളും പഴയ ന്യൂസ് പേപ്പർ എല്ലാം ഒഴിവാക്കും.
- പഴയ സാധനങ്ങൾ എടുക്കാൻ ആൾക്കാർ വരും.
- ഉത്സവത്തോടനുബന്ധിച്ച് റോഡും, തോടും എല്ലാം വൃത്തിയാക്കും.
- വിരുന്നുകാർ വീട്ടിലേക്ക് വരും.

**49. ഫീൽഡ് ഡയറി**

25.07.2017 ന് വൈകുന്നേരം അഞ്ചുമണിക്ക് കടലുണ്ടിയിലെ തൈക്കൂട്ടത്തിൽ കാർത്യായനി അമ്മയെ കാണാനാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഭഗവതി യുടെ വരവിനെക്കുറിച്ചും കടലുണ്ടിയിലെ കൃഷിയെക്കുറിച്ചും ഉത്സവത്തെക്കുറിച്ചും ഒരു മണിക്കൂറോളം ഞങ്ങൾ സംസാരിച്ചു.

**25.07.2017 ലെ ഫീൽഡ് നോട്ട്**

**കാർത്യായനി പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി കടലിൽനിന്ന് വന്നതാണ്
- സഹോദരൻമാരാൽ ചതിക്കപ്പെട്ടവരാണ് പേടിയാട്ടമ്മയും സഹോദരിമാരും
- സഹോദരിമാർ ഒരിക്കൽ നീരാട്ടിനു പോകാൻ തോണി ഉണ്ടാക്കിത്തരണമെന്ന് സഹോദരന്മാരോട് ആവശ്യപ്പെട്ടു.
- രണ്ട് രീതിയിലുള്ള തോണി ഉണ്ടാക്കിക്കൊടുത്തു. ഒന്ന് മിനുക്കിപ്പണിത മൺതോ ണിയും അലങ്കാരപ്പണികളില്ലാത്ത മരത്തോണിയും.
- മൺതോണിയാണ് സഹോദരിമാർ തെരഞ്ഞെടുത്തത്.
- മരത്തോണിയിൽ സഹോദരന്മാരും മൺതോണിയിൽ സഹോദരിമാരും വെഞ്ചാലിക്ക ടൽപ്പരപ്പിലൂടെ യാത്ര തിരിച്ചു. മദ്ധ്യാഴിയിലെത്തിയപ്പോൾ ഇടിയും മഴയും ഉണ്ടാ കട്ടെ എന്ന് സഹോദരൻമാർ കൽപ്പിച്ചു.
- പേമാരിയ്ക്കുശേഷം ഏഴാമത്തെ തിരയിൽ മൺതോണി മുങ്ങിപ്പോയി.
- നടുക്കടലിൽ അകപ്പെട്ട സഹോദരിമാർ വിവിധ ദിശകളിലേക്ക് നീന്തിക്കയറി.
- ഇതിൽ പേടിയാട്ട് ഭഗവതി കടലുണ്ടിയിൽ എത്തി.
- എല്ലാതരം കൃഷികളും ഉണ്ടായിരുന്നു കടലുണ്ടിയിൽ. നെല്ല്, കിഴങ്ങുകൾ, തെങ്ങ്, പച്ചക്കറികൾ തുടങ്ങിയവ കൂടുതലായി കൃഷി ചെയ്യുന്നുണ്ട്. എല്ലാതരം വിത്തുകളും വാവിന് വാങ്ങാൻ കിട്ടും.
- പക്ഷികൾ മുമ്പ് ധാരാളം വന്നിരുന്നു. ഇന്ന് കുറവാണ്.

**50. ഫീൽഡ് ഡയറി**

26.07.2017ന് വൈകുന്നേരം നാലരമണിക്കാണ് കടലുണ്ടിയിലെ തൈക്കൂട്ടത്തിൽ ലക്ഷ്മിയുടെ വീട്ടിൽ എത്തുന്നത്. ഞാൻ ഭഗവതിയെക്കുറിച്ച് അറിയാൻ വന്നതാണെന്ന് പറഞ്ഞു. അവർക്കറിയാവുന്ന കാര്യങ്ങൾ അരമണിക്കൂറോളം പറഞ്ഞുതന്നു.

**26.07.2017 ലെ ഫീൽഡ് നോട്ട്**

**ലക്ഷ്മി പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി കടലിൽ നിന്നാണ് വന്നത്.
- ഭഗവതി കുന്നത്തേക്ക് എഴുന്നള്ളുന്ന സമയം മടവമ്പാട്ടെ ക്ഷേത്രത്തിലേക്ക് തിരിഞ്ഞു നോക്കാറുണ്ട്.
- വീടും പറമ്പും വൃത്തിയാക്കി വിളക്കു വയ്ക്കാറുണ്ട്. ഭഗവതിയെ പുലർച്ചെ നീരാടാൻ കൊണ്ടുപോകുന്ന സമയങ്ങളിലും വിളക്കു വയ്ക്കുന്നു.
- വലിയ ജനക്കൂട്ടം തന്നെയാണ് ഉത്സവത്തോടനുബന്ധിച്ച് കടലുണ്ടിയിൽ കാണാൻ സാധിക്കുന്നത്.
- എല്ലാതരം സാധനങ്ങളും വാങ്ങാൻ കിട്ടും. ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സാധന ങ്ങൾ വാങ്ങിയ്ക്കാൻ പല ദേശക്കാരും എത്താറുണ്ട്.
- ബന്ധുക്കളെല്ലാരും ഉത്സവത്തിന് രണ്ട് ദിവസം മുമ്പുതന്നെ വീട്ടിലെത്താറുണ്ട്. ആരും ആരെയും വിളിക്കേണ്ട അവശ്യമില്ല. എല്ലാവരും വന്നു ചേരും.

**51. ഫീൽഡ് ഡയറി**

28.07.2017ന്.ഞാൻ വൈകുന്നേരം അഞ്ചുമണിക്ക് കാരകളിപ്പറമ്പിലെ കുടിൽപുര യ്ക്കൽ സരോജിനിയുടെ വീട്ടിലേക്കാണ് പോയത്. ജാതവൻ കോട്ടയിലെ തറവാട്ടു വീടാണ് ഇത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ജാതവൻ കോട്ടയിലെ വിശേഷങ്ങൾ ഒരു മണിക്കൂറോളം സംസാരിച്ചു.

**28.07.2017ലെ ഫീൽഡ് നോട്ട്**

**സരോജിനി പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾ വീടും പരിസരവും പുല്ലുചെത്തി വൃത്തിയാക്കുന്നു.
- തീണ്ടാരിയായാൽ ആരും വീട്ടിൽ നിൽക്കാൻ പാടില്ല.
- കല്യാണം കഴിപ്പിച്ചയച്ച മക്കളുടെ വീട്ടുകളിലേക്ക് പലഹാരം, പഴം, അവിൽ എന്നിവ നാലുദിവസം മുമ്പ് തന്നെ കൊണ്ടുപോകണമെന്നുണ്ട്.
- കല്യാണം കഴിച്ചു കൊണ്ടുവന്ന മക്കളുടെ വീടുകളിൽനിന്ന് ഇവിടേക്ക് മധുരം കൊണ്ടുവരികയും വേണം. കൊണ്ടുവരുന്നവർക്ക് ഇവിടെ നിന്ന് വാക്കാൾ കൊടു ക്കുന്ന ഒരു ചടങ്ങുണ്ട്.
- പിന്നീട് ഉത്സവത്തിന്റെ തലേദിവസം മാത്രമാണ് അവർ താമസിക്കാൻ വരുന്നത്.
- തലേദിവസം ഒട്ടുമിക്ക വീടുകളിലും മത്സ്യമാംസാദികൾ ഒഴിവാക്കുന്നു.
- പിറ്റേദിവസം രാവിലെ വാക്കടവിൽ വെച്ച് വാവുബലി നടക്കുന്നു.

**52. ഫീൽഡ് ഡയറി**

29.07.2017ന് വൈകുന്നേരം അഞ്ചുമണിക്ക് കാരകളിപ്പറമ്പിലെ അമ്പാളിപ്പറമ്പിൽ വിജേഷിനെ കാണാൻ ഞാൻ വീട്ടിലേക്ക് പോയി. ഞാൻ ചെന്ന കാര്യം പറഞ്ഞു. ജാത വൻ കോട്ടയിലേയും പേടിയാട്ട് ഭഗവതിക്കാവിലേയും കാര്യങ്ങൾ ഒരുമണിക്കൂർ നേരം സംസാരിച്ചു.

**09.09.2017ലെ ഫീൽഡ് നോട്ട്**

**വിജേഷ് പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി വന്നത് കടലിൽ നിന്നാണ്. ജാതവൻ എന്നു പേരായ ഒരു മകനുണ്ട് ഭഗവ തിയ്ക്ക്.
- പരുത്തിക്കാട് തറവാട്ടിലെ കാരണവർക്ക് മീൻ പിടിക്കാൻ പോയ സമയത്ത് വലയെറി ഞ്ഞപ്പോൾ ദേവിയുടെ തലമുടിയാണ് കിട്ടിയത് എന്നു ഒരു പഴമൊഴിയുണ്ട്.
- രണ്ട് മുൻവരിപ്പല്ലുകൾ മാത്രമാണ് കിട്ടിയത് എന്നും പറയപ്പെടുന്നു.
- കറുത്തങ്ങാട്ട് ശിവഭഗവാന്റെ ചൈതന്യം കുടിയിരിക്കുന്നു എന്ന വിശ്വാസം നില നിൽക്കുന്നുണ്ട്.
- ജാതവൻ കോട്ടയിൽ ഉത്സവത്തിന് രണ്ടുദിവസം മുമ്പു തന്നെ ജാതവൻ ഊരുതെ ങ്ങൽ ചടങ്ങ് നടക്കുന്നു.
- ഉത്സവത്തിന്റെ പിറ്റേദിവസം ജാതവനെ കൊട്ടിലിൽ വയ്ക്കുന്ന ചടങ്ങും, ജാതവന്റെ കുതിരക്കൂട് അഴിക്കുന്ന ചടങ്ങും നടക്കുന്നു.അതോടൊപ്പം ഐവർകളിയും ഉണ്ടാ കും.
- വെച്ചു നേദ്യം കഴിച്ച് വ്രതം മുറിച്ച് എല്ലാവരും പിരിയുന്നു.

**53. ഫീൽഡ് ഡയറി**

10.07,2017ന് വൈകുന്നേരം അഞ്ചുമണിക്ക് ഇടച്ചിറയിലെ അണ്ടിപ്പറ്റ് റോഷിത്തിനെ കാണാനാണ് വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. പേടിയാട്ട് ഉത്സവത്തെക്കു റിച്ച് അവൻ പത്തുമിനിട്ട് സംസാരിച്ചു.

**10.07.2017ലെ ഫീൽഡ് നോട്ട്**

**റോഷിത്ത് പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ക്ഷേത്രത്തിന്റെ ചുറ്റിലും ദീപം കൊളുത്തുന്നു. വീടുകളിലും ചിരാത് വെയ്ക്കുന്നു.
- ഭഗവതിയെയും ജാതവനെയും ഞങ്ങളുടെ വീടിന്റെ മുന്നിലൂടെയാണ് എഴുന്നള്ളിക്കു ന്നത്. നിലവിളക്കും ചിരാതും കത്തിച്ചുവെയ്ക്കുന്നു.
- ബന്ധുക്കൾ എല്ലാവരും ഉത്സവത്തിന്റെ തലേ ദിവസം തന്നെ വീട്ടിലെത്തും
- മുതിർന്നവർ കുട്ടികൾക്ക് വാക്കാശ് തരാറുണ്ട്. ആ കാശുമായി ഞങ്ങൾ പുറത്തു പോയി കളിപ്പാട്ടങ്ങളും, പലഹാരങ്ങളും വാങ്ങിക്കും.
- കൂട്ടുകാർ വരാറുണ്ട്. സ്കൂളിലേക്ക് മിഠായിയും, ജിലേബിയും വാങ്ങിക്കൊണ്ടുപോ കും. ടീച്ചർക്ക് മാലയും വളയും വാങ്ങാറുണ്ട്.

54. ഫീൽഡ് ഡയറി

12.07.2017 ന് വൈകുന്നേരം ആറുമണിക്ക് ഇടച്ചിറയിലെ തോട്ടോളി സുലോചന യുടെ വീട്ടിലേക്കാണ് പോയത്. പേടിയാട്ട്കാവിന്റെ അടുത്താണ് വീട്. അവിടുത്തെ കാര്യങ്ങളും അനുഭവങ്ങളും അറിയാൻ പറ്റുമെന്ന വിശ്വാസം ഉണ്ടായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. കുശലാന്വേഷണങ്ങൾക്കുശേഷം ഒരു മണിക്കൂറോളം സംസാരി ച്ചു.

12.07.2017 ലെ ഫീൽഡ് നോട്ട്

സുലോചന പറഞ്ഞ കാര്യങ്ങൾ

- വീടും പരിസരവും ഒരു മാസം മുമ്പുതന്നെ വൃത്തിയാക്കാൻ തുടങ്ങും. സ്ത്രീകൾ തീണ്ടാരിയായിക്കഴിഞ്ഞാൽ കടലുണ്ടിയിലെ വീടുകളിൽ നിൽക്കാൻ പാടില്ല എന്നു ണ്ട്.
- ഭഗവതിക്ക് ചൂട്ട്, താലി, കൊടി, വെളിച്ചെണ്ണ എന്നിവ നൽകാറുണ്ട്.
- ജാതവന് കുടമണി, പാളയും കയറും, വെളിച്ചെണ്ണ, പണം എന്നിവയും നൽകാറുണ്ട്.
- അമ്മയുടെ വരവിനു പിന്നിൽ 1500 വർഷത്തെ പഴക്കമുണ്ട്. അരീക്കൽ തറവാട്ടിലെ ചെക്കുട്ടി നായരും ഇളയതായ ഉണ്ണിനായരും ഉപ്പുകുറുക്കാൻ പോയത് രണ്ടു ദേശത്തി ലൂടെയായിരുന്നു.
- ഉണ്ണിനായർ മണ്ണൂരിലൂടെയും ചെക്കുട്ടി നായർ പഴഞ്ചണ്ണൂരിലൂടെയും കച്ചവടത്തി നായി പുറപ്പെട്ടു. ഉണ്ണിനായർ വിൽപ്പന കഴിഞ്ഞ് മടങ്ങിയെത്തി. എന്നാൽ ചെക്കുട്ടി നായർ തിരികെയെത്തിയില്ല.
- വൈകുന്നേരമായിട്ടും കച്ചവടം നടക്കാതെ വന്നപ്പോൾ അദ്ദേഹം യാത്രതിരിച്ചു. വിശപ്പും ദാഹവും അയാളെ വല്ലാതെ അലട്ടി. നീലാട്ടുതുരുത്തിവഴിയായിരുന്നു സഞ്ചരിച്ചത്.
- ശാരീരികമായും മാനസികമായും ആകെത്തളർന്ന ചെക്കുട്ടി നായർ ഹൃദയവേദന യോടെ ദൈവത്തോട് പരിഭവം പറഞ്ഞ് നിറകണ്ണുകളോടെ കൈകൂപ്പി വിങ്ങിക്കര ഞ്ഞു.
- തോണി മൺതിട്ടയിൽ പാറപോലെ ഉറച്ചു യാത്ര തടസ്സപ്പെട്ടു. കുറേ നേരം പരിശ്രമി ച്ചു. തോണി ഇളകുന്നില്ല.
- സകല പരദൈവങ്ങളെയും ഗുരുകാരണവൻമാരെയും മനസ്സിൽ ധ്യാനിച്ചു.
- ഇനി അമ്മ മാത്രമേ രക്ഷയുള്ളൂ എന്ന് ഉച്ചത്തിൽ വിളിച്ചു കരഞ്ഞു. ശേഷം കരഞ്ഞു തളർന്ന് അദ്ദേഹം മയങ്ങിപ്പോയി.
- ആ മയക്കത്തിൽ അദ്ദേഹത്തിന് ദിവ്യദർശനവും അരുൾപ്പാടും ഉണ്ടായി.
- നിനക്ക് ഞാൻ രക്ഷകയായി ഉണ്ടെന്നും ആ സമയം ഉണ്ടാകുന്ന ശക്തമായ കാറ്റിലും മഴയിലും തോണി ആടി ഉലയുമെന്നും പറഞ്ഞു.
- മലവെള്ളപ്പാച്ചിലിൽ തോണി ഇളകിവരുമെന്നും ഒരു മരത്തടി തോണിക്ക് അരികി ലേക്ക് ഒഴുകിയെത്തും എന്നാൽ നീ ഭയപ്പെടേണ്ട എന്നും പറയുന്നു.
- വീരാളിപ്പട്ടുപുതച്ച ഒരു സ്ത്രീ അതിൽ ഉപവിഷ്ഠയായിരിക്കുമെന്നും നിനക്ക് ആ മഹതി തരുന്ന പെട്ടിശുദ്ധം ചെയ്ത് ഒരിടത്ത് പൂജചെയ്യണമെന്നും ആ ദിവ്യതേജസ്സ് ചെക്കുട്ടിനായരോട് അരുളി.

- അതേ പോലെ സംഭവിച്ചു. പെട്ടിയുമായി പുലർച്ചെ തീരമണഞ്ഞു.
- അദ്ദേഹത്തെ കാണാതെ ഭാര്യയും, സഹോദരിയും വിഷമിച്ചിരിക്കുകയായിരുന്നു. കണ്ടമാത്രയിൽ സന്തോഷത്താൽ സഹോദരി ഓടിയടുത്തു.
- ആ സമയം പെട്ടി വെള്ളത്തിലേക്ക് ചാടുകയും ചെയ്യുന്നു. ആവലാതി പൂണ്ട ചെക്കുട്ടിനായർ തുഴയെടുത്ത് വെള്ളത്തിലേക്ക് ചാടി പെട്ടി വീണ്ടെടുത്ത് നെഞ്ചോട് ചേർത്തുവെച്ചു. എന്തുകൊണ്ടായിരിക്കാം പെട്ടി വെള്ളത്തിലേക്ക് പോയതെന്നാലോചിച്ചു.
- അശുദ്ധിയായതാണെന്ന് അദ്ദേഹം മനസ്സിലാക്കി പെട്ടിയുമായി മാട്ടുമ്മൽ തോടിന്റെ അടുത്തുള്ള വനത്തിലേക്കു കയറി.
- ഒരുപാടുകാലം പഴക്കമുള്ള ഒരു കെട്ടിടം കണ്ണിൽപ്പെട്ടു.
- രൂപഭംഗികൊണ്ട് അതൊരു പഴയ ഇല്ലമാണെന്ന് തോന്നുകയും അവിടെ വെച്ച് പൂജയാരംഭിക്കുകയും ചെയ്തു.
- വിവരമറിഞ്ഞ് പെരിങ്ങോട്ടുകര നാടുവാഴിയും വള്ളിക്കുന്ന് അംശം ദേശത്തുള്ള നാടുവാഴിയും ദേവിയെ കുടിയിരുത്താനുള്ള ഒരുക്കങ്ങൾ നടത്തി. ചെമ്പകത്തടികൊണ്ട് തച്ചന്മാർ അമ്പലം പണിതശേഷം ദേവിയെ പേടിയാട്ട് കുടിയിരുത്തി.
- പെട്ടിയിലുണ്ടായിരുന്ന മൂന്ന് സൂക്ഷ്മദ്വാരങ്ങളിലൂടെ കോട്ടയിൽ വീട്ടിൽ ആശാരിമാർ ഒറ്റക്കണ്ണുകൊണ്ട് സസൂക്ഷ്മം നിരീക്ഷിച്ച് പെട്ടിയിലെ ദിവ്യതേജസ്സിനെ മനക്കണ്ണിൽ വരഞ്ഞിട്ടു.

**55. ഫീൽഡ് ഡയറി**

14.07.2017 ന് വൈകുന്നേരം അഞ്ചുമണിക്കാണ് ഇടച്ചിറയിലെ കുളപ്പുറത്ത് കസ്തൂർഭായ് എന്നവരെ കാണാൻ വീട്ടിൽ പോയത്. അവർ ഫറോക്കിൽനിന്ന് ഇടച്ചിറയിലേക്ക് വന്നവരാണ്. ഭഗവതിയെയും, ഉത്സവത്തെയും കുറിച്ച് വിവരങ്ങൾ അറിയാൻ വേണ്ടി വന്നതാണെന്നു പറഞ്ഞപ്പോൾ കൂടുതലായൊന്നും അറിയില്ല എന്നും അറിയുന്ന കാര്യങ്ങൾ പറഞ്ഞുതരാമെന്നും പറഞ്ഞു. അരമണിക്കൂർ സമയം എന്നോടു സംസാരിച്ചു.

**14.07.2017ലെ ഫീൽഡ് നോട്ട്**

**കസ്തൂർഭായ് പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി വന്നത് കടലിൽനിന്നാണ്. സാമൂതിരിയുടെ പടയണിയിലെ അംഗമായിരുന്ന നീലിയാണ് ഭഗവതി എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.
- നീലിയെ തടവിൽ പിടിച്ച് കടൽമാർഗ്ഗം കൊണ്ടുപോകുന്ന സമയത്ത് കടലിൽവെച്ച് ഒരു കടൽക്കൊള്ളക്കാരുമായി തർക്കമുണ്ടായതിനെത്തുടർന്ന് നീലിയെ കൊന്ന് കടലിലെറിഞ്ഞു.
- തലഭാഗം അടിഞ്ഞത് കടലുണ്ടിയിലാണെന്ന് പറയപ്പെടുന്നു.
- ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കുന്നു.
- വിരുന്നുകാർ വരും എല്ലാ സാധനങ്ങളും വാങ്ങാൻ കിട്ടും. എല്ലാവർക്കും വാക്കാശ് കൊടുക്കണം.
- ഭഗവതിക്ക് വെളിച്ചെണ്ണ, താലി, ചൂട്ട്, പട്ട്, കൊടി, കയർ, ചന്ദനത്തിരി എന്നിവ നൽകാറുണ്ട്.

**56. ഫീൽഡ് ഡയറി**

15.07.2017ന് വൈകുന്നേരം അഞ്ചുമണിക്കാണ് ഇടച്ചിറയിലെ അണ്ടിപ്പറ്റ് തറവാട്ടിലെ രഞ്ജിത്തിനെ കാണാൻ വീട്ടിൽ പോയത്. പഠനത്തിന്റെ ഭാഗമായി വന്നതാണെന്നു പറഞ്ഞപ്പോൾ അതിലേക്ക് വിവരങ്ങൾ തരാൻ മാത്രം എനിക്ക് അറിയില്ല എന്നദ്ദേഹം പറഞ്ഞു. ശേഷം അരമണിക്കൂറോളം അദ്ദേഹം എന്നോട് സംസാരിച്ചു.

**15.07.2017ലെ ഫീൽഡ് നോട്ട്**

**രഞ്ജിത്ത് പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കുന്നു.
- വീട് പെയിന്റടിക്കുന്നു. ചിരാതും മറ്റും കഴുകി വൃത്തിയാക്കുന്നു. വെളിച്ചെണ്ണ, തിരി എന്നിവ ഒരുക്കി വയ്ക്കുന്നു.
- പേടിയാട്ടമ്മ തെക്കേ ദേശത്തെ കൊല്ലൂർ ക്ഷേത്രത്തിൽ നിന്നും ഗുരുവിന്റെ കൂടെ എത്തി എന്നും പറയപ്പെടുന്നു.
- വിരുന്നുകാർ എല്ലാവരും ഉത്സവത്തോടനുബന്ധിച്ച് വീട്ടിലെത്തും.
- ഒരു ചെറിയ കല്ല്യാണത്തിന്റെ ഒരുക്കങ്ങളാണ് ഇവിടുത്തെ വീടുകളിലൊക്കെ അരങ്ങേറുന്നത്.
- ഭഗവതിക്ക് നേർച്ചയായി താലി, വെളിച്ചെണ്ണ എന്നിവ നൽകാറുണ്ട്.
- ഭഗവതിയേയും ജാതവനേയും ഞങ്ങളുടെ വീടിന്റെ മുന്നിലൂടെയാണ് എഴുന്നള്ളിക്കുന്നത്.
- പുലർച്ചയ്ക്കും വൈകീട്ടും ഭഗവതിയെ എഴുന്നള്ളിക്കുമ്പോൾ നിലവിളക്ക് വെയ്ക്കാറുണ്ട്.
- താലത്തിൽ പഴവർഗ്ഗങ്ങൾ ചന്ദനത്തിരി, കിണ്ടിയും വെള്ളവും തുടങ്ങിയവയും വെയ്ക്കാറുണ്ട്.
- എല്ലാ സാധനങ്ങളും ഇവിടെ വാങ്ങാൻ കിട്ടും. വലിയൊരു മേള തന്നെയാണ് ഇവിടങ്ങളിൽ കാണാൻ കഴിയുക.

**57. ഫീൽഡ് ഡയറി**

16.07.2017ന് വൈകുന്നേരം അഞ്ചുമണിക്ക് പ്രബോധിനിയിലെ കുറ്റിക്കാട്ടിൽ ബിനുവിനെ കാണാനാണ് വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ അരമണിക്കൂറോളം എനിക്ക് പറഞ്ഞുതന്നു.

**16.07.2017ലെ ഫീൽഡ് നോട്ട്**

**ബിനു പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് ഞങ്ങൾ രണ്ട് ദിവസം മുമ്പുതന്നെ പുറത്തിറങ്ങാറുണ്ട്.
- വള, മാല, കളിക്കോപ്പുകൾ തുടങ്ങിയവ മക്കൾക്ക് എല്ലാവർക്കും വാങ്ങിച്ചുകൊടുക്കും. നമ്മളെക്കാളും പ്രായം കുറഞ്ഞവർക്കൊക്കെ വാക്കാശ് നൽകണമെന്നുണ്ട്.
- ഭഗവതിയുടെ ഐതിഹ്യത്തിനു പിന്നിൽ വളയനാട്ടമ്മയുടെ അടുത്തുനിന്നാണ് ജാതവൻ അയിത്തപ്പെട്ടത് എന്നാണ്.

- കൊറോത്ത് തറവാട്ടുകാർക്കാണ് ദേവിയെ വെള്ളത്തിൽനിന്നും ലഭിച്ചത് എന്നും പറഞ്ഞുകേട്ടിട്ടുണ്ട്.

## 58. ഫീൽഡ് നോട്ട്

17.07.2017 ന് വൈകുന്നേരം അഞ്ചുമണിക്ക് ഇടച്ചിറയിലൂടെ നടന്നുപോകുമ്പോഴാണ് ഒരു പാടത്ത് കളിച്ചുകൊണ്ടിരിക്കുന്ന തോട്ടോളി ആർദ്രയയെയും അലീഷയെയും ഞാൻ കാണുന്നത്. അവരോട് ഞാൻ സംസാരിച്ചു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കുറച്ചു കാര്യങ്ങൾ പറഞ്ഞുതന്നു. പത്തുമിനിട്ട് സമയം ഞാൻ അവരോടൊപ്പം ചെലവഴിച്ചു.

**17.07.2017ലെ ഫീൽഡ് നോട്ട്**

**ആർദ്ര പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ബന്ധുക്കളെല്ലാവരും വരും. ഉത്സവത്തിന് പേടിയാട്ട് ക്ഷേത്രത്തിൽ നിറയെ ആൾക്കാരുണ്ടാകും.
- എല്ലായിടത്തും നിലവിളക്ക് കത്തിച്ചുവയ്ക്കും.
- മാല, വള, കളിപ്പാട്ടങ്ങൾ, മിഠായികൾ, കളികൾ എല്ലാം ഉണ്ടാകും.
- ഞങ്ങൾക്ക് വാക്കാശ് കിട്ടും. വാക്കാശുകൊണ്ട് ഞങ്ങൾ ഇവിടുന്ന് സാധനങ്ങൾ വാങ്ങി ബാക്കി വരുന്ന പൈസ എടുത്തുവച്ച് സ്കൂളിൽനിന്ന് ടൂറ് പോകാനൊക്കെയാണ് ഉപയോഗിക്കുന്നത്.

## 59. ഫീൽഡ് ഡയറി

17.07.2017ന് വൈകുന്നേരം അഞ്ചുമണിക്ക് ശേഷമാണ് അണ്ടിപ്പറ്റ് അലീഷയുമായി പാടത്തുവെച്ച് സംസാരിക്കുന്നത്. അവൾക്കറിയാവുന്ന കാര്യങ്ങൾ അവളും എനിക്ക് പറഞ്ഞുതന്നു. പത്തുമിനുറ്റുനേരം അവളുമായും സംസാരിച്ചു.

**17.07.2017ലെ ഫീൽഡ് നോട്ട്**

**അലീഷ പറഞ്ഞ കാര്യങ്ങൾ**

- വല്ല്യച്ഛന്റെ വീട്ടിൽനിന്നും അമ്മായിയുടെ വീട്ടിൽനിന്നും എല്ലാവരും വരാറുണ്ട്. അവരെല്ലാവരും എനിക്ക് വാക്കാശ് തരാറുണ്ട്.
- ഞങ്ങളെല്ലാവരും തലേദിവസം തന്നെ പേടിയാട്ട് ക്ഷേത്രത്തിലേക്ക് പോകാറുണ്ട്.
- നിറയെ വിളക്കും ചിരാതും കത്തിച്ച് വളരെ ഭംഗിയിൽ വച്ചിട്ടുണ്ടാവും. ആളുകൾ തിങ്ങി നിറയും
- എല്ലാ സാധനങ്ങളും വാങ്ങിക്കഴിക്കും. വള, മാല തുടങ്ങിയവയെല്ലാം വാങ്ങിക്കും.
- ഉത്സവം കഴിഞ്ഞ് പിറ്റേദിവസം ചെടികളെല്ലാം വാങ്ങിക്കും.
- അമ്മ കറിവയ്ക്കാൻ ചട്ടി, കലം തുടങ്ങിയവ വാങ്ങിക്കും.
- ജിലേബി, മിഠായിപ്പെട്ടി തുടങ്ങിയവ വാങ്ങിക്കാറുണ്ട്.

**60. ഫീൽഡ് ഡയറി**

18.07.2017ന് വൈകുന്നേരം നാലരമണിക്ക് ഇടച്ചിറയിലെ തോട്ടോളി അഭിഷേകിനെ കാണാനാണ് വീട്ടിൽ പോയത്. ഉത്സവത്തെക്കുറിച്ച് അവന് അറിയാവുന്ന കാര്യങ്ങൾ മനസ്സിലാക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം. പത്ത് മിനിറ്റ് അവനുമായി സംസാരിച്ചു.

**18.07.2017ലെ ഫീൽഡ് നോട്ട്**

**അഭിഷേക് പറഞ്ഞ കാര്യങ്ങൾ**

- ഞാനും അച്ഛനും ഉത്സവത്തിന് അലങ്കാരമത്സ്യങ്ങൾ കച്ചവടം ചെയ്യാറുണ്ട്.
- ചെറിയ മിഠായിക്കടയും നടത്താറുണ്ട്.
- ബന്ധുക്കളൊക്കെ വരും. വാക്കാശ് തരും
- അതിൽ നിന്ന് കുറച്ചുരൂപയേ ഞാൻ ചെലവാക്കാറുള്ളൂ.
- ബാക്കി പണം ഞാൻ സ്കൂളിലെ ടൂർ ട്രിപ്പിനാണ് ചിലവഴിക്കുന്നത്.
- മിഠായി, യന്ത്രോഞ്ഞാല്, എല്ലാതരം കച്ചവടക്കാർ വലിയൊരു ഉത്സവം തന്നെയാണിവിടെ നടക്കുന്നത്.
- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് ഇവിടെ നിന്നാണ്.
- ഉത്സവത്തിന് എല്ലായിടത്തും പുല്ല് ചെത്തിക്കോരി വൃത്തിയാക്കും, ചാണകം തളിക്കും.
- ഞങ്ങളെല്ലാവരും രാത്രിയായാൽ കറങ്ങാൻ പോകും.
- വൈകുന്നേരമായാൽ പ്രദേശം മുഴുവൻ വ്യത്യസ്ത കളറുകളുള്ള ലൈറ്റുകൾകൊണ്ട് സജ്ജീകരിക്കുന്നു.

**61. ഫീൽഡ് ഡയറി**

19.07.2017 ന് വൈകുന്നേരം മൂന്നുമണിക്ക് തൃക്കണ്ടിയൂർ പൊക്ലാശ്ശേരി സുബ്രഹ്മണ്യനെ കാണാനായിരുന്നു യാത്ര പുറപ്പെട്ടത്. പേടിയാട്ടമ്മ പല ഭാഗങ്ങളായി വേർപിരിഞ്ഞുവെന്നും വരയ്ക്കൽ കൈകാലുകൾ, ഉടൽ തൃക്കണ്ടിയൂർ, തലഭാഗം കടലുണ്ടി എന്നും കടലുണ്ടി ദേശനിവാസികളിൽ പരക്കെ പറയപ്പെടുന്നുണ്ട്. അങ്ങനെ അന്വേഷിച്ചപ്പോഴാണ് പൊന്നോളി കൊറാത്ത് ലേഖയുടെ അമ്മാവന്റെ വീട് അവിടെയുണ്ടെന്നു പറഞ്ഞതും അവരുടെ നമ്പർ ലേഖ തന്നതും അദ്ദേഹത്തിന്റെ വീട്ടിലെത്തി ഒരു മണിക്കൂറോളം സംസാരിച്ചു.

**19.07.2017 ലെ ഫീൽഡ് നോട്ട്**

**സുബ്രഹ്മണ്യൻ പറഞ്ഞ കാര്യങ്ങൾ**

- മലപ്പുറം ജില്ലയിലെ തിരൂരിലാണ് തൃക്കണ്ടിയൂർ ശിവക്ഷേത്രം സ്ഥിതിചെയ്യുന്നത്.
- ഈ ക്ഷേത്രവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന ക്ഷേത്രങ്ങളാണ് അമ്പലക്കുളങ്ങര ഭദ്രകാളീക്ഷേത്രം, ഭണ്ഡാരക്കാവ്.
- തൃക്കണ്ടിയൂർ ശിവന്റെ പുത്രിയാണ് അമ്പലക്കുളങ്ങര ഭദ്രകാളിക്ഷേത്രം, എന്ന് ഐതിഹ്യം

- പണ്ടൊരിക്കൽ ഇരിങ്ങാവൂരിലെ പ്രഭു കുടുംബത്തിൽപ്പെട്ട ഒരു നമ്പൂതിരിയുടെ ഭാര്യ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുമ്പോൾ അവരുടെ ഓലക്കുടയിൽ ഏഴ് ഭഗവതിമാർ ഓരോ ക്ഷേത്രങ്ങളിലായി ഇറങ്ങി. അതിൽ ആറാമത്തെ ഭഗവതി ഇങ്ങിയ ഇടമാണ് അമ്പലക്കുളങ്ങര.
- തൃക്കണ്ടിയൂർ തേവരുടെ ധർമ്മപത്നിയായ ശ്രീപാർവതിയുടെ ചൈതന്യം കുടികൊള്ളുന്ന ഭണ്ഡാരക്കാവ് അമ്പലക്കുളങ്ങര ക്ഷേത്രത്തിന് അല്പം അകലെ സ്ഥിതിചെയ്യുന്നു.
- വനദുർഗ്ഗാസങ്കല്പത്തിലുള്ള ദേവതയാണ്.
- ഉത്സവനാളിൽ തൃക്കണ്ടിയൂർ തേവർ അമ്പലക്കുളങ്ങരയിലേയ്ക്കും ഭണ്ഡാരക്കാവിലേയ്ക്കും എഴുന്നള്ളുന്നു.
- മേളവാദ്യവൃന്ദത്തോടെ അമ്പളക്കുളങ്ങരയിലേക്ക് എഴുന്നള്ളുന്ന ഭഗവാൻ പുത്രിയെ ദർശിച്ച ശേഷം ആഘോഷങ്ങളില്ലാതെ ഒറ്റച്ചെണ്ടയുടെ അകമ്പടിയോടെ ഭണ്ഡാരക്കാവിലേക്ക് പോകുന്നു.
- ഭണ്ഡാരക്കാവിൽ ദേവി അശുദ്ധിയിലിരിക്കുന്നതിനാലാണത്രെ ആഘോഷങ്ങളില്ലാതെ ഭഗവാൻ എഴുന്നള്ളുന്നത്.

**62. ഫീൽഡ് ഡയറി**

20.07.2017ന് വൈകുന്നേരം ആറുമണിക്ക് ഇടച്ചിറയിലെ മൂന്നാം പടിയൻ സരിതയുടെ വീട്ടിലേക്കാണ് പോയത്. പേടിയാട്ട്കാവിന്റെ അടുത്താണ് വീട്. അവിടുത്തെ കാര്യങ്ങളും അനുഭവങ്ങളും അറിയാൻ പറ്റുമെന്ന വിശ്വാസം ഉണ്ടായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. കുശലാന്വേഷണങ്ങൾക്കുശേഷം പത്തുമിനിറ്റോളം അവൾ സംസാരിച്ചു.

**20.07.2017 ലെ ഫീൽഡ് നോട്ട്**

**സരിത പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് കച്ചവടക്കാർ ഒരുമാസം മുമ്പുതന്നെ വന്നു ചേരും.
- ഞങ്ങളുടെ വീട്ടിൽ ഹസ്തരേഖ നോക്കുന്നവർ വന്ന് ഭക്ഷണം കഴിക്കാറുണ്ട്.
- ഭിക്ഷ യാചിക്കാൻ വരാറുണ്ട്.
- യാതൊരു നിയന്ത്രണവുമില്ലാതെ ആളുകൾ ഉത്സവപ്പറമ്പുകളിൽ ഒത്ത് കൂടാറുണ്ട്.
- പ്രായഭേദമെന്യേ എല്ലാവരും പങ്കെടുക്കുന്നു.

**63. ഫീൽഡ് ഡയറി**

21.07.2017ന് ഞാൻ വൈകുന്നേരം അഞ്ചുമണിക്ക് പോയത് കുടിൽപുരയ്ക്കൽ പരിമളകുമാരിയുടെ വീട്ടിലേയ്ക്കാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെ കുറിച്ച് കുറച്ച് കാര്യങ്ങളേ അവർക്കറിയാവൂ എന്ന് പറഞ്ഞു. അത് മതിയെന്ന് ഞാനും പറഞ്ഞു. പത്ത് മിനിറ്റ് അവരോടു സംസാരിച്ചു.

**21.07.2017 ലെ ഫീൽഡ് നോട്ട്**

**പരിമളകുമാരി പറഞ്ഞ കാര്യങ്ങൾ**

- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. ദേവിക്ക് നാല് സഹോദരിമാരുണ്ട്. ദേവിയുടെ മകനാണ് ജാതവൻ.
- തെക്കേ മൂകാംബികയിൽ നിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- ഉത്സവത്തിനു മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കും.
- തീണ്ടാരിയായാൽ സ്ത്രീകൾ വീട്ടിൽ നിൽക്കാൻ പാടില്ല എന്നുണ്ട്.
- വാക്കടവിലേയ്ക്ക് പുലർച്ചെ നീരാടിക്കാൻ ദേവിയെ കൊണ്ടുപോകുമ്പോൾ ഞാൻ വീട്ടിൽ വിളക്ക് കത്തിച്ച് വെക്കും.
- പേടിയാട്ടമ്പലത്തിൽ പോയി തൊഴും.
- താലി, വെളിച്ചെണ്ണ, പട്ട്, മഞ്ഞൾപൊടി, ചന്ദനത്തിരി, കുടമണി എന്നിവയാണ് വഴി പാടായി നൽകുന്നത്.

**64. ഫീൽഡ് ഡയറി**

22.07.2017 ന് വൈകുന്നേരം നാലരയ്ക്ക് ശേഷമാണ് തോട്ടോളി സുബ്രഹ്മണ്യനു മായി അദ്ദേഹത്തിന്റെ വീട്ടിൽവെച്ച് സംസാരിച്ചത്. അദ്ദേഹവുമായി ഉത്സവത്തെക്കുറിച്ച് പത്തുമിനിറ്റ് സംസാരിച്ചു.

**22.07.2017ലെ ഫീൽഡ് നോട്ട്**

**സുബ്രഹ്മണ്യൻ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് കച്ചവടം നടത്താറുണ്ട്.
- ബന്ധുക്കൾ എല്ലാവരും വരും. എല്ലാവർക്കും ഭക്ഷണം ഉണ്ടാക്കാറുണ്ട്. കുട്ടി കൾക്കൊക്കെ വാക്കാശ് കൊടുക്കാറുണ്ട്.
- ഭഗവതിയുടെ ഐതിഹ്യങ്ങളിൽ ദേവൻമാർ പൂജിച്ച ദേവീ വിഗ്രഹം അസുരന്മാർ ച്ഛേദിച്ച് മൂന്ന് കഷ്ണങ്ങളാക്കി കടലിലെറിഞ്ഞു എന്നാണ്.
- കൈകാലുകൾ വരയ്ക്കലും ശിരസ്സ് കടലുണ്ടിയിലും ഉടൽ തൃക്കണ്ടിയൂരും കടലിൽ വന്നടിഞ്ഞു എന്ന് ഐതിഹ്യം.
- ഭഗവതി കടലിൽ നിന്നു വന്നു എന്നുള്ളതുകൊണ്ടുതന്നെ ഉത്സവദിവസം പുലച്ചെ ദേവിയെ കടലിൽ ആറാടിക്കാൻ കൊണ്ടുപോകുന്നു.
- ഭഗവതി തിരിച്ച് കുന്നത്ത് കറുത്തങ്ങാട്ട് ശേഷം കുടികൂട്ടൽ ചടങ്ങിനുശേഷം പേടി യാട്ട് കുടിയിരുത്തുന്നു.

**65. ഫീൽഡ് ഡയറി**

23.07.17ന് വൈകുന്നേരം നാലുമണിക്ക് പേടിയാട്ട്കുന്നിലെ പുതുകുളങ്ങര രാജൻ എന്നവരെ കാണാനായി അദ്ദേഹത്തിന്റെ വീട്ടിലേക്ക് ചെന്നു. ചെന്ന കാര്യം പറഞ്ഞു. ഉത്സവച്ചടങ്ങുകളെപ്പറ്റിയായിരുന്നു ഞാൻ ചോദിച്ചത്. ഒരു മണിക്കൂർ നേരം അദ്ദേഹവു മായി സംസാരിച്ചു.

**23.07.2017 ലെ ഫീൽഡ് നോട്ട്**

**രാജൻ പറഞ്ഞ കാര്യങ്ങൾ**

- ഉത്സത്തോടനുബന്ധിച്ച് ഏഴുദിവസം വ്രതം ആണ്. കൊടി തൂക്കുന്നത് ഞങ്ങളാണ്.
- ദേവസ്വം പറമ്പുകാർ കെട്ടിതൂക്കാനുള്ള കയറ് സത്യക്കല്ലിൻമേൽ വയ്ക്കുന്നു.
- പനയമഠം കാരണവർ അത് ഞങ്ങൾക്ക് എടുത്തുതരും. മൂന്നിഴ പിരിച്ചെടുത്ത് ഒരു കയറാക്കണം.
- ആദ്യം പനയമഠം കാരണവർ ഒരു കൊടി കയറിൽ കെട്ടുന്നു. ബാക്കി കൊടികൾ ഞങ്ങളാണ് കെട്ടുന്നത്
- കൊടിതൂക്കിയ കയർ ആൽമരത്തിലും കുങ്കുമത്തിലും കെട്ടുന്നു. ഇരുപത്തിയൊന്ന് കൊടികൾ, പതിനൊന്ന് കൊടികൾ എന്നിങ്ങനെയാണ് കൊടികൾ കെട്ടുന്നത്.
- കൊടികൾ മരത്തിലേക്ക് കയറ്റുമ്പോൾ ഏറ്റട്ടെ എന്ന് പനയമഠം കാരണവരോട് സമ്മതം ചോദിക്കുന്ന ചടങ്ങുണ്ട്.
- രാശി നോക്കിയാണ് ജാതവനെ ജാതവൻകോട്ടയിൽനിന്ന് എഴുന്നള്ളിക്കുന്നത്.
- വൈകുന്നേരം മൂന്നുമണി ആകുമ്പോഴേക്കും എഴുന്നള്ളിച്ച് മണ്ണൂർ ശിവക്ഷേത്രത്തിൽ നിന്നും തീർത്ഥം വാങ്ങി കാരകളിച്ചുകൊണ്ട് വൈകുന്നേരം ആറുമണി ആകുമ്പോഴേക്കും പുളിക്കൽ തറവാട്ടിലെത്തുന്നു.
- ജാതവന് ദീപം തെളിയിച്ച് വെള്ളരി ചൊരിയണം.
- നിറച്ചെപ്പ്, നിറനാഴി എന്നിവ ഒരുക്കണം
- അവിടെ നിന്നും പൂജയ്ക്കുശേഷം ആറര ആകുമ്പോഴേക്കും പേടിയാട്ടേക്ക് എത്തുന്നു. ജാതവന് ആൽത്തറ വരെ വരാനേ പറ്റുകയുള്ളൂ
- ആ സമയം പേടിയാട്ട് കൊട്ടിലിൽ കരിക്കിടിയ്ക്കൽ ചടങ്ങ് നടക്കുന്നു. അമ്മയുടെ അടുത്തേക്ക് അടുക്കല്ലേ എന്നറിയിക്കാനാണത്. ചരൽ ഇട്ടുകൊണ്ടാണ് ഇടിക്കുന്നത്.
- പുറത്ത് ജാതവൻ എത്തുമ്പോഴേക്കും അവിടെയെല്ലാം കൊടിതൂക്കി നിലവിളക്ക് ചുറ്റുമതിലിൽ കത്തിച്ചും ദീപാലംകൃതമായി അലങ്കരിക്കണം എന്നുണ്ട്.
- തിരിച്ച് കാരാട്ടുകാവിൽ (പുതുകുളങ്ങര കാവ്) വന്നാൽ കാവിലെ പൂജ
- നെല്ല്, അരി, നിറച്ചെപ്പ്, വെറ്റില, അടക്ക, കള്ള് തുടങ്ങിയവ വേണമെന്നുണ്ട്.
- കാരാട്ടുകാവിൽ നിന്നാണ് പുളിക്കൽ കാവിലേക്ക് പോകുന്നത്. ശേഷം കാരപറമ്പ് (പാറ്റയിൽകാവ്) വളയനാട് തുടങ്ങി യാത്ര നീളുന്നു
- ഓരോ സ്ഥലങ്ങളിലും മുറ്റത്താണ് ജാതവൻ ഇരിക്കുന്നത്.
- പെരുവണ്ണാന്മാർ നാലുപേർക്കും നാഴി അരി, വെറ്റില, അടയ്ക്ക, നിറച്ചെപ്പ്, കള്ള് എന്നിവ നൽകുന്നു.
- പേടിയാട്ട് ഏഴുദിവസം മുമ്പും കുന്നത്ത് അഞ്ചുദിവസം മുമ്പും മൂന്നുദിവസം മുമ്പ് ജാതവൻ കോട്ടയിലും ഉത്സവദിവസം കറുത്തങ്ങാട്ടും കൊടി തൂക്കുന്നു.
- പുലർച്ചെ മൂന്നു മണിക്ക് ഭഗവതിയെ എടുത്ത് വാക്കടവിൽ നീരാടിക്കാൻ കൊണ്ടുപോകുന്നു.
- മാറ്റുപുരയിൽ നിന്ന് അണിയിച്ചൊരുക്കി സ്വർണ്ണാഭരണങ്ങൾ അണിയിച്ച് ഭഗവതിയെ ഒരുക്കി വരുമ്പോഴേക്കും മകൻ പുറത്ത് അമ്മയെ കാത്തിരിക്കുന്നുണ്ടാകും.
- മകൻ കടലിലേയ്ക്ക് നോക്കിയിരുന്ന് അമ്മയെ മൂന്ന് തവണ വലം വെച്ച ശേഷം മകന്റെ സമ്മതത്തോടെയാണ് അമ്മ യാത്രയാകുന്നത്.

- അവിടെ നിന്നും കുന്നത്തേയ്ക്കാണ് അമ്മയും മകനും യാത്രയാകുന്നത്. അവിടെ കുന്നത്തുള്ളവർ പൂജ നടത്തുന്നു.
- പൂജകൾക്കുശേഷം കറുത്തങ്ങാട്ടേക്കുള്ള യാത്രയാണ് അവിടെ നമ്പൂതിരി പൂജയാണ്.
- ശിവഭഗവാൻ കുടികൊള്ളുന്നു എന്ന വിശ്വാസമാണുള്ളത്.
- പേടിയാട്ടേക്ക് വരുമ്പോൾ നായന്മാരുടെ താലപ്പൊലിയുണ്ടാകും. പീഠം വെച്ച് സ്വീകരിക്കുന്നു.
- ജാതവൻ കിഴക്കേകാവിന്റെ സമീപത്ത് മാറി നിൽക്കുന്നു.
- അരി, മഞ്ഞൾ മാത്രമാണ് താലപ്പൊലിയിൽ ഉണ്ടാകുന്നത്.
- അരി ചൊരിഞ്ഞുകഴിഞ്ഞാൽ അമ്മയ്ക്ക് നിവേദ്യം കൊടുത്തുള്ള പൂജയാണ്.
- വെള്ളരി, വാഴക്കുല, പൂവൻപഴം ഇതെല്ലാം ജാതവനുള്ളതാണ്. പെരുവണ്ണാന്മാർ കോട്ടയിലേക്ക് കൊണ്ടുപോകുന്നു.
- അമ്മയുടെ കുടികൂട്ടൽ ചടങ്ങിനുശേഷം ജാതവനെയും കൊണ്ട് (സങ്കടത്തോടെ ജാതവൻ തലതാഴ്ത്തി) ജാതവൻകോട്ടയിലേക്ക് പോകുന്നു.
- കളിയാട്ടക്കാവിലെ കോഴി അറുത്തുള്ള പൂജ അമ്മയ്ക്കിഷ്ടമല്ല.
- ഗുരുതി തളിച്ചതുകൊണ്ടാണ് ജാതവന്റെ കുതിര പുള്ളിക്കുതിരയായത് എന്നും പറയപ്പെടുന്നുണ്ട്.
- കക്കാരംകുന്നിൽ കാക്കക്കിരിക്കാൻ പോലും സ്ഥലമില്ലാത്ത ഇടത്ത് കുടിയിരിക്കാൻ പറയുന്നു.
- തുലാമാസത്തിലെ കറുത്തവാവിനുള്ള ഉത്സവം ചോതി നക്ഷത്രത്തിലാണ്.
- തോണിയുടെ വള്ള് പിടിച്ചുതൂങ്ങിയപ്പോൾ രക്ഷിക്കാൻ നോക്കിയതായിരുന്നു. വാക്കടവിൽ തോണിയിൽനിന്ന് മുടിപിടിച്ചു. ആ സമയം മുടി കൈകളിൽപോന്നു.
- മുടിയും മനേഴി ഇല്ലത്തുവന്നു. ആ സമയം കൊടുങ്കാറ്റും മഴയും ഉണ്ടായി.
- പ്രശ്നം വെച്ചപ്പോൾ മലയിലെ ദേവിയാണെന്നും ഭാര്യയും ഭർത്താവും കൈവിട്ടുപോയതാണെന്നും അറിയാൻ കഴിഞ്ഞു.
- നീലിമല ഗൗരി-അമ്മ, മാമാങ്കമഹർഷി (ഭർത്താവ്)
- മലയിൽ പോയി സ്ത്രീകൾ പ്രാർത്ഥിച്ചു. മകൻ അമ്മയെ തെരഞ്ഞുവന്നു എന്ന് വിശ്വാസം.

**66. ഫീൽഡ് ഡയറി**

23.07.2017 ന് വൈകുന്നേരം അഞ്ചരമണിക്ക് പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ സഹദേവൻ എന്നവരുടെ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവച്ചടങ്ങുകളെക്കുറിച്ച് അരമണിക്കൂറോളം അദ്ദേഹം എന്നോട് സംസാരിച്ചു.

**23.07.2017 ലെ ഫീൽഡ് നോട്ട്**

**സഹദേവൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളാണ് ദേവിയുടെയും ദേവന്റേയും കാര്യങ്ങളൊക്കെ ചെയ്യുന്നത്.
- ഉത്സവത്തിന്റെ ഒരു മാസം മുമ്പുതന്നെ ജാതവൻകോട്ടയിൽ വൃത്തിയാക്കൽ ചടങ്ങ് നടത്തണമെന്നുണ്ട്.
- ഒരു മാസം മുമ്പുതന്നെ തറവാട്ടുവീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിക്കുന്നു.

- ഉത്സവത്തിനുമുമ്പ് വെള്ളവലിക്കലും വൃത്തിയാക്കലും ചെയ്തു തീർക്കണം.
- ഏഴുദിവസം മുമ്പുതന്നെ വ്രതം എടുക്കുന്നു.
- ജാതവൻ പുറപ്പാടിന്റെ അന്ന് കോട്ടയും എരമംഗലവും തേഞ്ഞിപ്പലനും, പരുത്തിക്കാടനും വന്ന് ദേവനെ ഒരുക്കുകയും ഊരു തെണ്ടാൻ പോകുകയും ചെയ്യുന്നു.
- ഇന്ന് പരുത്തിക്കാടൻമാർ വരുന്നില്ല. അവരുടെ കാര്യം ഞങ്ങളാണ് ചെയ്യുന്നത്.
- മുണ്ട് ധരിച്ച് അതിന്റെ മുകളിൽ ചുകന്ന പട്ട് ചുറ്റിക്കെട്ടി, തോൾമുണ്ട് ധരിച്ചാണ് ഞങ്ങൾ യാത്രപോകുന്നത്.
- ജാതവൻ കോട്ടയിൽ നിന്ന് പുറപ്പെട്ട് കാരകളിപ്പറമ്പിൽ വെച്ച് കളിക്കാരുടെ കൂടെ കാരകളിച്ച് അമ്മ പോയിരുന്നതായി പറയപ്പെടുന്ന വീടുകളിൽ ജാതവൻ ചെല്ലുന്നു.
- മൂന്നുദിവസം ജാതവൻ ഊരുതെണ്ടുന്നുണ്ട്.
- വാവുത്സവദിവസം രാവിലെ കുടിൽപുരയ്ക്കൽ തറവാട്ടുകാർ പേടിയാട്ടുപോയി ദേവിയെ എടുത്ത് കടലിൽ നീരാടിക്കാൻ കൊണ്ടുപോകുന്നു.
- ഉച്ചയോടുകൂടി കടൽക്കരയിൽ നിന്നും കുന്നത്ത് കറുത്തങ്ങാട്ട്, പേടിയാട്ട് തിരിച്ചെഴുന്നുള്ളുന്നു. വൈകുന്നേരം കുടികൂട്ടൽ ചടങ്ങിനുശേഷം ജാതവനെയുംകൊണ്ട് ജാതവൻകോട്ടയിലേക്ക് മടങ്ങുന്നു.
- അന്ന് തറവാട്ടിൽ ഇരുത്തി. പിറ്റേ ദിവസം കോട്ടയിലേക്ക് പ്രതിഷ്ഠിക്കുന്നു. കുതിരക്കൂട് തറവാട്ടിൽ വയ്ക്കുന്നു.
- കുതിരയെ അഴിയ്ക്കുന്ന ചടങ്ങും, ഐവർ കളിയും കോഴിയെ വെട്ടി കറിവെച്ച്, ഉപ്പില്ലാത്ത വെള്ളച്ചോറു കഴിച്ച് വ്രതം മുറിക്കുന്നു.
- പിന്നീട് ഏഴാം പുണ്യാഹത്തിന് പൂജ ചെയ്ത് ശുദ്ധിവരുത്തുന്നു.

**67. ഫീൽഡ് ഡയറി**

24.07.0217 ന് വൈകുന്നേരം മൂന്നുമണിക്ക് പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ രവീന്ദ്രൻ എന്നവരെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അദ്ദേഹത്തിനോട് ഉത്സവചടങ്ങളുകളെക്കുറിച്ച് പറഞ്ഞുതരണമെന്ന് പറഞ്ഞു. അരമണിക്കൂർ അദ്ദേഹം സംസാരിച്ചു.

**24.07.2017 ലെ ഫീൽഡ് നോട്ട്**

**രവീന്ദ്രൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾക്ക് ഒരു മാസം മുമ്പുതന്നെ കോട്ടയിൽ ജോലിയുണ്ടാകും. സ്ഥിരം ജോലിക്ക് ഉത്സവം കഴിഞ്ഞേ പോകുകയുള്ളൂ.
- ഭഗവാന്റെയും ഭഗവതിയുടെയും അനുഗ്രഹം കൊണ്ട് ഇന്ന് എല്ലാതരത്തിലും ഉന്നതിയാണ് ഉള്ളത്.
- ഏഴുദിവസം മുമ്പ് വ്രതം അനുഷ്ഠിക്കുന്നു.
- തീണ്ടാരിയായാൽ ഇവിടെ നിൽക്കാൻ പാടില്ല എന്നുണ്ട്.
- ഉത്സവദിവസം രാത്രിയോടുകൂടി കുടികൂട്ടൽ ചടങ്ങ് കഴിഞ്ഞ് ജാതവനെ തറവാട്ടുവീട്ടിൽ കൊണ്ടുവയ്ക്കുന്നു.
- പിറ്റേദിവസം രാവിലെ ജാതവന്റെ വിഗ്രഹത്തെ അഴിക്കുന്ന ചടങ്ങിനുശേഷം ഐവർകളിയിലേർപ്പെടുന്നു.

- ജാതവനെയും ജാതവനെ കോട്ടയിലേക്ക് വയ്ക്കുന്നു.
- ഉത്സവം കഴിഞ്ഞ് ഞങ്ങൾക്കുള്ള വിഹിതവുമായി കോട്ടയിൽനിന്നും വീടുകളിലേക്കു പോരുന്നു.
- ജാതവന് കാരകെട്ടുന്നത് കാരകളിപ്പറമ്പിലെ ലിനിയാണ്. ആ ദിവസം അവിടെക്കൂടി യവർക്കെല്ലാം പായസവിതരണം നടത്തുന്നു. ജാതവന് കാരകളിപ്പറമ്പിൽ പുഷ്പ വൃഷ്ടി നടത്തുന്നു.
- ഗ്രാമോത്സവം തുടങ്ങിയാൽ വെടിക്കെട്ട് ഉണ്ടാവാറുണ്ട്.

**68. ഫീൽഡ് ഡയറി**

24.07.2017 ന് വൈകുന്നേരം നാലുമണിക്ക് കോട്ടക്കടവിലെ കൊളോണി ജോർജ്ജിനെ പള്ളിയിൽ വെച്ചാണ് ഞാൻ കണ്ടുമുട്ടിയത്. പള്ളിയുമായി ബന്ധപ്പെട്ട് വിവ രങ്ങളറിയാനും പേടിയാട്ട് ഉത്സവവുമായി എന്തെങ്കിലും അവകാശങ്ങൾ ഉണ്ടോ എന്നറി യുകയുമായിരുന്നു ഉദ്ദേശ്യം. അരമണിക്കൂറുനേരം അദ്ദേഹവുമായി സംസാരിച്ചു.

**24.07.17 ലെ ഫീൽഡ് നോട്ട്**

**ജോർജ്ജ് പറഞ്ഞ കാര്യങ്ങൾ**

- ഏഷ്യയിലെ ഏറ്റവും വലിയ കുരിശാണിത് (കർത്താവിനെ കുരിശിൽ തറച്ച രൂപം)
- ലോകത്തെ രണ്ടാമത്തെ കുരിശ്. ഇത് ബ്രിട്ടീഷുകാർ ഉണ്ടാക്കിയതാണ്.
- കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടുതന്നെ ലൈറ്റ് ഹൗസ് ഇല്ലാതിരുന്ന കാലം കപ്പലുകൾക്ക് ദിശാസൂചകമായി ഇത് പ്രവർത്തിച്ചിരുന്നു. (അലുമിനിയം കളർ പെയിന്റ് അടിച്ച്)
- ഇവിടെ പെരുന്നാൾ ഫെബ്രുവരി 13,14 തീയ്യകളിലാണ് നടക്കുന്നത്.
- പേടിയാട്ട്കാവുമായി അവകാശങ്ങളൊന്നും തന്നെ ഇല്ല, എങ്കിലും ഇവിടത്തെ സ്ഥിര മായുള്ള ഇരുപത്തിയഞ്ച് കുടുംബങ്ങളും ഉത്സവത്തിൽ പങ്കുചേരാറുണ്ട്.

**69. ഫീൽഡ് ഡയറി**

25.07.2017 ന് വൈകുന്നേരം നാലരമണിക്ക് പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ മിനിഷയെ കാണാൻ വീട്ടിലേക്കാണ് പോയത്. ഉത്സവത്തെക്കുറിച്ചും മന്ത്രവാദത്തെക്കു റിച്ചും ചോദിച്ചറിയുക എന്നതായിരുന്നു ലക്ഷ്യം. അവൾ എം.ഫിൽ പഠനം പൂർത്തിയാ ക്കിയത് മന്ത്രവാദങ്ങളെക്കുറിച്ചായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. അരമണിക്കൂ റോളം അവൾ എന്നോടു കാര്യങ്ങൾ പറഞ്ഞുതന്നു.

**25.07.2017 ലെ ഫീൽഡ് നോട്ട്**

**മിനിഷ പറഞ്ഞ കാര്യങ്ങൾ**

- ഞാൻ എം.ഫിൽ ചെയ്തത് മന്ത്രവാദത്തെക്കുറിച്ചാണ്.
- ജാതവൻ കോട്ടയിൽ പണ്ടുകാലത്ത് മന്ത്രവാദം നടന്നിരുന്നു.
- ഇന്ന് അച്ഛന്റെ ജ്യേഷ്ഠൻ മന്ത്രവാദകർമ്മങ്ങൾ നടത്താറുണ്ട്.
- ജാതവൻ കോട്ടയിൽ ഇന്ന് മന്ത്രവാദം നടത്താറില്ല.

- എന്റെ കുട്ടിക്കാലത്ത് അനിയത്തിയുടെ ദേഹത്ത് ബാധ കയറി എന്നു പറഞ്ഞ് ബാധ ഒഴിപ്പിച്ചത് എനിക്ക് ഓർമ്മയുണ്ട്.
- തറയിൽ ചൂരൽ കൊണ്ടടിച്ച് ബാധ ഒഴിപ്പിക്കുന്നു.
- മന്ത്രവാദം നടത്തുന്നത് ചാപിള്ള പിറക്കാതിരിക്കാനും ശരീരത്തിൽ കടന്നുകയറിയ ദുർവമേദസ്സുകളെ ഒഴിപ്പിക്കാനുമൊക്കെയായിരുന്നു.
- ഉത്സവത്തോടനുബന്ധിച്ച് ജാതവൻ കോട്ടയിലേക്ക് ജാതവൻ പുറപ്പാടിന്റെ അന്ന് പോയി തൊഴുതുപോരുന്നു.
- പിന്നീട് ഉത്സവത്തിനാണ് പോകുന്നത്. കുടികൂട്ടൽ ചടങ്ങുകഴിഞ്ഞാണ് തിരിച്ചുപോരുന്നത്.

**70. ഫീൽഡ് ഡയറി**

26.07.2017 ന് വൈകുന്നേരം അഞ്ചുമണിക്ക് പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ സദാനന്ദൻ എന്നവരെ കാണാൻ അവരുടെ വീട്ടിലേക്കാണ് പോയത്. ഉത്സവത്തിൽ അദ്ദേഹത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് അന്വേഷിക്കുകയായിരുന്നു ലക്ഷ്യം. അദ്ദേഹവുമായി അരമണിക്കൂറോളം സംസാരിച്ചിരുന്നു.

**26.07.2017 ലെ ഫീൽഡ് നോട്ട്**

**സദാനന്ദൻ പറഞ്ഞ കാര്യങ്ങൾ**

- ഏഴുദിവസം മുതൽ വ്രതം എടുത്ത് ഞങ്ങൾ തറവാട്ടുവീട്ടിൽ പോകുന്നു.
- അവിടെയുള്ള ശുചീകരണ പ്രവൃത്തിയിൽ ഏർപ്പെടുന്നു. ഉത്സവമായിക്കഴിഞ്ഞാൽ ജോലിയ്ക്ക് പുറത്തു പോകാറില്ല.
- ദേവിയുടെയും ദേവന്റെയും അനുഗ്രഹംകൊണ്ട് ഞങ്ങൾക്ക് ഇന്ന് സാമ്പത്തികമായി മുന്നേറ്റം ഉണ്ടായിട്ടുണ്ട്. മക്കൾ വിദ്യാഭ്യാസരംഗങ്ങളും ഉന്നതിയിലെത്തി.
- ഉത്സവത്തിന്റെ ചടങ്ങുകൾ കഴിയുന്നതുവരെ രാത്രി കിടന്നുറങ്ങാൻ മാത്രമാണ് വീടുകളിലേക്കു പോകുന്നത്.

**71. ഫീൽഡ് ഡയറി**

28.07.2017 ന് ഞാൻ വൈകുന്നേരം നാലുമണിക്ക് കടലുണ്ടിയിലെ കുമ്മിൽ കുഞ്ഞിപ്പെണ്ണിനെ കാണാനായിരുന്നു പോയത്. അവരാണ് പേടിയാട്ടമ്മയെ നീരാടിക്കാൻ കൊണ്ടുപോകുമ്പോൾ ഉപയോഗിക്കുന്ന ചൂട്ട് കൊടുക്കുന്നത് എന്നറിഞ്ഞു. ഞാൻ ചെന്നപ്പോൾ അവർ ഉറങ്ങുകയായിരുന്നു. അവരുടെ മരുമകളുമായി സംസാരിച്ചിരിക്കുമ്പോൾ അവർ എഴുന്നേന്നുവന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. എനിക്കൊന്നും ഓർമ്മയില്ല എന്നുപറഞ്ഞുകൊണ്ടേയിരുന്നു തുടക്കം. പിന്നീട് ഓരോന്നു പറഞ്ഞു തുടങ്ങി.

**28.07.2017 ലെ ഫീൽഡ് നോട്ട്**

**കുഞ്ഞിപ്പെണ്ണ് പറഞ്ഞ കാര്യങ്ങൾ**

- ദേവിയ്ക്ക് ചൂട്ടു കൊടുക്കാറുണ്ട്.
- പണ്ട് പടകാളിത്തല്ലിൽ ഞങ്ങളുടെ തറവാട്ടുകാൽ പങ്കെടുത്തിരുന്നു.

- ദേവിയെ കാണാൻ ഞാൻ കുന്നത്തു പോകും.
- മക്കളെല്ലാവരും വരും. കുട്ടികൾക്കൊക്കെ വാക്കാശ് കൊടുക്കണം.
- ദേവിക്ക് വെളിച്ചെണ്ണ, താലി, മഞ്ഞൾപ്പൊടി തുടങ്ങിയവ കൊടുക്കും.
- എല്ലാ സാധനങ്ങളും വാവിന് വാങ്ങിക്കും.
- കറിക്കുടുക്ക തൊട്ട് എല്ലാ സാധനങ്ങളും ഒരു മാസം മുമ്പുതന്നെ വിൽപ്പനയ്ക്കുണ്ടാകും.
- മക്കളുടെ വീട്ടിലേക്ക് പലഹാരങ്ങൾ, പഴം, അവൽ എന്നിവ കൊണ്ടുപോകണമെന്നുണ്ട്.
- മരുമക്കളുടെ വീട്ടിൽനിന്ന് ഇങ്ങോട്ടും കൊണ്ടുവരും.
- ദേവി നിറയെ ആഭരണങ്ങൾ ധരിച്ചാണ് സഞ്ചരിക്കുന്നത്.
- മകൻ ജാതവൻ കാക്കാരം കുന്നിലാണ് ഇരിക്കുന്നത്.

**72. ഫീൽഡ് ഡയറി**

29.07.17 ന് ഞാൻ കൊളത്തറയിലെ ആരോടി അബ്ദുറഹീം മാസ്റ്ററെ കാണാൻ ചാലിയത്തെ ഫിഷറീസ് സ്കൂളിലേക്കാണ് പോയത്. അദ്ദേഹം പല ലേഖനങ്ങളും എഴുതാറുള്ളത് എനിക്കറിയാമായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നപ്പോൾ വലിയൊരു ശേഖരം തന്നെയുണ്ട് അവിടെ. കടലുണ്ടിയെ ഓർമ്മിപ്പിക്കുന്ന പല ഫോട്ടോകളും കുറിപ്പുകളും, വീഡിയോ ലിങ്കുകളും അദ്ദേഹം എടുത്തുതന്നു. ചാലിയത്തെക്കുറിച്ചുള്ള ഒട്ടുമിക്ക അറിവുകളും അദ്ദേഹം പറഞ്ഞുതന്നു. ചാലിയം യാറം, മുല്ല, വണ്ടിക്കിണർ, ആദ്യ റെയിൽവെ, ഹോർത്തൂസ് മലബാറിക്കൂസ് തുടങ്ങിയവയുടെ ഫോട്ടോകളും അതിന്റെ വിശദവിവരങ്ങളും അദ്ദേഹം മൂന്നു മണിക്കൂറോളം സംസാരിച്ചു.

**29.07.2017 ലെ ഫീൽഡ് നോട്ട്**

**അബ്ദുൾ റഹീം പറഞ്ഞ കാര്യങ്ങൾ**

- ഇസ്ലാമിക പ്രബോധനവുമായി കേരളക്കരയിലെത്തിയ ഹസ്രത്ത് മാലിക് ദിനാറിന്റെ സംഘത്തിൽപ്പെട്ട മാലിക് ഇബ്നു ഹബീബ് ചാലിയത്ത് നിർമ്മിച്ചതാണ് പുഴക്കരപ്പള്ളി.
- രണ്ടാം ഖലീഫയായ ഉമർ ഫാറൂറിന്റെ ഭരണകാലത്താണ് ഇസ്ലാമിക പ്രബോധനവുമായി മാലിക് ദിനാറും പന്ത്രണ്ട് അനുയായികളും കേരളത്തിലെത്തിയത്.
- പോർച്ചുഗീസുകാർ 1528-ൽ ചാലിയത്ത് നിർമ്മിച്ച കോട്ടയുടെ കല്ലുകൾ ഈ പള്ളിപ്പറമ്പിലേതായിരുന്നു.
- 1571-ൽ പോർച്ചുഗീസ് കോട്ട സാമൂതിരിയുടെ സേനാനായകനായിരുന്ന കുഞ്ഞാലി മരയ്ക്കാരുടെ നേതൃത്വത്തിൽ വളയുകയും ഭക്ഷണം കിട്ടാതെ അവശരായ പോർച്ചുഗീസുകാർ കീഴടങ്ങുകയും കോട്ട പൊളിക്കുകയും ചെയ്തു. കോട്ടയുടെ കല്ലുകൾ പുല്ലക്കരപ്പള്ളിക്കും മര ഉരുപ്പടികൾ കോഴിക്കോട് കുറ്റിച്ചിറയിലെ മിശ്കാൽ പള്ളിക്കും സാമൂതിരി നൽകി.
- മുമ്പ് ഈ പള്ളിക്ക് കോയക്കര പള്ളിയെന്നാണ് പേരുണ്ടായിരുന്നത്.

- ചാലിയത്തെ കോയമാർ വസിച്ചിരുന്ന കരയിലെ പള്ളിയായതുകൊണ്ടാണ് ഇങ്ങനെ പേരുവന്നത്. കോയക്കര കുഴക്കരയായും പിന്നീട് പുഴക്കരയായും വിളിക്കപ്പെട്ടതാവാം.
- പോർച്ചുഗീസുകാരുടെ ആക്രമണത്തിന്നിരയായ പള്ളി പുതുക്കിപ്പണിയാൻ സാമൂതിരി രാജാവാണ് പിന്തുണ നൽകിയത്.
- ചാലിയത്തെയും കോഴിക്കോട്ടേയും ഖാസിമാർക്ക് സാമൂതിരിയുടെ രാജസദസ്സിൽ സ്ഥാനമുണ്ടായിരുന്നു.
- പിന്നീട് ചാലിയത്ത് ചെറിയ മുസ്ലീം പള്ളികൾ ഉണ്ടായി. പിന്നീട് മാലിക് ദിനാറിന്റെ മതപ്രബോധനത്തിൽ ആകൃഷ്ടരായി ഒട്ടേറെ ആളുകൾ ഇസ്ലാം മതം സ്വീകരിച്ചു. അങ്ങനെ മുസ്ലീം പ്രദേശമായി ഇവിടം മാറി.
- മാലിക് ദിനാറും സംഘവും ഈ പള്ളിയിൽ വെച്ച് നമസ്കരിച്ചതായി പറയപ്പെടുന്നു.
- പഴമക്കാർ നമസ്കാര സമയമറിയുവാൻ ഉപയോഗിച്ചിരുന്ന നമസ്കാര സമയസൂചിക ഇന്നും ഇവിടെയുണ്ട്.
- നിഴൽ നോക്കിയായിരുന്നു ആദ്യകാല മുസ്ലീംങ്ങൾ നമസ്ക്കാര സമയമറിഞ്ഞിരുന്നത്.
- പുഴക്കര പള്ളി നിർമ്മിച്ചിട്ട് 1420 വർഷം കഴിഞ്ഞിരിക്കുന്നു.

**73. ഫീൽഡ് ഡയറി**

02.08.2017 ന് വൈകുന്നേരം അഞ്ചരമണിക്ക് പേടിയാട്ട്കുന്നിലെ കുണ്ടിൽ വിശ്വനാഥൻ എന്നവരെ കാണാനായിരുന്നു യാത്ര. അദ്ദേഹം പേടിയാട്ട്കാവിന്റെയടുത്ത് കൂട്ടുകാരുമൊത്ത് ഇരിക്കുകയായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. അദ്ദേഹം എന്റെ കൈവശം പേടിയാട്ടമ്മയുടെ ഒരു ഐതിഹ്യപുസ്തകം തരാമെന്നു പറഞ്ഞു. അരമണിക്കൂർ നേരം എന്നോടു സംസാരിച്ചു

**02.08.17 ലെ ഫീൽഡ് നോട്ട്**

**വിശ്വനാഥൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾക്ക് ഇവിടെ ഒരു അവകാശം ഉണ്ട്.
- പുണ്യാഹത്തിന് ഞങ്ങൾ ഇവിടെ വേണം. പ്രസാദം തരും. നാഗത്തിന് പൂജയുണ്ടാകും.
- ഉത്സവത്തിന്റെ കുടികൂട്ടൽ ചടങ്ങുസമയത്തും ഞങ്ങൾ ഇവിടെയുണ്ടാകും.
- വാഴക്കുല, ഉണക്കലരി എല്ലാം അവകാശമായി ലഭിക്കും.
- തേങ്ങ, ഇളനീർ കാവിലേക്ക് കൊടുക്കണമെന്നുമുണ്ട്.
- പ്രധാന അവകാശികൾ മൂസതാണ്.
- ഉത്സവം കെങ്കേമമായി എല്ലാവരും ഒത്തൊരുമിച്ച് നടത്തുന്നു. വീടുകളിൽ വിരുന്നുകാർ എല്ലാവരും വരും.

**74. ഫീൽഡ് ഡയറി**

03.08.17 ന് വൈകുന്നേരം നാലുമണിക്ക് കടലുണ്ടിയിലെ അമ്പാളി വേണുഗോപാലൻ എന്നവരെ കാണാൻ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന് കാര്യം പറഞ്ഞു. അദ്ദേ

ഹത്തിന് സംസാരിക്കാൻ പ്രയാസമുണ്ടായിരുന്നു. ശബ്ദം ചെറുതായിട്ടേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന് വ്യക്തമായി ഒന്നും പറയാൻ കഴിഞ്ഞില്ലെങ്കിലും ഉത്സവത്തെക്കുറിച്ച് അരമണിക്കൂർ നേരം എന്നോട് സംസാരിച്ചു.

**03.08.2017 ലെ ഫീൽഡ് നോട്ട്**

**വേണുഗോപാലൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളാണ് ഉത്സവത്തിൽ നിയമനിർവഹണം നടത്തുന്നത്. പ്രസാദത്തിനുള്ള നെല്ല് പേടിയാട്ടേയ്ക്ക് കൊടുക്കണം.
- ഞങ്ങൾക്ക് കൃഷിപ്പണിക്കും മറ്റും കർഷകർ ഉണ്ടായിരുന്നു. എല്ലാത്തരം നെല്ലും ഞങ്ങൾ കൃഷിചെയ്തിരുന്നു.
- അരി പുറത്തുനിന്നും വാങ്ങിക്കേണ്ടിവരുന്ന അവസ്ഥ ഉണ്ടാകാറില്ല.
- പടകാളിത്തല്ലുകാർക്കും പോലീസിനും കൊടുക്കുന്ന കൂലി ഞങ്ങൾ കൊടുക്കണമെന്നുണ്ട്. ഞങ്ങളുടെ സമ്മതം വാങ്ങിയാണ് പടകാളിത്തല്ലിന് ഇറങ്ങുന്നത്.
- വീടുകളിൽ നിറയെ വിരുന്നുകാരുണ്ടാകും. വാക്കാശ് നൽകണമെന്നുണ്ട്.
- അഞ്ചു ദിവസത്തെ വ്രതം എടുത്താണ് പോകുന്നത്.

**75. ഫീൽഡ് ഡയറി**

04.08.17ന് വൈകുന്നേരം അഞ്ചുമണിക്ക് കടലുണ്ടി ചേലൂർകുപ്പാടൻ ദേവദാസൻ. എന്നവരെ കാണാനാണ് പോയത്. അദ്ദേഹം വീട്ടിൽ ഉണ്ടായിരുന്നു. ഉത്സവത്തെക്കുറിച്ച് ചോദിച്ചറിഞ്ഞു. പത്ത് മിനിറ്റ് അദ്ദേഹത്തോട് സംസാരിച്ചു.

**04.08.17 ലെ ഫീൽഡ് നോട്ട്**

**ദേവദാസൻ പറഞ്ഞ കാര്യങ്ങൾ**

- നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ഉത്സവമാണ് കടലുണ്ടി വാവുത്സവം. പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- തുലാംമാസത്തിലാണ് ഉത്സവം നടക്കുക.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്. അമ്മാഞ്ചേരിയമ്മ, പൂരപ്പറമ്പിലമ്മ, ശോഭപറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- ഉത്സവം തുടങ്ങുന്നതിനു മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കും.
- വീട് പെയിന്റടിക്കും.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- കൊറോത്തുകാർക്കാണ് ആദ്യം ദേവിയെ ലഭിച്ചതെന്ന് പറയുന്നു.
- ഉത്സവത്തിന് കുന്നത്തുകാർക്ക് ചാണകവും, ചൂട്ടും കൊടുക്കുന്നത് ഞങ്ങളാണ്. അതിനുള്ള കൂലി അവർ തരും.
- വാക്കടവിലേയ്ക്ക് പുലർച്ചെ അമ്മയെ നീരാടിക്കൽ കൊണ്ടുപോകുമ്പോൾ അമ്പലത്തിൽനിന്ന് ശംഖുനാദം മുഴങ്ങും.
- അപ്പോൾ നിലവിളക്ക് കത്തിച്ച് വെയ്ക്കും. ഒരാഴ്ച ഞങ്ങൾ വ്രതം അനുഷ്ഠിക്കും.

**76. ഫീൽഡ് ഡയറി**

05.08.17 ന് രാവിലെ പതിനൊന്നു മണിയ്ക്കാണ് ഇടച്ചിറയിലെ പട്ടയിൽ നിധിന്യയെ അവളുടെ വീട്ടിൽ കാണാൻ പോയത്. നിധിന്യയാണ് കടലുണ്ടിയെക്കുറിച്ച് എം.എ മലയാളം ബിരുദാനന്തര ബിരുദത്തിന് കടലുണ്ടി വാവുത്സവം: ചരിത്രവും സ്വഭാവവും എന്ന പ്രബന്ധം തയ്യാറാക്കിയത്. ഉത്സവത്തെക്കുറിച്ചും കടലുണ്ടിയെക്കുറിച്ചും ഒരു മണിക്കൂർ നേരം സംസാരിച്ചു. അവളുടെ പുസ്തകം ഒന്ന് നോക്കാൻ പറയുകയും ചെയ്തു.

**05.08.16 ലെ ഫീൽഡ് നോട്ട്**

**നിധിന്യ പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ട് ഉത്സവം കറുത്ത വാവിനാണ് ആഘോഷിക്കുന്നത്.
- പേടിയാട്ട്കാവിൽ രണ്ട് അമ്പലങ്ങളാണ് ഉള്ളത്.
- മകൻ ജാതവൻ അമ്മാഞ്ചേരി അമ്മയുടെ അടുക്കലെത്തിയപ്പോൾ അമ്മാഞ്ചേരിയമ്മ ജാതവന്റെ ദേഹത്തേയ്ക്ക് കള്ളും തവിടും വാരിയെറിഞ്ഞത്രേ. അങ്ങനെയാണ് മകൻ അശുദ്ധിയാകുന്നത്.
- ആ സമയം കാക്കാരം കുന്നിൽ കാക്കയ്ക്കിരിക്കാൻ തണലില്ലാത്തിടത്ത് ഇലഞ്ഞിക്കുരു വിതറി അവിടെ കുടിയിരിക്കാൻ പറഞ്ഞു.
- ജാതിമതഭേദമന്യേ ഉള്ള ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- ഓരോരുത്തർക്കും ഓരോരോ അവകാശങ്ങൾ പകുത്തുനൽകിയിട്ടുണ്ട്. അത് എല്ലാവരും കൃത്യമായി ചെയ്യുന്നു.
- അമ്മയും മകനും കണ്ടുമുട്ടുന്ന നാളിലാണ് ഉത്സവം അരങ്ങേറുന്നത്.

**77. ഫീൽഡ് ഡയറി**

06.08.17ന് വൈകുന്നേരം നാലുമണിക്ക് ഞാൻ കാരകളിപ്പറമ്പിലെ കുടിൽപുരയ്ക്കൽ വിജയൻ എന്നവരെ കാണുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കാണ് പോയത്. ജാതവൻകോട്ടയിലെ തറവാട്ടുവീട്ടിലാണ് അദ്ദേഹം താമസിക്കുന്നത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അരമണിക്കൂറോളം അദ്ദേഹം സംസാരിച്ചു.

**06.08.17 ലെ ഫീൽഡ് നോട്ട്**

**വിജയൻ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ഒരു മാസം മുമ്പുതന്നെ വല്യച്ഛനും വല്യമ്മയും ഞങ്ങളുടെ വീട്ടിലെത്തും. അന്നു മുതൽ വ്രതം അനുഷ്ഠിക്കുന്നു.
- തൊടിയും അമ്പലത്തിനു ചുറ്റിലും പുല്ല് ചെത്തിക്കോരി വൃത്തിയാക്കുന്നു.
- ജാതവന്റെയും കാരണവർക്കുള്ള വസ്ത്രവും എല്ലാം സ്ത്രീകൾ അലക്കി ഉണക്കിവയ്ക്കുന്നു.
- നിലവിളക്ക്, ചിരാത് വൃത്തിയാക്കൽ, അമ്പലത്തിന്റെ ചുറ്റിലും വെള്ളവലിയ്ക്കൽ തുടങ്ങി ജോലികൾ ഞങ്ങൾക്കുണ്ടാകും.
- ഏഴാം പുണ്യാഹം വരെ ജോലിയ്ക്കൊന്നും പോകാൻ കഴിയാറില്ല.
- എല്ലാ ബന്ധുക്കളും വീട്ടിൽ താമസിക്കാൻ വരും.
- പക്ഷേ, വീട് ചെറുതാണ്. അവിടെ എല്ലാവർക്കും തങ്ങാൻ കഴിയില്ല.

- ജാതവന്റെ ഊരുചുറ്റിക്കിട്ടിയ അരി, നെല്ല് എന്നിവ കൊണ്ടുവെയ്ക്കുന്നതും അളവിനിരിക്കുന്നവരും ഇവിടെയാണ്.

**78. ഫീൽഡ് ഡയറി**

06.08.17ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പ്രബോധിനിയിലെ കുടിൽപുരയ്ക്കൽ ഷിനോദിനെ കാണാനായിരുന്നു അദ്ദേഹത്തിന്റെ വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അദ്ദേഹം കൂടുതലൊന്നും പറഞ്ഞില്ലെങ്കിലും പതിനഞ്ചു മിനിറ്റ് എന്നോടു സംസാരിച്ചു.

**06.08.17 ലെ ഫീൽഡ് നോട്ട്**

**ഷിനോദ് പറഞ്ഞ കാര്യങ്ങൾ**

- ഒരാഴ്ച മുമ്പേതന്നെ തറവാട്ടുവീട്ടിലെത്തും. അന്നുമുതൽ വ്രതം ആരംഭിക്കുന്നു.
- ജാതവൻ പുറപ്പാടിന്റെ അന്ന് രാശി നോക്കിയാണ് ജാതവനെയും കൊണ്ട് ഊരുചുറ്റാൻ പോകുന്നത്. രണ്ടാം ദിവസവും ഊരുചുറ്റുന്നു. മൂന്നാം ദിവസം അമ്മയുടെ കൂടെയാണ് ഊരുചുറ്റുന്നത്.
- തിരിച്ച് വൈകീട്ട് പേടിയാട്ടമ്മയെ കുടിയിരുത്തി സങ്കടത്തോടെ ചെണ്ടമേളമില്ലാതെ ജാതവന്റെ ജാതവൻകോട്ടയിലേക്ക് യാത്രയാകുന്നു.
- വാവുത്സവത്തിന്റെ അന്ന് ചെണ്ട. കുടൽ, ഇലത്താളം, കൊമ്പ് ഇവയാണ് ഉണ്ടാകുന്നത്.
- പിറ്റേദിവസം ജാതവനെ കൊട്ടിലിലേയ്ക്ക് വെയ്ക്കുന്ന ചടങ്ങുണ്ട്. അന്നുതന്നെ ഐവർകളിയും ഞങ്ങൾ അരങ്ങേറുന്നു.

**79. ഫീൽഡ് ഡയറി**

09.08.17 ന് വൈകുന്നേരം നാലരയ്ക്ക് ഇടച്ചിറയിലെ ഊട്ടുകളത്തിൽ സരോജിനിയെ കാണാൻ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റ് അവരോട് സംസാരിച്ചു.

**09.08.17 ലെ ഫീൽഡ് നോട്ട്**

**സരോജിനി പറഞ്ഞ കാര്യങ്ങൾ**

- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. ദേവിയ്ക്ക് നാല് സഹോദരിമാരുണ്ട്.
- ദേവിയുടെ മകനാണ് ജാതവൻ. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- ഉത്സവത്തിനു മുമ്പ് വീടും പരിസരവും വൃത്തിയാക്കണം.
- തീണ്ടാരിയായ സ്ത്രീകൾ വീട്ടിൽ നിൽക്കാൻ പാടില്ല.
- വാക്കടവിലേക്ക് പുലർച്ചെ ദേവിയെ നീരാട്ടിനു കൊണ്ടുപോകുമ്പോൾ നിലവിളക്ക് കത്തിച്ച് വെക്കും.
- വാക്കടവിൽനിന്ന് ദേവിയെ ആദ്യം കുന്നത്താണ് എത്തിക്കുക. അവിടെനിന്ന് കറുത്തഞ്ഞാട്ടേയ്ക്ക് പിന്നെ പേടിയാട്ടേയ്ക്ക്. അവിടത്തെ പൂജാദികർമ്മങ്ങൾ കഴിഞ്ഞാൽ ഉത്സവത്തിന് പരിസമാപ്തിയാകും.

- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് കറുത്തങ്ങാട്ടേയ്ക്ക് എഴുന്നള്ളിക്കുക. അപ്പോൾ നിലവിളക്ക് കത്തിച്ചുവെയ്ക്കും.
- പേടിയാട്ട് പോയി തൊഴും. കുട്ടികൾക്ക് വാക്കാശ് കൊടുക്കും.
- വെളിച്ചെണ്ണയും, താലിയും പേടിയാട്ട് വഴിപാടായി കൊടുക്കും.

**80. ഫീൽഡ് ഡയറി**

10.08.17 ന് വൈകുന്നേരം അഞ്ചുമണിക്ക് മണ്ണൂരുള്ള തേനേരി ശൈലജയെ വീട്ടിൽ പോയി കണ്ടു. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സത്തെ കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റ് അവരോട് സംസാരിച്ചു.

**10.08.17 ലെ ഫീൽഡ് നോട്ട്**

**ശൈലജ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളുടെ നാട്ടിലെ ഏറ്റവും വലിയ ഉത്സവമാണിത്. പേടിയാട്ടമ്മയെ കാണാൻ ഉത്സവദിവസം ധാരാളം ആളുകളെത്തും.
- ഉത്സവത്തിനു മാസങ്ങൾക്കു മുമ്പേ ഞങ്ങൾ വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. ജാതവൻ പേടിയാട്ടമ്മയുടെ മകനാണ്.
- വർഷത്തിലൊരിക്കലേ ജാതവന് അമ്മയെ കാണാൻ അനുവാദമുള്ളൂ. അതിനൊരു കാരണമുണ്ട്.
- അമ്മയുടെ സമ്മതമില്ലാതെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- അമ്മ അനുവദിക്കാതിരിക്കാൻ കാരണം അവിടെ മദ്യകർമ്മങ്ങളാണ് ഉണ്ടായിരുന്നത്.
- വളയനാട്ടമ്മ മദ്യസത്ക്കാരത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ച ജാതവന്റെ ദേഹത്ത് മദ്യം തെറിപ്പിച്ചശുദ്ധിയാക്കി.
- തിരിച്ചെത്തിയ മകനെ അമ്മ അകറ്റിനിർത്തുകയും ജാതവനെ കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തുകയും ചെയ്തു. അതാണ് ഇന്നത്തെ ജാതവൻ കോട്ട.
- പേടിയാട്ട് അമ്പലത്തിൽ നിന്ന് പുലർച്ചെ ദേവിയെ നീരാട്ടിന് കൊണ്ടുപോകുമ്പോൾ ശംഖ് നാദം മുഴങ്ങും.
- ആ ശബ്ദം കേൾക്കുമ്പോൾ നിലവിളക്ക് കത്തിച്ച് വെക്കും. പേടിയാട്ട് പോയി തൊഴും.

**81. ഫീൽഡ് ഡയറി**

11.08.17 ന് വൈകുന്നേരം നാലരക്ക് ഇടച്ചിറയിലെ ഊട്ടുകളത്തിൽ ഹേമരാജനെ വീട്ടിൽ പോയി കണ്ടു. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർ കുറച്ച് കാര്യം പറഞ്ഞുതന്നു. പത്ത് മിനിറ്റ് അവർ എന്നോട് സംസാരിച്ചു.

**11.08.2017ലെ ഫീൽഡ് നോട്ട്**

**ഹേമരാജൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്. തുലാംമാസത്തിലാണ് ഉത്സവം.

- കടലിൽനിന്നാണ് ദേവിയെ കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്. ജാതവൻകോട്ടയിൽ പോയി തൊഴാറുണ്ട്.
- ജാതവന് അമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാടിക്കുവാൻ വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ വിളക്ക് കത്തിച്ച് വെയ്ക്കും.
- ബന്ധുക്കളെല്ലാം ഉത്സവത്തിന്റെ തലേ ദിവസം തന്നെ എത്തും. വാക്കാശ് കൊടുക്കും. പേടിയാട്ടുപോയി തൊഴും.

**82. ഫീൽഡ് ഡയറി**

12.08.17 ന് വൈകുന്നേരം നാലരയ്ക്ക് ഞാൻ പോയത് ഊട്ടുകളത്തിൽ ആദർശിന്റെ വീട്ടിലാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെ കുറിച്ച് അവനറിയാവുന്ന കാര്യങ്ങൾ പറഞ്ഞു തന്നു. പത്ത് മിനിറ്റ് സംസാരിച്ചു.

**12.08.17 ലെ ഫീൽഡ് നോട്ട്**

**ആദർശ് പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്. ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കും.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. അമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ഉത്സവത്തിന്റെ രണ്ടുനാൾ മുമ്പേയാണ് ജാതവൻ പുറപ്പാട്.
- ജാതവന്റെ അമ്മയെ കാണാൻ പുറപ്പെടുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്ന് പറയുന്നത്.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാട്ടിന് വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഞങ്ങൾ നിലവിളക്ക് കത്തിച്ച് വയ്ക്കും.
- ഉത്സത്തിന്റെ തലേദിവസം തന്നെ ബന്ധുക്കൾ വിരുന്നുവരും.
- വാക്കാശ് കിട്ടും. പേടിയാട്ടുപോയി തൊഴും.

**83. ഫീൽഡ് ഡയറി**

12.08.17 ന് വൈകുന്നേരം ഊട്ടുകളത്തിൽ ആദർശിനോട് സംസാരിക്കുമ്പോഴാണ് അനിയത്തി ആതിര കോളേജ് വിട്ട് വന്നത്. അവളോട് ചോദിച്ചപ്പോൾ ഉത്സവത്തെ കുറിച്ച് കുറച്ച് കാര്യങ്ങളെ തനിക്കറിയൂ എന്ന് ആതിര പറഞ്ഞു. അതുമതിയെന്ന് ഞാനും അഞ്ച് മിനിറ്റ് അവൾ സംസാരിച്ചു.

**12.08.17 ലെ ഫീൽഡ് നോട്ട്**

**ആതിര പറഞ്ഞ കാര്യങ്ങൾ**

- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. ദേവിയുടെ മകനാണ് ജാതവൻ
- ഉത്സവത്തിന് മുമ്പ് തന്നെ വീടും പരിസരവും വൃത്തിയാക്കും

- ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്. വിരുന്നുകാരുണ്ടാവും ഉത്സവത്തിന്
- എന്റെ കൂട്ടുകാർ വരും ഉത്സവം കൂടാൻ. വാക്കാശ് കിട്ടും
- വാക്കാശ് കൊണ്ട് വളയും മാലയും കമ്മലും വാങ്ങും. പേടിയാട്ട് പോയി തൊഴും.
- രാത്രി എല്ലാവരുടെയും കൂടെ പുറത്തു കറങ്ങാൻ പോകും.

**84. ഫീൽഡ് ഡയറി**

13.08.17 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പോയത് ഇടച്ചിറയിലുള്ള നമ്പിടി യാട്ടിൽ ശാരദയുടെ വീട്ടിലേക്കാണ്. ചെന്ന കാര്യം അവതരിപ്പിച്ചു. പേടിയാട്ട് ഉത്സവ ത്തെക്കുറിച്ച് അരമണിക്കൂറോളം അവർ സംസാരിച്ചു.

**13.08.17 ലെ ഫീൽഡ് നോട്ട്**

**ശാരദ പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടമ്മയെക്കുറിച്ച് എത്ര പറഞ്ഞാലും മതിവരില്ല. ഞങ്ങളുടെ നാട്ടിലെ ഒരു പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- ''പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും'' എന്ന ഒരു പഴമൊഴി ഇവിടെ യുണ്ട്.
- തുലാംമാസത്തിലാണ് ഉത്സവം നടക്കുക. എല്ലാ മതവിഭാഗക്കാരുടെയും ഒത്തുചേര ലാണ് വാവുത്സവം.
- വാവുത്സവത്തിന്റെ ഒരു മാസം മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും. വീട് പെയിന്റടിക്കും.
- ജാതവൻ പുറപ്പാടിനു മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കിക്കഴിയണം.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്.
- ഉപ്പ് കുറുക്കുന്ന കൊറോത്ത് തറവാട്ടിലെ കാരണവർക്കാണ് വെള്ളത്തിൽനിന്നും ദേവിയെ ലഭിച്ചതെന്നും അതിനുശേഷം കൊറോത്ത് തറവാട്ടിലേയ്ക്കാണ് കൊണ്ടു പോയതെന്നും പറയുന്നുണ്ട്.
- അതാണ് ദേവിയുടെ പുറപ്പാടുനാളിൽ കൊറോത്ത് തറവാട് വഴിയിലെത്തുമ്പോൾ ഭഗവതി അവിടേയ്ക്ക് തിരിഞ്ഞുനോക്കുന്നത്.
- പേടിയാട്ടമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കൽ മാത്രമേ അനുവാദമുള്ളു.
- അതിനു കാരണം അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിനു പോയി എന്നതാണ്.
- അമ്മ വിസമ്മതിച്ചതിനു കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു നടന്നിരുന്നത്.
- അശുദ്ധിയായി വന്ന മകനെ അമ്മ അകറ്റിനിർത്തുകയും കാക്ക കേറാകുന്നിൽ കുടി യിരുത്തുകയും ചെയ്തു.
- ഉത്സവദിവസം നീരാട്ടിനായി വാക്കടവിലേയ്ക്ക് വരുമ്പോൾ ഒരുമിച്ചു കാണാമെന്ന് അനുവാദം നൽകി.

- പുലർച്ചെ അമ്മയെ നീരാടുവാൻ വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ശംഖ്നാദം മുഴങ്ങും. അപ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ചുവെയ്ക്കും. പേടിയാട്ട് പോയി തൊഴും.
- ഉത്സവത്തിന്റെ തലേദിവസം തന്നെ ബന്ധുക്കളെത്തും. അവർക്ക് വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ ദീപാവലിമിഠായി വാങ്ങിക്കൊടുക്കും.

**85. ഫീൽഡ് ഡയറി**

15.08.17 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ ഇടച്ചിറയിലെ നമ്പിടിയാട്ടിൽ ജയന്റെ വീട്ടിലാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് അദ്ദേഹം സംസാരിച്ചു.

**15.08.17 ലെ ഫീൽഡ് നോട്ട്**

**ജയൻ പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവമാണ്.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ
- തെക്കേ മൂകാംബികയിൽനിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ജാതവൻ കോട്ടയിൽ പോയി കുടമണി വഴിപാടായി നൽകും. ബന്ധുക്കളൊക്കെ ഉത്സവം കൂടാനെത്തും.
- ദേവിയെ പുലർച്ചെ വാക്കടവിലേയ്ക്ക് നീരാട്ടിന് കൊണ്ടുപോകുമ്പോൾ നിലവിളക്ക് കത്തിച്ച് വെക്കും.
- ദേവി പോകുമ്പോൾ ശംഖ്നാദം മുഴങ്ങും. അപ്പോഴാണ് വിളക്ക് കത്തിക്കാറ്.
- വാക്കടവിൽനിന്ന് നേരെ മനേഴിയിലും, അവിടെ നിന്ന് കുന്നത്തും ആയിരുന്നു ആദ്യം എത്തിയിരുന്നത്. ഇപ്പോൾ കുന്നത്താണ് ആദ്യം എത്തുക.
- അവിടെ കുറച്ച് നേരം ഇരുന്നതിനുശേഷം കറുത്തങ്ങാട്ടേയ്ക്ക് വരും. അവിടെ നിന്ന് പേടിയാട്ടേയ്ക്കും പോകും.
- പേടിയാട്ടും, കറുത്തങ്ങാട്ടും പോയി തൊഴും.

**86. ഫീൽഡ് ഡയറി**

20.08.2017ന് വൈകുന്നേരം ഏഴു മണിയ്ക്കാണ് ഞാൻ ഇടച്ചിറയിലെ തണ്ടാംപറമ്പത്ത് ഷജിനിയെ കാണാൻ വീട്ടിൽ പോയത്. അവർ ജോലി കഴിഞ്ഞ് വീട്ടിലെത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് സംസാരിച്ചു.

**20.08.2017 ലെ ഫീൽഡ് നോട്ട്**

**ഷജിനി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവമാണ്.

- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴി ഉണ്ട്. തുലാംമാസത്തിലാണ് ഉത്സവം.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ജാതവന് അമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ഉത്സവത്തിന്റെ രണ്ടുദിവസം മുമ്പ് ജാതവൻ പുറപ്പാടുണ്ട്. കാരകളി കാണാൻ ധാരാളം ആളുകൾ ഉണ്ടാവും.
- ജാതവൻ അമ്മയെ കാണാൻ പുറപ്പെടുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്ന് പറയുന്നത്.
- ഉത്സവത്തിന് തീണ്ടാരിയായ സ്ത്രീകൾ വീട്ടിൽ നിൽക്കാൻ പാടില്ല എന്നുണ്ട്
- പുലർച്ചെ ദേവിയെ നീരാട്ടിന് വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ വിളക്ക് കത്തിച്ചുവയ്ക്കും.
- വാക്കടവിൽനിന്ന് ആദ്യം കുന്നത്തെത്തും. അവിടെ കുറേനേരമിരിക്കും. പിന്നെ കറുത്തങ്ങാട്ടേയ്ക്ക് അവിടെ നിന്ന് പേടിയാട്ടേയ്ക്കും. എല്ലാവരും അവിടെ പോയി തൊഴും

**87. ഫീൽഡ് ഡയറി**

25.08.17 ന് വൈകുന്നേരം ഞാൻ ഇടച്ചിറയിലെ തോട്ടോളി മനോഹരൻ എന്നവരെ കാണുവാനായിരുന്നു അദ്ദേഹത്തിന്റെ വീട്ടിലെത്തിയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അദ്ദേഹത്തിന് പേടിയാട്ടുള്ള കാര്യങ്ങൾ പറയുമ്പോൾ ആവേശം കൂടുതലായിരുന്നു. ഒരു മണിക്കൂറോളം അദ്ദേഹം സംസാരിച്ചു.

**25.08.17 ലെ ഫീൽഡ് നോട്ട്**

**മനോഹരൻ പറഞ്ഞ കാര്യങ്ങൾ**

- തമ്പുരാട്ടിയുടെ മകനാണ് ജാതവൻ. ജാതവനെ കൂടാതെ രണ്ട് അംഗപൈതങ്ങൾ പേടിയാട്ട് വലിയ കൊട്ടിലിൽ ഉണ്ട്. കൂടാതെ കാരണവന്മാർ ഇവർക്ക് പ്രത്യേക പൂജ ഉത്സവത്തോടനുബന്ധിച്ച് നടത്തുന്നു.
- അവിടെ ചെറിയ കൊട്ടിലിൽ പുനഃപ്രതിഷ്ഠ നടത്തുന്നതിന് പഴയതുപോലെ പുതിയത് പണിതത് ഞങ്ങളാണ്.
- പ്രശ്നം വെച്ചപ്പോൾ അതേപോലെയുള്ള അമ്പലം താത്കാലികമായി ഉണ്ടാക്കി തമ്പുരാട്ടിയെ അവിടേയ്ക്ക് കുടിയിരുത്തണം എന്നായിരുന്നു.
- അതുപോലെത്തന്നെ പഴയതുപോലെ ഞങ്ങൾ മറ്റൊന്ന് നിർമ്മിച്ച് അവിടെ തമ്പുരാട്ടിയെ കുടിയിരുത്തി.
- ശേഷം നിലവിലുള്ളത് പുതുക്കിപ്പണിത് തമ്പുരാട്ടിയെ കുടിയിരുത്തുകയാണുണ്ടായത്.
- വിളിപ്പുറത്തുള്ള ദേവിയാണ് ഇത്. ജനങ്ങളുടെ ക്ഷേമം കാത്തുസൂക്ഷിക്കുന്നു എന്നതാണ് തമ്പുരാട്ടിയുടെ പ്രത്യേകത.
- പ്രയാസങ്ങളുണ്ടാകുമ്പോൾ തമ്പുരാട്ടിയെ നീട്ടിവിളിച്ചാൽ എല്ലാ പ്രയാസങ്ങൾക്കും മാറ്റം വരാറുണ്ട്.

- ഇവിടെ രണ്ട് സത്യക്കല്ല് ഉണ്ട്. പഴയ കാലങ്ങളിൽ കോടതി അംഗീകരിച്ചതായിരുന്നു ഇത്.
- സത്യങ്ങൾ തെളിയിക്കാൻ ഇരുകക്ഷികളും ഇതിൽ കയറിനിന്ന് സത്യം പറയുക എന്നതായിരുന്നു. സത്യമല്ല പറഞ്ഞതെങ്കിൽ അവർക്ക് ആപത്ത് വന്നുചേരുമെന്ന് വിശ്വാസം.
- നാട്ടുകാരുടെ എല്ലാവരുടെയും ഉത്സവമാണ് കടലുണ്ടി വാവുത്സവം. നാനാജാതി മത സ്ഥരും ഇതിൽ പങ്കാളികളാണ്.
- ആരെയും പ്രത്യേകം അറിയിക്കണമെന്നില്ല. ആ സമയത്ത് എല്ലാവരും സന്നിഹിത രായി തമ്പുരാട്ടിയുടെ കാര്യങ്ങൾ ചെയ്യും.
- വിവിധ കലാപരിപാടികളോടെയാണ് ഉത്സവം കൊണ്ടാടുന്നത്.
- കൂടാതെ തമ്പുരാട്ടിയുടെ നീരാട്ടിനുശേഷം അന്യദേശക്കാർ വരെ ഇവിടെ ബലിതർപ്പ ണത്തിന് എത്താറുണ്ട്.
- അമ്മയും മകനും ഒത്തുചേരുമ്പോഴാണ് ഉത്സവം നടക്കുന്നത്.
- തമ്പുരാട്ടി വർഷത്തിലൊരിക്കൽ മകനെ കാണുന്നതോടൊപ്പം ജനങ്ങളെ കാണു കയും അനുഗ്രഹിക്കുകയും ചെയ്യുന്നു. ഉത്സവത്തിന് രണ്ടുതുള്ളി മഴയെങ്കിലും പെയ്യും എന്ന വിശ്വാസം ഉണ്ട്.
- മൂന്ന് ദിവസത്തെ ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- ഒരു മാസം മുമ്പുതന്നെ എല്ലാവരും ഒരുങ്ങുന്നു എന്നതാണ് ഇവിടത്തെ പ്രത്യേകത.
- വെളിച്ചെണ്ണ. താലി, ചൂട്ട്, മഞ്ഞൾപൊടി, നിലവിളക്ക്, ചന്ദനത്തിരി, കൊടി, തെങ്ങിൻ തൈ, പണം ഇവയൊക്കെ തമ്പുരാട്ടിക്ക് നാട്ടുകാർ കാഴ്ചവെയ്ക്കുന്നു.
- കുടമണി, മഞ്ഞൾപൊടി, പണം, പാളയും കയറും തുടങ്ങി ജാതവനും കാഴ്ചവെ യ്ക്കുന്നു.

**88. ഫീൽഡ് ഡയറി**

26.08.17 ന് വൈകുന്നേരം നാലുമണിക്ക് ഞാൻ ഇടച്ചിറയിലുള്ള തോട്ടോളി രഘു നാഥന്റെ വീട്ടിലെത്തി. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാ വുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്തുമിനിറ്റ് അദ്ദേഹം സംസാരിച്ചു.

**26.08.17 ലെ ഫീൽഡ് നോട്ട്**

**രഘുനാഥൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടി വാവുത്സവമാണ് മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ദേവിയെ കിട്ടിയത് കടലിൽനിന്നാണ്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. തെക്കേ മൂകാംബികയിൽ നിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- ഉത്സവത്തിനു മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കണം. തീണ്ടാരിയായ സ്ത്രീകൾ വീട്ടിൽ നിൽക്കാൻ പാടില്ല.
- പേടിയാട്ട്പോയി തൊഴും. വാക്കടവിലേക്ക് പുലർച്ചെ ദേവിയെ നീരാട്ടിനു കൊണ്ടു പോകുമ്പോൾ നിലവിളക്ക് കത്തിച്ചുവെക്കണം.

- പട്ട്. താലി, വെളിച്ചെണ്ണ, മഞ്ഞൾപൊടി, ചന്ദനത്തിരി, കൊടമണി തുടങ്ങിയവയാണ് വഴിപാടായി നൽകിയിരുന്നത്.
- ഉത്സവത്തിന്റെ തലേദിവസം തന്നെ ബന്ധുക്കളെത്തും. കുട്ടികൾക്ക് വാക്കാശ് കൊടുക്കും. ദീപാവലി മിഠായി വാങ്ങും.

**89. ഫീൽഡ് ഡയറി**

28.08.17 വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പോയത് ഇടച്ചിറയിലെ പുന്നോളി കൊറാത്ത് കമലാകരന്റെ വീട്ടിലേയ്ക്കാണ്. ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെകുറിച്ച് അദ്ദേഹത്തിനറിയാവുന്ന കാര്യങ്ങൾ പറഞ്ഞു തന്നു. അരമണിക്കൂറോളം അദ്ദേഹത്തോട് സംസാരിച്ചു.

**28.08.17 ലെ ഫീൽഡ് നോട്ട്**

**കമലാകരൻ പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടുകൂടിയാണ്.
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടക്കാവിലമ്മ അടയ്ക്കാനും എന്നൊരു പഴമൊഴിയുണ്ട്.
- ഉത്സവത്തിന് ഒരു മാസം മുമ്പ് വീടും പരിസരവും വൃത്തിയാക്കും. തുലാംമാസത്തിലാണ് ഉത്സവം ഉണ്ടാകുക. ജാതവൻ പുറപ്പാടിന്റെ മുമ്പേ വീട് വൃത്തിയാക്കണം.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ കഴിയൂ.
- ജാതവൻ അമ്മയെ കാണാൻ വേണ്ടി ഇറങ്ങുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്നു പറയുന്നത്.
- ഞാൻ നാട്ടിലുണ്ടാകുമ്പോൾ ജാതവൻ കോട്ടയിൽ പോകാറുണ്ട്. കാരകളിയാണ് ഇവിടെ പ്രധാനപ്പെട്ടത്.
- ഇത് കാണാൻ ധാരാളം ജനങ്ങളുണ്ടാവും. വീട് ഉത്സവത്തിന് ദീപം കൊണ്ട് അലങ്കരിക്കും.
- ഉത്സവദിവസം പുലർച്ചെ അമ്മയെ വാക്കടവിലേക്ക് നീരാട്ടിന് കൊണ്ടുപോകുമ്പാൾ വിളക്ക് കത്തിച്ചുവെയ്ക്കും.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് ദേവിയെ കറുത്തങ്ങാട്ടേയ്ക്ക് കൊണ്ടുപോകുക.
- ഉച്ചയ്ക്കും ഞങ്ങൾ വീടിനുമുമ്പിൽ വിളക്ക് കത്തിച്ചുവെയ്ക്കും.
- കറുത്തങ്ങാട്ടുനിന്ന് അമ്മ പിന്നെ പേടിയാട്ടേയ്ക്ക് പോകും.
- അമ്മ എല്ലാവർക്കും അനുഗ്രഹം ചൊരിഞ്ഞ് പേടിയാട്ടമ്പലത്തിലിരിക്കും.
- അവിടെ പൂജയും കാര്യങ്ങളും ഒക്കെ കഴിഞ്ഞ് അമ്മയെ അമ്പലത്തിലേക്ക് കുടിയിരുത്തുന്നു,

**90. ഫീൽഡ് ഡയറി**

30.08.17 ന് വൈകുന്നേരം മൂന്നു മണിയ്ക്ക് കോഴിക്കോട്ട് വെസ്റ്റിഹില്ലിലെ അമ്പലത്താഴത്ത് രാജരത്നം എന്നവരെ കാണാനാണ് അദ്ദേഹത്തിന്റെ വീട്ടിൽ പോയത്. അദ്ദേ

ഹത്തിന്റെ സഹോദരി പറഞ്ഞാണ് അദ്ദേഹത്തെക്കുറിച്ചറിഞ്ഞത്. ചെന്ന കാര്യം പറഞ്ഞു. പേടിയാട്ടമ്മയുമായി വരയ്ക്കലമ്മയുടെ ബന്ധം അറിയുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. അദ്ദേഹം അരമണിക്കൂർ സംസാരിച്ചു.

**30.08.17 ലെ ഫീൽഡ് നോട്ട്**

**രാജരത്നം പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടുമായി ബന്ധമൊന്നും വരയ്ക്കലമ്മയ്ക്കുണ്ട് എന്ന അഭിപ്രായം ഇവിടെ നിലനിൽക്കുന്നില്ല.
- പരശുരാമൻ കൊത്തിയെടുത്ത പൂർണ്ണരൂപമാണ് ഞങ്ങളുടെ വരയ്ക്കലമ്മയ്ക്കുള്ളത്.
- കാല് കടലിനഭിമുഖമായി തിരിച്ച് വച്ചിരിക്കുന്നു എന്നതാണ് പ്രത്യേകത. കടലമ്മയെ താങ്ങുന്ന രീതിയിലാണ് എന്ന് വിശ്വാസം.
- കറുത്തവാവിന് തന്നെയാണ് ഇവിടെയും ഉത്സവം,
- കടലിന്റെ മക്കളെയും കാത്തുസൂക്ഷിക്കുന്ന ദേവിയാണ്. അതുകൊണ്ടുതന്നെ മുക്കുവർ ഇവിടെ വഴിപാട് കഴിച്ചാണ് കടലിലിറങ്ങാറ്.
- വരയ്ക്കലമ്മ നീരാട്ടിനുപോകുമ്പോൾ കടൽ ഒരു തിരമാല പോലും ഇല്ലാതെ ശാന്തമായി നിൽക്കുന്നു എന്നതാണ് ഇവിടെ പരക്കെ വിശ്വാസം.

**91. ഫീൽഡ് ഡയറി**

02.09.17 ന് വൈകുന്നേരം അഞ്ച് മണിക്ക് പോയത് ഇടച്ചിറയിലുള്ള പള്ളിയാട്ടിൽ സതീദേവിയെ കാണാനായിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞുതരണമെന്നു പറഞ്ഞ് അരമണിക്കൂർ അവരുമായി സംസാരിച്ചു.

**02.08.17 ലെ ഫീൽഡ് നോട്ട്**

**സതീദേവി പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളുടെ നാട്ടിലെ ഒരു പ്രധാന ഉത്സവമാണിത്.
- പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴി ഇവിടെയുണ്ട്.
- തുലാംമാസത്തിലാണ് ഉത്സവം. പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്. അമ്മാഞ്ചേരിയമ്മ, പൂരപറമ്പിലമ്മ, ശോഭപറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- പേടിയാട്ടമ്മയുടെ മകനായ ജാതവൻ കോട്ടയിലാണ് ഉള്ളത്.
- ഉത്സവം തുടങ്ങുന്നതിനു മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കണം.
- വീട് പെയിന്റടിക്കും. റോഡ് നന്നാക്കും.
- തെക്കേ മൂകാംബികയിൽനിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട്ട് കാരണവർക്കാണ് വെള്ളത്തിൽനിന്നും ദേവിയെ ലഭിച്ചതെന്നും അതിനുശേഷം കൊറോത്ത് തറവാട്ടിലേയ്ക്കാണ് കൊണ്ടുപോയതെന്നും പറയപ്പെടുന്നു.

- അതുകൊണ്ടാണ് ദേവിയുടെ പുറപ്പാടുനാളിൽ കൊറോത്ത് തറവാട് വഴിയിലെത്തുമ്പോൾ പേടിയാട്ടമ്മ അവിടേയ്ക്ക് തിരിഞ്ഞുനോക്കുന്നത്.
- പേടിയാട്ടമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കൽ മാത്രമേ അനുവാദമുള്ളൂ.
- അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- അമ്മ വിസമ്മതിച്ചതിനു കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു നടന്നിരുന്നത്.

**92. ഫീൽഡ് ഡയറി**

02.08.2017 ന് ഞാൻ പള്ളിയാട്ടിൽ സതീദേവിയോട് സംസാരിക്കുമ്പോഴാണ് അവരുടെ ഭർത്താവ് രാധാകൃഷ്ണൻ നായർ വന്നത്. ഉത്സവത്തെക്കുറിച്ച് അദ്ദേഹത്തിനറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് അദ്ദേഹം സംസാരിച്ചു.

**02.08.17 ലെ ഫീൽഡ് നോട്ട്**

**രാധാകൃഷ്ണൻ നായർ പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്. പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴിയുണ്ട്.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. ദേവിയുടെ മകനാണ് ജാതവൻ. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- ഉത്സവത്തിന് രണ്ടുദിവസം മുമ്പ് ജാതവൻ ഊരുചുറ്റാനിറങ്ങും.
- ഞങ്ങൾ ജാതവൻ കോട്ടയിൽ പോകാറുണ്ട്, കാരകളി കാണും, കൊടമണി വഴിപാടായി കൊടുക്കും.
- അമ്മയെ മകന് വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ അനുവാദമുള്ളൂ.
- തുലാംമാസത്തിലാണ് ഉത്സവം നടക്കുക.
- ദേവിയുടെ വസ്ത്രം അലക്കാനുള്ള അവകാശം ഞങ്ങൾക്കാണ്. അലക്കിക്കൊടുത്താൽ കൂലി തരും.

**93. ഫീൽഡ് ഡയറി**

05.09.17 ന് ഞാൻ ചാലിയത്തുള്ള പിൻപുറത്ത് മോഹൻദാസിനെ കാണാനാണ് വൈകുന്നേരം അഞ്ചുമണിക്ക് അവരുടെ വീട്ടിലേയ്ക്കുപോയത്. ഉത്സവത്തെ കുറിച്ച് അവർക്കറിയാവുന്നത് പറഞ്ഞുതന്നു. അരമണിക്കൂറോളം അദ്ദേഹം സംസാരിച്ചു.

**05.09.17ഫീൽഡ് നോട്ട്**

**മോഹൻദാസ് പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴിയുണ്ട്.
- തുലാമാസത്തിലാണ് ഉത്സവം നടക്കുക. എല്ലാമതവിഭാഗക്കാരുടെയും ഒത്തുചേരലാണ് വാവുത്സവം.

- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ഉത്സവത്തിന്റെ അന്നാണ് അമ്മയും മകനും തമ്മിൽ കാണുക.
- ഉത്സവത്തിന്റെ ഒരാഴ്ച മുമ്പുതന്നെ കടലുണ്ടി ഗ്രാമം കച്ചവടക്കാരെരെക്കൊണ്ട് നിറയും.
- ഉത്സവത്തിന് നാനാഭാഗത്തുനിന്നും ജനങ്ങൾ പേടിയാട്ടമ്മയെ കാണാൻ വരും. മുതിർന്നവർ കുഞ്ഞുങ്ങൾക്ക് വാക്കാൾ കൊടുക്കും.

**94. ഫീൽഡ് ഡയറി**

10.09.17 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ വട്ടപ്പറമ്പിലെ പിൻപുറത്ത് വിനു എന്നവരെ കാണാനായിരുന്നു പോയത്. റെയിൽവേയിലാണ് അദ്ദേഹത്തിന് ജോലി. കടലുണ്ടി റെയിൽവെ സ്റ്റേഷനിൽ നിന്നാണ് ഞാൻ സംസാരിച്ചത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ചെല്ലുമ്പോൾ അദ്ദേഹം വീട്ടിലേക്ക് പോകാൻ നിൽക്കുകയായിരുന്നു. ഭക്തി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആളായിരുന്നു അദ്ദേഹം. പതിനഞ്ചു മിനിറ്റോളം ഞങ്ങൾ സംസാരിച്ചു. കൂടുതൽ പറഞ്ഞുതരാനറിയുന്നവരെ പറഞ്ഞുതരാമെന്ന് അദ്ദേഹം പറഞ്ഞു.

**10.09.2017 ലെ ഫീൽഡ് നോട്ട്**

**വിനു പറഞ്ഞ കാര്യങ്ങൾ**

- പഴയകാലങ്ങളിൽ ഞങ്ങൾ ദേവിക്ക് ആഭരണം പണിതു കൊടുക്കാറുണ്ടായിരുന്നു.
- വലിയൊരു ഉത്സവമാണ് കടലുണ്ടി വാവുത്സവം. ജാതിമതഭേദമന്യേ എല്ലാവർക്കും ഇതിൽ പങ്കാളിത്തമുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത.
- പൈസ പിരിച്ചുകൊണ്ട് ഉത്സവം നടത്തുന്ന പതിവ് ഇവിടെയില്ല. പകരം കാവിലമ്മയ്ക്ക് സമ്പാദ്യം വന്നുചേരുകയാണ് ചെയ്യുന്നത്.
- അമ്മ നീരാട്ടിനു പുലർച്ചെ പുറപ്പെടുന്നു. അമ്മ ഒരുങ്ങുന്നതുവരെ മകൻ അവിടെ കാവൽ നിൽക്കുന്നു.
- ആദ്യം കുന്നത്ത് പിന്നീട് കറുത്തങ്ങാട്, ശേഷം പേടിയാട്ട് കുടിയിരുത്തുന്നു.
- മകൻ ദുഃഖത്തോടെ ജാതവൻ കോട്ടയിലേക്ക് പോകുന്നു.
- ഉത്സവം കഴിഞ്ഞ് ഏഴാം പൂജ പേടിയാട്ടും ശേഷം കോട്ടയിലും നടക്കുന്നു.

**95. ഫീൽഡ് ഡയറി**

11.09.17 ന് വൈകുന്നേരം നാലുമണിക്കാണ്, ഇടച്ചിറയിലെ പുന്നോളി കൃഷ്ണകുമാറിനെ കാണാൻ വീട്ടിൽ പോയത്. ഗൾഫിൽ ജോലിചെയ്യുന്ന ആളാണ് അദ്ദേഹം. ഞാൻ ചെന്ന കാര്യം പറഞ്ഞു. കൂടുതലായൊന്നും പറയാൻ അറിയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. പത്തുമിനിറ്റുനേരം അദ്ദേഹം ഉത്സവത്തെക്കുറിച്ച് സംസാരിച്ചു.

**11.09.17 ലെ ഫീൽഡ് നോട്ട്**

**കൃഷ്ണകുമാർ പറഞ്ഞ കാര്യങ്ങൾ**

- എല്ലാ വർഷവും ഉത്സവത്തിന് ഞാൻ നാട്ടിലെത്താറുണ്ട്.

- വിരുന്നുകാർ എല്ലാവരും വരുന്നതുകൊണ്ട് ഒരു കല്യാണത്തിന്റെ പ്രതീതി ഉണ്ടാകാറുണ്ട്.
- വാവുത്സവം വന്നാൽ മക്കൾ അവർക്ക് വേണ്ട കളിക്കോപ്പുകൾ, വള, മാല തുടങ്ങി സാധനങ്ങൾ വാങ്ങിക്കും.
- എല്ലാവർക്കും വാക്കാശ് നൽകണമെന്നുണ്ട്.
- പറമ്പെല്ലാം ചെത്തിക്കോരി വീട് പെയിന്റ് ചെയ്ത് വൃത്തിയാക്കുന്നു.
- വീടിന്റെ മുമ്പിലൂടെയാണ് ഭഗവതിയെയും ജാതവനെയും എഴുന്നള്ളിക്കുന്നത്.
- ഉത്സവദിവസം പുലർച്ചെയും വൈകീട്ടും വിളക്ക് വെയ്ക്കാറുണ്ട്.

**96. ഫീൽഡ് ഡയറി**

11.09.17 ന് വൈകുന്നേരം ഞാൻ ഇടച്ചിറയിലെ കൃഷ്ണകുമാറിന്റെ ഭാര്യയായ കണ്ണൂരിലെ പൊറവങ്കര തറവാട്ടിലെ ജസ്നയോടും ഉത്സവത്തെക്കുറിച്ച് സംസാരിച്ചു. പത്തുമിനിട്ടുനേരം അവൾ സംസാരിച്ചു.

**11.09.17 ലെ ഫീൽഡ് നോട്ട്**

**ജെസ്ന പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തോടനുബന്ധിച്ച് പീച്ചിയേടത്തിയെ പുല്ല് ചെത്തിക്കോരാൻ വിളിക്കും.
- പറമ്പെല്ലാം വൃത്തിയായി വിറകെല്ലാം അടുക്കിവെച്ച് വൃത്തിയാക്കും.
- ഉത്സവത്തോടനുബന്ധിച്ച് എല്ലാവരുടെയും കൂടെ ക്ഷേത്രത്തിൽ തൊഴാൻ പോകും.
- താലി, വെളിച്ചെണ്ണ എന്നിവ നൽകാറുണ്ട്.
- മക്കൾക്ക് വള, മാല, കളിക്കോപ്പ് തുടങ്ങിയവ വാങ്ങിക്കും.
- എല്ലാവർക്കും വാക്കാശ് കിട്ടും. മുതിർന്നവരാണ് തരുന്നത്.
- വ്യത്യസ്ത ചെടികളും വൃക്ഷത്തൈകളും വാങ്ങിയ്ക്കാൻ കിട്ടും.
- വീടിന്റെ മുമ്പിലൂടെയാണ് ദേവിയെയും ജാതവനെയും എഴുന്നള്ളിക്കുന്നത്.
- ഏഴാം പുണ്യാഹത്തിന് പേടിയാട്ടും കോട്ടയിലും പോകാറുണ്ട്.

**97. ഫീൽഡ് ഡയറി**

12.09.2017ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ ഇടച്ചിറയിലുള്ള ശിവദാസനെ (പുതുകുളങ്ങര) കാണാൻ വേണ്ടി വീട്ടിൽ പോയി. ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെ കുറിച്ച് അദ്ദേഹത്തിന് അറിയാവുന്നത് പറഞ്ഞുതന്നു. പത്ത് മിനിറ്റ് സംസാരിച്ചു.

**12.09.17 ലെ ഫീൽഡ് നോട്ട്**

**ശിവദാസൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്. പേടിയാട്ടമ്മയാണ് മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴി ഉണ്ട്.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്.

- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- അമ്മാഞ്ചേരിയമ്മ, വളയനാട്ടമ്മ, ശോഭപറമ്പിലമ്മ, പൂരപറമ്പിലമ്മ എന്നിവരാണവർ.
- അമ്മയും മകനും വർഷത്തിലൊരിക്കൽ മാത്രമേ കാണാറുള്ളൂ. അതിനൊരു കാരണ മുണ്ട്.
- അമ്മയുടെ സമ്മതമില്ലാതെ ചെറിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂര ത്തിന് പോയി.
- അമ്മ ജാതവനെ വിലക്കാൻ കാരണം അവിടെ മധ്യമകർമ്മങ്ങളാണ് ഉണ്ടായിരുന്നത്.
- അത് കേൾക്കാതെ പോയ ജാതവനെ അമ്മ അകറ്റി നിർത്തി.
- ജാതവനെ കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തി.
- വർഷത്തിലൊരിക്കൽ വാവുത്സവത്തിന് വാക്കടവിൽ വെച്ച് ഞാൻ നീരാട്ടിനെത്തു മ്പോൾ കൂടെ എഴുന്നള്ളാമെന്ന് ജാതവന് അമ്മ സമ്മതം കൊടുത്തു.
- ഞങ്ങളുടെ തറവാട്ടിൽ ജാതവന് പൂജ ചെയ്യാറുണ്ട്.
- ഗംഭീരമായിട്ടാണ് ഞങ്ങൾ ഉത്സവം ആഘോഷിക്കാറ്.

**98. ഫീൽഡ് ഡയറി**

13.09.2017 ന് വൈകുന്നേരം നാലരക്ക് ഞാൻ ഇടച്ചിറയിലുള്ള മലയിൽ രാജിയുടെ വീട്ടിലേയ്ക്കാണ് പോയത്. ഉത്സവത്തെക്കുറിച്ച് ചോദിച്ചറിയുകയായിരുന്നു ലക്ഷ്യം. ചെന്നകാര്യം പറഞ്ഞു. രാജിക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് സംസാരിച്ചു.

**13.09.17 ലെ ഫീൽഡ് നോട്ട്**

**രാജി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണിത്. പേടിയാട്ടമ്മയാണ് ഉത്സവ ങ്ങൾക്ക് തുടക്കം കുറിക്കുക.
- ഉത്സവത്തിന് ഒരു മാസം മുമ്പ് തന്നെ വീടും പരിസരവും വൃത്തിയാക്കും. വീട് പെയിന്റടിക്കും.
- ഉത്സവത്തിന്റെ തലേദിവസം തന്നെ ബന്ധുക്കളെല്ലാം എത്തും. ഉത്സവസമയത്ത് മാസമുറയായാൽ ഇവിടെ നിൽക്കാൻ പാടില്ല.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. അമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- അമ്മയും മകനും വർഷത്തിലൊരിക്കലേ കാണാറുള്ളൂ.
- അതിന്റെ കാരണം അമ്മയുടെ സമ്മതമില്ലാതെ ചെറിയമ്മയുടെ കൂടെ ജാതവൻ പൂര ത്തിന് പോയി എന്നതാണ്.
- അവിടെ മധ്യമകർമ്മങ്ങളാണ് ഉള്ളത്. അശുദ്ധിയായി വന്ന മകനെ അമ്മ അകറ്റി നിർത്തി. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- ദേവി എഴുന്നള്ളുമ്പോഴും (പുലർച്ചെ നീരാട്ടിന് വാക്കടവിലേയ്ക്ക് പോകുമ്പോൾ വിളക്ക് കത്തിച്ച് വെക്കും. പേടിയാട്ട് പോയി തൊഴും.
- കറുത്തങ്ങാട്ടും പോയി ദേവിയെ കാണും.

**99. ഫീൽഡ് ഡയറി**

16.09.17 ന് വൈകുന്നേരം അഞ്ച് മണിക്ക് ഇടച്ചിറയിലെ ഞാൻ വള്ളയിൽ ജിഷി യുടെ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെകുറിച്ച് തനി ക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് ജിഷി സംസാരിച്ചു.

**16.09.2017 ലെ ഫീൽഡ് നോട്ട്**

**ജിഷി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്.
- കടലുണ്ടി വാവുത്സവമാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻ ജാതവൻകോട്ടയിലാണ് ഉള്ളത്.
- ഉത്സവത്തിന് രണ്ട് ദിവസം മുമ്പേ ജാതവൻ ഊരു ചുറ്റാനിറങ്ങും.
- അപ്പോഴാണ് കാരകളി കാണാൻ പറ്റുക. ഞങ്ങൾ അത് കാണാൻ പോകാറുണ്ട്.
- ഉത്സവം തുടങ്ങുന്നതിനു മുമ്പ് വീടും പരിസരവും വൃത്തിയാക്കും.
- ഉത്സവദിവസമാണ് അമ്മയും മകനും പരസ്പരം കാണുക.
- പുലർച്ചെ അമ്മയെ നീരാട്ടിന് കൊണ്ടുപോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ച് വെയ്ക്കും.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് ദേവിഎഴുന്നള്ളുക.
- അപ്പോഴും ഞങ്ങൾ വിളക്ക് കത്തിച്ച് വെയ്ക്കും. പേടിയാട്ട് പോയി തൊഴും.
- താലി, പട്ട്, വെളിച്ചെണ്ണ, കുടമണി ഇവയാണ് വഴിപാടായി അവിടെ കൊടുക്കാറ്.

**100. ഫീൽഡ് ഡയറി**

18.09.17 ന് വൈകുന്നേരം അഞ്ചുമണിക്ക് ഊട്ടുകളത്തിൽ കമലാക്ഷിയെ കാണാ നായിരുന്നു വീട്ടിലേക്ക് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അവർക്ക് കാര്യ മായൊന്നും അറിയില്ലായിരുന്നു. ഉത്സവത്തെക്കുറിച്ച് കുറച്ചുകാര്യങ്ങൾ പതിനഞ്ചുമിനിറ്റ് സംസാരിച്ചു.

**18.09.17ലെ ഫീൽഡ് നോട്ട്**

**കമലാക്ഷി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടി വാവുത്സവം തുലാമാസത്തിലെ കറുത്ത വാവിനാണ് നടക്കുന്നത്.
- നാട്ടുകാരേയും കുടുംബക്കാരെയും കൂട്ടുകാരെയും ഒക്കെ കാണാറുണ്ട്.
- മറ്റു ദേശങ്ങളിൽ നിന്ന് ഇവിടെ ഉത്സവത്തിൽ പങ്കെടുക്കാൻ ആളുകൾ എത്താറുണ്ട്.
- അധികംപേരും വീട്ടിൽവന്ന് എന്തെങ്കിലും കുടിയ്ക്കുകയോ കഴിക്കുകയോ ചെയ്യും.
- ഭക്ഷണം ഉത്സവദിവസം കൂടുതൽ കരുതണം. അതിനായി വസ്ത്രങ്ങൾ വാങ്ങാറു ണ്ട്.
- ഒരുക്കങ്ങൾ ഒരു മാസം മുമ്പുതന്നെ തുടങ്ങുന്നു.

**101. ഫീൽഡ് ഡയറി**

19.09.17ന് വൈകുന്നേരം നാലുമണിക്ക് പെരുമുഖത്തുള്ള കുടിൽപുരയ്ക്കൽ ചന്ദ്ര ഹാസൻ എന്നവരെ കാണാൻ ജാതവൻകോട്ടയിലേക്കാണ് പോയത്. ഇന്ന് അവർക്കാണ് വിളക്കുവയ്ക്കേണ്ട ചുമതല എന്ന് അവരുടെ അനുജൻ വിജയേട്ടൻ പറഞ്ഞിരുന്നു. ഞാൻ ചെന്ന കാര്യം പറഞ്ഞു. അവരുമായി അരമണിക്കൂർ നേരം ജാതവനെക്കുറിച്ചും ഉത്സവത്തിന്റെ ചടങ്ങുകളെക്കുറിച്ചും ചോദിച്ചറിഞ്ഞു.

**19.09.217 ലെ ഫീൽഡ് നോട്ട്**

**ചന്ദ്രഹാസൻ പറഞ്ഞ കാര്യങ്ങൾ**

- ഇവിടെ ഞങ്ങൾ ദിവസേന വിളക്കുവയ്ക്കും. ഇവിടെ വഴിപാടായി വിദ്യാഭ്യാസപര മായി കെടാവിളക്ക് വയ്ക്കാറുണ്ട്.
- ചന്ദനം, തിരി, മഞ്ഞൾപ്പൊടി, പാളയും കയറും, തെങ്ങിൻതൈ, പട്ട്, കൊടി, കുടമ ണി, നിലവിളക്ക് പണം തുടങ്ങി ഇഷ്ടപ്പെട്ടതെല്ലാം ലഭിക്കാറുണ്ട്.
- ഉത്സവത്തോടനുബന്ധിച്ച് ഒരു മാസം മുമ്പുതന്നെ വൃത്തിയാക്കൽ ജോലിയിലേർപ്പെ ടുന്നു.
- ജാതവൻ പുറപ്പാടിന്റെ അഞ്ചുദിവസം മുമ്പ് വ്രതം തുടങ്ങുന്നു. വ്യത്യസ്ത ചടങ്ങുക ളോടെ ഉത്സവം നടത്തുന്നു.

**102. ഫീൽഡ് ഡയറി**

05.12.2017-ന് വൈകുന്നേരം നാലുമണിക്ക് ഇടച്ചിറയിലെ കൊഴമ്പുറത്ത് ബ്രിജേഷ് എന്ന ആളുടെ വീട്ടിലേക്കാണ് പോയത്. കയറി ഇരിക്കാൻ പറഞ്ഞു. കുറച്ചുനേരം വിശേ ഷങ്ങളെല്ലാം പറഞ്ഞിരുന്നു. അദ്ദേഹം എന്താണ് ആവശ്യമെന്നു ചോദിച്ചു. ഞാൻ കട ലുണ്ടി വാവുത്സവത്തെ കുറിച്ച് കുറച്ച് കാര്യങ്ങൾ അറിയാനുണ്ടെന്നു പറഞ്ഞു. ഒരു മണിക്കൂർ നേരം കാര്യങ്ങൾ പറഞ്ഞു തന്നു.

**05.12.2017ലെ ഫീൽഡ് നോട്ട്**

**ബ്രിജേഷ് പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവനെ ജാതവൻകോട്ടയിലാണ് കുടിയിരു ത്തിയിരിക്കുന്നത്.
- പേടിയാട്ടമ്മയും മകനും വർഷത്തിലൊരിക്കൽ കണ്ടുമുട്ടുന്ന ദിവസമായിട്ടാണ് വാവുത്സവത്തെ കണക്കാക്കുന്നത്.
- പേടിയാട്ടമ്മ ഉത്തമത്തിലും മറ്റു രണ്ടു ദേവിമാർ മധ്യമത്തിലുമാണ് കുടികൊള്ളുന്ന ത്.
- പേടിയാട്ടമ്മയും കളിയാട്ടക്കാവിലമ്മയും സഹോദരിമാരാണ്. അതുകൊണ്ട് പേടിയാ ട്ടമ്മ ജാതവനെ മധ്യമത്തിലുള്ള ദേവിമാരുടെ അടുത്തേക്ക് പോകുന്നതിൽ വിലക്കിയി രുന്നു.
- എന്നാൽ പേടിയാട്ടമ്മയുടെ സഹോദരിയായ അമ്മാഞ്ചേരിയമ്മയോടൊപ്പം ജാതവൻ ശ്രീ വളയനാട് അമ്മയുടെ പൂരത്തിന് പുറപ്പെട്ടു.

- അവിടെ ചെന്ന ജാതവന് ശ്രീ വളയനാട്ടമ്മ പാൽവർണ്ണക്കുതിര സമ്മാനമായി നൽകി.
- ഇതോടൊപ്പം ജാതവനെ മദ്യവസ്തുക്കൾ അടങ്ങിയ സൽക്കാരത്തിന് ക്ഷണിക്കുകയും ചെയ്തു.
- ജാതവൻ ആ സൽക്കാരം നിഷേധിച്ചു. ഇതിൽ ക്ഷുഭിതനായ ശ്രീ വളയാട്ടമ്മ മദ്യവസ്തുക്കൾ ജാതവന് നേരെ തട്ടി തെറിപ്പിച്ചു.
- അശുദ്ധിയായി തിരിച്ചുവന്ന ജാതവനെ പേടിയാട്ടമ്മ അകറ്റി നിർത്തി.
- തന്നെ കാണരുതെന്നു കാക്കകേറാകുന്നിൽ കുടിയിരിക്കണമെന്നും ആവശ്യപ്പെട്ടു.
- ഈ സ്ഥലമാണ് ജാതവൻകോട്ട എന്ന പേരിൽ അറിയപ്പെടുന്നത്.
- പിന്നീട് അലിവുതോന്നിയ പേടിയാട്ടമ്മ തുലാംമാസത്തിലെ കറുത്ത വാവ് ദിനത്തിൽ വാക്കടവിൽ നീരാട്ടിനുപോകുമ്പോൾ തന്നെ കാണാമെന്നു അനുമതി നൽകുകയും ചെയ്തു.
- അങ്ങനെ അമ്മയും മകനും കണ്ടു മുട്ടുന്ന സന്തോഷത്തിന്റെ ദിനമായിട്ടാണ് കടലുണ്ടി വാവുൽസവം അറിയപ്പെടുന്നത്.
- ഉത്സവത്തിന് രണ്ട് ദിവസം മുമ്പ് ജാതവൻ ജാതവൻകോട്ടയിൽനിന്നും പുറപ്പെടും. ജാതവൻ ഓരോരോ വീടുകളിൽ പോകും.
- ജാതവൻ പുറപ്പാടിനു മുമ്പ് വീടുകളിൽ വിളക്കുകൾ കത്തിക്കും. എല്ലാ വീടുകളിലും ജാതവൻ പോകാറില്ല.
- കുറച്ചുവീടുകളിൽ മാത്രം ജാതവനും കൂട്ടുകാരും, കാരകളിക്കുമായിരുന്നു.
- കാരകളി എന്നാൽ വൈക്കോലും കടലാസും കൊണ്ട് ഉണ്ടാക്കുന്ന ഒരു പന്താണ്.
- കാരകളിക്കുള്ള പ്രത്യേകത തൊണ്ണൂറു വയസുമുതൽ ചെറുപ്രായം വരെ ഉള്ളവർ ഇതിൽ പങ്കെടുക്കാറുണ്ട് എന്നതാണ്.
- ജാതവൻ പുറപ്പാടിന്റെ മുമ്പ് വീടുകളിൽ വൃത്തിയാക്കൽ പരിപാടികളും ഉണ്ടാകും.
- പെയിന്റടിക്കുകയും പുല്ലുണ്ടെങ്കിൽ ചെത്തി മിനുക്കിയും, വഴികളിലുള്ള ഇലകളും മറ്റും വൃത്തിയാക്കുകയും ചെയ്യുന്നു.
- ജാതവൻ പുറപ്പാട് കഴിഞ്ഞ് മൂന്നാമത്തെ ദിവസം അതായത് കറുത്തവാവിന് അമ്മയെ നീരാട്ടിന് കൊണ്ടുപോകും.
- ദേവിയെ പള്ളിനീരാട്ടിന് കൊണ്ടുപോകുന്ന സമയം വൈദ്യുത ദീപങ്ങൾ എല്ലാം അണച്ച് നിറയെ എണ്ണപകർന്ന് തിരിയിട്ടുകൊളുത്തി ചിരാതുകൾ വഴിനീളെ കത്തിച്ചുവയ്ക്കുന്നു.
- ഓരോ വീടിനു മുമ്പിലും ദീപങ്ങൾ തെളിയിച്ച് ആളുകൾ നിൽക്കുന്നുണ്ടാകും.
- കടപ്പുറത്തെത്തികഴിഞ്ഞാൽ അമ്പാളിമാരുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടക്കുക.
- ദേവിയുടെ നീരാട്ടിനു ശേഷമാണ് പ്രസിദ്ധമാർന്ന വാവുബലിയും ബലികർമ്മങ്ങളും നടക്കുന്നത്.
- വിദൂരദേശങ്ങളിൽനിന്നുപോലും വിശ്വാസികൾ ബലികർമ്മങ്ങൾ ചെയ്യാൻ എത്തിച്ചേരാറുണ്ട്.

- ഇങ്ങനെ വരുന്നവർക്ക് താമസസൗകര്യം കുറവായതിനാൽ കടപ്പുറത്തെ മുസ്ലിം സഹോദരങ്ങൾ തങ്ങളുടെ വീടുകൾ വാവുൽസവ നാളുകളിൽ അതിഥികൾക്കായി സൗകര്യം ചെയ്തു കൊടുക്കാറുണ്ട്.
- ദേവിയ്ക്കായി അർപ്പിക്കുന്ന വഴിപാടുപോലെയാണ് അവർ കരുതുന്നത്.
- ഉത്സവത്തിന് ചെണ്ടമേളക്കാർ വിശ്രമിക്കുന്നതും പെരുവണ്ണാൻമാർ വിശ്രമിക്കുന്നതും മുസ്ലീം ഭവനത്തിലാണ്. കക്കാട് മദ്രസ കെട്ടിടത്തിലും ബലിതർപ്പണത്തിനായി വരുന്നവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്.
- ദേവിയുടെ നീരാട്ടിനുശേഷം വാവുബലിക്കെത്തിയ ഭക്തർ ബലികർമ്മങ്ങൾ ആരംഭിക്കും.
- അന്നത്തെ ദിവസം കടലിന് ഔഷധഗുണമുണ്ടെന്നാണ് വിശ്വാസം.
- ദേവിയ്ക്ക് ചമയങ്ങൾ ഒരുക്കുമ്പോഴേക്കും ജാതവൻ കടപ്പുറത്തെത്തുന്നു.
- നാട്ടിലെ മുക്കുവർ ഏട്ടമീൻ കോമ്പകോർത്ത് നൽകിയിട്ടാണ് ജാതവനെ സ്വീകരിക്കുന്നത്.
- ദേവിയുടെ ചമയത്തിനൊടുവിൽ വഴിപാടായി ലഭിച്ച ആഭരണങ്ങൾ തിടമ്പിൽ ചാർത്തും.
- ഉൽസവം കഴിഞ്ഞാൽ തിരുവാഭരണങ്ങൾ മനേഴി മൂസതിന്റെ തറവാട്ടിലെ നിലപറയിലാണ് സൂക്ഷിക്കുന്നത്.
- ആഭരണപ്പെട്ടിക്ക് സർപ്പങ്ങൾ കാവലാണത്രെ. വാക്കടവിൽവെച്ചാണ് പേടിയാട്ടമ്മയും ജാതവനും നേരിൽ കാണുന്നത്.
- അതിനുശേഷം ആയിരക്കണക്കിന് ഭക്തജനങ്ങളുടെ അകമ്പടിയോടെ ദേവിയുടെ ഘോഷയാത്ര ആരംഭിക്കും.
- പേടിയാട്ട്നിന്നും എത്തുന്ന കോമരം ദേവിയെ കൂടികാഴ്ചനടത്തിയശേഷം മാത്രമാണ് ദേവിയുടെ ഘോഷയാത്ര മുന്നോട്ടു പോകൂ.
- എഴുന്നള്ളത്ത് കുന്നത്ത് എത്തിച്ചേരുന്നതിന് മുൻപ് കോമരങ്ങൾ അമ്പാളികാരണവരുടെ കൈപിടിച്ച് പടകാളി പാടത്തേക്ക് ഓടും.
- ഇതിനെ പടകാളിപ്പാച്ചിൽ എന്നാണ് പറയുക. പടകാളി കഴിഞ്ഞാൽ പടകാളിതല്ല് ആരംഭിക്കും.
- പേടിയാട്ട് ക്ഷേത്രത്തിൽ കുടിയിരുത്തുന്നതിന് മുൻപ് ദേവി കുന്നത്ത് തറവാട്ടിലാണ് കുടിയിരുന്നത് എന്ന് ഐതിഹ്യം. അതിന്റെ സ്മരണക്കായിട്ടാണ് ദേവി കുന്നത്ത് വിശ്രമിക്കുന്നത്.
- കുന്നത്തെ പൂജാകർമ്മങ്ങൾക്കുശേഷം കറുത്താങ്ങാട്ടെത്തുന്നു. കറുത്തങ്ങാട്ടുനിന്നു പൂജാവഴിപാടുകൾ കഴിഞ്ഞശേഷം വീണ്ടും പേടിയാട്ടേക്കു പോകും.
- വൈകുന്നേരമാകുമ്പോഴേക്കും പേടിയാട്ട് അങ്കണത്തിൽ എത്തുന്നു. തറവാട്ടിലെ ആൺകുട്ടികൾ ദേവിയെ താലപൊലികളോടെ സ്വീകരിക്കുന്നു.
- താലപ്പൊലിയേന്തിയ സ്ത്രീകൾ മഞ്ഞപൊടിയും അരിയും കൊണ്ട് ദേവിയെ അർച്ചന ചെയ്യും.
- ദേവിയുടെ തിരുമുഖം തിടമ്പിൽനിന്ന് അഴിച്ചെടുത്ത് കിഴക്കേക്കോട്ടയിലെ ഗർഭഗൃഹത്തിൽ കുടിയിരുത്തും. ശേഷം ചടങ്ങുകൾ അവസാനിപ്പിക്കുന്നു.
- സത്യത്തിനും നീതിക്കും പുകൾപെറ്റ ക്ഷേത്രമാണ് പേടിയാട്ട് ക്ഷേത്രം.

- സാധാരണ ജനങ്ങൾക്ക് പോലീസും കോടതിയും അപ്രാപ്യമായ കാലത്ത് സത്യം തെളിയിക്കാൻ ദേവീ സന്നിധിയിൽ സത്യം ചെയ്യിക്കലായിരുന്നു ഏക മാർഗ്ഗം. സത്യ ക്കല്ലിൽ സത്യം ചെയ്യാൻ ആവശ്യപ്പെടലാണ് ചടങ്ങ്.
- സത്യത്തിന്റെയും നീതിയുടേയും നന്മയുടേയും തൽസ്വരൂപമായ ദേവിയുടെ തിരു മുമ്പിൽ അ സത്യം പ്രവർത്തിക്കുന്നവൻ സ്വയം നശിച്ചുപോകുമെന്നാണ് വിശ്വാസം.
- ചടങ്ങുകൾ അവസാനിക്കുന്നതോടെ ജാതവൻ വീണ്ടും ഒറ്റക്കാകുന്നു. അമ്മയെ പിരിയുന്നതിലുളള സങ്കടം ഉള്ളിലൊതുക്കി കാക്കകേറാ കുന്നിലുള്ള തന്റെ കോട്ടയി ലേക്ക് മടങ്ങുന്നു. ആഘോഷങ്ങളൊന്നുമില്ലാതെയാണ് ജാതവൻ മടങ്ങുന്നത്.
- വാവുത്സവം കൊടിയേറുന്നതോടെ വഴിയോരക്കച്ചവടക്കാർ ആഴ്ചകൾക്കുമുമ്പേ കട ലുണ്ടിയിൽ എത്തുന്നു.
- വിവിധതരം കലാപരിപാടികളും ഉണ്ടാകും. വാവുത്സവത്തിന്റെ സുപ്രധാന ചട ങ്ങാണ് വാക്കോള് കൊടുക്കൽ ബന്ധുമിത്രാദികൾക്ക് ബന്ധം പുതുക്കുകയും ഊട്ടി യുറപ്പിക്കുകയും ചെയ്യുന്നത് വാക്കോളുകൾ കൊടുത്താണ്.
- പെൺമക്കളെ വിവാഹം ചെയ്തിരിക്കുന്നത് എവിടെയായാലും വാക്കോള് എത്തിച്ചിരി ക്കണം എന്നാണ് നാട്ടാചാരം.
- വാഴക്കുലകളും കണ്ണഞ്ചിപ്പിക്കുന്ന മിഠായികളും വറുത്തകായയും അവിലും വാക്കോ ളിൽ പ്രധാനം.
- മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്ന താണ് വാവുത്സവം.
- ദേവൻമാർ പൂജിച്ച ദേവീവിഗ്രഹം അസുരന്മാർ ഛേദിച്ച് മൂന്ന് കഷണങ്ങളാക്കി കട ലിലെറിഞ്ഞു.
- ഇതിൽ കൈകാലുകൾ വരക്കലും ശിരസ് കടലുണ്ടിയിലും ഉടൽ തൃക്കണ്ടിയൂരും കട ലിൽ വന്നടിഞ്ഞു എന്നാണ് അമ്മയുടെ വരവിനു പിറകിൽ കാണാൻ കഴിയുന്നത്.

**103. ഫീൽഡ് ഡയറി**

10.12.2017ന് ഞാൻ പോയത് പുന്നോളി വളയനാട്ട് ഉണ്ണികൃഷ്ണമേനോന്റെ വീട്ടി ലാണ്. കൃഷ്ണ യു.പി. സ്കൂളിന്റെ അടുത്താണ് ഈ വീട്. അവിടെച്ചെന്നപ്പോൾ അദ്ദേഹം എന്നോട് വീട്ടിനുള്ളിലേക്ക് കയറി ഇരിക്കാൻ പറഞ്ഞു. ചെന്ന കാര്യം പറഞ്ഞു. കടലുണ്ടി വാവുത്സവത്തെപറ്റി കുറച്ചു കാര്യങ്ങൾ അറിയുവാനുണ്ടെന്നു പറഞ്ഞു. അറി യാവുന്നതുപറഞ്ഞു തരാമെന്നും സമ്മതിച്ചു. ഒരു മണിക്കൂറു നേരം ഞങ്ങൾ സംസാരി ച്ചു.

**10.12.2017ലെ ഫീൽഡ് നോട്ട്**

**ഉണ്ണികൃഷ്ണമേനോൻ പറഞ്ഞ കാര്യങ്ങൾ**

- തുലാംമാസം (അതായത് നവംബർ) ആണ് കടലുണ്ടി വാവുത്സവം തുടങ്ങുന്നത്.
- വാവുത്സവത്തിന്റെ ഐതിഹ്യം വർഷത്തിലൊരിക്കൽ മകനായ ജാതവൻ അമ്മയെ കാണാൻ വരുന്ന ദിവസമാണ്.
- വാവുത്സവം നടക്കുന്നതിന് രണ്ട് ദിവസം മുമ്പേ ജാതവനെ അലങ്കരിച്ച് വീടുകളിൽ കൊണ്ടുപോകുമായിരുന്നു.

- ജാതവനെ എഴുന്നള്ളിച്ച് പേടിയാട്ട് കൊണ്ടുവരുമ്പോൾ പുന്നോളി വളയനാട്ട് തറവാട്ടിൽ നിന്നുള്ള വെളിച്ചെണ്ണ വേണം ആദ്യം വിളക്ക് കത്തിക്കാൻ.
- പേടിയാട്ടമ്മയും മകനും വർഷത്തിലൊരിക്കലാണ് നേർക്കുനേർ കണ്ടുമുട്ടുന്നത്.
- ജാതവനെ പുന്നോളി വളയനാട് തറവാട്ടിലേക്ക് കൊണ്ടുവരുമ്പോൾ നെല്ല്, അരി, വെറ്റില, അടയ്ക്ക എന്നിവ കൊടുക്കണം. കൂടാതെ ചൂട്ടും വേണം.
- ജാതവനെ കൊണ്ടുവരുന്ന സമയത്തിന് മുമ്പ് വീടും വീടിനടുത്തുള്ള സ്ഥലങ്ങളും നന്നായി വൃത്തിയാക്കും. പറമ്പിലെ പുല്ലുകൾ പറിച്ച് വൃത്തിയാക്കും.
- കൂടാതെ ജാതവന്റെ കഴുത്തിൽ കുടമണി ചാർത്തും.
- കേരളത്തിലെ ഉൽസവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- ദീപാവലി കഴിഞ്ഞ് അടുത്ത ദിവസമാണ് കടലുണ്ടി വാവുത്സവം. ചിലപ്പോൾ ദീപാവലിയും വാവും ഒരുമിച്ച് വരാറുണ്ട്.
- കടലുണ്ടി വാവുത്സവത്തിന് എല്ലാ മതസ്ഥരും പങ്കെടുക്കും.
- ഉത്സവം കഴിഞ്ഞാൽ ജാതവനെ ജാതവൻ കോട്ടയിലേക്ക് കൊണ്ടുപോകും. അതോടുകൂടി ഉത്സവം അവസാനിക്കും.
- വാവുത്സവദിവസം കടപ്പുറത്ത് നാനാദിക്കുകളിൽനിന്നും ജനങ്ങൾ പുലർച്ചെ ബലി തർപ്പണത്തിനായി വരുന്നു.
- ഭഗവതിയെ എഴുന്നള്ളിച്ച് കുന്നത്ത് എത്തുമ്പോൾ അവിടെ പടകാളിത്തല്ലും ഉണ്ടാകും. അതു കഴിഞ്ഞ് കറുത്തങ്ങാട്ടേക്കും അവിടെനിന്നും പേടിയാട്ടേക്കും അമ്മയും മകനും ഒന്നിച്ചുപോകും.
- പേടിയാട്ട് എത്തിയാൽ രണ്ടുപേരും നേർക്കുനേർ നോക്കി നിൽക്കും. അതോടുകൂടി ഉത്സവം അവസാനിക്കും.

**104. ഫീൽഡ് ഡയറി**

12.1.217ന് വൈകുന്നേരം ഇടച്ചിറയിലെ ചെറുപുരയ്ക്കൽ സംഗീതയെ കാണാനാണ് വീട്ടിൽ പോയത്. ഞാൻ ചെന്നപ്പോൾ അവർ സ്കൂളിൽനിന്ന് എത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് പത്ത് മിനിറ്റോളം അവൾ എന്നോട് സംസാരിച്ചു.

**12.1.217 ലെ ഫീൽഡ് നോട്ട്**

**സംഗീത പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഒരു പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം. ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴി ഉണ്ട്.
- തുലാംമാസത്തിലാണ് ഉത്സവം തുടങ്ങുക.
- ദേവിയെ കിട്ടിയത് കടലിൽ നിന്നാണ്.
- പേടിയാട്ടമ്മയ്ക്ക് നാലു സഹോദരിമാരുണ്ട്. വളയനാട്ടമ്മ, അമ്മാഞ്ചേരിയമ്മ, പൂരപ്പറമ്പിലമ്മ, ശോഭപറമ്പിലമ്മ എന്നിവരാണവർ.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.

- ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കും.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാടുവാൻ വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഹിന്ദുവീടുകളിൽ നിലവിളക്ക് കത്തിച്ച് വെയ്ക്കും.
- ബന്ധുക്കളെല്ലാം രണ്ടുദിവസം മുമ്പ് എത്തും. പേടിയാട്ട് പോയി തൊഴും.
- താലിയും, പട്ടും, വെളിച്ചെണ്ണയും വഴിപാടായി നൽകും.

**105. ഫീൽഡ് ഡയറി**

01.01.2018ന് വൈകുന്നേരം നാലരയ്ക്ക് ഞാൻ തോട്ടോളി മനോജ്കുമാറിനെ കാണാൻ ഇടച്ചിറയിലെ വീട്ടിലേയ്ക്ക് പോയി. ഉത്സവത്തെക്കുറിച്ച് അദ്ദേഹത്തിനറിയാവുന്ന കാര്യങ്ങൾ എനിക്ക് പറഞ്ഞുതന്നു. അരമണിക്കൂർ സംസാരിച്ചു.

**01.01.2018 ലെ ഫീൽഡ് നോട്ട്**

**മനോജ് കുമാർ പറഞ്ഞ കാര്യങ്ങൾ**

- നമ്മുടെ കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണ് വാവുത്സവം.
- മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- തുലാംമാസത്തിലാണ് ഉത്സവം ഉണ്ടാവുക. ദേവിയെ കടലിൽനിന്നാണ് കിട്ടിയത്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻ ജാതവൻകോട്ടയിലാണ് ഉള്ളത്.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.
- ഉത്സവത്തിന്റെ രണ്ടുനാൾ മുമ്പേയാണ് ജാതവൻ പുറപ്പാട്.
- ജാതവൻ അമ്മയെ കാണാൻ പുറപ്പെടുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്ന് പറയുന്നത്. പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാടിക്കുവാൻ വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ വിളക്ക് കത്തിച്ച് വെക്കും.
- ബന്ധുക്കളെല്ലാം ഉത്സവത്തിന്റെ തലേ ദിവസം തന്നെ എത്തും. പേടിയാട്ട് പോയി തൊഴും.
- വെളിച്ചെണ്ണ, താലി, പട്ട്, കുടമണി എന്നിവ വഴിപാടായി നൽകും.

**106. ഫീൽഡ് ഡയറി**

01.01.2018ന് വൈകുന്നേരം തോട്ടോളി മനോജിനോട് സംസാരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ മകൾ ഭദ്ര ട്യൂഷൻ കഴിഞ്ഞ് എത്തിയത്. അവളും അവൾക്കറിയാവുന്ന കാര്യങ്ങൾ ഉത്സവത്തെപറ്റി എനിക്ക് പറഞ്ഞുതന്നു. പത്തുമിനിറ്റ് അവളോട് സംസാരിച്ചു.

**01.01.2018ലെ ഫീൽഡ് നോട്ട്**

**ഭദ്ര പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന്റെ അന്ന് വിരുന്നുകാർ വരും. പേടിയാട്ട് പോയി തൊഴും
- എല്ലാവരും വാക്കാശ് തരും. വാക്കാശ് കൊണ്ട് വളയും മാലയും കളിപ്പാട്ടങ്ങളും വാങ്ങും

- കൂട്ടുകാരെല്ലാവരും വരും. അവർക്ക് ജിലേബി വാങ്ങിക്കൊടുക്കും.

**107. ഫീൽഡ് ഡയറി**

03.01.2018 ന് വൈകുന്നേരം നാലരമണിക്ക് പേടിയാട്ട്കുന്നിലെ തോട്ടോളി വേലായുധൻ എന്നവരുടെ വീട്ടിലേക്കാണ് പോയത്. പേടിയാട്ട്കാവിന്റെ തൊട്ടടുത്താണ് ഇവരുടെ വീട്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അദ്ദേഹം അരമണിക്കൂറു നേരം എന്നോടു സംസാരിച്ചു.

**03.01.2018ലെ ഫീൽഡ് നോട്ട്**

**വേലായുധൻ പറഞ്ഞ കാര്യങ്ങൾ**

- പഴയ കാലത്ത് ഇവിടെ ഇത്ര വികസനമൊന്നും വന്നിട്ടില്ല. കാടുപിടിച്ച് കിടക്കുകയായിരുന്നു ഇന്ന് എല്ലാം മാറിയിരിക്കുന്നു. പഴയ കാലത്ത് കുറച്ചുവീടുകൾ മാത്രമേ ഇവിടങ്ങളിൽ ഉണ്ടായിരുന്നുള്ളൂ.
- വാവ് തുടങ്ങുന്നതിനു ഒരു മാസം മുമ്പുതന്നെ പറമ്പെല്ലാം ചെത്തിക്കോരി വൃത്തിയാക്കും. വിരുന്നുകാർക്ക് കിടക്കാൻ പായയൊക്കെ ഒരുക്കി വയ്ക്കണം.
- പേടിയാട്ടേക്ക് ഇളനീർ കൊടുക്കുന്നത് ഞങ്ങളാണ്. നാഗങ്ങൾക്ക് ഇളനീർ കൊടുക്കണം. മുറ്റത്തുള്ള തെങ്ങിൽനിന്ന് ഒരു കുല വെട്ടി പേടിയാട്ടേക്ക് കൊണ്ടുപോകുന്നു. പേടിയാട്ടുനിന്നും പടച്ചോറ് തരാറുണ്ട്.
- ഉത്സവത്തലേന്ന് വാവുവ്രതം എടുക്കുന്നു. പിതൃക്കൾക്ക് വേണ്ടിയാണ് ഇത് ചെയ്യുന്നത്.
- ഭഗവതിയെ പേടിയാട്ട്നിന്ന് പുലർച്ചെ നീരാടിക്കാൻ കൊണ്ടുപോകുമ്പോൾ ഇവിടങ്ങളിലൊക്കെ നിലവിളക്ക് കത്തിക്കുന്നു. തിരിച്ചെഴുന്നള്ളിക്കുമ്പോഴും നിലവിളക്ക് വയ്ക്കണമെന്നുണ്ട്. വീടെല്ലാം അലങ്കരിക്കണമെന്നുണ്ട്.
- കൃഷിക്ക് വേണ്ട ആയുധങ്ങളും വിത്തും മറ്റും ഉത്സവത്തിനാണ് വാങ്ങിക്കുന്നത്.
- തന്നേക്കാൾ പ്രായം കുറഞ്ഞവർക്ക് വാക്കാശ് നൽകണമെന്നുണ്ട്.
- വൈകുന്നേരം ആറുമണിയോടെ കുടികൂട്ടൽ ചടങ്ങ് അവസാനിക്കുന്നു.

**108. ഫീൽഡ് ഡയറി**

03.01.2018ന് വൈകുന്നേരം വേലായുധേട്ടനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പേടിയാട്ട്കുന്നിലെ തോട്ടോളി പ്രഭാവതി കയറിവന്നു. ഭഗവതിയെക്കുറിച്ച് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരുമോ എന്നു ചോദിച്ചു. അരമണിക്കൂർ നേരം അവർ എന്നോടു സംസാരിച്ചു.

**03.01.2018 ലെ ഫീൽഡ് നോട്ട്**

**പ്രഭാവതി പറഞ്ഞ കാര്യങ്ങൾ**

- ഒരു മാസം മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും. ഒരാഴ്ച മുമ്പുതന്നെ മുറ്റത്ത് ചാണകം തളിക്കാൻ തുടങ്ങും. വീടിനകത്ത് നാൽപ്പാമരം കുടയും.
- സ്ത്രീകൾ തീണ്ടാരിയായാൽ ഇവിടെ വീടുകളിൽ നിൽക്കാൻ പാടില്ല എന്നുണ്ട്.

- പേടിയാട്ടമ്മയുടെ അനുജത്തി കളിയാട്ടക്കാവിലമ്മയുടെ അടുത്തുപോയാണ് മകനായ ജാതവൻ അശുദ്ധിയായത്.
- പേടിയാട്ടമ്മ വിളിപ്പുറത്തുള്ള ദേവിയാണ്. പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും എന്ന ചൊല്ലു തന്നെയുണ്ട്.
- പേടിയാട്ടമ്മ ജാതിഭേദമെന്യേ എല്ലാവരുടെയും ദേവിയാണ്. നാനാജാതിമതസ്ഥരും ഉത്സവത്തിൽ പങ്കുചേരുന്നു.
- ഉത്സവം കഴിയുന്നതുവരെ വീടുകളിൽ തിരക്കാണ്. എല്ലാ ദേശക്കാരും ഉത്സവത്തിന് എത്താറുണ്ട്.
- കുട്ടികൾക്ക് വാക്കാശ് കൊടുക്കുന്ന ചടങ്ങുണ്ട്.
- ഉപ്പ് കുറുക്കാൻ പോയവർക്ക് കിട്ടിയതാണ് ഭഗവതിയെ എന്ന് ഐതിഹ്യം.

**109. ഫീൽഡ് ഡയറി**

04.01.2018 ന് വൈകുന്നേരം അഞ്ചുമണിക്ക് കുന്നത്ത് രാജൻ കടലുണ്ടി എന്നവരെ കാണാൻ ഇറങ്ങി. അദ്ദേഹത്തെ നേരത്തെ അറിയാവുന്നതിന്റെ പേരിൽ ഫോൺ ചെയ്തപ്പോൾ വരാൻ പറഞ്ഞു. വളരെ ഹൃദ്യമായി ക്ഷണിച്ചിരുത്തി കടലുണ്ടിയെ കുറിച്ചാണ് ഞാൻ ആദ്യം ചോദിച്ചത്. കടലുണ്ടിയെക്കുറിച്ചും പേടിയാട്ട് ഉത്സവത്തെക്കുറിച്ചും അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം ഒന്നര മണിക്കൂറോളം സംസാരിച്ചിരുന്നു.

**04.01.2018 ലെ ഫീൽഡ് നോട്ട്**

**രാജൻ കുന്നത്ത് കടലുണ്ടി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയുടെ ചരിത്രവും സംസ്കാരവും വിളിച്ചോതുന്ന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- സൗഹാർദ്ദസ്വഭാവം കൊണ്ടാണ് ജാതിയുടെയും മതത്തിന്റേയും പേരിൽ തമ്മിലടിക്കുന്ന ഇക്കാലത്ത് കടലുണ്ടി വാവുത്സവം വേറിട്ട് നിൽക്കുന്നത്.
- ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.
- മലബാർ മേഖലയിലെ മറ്റ് ഉത്സവങ്ങൾക്കുള്ള തിരികൊളുത്തലാണ് പേടിയാട്ട് ഭഗവതിക്കാവിലെ ഉത്സവം.
- ഭഗവതിയുടെ ആഗമനത്തെക്കുറിച്ച് പല കഥകളും പ്രചാരത്തിലുണ്ട്.
- കാവിന്റെ സ്വർണ്ണപ്രശ്നത്തിൽ തെളിഞ്ഞ കാര്യങ്ങളാണ് യുക്തിസഹവും വിശ്വസനീയമായി കണക്കിലെടുക്കുന്നത്.
- കടലുണ്ടിയിലെ കുന്നത്ത് നമ്പ്യാരുടെ പിതാമഹന്മാർ വടക്കുദേശത്തുനിന്നും കടൽമാർഗ്ഗം ഉപാസിച്ചുകൊണ്ടുവന്ന ദേവീചൈതന്യം കുന്നത്ത് തറവാട്ടിലെ മച്ചിൽ കുടിയിരുത്തി.
- നമ്പ്യാർ സമുദായം പ്രധാനമായി അധിവസിക്കുന്ന മേഖല വടക്കൻ കേരളമാണ്.
- ദേവിയുടെ മൂലസ്ഥാനം കുന്നത്ത് തറവാടാണ്.
- കാവിന്റെ ഊരാളനും ഭരണാധികാരിയും കുന്നത്ത് നമ്പ്യാരാണ്. അതുകൊണ്ടാണിവിടെ ഉത്സവദിവസം ആദ്യം എഴുന്നള്ളത്ത് കുന്നത്ത് തറവാട്ടിലെത്താൻ കാരണം.
- വ്രതനിഷ്ഠരായ കുന്നത്ത് തറവാട്ടിലെ പുരുഷന്മാർ നാക്കിലയിൽ പൂവൻ കുല, ഉണക്കലരി, ഇളനീർ, വെറ്റില, അടക്ക എന്നിവ നിവേദ്യമായി ഒരുക്കിവെക്കും.

- പിന്നീട് ദർശനം നൽകി കറുത്തങ്ങാട്ടേയ്ക്ക് എഴുന്നള്ളുന്നു.
- കാവിലെ ഏത് കാര്യത്തിലും നമ്പ്യാരുടെ സാന്നിദ്ധ്യം നിർബന്ധമാണ്.
- എല്ലാ അവകാശികളെയും കൂട്ടിയോചിപ്പിച്ച് ഉത്സവം ഭംഗിയായി നടത്തേണ്ട അധികാരി നമ്പ്യാരാണ്.
- ജാതിവ്യവസ്ഥ നിലനിന്നിരുന്ന പണ്ടുകാലത്ത് തന്നെ എല്ലാവരേയും കോർത്തിണക്കി സാമൂഹ്യകാഴ്ചപ്പാടോടെ കൊണ്ടാടപ്പെട്ടുവരുന്നതാണ് ഈ ഉത്സവം.
- പേടിയാട്ട്ദേവി സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടിയും കൂട്ടായ്മക്ക് വേണ്ടിയും നിലകൊള്ളുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു.
- കടപ്പുറത്ത് നിന്ന് ക്ഷേത്രത്തിലേക്ക് കൊണ്ടുവരുന്നതാണ് പ്രധാന ചടങ്ങ്.

**110. ഫീൽഡ് ഡയറി**

19.12.2018ന് വൈകുന്നേരം അഞ്ചരയ്ക്കാണ് കാരകളിപ്പറമ്പിൽ താമസിക്കുന്ന കോലോട്ട് സുജാത വള്ളത്തോളിനെ കാണാൻ വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെ കുറിച്ച് സുജാത ടീച്ചർ അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. അരമണിക്കൂർ സംസാരിച്ചു.

**19.12.2018 ലെ ഫീൽഡ് നോട്ട്**

**സുജാത വള്ളത്തോൾ പറഞ്ഞ കാര്യങ്ങൾ**

- ഉത്തരമലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- തുലാമാസത്തിലെ കറുത്തവാവ് ദിവസമാണ് കടലുണ്ടി വാവുത്സവം.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ
- വർഷത്തിലൊരിക്കലേ അമ്മയും മകനും തമ്മിൽ കാണൂ.
- വാവുത്സവനാളിൽ സർവാഭരണ വിഭൂഷിതയായി ദേവി മകൻ ജാതവനൊപ്പം ആദ്യം എഴുന്നള്ളുന്നത് കുന്നത്ത് തറവാട്ടിലേയ്ക്കാണ്.
- പേടിയാട്ട് ഉത്സവത്തിന്റെ അന്ന് പേടിയാട്ട്കാവിന്റെ മുമ്പിൽ വെക്കുന്ന വിളക്ക്, പറ ഇവിടെ നിന്ന് കൊണ്ടുപോയാണ് ഇപ്പോഴും കത്തിച്ചുവെക്കുന്നത്.

**111. ഫീൽഡ് ഡയറി**

23.12.2018 ന് വൈകുന്നേരം നാലു മണിക്കാണ് ഇടച്ചിറയിലെ ഊട്ടുകളത്തിൽ കമലേഷിനോട് അങ്ങാടിയിൽവെച്ച് സംസാരിക്കുന്നത്. അദ്ദേഹത്തോട് വാവുത്സവത്തെ കുറിച്ച് ചോദിച്ചു. പതിനഞ്ച് മിനിറ്റ് അവനോടും സംസാരിച്ചു.

**23.12.2018ലെ ഫീൽഡ് നോട്ട്**

**കമലേഷ് പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണ് കടലുണ്ടി വാവുത്സവം. പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും എന്നൊരു പഴമൊഴി ഇവിടെ നിലനിൽക്കുന്നു. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.

- പേടിയാട്ടമ്മയുടെ അനിയത്തിമാരാണ് അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ, വളയനാട്ടമ്മ.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ കഴിയൂ.
- പേടിയാട്ടമ്മയുടെ സമ്മതമില്ലാതെ അനിയത്തിയായ അമ്മാഞ്ചേരിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- അമ്മ ജാതവനെ വിലക്കിയിരുന്നു. കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു ഉണ്ടായിരുന്നത്. അത് കേൾക്കാതെ ജാതവൻ പോയി.
- മദ്യസത്ക്കാരത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ച ജാതവന്റെ ദേഹത്ത് മദ്യം തെറിപ്പിച്ച ശുദ്ധിയാക്കി. തിരിച്ചെത്തിയ അമ്മ മകനെ അകറ്റിനിർത്തി.
- ജാതവനെ കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തി.
- വർഷത്തിലൊരിക്കൽ വാവുത്സവത്തിന് വാക്കടവിൽ വെച്ച് ഞാൻ നീരാട്ടിനെത്തുമ്പോൾ കൂടെ എഴുന്നള്ളാമെന്ന് ജാതവന് അമ്മ സമ്മതം കൊടുക്കുകയും ചെയ്തു.
- ഉത്സവത്തിന് ഞങ്ങളുടെ ബന്ധുക്കളൊക്കെ വരും. എല്ലാവരും കൂടി പേടിയാട്ടു പോയി തൊഴും. താലി, വെളിച്ചെണ്ണ എന്നിവ വഴിപാടായി നൽകും.

**112. ഫീൽഡ് ഡയറി**

24.12.2018 ന് ഇടച്ചിറയിലെ ഊട്ടികളത്തിൽ കലേഷിന്റെ വീട്ടിലാണ് ഞാൻ പോയത്. സമയം അഞ്ചരമണിയായിട്ടുണ്ടായിരുന്നു. കുടുംബാംഗങ്ങൾ എല്ലാവരും ഉണ്ടായിരുന്നു. ഉത്സവത്തെകുറിച്ച് അരമണിക്കൂർ കലേഷുമായി സംസാരിച്ചു.

**24.12.2018 ലെ ഫീൽഡ് നോട്ട്**

**കലേഷ് പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- എല്ലാമത വിഭാഗക്കാരുടെയും ഒത്തുചേരലാണ് വാവുത്സവത്തിന്റെ പ്രത്യേകത.
- വാവുത്സവത്തിന്റെ ഒരു മാസം മുമ്പേ എല്ലാവരും വീടും പരിസരവും വൃത്തിയാക്കും.
- ജാതവൻ പുറപ്പാടിനു മുമ്പ് വീട് വൃത്തിയാക്കണം.
- ജാതവന് പേടിയാട്ടമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ പറ്റുകയുള്ളൂ. അതിനു പിന്നിലൊരു കഥയുണ്ട്.
- പേടിയാട്ടമ്മയുടെ അനിയത്തിയായ അമ്മാഞ്ചേരിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിന് പുറപ്പെട്ടു.
- അമ്മ ജാതവനെ വിലക്കി. അതിനുകാരണം അവിടെ മധ്യമകർമ്മങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. ഇത് കേൾക്കാതെ ജാതവൻ പോയി.
- വളയനാട്ടമ്മ മദ്യസൽക്കാരത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു. ജാതവൻ ഇത് തിരസ്കരിച്ചപ്പോൾ വളയനാട്ടമ്മ മദ്യം തെറിപ്പിച്ച് അശുദ്ധിയാക്കി.
- തിരിച്ചെത്തിയ അമ്മ മകനെ അകറ്റി നിർത്തുകയും കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തുകയും ചെയ്തു.
- ഭ്രഷ്ട് കൽപ്പിച്ചെങ്കിലും വാവുത്സവത്തിന് വാക്കടവിൽവെച്ച് അമ്മ നീരാട്ടിനെത്തുമ്പോൾ കൂടെ എഴുന്നള്ളാമെന്ന് പേടിയാട്ടമ്മ ജാതവന് സമ്മതം കൊടുക്കുന്നു.

- ഉത്സവദിവസം പുലർച്ചെ അമ്മയെ നീരാട്ടിന് കൊണ്ടുപോകുമ്പോൾ വീടുകളിൽ നിലവിളക്ക് കത്തിച്ച് വെയ്ക്കും.
- വാക്കടവിൽ നിന്ന് അമ്മ കുന്നത്തേക്കാണ് ആദ്യം വരുന്നത്. പിന്നെ കർത്തങ്ങാട്ടേയ്ക്കും അവിടെ നിന്ന് പേടിയാട്ടേയ്ക്കും പോകും.

### 113. ഫീൽഡ് ഡയറി

24.12.2018 ന് ഇടച്ചിറയിലെ ഊട്ടുകളത്തിൽ കലേഷിനോട് സംസാരിച്ചതിനു ശേഷം അവരുടെ ഭാര്യ കാലങ്ങാട്ട് ശ്രുതിയോടും ഉത്സവത്തെക്കുറിച്ച് സംസാരിച്ചു. അവൾക്കറിയാവുന്ന കാര്യങ്ങൾ ഉത്സവത്തെക്കുറിച്ച് പറഞ്ഞുതന്നു. പത്ത് മിനിറ്റ് അവൾ സംസാരിച്ചു

**24.12.2018 ലെ ഫീൽഡ് നോട്ട്**

**ശ്രുതി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണിത്. തുലാമാസത്തിലാണ് ഇത് നടക്കുക.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. ദേവിയ്ക്ക് നാല് സഹോദരിമാരുണ്ട്.
- അമ്മാഞ്ചേരിയമ്മ, വളയനാട്ടമ്മ, ശോഭപറമ്പിലമ്മ, പൂരപറമ്പിലമ്മ എന്നിവരാണവർ.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവന് അമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ അനുവാദമുള്ളൂ.
- അതിന് കാരണം ജാതവൻ അമ്മയെ ധിക്കരിച്ച് അമ്മാഞ്ചേരിയമ്മക്കൊപ്പം വളയനാട്ടമ്മയുടെ പൂരത്തിന് പോയി എന്നതാണ്.
- അമ്മപോകാൻ നിരസിച്ചതിന് കാരണം അവിടെ മദ്യം ഉപയോഗിക്കാനിടയുള്ളതുകൊണ്ടായിരുന്നു.
- ജാതവൻ മദ്യസേവ നിരസിച്ചപ്പോൾ ക്ഷുഭിതയായ വളയനാട്ടമ്മ മദ്യം ദേഹത്തേക്ക് തെറിപ്പിക്കുകയും ജാതവൻ അശുദ്ധനാകുകയും ചെയ്തു.
- അമ്മയുടെ അരികിലെത്തിയ ജാതവനെ കടലുണ്ടിക്കടുത്തുള്ള കാരകളിപ്പറമ്പിലെ കാക്കകേറാകുന്നിൽ കുടിയിരുത്തുകയും തമ്മിൽ കാണുന്നത് വിലക്കുകയും ചെയ്തു.
- തുലാമാസത്തിലെ കറുത്തവാവ് ദിനത്തിൽ കക്കാട്ട് കടപ്പുറത്ത് നീരാട്ടിന് എത്തുമ്പോൾ കാണാമെന്നും ഒന്നിച്ച് എഴുന്നള്ളാമെന്നും പേടിയാട്ടമ്മ ജാതവനോട് പറഞ്ഞു.
- ജാതവനെ കൂടാതെ അമ്മയ്ക്ക് അടിമകിട്ടിയ രണ്ടുകുട്ടികളും ഉണ്ട്.
- അമ്മ പുലർച്ചെ നീരാട്ടിന് പോകുമ്പോൾ ഞങ്ങൾ നിലവിളക്ക് കത്തിച്ചുവെക്കും.
- ഉത്സവത്തിന്റെ തലേദിവസം തന്നെ ബന്ധുക്കളൊക്കെ വരും. പേടിയാട്ടുപോയി തൊഴും.
- വാക്കാശ് കിട്ടാറുണ്ട്. എല്ലാവരുംകൂടി ഒന്നിച്ച് പുറത്ത് പോകും.

114. ഫീൽഡ് ഡയറി

25.12.2018ന് വൈകുന്നേരം അഞ്ചുമണിക്ക് പോയത് ഇടച്ചിറയിലെ ശ്രീലകം ആനന്ദലക്ഷ്മി ടീച്ചറുടെ വീട്ടിലേയ്ക്കാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് തനിക്കറിയാവുന്ന കുറച്ച് കാര്യങ്ങൾ ടീച്ചർ എനിക്ക് പറഞ്ഞുതന്നു.

**25.12.2018 ലെ ഫീൽഡ് നോട്ട്**

**ആനന്ദലക്ഷ്മി ടീച്ചർ പറഞ്ഞ കാര്യങ്ങൾ**

- ഉത്തരമലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിയ്ക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും എന്നൊരു പഴമൊഴിയുണ്ട്.
- ഉപ്പുകുറുക്കുന്നവർക്ക് അമ്മയുടെ ശിരസ്സ് കിട്ടിയതിനുശേഷം ആദ്യം മാടവമ്പാട്ടാണ് കൊണ്ടുവന്നത് എന്നും അതുകൊണ്ടാണ് അവിടെ ദേവിയുടെ ചൈതന്യം ഉള്ളതെന്നും വിശ്വസിക്കുന്നു.
- ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട് കാരണവർക്കാണ് വെള്ളത്തിൽനിന്നും ദേവിയെ ലഭിച്ചതെന്നും ശേഷം കൊറോത്ത് തറവാട്ടിലേക്കാണ് കൊണ്ടുപോയതെന്നും പറയുന്നുണ്ട്.
- അതുകൊണ്ടാണ് ദേവിയുടെ പുറപ്പാടിന് കൊറോത്ത് തറവാടുവഴിയിലെത്തുമ്പോൾ ഭഗവതി അവിടേയ്ക്ക് തിരിഞ്ഞുനോക്കുന്നത് എന്ന വിശ്വാസം നിലനിൽക്കുന്നു.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. വർഷത്തിലൊരിക്കൽ മാത്രമേ അമ്മയും മകനും തമ്മിൽ കാണുകയുള്ളൂ.
- അതിന് കാരണങ്ങൾ ഉണ്ട്. ജാതവൻ ചെറിയമ്മയെ അമ്മാഞ്ചേരിയമ്മയ്ക്കൊപ്പം ശ്രീവളയനാട്ടമ്മയുടെ പൂരത്തിന് പോകാനൊരുങ്ങി.
- പൂരപ്പറമ്പിൽ മദ്യം ഉപയോഗിക്കാനിടയുള്ളതുകൊണ്ട് യാത്ര പോകുന്നതിൽ നിന്നും പേടിയാട്ടമ്മ മകനെ വിലക്കി.
- എന്നാൽ അമ്മയെ ധിക്കരിച്ച് ജാതവൻ പോയി. ജാതവൻ മദ്യസേവ നിരസിച്ചതിനാൽ ക്ഷുഭിതയായ വളയനാട്ടമ്മ മദ്യം ദേഹത്തേയ്ക്ക് തെറിപ്പിച്ച് ജാതവനെ അശുദ്ധിയാക്കി.
- പേടിയാട്ടമ്മയുടെ അടുത്തെത്തിയ ജാതവനെ കടലുണ്ടിക്കടുത്തുള്ള കാരകളിപറമ്പിലെ കാക്കകേറാകുന്നിൽ കുടിയിരുത്തുകയും തമ്മിൽ കാണുന്നത് വിലക്കുകയും ചെയ്തു.
- തുലാമാസത്തിലെ കറുത്തവാവുദിനത്തിൽ കക്കാട്ട് കടപ്പുറത്ത് നീരാട്ടിന് എത്തുമെന്നും അന്നുമാത്രം തമ്മിൽ കാണാമെന്നും പേടിയാട്ടമ്മ മകനോട് പറഞ്ഞു.
- ഉത്സവദിവസം പേടിയാട്ടുപോയി തൊഴും. ബന്ധുക്കളൊക്കെ വിരുന്നുവരും.
- കുടമണി, താലി, പട്ട്, മഞ്ഞൾപൊടി, വെളിച്ചെണ്ണ എന്നിവയാണ് വഴിപാടായി നൽകുക.

115. ഫീൽഡ് ഡയറി

26.12.2018 ന് ഞാൻ വൈകുന്നേരം നാലരയ്ക്ക് പോയത് ഇടച്ചിറയിലെ പുള്ളിശ്ശേരി പീച്ചിയുടെ വീട്ടിലേയ്ക്കാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞു തന്നു. പതിനഞ്ച് മിനിട്ട് അവർ എന്നോട് സംസാരിച്ചു.

**26.12.2018ലെ ഫീൽഡ് നോട്ട്**

**പീച്ചി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്. ഉത്സവത്തിന്റെ കുറച്ച് ദിവസം മുമ്പ് തന്നെ വീടും പരിസരവും വൃത്തിയാക്കും. വീട് പെയിന്റടിക്കും
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. ദേവിയുടെ മകനാണ് ജാതവൻ.
- ജാതവന്റെ അച്ഛനാണ് ശിവൻ. ജാതവൻ കോട്ടയിലാണ് ജാതവൻ ഉള്ളത്.
- വർഷത്തിലൊരിക്കൽ മാത്രമേ അമ്മയും മകനും തമ്മിൽ കാണുകയുള്ളൂ.
- ഉപ്പ് കുറുക്കുന്നവർക്ക് അമ്മയുടെ ശിരസ്സ് കിട്ടിയശേഷം ആദ്യം മടവമ്പാട്ടേയ്ക്കാണ് കൊണ്ടുപോയത്.
- അമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്. അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, പൂരപറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട് കാരണവർക്കാണ് വെള്ളത്തിൽനിന്നു ദേവിയെ ലഭിച്ചതെന്നും പറയുന്നുണ്ട്.
- അതുകൊണ്ടാണ് ദേവിയുടെ പുറപ്പാട് നാളുകളിൽ കൊറോത്ത് തറവാട് വഴിയിലെത്തുമ്പോൾ ഭഗവതി അവിടേയ്ക്ക് തിരിഞ്ഞു നോക്കുന്നത്.
- അമ്മയെ നീരാട്ടിന് കൊണ്ടുപോകുമ്പോൾ പുലർച്ചെ ഞങ്ങൾ നിലവിളക്ക് കത്തിച്ചുവെയ്ക്കാറുണ്ട്.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെ അമ്മയും മകനും ഒരുമിച്ച് എഴുന്നള്ളുമ്പോൾ അപ്പോഴും ഞങ്ങൾ വിളക്ക് വെക്കും.

116. ഫീൽഡ് ഡയറി

27.12.2018 ന് വൈകുന്നേരം ആറു മണിക്ക് ഞാൻ പോയത് പുതുകുളങ്ങര വത്സലയുടെ വീട്ടിലേക്കാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. ഇരുപതുമിനിറ്റോളം അവർ സംസാരിച്ചു.

**27.12.2018 ലെ ഫീൽഡ് നോട്ട്**

**വത്സല പറഞ്ഞ കാര്യങ്ങൾ**

- വാവുത്സവം കടലുണ്ടിയിലെ പ്രധാനപ്പെട്ട ഉത്സവമാണ്. പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- ഉത്സവത്തിന്റെ ഒരു മാസം മുമ്പ് തന്നെ നമ്മുടെ നാട് ഒരുങ്ങാൻ തുടങ്ങും. വീടും, പരിസരവും, റോഡുമെല്ലാം വൃത്തിയാക്കണം.
- വീട് പെയിന്റടിക്കും. അലമാരയിൽ മടക്കിവെച്ച തുണികളെല്ലാം ഒന്നും കൂടി അലക്കും.

- ഉത്സവസമയത്ത് തീണ്ടാരിയായാൽ സ്ത്രീകൾ വീടുകളിൽ നിൽക്കാൻ പാടില്ല എന്നുണ്ട്.
- ബന്ധുക്കളെല്ലാം ഉത്സവത്തിന്റെ തലേ ദിവസം തന്നെ എത്തും.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- പേടിയാട്ടമ്മയെ കടലിൽനിന്ന് ഉപ്പ് കുറുക്കാൻ പോയപ്പോഴാണ് (ശിരസ്സ്) കിട്ടിയത്.
- അമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കലേ അനുവാദമുള്ളൂ.
- അമ്മയുടെ സമ്മതമില്ലാതെ അനിയത്തിയായ അമ്മാഞ്ചേരിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിനു പോയി.
- അമ്മ വിലക്കാൻ കാരണം അവിടെ മധ്യമകർമ്മങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്.
- വളയനാട്ടമ്മ മദ്യസത്ക്കാരത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ച ജാതവന്റെ ദേഹത്ത് മദ്യം തെറിപ്പിച്ചശുദ്ധിയാക്കി.
- തിരിച്ചെത്തിയ അമ്മ മകനെ അകറ്റി നിർത്തുകയും ജാതവനെ കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തുകയും ചെയ്തു.
- ഉത്സത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാട്ടിന് വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ച് വെയ്ക്കും.
- പേടിയാട്ട് അമ്പലത്തിൽ നിന്ന് ദേവിയെ നീരാട്ടിന് കൊണ്ട് പോകുമ്പോൾ ശംഖുനാദം മുഴങ്ങും.
- ആ ശബ്ദം കേൾക്കുമ്പോഴാണ് വിളക്ക് കത്തിച്ച് വെക്കുക. വാക്കടവിൽനിന്ന് കുന്നത്തേയ്ക്കാണ് ആദ്യം വരുക.
- കുന്നത്തെത്തുമ്പോൾ ഞങ്ങൾ ഭക്ഷണം കഴിക്കും. പിന്നെ ബാക്കി വരുന്ന ഭക്ഷണം കുഴിച്ച് മൂടി പാത്രം കഴുകി കമഴ്ത്തിവെക്കും.
- ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് ദേവി കറുത്തങ്ങാട്ടേയ്ക്ക് പോവുക. അപ്പോഴും വിളക്ക് വെയ്ക്കും.
- ഞങ്ങളുടെ വീട്പുതുക്കിപണിയുന്ന സമയത്ത് പിൻപുറത്ത് വിജയന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്.
- ഉത്സവദിവസം ഉച്ചഭക്ഷണത്തിനുശേഷം ഭഗവതിയുടെ എഴുന്നള്ളത്ത് കാത്തിരിക്കുകയായിരുന്ന ഞങ്ങളുടെ അടുത്തേക്ക് വെളിച്ചപ്പാട് ഓടിവന്ന് നെറ്റിയിൽ വെട്ടിമുറിവേൽപ്പിച്ചുകൊണ്ട് അരുതാത്തത് ചെയ്തിട്ടുണ്ടെന്നും വേഗം പേടിയാട്ടേക്ക് പൊയ്ക്കൊള്ളാനും കല്പിച്ചു.
- ഭഗവതി പേടിയാട്ട് തിരിച്ചെഴുന്നള്ളിയതിനുശേഷമുള്ള വെളിച്ചപാടിന്റെ കല്പനയിൽ ഞങ്ങളുടെ വീട്ടിൽ ബാക്കിവന്ന ഭക്ഷണം കുഴിച്ചുമൂടിയില്ലെന്നും ദേവിക്ക് വെന്തവെളിച്ചെണ്ണ ഉപയോഗിച്ചില്ലെന്നും അരുൾചെയ്തതു.
- ഉത്സവദിവസം വീട്ടിൽ മിച്ചംവരുന്ന പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും കുഴിച്ചുമൂടണമെന്നതും, പേടിയാട്ട്കാവിൽ വൈകുന്നരം നടക്കുന്ന ദേവിയുടെ കുടികൂട്ടൽച്ചടങ്ങിനുശേഷം മാത്രമേ രാത്രിയിലേക്കുള്ള ഭക്ഷണം പാകംചെയ്യാൻ പാടുള്ളുവെന്നതും ദേവി എഴുന്നള്ളുന്ന പഴയ തറവാടുകളിലെ ആചാരമാണ്.
- അതുപോലെതന്നെ, ദേവി എഴുന്നള്ളുമ്പോൾ കൊളുത്തിവെയ്ക്കുന്ന നിലവിളക്കിൽ വെന്തവെളിച്ചെണ്ണയാണ് ഉപയോഗിക്കേണ്ടത് എന്നുമുണ്ട്.

117. ഫീൽഡ് ഡയറി

27.12.2018 ന് വൈകുന്നേരം ഞാൻ പുതുകുളങ്ങര വത്സലയോട് സംസാരിക്കുമ്പോഴാണ് മകൻ കാരിയിൽ ബിജേഷ് കയറി വന്നത്. അവനോട് ഉത്സവത്തെകുറിച്ച് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. കൂടുതലായി ഒന്നും അറിയില്ലെന്ന് അവൻ പറഞ്ഞു. പത്തുമിനിറ്റ് അവനോട് സംസാരിച്ചു.

**27.12.2018 ലെ ഫീൽഡ് നോട്ട്**

**ബിജേഷ് പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഒരു പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- അമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കലെ അനുവാദമുള്ളൂ.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, വളയാട്ടമ്മ, പൂരപ്പറമ്പിലമ്മ എന്നിവരാണവർ.
- അമ്മയുടെ അനുവാദമില്ലാതെ ചെറിയമ്മയായ അമ്മാഞ്ചേരിയമ്മയുടെ കൂടെ ജാതവൻ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.
- അവിടെ മധ്യമകർമ്മങ്ങൾ ഉളതുകൊണ്ടാണ് വിലക്കിയത്.
- അശുദ്ധിയായി വന്ന ജാതവനെ അമ്മ അകറ്റി നിർത്തുകയും കാക്കകേറാകുന്നിൽ കോട്ട കെട്ടിയിരുത്തുകയും ചെയ്തു.
- ഇതാണ് ഇന്നത്തെ ജാതവൻ കോട്ട. ഉത്സവത്തിന് രണ്ടുദിവസം മുമ്പ് ജാതവൻ ഊരുചുറ്റാനിറങ്ങും.
- ഇത് കാണാൻ ഞങ്ങൾ പോകും. അപ്പോഴാണ് കാരകളി നടക്കുക. ഇത് കാണാൻ നൂറുകണക്കിന് ആളുകളുണ്ടാകും.
- ഞങ്ങളുടെ വീടിന്റെ മുന്നിലൂടെയാണ് ദേവിയെ എഴുന്നള്ളിക്കുക.
- അപ്പോൾ അമ്മ വിളക്ക് കത്തിച്ചുവെക്കും. പേടിയാട്ടുപോയി തൊഴും.

118. ഫീൽഡ് ഡയറി

28.12.2018 ന് വൈകുന്നേരം നാലരയ്ക്ക് ഞാൻ ചേറാഞ്ചേരി ലക്ഷ്മിയെ കാണാൻ വീട്ടിലേക്ക് പോയി. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർ പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് അവർ സംസാരിച്ചു.

**28.12.22018 ലെ ഫീൽഡ് നോട്ട്**

**ലക്ഷ്മി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണ് വാവുത്സവം. പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്.
- ''പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും''എന്നൊരു പഴമൊഴിയുണ്ട്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- അമ്മയെ മകന്  വർഷത്തിലൊരിക്കലേ കാണാൻ അനുവാദമുള്ളൂ.

- അതിനുകാരണം അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിന് പോയി എന്നതാണ്.
- അമ്മ വിസമ്മതിച്ചതിനു കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു നടന്നിരുന്നത്.
- തിരിച്ചെത്തിയ അമ്മ മകനെ അകറ്റി നിർത്തുകയും കാക്ക കേറാകുന്നിൽ കുടിയിരുത്തുകയും ചെയ്തു. അതാണിന്നത്തെ ജാതവൻകോട്ട.
- വാവുത്സവനാളിൽ സർവാഭരണ വിഭൂഷിതയായി ദേവി മകൻ ജാതവനൊപ്പം ആദ്യം എഴുന്നള്ളുന്നത് കുന്നത്ത് തറവാട്ടിലാണ്.
- ഞാൻ കുന്നത്ത് പോയി ദേവിയെ കാണും. പേടിയാട്ടും പോയി തൊഴും.

**119. ഫീൽഡ് ഡയറി**

29.12.2018ന് വൈകുന്നേരം അഞ്ചുമണിക്ക് ബാലാതുരുത്തിയിലെ പൂതാറമ്പത്ത് കോരു എന്നവരെ കാണാൻ ഞാൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. ഞങ്ങൾ ചെന്ന കാര്യം പറഞ്ഞു. കടലുണ്ടിയെക്കുറിച്ചായിരുന്നു ഞാൻ അന്വേഷിച്ചത്. അരമണിക്കൂറോളം അദ്ദേഹം പറഞ്ഞുതന്നു.

**29.12.2018 ഫീൽഡ് നോട്ട്**

**കോരു പറഞ്ഞ കാര്യങ്ങൾ**

- ഒരുപാട് പക്ഷികൾ കടലുണ്ടിയിൽ വരാറുണ്ടായിരുന്നു. ഇപ്പോൾ അതില്ല. പക്ഷികൾ ഇല്ലാതായത് ചകിരി പൂഴ്ത്താറുണ്ടായിരുന്നു. ചെറിയ തരം പുഴുക്കൾ (കയ്യേര) ഉണ്ടായിരുന്നു.പക്ഷികൾ ഇപ്പോൾ കുറവാണ്. ചകിരി വ്യവസായവും ഇപ്പോൾ കുറവാണ്.
- ആദ്യകാലങ്ങളിൽ എല്ലുപൊടിക്കുന്ന വലിയ ഫാക്ടറി നിലനിന്നിരുന്നു.
- സൈബീരിയ, നൈജീരിയ തുടങ്ങിയ നാടുകളിൽ നിന്നും കടലുണ്ടിയെ ലക്ഷ്യമാക്കി പറന്നിരുന്ന പക്ഷികൾ ഇന്ന് വളരെ കുറച്ചു മാത്രമേ വരുന്നുള്ളൂ.
- കാലാവസ്ഥ, ഭക്ഷണം ഇതിന്റെയൊക്കെ ലഭ്യതക്കുറവ് പക്ഷികളെയും താറുമാറാക്കിയിരിക്കണം.
- പഞ്ചായത്ത് വികസനത്തിന്റെ പേരു പറഞ്ഞ് കണ്ടൽവനം നട്ടുപിടിപ്പിച്ച് പക്ഷികൾക്ക് ആഹാരം ഇല്ലാത്തൊരവസ്ഥ വന്നുചേർന്നു.

**120. ഫീൽഡ് ഡയറി**

30.12.2018 ന് വൈകുന്നേരം നാലുമണിക്ക് ചെനക്കലങ്ങാടിയിലെ മനമുറ്റത്ത് പറഞ്ഞാറെപുരയ്ക്കൽ വിശ്വനാഥൻ എന്നവരെ കാണുവാൻ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കാണ് പോയത്. ഉത്സവഅവകാശങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞു. അദ്ദേഹം അരമണിക്കൂറോളം എന്നോടു സംസാരിച്ചു.

**30.12.2018 ലെ ഫീൽഡ് നോട്ട്**

**വിശ്വനാഥൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾ ചെന്നതിനുശേഷമാണ് ജാതവൻ പുറപ്പാടിന്റെ ഒരുക്കങ്ങൾ നടത്തുന്നത്.
- ജാതവനെ അണിയിച്ചൊരുക്കുന്നത് ഞങ്ങളാണ്.

- ജാതവനെയും കൊണ്ട് ഊരുതെണ്ടി കിട്ടുന്ന അവകാശവും കൊണ്ട് ഞങ്ങൾ വീടുകളിലേക്കു പോകുന്നു. മൂന്നാംദിവസം ഉത്സവം കഴിഞ്ഞ് പിറ്റേദിവസം ജാതവനെ അഴിക്കുന്ന ചടങ്ങുണ്ട്.
- ജാതവനെ കോട്ടയിലേക്ക് ഐവർ കളിയോടുകൂടി കോട്ടയിലേക്ക് വെയ്ക്കുന്നു. പ്രസാദം കഴിച്ച് ഞങ്ങൾക്കുള്ള അവകാശ ഓഹരിയുമായി ഞങ്ങൾ മടങ്ങുന്നു.

**121. ഫീൽഡ് ഡയറി**

01.01.2019 ന് വൈകുന്നേരം മലപ്പുറം ജില്ലയിലെ ചെനക്കലങ്ങാടിയിലെ മനമുറ്റത്ത് അനൂപ് ആനന്ദിനെ കാണാൻ അവന്റെ വീട്ടിലേക്കാണ് പോയത്. അവൻ എന്റെ സഹപാഠിയായിരുന്നു. ഉത്സവത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അവനോട് ചോദിച്ചു. അവനുമായി അരമണിക്കൂർ സംസാരിച്ചു.

**01.01.2019 ലെ ഫീൽഡ് നോട്ട്**

**അനൂപ് ആനന്ദ് പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങളാണ് ഇവിടുത്തെ വാദ്യക്കാർ. ജാതവൻ പുറപ്പാടിന്റെ അന്ന് ഞങ്ങൾ രാവിലെ തന്നെ ഇവിടെയെത്തും. ജാതവനെ അണിയിച്ചൊരുക്കുന്നത് ഞങ്ങളാണ്.
- ജാതവൻ പുറപ്പാടിന്റെ അന്ന് ചെണ്ട, കുഴൽ, ഇലത്താളം എന്നിവയാണ് ഉപയോഗിക്കുന്നത്.
- ഉത്സവദിവസം കൊമ്പ്, ചെണ്ട, കുഴൽ, ഇലത്താളം എന്നിവ ഉപയോഗിക്കുന്നു.

ഇതേ കാര്യങ്ങൾ മണിയാനന്ദൻ എന്നവർ പറഞ്ഞുതന്നിരുന്നു.

**122. ഫീൽഡ് ഡയറി**

02.01.2019 ന് വൈകുന്നേരം അഞ്ചുമണിക്ക് ഫറോക്കിലെ കുഴിപ്പള്ളി സുബ്രഹ്മണ്യനെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. അദ്ദേഹം ഉത്സവത്തോടനുബന്ധിച്ചുള്ള അവകാശങ്ങളെക്കുറിച്ച് അരമണിക്കൂർ സംസാരിച്ചു.

**02.01.2019 ലെ ഫീൽഡ് നോട്ട്**

**സുബ്രഹ്മണ്യൻ പറഞ്ഞ കാര്യങ്ങൾ**

- ഞങ്ങൾ പടകാളിത്തല്ലിൽ പങ്കെടുക്കുന്നവരാണ്. ഞങ്ങൾ പുഴയ്ക്കൽ തറവാട്ടുകാരുടെ കൂടെയാണ് പടകാളിത്തല്ല് നടത്തുന്നത്. കൂടെ വല്ലാപ്പൂന്നി തറവാട്ടുകാരും ഉണ്ടാകും
- പുഴയ്ക്കൽക്കാരാണ് ഇതിൽ പ്രധാനികൾ. അവർക്കാണ് ഇതിന്റെ കൂലി നൽകുന്നത്. അത് അവർ നേർപകുതി ഞങ്ങൾക്ക് തരുന്നു.
- ഞങ്ങളെ പുഴയ്ക്കൽ കാരണവരായ വേലായുധൻ വിളിച്ചറിയിക്കും. പഴയ കാലത്ത് കുറഞ്ഞ വേതനമേ ഉണ്ടായിരുന്നുള്ളൂ. ഇന്നത് മൂവായിരത്തിയെണ്ണൂറ് രൂപയിൽ എത്തിനിൽക്കുന്നു.
- ഏഴു ദിവസത്തെ വ്രതം എടുക്കുന്നു.

- അമ്മയുടെ ഇഷ്ടവിനോദമായ പടകാളിത്തല്ല് അമ്മ കുന്നത്ത് തറവാട്ടിലെ മണിപീഠത്തിൽ ഇരുന്ന് ആസ്വദിക്കുന്നു.

ഈ കാര്യങ്ങൾ പുഴയ്ക്കൽ വേലായുധേട്ടൻ പറഞ്ഞുതന്നിരുന്നു.

**123. ഫീൽഡ് ഡയറി**

03.01.2019ന് നാറാം ചിറയ്ക്കൽ മുഹമ്മദ് റിയാസ് സാറിനെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കാണ് പോയത്. ചാലിയത്തെക്കുറിച്ച് അറിയണമെന്നു പറഞ്ഞു. അദ്ദേഹം അരമണിക്കൂർ പറഞ്ഞുതന്നു. ഞങ്ങൾ സഹപ്രവർത്തകരാണ്.

**03.01.2019 ലെ ഫീൽഡ് നോട്ട്**

**മുഹമ്മദ് റിയാസ് പറഞ്ഞ കാര്യങ്ങൾ**

- ഇവിടത്തെ നൂറുദ്ദീൻ ഷെയ്ഖിന്റെ മഖ്ബറയിൽ ആണ്ടുനേർച്ച, ആനയും അംബാരിയുമായി വലിയ രീതിയിൽ, കടലുണ്ടി വാവുത്സവം പോലെ തന്നെ നടത്തിയിരുന്നു. എല്ലാ സാധനങ്ങളും ഇവിടെ വാങ്ങാൻ കിട്ടുമായിരുന്നു.
- ഇപ്പോൾ പഴയപോലെ ഇല്ലെങ്കിലും ആഘോഷപൂർവം തന്നെ ഇത് കൊണ്ടാടാറുണ്ട്.
- ജാതിമതഭേദമെന്യേ ആളുകൾ ഈ ആണ്ടു നേർച്ചയിൽ പങ്കെടുക്കാറുണ്ട്.

**124. ഫീൽഡ് ഡയറി**

04.01.2019ന് വൈകുന്നേരം അഞ്ചുമണിക്ക് കടലുണ്ടിയിലെ മാട്ടുമ്മൽ പ്രേമലത എന്നവരെ കാണാനാണ് ഞാൻ അവരുടെ വീട്ടിൽ പോയത്. പേടിയാട്ട് ഉത്സവത്തെക്കുറിച്ച് അറിയുക എന്നതായിരുന്നു ലക്ഷ്യം. ചെന്ന കാര്യം പറഞ്ഞു. അരമണിക്കൂർ നേരം കാര്യങ്ങൾ സംസാരിച്ചു.

**04.01.2019 ലെ ഫീൽഡ് നോട്ട്**

**പ്രേമലത പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന് ഒരു മാസം മുമ്പ് വീടും പരിസരവും വൃത്തിയാക്കും. തീണ്ടാരിയായാൽ സ്ത്രീകൾ ഉത്സവത്തിന് കടലുണ്ടിയിലെ വീട്ടിൽ നിൽക്കാൻ പാടില്ല.
- ഭഗവതി വന്നത് കടലിൽ നിന്നാണ്. ജാതവൻ എന്നു പേരായ മകനുണ്ട് ഭഗവതിക്ക്. ആടയാഭരണങ്ങളോട് വളരെയധികം ഇഷ്ടമായിരുന്നു ഭഗവതിക്ക്
- ജാതവന് കുടമണി, പാളയും കയറും, വെളിച്ചെണ്ണ എന്നിവ വഴിപാടായി നൽകും.
- വിരുന്നുകാർ വരും, എല്ലാ സാധനങ്ങളും ഉത്സവത്തിന് വാങ്ങാൻ കിട്ടും. എല്ലാവർക്കും വാക്കാശ് കൊടുക്കും.
- പുലർച്ചെ ദേവിയെ വാക്കടവിലേയ്ക്ക് നീരാട്ടിന് കൊണ്ടുപോകുമ്പോൾ നിലവിളക്ക് കത്തിച്ചുവെയ്ക്കും.
- ഭഗവതിക്ക് വെളിച്ചെണ്ണ, താലി, ചൂട്ട്, പട്ട്, കൊടി, ചന്ദനത്തിരി എന്നിവ നൽകും.

**125. ഫീൽഡ് ഡയറി**

05.01.2019ന് വൈകുന്നേരം നാലരക്ക് കടലുണ്ടി ഇടച്ചിറയിലെ പുതുകുളങ്ങര അറമുഖന്റെ വീട്ടിലേയ്ക്കാണ് ഞാൻ പോയത്. ഉത്സവത്തെക്കുറിച്ച് അവരോട് അരമണി

ക്കൂറോളം സംസാരിച്ചു. അവർക്കറിയാവുന്ന കാര്യങ്ങൾ വളരെ സന്തോഷത്തോടെ എനിക്ക് പറഞ്ഞുതന്നു.

**05.01.2019 ലെ ഫീൽഡ് നോട്ട്**

**അറമുഖൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ വാവുത്സവം മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമാണ്.
- ഭഗവതി കടലിൽ നിന്ന് വന്നതാണ്. ഭഗവതിയ്ക്ക് നാല് സഹോദരിമാരുണ്ട്. അമ്മാഞ്ചേരിയമ്മ, ശോഭപ്പറമ്പിലമ്മ, പൂരപ്പറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- ഉത്സവത്തോടനുബന്ധിച്ച് ഒരുമാസം മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- പേടിയാട്ടമ്മയെ പുലർച്ചെ നീരാടിക്കാൻ കൊണ്ടുപോകുന്ന സമയത്ത് വീടുകളിൽ നിലവിളക്ക് കത്തിച്ച് വെക്കും.
- വലിയ ജനക്കൂട്ടം ഉത്സവത്തിന് കടലുണ്ടിയിൽ കാണാൻ കഴിയും. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള സാധനങ്ങൾ വാങ്ങിക്കാൻ കിട്ടും. ജാതിഭേദമില്ലാതെ പല ദേശക്കാരും എത്തും. കറുത്തങ്ങാട്ട് എത്തിയാൽ ഞങ്ങൾ അവിടെ പോയി ദേവിയെ കാണും.
- കറുത്തങ്ങാട്ടും നല്ല ജനക്കൂട്ടം ഉണ്ടാകും.
- എല്ലാവർക്കും വാക്കാശ് കൊടുക്കണമെന്നുണ്ട്.

**126. ഫീൽഡ് ഡയറി**

06.01.2019ന് വൈകുന്നേരം നാലരയ്ക്ക് ഞാൻ ഇടച്ചിറയിലെ മുട്ടഞ്ചേരി ജിജിയെ കാണാൻ വീട്ടിൽ ചെന്നു. പേടിയാട്ടമ്മയെ കുറിച്ച് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടു. അരമണിക്കൂറോളം അവർ സംസാരിച്ചു. അവർ എന്റെ കൂട്ടുകാരിയാണ്.

**06.01.2019 ലെ ഫീൽഡ് നോട്ട്**

**ജിജി പറഞ്ഞ കാര്യങ്ങൾ**

- വീടും പരിസരവും ഒരു മാസം മുമ്പുതന്നെ വൃത്തിയാക്കാൻ തുടങ്ങും. ഉത്സവസമയത്ത് സ്ത്രീകൾ തീണ്ടാരിയായാൽ വീടുകളിൽ നിൽക്കാൻ പാടില്ല.
- ഉത്സവത്തിന്റെ തലേദിവസം ചിരാത് കത്തിച്ച് വെയ്ക്കും. ഉത്സവദിവസം പുലർച്ചെ അമ്മയെ വാക്കടവിലേയ്ക്ക് നീരാട്ടിന് കൊണ്ടുപോകുമ്പോൾ ഞങ്ങൾ നിലവിളക്ക് കത്തിച്ചുവെയ്ക്കും.
- ഭഗവതിയേയും ജാതവനേയും ഞങ്ങളുടെ വീടിന്റെ മുന്നിലൂടെയാണ് എഴുന്നള്ളിക്കുന്നത്. അപ്പോഴും വിളക്ക് കത്തിച്ച് വെക്കും.
- ബന്ധുക്കളെല്ലാവരും ഉത്സവത്തിന്റെ തലേദിവസം തന്നെ വീട്ടിലെത്തും. ഞങ്ങൾ കുട്ടികൾക്ക് വാക്കാശ് കൊടുക്കും.
- വൈകുന്നേരം എല്ലാവരും കൂടി പുറത്ത് പോയി ആവശ്യമുള്ള സാധനങ്ങളൊക്കെ വാങ്ങും. വിരുന്നുകാർക്കും വാങ്ങിച്ചു കൊടുക്കും.

**127. ഫീൽഡ് ഡയറി**

07.01.2019-ന് വൈകുന്നേരം അഞ്ചുമണിക്ക് ഇടച്ചിറയിലെ തെയ്യത്ത് ജോജോയെ കാണാനാണ് വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. പേടിയാട്ട് ഉത്സവത്തെക്കുറിച്ച് അവൻ പത്തുമിനിട്ട് സംസാരിച്ചു.

**07.01.2019ലെ ഫീൽഡ് നോട്ട്**

**ജോജോ പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന്റെ തലേദിവസം തന്നെ ഞങ്ങളുടെ ബന്ധുക്കൾ എല്ലാവരും വീട്ടിലെത്തും.
- ഭഗവതിയേയും ജാതവനേയും ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് എഴുന്നള്ളിക്കുന്നത്.
- ആ സമയത്ത് അമ്മ വിളക്ക് കത്തിച്ച് വെക്കും.
- മുതിർന്നവർ ഞങ്ങൾക്കു വാക്കാശ് തരും.
- എന്റെ കൂട്ടുകാരുടെ കൂടെ ഞാൻ പുറത്ത് കറങ്ങാൻ പോകും.
- വാക്കാശ് കൊണ്ട് പലഹാരങ്ങൾ, ചെടികൾ എന്നിവ വാങ്ങും.

**128. ഫീൽഡ് ഡയറി**

08.01.2019ന് ജോജോയുമായി സംസാരിക്കുമ്പോഴാണ് അനിയൻ ഇടച്ചിറയിലെ തെയ്യത്ത് ജിത്തു കയറിവന്നത്. അവനോട് ഉത്സവത്തെക്കുറിച്ച് അറിയുന്ന കാര്യങ്ങൾ പറയാൻ പറഞ്ഞു. അഞ്ച് മിനിട്ട് അവനോടും സംസാരിച്ചു.

**08.01.2019ലെ ഫീൽഡ്നോട്ട്**

**ജിത്തു പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിന്റെ തലേദിവസം വീടിനുചുറ്റും ചിരാത് കത്തിക്കാൻ അമ്മയെ സഹായിക്കും.
- പേടിയാട്ട് പോയി ഭഗവതിയെ തൊഴും. ജാതവൻ കോട്ടയിലും പോകാറുണ്ട്.
- ഭഗവതിയേയും ജാതവനേയും ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് എഴുന്നള്ളിക്കുന്നത്. അമ്മ അപ്പോൾ വിളക്ക് കത്തിച്ച് വെക്കും.
- മുതിർന്നവർ ഞങ്ങൾക്ക് വാക്കാശ് തരും. വാക്കാശുകൊണ്ട് കളിപ്പാട്ടങ്ങളും പലഹാരങ്ങളും വാങ്ങിക്കും. കൂട്ടുകാർ വരും. അവരോടൊത്ത് പുറത്തുപോകും.

**129. ഫീൽഡ് ഡയറി**

12.01.2019ന് വൈകുന്നേരം ആറുമണിക്ക് ഇടച്ചിറയിലെ തെയ്യത്ത് ഷൺമുഖനെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലേക്കാണ് പോയത്. മുമ്പ് അവിടെ പോയപ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. ഉത്സവത്തെക്കുറിച്ച് അദ്ദേഹത്തോട് സംസാരിച്ചു. പതിനഞ്ച് മിനിട്ട് അദ്ദേഹത്തിന് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു.

**12.01.2019ലെ ഫീൽഡ് നോട്ട്**

**ഷൺമുഖൻ പറഞ്ഞ കാര്യങ്ങൾ**

- ഭഗവതി കടലിൽനിന്നാണ് വന്നത്. ഭഗവതിക്ക് നാല് സഹോദരിമാരാണുള്ളത്. അമ്മാഞ്ചേരിയമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും. വിരുന്നുകാർ വീട്ടിലേയ്ക്കുവരും.
- ജാതവന്റെ അച്ഛൻ ശിവനാണെന്നാണ് സങ്കല്പം.
- ജാതവൻ കോട്ടയിൽ ഉത്സവത്തിനു രണ്ടുദിവസം മുമ്പുതന്നെ ജാതവന്റെ ഊരുതെണ്ടൽ ചടങ്ങു നടക്കുന്നു.
- ഭഗവതിക്ക് നേർച്ചയായി താലി, വെളിച്ചെണ്ണ എന്നിവ നൽകാറുണ്ട്.
- ഭഗവതിയേയും ജാതവനേയും ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെയാണ് എഴുന്നള്ളിക്കുന്നത്.
- പുലർച്ചയ്ക്കും വൈകീട്ടും ഭഗവതിയെ എഴുന്നള്ളിക്കുമ്പോൾ നിലവിളക്ക് കത്തിച്ചു വെയ്ക്കാറുണ്ട്.

**130. ഫീൽഡ് ഡയറി**

13.01.2019ന് ഇടച്ചിറയിലെ പുന്നോളി കൊറാത്ത് കമലാകരന്റെ വീട്ടിൽ പോയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയുടെ ചേച്ചിയും മക്കളും ഉണ്ടായിരുന്നു. ഉത്സവം കാണാൻ അവർ വരാറുള്ള കാര്യം അറിഞ്ഞപ്പോൾ ഉത്സവത്തെക്കുറിച്ച് അവർക്കറിയുന്ന കാര്യങ്ങൾ പറഞ്ഞുതരാൻ പറഞ്ഞു. പത്തുമിനിറ്റ് അവരോട് സംസാരിച്ചു.

**13.01.2019ലെ ഫീൽഡ് നോട്ട്**

**നയന പറഞ്ഞു കാര്യങ്ങൾ**

- ഉത്സവത്തിന്റെ തലേദിവസം തന്നെ ഞങ്ങൾ ഇവിടെ വരാറുണ്ട്. ഇവിടെ ചിരാത് കത്തിക്കാൻ ഇവരുടെ ഒപ്പം കൂടും.
- വൈകുന്നേരവും ഉത്സവദിവസവും ഞങ്ങൾ പേടിയാട്ടുപോയി തൊഴും. വെളിച്ചെണ്ണ വഴിപാടായി നൽകും.
- ഞങ്ങൾക്ക് വാക്കാശ് കിട്ടും. ഞങ്ങളുടെ വീട്ടിലേയ്ക്ക് മധുരപലഹാരങ്ങൾ വാങ്ങിത്തരും. എല്ലാവരും കൂടി കടപ്പുറത്ത് പോകും.

**131. ഫീൽഡ് ഡയറി**

13.01.2019ന് നയനയോട് സംസാരിച്ചതിനുശേഷം അനിയത്തി നിരഞ്ജനയോടും സംസാരിച്ചു. അവളും കുറച്ച് കാര്യങ്ങൾ ഉത്സവത്തെക്കുറിച്ച് പറഞ്ഞുതന്നു. അഞ്ചുമിനിറ്റ് അവൾ പറഞ്ഞു.

**13.01.2019ലെ ഫീൽഡ് നോട്ട്**

**നിരഞ്ജന പറഞ്ഞ കാര്യങ്ങൾ**

- ഉത്സവം കാണാൻ ഞങ്ങൾ വരാറുണ്ട്.
- പേടിയാട്ടു പോയി ഞങ്ങളെല്ലാവരും തൊഴും. കാണിക്ക ഇടും. ഞങ്ങൾക്ക് വാക്കാശ് കിട്ടാറുണ്ട്.
- കടപ്പുറത്ത് പോകും. കടയിൽ നിന്ന് വള, മാല, ഉപ്പിലിട്ടത്, ജിലേബി തുടങ്ങിയവ വാങ്ങും.

**132. ഫീൽഡ് ഡയറി**

15.01.2019 ന് വൈകുന്നേരം നാലരയ്ക്ക് ഇടച്ചിറയിലുള്ള ദിലീപ് അച്യുതൻ കിരുതത്തിനെ കാണാനാണ് വീട്ടിൽ പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെകുറിച്ച് തനിക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റ് അദ്ദേഹം സംസാരിച്ചു.

**15.01.2019 ലെ ഫീൽഡ് നോട്ട്**

**ദിലീപ് അച്യുതൻ കിരുതത്ത് പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്.
- പേടിയാട്ടമ്മയാണ് ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത്
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴിയുണ്ട്.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ
- ജാതവൻ കോട്ടയിലാണ് ജാതവനുള്ളത്.
- അമ്മയും മകനും വർഷത്തിലൊരിക്കലേ കാണുന്നുള്ളൂ.
- പേടിയാട്ട് ഉത്സവത്തോടനുബന്ധിച്ച് ഞങ്ങൾ സ്വർണ്ണം വിൽക്കാറുണ്ട്.
- മഹാരാഷ്ട്ര സ്വദേശികളായിരുന്ന ഞങ്ങൾ കഴിഞ്ഞ നാൽപതുവർഷമായി കടലുണ്ടിയിലെത്തിയിട്ട്. ഞങ്ങൾ ഇപ്പോൾ ഇവിടെ സ്വർണ്ണക്കച്ചവടക്കാരാണ്.

**133. ഫീൽഡ് ഡയറി**

15.01.2019ന് വൈകുന്നേരം ദിലീപുമായി സംസാരിക്കുമ്പോഴാണ് അവരുടെ ഭാര്യ കയറിവന്നത്. മഹാരാഷ്ട്രയിലെ പവ്വാർ കുടുംബത്തിലെ ഭാരതി അനന്തൻ കൂടുതൽ കാര്യങ്ങൾ അറിയില്ലെങ്കിലും കുറച്ചുകാര്യങ്ങൾ പറഞ്ഞുതന്നു. പത്തുമിനിറ്റ് എന്നോട് സംസാരിച്ചു.

**15.01.2019ലെ ഫീൽഡ് നോട്ട്**

**ഭാരതി അനന്തൻ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിക്കടവിലാണ് ദേവിയെ കണ്ടെത്തിയത്. അവിടെ നിന്നും കുന്നത്തേക്ക് കൊണ്ടുവന്നു.

- വിളിച്ചാൽ വിളികേൾക്കുന്ന ക്ഷേത്രമാണ്. പ്രാർത്ഥിച്ചതൊക്കെ സാധിച്ചു കൊടുക്കുന്ന അമ്മയാണ്
- വെളിച്ചെണ്ണ കൊടുത്താലേ നമ്മുടെ വീട്ടിൽ വെളിച്ചം ഉണ്ടാവുകയുള്ളൂ.
- ഭഗവതിക്ക് ഭക്തർ നൽകുന്ന താലി വിൽക്കുന്നവരാണ് ഞങ്ങൾ.
- മുപ്പത്തിയെട്ട് വർഷമായി ഞാൻ ഇടച്ചിറയിൽ താമസിക്കുന്നു.
- ഭഗവതിക്ക് നേർച്ചയായി താലി, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, ചന്ദനത്തിരി എന്നിവ കൊടുക്കാറുണ്ട്.

**134. ഫീൽഡ് ഡയറി**

16.01.2019-ന് വൈകുന്നേരം ഞാൻ പോയത് പുന്നോളി വളയനാട് ബീനയുടെ വീട്ടിലാണ്. അവിടെ കുറച്ചുനേരം വിശേഷങ്ങൾ പറഞ്ഞിരുന്നു. ചായ കുടിച്ചു. ഞാൻ ചെന്ന കാര്യം പറഞ്ഞു. അവർ കുറച്ചു കാര്യങ്ങൾ കടലുണ്ടി വാവുത്സവത്തെപ്പറ്റി പറഞ്ഞുതന്നു.

**16.01.2019 ലെ ഫീൽഡ് നോട്ട്**

**ബീന പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടി വാവുത്സവം നവംബർ മാസത്തിൽ കറുത്തവാവിനാണ് കൊണ്ടാടുന്നത്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- പേടിയാട്ടമ്മയും മകനായ ജാതവനും തമ്മിൽ കണ്ടുമുട്ടുന്ന ദിവസമാണ് കടലുണ്ടി വാവുത്സവം.
- കടലുണ്ടി വാവുത്സവം തുടങ്ങുന്നതോടുകൂടി മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നു.
- പേടിയാട്ടമ്മയും കളിയാട്ടക്കാവിലമ്മയും സഹോദരിമാരാണ്.
- പേടിയാട്ടമ്മ ഉത്തമത്തിലും കളിയാട്ടക്കാവിലമ്മ മധ്യമത്തിലുമാണ് നിൽക്കുന്നത്.
- പേടിയാട്ടമ്മ തുറക്കാനും കളിയാട്ടക്കാവിലമ്മ അടയ്ക്കാനും എന്നാണ് കേട്ടുകേൾവി.
- കടലുണ്ടി വാവുത്സവത്തിന് രണ്ടുദിവസം മുമ്പ് ജാതവൻ കോട്ടയിൽനിന്ന് പുറപ്പെട്ട് വീടുകളിൽ പോയി തിരിച്ച് കോട്ടയിൽ എത്തുന്നു.
- ഈ സമയത്ത് എല്ലാ വീടുകളിലും വിളക്കുകൾ കത്തിക്കും.
- വീടും പരിസരവും വൃത്തിയാക്കിവെയ്ക്കും.
- വഴികളെല്ലാം വൃത്തിയാക്കി, പുല്ലുകളെല്ലാം ചെത്തി സുന്ദരമായി വെയ്ക്കും.
- കുറച്ചു വീടുകളിൽ മാത്രമാണ് ജാതവൻ വരുന്നത്.
- ഇങ്ങനെ വരുന്നതിന് ജാതവൻ പുറപ്പാട് എന്നു പറയും.
- ജാതവൻ പുറപ്പാടിനുവരുമ്പോൾ വെള്ളരി, നെല്ല്, വെറ്റില, അടയ്ക്ക എന്നിവ വീടുകളിൽനിന്നു കൊടുക്കും. കൂടാതെ ഓലച്ചൂട്ട്, പണം എന്നിവയും കൊടുക്കും.
- ദീപാവലി കഴിഞ്ഞ് അടുത്ത ദിവസമാണ് കടലുണ്ടി വാവുത്സവം നടക്കുന്നത്.
- എല്ലാ മതസ്ഥരും കടലുണ്ടി വാവുത്സവത്തിൽ പങ്കെടുക്കും.

- ആദ്യദിവസം ജാതവനെ അലങ്കരിച്ച് കുടമണികെട്ടി വീടുകളിലേക്ക് കൊണ്ടുപോകും. ആ സമയം കാരകളിയും ഉണ്ടാകും.
- കാരകളി എന്നാൽ കാരമണികൊണ്ട് (കടലാസുകൊണ്ട് പന്തുപോലെ ഉണ്ടാക്കിവെക്കുന്ന ഒന്നാണ്).
- ജാതവനെ എഴുന്നള്ളിച്ച് കിട്ടുന്ന നെല്ലും അരിയും കുറച്ച് പേടിയാട്ടമ്മക്ക് സമർപ്പിക്കും.
- കാരകളി നടക്കുന്നത് വലിയ ഒരു വയലിലാണ്.
- കാരകളിയുടെ പ്രത്യേകത തൊണ്ണൂറുവയസ്സുമുതൽ ചെറിയ കുട്ടികൾ വരെ ഈ കളിയിൽ ഏർപ്പെടുന്നുണ്ട് എന്നതാണ്.
- വാവുത്സവത്തിന് പേടിയാട്ട് ഭഗവതിയെ പുലർച്ചെ പള്ളിനീരാട്ടിനു കൊണ്ടുപോകും.
- അതുകഴിഞ്ഞാലാണ് ഭക്തജനങ്ങൾ ബലിതർപ്പണം നടത്തുന്നത്.
- ഈ ദിവസം കടലിൽ കുളിച്ചാൽ ഔഷധഗുണമുണ്ടെന്നാണ് കേട്ടുകേൾവി.
- ദേവിയുടെ നീരാട്ട് കഴിഞ്ഞ് ആഭരണങ്ങളെല്ലാം അണിയിക്കും. അപ്പോഴേയ്ക്കും ജാതവനും അവിടേയ്ക്ക് വരും.
- പിന്നീട് അമ്മയും മകനും മുഖത്തോടു മുഖം ചേർന്ന് നിൽക്കുന്നു. അതുകഴിഞ്ഞാൽ ഘോഷയാത്ര തുടങ്ങുകയായി.
- അമ്പാളി കാരണവരുടെ കാർമ്മികത്വത്തിൽ ഘോഷയാത്ര തുടങ്ങി കുന്നത്തെ നമ്പ്യാന്മാരുടെ വീട്ടിലെത്തും.
- കുന്നത്ത് വീട്ടിലെത്തുന്നതിനു മുമ്പ് അമ്പാളി കാരണവരുടെ കൈപിടിച്ചുകൊണ് വെളിച്ചപ്പാട് പടകാളി പാടത്തേക്ക് ഓടും. അതുകഴിഞ്ഞ് പടകാളിത്തല്ലും ഉണ്ടാകും.
- പേടിയാട്ടമ്മ ആദ്യം കുടികൊണ്ടിരുന്നത് കുന്നത്ത് തറവാട്ടിലായിരുന്നു.
- അതുകൊണ്ടാണ് പേടിയാട്ടമ്മ കുന്നത്ത് വിശ്രമിക്കുന്നത്.
- കുന്നത്ത് വിശ്രമിച്ച് പൂജകളെല്ലാം കഴിഞ്ഞ് ഘോഷയാത്ര തുടങ്ങി കറുത്തങ്ങാട്ട് എത്തും.
- കറുത്തങ്ങാട്ട് എത്തി വിശ്രമിക്കുകയും അവിടുത്തെ വഴിപാടുകൾ കഴിഞ്ഞശേഷം വീണ്ടും പേടിയാട്ടേയ്ക്ക് എഴുന്നള്ളിക്കും.
- പേടിയാട്ടേയ്ക്ക് വരുമ്പോൾ മഞ്ഞൾപ്പൊടിയും അരിയും എറിഞ്ഞ് തറവാട്ടിലെ തറവാട്ടമ്മ വരവേൽക്കും.
- പേടിയാട്ട് എത്തിയതിനുശേഷം അമ്മയും മകനും ഒന്നിച്ചുകണ്ട് അവിടെനിന്ന് വിടപറയും.
- വീണ്ടും അമ്മയെക്കാണാതെ വിഷമത്തോടെ ജാതവൻ ആരവങ്ങളൊന്നുമില്ലാതെ ജാതവൻകോട്ടയിലേക്ക് മടങ്ങും. അതോടുകൂടി വാവുത്സവം അവസാനിക്കും.
- വാവുത്സവത്തിന്റെ മറ്റൊരു പ്രത്യേകത വാക്കോള് നിർബന്ധമായും കൊടുത്തിരിക്കണം എന്നതാണ്.

**135. ഫീൽഡ് ഡയറി**

17.01.2019-ന് മണ്ണൂരിലെ കടവത്ത് തറവാട്ടിലെ മണ്ണൂർ പ്രകാശിനെ കാണാനായിരുന്നു പോയത്. കടലുണ്ടി പബ്ലിക് ലൈബ്രറിയുടെ ഒന്നാം വാർഷികാഘോഷപരിപാടിയിൽ വെച്ചാണ് അദ്ദേഹത്തെ കണ്ടത്. പേടിയാട്ടമ്മയെക്കുറിച്ച് പാടിയ പാട്ടുകൾ ഞാൻ

കേട്ടിട്ടുണ്ട്. അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു. പതിനഞ്ചുമിനുറ്റോളം ഞങ്ങൾ സംസാരിച്ചു.

**17.01.2019–ലെ ഫീൽഡ് നോട്ട്**

**മണ്ണൂർ പ്രകാശ് പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് വാവുത്സവത്തോടെയാണ്.
- ജാതിമതഭേദമെന്യേ എല്ലാവരും ഒത്തൊരുമിക്കുന്ന ഒരു ഉത്സവമാണ് ഇത്.
- എല്ലാവർക്കും ഇവിടെ ഓരോരോ അവകാശങ്ങൾ കൽപ്പിച്ചു കൊടുത്തിട്ടുണ്ട്.
- പേടിയാട്ടമ്മയുടെ മകനായ ജാതവൻ കാരകളിപ്പറമ്പിലാണ് കുടിയിരിക്കുന്നത്.
- വർഷത്തിലൊരിയ്ക്കൽ അമ്മയെ കാണുന്നതിനുവേണ്ടി മകൻ കാത്തിരിക്കുന്നു.
- നിറയെ കച്ചവടക്കാരെക്കൊണ്ടും വിരുന്നുകാരെക്കൊണ്ടും തിങ്ങിനിറയുന്നതാണ് കടലുണ്ടി വാവുത്സവം.

**136. ഫീൽഡ് ഡയറി**

18.01.2019ന് പൂച്ചേരിക്കുന്നിലെ കൊക്കയിൽ രാമചന്ദ്രൻ എന്നവരെ വൈകുന്നേരം അഞ്ചരമണിക്ക് മണ്ണൂർ വളവ് ബസ്റ്റോപ്പിൽവെച്ചു കണ്ടു. അമ്പാളിപ്പറമ്പിൽ ഷാജിയേട്ടനാണ് രാമചന്ദ്രേട്ടന്റെ നമ്പർ തന്നത്. വിളിച്ചപ്പോൾ മണ്ണൂർ വളവിലേക്ക് വരാൻ പറഞ്ഞതായിരുന്നു. ഭഗവതിയുടെ ഐതിഹ്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ കൈവശം ഭഗവതിയെക്കുറിച്ചെഴുതിയ പാട്ടുകൾ ഉണ്ട് അതു തരാമെന്നു പറഞ്ഞു. പത്തുമിനിറ്റോളം ഞങ്ങൾ സംസാരിച്ചു.

**18.01.2019ലെ ഫീൽഡ് നോട്ട്**

**രാമചന്ദ്രൻ പറഞ്ഞ കാര്യങ്ങൾ**

- പേടിയാട്ട് രണ്ട് അമ്പലങ്ങളാണ് ഉള്ളത്. ഒന്നിൽ കാരണവൻമാരും അംഗപൈതങ്ങളും, ഒന്നിൽ ഭഗവതിയും.
- എല്ലാവരും ഒത്തൊരുമിച്ചുള്ള ഉത്സവമാണ് കടലുണ്ടി വാവുത്സവം
- അമ്മയും മകനും സംഗമിക്കുന്ന നാളിലാണ് ഉത്സവം.
- ഇതിലൂടെ ഒരു കൂട്ടായ്മ പങ്കുവയ്ക്കുന്നു.
- അശുദ്ധിയായതുകൊണ്ട് ജാതവന് കാക്കാരം കുന്നിൽ താമസിക്കേണ്ടി വന്നു.

**137. ഫീൽഡ് ഡയറി**

19.01.2019ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പോയത് കടലുണ്ടിയിലെ അമ്പാളിപറമ്പിൽ ജാനകിയുടെ വീട്ടിലേയ്ക്കാണ്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ എനിക്ക് പറഞ്ഞുതന്നു. പതിനഞ്ച് മിനിറ്റ് അവർ സംസാരിച്ചു.

**19.01.2019 ലെ ഫീൽഡ് നോട്ട്**

**ജാനകി പറഞ്ഞ കാര്യങ്ങൾ**

- നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- തുലാമാസത്തിലാണ് ഉത്സവം ഉണ്ടാവുക.
- എല്ലാ മതവിഭാഗക്കാരുടെയും ഒത്തുചേരലാണ് വാവുത്സവം.
- ഉത്സവത്തോടനുബന്ധിച്ച് വീടും പരിസരവും വൃത്തിയാക്കും.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ജാതവന് പേടിയട്ടമ്മയെ വർഷത്തിലൊരിക്കൽ മാത്രമേ കാണാൻ അനുവാദമുള്ളൂ.
- പേടിയാട്ട് ഉത്സവത്തിന്റെ രണ്ടുനാൾ മുമ്പേയാണ് ജാതവൻ പുറപ്പാട്.
- ജാതവൻ അമ്മയെ കാണാൻ പുറപ്പെടുന്നതിനെയാണ് ജാതവൻ പുറപ്പാട് എന്ന് പറയുന്നത്.
- ഉത്സവത്തിന്റെ അന്ന് പുലർച്ചെ അമ്മയെ നീരാട്ടിന് വാക്കടവിലേയ്ക്ക് പോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ച് വെക്കും.
- ഉത്സവത്തിന് വിരുന്നുകാർ ഉണ്ടാവും.
- മുതിർന്നവർ കുഞ്ഞുങ്ങൾക്ക് വാക്കാശ് കൊടുക്കും.

**138. ഫീൽഡ് ഡയറി**

20.01.2019ന് വൈകുന്നേരം അഞ്ചുമണിക്കാണ് ഇടച്ചിറയിലെ മേരിയിൽ മഹേശ്വരിയെ കാണാൻ വീട്ടിൽ പോയത്. ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ അരമണിക്കൂറോളം എനിക്ക് പറഞ്ഞുതന്നു.

**20.01.2019ലെ ഫീൽഡ് നോട്ട്**

**മഹേശ്വരി പറഞ്ഞ കാര്യങ്ങൾ**

- ഉത്സവത്തിനു മുമ്പ് വീടും പരിസരവും വൃത്തിയാക്കണം. വീട് പെയിന്റടിക്കും.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടക്കാവിലമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴി ഉണ്ട്.
- ഭഗവതിയെ കിട്ടിയത് കടലിൽനിന്നാണ്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ
- വിരുന്നുകാർ എല്ലാവരും ഉത്സവത്തോടനുബന്ധിച്ച് വീട്ടിലെത്തും.
- ഭഗവതിക്ക് നേർച്ചയായി താലി, വെളിച്ചെണ്ണ എന്നിവ നൽകാറുണ്ട്.
- പുലർച്ചയ്ക്കും വൈകീട്ടും ഭഗവതിയെ എഴുന്നള്ളിക്കുമ്പോൾ നിലവിളക്ക് കത്തിച്ചു വെയ്ക്കും.
- കളിക്കോപ്പുകൾ, മാല, വള തുടങ്ങിയവ മക്കൾക്കെല്ലാവർക്കും വാങ്ങിച്ചുകൊടുക്കും. വാക്കാശ് കിട്ടാറുണ്ട്.

**139. ഫീൽഡ് ഡയറി**

20.01.2019ന് മഹേശ്വരിയോട് സംസാരിക്കുമ്പോൾ അവരുടെ ചേച്ചി മേരിയിൽ മനോഹരിയും അവിടെ ഉണ്ടായിരുന്നു. അവരും അവർക്കറിയാവുന്ന കാര്യങ്ങൾ പറ ഞ്ഞുതന്നു. പത്ത് മിനിറ്റ് അവർ സംസാരിച്ചു.

**20.01.2019ലെ ഫീൽഡ് നോട്ട്**

**മനോഹരി പറഞ്ഞ കാര്യങ്ങൾ**

- വിളിച്ചാൽ വിളി കേൾക്കുന്ന ദേവിയാണ് പേടിയാട്ടമ്മ. കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്.
- ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴഞ്ചൊല്ലുണ്ട്.
- ഉത്സവത്തിന് കുറെ ദിവസം മുമ്പേ തന്നെ വീടും പരിസരവും വൃത്തിയാക്കും.
- ഭഗവതിയെ കിട്ടിയത് കടലിൽനിന്നാണ്.
- പേടിയാട്ട് പോയി പേടിയാട്ടമ്മയെ തൊഴും. വഴിപാടുകൾ ചെയ്യും.
- വിരുന്നുകാർ എല്ലാവരും വരും.
- ഉത്സവത്തിന് മത്സ്യമാംസാദികൾ കഴിക്കാറില്ല.

**140. ഫീൽഡ് ഡയറി**

23.01.2019ന് വൈകുന്നേരം നാലരയ്ക്ക് കടലുണ്ടിയിലെ പനയമഠം ദാമോദരൻ നായരുടെ വീട്ടിലേയ്ക്കാണ് പോയത്. ചെന്ന കാര്യം അവതരിപ്പിച്ചു. പേടിയാട്ട് ഉത്സ വത്തെ കുറിച്ച് അദ്ദേഹം പറഞ്ഞുതന്നു. അരമണിക്കൂർ സംസാരിച്ചു.

**23.01.2019ലെ ഫീൽഡ് നോട്ട്**

**ദാമോദരൻ നായർ പറഞ്ഞ കാര്യങ്ങൾ**

- ദേവി കടലിൽ നിന്നാണ് വന്നത്.
- ഇവിടെ പൂജ നടത്തുന്നത് മണ്ണൂർ ശിവക്ഷേത്രത്തിലെ നമ്പൂതിരിയാണ്.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- മണ്ണൂർ ശിവക്ഷേത്രത്തിലെ ശിവനാണ് ജാതവന്റെ അച്ഛൻ എന്ന് സങ്കൽപം.
- ഭഗവതിയെ ഉത്സവദിവസം നീരാടിക്കാൻ കുന്നത്തുവരെ കൊണ്ടുപോകുന്നത് ഞങ്ങ ളാണ്.
- അമ്മയ്ക്ക് നാല് സഹോദരിമാർ ഉണ്ട്.
- അമ്മാഞ്ചേരിയമ്മ, പൂരപ്പറമ്പിലമ്മ, ശോഭപ്പറമ്പിലമ്മ, വളയനാട്ടമ്മ എന്നിവരാണവർ.
- കോമരം തുള്ളുന്നത് ഞങ്ങളാണ്.

**141. ഫീൽഡ് ഡയറി**

30.01.2019 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ ഇടച്ചിറയിലെ പുന്നോളി കൊറോത്ത് സേതുമാധവന്റെ ഭാര്യ നിർമ്മലയെ കാണാൻ വീട്ടിൽപോയി. ഞാൻ ചെന്ന

കാര്യം പറഞ്ഞു. സുഖമില്ലാതിരിക്കുകയാണെങ്കിലും അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റ് എന്നോട് സംസാരിച്ചു.

**30.01.2019 ലെ ഫീൽഡ് നോട്ട്**

**നിർമ്മല പറഞ്ഞ കാര്യങ്ങൾ**

- ഉത്തരമലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴിയുണ്ട്.
- ഉത്സവം തുലാമാസത്തിലാണ് നടക്കുന്നത്.
- വാവുത്സവത്തിന്റെ ഒരു മാസം മുമ്പേ ഇവിടെ എല്ലാവരും വീടും പരിസരവും വൃത്തിയാക്കും.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്.
- ഉപ്പ് കുറുക്കിയിരുന്ന കൊറാത്തുകാർ വെള്ളത്തിൽനിന്ന് കിട്ടിയ ദേവിയുടെ ശിരസ്സുമായി തറവാട്ടിലെത്തിയെന്നും പറയപ്പെടുന്നു.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ. ജാതവൻകോട്ടയിലാണ് ജാതവനുള്ളത്.
- വർഷത്തിലൊരിക്കലേ അമ്മയും മകനും തമ്മിൽ കാണൂ.
- വാവുത്സവനാളിൽ സർവാഭരണവിഭൂഷിതയായി ദേവി മകൻ ജാതവനൊപ്പം ആദ്യം എഴുന്നള്ളുന്നത് കുന്നത്ത് തറവാട്ടിലേയ്ക്കാണ്.
- കുന്നത്ത് നിന്ന് കറുത്തങ്ങാട്ടേയ്ക്കും പിന്നെ പേടിയാട്ടേയ്ക്കും എഴുന്നള്ളുന്നു.
- ദേവി പോകുമ്പോൾ വീടുകളിൽ വിളക്ക് കത്തിച്ച് വെയ്ക്കും

**142. ഫീൽഡ് ഡയറി**

01.02.2019ന് വൈകുന്നേരം നാലരക്ക് ഞാൻ കടലുണ്ടിയിലെ അമ്പാളിപറമ്പിൽ ഷാജിയെ കാണാൻ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ട് കാര്യം പറഞ്ഞു. ഉത്സവത്തെ കുറിച്ച് അവർക്കറിയാവുന്നത് എനിക്ക് പറഞ്ഞുതന്നു. അരമണിക്കൂർ അദ്ദേഹം സംസാരിച്ചു.

**01.02.2019 ലെ ഫീൽഡ് നോട്ട്**

**ഷാജി പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ക്ഷേത്രോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- ദേവിയെ കിട്ടിയത് കടലിൽനിന്നാണ്.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- വളയനാട്ടമ്മ, കളിയാട്ടക്കാവിലമ്മ, പൂരപ്പറമ്പിലമ്മ, ശോഭപ്പറമ്പിലമ്മ എന്നിവരാണവർ.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ജാതവൻ കോട്ടയിൽ പോയി കുടമണി വഴിപാടായി കൊടുക്കും.
- ഞങ്ങളുടെ ബന്ധുക്കളെല്ലാം ഉത്സവത്തിന്റെ തലേ ദിവസം തന്നെ എത്തും.

- എല്ലാവരും കൂടി പേടിയാട്ട് അമ്പലത്തിലേയ്ക്ക് പോകും.
- ദേവിയെ പുലർച്ചെ വാക്കടവിലേയ്ക്ക് നീരാട്ടിന് കൊണ്ടുപോകുമ്പോൾ നിലവിളക്ക് കത്തിച്ച് വയ്ക്കും. വാക്കടവിലേയ്ക്കും പോകും.
- പുറത്ത് പോയി കുട്ടികൾക്ക് സാധനങ്ങൾ വാങ്ങിക്കൊടുക്കും.

**143. ഫീൽഡ് ഡയറി**

04.02.2019 ന് വൈകുന്നേരം അഞ്ചുമണിക്ക് ഇടച്ചിറയിലെ കുന്നത്ത് അരവിന്ദൻ എന്നവരെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലേക്കാണ് പോയത്. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവത്തെക്കുറിച്ചും നിങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അറിയാൻ വന്നതാണെന്ന് പറഞ്ഞു. അദ്ദേഹം അരമണിക്കൂർ സംസാരിച്ചു.

**04.02.2019 ലെ ഫീൽഡ് നോട്ട്**

**അരവിന്ദൻ പറഞ്ഞ കാര്യങ്ങൾ**

- മലബാർ മേഖലയിലെ മറ്റ് ഉത്സവങ്ങൾക്കുള്ള തിരികൊളുത്തലാണ് പേടിയാട്ട് ഭഗവതിക്കാവിലെ ഉത്സവം.
- കടലുണ്ടിയിലെ കുന്നത്ത് നമ്പ്യാരുടെ പിതാമഹന്മാർ ഉപാസിച്ചുകൊണ്ടുവന്ന ദേവീ ചൈതന്യം കുന്നത്ത് തറവാട്ടിലെ മച്ചിൽ കുടിയിരുത്തി.
- ഭക്തരുടെ ആരാധനാസൗകര്യം കണക്കിലെടുത്ത് ക്ഷേത്രം പണിത് അങ്ങോട്ടുമാറ്റി.
- ദേവിയുടെ മൂലസ്ഥാനം കുന്നത്തു തറവാടാണ്.

ഇതേ കാര്യങ്ങൾ വേണുഗോപാലൻ നമ്പ്യാർ പറഞ്ഞുതന്നിരുന്നു.

**144. ഫീൽഡ് ഡയറി**

05.02.2019 ന് വൈകുന്നേരം അഞ്ചരയ്ക്ക് ഞാൻ പോയത് കളിയാട്ടമുക്കിലുള്ള പടിഞ്ഞാറെ പുരയ്ക്കൽ മുഹമ്മദിനെ കാണാനാണ്. വീട്ടിൽ പോയി ചെന്നകാര്യം പറഞ്ഞു. കളിയാട്ടക്കാവിലമ്മയെ കുറിച്ച് അദ്ദേഹത്തിനറിയാവുന്നത് അദ്ദേഹം പറഞ്ഞുതന്നു. പത്ത് മിനിറ്റ് അദ്ദേഹം സംസാരിച്ചു.

**05.02.2019 ലെ ഫീൽഡ് നോട്ട്**

**മുഹമ്മദ് പറഞ്ഞ കാര്യങ്ങൾ**

- കളിയാട്ടക്കാവിലമ്മയുടെ സഹോദരിയാണ് പേടിയാട്ടമ്മ.
- എല്ലാവരും ഒത്തുചേരുന്ന ഉത്സവമാണിത്.
- ഞങ്ങൾ ക്ഷേത്രത്തിനകത്തേക്ക് കയറാറില്ല. പുറത്തുള്ള എല്ലാ പരിപാടികളിലും പങ്കെടുക്കും.
- വലിയൊരു വിപണനകേന്ദ്രമാണ് ഉത്സവത്തോടനുബന്ധിച്ച് ഉണ്ടാകാറുള്ളത്.
- അടുത്ത വയലിലാണ് കച്ചവടം നടത്തുന്നത്.

**145. ഫീൽഡ് ഡയറി**

06.02.2019 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ ഒലിപ്രം കടവിലുള്ള പനയമഠം ദേവപ്രിയയെ കാണാൻ വീട്ടിൽ പോയി. ഉത്സവങ്ങൾക്കെല്ലാം അവർ കടലുണ്ടിയിലെ പനയമഠം തറവാട്ടിലെത്താറുണ്ട്. ഉത്സവത്തെക്കുറിച്ച് അവൾ പത്തുമിനിറ്റ് എന്നോട് സംസാരിച്ചു.

**06.02.2019 ലെ ഫീൽഡ് നോട്ട്**

**ദേവപ്രിയ പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്.
- ഉത്സവത്തിന്റെ തലേദിവസം ദീപം കത്തിക്കുന്നിടത്ത് ഞാൻ പോകാറുണ്ട്.
- ദേവിയെ കടലിൽനിന്ന് കിട്ടിയതാണ്.
- ജാതവന്റെ അമ്മയാണ് പേടിയാട്ടമ്മ.
- പുലർച്ചെ വാക്കടവിലേക്ക് നീരാട്ടിന് അമ്മയെ കൊണ്ടുപോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ചുവെയ്ക്കും.
- വാക്കാശ് കിട്ടാറുണ്ട്.
- വാക്കാശുകൊണ്ട് പുറത്ത് കടകളിൽ പോയി ആവശ്യമുള്ളത് വാങ്ങും.

**146. ഫീൽഡ് ഡയറി**

07.02.2019 ന് വൈകുന്നേരം അഞ്ചരയ്ക്ക് ഞാൻ പോയത് കടലുണ്ടിയിലുള്ള കൊറോത്ത് ദേവദാസിനെ കാണാനാണ്. വാവുത്സവത്തെക്കുറിച്ച് അവരോട് ചോദിച്ചു. അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്ത് മിനിറ്റ് അദ്ദേഹം സംസാരിച്ചു. .

**07.02.2019 ലെ ഫീൽഡ് നോട്ട്**

**ദേവദാസ് പറഞ്ഞ കാര്യങ്ങൾ**

- മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവത്തോടെയാണ്.
- 'പേടിയാട്ടമ്മ തുറക്കാനും കളിയാട്ടമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴി ഇവിടെയുണ്ട്.
- തുലാമാസത്തിലാണ് ഉത്സവം നടക്കുക.
- ഉത്സവത്തിന് ഒരുമാസം മുമ്പേ തന്നെ എല്ലാവരും വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും.
- ഉത്സവത്തിനു രണ്ടുദിവസം മുമ്പേ ജാതവൻ ഊരുചുറ്റാനിറങ്ങും.
- ജാതവൻ കൊറാത്ത് തറവാട്ടിൽ വരും.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- അമ്മയ്ക്കും മകനും പരസ്പരം കാണാൻ കഴിയുന്നത് ഉത്സവത്തിന്റെ അന്ന് മാത്രമാണ്.
- അങ്ങനെ വരാൻ കാരണങ്ങളുണ്ട്. അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിന് പോയി.

- അമ്മ അനുവദിക്കാത്തതിനു കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു നടന്നിരുന്നത്.
- മദ്യസൽക്കാരത്തിൽ പങ്കെടുക്കാതിരുന്ന ജാതവന്റെ ശരീരത്തിൽ മദ്യം തളിച്ച് വളയനാട്ടമ്മ അശുദ്ധിയാക്കി.
- അശുദ്ധിയായി വന്ന മകനെ അമ്മ അകറ്റി നിർത്തുകയും കാക്കകേറാകുന്നിൽ കുടിയിരുത്തുകയും ചെയ്തു.
- ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട് കാരണവർക്കാണ് വെള്ളത്തിൽ നിന്നും ദേവിയെ ലഭിച്ചതെന്നും അതിനുശേഷം കൊറോത്ത് തറവാട്ടിലേക്ക് കൊണ്ടുപോയതെന്നും പറയുന്നു.
- അതുകൊണ്ടാണ് ദേവി എഴുന്നള്ളുമ്പോൾ കൊറാത്ത് തറവാട് വഴിയിലെത്തുമ്പോൾ ഭഗവതി അവിടേയ്ക്ക് തിരിഞ്ഞുനോക്കുന്നത്.
- ദേവി കൊറാത്ത് എത്തുമ്പോൾ നിറച്ചെപ്പ് വച്ച് അവർ കാത്തിരിക്കുന്നുണ്ടാവും.

**147. ഫീൽഡ് ഡയറി**

08.02.2019 ന് വൈകുന്നേരം അഞ്ചരയ്ക്ക് ഞാൻ പോയത് കടലുണ്ടിയിലുള്ള കൊറോത്ത് പത്മിനിയെ കാണാനാണ്. ഉത്സവത്തെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞുതന്നു. പത്തുമിനിറ്റ് അവരോട് സംസാരിച്ചു.

**08.02.2019 ലെ ഫീൽഡ് നോട്ട്**

**പത്മിനി പറഞ്ഞ കാര്യങ്ങൾ**

- കടലുണ്ടിയിലെ ഏറ്റവും വലിയ ഉത്സവമാണിത്.
- തുലാമാസത്തിലാണ് ഉത്സവം നടക്കുക.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരാണ് ഉള്ളത്.
- അമ്മാഞ്ചേരിയമ്മ, വളയനാട്ടമ്മ, ശോഭപറമ്പിലമ്മ, പൂരപ്പറമ്പിലമ്മ തുടങ്ങിയവരാണവർ.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- ഉത്സവത്തിനു ഒരാഴ്ച മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കും.
- ദേവിയെ കടലിൽനിന്നാണ് കിട്ടിയത്.
- ഉപ്പ് കുറുക്കിയിരുന്ന കൊറോത്ത് തറവാട്ട് കാരണവർക്കാണ് വെള്ളത്തിൽനിന്നും ദേവിയെ ലഭിച്ചതെന്നും അതിനുശേഷം കൊറോത്ത് തറവാട്ടിലേയ്ക്കാണ് കൊണ്ടുപോയതെന്നും പറയപ്പെടുന്നു.
- പേടിയാട്ടമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കൽ മാത്രമേ അനുവാദമുള്ളൂ.
- അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിനുപോയി.
- അമ്മ വിസമ്മതിക്കാൻ കാരണം അവിടെ മധ്യമകർമ്മങ്ങളായിരുന്നു നടന്നിരുന്നത്.
- അശുദ്ധിയായി വന്ന മകനെ അകറ്റിനിർത്തുകയും കാക്കകേറാക്കുന്നിൽ കുടിയിരുത്തുകയും ചെയ്തു.
- അതാണ് ഇന്നത്തെ ജാതവൻ കോട്ട.

- പുലർച്ചെ അമ്മയെ നീരാടിക്കുവാൻ വാക്കടവിലേയ്ക്ക് കൊണ്ടുപോകുമ്പോൾ ഞങ്ങൾ വിളക്ക് കത്തിച്ചുവെക്കും.
- ഉത്സവത്തിന്റെ അന്ന് കുന്നത്തും കറുത്തങ്ങാട്ടും പേടിയാട്ടും പോയി തൊഴും.

**148. ഫീൽഡ് ഡയറി**

10.02.2019 ന് വൈകുന്നേരം ആറുമണിക്ക് കടലുണ്ടിയിലുള്ള ചേരിയാംപറമ്പിൽ ഫൽഗുനൻ എന്നവരെ കാണാൻ വീട്ടിൽ പോയി. ഞാൻ ചെന്ന കാര്യം പറഞ്ഞു. ഉത്സവ ത്തെക്കുറിച്ച് തനിക്കാറിയാവുന്ന കാര്യങ്ങൾ അദ്ദേഹം പറഞ്ഞുതന്നു. പത്ത് മിനിട്ട് എന്നോട് സംസാരിച്ചു.

**10.02.2019 ലെ ഫീൽഡ് നോട്ട്**

**ഫൽഗുനൻ പറഞ്ഞ കാര്യങ്ങൾ**

- നമ്മുടെ നാട്ടിലെ പ്രധാന ഉത്സവമാണ് കടലുണ്ടി വാവുത്സവം.
- തുലാമാസത്തിലാണ് ഉത്സവം നടക്കുക.
- പേടിയാട്ടമ്മയ്ക്ക് നാല് സഹോദരിമാരുണ്ട്.
- അമ്മാഞ്ചേരിയമ്മ, പൂരപറമ്പിലമ്മ, വളയനാട്ടമ്മ, ശോഭപറമ്പിലമ്മ എന്നിവരാണവർ.
- ഉത്സവത്തിന് ഒരു മാസം മുമ്പുതന്നെ വീടും പരിസരവും വൃത്തിയാക്കാൻ തുടങ്ങും.
- തെക്കേ മൂകാംബികയിൽ നിന്ന് ഗുരുവിന്റെ കൂടെ വന്നതാണ് ദേവി.
- പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- പേടിയാട്ടമ്മയെ കാണാൻ ജാതവന് വർഷത്തിലൊരിക്കൽ മാത്രമേ അനുവാദമുള്ളൂ.
- അതിനുകാരണം അമ്മയുടെ അനുവാദമില്ലാതെ ജാതവൻ തന്റെ ചെറിയമ്മയുടെ കൂടെ വളയനാട്ടമ്മയുടെ പൂരത്തിന് പോയി എന്നതാണ്.
- അമ്മ വിസമ്മതിച്ചതിനു കാരണം അവിടെ മധ്യമകർമ്മങ്ങൾ ആയിരുന്നു നടന്നിരുന്ന ത്.
- തിരിച്ചെത്തിയ മകനെ അമ്മ അകറ്റി നിർത്തുകയും കാക്കകേറാകുന്നിൽ കുടിയിരു ത്തുകയും ചെയ്തു. അതാണ് ഇന്നത്തെ ജാതവൻകോട്ട.
- തീണ്ടാരിയായാൽ സ്ത്രീകൾ വീട്ടിൽ നിൽക്കാൻ പാടില്ല.
- വാക്കടവിലേയ്ക്ക് പുലർച്ചെ നീരാട്ടിന് കൊണ്ടുപോവുമ്പോൾ നിലവിളക്ക് കത്തിച്ചു വെക്കണം.
- പേടിയാട്ട് പോയി തൊഴും

**149. ഫീൽഡ് ഡയറി**

11.02.2019 ന് വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ പോയത് ഇടച്ചിറയിലുള്ള ഉദ യൻ കാർക്കോളിയെ കാണാനാണ്. അദ്ദേഹം വീട്ടിലുണ്ടായിരുന്നു. കടലുണ്ടിയിലെ ഒരു അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകനാണ് അദ്ദേഹം. കടലുണ്ടിയിലെ നവധാര പാലി യേറ്റീവിന് വേണ്ടി ആഹോരാത്രം പ്രവർത്തിക്കുന്ന അദ്ദേഹം പേടിയാട്ട് ഉത്സവത്തെക്കു റിച്ചും കടലുണ്ടിയെക്കുറിച്ചും ഒന്നരമണിക്കൂർ സംസാരിച്ചു.

**11.02.2019 ലെ ഫീൽഡ് നോട്ട്**

**ഉദയൻ കാർക്കോളി പറഞ്ഞ കാര്യങ്ങൾ**

- ഉത്തര മലബാറിലെ ഉത്സവങ്ങൾക്ക് തുടക്കം കുറിക്കുന്നത് കടലുണ്ടി വാവുത്സവ ത്തോടെയാണ്.
- 'പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ അടയ്ക്കാനും' എന്നൊരു പഴമൊഴിയു ണ്ട്.
- തുലാമാസത്തിലെ കറുത്ത വാവ് ദിവസമാണ് കടലുണ്ടി വാവുത്സവം.
- ദേവിയെ കടലിൽ നിന്നാണ് കിട്ടിയത്. പേടിയാട്ടമ്മയുടെ മകനാണ് ജാതവൻ.
- വർഷത്തിലൊരിക്കൽ മാത്രമേ അമ്മയും മകനും തമ്മിൽ കാണുകയുള്ളൂ.
- വാവുത്സവനാളിൽ സർവാഭരണവിഭൂഷിതയായി ദേവി മകൻ ജാതവനൊപ്പം ആദ്യം എഴുന്നള്ളുന്നത് കുന്നത്ത് തറവാട്ടിലേയ്ക്കാണ്.
- ദേവിയ്ക്കായി പ്രത്യേകം തയ്യാറാക്കിയ മണിത്തറയിലെ പീഠത്തിലിരുന്ന് പടകാളി ത്തല്ല് ആസ്വദിച്ചതിന് ശേഷമാണ് ദേവി ഇവിടെ നിന്നുമടങ്ങുക.
- വാവുത്സവത്തിന്റെ പ്രധാന ചടങ്ങായ ജാതവൻ പുറപ്പാട് മണ്ണൂരിലെ ജാതവൻ കോട്ട യിൽനിന്ന് പുറപ്പെടും.
- ജാതവന്റെ ഇഷ്ടവിനോദമായ കാരകളിക്കു ശേഷം ഗൃഹസന്ദർശനത്തിന് തുടക്കമാ കും.
- വാവുത്സവദിനത്തിൽ പുലർച്ചെ വാക്കടവിൽവെച്ച് അമ്മ ദേവിയെ കണ്ടുമുട്ടുന്ന മകൻ ദേവിക്ക് ഒപ്പം ഉച്ചയോടെ തിരിച്ചെഴുന്നള്ളും.
- കുന്നത്തുനിന്ന് കറുത്തങ്ങാട്ടേയ്ക്കാണ് പോകുക.
- വൈകീട്ട് പേടിയാട്ട് കാവിൽ നടക്കുന്ന കുടികൂട്ടൽ ചടങ്ങോടെ വാവുത്സവത്തിന് സമാപനമാകും.
- ഇവിടെ ഒരു വലിയ ദുരന്തം ഉണ്ടായിരുന്നു.
- മതമൈത്രിയാണ് കടലുണ്ടി ട്രെയിൻ ദുരന്തത്തിൽ നമുക്കു കാണാൻ സാധിച്ചത്.
- ഹിന്ദു മുസ്ലീം ഭേദമില്ലാതെ പള്ളിയിലും അമ്പലത്തിലും ജനങ്ങളെ കിടക്കാനും വിശ്ര മിക്കാനും അനുവദിച്ചുകൊണ്ടായിരുന്നു അന്നത്തെ പ്രവർത്തനം.
- മസ്ജിദുൽ ഹുദ-ഫിറോസ് നഗർ പള്ളിയിൽനിന്നായിരുന്നു അപകടം അനൗൺസ് ചെയ്തത് എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.
- കയർത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും ഒന്നടങ്കം ഇതിൽ പങ്കാളികളായതു കൊണ്ട് വലിയ ആപത്തിൽ നിന്നാണ് രക്ഷ നേടാൻ കഴിഞ്ഞത്.
- അൻപത്തിരണ്ട് ആളുകൾക്ക് ജീവഹാനി സംഭവിച്ചു.

**150. ഫീൽഡ് ഡയറി**

25.01.2021-ന് വൈകുന്നേരം നാലുമണിയ്ക്കാണ് വള്ളിക്കുന്നിലെ തീകുന്നത് ദേവ ദാസ് എന്നവരെ കാണാൻ സി.പി.എം. പാർട്ടി ഓഫീസിൽ പോയത്. അദ്ദേഹത്തോട് ഞാൻ ചെന്ന കാര്യം പറഞ്ഞു. തീവണ്ടി അപടകത്തെക്കുറിച്ച് അറിയാനായിരുന്നു പോയത്. വളരെ വ്യക്തമായി അദ്ദേഹം പറഞ്ഞുതന്നു.

**25.01.21 ലെ ഫീൽഡ് നോട്ട്**

**ദേവദാസ് പറഞ്ഞ കാര്യങ്ങൾ**

- ഏറ്റവും വലിയ ദുരന്തമായിരുന്നു കടലുണ്ടി ട്രെയിൽ ദുരന്തം.
- മാതൃകാപരമായ ഇടപെടൽ കാരണം മരണം അൻപത്തിരണ്ടിൽ ഒതുങ്ങി എന്നത് വലിയ നേട്ടം തന്നെയായിരുന്നു.
- അതിന് ചകിരിത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും നാട്ടുകാരും ഒന്നടങ്കം പ്രവർത്തിച്ചു എന്നതാണ്.
- അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണിയടക്കം ഇവിടെ വന്ന് നാട്ടുകാരെ പ്രശംസിച്ച താണ്.
- പ്രായത്തിനും, രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിച്ചവരാണ് കടലുണ്ടി വള്ളി ക്കുന്ന് നിവാസികൾ.
- വൈകുന്നേരം അഞ്ചരയ്ക്കാണ് ചെന്നൈ മെയിലിന്റെ നടുഭാഗം കടലുണ്ടി ചെറിയ പാലം കഴിഞ്ഞ് വലിയ പാലത്തിലേക്ക് കടക്കുമ്പോൾ വെള്ളത്തിലേക്ക് വീഴുന്നത്.
- പ്രധാനമായും പിശാരികാവ്, മസ്ജിദുൽ ഹുദ-ഫിറോസ് നഗർ പള്ളികളും ഇതിന്റെ സേവനരംഗത്ത് പ്രവർത്തിച്ച ആരാധനാലയങ്ങളാണ്.
- അമ്പലത്തിലേക്ക് പ്രവേശനമില്ല, പള്ളിയിലേക്ക് പ്രവേശനമില്ല എന്ന് പറയുന്ന കാലത്തും ഇങ്ങനെയൊരു സംഭവം നടന്നു എന്നത് മതമൈത്രിയെ ഓർമ്മപ്പെടുത്തു ന്നു.
- പള്ളിയിൽ നിന്നായിരുന്നു പുറം ലോകം അറിഞ്ഞത് എന്നതും നമുക്ക് എന്നും ഓർത്തുവെയ്ക്കാവുന്നതാണ്.
- കിടക്കാനും ഇരിക്കാനും അശുദ്ധിയില്ലാത്ത മനുഷ്യത്വം അന്ന് കാണാൻ കഴിഞ്ഞു.
- അതിന്റെ അനുസ്മരണം പത്തു വർഷത്തോളം തുടർച്ചയായി നടത്തി.
- താത്ക്കാലിക സ്മൃതിമണ്ഡപവും അതിൽ പുഷ്പാർച്ചനയും മൗനപ്രാർത്ഥന, ഉപവാ സം, അനുസ്മരണസമ്മേളനം തുടങ്ങിയവയും നടത്തുകയുണ്ടായി.
- അതിന്റെ പൗരസമിതി കൺവീനർ ഞാനായിരുന്നു.
- മരിച്ച കുടുംബത്തിലെ ആളുകൾ ആദ്യമൊക്കെ പങ്കെടുക്കുമായിരുന്നു.
- പിന്നീട് പങ്കാളിത്തം കുറഞ്ഞുവന്നു. റെയിൽവെയുടെ വാഗ്ദാനങ്ങൾ നടന്നില്ല. സ്മൃതിമണ്ഡപം നിർമ്മിച്ചുതരാമെന്ന് ഏറ്റിരുന്നു.
- പാലക്കാട് ഡിവിഷനെ ബന്ധപ്പെട്ടു. പക്ഷേ നൽകിയില്ല.
- മലബാർ ട്രെയിൻ ദുരന്തമായി ഇത് മാറി. രണ്ടുമാസക്കാലം ഗതാഗതം നിലച്ചു. പാലം പുനർനിർമ്മിച്ചത് ആന്ധ്രയിലെ വിജയ് നിർമ്മാൺ കമ്പനിയായിരുന്നു.
- കാവിനും പള്ളിക്കും ചെറിയൊരു ഫണ്ട് അവർ നൽകുകയുമുണ്ടായി.

# കാളിനാടകം കഥ

**ഐവർകളി  ജാതവൻകോട്ട**

ആ.......................... ആ............................ ആ..........................

ഹരൻ മകൻ ഗണപതി വാഴ്ക വാഴ്ക ഏയ്

സരസ്വതീ ഗംഗാദേവി ഏയ്

തോന്നേണം അടിയങ്ങൾക്ക് ഏയ്

ഗുണമുടയാ വാസുദേവൻ ഏയ്

കുശാലാലെ അരികിൽ നിന്ന് ഏയ്

അടിമല രാരാധിച്ചേ  ഏയ്

അർജുനൻ സാരഥിയായ് തേർ തെളിച്ച് ഏയ്

അർജുനൻ കൈ വണങ്ങി ഏയ്

കേൾക്കണം ധർമ്മപുത്രാ കേശവാ നിയുമിപ്പോൾ ഏയ്

എൻ ധർമ്മം പടജയിച്ചു പാണ്ഡവരെ പതിവു ചൊൽവർ ഏയ്

ആർത്തടുത്തു പോർകളത്തിൽ യുദ്ധം ചെയ്ത് ഏയ്

പോർക്കളം ജയിച്ചവരും പൊലിയൊടു വിഷ്ണുമൂർത്തി ഏയ്

മുകിൽ വർണ്ണൻ മുകിൽ മുകുന്ദ കൃഷ്ണൻ ബന്ധുവായിരുന്നു കൊണ്ട് ഏയ്

പടയൊരുക്കി പാണ്ഡവരായ് വരും ആ വട്ടം കെട്ടി

പടയൊരുക്കി പാണ്ഡവരായ് വരും വട്ടം കെട്ടി ഏയ്

ഗുരുനാടു പുകൾത്തുന്ന ആൾ ഭവനം പുക്ക് ഏയ്

പുക്കകാലം പാണ്ഡവരും നിരൂപിച്ചിട്ട് ഏയ്

വല്ലാരി ധർമ്മനോടൊന്നരുളി ചെയ്ത് ഏയ്

വരുത്തുക ദേവാചാര്യൻ നല മൊടുതൻ മുഹൂർത്തത്താലെ ഏയ്

അരങ്ങുതാനും പണിചെയ്താനരുളി ചെയ്ത് ഏയ്

അപ്പോഴത്തേ വിശ്വകർമ്മൻ തൊഴുതു ചൊന്നാൽ ഏയ്

അവിടെ വേണ്ടും വിളക്കും നിറപറയും വെപ്പിൻ ഏയ്

അവിടെ വേണ്ടും വിളക്കും നിറപറയും വെച്ച് ഏയ്

ആരോമൽ ഗണപതിക്ക് പൂജചെയ്ത് ഏയ്

പത്മമിട്ട് സരസ്വതിയെ കുടിയിരുത്തി ഏയ്

ചന്ദനത്താലഷ്ഠ തൂണും ആ കടഞ്ഞിരുത്തി

ചന്ദനത്താലഷ്ഠ തൂണും കടഞ്ഞിരുത്തി ഏയ്

ചന്തമേറും കുത്തുക്കാൽ കോതിയും ഏയ്

സിരസിച്ചു കഴുക്കോലും നിർത്തിനന്നായ് ഏയ്

അരികിൽ മരത്താൽ വളതട്ടി വാവിടയും ഏയ്

ഇറകളെല്ലാം നിരനിരത്തീട്ടാടും പന്തൽ ഏയ്

എഴുമയേറും ചെമ്പിനാലെ മേഞ്ഞിറങ്ങി ഏയ്

മുത്തിനാലെ മുകളൊരുമിച്ച് ഏയ്

രത്നത്താൽ പവിഴത്താൽ പൊൻതാഴികക്കുടംവെച്ച്

നിമിഷത്താൽ പവിഴത്താൽ കയറുപാവി ഏയ്

തോതുകളും മണിപന്തൽ ആ - വിചിത്രം കണ്ടാൽ

തോതുകളും മണിപന്തൽ വിചിത്രം കണ്ടാൽ ഏയ്

നിറപറ വെള്ളരി വെളുത്തവിൽ വിളക്കു പീഠം ഏയ്

നിറം പെരിയോരാടകറ് ശാരത്തു കോല് ഏയ്

കാളിക്ക് കലശവും വെച്ചുവേറെ ഏയ്

കാളി വാക്കാൽ ചൊല്ലി ഉടൻ കോഴിവെട്ടി ഏയ്

കാളി കൂളി ഗണങ്ങളും വന്നണഞ്ഞു നിന്നു ഏയ്

അപ്പോഴതേ വിശ്വകർമ്മൻ ആ .................. ആകുല വാങ്ങീ

അകലെ വാങ്ങീ വിളക്കൊഴുത് നിൽക്കുന്നേരം ഏയ്

തീർത്തൊരു ഗോപുരത്തിൻ പരിശു കണ്ടാൽ ഏയ്

സീമയില്ലാ അമരീ ലോക മെന്നേ തോന്നും ഏയ്

കച്ചയെടുത്തുടഞ്ഞാണും വളയുമിട്ട് ഏയ്

കച്ചകെട്ടി ചിലമ്പണിഞ്ഞു മെഴുക്കും ചാർത്തി ഏയ്

കേശവനെ അകതാരിൽ കൂടിയിരുത്തി ഏയ്

കടൗരം ചൊട്ടവില്ലും കരത്തിലേന്തി ഏയ്

കളിപ്പന്തിനായി പാണ്ഡവരായ് വരും ആ പന്തൽ പുക്ക്

കളിപ്പന്തിനായ് പാണ്ഡവരായ് വരും പന്തൽപുക്ക് ഏയ്

കമ്മീഷൻ പുകൾവാനോ രാഗം ചൊല്ലി ഏയ്

ചെന്നൊരു രാഗത്തിൽ തുടർച്ച മുമ്പേ ഏയ്

ശോഭയുള്ള മഹാകാളി തിരുനാമത്തെ ഏയ്

അരിന്തോരീല്ലടിയങ്ങൾ തമ്പുരാട്ടി ഏയ്

അനേകം വർഷം തീർത്തുംവരും താരികതായെ ഏയ്

അങ്ങനെ നാൻ നാലടി കുമ്പിട്ട് വിളക്കിനപ്പോൾ ഏയ്

കുമ്പിട്ട് നിവരുമ്പോൾ കൃഷ്ണൻ ചൊന്നാൾ ഏയ്

കേൾക്കിനെടോ നാടകത്തെ അറിയായ്കിലൊ ഏയ്

കേവലമെ ഞാൻ ചൊല്ലി തരുന്നുണ്ട് ഏയ്

ഗോപാലൻ നാടകത്തെ കടഞ്ഞെടുത്ത പോലെ ഏയ്

ഗോവിന്ദൻ പാണ്ഡവർക്ക് പഠിപ്പിച്ചാരോ ഏയ്

പകലുദിക്കും ആദിത്യൻ ചെന്നുതിർ ഉദയംപോലെ ഏയ്

പന്തലിലെ പൊൻവിളക്കും ആ...തൂക്കി നന്നായ്

പന്തലിലെ പൊൻവിളക്കും തൂക്കിനന്നായ് ഏയ്

വിളക്കിനേയും കൈതൊഴുതു നമസ്കരിച്ചേ ഏയ്

വലഭാഗം ഗണപതിയ്ക്ക് പൂജചെയ്ത് ഏയ്

ഇടഭാഗം സരസ്വതിക്ക് പുഷ്പം ചാർത്തി ഏയ്

ഗുരുവിനെയും മാനസത്തിൽ കരുതി നന്നായ് ഏയ്

ഗുണവരായ പാണ്ഡവരായ് വരും .......... ആ,,,,, കളിതുടങ്ങി

താ താ താ തെയ്തെയ് തെയ് തഹ

തൈ തൈ താ തൈ തത്ത തൈ തൈ നാ

ഗണപതിയെ തുണ തരികടിയനു

കവിതകളെ പുകഴ്ത്തുവതിന്നായ്

ഈശനുടെ സുതനാം ഗണപതി

വാണിടുക അരങ്ങതിൻ മുമ്പായ്

നിന്നുടെയാ മമകൃപയരുൾ വാൻ

തരുവിൻ ഞാൻ പഴന്തേനിളനീർ

ചൂടുകിഴങ്ങും പനസചുളയും

ചെറുതേനും മലരിൻ പൊടിയേ

ഇവ പലതും അമൃതു പൂജിച്ച്

അമൃതൂണ്ടിട്ടടിയന് വരം നൽകണേ

നരപതിയാകിയ ഞങ്ങടെ വാർത്തകൾ

മഹിമപതി സുന്ദരി കേൾക്കാം.

ഇവനനുജനാകിയ ലക്ഷ്മണൻ കേൾക്ക നീ

ഇവ ജനക പുത്രിയും ഭാര്യാ

മനുജവരനാകിയ താനേനരുൾ ചെയ്തു.

വനമതിൽ തപസ്സുചെയ്വാനായ്

അതുപൊഴുതു ഞങ്ങളും പോന്നിതു കാണെ

ഇവിടെയൊരു സൗഖ്യവും തോന്നി

ഉലകിലതി സുന്ദരിയായ നിനക്കു ഞാൻ

അധികകൃത മെന്തു വേണ്ടും ചൊൽ

അധിപതി സുന്ദരകേൾക്ക നീ എന്നുടെ

മഹിമപതി കാന്തനാകേണം

നരപതിയാകിയ ഞങ്ങടെ വാർത്തകൾ (2)

മഹിമപതി സുന്ദരി കേൾക്കാം.

വരം തരിക വേ ഗണപതി നാഥാ

വരിനെല്ലിന്നാവിൽ അരിവരുത്തെള്ള്

വരളത്തേങ്ങയും ഉടച്ച പൂണ്ടിട്ട്

നിറമുള്ള വെള്ളി തളികയിൽ വെച്ച്

കുടവയറാകിയ ഗണപതിവന്ന്

എടുത്തുടൻ തുമ്പി കരം കൊണ്ടു വാരി

ചെവിയുമാട്ടിക്കൊണ്ട് മൃതു ചെയ്യുമ്പോൾ

അമൃതുണ്ടിട്ടടിയന് വരം നൽകണേ

(വരം തരിക വേ)

**തെളിയിക്ക**

നാടു തെളിക നല്ല നഗരം തെളികവെ

വിടു തെളിക നല്ല വിനയം തെളികവെ

വീട്ടിലെ കാരണവർ ഏറ്റം തെളികവെ

അംഗപൈതങ്ങൾ കൂടെ ഏറ്റം തെളികവെ

ജാതവൻ ദൈവം കൂടെ ഏറ്റം തെളികവെ

നീലാവട്ടാരിയമ്മ ഏറ്റം തെളികവേ

(നാടു തെളിക നല്ല)

## വെട്ടുവാചകം

ജാതവനെ എഴുന്നള്ളിച്ച് വീട്ടിൽ കുടിയിരുത്തുമ്പോൾ ചൊല്ലുന്ന വാചകമാണിത്.

കോലറയിലെ പിറന്നു
കോലറയിലെ മെയ് വളർന്നു
പെറ്റെടുത്താളമ്മനങ്ങിണി തിരുതേവി
ഇരിപ്പൂ മൂപ്പൂർ നായകൻ തന്റെ പടവീട്
പേരിട്ടാളമ്മ പെരുമണി പിള്ള.
കുട്ടനാടിനാൽ പെരും കടവ്

കാഞ്ഞിരോടൻ നല്ലങ്ങാടി
കുന്നത്ത് വാണാറില്ലം
കടത്തിങ്ങാട്ടു തിരുമേനി
പേടിയാട്ട് തുലാമുറ്റം
മാകാളി കണ്ടം പട കടന്നു
വടേകാവിൽ കുടിയിരുന്നു
എന്റെ കാക്കാരം കുന്നിലും വന്നു കുടിയിരുന്നു
കുറ്റത്തെ തീർത്ത് കുറഞ്ഞതിനെ കൈകൊണ്ട്
ഇന്ന് വാഴും കാരണവർക്കും
നാളെ വാഴും അനന്തിരവർക്കും
വില്ലും വേലയും തട്ടി നീക്കി
ശത്രു അടക്കി അമൃത ഭാഗത്ത് കുടിയിരിക്ക.

അമ്മേ ഭഗവതി ദേവീ തുണയ്ക്കണം
പേടിയാട്ടമ്മേ ശങ്കരീ തുണയ്ക്കണം

ഗജവര മുഖമുള്ളാലയത്തിൽ

പാലപുഷ്പ സുഗന്ധമേറ്റ്

നീലവട്ടാരി അമ്മേ തുണയ്ക്കണം

വലതുകര ശൂലാധാരീണി

കളവിനെതിരെ പോരാടുന്ന ദേവീ

ധാരുശിൽപവതിയേ കരുണാമയീ

ജാതിഭേദമെന്യേ നിന്നെ സത്യം

ഭജിച്ചീടാം ദേവീ തുണച്ചീടണം

**ക്ഷേത്രഉൽഭവം**

ജലനിധി തന്നിൽ നിന്നു-

വന്ന ദാരുശിൽപവതിയെ

നീലാംബര വസ്ത്രധാരിണിയെ

യാദവകുല വര ധാരണീയെ

ഭജിക്കുന്നു ഞാൻ നിത്യം നിന്നെ

തുണച്ചീടണേ ദേവീ പേടിയാട്ടമ്മേ.

**ഭഗവതി ആഗമനം**

ചെറിയ പുഴയും കടന്ന്

വലിയ പുഴയും കടന്ന്

വടേകാവും കടന്ന്

മഹാളികാവും കടന്ന്

കുന്നത്തും വന്ന് കുടിയിരുന്ന്

കർത്തങ്ങാട്ടും പോയി

പേടിയാട്ട് വന്നിരുന്നു

## ഭഗവതിയുമായി ബന്ധപ്പെട്ട ചൊല്ലുകളും ശൈലികളും

'പേടിയാട്ടമ്മ തുറക്കാനും അമ്മാഞ്ചേരിയമ്മ  അടയ്ക്കാനും'

'എന്താടാ ഇയി പേടിയാമ്മയുടെ ഭണ്ഡാരപ്പെട്ടി എഴുന്നള്ളും പോലെ'

'കടലുണ്ടിയിൽ ഉറങ്ങിയാൽ കൊയിലാണ്ടിയിലേ ഉണരൂ'

'മക്കളായ് നാലുപേരുണ്ടെങ്കിലും അമ്മ ഏകയാണേകയാണീയൂഴിയിൽ'

'പരക്കെ വാവിനു വന്നില്ലെങ്കിൽ ബന്ധം മുറിഞ്ഞതടയാളം'

'ചാതേപ്പാ മോനേ അടുക്കല്ലെ മോനെ'

'തെണ്ടിയതിൽ പാതി അമ്മയ്ക്ക്'

'കോമ്പതട്ടി മീൻതട്ടി മുക്കാപ്പുര സഞ്ചി മീനും സഞ്ചി'

'കുന്നത്ത് നമ്പ്യേ തൈ കോരാ ചൂട്ടുകൊണ്ടാ

കുന്നത്ത് നമ്പ്യേ മുക്കേരീം വെള്ളം കൊണ്ടാ.'

'വാവായാൽ വീടും പറമ്പും വെളുക്കും'

**അനുബന്ധം 3**

# നെല്ലളവ്

### ആദ്യദിവസം ജാതവൻ തെണ്ടിക്കിട്ടുന്ന നെല്ല് അളവ്

ആദ്യദിവസം ജാതവൻ തെണ്ടിക്കിട്ടുന്ന നെല്ല് ചുമടൊരുമിക്കുന്നത് പേടി യാട്ടുനിന്നാണ്. ചുവടൊരുമിക്കുക എന്നാൽ കിട്ടിയ നെല്ലും അരിയും മറ്റും ജാത വനെ ഒരുക്കിയ കുതിരയുടെ വാലിൽ കെട്ടിയ കുരുത്തോലയിൽനിന്ന് കഷ്ണ ങ്ങൾ മുറിച്ചെടുത്ത് നൂലുപോലെയാക്കി ചാക്കിൽ സീലുവെക്കുന്നതുപോലെ കെട്ടുന്നു. ചുവടൊരുമിക്കാൻ സമ്മതം ചോദിക്കുന്ന ഒരു ചടങ്ങുമുണ്ട്. പിന്നീട് അത് തറവാട്ടുവീട്ടിലേക്ക് (ജാതവൻകോട്ട) കൊണ്ടുപോകുന്നു.

അതിൽ നാലിലേക്ക് മൂപ്പ് - 4 ഇടങ്ങഴി

| | | |
|---|---|---|
| ഇളമ | - | 4 ഇടങ്ങഴി |
| മൂന്ന് | - | 4 ഇടങ്ങഴി |
| നാല് | - | 4 ഇടങ്ങഴി |

(മൂത്തപെരുവണ്ണാനും ഇളയപെരുവണ്ണാനും മൂന്നാമനും നാലാമനും 4 ഇട ങ്ങഴി നെല്ലാണ് ലഭിക്കുന്നത്).

| | | |
|---|---|---|
| അവകാശം പരുത്തിക്കാടൻ | - | 1 ഇടങ്ങഴി |
| കോട്ട | - | 1 ഇടങ്ങഴി |
| എരമംഗലൻ | - | 1 ഇടങ്ങഴി |
| തേഞ്ഞിപ്പലൻ | - | 1 ഇടങ്ങഴി |

ഈ നാല് അവകാശികൾക്ക് 1 ഇടങ്ങഴി വീതം നൽകുന്നു.

വായിദ്യത്തിന് (5 വാദ്യം) 10 നാഴി

| | | |
|---|---|---|
| കുതിരയുടെ അവകാശം കോട്ട | - 2 | 3 |
| എരമംഗലൻ | - 1 | |

പ്രയത്നം

വായിദ്യ പ്രയത്നം തേഞ്ഞിപ്പലൻ - 5 ഇടങ്ങഴി

വഴിപാട് എടുത്ത് ചൊരിഞ്ഞതിന് പരുത്തിക്കാടൻ - 1 ഇടങ്ങഴി

കൊണ്ടു നടന്നതിന് എരമംഗലൻ - 1 ഇടങ്ങഴി

| | | |
|---|---|---|
| കുതിര പ്രയത്നം കോട്ട - 3 | } | 5 ഇടങ്ങഴി |
| എരമംഗലൻ കൂലിച്ചുമട് - 2 | | |

കൂലി - 2 ഇടങ്ങഴി എരമംഗലൻ

മുറം പിടി - 2 നാഴി പരുത്തിക്കാടൻ

**രണ്ടാം ദിവസം ജാതവൻ തെണ്ടിക്കിട്ടുന്ന വഴിപാട് അളവ്**

പെരുമ്പറമ്പിൽ നിന്നും ആദ്യ ചുമടും പെരിങ്ങോട്ട് നിന്ന് രണ്ടാമത്തെ ചുമടും ഒരുമിക്കുന്നു. അതിൽനിന്നും 4 ഇടങ്ങഴി ഉത്സവദിവസം പുലർച്ചെ പേടിയാട്ടേക്ക് കൊണ്ടുപോകുന്നു. ഇളയപെരുവണ്ണാനാണ് കൊണ്ടുപോകുന്നത്.

| | | |
|---|---|---|
| നാലിലേക്ക് മൂപ്പ് | - | 14 ഇടങ്ങഴി |
| ഇളമ | - | 14 ഇടങ്ങഴി |
| മൂന്ന് | - | 14 ഇടങ്ങഴി |
| നാല് | - | 14 ഇടങ്ങഴി |

| | | |
|---|---|---|
| അവകാശം പരുത്തിക്കാടൻ | - | 1 ഇടങ്ങഴി |
| കോട്ട | - | 1 ഇടങ്ങഴി |
| എരമംഗലൻ | - | 1 ഇടങ്ങഴി |
| തേഞ്ഞിപ്പലൻ | - | 1 ഇടങ്ങഴി |

വായിദ്യത്തിന് 10 നാഴി

| | | | |
|---|---|---|---|
| കുതിരയുടെ അവകാശം കോട്ട | 3 | } | 5 ഇടങ്ങഴി |
| എരമംഗലൻ | 2 | | |

**പ്രയത്നം**

വാദ്യപ്രയത്നം - 5 ഇടങ്ങഴി

| | | |
|---|---|---|
| കുതിര കോട്ട | 5 ഇടങ്ങഴി | 8 ഇടങ്ങഴി |
| എരമംഗലൻ | 3 ഇടങ്ങഴി | |

വഴിപാട് എടുത്തുചൊരിഞ്ഞതിന് പരുത്തിക്കാടൻ - 1 ഇടങ്ങഴി

വഴിപാട് എടുത്തുകൊണ്ടു നടന്നതിന് എരമംഗലന് 1 ഇടങ്ങഴി

**കൂലി**

വഴിപാട് എടുത്ത് ചുമട്ടുകൂലി പെരുമ്പറമ്പ് - 2 ഇടങ്ങഴി

എരമംഗലൻ - പെരിങ്ങോട്ട് - 3 ഇടങ്ങഴി

മുറംപിടി - 3 നാഴി

| | |
|---|---|
| തിരുടാടക്ക് മൂപ്പ് - 2 | 3 ഇടങ്ങഴി |
| പരുത്തിക്കാടൻ - 1 | |

**ഉറപ്പിക്കൽ**

| | | |
|---|---|---|
| കുട - എരമംഗലൻ | - | 1 നാഴി |
| തഴ - പരുത്തിക്കാടൻ | - | 1 നാഴി |
| പൊന്തിച്ചുമട് - കോട്ട | - | 1 നാഴി |
| അരിച്ചുമട് - എരമംഗലൻ | - | 1 നാഴി |
| പഴച്ചുമട് - പരുത്തിക്കാടൻ | - | 1 നാഴി |

കുന്നത്തുനിന്നും കറുത്തങ്ങാട്ടുനിന്നും പേടിയാട്ട്നിന്നും ദേവിയുടെ തിരുമുമ്പിൽ ചൊരിയുന്ന വെള്ളരി അളവ് (അരി എടുക്കുന്ന വിധം തിരുമുമ്പും അതിന് തെക്കോട്ട്)

| | | |
|---|---|---|
| നാലിലേക്ക് മൂപ്പ് | - | 2 നാഴി |
| ഇളമ | - | 2 നാഴി |
| മൂന്ന് | - | 2 നാഴി |
| നാല് | - | 2 നാഴി |

അവകാശം പരുത്തിക്കാടൻ - 1 നാഴി

| | | |
|---|---|---|
| കോട്ട | - | 1 നാഴി |
| എരമംഗലൻ | - | 1 നാഴി |
| തേഞ്ഞിപ്പലൻ | - | 1 നാഴി |
| തിരുടാട - മൂപ്പിന് | - | 5 } 8 നാഴി |
| പരുത്തിക്കാടൻ | - | 3, |

ജാതവൻ കോട്ടയിൽ ഇരിക്കാൻ പായകൊണ്ടുവരുന്നതിന് കൊടുത്ത അവകാശം ആശാരിച്ചിക്ക് 3 നാഴി അരിയും ഇളനീരും, അടക്ക, വെറ്റില

**കൂലി**

| | | |
|---|---|---|
| കുട എരമംഗലൻ | - | 1 നാഴി |
| തഴ പരുത്തിക്കാടൻ | - | 1 നാഴി |
| പൊതിച്ചോട് - കോട്ട | - | 1 നാഴി |
| പഴച്ചോട് - പരുത്തിക്കാടൻ | - | 1 നാഴി |
| അരിച്ചുമട് - എരമംഗലൻ | - | 1 നാഴി |

**നാട്ടുകത്തേക്ക്**

| | | |
|---|---|---|
| ഏറനാട് | - | 1 നാഴി |
| ചേറനാട് | - | 1 നാഴി |
| രാമനാട് | - | 1 നാഴി |
| പരപ്പനാട് | - | 1 നാഴി |

ഈ നാട്ടുകാർക്ക് അവർ കാവിലുണ്ടെങ്കിൽ കൊടുക്കണം. അല്ലെങ്കിൽ അളന്ന് ചൊരിയണം.

പാലക്കാട്ടേക്ക് - 1 നാഴി

(പണ്ട് പാലക്കാടന്മാർ ജാതവൻ പൂജയ്ക്ക് 'റാക്ക്' കൊണ്ടുവന്നിരുന്നു. ഇപ്പോൾ അതില്ല)

മുറംപിടി - പരുത്തിക്കാടൻ - 3 നാഴി ഇങ്ങനെയായിരുന്നു അളവുകൾ

**ജാതവൻ കോട്ട**

**ചുവടൊരുമിക്കാൻ സമ്മതം ചോദിക്കുന്ന ചടങ്ങ്**

'മൂത്ത പെരുവണ്ണാനോടും മൂന്നാം പെരുവണ്ണാനോടും നാലാം പെരുവണ്ണാനോടും നാലുക്കാരോടും (തേഞ്ഞിപ്പലൻ, പരുത്തിക്കാടൻ, കോട്ട, എരമംഗലൻ) നാട്ടുകാരണവൻമാരോടും കൂടി ദൈവത്തിന്റെ വഴിപാട് ചുവടൊരുമിക്കട്ടെ'.

**മൂത്തപെരുവണ്ണാൻ അളവിനിരിക്കുമ്പോൾ**

'ഇളയപ്പെരുവണ്ണാനോടും മൂന്നാം പെരുവണ്ണാനോടും നാലാം പെരുവണ്ണാനോടും നാലുക്കാരോടും, നാട്ടുകാരണവൻമാരോടും കൂടി ദൈവത്തിന്റെ വഴിപാട് അളക്കാനിരിക്കട്ടെ.'

## പാട്ട് ഒന്ന്

അമ്മേ . . . . . അമ്മേ

അമ്മേ . . . . . അമ്മേ

സത്യം നിറഞ്ഞൊരെൻ അമ്മയെ കാണുവാൻ

പേടിയാട്ടന്നു ഞാൻ പോയിരുന്നു (2)

മനമുരുകി ഞാൻ വിളിക്കുന്നനേരത്ത്

ചാരേ അണഞ്ഞിരുന്നു

അമ്മ കാരുണ്യം ചൊരിഞ്ഞിരുന്നു

(സത്യം നിറഞ്ഞൊരെൻ)

ശുദ്ധിതൻ മൂർത്തിമത് ഭാവമാണമ്മ

ശുദ്ധമാം സ്നേഹം നിറഞ്ഞൊരമ്മ (2)

കദനങ്ങൾ തീർക്കുന്ന കാരുണ്യമാണമ്മ (2)

കനിവിന്റെ നിറകുടമാണമ്മ

(സത്യം നിറഞ്ഞൊരെൻ)

ഈരേഴ് ലോകത്തിൻ നാഥയാണമ്മ . .

ഇഹജന്മമോക്ഷം നൽകുമമ്മ (2)

ഇടറുന്ന പാദത്തിൻ തുണയായി വരുമമ്മ (2)

തളർന്നിടും മനസ്സിന് തണലമ്മ . . . (2)

(സത്യം നിറഞ്ഞൊരെൻ)

മനമുരുകി ഞാൻ വിളിക്കുന്നനേരത്ത് (2)

ചാരേ . . . അണഞ്ഞിരുന്നു

അമ്മ കാരുണ്യം ചൊരിഞ്ഞിരുന്നു

(സത്യം നിറഞ്ഞൊരെൻ)

## പാട്ട് 2

സത്യവും ശക്തിയും ഒന്നായ് തീർന്നതും

സത്യത്തിൻ പൊരുളായ് പിറന്നതും നീ തന്നെ (2)

ശക്തിസ്വരൂപിണി വരദായി നീ (2)

പേടിയാട്ടമ്മേ ജഗദംബികേ (2)

(സത്യവും ശക്തിയും. . . .)

ദേവീ നിൻ കാരുണ്യം ഇല്ലെങ്കിൽ ഭൂവിതിൽ

നിശ്ചയം നിശ്ചലമാണെന്നറിയുന്നു ഞാൻ (2)

നിശ്ചലമായൊരു ജീവിതയാത്രയിൽ (2)

നിശ്ചയം നീ തന്നെ ആണിന്നൊരാശ്രയം (സത്യവും ശക്തിയും. . . .)

അമ്മേ നീ ജീവിത സൗഭാഗ്യമേകുന്നു

ഈ ജന്മം സഫലമെന്നറിയുന്നു ഞാൻ (2)

ഇനിയുള്ള ജന്മവും അമ്മ തൻ നാമങ്ങൾ

പാടുവാൻ നീ എന്നിൽ തുണയരുളേണമേ (2)

(സത്യവും ശക്തിയും. . . )

## പാട്ട് 3

അമ്മേ നാരായണ ദേവീ നാരായണ

ലക്ഷ്മീ നാരായണ ഭദ്രേ നാരായണ (2)

പേടിയാട്ടമ്മതൻ തിരുമുമ്പിലാണെന്റെ

ദുരിതങ്ങൾ തീർന്നീടും തിരുസന്നിധി (2)

ഏഴകളാമി അടിയങ്ങളെ നീ (2)

എന്നെന്നും കാത്തീടും കരുണാമയി (2)

(പേടിയാട്ടമ്മതൻ. . . .)

സർവദയാമയി ദേവി നിൻ മുന്നിലായ്

കരളുരുകി ഞങ്ങൾ വരുന്നനേരം (2)

കരുണതൻ കടലായി വിളങ്ങുന്നൊരമ്മേ (2)

കദനങ്ങൾ തീർത്തു നീ കനിയേണമ്മേ (2)

(പേടിയാട്ടമ്മതൻ. . . .)

നിർമ്മലമായുള്ള സ്നേഹത്തോടെ എന്നും

നന്മകളേകി നീ വിളങ്ങീടുമ്പോൾ (2)

തിരുനടയിൽ ഞങ്ങൾ അണയുന്ന നേരത്ത് (2)

തിരുമുഖദർശനം നൽകേണമ്മേ

(പേടിയാട്ടമ്മതൻ. . . .)

ഏഴകളാമി അടിയങ്ങളേ നീ

എന്നെന്നും കാത്തീടും കരുണാമയീ (2)

(പേടിയാട്ടമ്മതൻ. . . .)

അമ്മേ നാരായണ ദേവീ നാരായണ

ലക്ഷ്മീ നാരായണ ഭദ്രേ നാരായണ (2)

**പാട്ട് 4**

മാണിക്യവീണാമുപലാളയന്തി

മദാലസാ മഞ്ജുള വാക്‌വിലാസാ

മഹേന്ദ്ര നീലദ്യുതി കോമളാങ്കി

മാദംഗ കന്യാ മനസാസ്മരാമി (2)

അഭിഷ്ട വരദായിനി

അനന്ത വിദ്യാധായിനി (2)

അവിടുത്തെ തൃപ്പാദകമലത്തിലെന്നും

അഭയമേകൂ ഈ അടിയനു നീ (2)

(അഭീഷ്ട വരദായിനി. . . )

ദുഷ്ടനിഗ്രഹം ചെയ്യാൻ അവതാരം പൂണ്ടൊരു

ശക്തിസ്വരൂപിണി നീ (2)

അഭയഹസ്തങ്ങളാൽ എന്നുമീ അടിയന് (2)

ശാശ്വതമോക്ഷമേകൂ

അമ്മേ ശാശ്വതമോക്ഷമേകൂ

(അഭീഷ്ട വരദായിനി. . . . )

കനകാംബികേ നിന്റെ കരുണാകടാക്ഷത്താൽ

കദനമകന്നിടുന്നു

കാലദോഷങ്ങളാം ദുഃഖങ്ങൾ അകലുവാൻ (2)

കാക്കണം കരുണാനിധേ

എന്നും കാക്കണം കരുണാനിധേ

(അഭീഷ്ട വരദായിനി. . . .)

അവിടുത്തെ തൃപ്പാദകമലത്തിലെന്നും

അഭയമേകൂ ഈ അടിയനു നീ (2)

(അഭീഷ്ട വരദായിനി. . . .)

**പാട്ട് 5**

അടിയന്റെ തൃപ്പാദപൂജകൊണ്ടവിടുത്തെ

തിരുമനമലിയേണം അംബികേ (2)

മനസ്സിന്റെ വ്യഥ തീർക്കും പേടിയാട്ടമ്മതൻ

തിരുമുൻപിലർപ്പിക്കാം എന്റെ ജന്മം (2)

(അടിയന്റെ. . .)

പൊൻകതിർ പ്രഭവില്ലും തിരുമുഖകാന്തിയാൽ

അമ്മേ നീ ദർശനം നൽകിടുമ്പോൾ (2)

ഓടിയകലുന്നു ദുരിതങ്ങളും നിന്റെ

ജന്മജന്മാന്തര പാപങ്ങളും (2)

(അടിയന്റെ. . . )

ഇഹജന്മ ദുരിതത്തിൽ വലഞ്ഞിടും നേരത്ത്

എന്നെന്നും മാറോടുചേർക്കുമമ്മേ (2)

ജീവിത യാത്രയിൽ ഇടവിടാതെ എന്റെ

പേടിയാട്ടമ്മേ നീ കാക്കണമേ (2)

(അടിയന്റെ. . . .)

**പാട്ട് 6**

ആ.......................... ആ.......................... ആ

സർവാഭരണവിഭൂഷിതയായൊരു

പേടിയാട്ടമ്മതൻ തിരുനടയിൽ (2)

അണയുന്ന ഭക്തർ തൻ ദുരിതങ്ങൾ തീർത്തു നീ

അനുഗ്രഹമേകണേ ജഗദീശ്വരീ (2)

(സർവാഭരണ. . . )

കാലടി തേടിവരുന്നോരോ ഭക്തനും

കാരുണ്യമേകിടുന്നോരമ്മയല്ലേ (2)

സർവചരാചരശക്തിക്കുമുള്ളിലും (2)

കാരണഭൂതയായോരമ്മയല്ലേ

എന്റെ പേടിയാട്ടമ്മയല്ലേ (2)

(സർവാഭരണ. . . )

തൊഴുതു വലം വെച്ച് നിൻ തിരുമുൻപിലായ്

നിറകണ്ണുമായി ഞാൻ നിന്നിടുമ്പോൾ (2)

തിരുനടതുറന്ന് ദർശനമേകിടും (2)

കാരുണ്യവാരിധിയാം അമ്മയല്ലേ എന്റെ

പേടിയാട്ടമ്മയല്ലേ(2)

(സർവാഭരണ. . . )

**പാട്ട് 7**

നല്ലൊരു നാടിന്റെ പുണ്യമായി

വാഴുന്നു നീ എന്നും രക്ഷയേകി (2)

ശ്രീമൂലസ്ഥാനത്തമർന്നു നീ നാടിന്റെ

സങ്കടം തീർക്കുന്നൊരമ്മയായി (2)

(നല്ലൊരു. . . )

പള്ളിനീരാട്ടിന് അമ്മ വരുന്നേരം

സാഗരം പോലും ശാന്തമല്ലേ(2)

സംസാരസാഗരം ശാന്തമായീടുവാൻ

അമ്മതൻ കാരുണ്യം കൂടെയില്ലേ (2)

(നല്ലൊരു...)

പള്ളിനീരാട്ട് കഴിയുന്ന നേരത്ത്

ബലികർമ്മം ചെയ്യും നേരമല്ലേ (2)

ജാതവൻ വന്നു പിരിയുന്ന നേരത്ത്

നൊമ്പരമൊതുക്കിയൊരമ്മയല്ലേ (2)

(നല്ലൊരു...)

**പാട്ട് 8**

കടലുണ്ടി ദേശത്തിൻ പുണ്യമായി

വാവുത്സവം കൊടിയേറിടുന്നു (2)

ഭക്തജനലക്ഷം വന്നിടുന്നു

പേടിയാട്ടമ്മയെ കാണുവാനായ് (2)

പേടിയാട്ടമ്മതൻ പൊൻമകനായ്

ജാതവനൊന്നിച്ച് വാണിരുന്നു.

ജാതവനമ്മയെ വേർപിരിയാൻ

ഉണ്ടായൊരക്കഥ ചൊല്ലീടുന്നു. (2)

പേടിയാട്ടമ്മതൻ കൂടെപ്പിറന്നൊരു

തിരുവങ്ങാട്ടമ്മയെ കാണുവാനായ് (2)

പോകാനൊരുങ്ങിയ ജാതവനോടായ്

പോകരുതെന്നങ്ങ് ചൊല്ലിയമ്മ (2)

അമ്മതൻ വാക്കുകൾ കേട്ടിടാതെ

ജാതവനന്നങ്ങ് യാത്രയായി (2)

കാരകളിച്ചാർത്ത് പടകെട്ടിയും

പുള്ളിക്കുതിരമേൽ യാത്രയായി (2)

(കടലുണ്ടി . . .)

ഇളയമ്മ നൽകിയ സൽക്കാരമേൽക്കാതെ

പോകാനൊരുങ്ങിയ ജാതവനെ (2)

മത്സ്യമാംസാദികൾ തൊട്ടുതെറിപ്പിച്ച്

മകനെ അശുദ്ധനായ് മാറ്റിയെന്ന് (2)

തീണ്ടലോടെ വന്ന ജാതവനോട്

പേടിയാട്ടമ്മ ചൊല്ലി പോവുക നീ (2)

കാക്കക്കിരിക്കുവാൻ തണലില്ലാത്തൊരു

കാക്കേറാം കുന്നിൽ പോയി വാഴുക നീ

(കടലുണ്ടി. . .)

അമ്മയെ വേർപിരിയാൻ കഴിയാത്തൊരു


ജാതവനോടായിട്ടങ്ങുചൊല്ലി (2)

തുലാമാസവാവിലെഴുന്നള്ളും നേരത്ത്


പോരുക നീ എന്നെ കാണുവാനായ് (2)

(കടലുണ്ടി. . .)


## ഒന്നാം ദിവസം ജാതവൻ ഊരുചുറ്റുന്നത് (ജാതവൻ പുറപ്പാട്)




**രണ്ടാംദിവസം ജാതവൻ ഊരുചുറ്റുന്നത് (ജാതവൻ പുറപ്പാട്)**




**മൂന്നാം ദിവസം ജാതവൻ ഊരുചുറ്റുന്നത്**



**ഭഗവതി എഴുന്നള്ളുന്നത് (ഉത്സവദിവസം)**



## ജാതികൾ

### നമ്പൂതിരി

- കാവിലെ പുണ്യാഹ പൂജ

### മൂസത്

- ആഭരണപ്പെട്ടി സൂക്ഷിക്കുന്നത്
- പ്രധാന അവകാശി

### നമ്പ്യാർ

- ആഭരണ പ്പെട്ടിയുടെ താക്കോൽ സൂക്ഷിക്കുന്നത്
- ഉത്സവത്തൊഴിലുകൾക്ക് വേതനം നൽകുന്നവർ
- ഉത്സവ നടത്തിപ്പുകാർ
- ഉമിക്കരി, ഈർക്കിൽ, നൽകുന്നു
- ചൂട്ട് നൽകുന്നു
- വാകയും താളിയും നൽകുന്നു
- ഭഗവതിയെ സ്വീകരിക്കുന്നു

### നായർ

- ശുചീകരണ പ്രവൃത്തി
- പൂജയ്ക്കുള്ള സഹായം
- കോമരച്ചുമതല
- മഞ്ഞൾപ്പൊടി ഒരുക്കൽ
- നിവേദ്യവസ്തുക്കൾ നൽകുന്നത്
- ദേവിയുടെ തിരുടാട അലക്കുന്നത്
- പ്രധാന അവകാശി
- നിലവിളക്ക്, പറ നൽകുന്നു.


| തിയ്യർ | പെരുവണ്ണാൻ |
|---|---|
| • നിയമവ്യവസ്ഥ<br>• നിവേദ്യത്തിനു വേണ്ട നെല്ല് കൊടുക്കുന്നത്<br>• കൊടി തൂക്കുന്നത്<br>• കയർ കൊണ്ടുവരുന്നത്<br>• മെഴുകാൻ ചാണകം നൽകുന്നത്<br>• ഭണ്ഡാരം എഴുന്നള്ളിക്കുന്നത്<br>• താംബൂലം കൊണ്ടുവരുന്നത്<br>• നെല്ല് നൽകുന്നത്<br>• മഞ്ഞപ്പന്തം നൽകുന്നത്<br>• ജാതവൻ കോട്ടയിലേക്ക് പായ കൊണ്ടുവരുന്നത്<br>• വെളിച്ചെണ്ണ കൊണ്ടുവരുന്നത്<br>• പോലീസിനെ ചുമതലപ്പെടുത്തുന്നത്<br>• പോലീസിന്റെ ചിലവ് വഹിക്കുന്നത്<br>• 1001 ചൂട്ട് നൽകുന്നു<br>• 1001 ഓലയും മടലും നൽകുന്നു | • ജാതവനെ എടുക്കുന്നത്<br>• ജാതവനെ ഒരുക്കുന്നത്<br>• ജാതവന്റെ കുതിരക്കൂട് ഒരുക്കുന്നത്<br>• ജാതവനെ എഴുന്നള്ളിക്കുന്നത്<br>• വാദ്യം ഒരുക്കുന്നത്<br>• ഭഗവതിയെ എടുക്കുന്നത്<br>• ഭഗവതിയെ എഴുന്നള്ളിക്കുന്നത്<br>• വാക്കടവിൽ നീരാടിക്കുന്നത്<br>• ആഭരണങ്ങൾ ചാർത്തുന്നത്<br>• മഷി കൊണ്ടുവരേണ്ടത്<br>• ചമയങ്ങൾ പൂശുന്നത്<br>• ജാതവന് പൂജാദികർമ്മങ്ങൾ ചെയ്യുന്നത്<br>• പായ നെയ്യുന്നത്<br>• നെല്ല് കൃഷി ചെയ്യുന്നത് |

| തട്ടാൻ | ആശാരി | പെരുങ്കൊല്ലൻ |
|---|---|---|
| • ഭഗവതിയുടെ ആഭരണം നിർമ്മിക്കുന്നത്<br>• കുന്നിപ്പശ നൽകുന്നത് | • ദേവിക്കുള്ള ചായില്യം കൊണ്ടുവരുന്നത് | • കാവിലേക്കുള്ള പണിയായുധങ്ങൾ നിർമ്മിക്കുന്നത് |


# ചിത്രങ്ങൾ





ഭൂപടം: കടലുണ്ടി പഞ്ചായത്ത്



പേടിയാട്ട്കാവ് - ഗുരു, അംഗപൈതങ്ങൾ



പേടിയാട്ട്കാവ് - ഭഗവതി, നാഗമാതാവ്



**ജാതവൻകോട്ട**



**പേടിയാട്ട് ആൽത്തറ**



**പേടിയാട്ടമ്മ**



**ജാതവൻ**



പേടിയാട്ട്കാവിലെ കൊടിയേറ്റം




കിഴക്കെപ്പുരയ്ക്കൽ തറവാട്ടിലെ കാരണവർ ചായില്യം തയ്യാറാക്കുന്നു



**ജാതവൻ - കുടിൽപ്പുരയ്ക്കൽ തറവാട്ടിൽ**



**ജാതവൻ പുറപ്പെടുമ്പോഴുള്ള ചടങ്ങ്**




**ജാതവനെ പുറത്തേക്കെഴുന്നള്ളിക്കൽ**



**ഐവർകളി**



**മണ്ണൂർ ശിവക്ഷേത്രം**



**കാരകളി**



**ജാതവന്റെ ഊരുചുറ്റൽ**



**ജാതവന്റെ ഊരുചുറ്റൽ**



പേടിയാട്ടമ്മയെ അണിയിച്ചൊരുക്കൽ (വാക്കടവിൽ)



പേടിയാട്ടമ്മയും ജാതവനും വാക്കടവിൽ



**വാക്കടവിലെ വാദ്യഘോഷം**




**വാക്കടവിൽനിന്നും തിരിച്ചെഴുന്നള്ളുന്ന പേടിയാട്ടമ്മ**



**പേടിയാട്ടമ്മയുടെ കൂടെ എഴുന്നള്ളിക്കുന്ന ഭണ്ഡാരം**



**മനേഴി ഇല്ലം**



**കുന്നത്ത് തറവാടും മണിത്തറയും**



**കുന്നത്ത് തറവാട്ടിലെ മണിത്തറ**



പടകാളിത്തല്ല്



കുന്നത്ത് പ്രസാദം കൊടുക്കുന്ന ചടങ്ങ്



**കുന്നത്തുനിന്നും കറുത്തങ്ങാട്ടേക്കുള്ള യാത്ര**



**കറുത്തങ്ങാട്ട് ഇല്ലം**



പേടിയാട്ടമ്മ കറുത്തങ്ങാട്ടില്ലത്ത്



വെളിച്ചപ്പാട് - പേടിയാട്ട്



പേടിയാട്ടമ്മയെ വരവേൽക്കുന്ന താലപ്പൊലി (പേടിയാട്ട്കാവിൽ)



പേടിയാട്ടമ്മയെ വരവേൽക്കാനൊരുങ്ങി നിൽക്കുന്നു (പേടിയാട്ട്കാവിൽ)



അഞ്ചാം പുണ്യാഹം - പേടിയാട്ട് നടുത്തളം



അഞ്ചാം പുണ്യാഹം - പേടിയാട്ട് സത്യക്കല്ല്



പേടിയാട്ട്കാവിലെ ശിവസാന്നിദ്ധ്യം




വളയനാട്ടമ്മ



**വരയ്ക്കലമ്മ**



**ശോഭപറമ്പിലമ്മ**



**ഏറനാടിന്റെ ഭാഗമാണ് കടലുണ്ടി എന്ന് സൂചിപ്പിക്കുന്ന രേഖ**

# പേടിയാട്ടുകാവിലെ വാവുത്സവം


AnjumonKDY
Anjumon

പേടിയാട്ടുകാവ് — ഭഗവതിയുടെ [illegible] പുത്രൻ ചാത്തപ്പൻ [illegible] കൊല്ലത്തിലൊരിക്കലാണ്. [illegible] വാവുദിവസം. നാട്ടിൻപുറത്തെ ഉത്സവങ്ങൾക്ക് [illegible] ഇത്തരം [illegible] [illegible]. ചുവട്ടിൽ: ചാത്തപ്പന്റെ [illegible] — [illegible] എഴുന്നള്ളത്തിലെ ഒരു രംഗം

CS Scanned with CamScanner

**1958–ൽ പേടിയാട്ട് വാവുത്സവത്തോടനുബന്ധിച്ച് വന്നപത്രവാർത്ത**



**പുഴക്കരപ്പള്ളിയിലെ സമയസൂചിക (പശ്ചാത്തലത്തിൽ പുഴക്കരപ്പള്ളി)**



**മുല്ലമേൽക്കോട്ട**



**ചാലിയം ചെറിയപള്ളി**



**വണ്ടിക്കിണർ**




**സെന്റ് പോൾസ് ചർച്ച്, കോട്ടക്കുന്ന്**



**ഉരുനിർമ്മാണശാല**



**ലൈറ്റ്ഹൗസ് - ചാലിയം**




**ബോൺമിൽ ഫാക്ടറി**



കടലുണ്ടി മിൽസിന്റെ ഓഫീസ് കെട്ടിടം



ചാലിയം റെയിൽവേസ്റ്റേഷൻ



**പൗരാണിക വ്യവസായനഗരിയായിരുന്ന ചാലിയം**



**നൂറുദ്ദീൻ ശൈഖിന്റെ മഖ്ബറ**



**കടലുണ്ടിയിലെ ദേശാടനപക്ഷികൾ**



**കടലുണ്ടിയിലെ കണ്ടൽക്കാടുകൾ**



ഫിഷ്‌ലാന്റിംഗ് സെന്റർ - ചാലിയം



കടലുണ്ടി തീവണ്ടിദുരന്തം